ജി. ചേടിയത്ത്

# പട്രോളജി - വാല്യം 2

## (ആദിമസഭാപിതാക്കന്മാർ)

(ആദ്യനൂറ്റാണ്ടുകളിലെ ദൈവശാസ്ത്രജ്ഞന്മാർ,
കൃതികൾ, ദൈവശാസ്ത്രം)

OIRSI
No. 289

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2006

**G.CHEDIATH, PATROLOGY - 2**
(AADIMASABHĀPITHĀKKANMĀR / The Early Christian Fathers)
A publication of the Oriental Institute of Religious Studies, P.B.No.10.
Vadavathoor, Kottayam. 686010. Kerala.India.

ⓒ G. Chediath, 2006.

Printed at : Bethany Press, Kalathipady, Kottayam - 686010
Ph. 0481 - 2571355

Price : Rs. 125/-

ISBN : 81 - 88456 - 26 - 8

# ഉള്ളടക്കം

**അവതാരിക** 10

**ആശംസ** 11

**ആമുഖം** 12

**അധ്യായം 1: നിഖ്യാവിശ്വാസപ്രമാണം** 13

അന്ത്യോക്യൻ സിനഡ് (325) 14, നിഖ്യാ (325) 16, വിശ്വാസ പ്രമാണം 16, ആരിയനിസം-വളർച്ച 17, നാലുഘട്ടങ്ങൾ 18, ടയർ - ജറുസലേം സിനഡുകൾ 18, അന്ത്യോക്യൻ സിനഡ് (341) 18, സാർദിക്കാ സിനഡ് 21, നീണ്ട വിശ്വാസപ്രമാണം 22, സിർമിയം സിനഡ് 22, മിലാൻ സിനഡ് (355) 23, മൂന്നാം സിർമിയം സിനഡ് (357) 23, മറ്റു സിനഡുകൾ 23, അവാന്തരവിഭാഗങ്ങൾ 24, ക്രി.വ. 325-നും 381-നും ഇടയ്ക്കു കൂടിയ സിനഡുകൾ 25.

**അധ്യായം 2: ആരിയസ്** 27

ജീവചരിത്രം 29; ***കൃതികൾ*** 29: നിക്കൊമേദിയായിലെ എവുസേബിയസിനെഴുതിയ കത്ത് 29, അലക്സാണ്ടറിനെഴുതിയ കത്ത് 31, താലിയാ 32. കോൺസ്റ്റൻടൈനുള്ള കത്ത് 34. ആരിയനിസം -അവശേഷിക്കുന്ന പ്രശ്നങ്ങൾ 34, സൊസോമന്റെ സാക്ഷ്യം 35.

**അധ്യായം 3 : വി. അലക്സാണ്ടർ** 37

കൃതികൾ 37; ദൈവശാസ്ത്രം 38.

**അധ്യായം 4: വി.അത്തനാസ്യോസ്** 40

ജീവചരിത്രം 40; ***കൃതികൾ*** 42: *1.വിശ്വാസ സമർത്ഥന-താത്വിക കൃതികൾ* 42: വിജാതിയർക്കെതിരെ 42, ആരിയർക്കെതിരെ 43, അവതാരത്തെപ്പറ്റിയും ആരിയർക്കെതിരെയും 44; *2.അയഥാർഥ താത്വികകൃതികൾ* 44: *3.ചരിത്രപരവും താർക്കികവുമായ കൃതികൾ* 45: ആരിയർക്കെതിരെയുള്ള അപ്പോളജി 45, കോൺസ്റ്റാൻസ്യൂസിനുള്ള അപ്പോളജി 46, ഒളിച്ചോട്ടത്തെപ്പറ്റിയുള്ള അപ്പോ

ളജി 46, ആരിയൻ ചരിത്രം 46; *4.ഭാഷ്യകൃതികൾ* 46; *5.ആധ്യാത്മിക കൃതികൾ* 47: വി. അന്തോണിയോസിന്റെ ജീവചരിത്രം 47, കന്യാത്വത്തെപ്പറ്റി 47, മറ്റ് ആധ്യാത്മിക കൃതികൾ 48, പ്രസംഗങ്ങൾ 48. *6.കത്തുകൾ* 49: ഫെസ്റ്റൽ കത്തുകൾ 49, സിനഡൽ കത്തുകൾ 49, ചാക്രികലേഖനങ്ങൾ 50, ദൈവശാസ്ത്ര-താർക്കിക കത്തുകൾ 50, ആധ്യാത്മിക കത്തുകൾ 51. ***ദൈവശാസ്ത്രം*** 52: ത്രിത്വം 52, വചനവും മനുഷ്യരക്ഷയും 55, ക്രിസ്തുശാസ്ത്രം 55, പരിശുദ്ധാത്മാവ് 56, മാമോദീസ 56.

**അധ്യായം 5: സീറോ-പലസ്തീനിയൻ ചിന്തകന്മാർ 58**

ആമുഖം 58.

അന്ത്യോക്യൻ വിദ്യാപാഠശാല 59. കേസറിയൻ വിദ്യാപാഠശാല 99.

1. സാമോസാട്ടയിലെ പൗലോസ് 60
2. അന്ത്യോക്യയിലെ മാൽക്കിയോൻ 60
3. ലൂസിയൻ 60
4. ഡൊറോത്തേയൂസ് 61
5. അന്ത്യോക്യയിലെ ഏസ്യൂസ് 61
6. സിസിക്കുസിലെ എവുണോമിയസ് 62
7. ബേറോയായിലെ അകാചിയുസ് 64
8. പ്തൊളെമായിസിലെ അന്ത്യോക്കുസ് 65
9. ബോസ്ത്രായിലെ ടൈറ്റസ് 65
10. ഗാബാലായിലെ സെവേരിയൻ 66
11. ജറുസലേമിലെ ഹെസീക്കിയുസ് 67
12. അപ്പമെയായിലെ പോളിക്രോണിയോസ് 69

**അധ്യായം 6: അന്ത്യോക്യയിലെ വി.ഒസ്താത്യോസ് 70**

**അധ്യായം 7: ഏഷ്യാമൈനറിലെ എഴുത്തുകാർ 73**

1. നിക്കോമേദിയായിലെ എവുസേബിയസ് 74
2. നിഖ്യായിലെ തെയോഗ്നിസ് 75
3. അസ്തേരിയുസ് സോഫിസ്റ്റ് 76
4. അൻസീറായിലെ മർസെല്ലുസ് 77
5. അൻസീറായിലെ ബേസിൽ 78
6. തിയാനായിലെ എവുതേരിയോസ് 80
7. കോൺസ്റ്റാന്റിനോപ്പിളിലെ പ്രോക്ലുസ് 80
8. കോൺസ്റ്റാന്റിനോപ്പിളിലെ ജന്നാഡിയസ് 81
9. സെലൂഷ്യയിലെ ബേസിൽ 82
10. മെതോഡിയുസ് 83
11. ഇക്കോണിയത്തിലെ ആംഫിലോക്കിയസ് 83
12. അമാസെയായിലെ അസ്തേരിയുസ് 85
13. മക്കാരിയോസ് മാഗ്നെസ് 85

**അധ്യായം 8: കേസറിയായിലെ എവുസേബിയസ് 86**

ജീവചരിത്രം 86. ***കൃതികൾ 87***: *1.ചരിത്രകൃതികൾ* 88: ദിനവൃത്താന്തം 88, സഭാചരിത്രം 89, പലസ്തീനായിലെ രക്തസാക്ഷികൾ 90; 2.*കോൺസ്റ്റൻടൈനെ പറ്റിയുള്ള കൃതികൾ* 90: കോൺസ്റ്റൻടൈന്റെ ജീവചരിത്രം 91, വിശുദ്ധരുടെ സമൂഹത്തിന് 91, കോൺസ്റ്റൻടൈനുള്ള ആശംസ 92; 3.*അപ്പോളജെറ്റിക്കൽ കൃതികൾ* 92: പൊതുവായ പ്രാഥമികാമുഖം 93, സുവിശേഷത്തിനൊരുക്കം 93, സുവിശേഷത്തിന് തെളിവ് 93, പ്രത്യക്ഷീകരണം 94, പൊർഫീരിക്കെതിരെ 94, ഹിയെരോക്ലെസിനെതിരെ 94; 4.*ഭാഷ്യകൃതികൾ* 94: എവൻജേലിക്കൽ കാനൻ 95, ഒണൊമാസ്തിക്കോൻ 95, വേദപുസ്തക ചോദ്യോത്തരങ്ങൾ 96, സങ്കീർത്തനഭാഷ്യം 96, ഏശായാഭാഷ്യം 96, ബഹുഭാര്യത്വവും പിതാക്കന്മാരുടെ വലിയ കുടുംബങ്ങളും 96, ഉയർപ്പിനെപ്പറ്റി 96; 5.*താത്വികകൃതികൾ* 96; 6. *പ്രസംഗങ്ങളും ലേഖനങ്ങളും* 97.

**അധ്യായം 9: എവുസേബിയസിന്റെ പിൻഗാമികൾ 98**

1. കേസറിയായിലെ അകാചിയുസ് 98
2. കേസറിയായിലെ ജലാസിയുസ് 99
3. കേസറിയായിലെ എവുസോയ്യുസ് 99
4. എമേസായിലെ എവുസേബിയസ് 100

**അധ്യായം 10: ലവദീക്യയിലെ അപ്പൊള്ളിനാരിസ് 101**

ജീവചരിത്രം 101. ***കൃതികൾ*** 101: ഭാഷ്യകൃതികൾ 101; അപ്പോളജറ്റിക്കൽ കൃതികൾ 102; താർക്കിക കൃതികൾ 102; താത്വിക കൃതികൾ 102; കവിതകൾ 103; കത്തുകൾ 103. ***ദൈവശാസ്ത്രം*** 103.

**അധ്യായം 11: സലാമിസിലെ വി.എപ്പിഫാനിയസ് 106**

ജീവചരിത്രം 106. ***കൃതികൾ*** 107: അൻകൊറാത്തുസ് 108, പനാരിയോൻ 109, അളവുകളും തൂക്കങ്ങളും 109, പന്ത്രണ്ട് രത്നങ്ങൾ 109, കത്തുകൾ 109, രൂപങ്ങൾക്കെതിരെ 110.

**അധ്യായം 12: മഹാനായ വി.ബേസിൽ** 111

ആമുഖം 111, ജീവചരിത്രം 111. ***കൃതികൾ*** 115: 1.*ദൈവശാസ്ത്ര പരം* 115: എവുണോമിയസിനെതിരെ 115, പരിശുദ്ധാത്മാവിനെ പറ്റി 116; 2.*ആധ്യാത്മികം 116*: സന്മാർഗശാസ്ത്രം 116, രണ്ടു സന്യാസനിയമങ്ങൾ 116; 3.*പ്രബോധനപരം* 117: യുവാക്കളോട് 117, ആത്മീയമകനുള്ള ഉപദേശം 117; 4.*പ്രസംഗങ്ങൾ* 117: ആറുദിവസ സൃഷ്ടിവിവരണം 117, സങ്കീർത്തന ഹോമിലികൾ 118, ഏശായാ ഹോമിലികൾ 118; 5.*കത്തുകൾ* 118; 6.*ആരാധനക്രമം* 119. ***ദൈവശാസ്ത്രം*** 119: ത്രിത്വം 119, കുർബാന 120, പാപമോചനം 121. ബേസിലും സന്യാസവും 121. ബേസിലും സാമുഹ്യപ്രവർത്തനങ്ങളും 122.

**അധ്യായം 13: വി.ഗ്രിഗറി നസ്യാൻസൻ** 125

ജീവചരിത്രം 125. ***കൃതികൾ* 127**: പ്രഭാഷണങ്ങൾ 127. കവിതകൾ 127. കത്തുകൾ 127. ***ദൈവശാസ്ത്രം* 129**: ത്രിത്വം 129, ക്രിസ്തുശാസ്ത്രം 131, കന്യകമറിയം 133, കുർബാന 133, ഗ്രിഗറി എന്ന വ്യക്തി 134.

**അധ്യായം 14. വി.ഗ്രിഗറി നീസ്സാ** 138

ജീവചരിത്രം 138. ***കൃതികൾ*** 139: 1.*താത്വിക കൃതികൾ* 139. 2.*ഭാഷ്യകൃതികൾ* 141. 3.*ആധ്യാത്മിക കൃതികൾ* 143. 4.പ്രസംഗങ്ങളും കത്തുകളും 144. ***ദൈവശാസ്ത്രം*** 146: തത്വശാസ്ത്രവും ദൈവശാസ്ത്രവും 146, ത്രിത്വം 147, കന്യകമറിയം 147, കാലാന്ത്യം 147. മിസ്റ്റിസിസം 148.

**അധ്യായം 15: ദിദീമുസ്** 150

ജീവചരിത്രം 150. ***കൃതികൾ*** 150: ത്രിത്വത്തെപ്പറ്റി 151, പരിശുദ്ധാത്മാവിനെപ്പറ്റി 151, മനിക്കേയർക്കെതിരെ 151, നഷ്ടപ്പെട്ട താത്വിക കൃതികൾ 152, ഭാഷ്യകൃതികൾ 152. ***ദൈവശാസ്ത്രം*** 152: ത്രിത്വം 153, ക്രിസ്തുശാസ്ത്രം 153, പരിശുദ്ധാത്മാവ് 154, സഭ 154, ഉത്ഭവപാപവും മാമോദിസായും 155, കന്യകമറിയം 155, മനുഷ്യൻ 155, കാലാന്ത്യം 155.

**അധ്യായം 16. സിനേസിയുസും നോണ്ണുസും** 156

1. സിനേസിയുസ് 156
2. നോണ്ണുസ് 158



**അധ്യായം 17: ജറുസലേമിലെ വി.സിറിൽ** 159

ജീവചരിത്രം 159. ***കൃതികൾ* 160**: മതാധ്യാപന പ്രസംഗങ്ങൾ 160, കോൺസ്റ്റാൻസ്യൂസിനുള്ള കത്ത് 161, പ്രഭാഷണങ്ങൾ 162. ***ദൈവശാസ്ത്രം*** 162: ക്രിസ്തുശാസ്ത്രം 162, പരിശുദ്ധാത്മാവ് 163, മാമോദീസാ 164, കുർബാന 165.

**അധ്യായം 18: തർസോസിലെ ദിയദോർ** 167

**അധ്യായം 19: മൊപ്സുവെസ്ത്യായിലെ തിയഡോർ** 170

ജീവചരിത്രം 170. ***കൃതികൾ* 171**: 1. *പഴയനിയമഭാഷ്യങ്ങൾ* 171: ഉല്പത്തിഭാഷ്യം 171, സങ്കീർത്തനഭാഷ്യം 171, പന്ത്രണ്ട് ചെറിയ പ്രവാചകന്മാരുടെ ഭാഷ്യം 172. 2. *പുതിയനിയമഭാഷ്യങ്ങൾ* 173: യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം 173, പൗലോസിന്റെ പത്ത് ചെറിയ ലേഖനങ്ങളുടെ ഭാഷ്യം 173, നാല് വലിയ ലേഖനങ്ങളുടെ ഭാഷ്യം 173. 3. *താത്വിക താർക്കിക കൃതികൾ* 173: മതാധ്യാപന പ്രസംഗങ്ങൾ 173, തിരുഅവതാരം 174, മറ്റു കൃതികൾ 175. ***ദൈവശാസ്ത്രം* 176**: ക്രിസ്തുശാസ്ത്രം 177, മനുഷ്യൻ 178, ജ്ഞാനസ്നാനവിശ്വാസപ്രമാണം 178, കുർബാന 179, പാപമോചനം 179. തിയഡോർ എന്ന വ്യക്തി 180.

**അധ്യായം 20: വി.ജോൺ ക്രിസൊസ്തോം** 186

ജീവചരിത്രം 186. ***കൃതികൾ* 189**: 1.*ഹോമിലികൾ* 190: ഉല്പത്തി 191, സങ്കീർത്തനങ്ങൾ 191, ഏശായാ 192, മത്തായി 192, യോഹന്നാന്റെ സുവിശേഷം 192, നടപടി 193, റോമാലേഖനം 193, കൊറിന്തോസ് ലേഖനങ്ങൾ 194, ഗലാത്യലേഖനം 194, എഫേസ്യലേഖനം 194, ഫിലിപ്യലേഖനം 194, കൊളോസ്യലേഖനം 195, തെസലോനിക്യലേഖനങ്ങൾ 195, അജപാലകലേഖനങ്ങൾ 195, എബ്രായലേഖനം 196. 2.*താത്വിക-താർക്കികകൃതികൾ 196*: ദൈവത്തിന്റെ അഗ്രാഹ്യസ്വഭാവത്തെപ്പറ്റി 196, മതാധ്യാപനപ്രസംഗങ്ങൾ 196, യൂദർക്കെതിരെ 196. 3.*ധാർമികപ്രതിപാദനങ്ങൾ* 197, *4.പെരുന്നാൾ പ്രസംഗങ്ങൾ* 197. 5.*സ്തുതിപ്രഭാഷണങ്ങൾ* 197. 6.*സാന്ദർഭിക പ്രഭാഷണങ്ങൾ* 198. 7.*പ്രതിപാദനങ്ങൾ* 199: പൗരോഹിത്യത്തെപ്പറ്റി 199, സന്യാസജീവിതം 201, കന്യാത്വവും വൈധവ്യവും 201, കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച് 202, വേദനയെപ്പറ്റി 202, യൂദർക്കും വിജാതിയർക്കുമെതിരെ 203. 8.*കത്തുകൾ* 203. 9.*അയഥാർഥകൃതികൾ* 204. ***ദൈവശാസ്ത്രം* 204**: ക്രിസ്തുശാസ്ത്രം 205, കന്യകമറിയം 206. ഉത്ഭവപാപം 206, പാപമോചനം 206, കുർബാന 207.

**അധ്യായം 21: നെസ്തോറിയസ്** 209

ആമുഖം 209. ***കൃതികൾ*** 211: ലീബർ ഹെരാക്ലിദെസ് 211. നെസ്തോറിയസിന്റെ പ്രശ്നങ്ങൾ 212: ഹ്യുപ്പോസ്റ്റാറ്റിക്-സ്വാഭാവികൈക്യം 213, ദൈവഘാതകത്വം 214, ദൈവമാതാവ് 214. നെസ്തോറിയസിന്റെ ന്യായവാദം 215.

**അധ്യായം 22: സൈറസിലെ തിയഡൊറെറ്റ്** 217

ജീവചരിത്രം 217. *കൃതികൾ* 218: *ഭാഷ്യകൃതികൾ* 218. അപ്പോളജെറ്റിക്കൽ കൃതികൾ 220. ഡോഗ്മാറ്റിക്-താർക്കിക കൃതികൾ 221. ചരിത്രകൃതികൾ 222. പ്രസംഗങ്ങളും കത്തുകളും 223.

**അധ്യായം 23: വി.തെയോഫിലസ്** 224

**അധ്യായം 24: അലക്സാണ്ട്രിയായിലെ വി.സിറിൽ** 226

ജീവചരിത്രം 224. ***കൃതികൾ* 227**: പഴയനിയമഭാഷ്യങ്ങൾ 228. പുതിയനിയമ ഭാഷ്യങ്ങൾ 228. ആര്യർക്കെതിരെയുള്ള കൃതികൾ 229. നെസ്തോറിയർക്കെതിരെയുള്ള കൃതികൾ 229. ജൂലിയനെതിരെയുള്ള വിശ്വാസ സമർഥനം 231. നോമ്പുകാല ലേഖനങ്ങൾ 231. പ്രസംഗങ്ങൾ 231. കത്തുകൾ 232. ***ദൈവശാസ്ത്രം*** 232: ദൈവശാസ്ത്ര രീതി 233. ക്രിസ്തുശാസ്ത്രം 233. കന്യകമറിയം 234.

**അധ്യായം 25: ഈജിപ്തിലെ സന്യാസപിതാക്കന്മാർ** 235

1. വി. അന്തോണിയോസ് 236
2. അമ്മോണാസ് 237
3. വി. പക്കോമിയസ് 238
4. ഹോർസിയെസി 238
5. തിയഡോർ 239
6. ഈജിപ്തിലെ മക്കാരിയൂസ് 239
7. അലക്സാണ്ട്രിയായിലെ മക്കാരിയൂസ് 240
8. പോൻതൂസിലെ എവാഗ്രിയസ് 240
9. പല്ലാഡിയസ് 242
10. പെലൂസിയത്തിലെ ഇസിദോർ 244
11. അത്രിപ്പെയിലെ ഷെനൂദ് 245
12. പിതാക്കന്മാരുടെ മൊഴികൾ 245
13. ക്ലിസ്മായിലെ മാർ ഔഗേൻ 246



**അധ്യായം 26: ഏഷ്യാമൈനറിലെ മൂന്ന് സന്യാസപിതാക്കന്മാർ** 247

1. അൻസീറായിലെ നീലൂസ് 247
2. ആബാ മർക്കോസ് 250
3. ഫൊത്തീസിലെ ദിയദോക്കുസ് 252

**അധ്യായം 27: കോൺസ്റ്റാന്റിനോപ്പിളിലെ നാല് ചരിത്രകാരന്മാർ** 253

1. സീദിലെ ഫിലിപ്പ് 253
2 ഫിലൊസ്തോർജിയുസ് 255
3. സൊക്രാട്ടസ് 256
4. സൊസോമൻ 257

**അധ്യായം 28: എമേസായിലെ നെമേസിയുസ്** 258

മനുഷ്യനെപ്പറ്റി 258

**അധ്യായം 29: ത്മുയിസിലെ സെറാപിയോൻ** 260

എവുക്കോലോഗിയോൻ 260

**അധ്യായം 30: മൂന്നു സിനഡുകൾ:** 265

1. അൻസീറാ 265
2. നെയോ ചെസാറിയാ 270
3. ഗാംഗ്ര 272

**അനുബന്ധം** 275

1. ദെർ-ബലീസെ പപ്പീറസ് 275
2. മർക്കോസിന്റെ അനാഫറ 275
3. കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം 276

കുറിപ്പുകൾ 277

ചുരുക്കെഴുത്തുകളുടെ പൂർണരൂപം 280

സഹായകഗ്രന്ഥങ്ങൾ 280

Index of Names 282

# അവതാരിക

ആദിമ ക്രൈസ്തവ സഭയുടെ സന്ദേശം ആധുനിക തലമുറ ഗ്രഹിക്കേണ്ടതാണ്. ശ്ളീഹന്മാർ വരച്ചുകാട്ടിയ ഈശോമിശിഹായേയും അവിടുത്തെ രക്ഷാകരസന്ദേശത്തേയും തൊട്ടടുത്ത കാലഘട്ടത്തിൽ അനുഭവിച്ചറിഞ്ഞവരാണ് ആദിമസഭയിലെ ക്രൈസ്തവർ. വിണ്ണിൽനിന്ന് മന്നിലെത്തിയ ഈ രക്ഷാകരസന്ദേശം അവരിലുളവാക്കിയ പ്രതികരണം, അവർ ഈ സന്ദേശത്തിനു നൽകിയ പ്രത്യുത്തരം മുതലായവ ഇരുപതു നൂറ്റാണ്ടുകൾക്കിപ്പുറത്തു ജീവിക്കുന്ന ആധുനികന് ആവേശം പകരുമെന്നതിനു സംശയമില്ല. ആഴത്തിൽ വേരോടിയ വൃക്ഷമാണ് ക്രിസ്തുസഭ. വേരുകളെത്തേടിയുള്ള പാച്ചിൽ ഈ തലമുറയുടെ പ്രത്യേകതയാണല്ലോ. കൈരളിയിൽ ഈ തലത്തിൽ സഹായകമായ ഗ്രന്ഥം അധികമില്ല. ആ കുറവു നികത്താനുള്ള സംരംഭത്തിന്റെ തുടക്കമാണ് ഈ കൃതി. പാശ്ചാത്യഭാഷകളിൽ ആദിമസഭയിലെ എഴുത്തുകാരെപ്പറ്റി പ്രതിപാദിക്കുന്ന നിരവധി ഗ്രന്ഥങ്ങൾ ഉണ്ട്. എന്നാൽ അപൂർവം ചിലർക്കൊഴികെ മറ്റാർക്കും അത്തരം കൃതികളെക്കുറിച്ച് ഗ്രാഹ്യമില്ല. ആദിമക്രൈസ്തവസഭയിലെ ചിന്തകരെ മലയാളികളുടെ മുൻപിൽ അവതരിപ്പിക്കുക, അവരുടെ ജീവിതം, ചിന്താരീതി, കൃതികൾ, സംഭാവനകൾ, പരാജയങ്ങൾ, ക്രിസ്ത്വനുഭവം എന്നിവ അപ്പാടെ പകർത്തുക എന്നിവയാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം. പണ്ഡിതനായ ഗ്രന്ഥകർത്താവിന്റെ പരിശ്രമം ഫലമണിയട്ടെ എന്ന് ആശംസിക്കുന്നു.

പ്രൊഫ. ഡോ. പ്ലാസിഡ് ജെ.പൊടിപാറ (+1985)

# ആശംസ

കഴിഞ്ഞ കാൽനൂറ്റാണ്ട് മലയാളികൾക്ക് ആദിമക്രൈസ്തവ ദൈവശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുന്നതിൽ അക്ഷീണശ്രമത്തിൽ മുഴുകി കഴിയുന്ന പണ്ഡിതവൈദികനാണ് ബഹുമാനപ്പെട്ട ചേടിയത്തച്ചൻ. പതിനായിരക്കണക്കിന് പേജുകളിലൂടെ പരന്നൊഴുകിയ ദൈവശാസ്ത്രകൈവഴി അദ്ദേഹത്തിന്റെ തൂലികയിലൂടെ മലയാളത്തിന് വരദാനമായിരിക്കുന്നു. ഒന്നാംനൂറ്റാണ്ടിന്റെ രണ്ടാംപകുതി മുതൽ എട്ടാംനൂറ്റാണ്ടിന്റെ ആദ്യപകുതി വരെയുള്ള കാലഘട്ടമാണ് സഭാപിതാക്കന്മാരുടേത്. ആ കാലയളവിൽ ജീവിച്ചിരുന്ന വിശുദ്ധരും വിജ്ഞാനികളുമായ ദൈവശാസ്ത്രജ്ഞന്മാരുടെ കൃതികൾ പലതും മലയാളത്തിന് കരഗതമായത് ചേടിയത്തച്ചന്റെ പ്രവർത്തനം നിമിത്തമാണ്. ശരാശരി ദൈവശാസ്ത്രവായനക്കാരന്റെ മുമ്പിൽ ആദിമസഭയുടെ ദൈവശാസ്ത്രലോകം തുറന്നുവയ്ക്കുന്നത് വെറുതെയല്ല. സഭയുടെ പുരാതന ദൈവശാസ്ത്രചിന്തയുടെ ചുവടുകൾ മറന്നുകൊണ്ട് സഞ്ചരിക്കുന്നവർക്ക് വിചിന്തനത്തിനും വ്യതിയാനത്തിനും വഴിയൊരുക്കുന്നത് മഹത്തായ ലക്ഷ്യത്തോടെയാണ്. വികലചിന്താഗതികൾ രൂപപ്പെട്ടുവരുന്നത് ഉറവിടങ്ങളുമായി ബന്ധം അറ്റുപോയവരിലാണ്. ആശയദാരിദ്ര്യം കാർന്നുതിന്നുന്ന ദൈവശാസ്ത്ര ശുഷ്കശരീരത്തിന് പോഷണം കിട്ടാൻ പറ്റിയ മേഖലയാണ് സഭാപിതാക്കന്മാരുടെ ലോകം. സുറിയാനി, ഗ്രീക്ക്, ലത്തീൻ, കോപ്റ്റിക്, എത്യോപ്യൻ, അർമേനിയൻ, ജോർജിയൻ, അറബി എന്നീ ഭാഷകളിലാണ് സഭാപിതാക്കന്മാർ കൃതികൾ രചിച്ചിരിക്കുന്നത്. എത്ര മലയാളികൾക്ക് അവയൊക്കെ പഠിക്കാനും വായിക്കാനും സാധിക്കും? ചേടിയത്തച്ചന്റെ വിവർത്തന കൃതികൾ ഏറെയും ഇംഗ്ലീഷ്, ലത്തീൻ എന്നിവയിൽ നിന്നാണെങ്കിലും ഗ്രീക്ക്, സുറിയാനി മൂലങ്ങളുമായി കഴിയുന്നത്ര ഒത്തുനോക്കാനും ശ്രമിച്ചിരിക്കുന്നത് കാണാം. പുരാതനകാലത്തെ ക്രൈസ്തവ ദൈവശാസ്ത്ര കൃതികൾ ആർക്കും എത്തിനോക്കാവുന്ന തരത്തിൽ മലയാളികൾക്ക് പരിചയപ്പെടുത്തി തരുന്നതിൽ ചേടിയത്തച്ചൻ സ്ഥിരോത്സാഹിയാണ്. അച്ചന്റെ ഈ ദൈവശാസ്ത്ര തപസ്യ മലയാള ക്രൈസ്തവ ദർശനങ്ങൾക്ക് വളർച്ചയും വിളവും നൽകട്ടെ എന്നാശംസിക്കുന്നു.

പ്രൊഫ. ഡോ. തോമസ് കൂനമ്മാക്കൽ

പൗരസ്ത്യവിദ്യാപീഠം,
PB.No.10, വടവാതൂർ,
കോട്ടയം 686010
സെപ്തംബർ 4, 2006

# ആമുഖം

ആദിമസഭാപിതാക്കന്മാരുടെ സജീവസ്വരം ദിഗന്തങ്ങളിൽ മാറ്റൊലിക്കൊള്ളുന്നു. ചക്രവാളങ്ങളെ ഭേദിച്ചുകൊണ്ട് യുഗാന്ത്യം വരെ ആ ശബ്ദം പ്രതിധ്വനിക്കുന്നു. സത്യത്തിനു സാക്ഷ്യം വഹിക്കുക എന്ന കാഹളസമാന ശബ്ദം തലമുറകളെ ഉണർത്തുകയും കർമനിരതരാക്കുകയും ചെയ്യുന്നു. മലമുകളിൽ കയറിയപ്പോൾ ഒരിക്കൽ ആ ശബ്ദം കേട്ടു. ആ ശബ്ദമെന്നെ വിളിച്ചു. ഞാൻ ഉണർന്നു നോക്കിയപ്പോൾ മുന്നിൽ കണ്ട ചിലരുടെ ചിത്രങ്ങൾ വരച്ചുവയ്ക്കാൻ ബദ്ധപ്പെട്ടു. അങ്ങനെ ഈ കൃതി ഒരു യാഥാർഥ്യമായി.

നാലും അഞ്ചും നൂറ്റാണ്ടുകളിൽ ജീവിച്ച സഭാപിതാക്കന്മാരാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം. ജെ.ക്വാസ്റ്റന്റെ പട്രോളജി എന്ന കൃതിയുടെ മൂന്നാം വാല്യത്തെ മുഖ്യമായും ആധാരമാക്കിയാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. ആദിമ ക്രൈസ്തവസഭയിലെ എല്ലാ ചിന്തകരെയും ഉൾപ്പെടുത്തിയുള്ള ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗമാണിത്. **പട്രോളജി വാല്യം ഒന്ന്** ആണ് ഒന്നാമത്തേത്.

രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്ത നവീകരണം ഒരു യാഥാർഥ്യമായിത്തീരാൻ ക്രിസ്തീയസഭയുടെ ഉത്ഭവത്തിലേക്കു കുതിക്കുക അപരിത്യാജ്യമായ സംഗതിയത്രേ. പിതാക്കന്മാരാകുന്ന ഉറപ്പുള്ള അടിത്തറയുമായി ബന്ധപ്പെട്ട നവീകരണം ശാശ്വതീകരിക്കപ്പെടും; സ്ഥായിയായ ഫലം പുറപ്പെടുവിക്കും; നല്ല നാളയെ പണിതുയർത്തും. സഭാനവീകരണങ്ങളുടെയെല്ലാം അടിസ്ഥാനം സഭാപിതാക്കന്മാർ ആയിരിക്കണം.

ഈ കൃതിക്കു രൂപം നൽകുവാൻ സഹായിച്ച എല്ലാവരേയും നന്ദിപൂർവം സ്മരിക്കുന്നു. ഈ കൃതി പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയ പ്രസിദ്ധീകരണ വിഭാഗത്തിന്റെ ഡയറക്ടർ ബ. തോമസ് മണ്ണൂരാംപറമ്പിലച്ചനും സഹപ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ ലേ ഔട്ട് ഭംഗിയായി നിർവഹിച്ച ഷാനി സി. ആഞ്ചലോസിനും ബഥനി പ്രസിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. സന്തോഷപൂർവം ഇതു സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ജി. ചേടിയത്ത്

സെന്റ് മേരീസ് മലങ്കര മേജർ സെമിനരി,
നാലാഞ്ചിറ, തിരുവനന്തപുരം 695015.
30-10-2006

അധ്യായം 1

# നിഖ്യാവിശ്വാസപ്രമാണം

ഏഷ്യാമൈനറിലെ നിഖ്യായിൽവച്ച്[1] ക്രി.വ. 325-ൽ സഭാചരിത്രത്തിലെ ഒരു വലിയ സൂനഹദോസ് കൂടി. മഹാനായ കോൺസ്റ്റന്റൈൻ ചക്രവർത്തി (+337) ആണ് ഇതു വിളിച്ചുകൂട്ടിയത്. 318 പിതാക്കന്മാർ ഇതിൽ സംബന്ധിച്ചു എന്നാണു പാരമ്പര്യം.[2] സൂനഹദോസിൽ സംബന്ധിച്ച മിക്കവരും പൗരസ്ത്യരായിരുന്നു. താഴെ പറയുന്ന പാശ്ചാത്യരും പങ്കെടുത്തു. കൊർദോവായിലെ ഹോസിയൂസ് (+375) - മതപരമായ കാര്യങ്ങളിൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ പ്രധാനപ്പെട്ട ഉപദേശകനായിരുന്നു അദ്ദേഹം - കാർതേജിലെ ചെചീലിയൻ (+345) കലാബ്രിയായിലെ മർക്കോസ്, ദീയോനിലെ നിക്കോസിയൂസ്, സ്ത്രീദോയിലെ ദോമ്നൂസ്, റോമൻ വൈദികരായ വീത്തൂസ്, വിൻസെന്റ്.

ആരിയസ് എന്ന അലക്സാണ്ട്രിയൻ വൈദികൻ പുത്രനെപ്പറ്റി ദൈവദൂഷണം പഠിപ്പിച്ചപ്പോൾ ആദിമസഭയിൽ കലക്കമുണ്ടായി. സഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനും സത്യവിശ്വാസപ്രഖ്യാപനം നടത്തുന്നതിനും അബദ്ധോപദേശകരെ സഭയിൽ നിന്നു പുറംതള്ളുന്നതിനുമാണ് നിഖ്യായിൽ സൂനഹദോസു കൂടിയത്. വിശ്വാസസംബന്ധമായി പുതിയ സിദ്ധാന്തങ്ങൾ പഠിപ്പിക്കാനല്ല, പിന്നെയോ, തങ്ങൾക്കു കിട്ടിയ പ്രബോധനം അഭംഗുരം പിൻതലമുറയ്ക്കു പകർന്നുകൊടുക്കാനാണ് അവർ യത്നിച്ചത്. സത്യവിശ്വാസത്തിൽ മായം ചേർക്കാൻ പാടില്ല; അതനുവദിക്കരുത്; സത്യവിശ്വാസ പ്രബോധനത്തിൽ പാളിച്ച പറ്റാൻ പാടില്ല തുടങ്ങിയ കാര്യങ്ങളിൽ അവർ സർവശ്രദ്ധയും കേന്ദ്രീകരിച്ചു. ഒരു വിശ്വാസപ്രമാണവും ഇരുപത് കാനോനകളും പിതാക്കന്മാർ തയ്യാറാക്കി. നിഖ്യാവിശ്വാസപ്രമാണം അംഗീകരിക്കാത്തവരെ സഭയിൽ നിന്ന് പുറത്താക്കി: ആരിയസ്, തൊളേമായിസിലെ സെക്കൻദൂസ്, മർമറിക്കായിലെ തെയോനാസ് എന്നിവർ നിഖ്യാവിശ്വാസപ്രമാണത്തിൽ ഒപ്പുവച്ചില്ല. അവരെ ഇല്ലിറിക്കം എന്ന പ്രദേശത്തേ

ക്ക് നാടുകടത്തി. നിക്കോമേദിയായിലെ എവുസേബിയസ്, നിഖ്യായിലെ തെയോഗ്നിസ് എന്നിവരും അവസാനം ഒപ്പുവച്ചു. ആരിയസിന്റെ പ്രബോധനം വളരെ തെറ്റിദ്ധരിച്ചാണ് മറ്റുള്ളവർ മനസിലാക്കിയിരിക്കുന്നത്; അതുകൊണ്ട് അയാൾക്കെതിരെയുള്ള വിധി അംഗീകരിക്കാൻ ബുദ്ധിമുട്ടാണെന്ന് ഇരുവരും വിസമ്മതം പ്രകടിപ്പിച്ചു. ചക്രവർത്തി അവരെ 325 അവസാനത്തോടുകൂടി ഗോളിലേക്ക് (ഫ്രാൻസിലേക്ക്) നാടുകടത്തി. എന്നാൽ 328-ൽ അവർ സ്വന്തം രൂപതകളിൽ തിരികെയെത്തി.

ആരിയസ് തന്റെ പാഷണ്ഡത പ്രചരിപ്പിക്കാൻ തുടങ്ങിയപ്പോൾ, അലക്സാണ്ട്രിയൻ മെത്രാൻ അലക്സാണ്ടർ 318-ൽ അലക്സാണ്ട്രിയായിൽ ഏതാണ്ട് നൂറോളം മെത്രാന്മാരുടെ ഒരു സിനഡ് വിളിച്ചുകൂട്ടി. ആരിയസ് സിനഡിനെ ധിക്കരിച്ചപ്പോൾ, മെത്രാന്മാർ അയാളെ സ്ഥാനഭ്രഷ്ടനാക്കി. അയാൾ ഉടനെ പലസ്തീനയിലും മറ്റും ഉള്ള തന്റെ സ്നേഹിതരുടെ പക്കലെത്തി തന്നെ പിൻതുണയ്ക്കുന്നവരെ തേടിക്കൊണ്ടിരുന്നു.

**അന്ത്യോക്യൻ സിനഡ് (325)**

നിഖ്യാസൂനഹദോസിനുമുമ്പ്, അന്ത്യോക്യയിൽ വച്ച് 325-ൽ 56 മെത്രാന്മാരുടെ ഒരു സിനഡ് കൂടി. അവരിൽ 49 പേർ പിന്നീട് നിഖ്യായിലും സംബന്ധിച്ചു.[3] സിനഡിനുശേഷം അവർ എല്ലാ മെത്രാന്മാർക്കുമായി ഒരു സർക്കുലർ അയച്ചു. അതിൽ ഒരു വിശ്വാസപ്രമാണവും ഉണ്ട്. അതിപ്രകാരമാണ്.[4] വിശ്വാസം ഇപ്രകാരമാണെന്ന് എഴുത്തുകാർ പറയുന്നു: "പിതാവും സർവശക്തനും അഗ്രാഹ്യനും വ്യതിയാനരഹിതനും മാറ്റമില്ലാത്തവനും പ്രപഞ്ചത്തിന്റെ സംരക്ഷകനും ഭരണകർത്താവും നീതിമാനും നല്ലവനും ഭൂവാനങ്ങളെയും അവയിലുള്ള എല്ലാറ്റിനെയും നിർമിച്ചവനും നിയമത്തിന്റെയും പ്രവാചകന്മാരുടെയും പുതിയ ഉടമ്പടിയുടെയും കർത്താവുമായ ഏകദൈവത്തിൽ വിശ്വസിക്കണം. ഏകജാതനായ പുത്രനും കർത്താവുമായ യേശുക്രിസ്തുവിലും (വിശ്വസിക്കണം); ഇല്ലായ്മയിൽ നിന്നല്ല, പിതാവിൽ നിന്നാണ് അവിടുന്ന് ജാതനായത്. അവിടുന്നു നിർമിക്കപ്പെട്ടതല്ല; യഥാർഥത്തിൽ പുത്രനാണ്. അവാച്യവും അത്ഭുതാവഹവുമായ രീതിയിൽ അവിടുന്ന് ജാതനായി. ജനിപ്പിച്ച പിതാവും ജനിച്ച പുത്രനും മാത്രമേ അതറിയുന്നുള്ളു. (പുത്രനല്ലാതെ പിതാവിനെയും പിതാവല്ലാതെ പുത്രനെയും ആരും അറിയുന്നില്ല). അവിടുന്ന് നിത്യമായി സ്ഥിതി ചെയ്യുന്നു. അവിടുന്ന് ഇല്ലാതിരുന്ന ഒരു സമയവും ഉണ്ടായിട്ടില്ല. അവിടുന്ന് മാത്രമാണ് സ്പഷ്ടമായ സാദൃശ്യം എന്ന് വി. ഗ്രന്ഥത്തിൽ നിന്ന് നാം പഠിച്ചിട്ടുണ്ട്, പിതാവിൽ നിന്ന് ജനിക്കാത്തവനായി അവൻ നിൽക്കുമായിരുന്നു എന്നർഥത്തിലല്ല, ദത്തെടുക്കൽ വഴിയുമല്ല - അങ്ങനെ പറയുന്നത് അഭക്തവും ദൈവദൂഷണവുമാണ് - അവിടുന്ന് സത്യമായും നൈയാമികമായും പുത്രനായി ജനിച്ചവനാണെന്ന് വിശുദ്ധ ഗ്രന്ഥം വിവരിക്കുന്നു."



"അങ്ങനെ, അവിടുന്ന് വ്യതിയാനരഹിതനും മാറ്റമില്ലാത്തവനുമാണെന്നും ഇച്ഛയാലോ, ദത്തെടുക്കൽ വഴിയോ ഉണ്ടായതല്ല, പിന്നെയോ, ജനിച്ചവനാണെന്നും നാം വിശ്വസിക്കുന്നു; ഇല്ലായ്മയിൽ നിന്ന് ഉണ്ടായി എന്ന രീതിയിലല്ല, അവനു ചേർന്ന രീതിയിൽ ജനിപ്പിക്കപ്പെട്ടു എന്നാണ് നാം മനസ്സിലാക്കുക. അവനിലൂടെ യാഥാർഥ്യത്തിലെത്തിയ മറ്റേതെങ്കിലും വസ്തുവിന്റെ സാദൃശ്യത്തിലോ, സ്വാഭാവത്തിലോ, കൂട്ടിച്ചേരലിലോ, അല്ല - അങ്ങനെ ചിന്തിക്കാൻ പോലും പാടില്ല - പിന്നെയോ, എല്ലാ അറിവിനേയും ചിന്തയേയും പദപ്രയോഗങ്ങളേയുംകാൾ ഉന്നതമായ രീതിയിൽ, ജനിക്കാത്ത പിതാവിൽ നിന്ന് ദിവ്യവചനവും സത്യപ്രകാശവും നീതിയും എല്ലാവരുടെയും രക്ഷകനുമായ കർത്താവേശുക്രിസ്തു ജനിച്ചെന്ന് നാം ഏറ്റുപറയുന്നു. അവിടുന്ന് പിതാവിന്റെ ഇച്ഛയുടെയോ മറ്റെന്തിന്റെയോ സാദൃശ്യമല്ല, മറിച്ച് തന്റെ പിതാവിന്റെ സത്തയിൽ നിന്നുള്ളവനാണ്. ദൈവവചനമായ ഈ പുത്രൻ ദൈവമാതാവായ മറിയത്തിൽ നിന്ന് ശരീരത്തിൽ ജനിച്ച് മനുഷ്യനായി. അവിടുന്ന് കഷ്ടപ്പെട്ടു മരിച്ചു; മരിച്ചവരിൽ നിന്നു ഉത്ഥാനം ചെയ്ത്, സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു; അത്യുന്നത സിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു; അവിടുന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരും."

"കൂടാതെ, നമ്മുടെ രക്ഷകനിലെന്നപോലെ ഏകപരിശുദ്ധാത്മാവിലും ഏക കത്തോലിക്കാ സഭയിലും ശരീരത്തിന്റെ ഉത്ഥാനത്തിലും ശരീരത്തിൽ നന്മയോ, തിന്മയോ ആയി ഓരോരുത്തർ പ്രവർത്തിച്ചതിന് പ്രതിഫലം നൽകുന്ന വിധിയിലും വിശ്വസിക്കാൻ വിശുദ്ധഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. "ദൈവപുത്രൻ ഒരു സൃഷ്ടിയാണ്, യാഥാർഥ്യത്തിലേക്കു വന്നു, നിർമിക്കപ്പെട്ടതാണ്, സത്യമായി ജനിപ്പിക്കപ്പെട്ടവനല്ല, അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു"എന്നൊക്കെ ചിന്തിക്കുകയും പറയുകയും പ്രസംഗിക്കുകയും ചെയ്യുന്നവരെ ഞങ്ങൾ ശപിക്കുന്നു. കാരണം അവിടുന്ന് ഉണ്ടായിരുന്നെന്നും ഉണ്ടെന്നും പ്രകാശമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. തന്റെ സ്വന്തം ഇച്ഛയാൽ തന്നെ അവിടുന്ന് വ്യതിയാനാതീതൻ ആയതുപോലെ പുത്രനല്ല എന്നെല്ലാം പറയുന്നവരെയും ഞങ്ങൾ ശപിക്കുന്നു. കാരണം എല്ലാ സംഗതികളിലും നമ്മുടെ രക്ഷകൻ തന്റെ പിതാവിന്റെ ഛായ ആയിരിക്കുന്നതുപോലെ ഈ കാര്യത്തിലും അവിടുന്ന് പിതാവിന്റെ ഛായയായി പ്രകീർത്തിക്കപ്പെടുന്നു."

പുത്രൻ സൃഷ്ടിയല്ലെന്നും ഇല്ലായ്മയിൽ നിന്നുണ്ടാക്കപ്പെട്ടതല്ലെന്നും അവാച്യമായി പിതാവിൽ നിന്ന് ജനിച്ചെന്നും എല്ലാ സംഗതികളിലും അവിടുന്ന് പിതാവിന്റെ ഛായയാണെന്നും ഈ വിശ്വാസപ്രമാണം സ്പഷ്ടമായി പഠിപ്പിക്കുന്നു. ഇത് ആരിയസിന്റെ പ്രബോധനങ്ങൾക്ക് തികച്ചും എതിരാ

ണ്. പിൽക്കാലത്തുണ്ടായ എല്ലാ സിനഡൽ വിശ്വാസപ്രമാണങ്ങൾക്കും മുന്നോടിയായിരുന്നു ഇത്. അന്ത്യോക്യയിൽ സ്നാനാർത്ഥികൾക്കായി ഉപയോഗിച്ചിരുന്ന വിശ്വാസപ്രമാണമായിരിക്കാം ഇതിന്റെ അടിസ്ഥാനം.

**നിഖ്യാ (325)**

ഈ സിനഡ് കഴിഞ്ഞ് കുറെ മാസങ്ങൾക്കുശേഷം നിഖ്യായിൽ സിനഡുകൂടി. ആദ്യം അൻസീറായിൽവച്ച് കൂടാൻ ആലോചിച്ചെങ്കിലും[5] നിഖ്യാ തന്നെ തെരഞ്ഞെടുക്കപ്പെട്ടു. 325 മെയ് 20-നാണ് സിനഡ് തുടങ്ങിയതെന്ന് സൊക്രാട്ടസ് പറയുന്നെങ്കിലും,[6] ജൂൺ 19-നാണ് തുടങ്ങിയതെന്നാണ് ഭൂരിപക്ഷാഭിപ്രായം.[7] നേരത്തെ തയ്യാറാക്കിയ വിശ്വാസപ്രമാണം ഒക്ടോബർ 10-ന് രണ്ടാം സമ്മേളനത്തിൽ വായിക്കുകയും ചർച്ചകൾക്കുശേഷം അംഗീകരിക്കുകയും ചെയ്തു.

**വിശ്വാസപ്രമാണം**

നിഖ്യാവിശ്വാസപ്രമാണത്തിന് അടിസ്ഥാനമായി ഏത് പ്രാദേശിക വിശ്വാസപ്രമാണമാണ് സ്വീകരിച്ചതെന്ന് ഖണ്ഡിതമായി പറയാനാവില്ല. ഏതോ സീറോ-പലസ്തീനിയൻ സഭയിലെ വിശ്വാസപ്രമാണത്തിൽ ആരിയൻ വിരുദ്ധ ഘടകങ്ങൾ കൂട്ടിച്ചേർത്താണ് അത് തയ്യാറാക്കിയിരിക്കുന്നത് എന്നാണ് പൊതുവെയുള്ള അഭിപ്രായം.[8] കേസറിയായിലെ എവുസേബിയസിന്റെ വിശ്വാസപ്രമാണം ചില ചില്ലറ വ്യതിയാനങ്ങളോടുകൂടി എടുത്തെന്ന് ഒരഭിപ്രായം നിലനിൽക്കുന്നു. നിഖ്യാവിശ്വാസപ്രമാണം ഇപ്രകാരമാണ്:

''സർവശക്തിയുള്ള പിതാവും ദൃശ്യാദൃശ്യങ്ങളുടെ നിർമാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ പുത്രനും പിതാവിൽ നിന്ന് ജനിച്ചവനും ഏകജാതനും പിതാവിന്റെ സത്തയിൽ നിന്നുള്ളവനും ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സത്തയിൽ പിതാവിനോട് സമത്വമുള്ളവനും, തന്നാൽ ആകാശത്തിലും ഭൂമിയിലുമുള്ള സകലവും നിർമിക്കപ്പെട്ടവനുമായ ഏക കർത്താവേശുക്രിസ്തുവിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി താഴേയ്ക്കിറങ്ങി, ശരീരമെടുത്ത് മനുഷ്യനായി. അവൻ കഷ്ടപ്പെട്ട് മരിക്കുകയും വീണ്ടും മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയും സ്വർഗത്തിലേക്ക് കരേറുകയും ചെയ്തു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ''അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു''എന്നോ ''ജനിക്കുന്നതിനു മുൻപ് അവൻ ഇല്ലായിരുന്നു'' എന്നോ, ''ഇല്ലാതിരുന്ന അവസ്ഥയിൽ നിന്ന് അവൻ നിർമിക്കപ്പെട്ടു'' എന്നോ ''അവൻ മറ്റൊരു സാരാംശത്തിൽ അഥവാ സത്തയിൽ നിന്നാണ്'' എന്നോ ''അവൻ ഒരു സൃഷ്ടിയാണ്'' എന്നോ ''മാറ്റത്തിനും വ്യതിയാനത്തിനും വിധേയനാണ്''എന്നോ ദൈവപുത്രനെപ്പറ്റി പറയുന്ന എല്ലാവരെയും കാതോലികവും ശ്ലൈഹികവുമായ സഭ പുറന്തള്ളുന്നു.''



*മോണോഗെനേ* (ഏകജാതൻ) *എക് തേസ് ഉസിയാസ് തൂ പത്രോസ്* (പിതാവിന്റെ സത്തയിൽ നിന്ന്) *തെഓൻ അലേതിനോൻ എക് തെഊ അലേതിനൂ* (സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം) *ഗെന്നേതെൻതാ ഉപൊയ് ഏതെൻതാ* (ജനിച്ചവനും നിർമിക്കപ്പെടാത്തവനും) *ഹോമോഉസിയോൻ തോ പാത്രി* (പിതാവുമായി സമസത്ത) എന്നീ ആരിയൻ വിരുദ്ധപദപ്രയോഗങ്ങൾ ഇതിൽ കാണാം.[9] അതുപോലെ ആരിയസിന്റെ ചില അബദ്ധ പ്രസ്താവനകൾ പ്രത്യേകം എടുത്തു ശപിച്ചിട്ടുണ്ട്.[10]

*ഹോമോഉസിയോസ് (സമസത്ത)* എന്ന പദം അതേ വാക്കുകളിൽ വേദപുസ്തകത്തിൽ കാണുന്ന പ്രയോഗമല്ലാത്തതിനാൽ പലരും എതിർപ്പു പ്രകടിപ്പിച്ചു. അതുപോലെ വൈവിധ്യമാർന്ന അർത്ഥമാണ് പ്രസ്തുത പദം സംബന്ധിച്ച് വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നുള്ള പിതാക്കന്മാർക്കുണ്ടായിരുന്നത്. അവസാനം എല്ലാവരും അത് സ്വീകരിച്ചെങ്കിലും, ഓരോരുത്തരും അവരവരുടേതായ പശ്ചാത്തലത്തിൽ വ്യാഖ്യാനിച്ചു. തദ്ഫലമായി നിഖ്യായ്ക്കുശേഷവും വളരെ നാളത്തേക്ക് ആരിയൻ ചിന്ത ആദിമസഭയിൽ കോളിളക്കം ഉണ്ടാക്കിക്കൊണ്ടിരുന്നു.

**ആരിയനിസം-വളർച്ച**

ആരിയൻ ചിന്തയ്ക്ക് സാർവത്രിക പ്രചരണം ലഭിക്കാനുള്ള കാരണങ്ങൾ ചിലർ അപഗ്രഥിക്കുന്നു: (1) ദൈവവചനത്തെ സംബന്ധിച്ച് കൃത്യമായി ദൈവശാസ്ത്രം വികസിച്ചിരുന്നില്ല. (2) അത്തനാസ്യോസിനെപ്പോലെ തലയെടുപ്പുള്ള ദൈവശാസ്ത്രജ്ഞന്മാർ ആരിയൻ പ്രശ്നം ഉടലെടുത്തപ്പോൾ ഇല്ലായിരുന്നു; അത്തനാസ്യോസ് തന്നെയും മെത്രാനായശേഷം വളരെനാൾ ഒളിവിലായിരുന്നു. (3) ആരിയസിന്റെ സഹപാഠികളായ മെത്രാന്മാർ അദ്ദേഹത്തെ പല രീതികളിൽ സഹായിച്ചുകൊണ്ടിരുന്നു. (4) ആരിയസിന്റെ ദൈവശാസ്ത്ര റാഷണലിസം ഉപരിപ്ലവ ചിന്താഗതിക്കാരെ തൃപ്തിപ്പെടുത്താൻ പര്യാപ്തമായിരുന്നു. (5) ആരിയസ് ഒരു ആത്മീയ മനുഷ്യനായി അറിയപ്പെട്ടിരുന്നു; സന്യാസിനികളുടെയും മറ്റ് മനുഷ്യരുടെയും ഇടയിൽ അയാൾക്ക് സ്വാധീനം ഉണ്ടായിരുന്നു. (6) പല റോമൻ ചക്രവർത്തിമാരും കൊട്ടാരസേവകരും ആരിയൻ ചിന്താഗതി പുലർത്തി, ആരിയനിസത്തെ താലോലിച്ചു. (7) ആഴമായ വിശ്വാസതീക്ഷ്ണത മുറ്റിനിന്നവരല്ലായിരുന്നു എല്ലാ മെത്രാന്മാരും. (8) അവ്യക്തത നിറഞ്ഞ ദൈവശാസ്ത്രപദങ്ങളാണ് പൊതുവെ പരന്നിരുന്നത്.

**നാല് ഘട്ടങ്ങൾ**

ആരിയൻ പ്രശ്നത്തിന്റെ കാലഘട്ടത്തെ നാലായി തിരിക്കുന്നവരുണ്ട്. (1) ക്രി.വ.318 മുതൽ 325 വരെ: ഈ കാലഘട്ടത്തിൽ ആരിയൻ ചിന്ത പ്രചരിച്ചു കൊണ്ടിരുന്നു. വെറും അലക്സാണ്ട്രിയൻ പ്രശ്നമായിരുന്ന ആരിയനിസം ഒരു സാർവത്രിക പ്രശ്നമായിത്തീർന്നു. ആരിയസിന്റെ സ്നേഹിതരായ മെത്രാന്മാർ ഇതിൽ നല്ല പങ്കുവഹിച്ചു. (2) ക്രി.വ.325 മുതൽ 330 വരെ: സത്യവിശ്വാസം വിജയിച്ച കാലഘട്ടമാണിത്. ആരിയനിസം അബദ്ധാഭിപ്രായമായി മുദ്രകുത്തപ്പെട്ടു. ആരിയൻ ചിന്താഗതിക്കാരെ നാടുകടത്തി. (3) ക്രി.വ.330 മുതൽ 362 വരെ: ആരിയൻ ചിന്താഗതിക്കാരുടെ താൽക്കാലിക വിജയകാലഘട്ടം. ഇക്കാലത്ത് സെമി-ആരിയൻ ചിന്താഗതിക്കാർ നിഖ്യാവിശ്വാസപ്രമാണം മാറ്റിവച്ചിട്ട്, ഒന്നിനു പിറകെ ഒന്നായി വിശ്വാസപ്രമാണങ്ങൾ ഉണ്ടാക്കാൻ തുടങ്ങി. ചില റോമൻ ചക്രവർത്തിമാർ ഇത്തരം പ്രവണതകളെ പ്രോത്സാഹിപ്പിക്കുകയും പൗരസ്ത്യദേശത്തെ സത്യവിശ്വാസികളായ മെത്രാന്മാരെ നാടുകടത്തുകയും ചെയ്തു. മിക്കയിടങ്ങളിലും ആരിയൻ മെത്രാന്മാർ കടന്നുകൂടി. (4) ക്രി.വ.362 മുതൽ 381 വരെ: വി.അത്തനാസ്യോസ്, കപ്പഡോഷ്യൻ പിതാക്കന്മാർ ആദിയായവർ ആരിയനിസത്തെ പരാജയപ്പെടുത്തി നിഖ്യാവിശ്വാസപ്രമാണം ഉറപ്പിച്ചു. മഹാനായ തിയഡോഷ്യസ്(1) ചക്രവർത്തിയുടെ കാലത്തോടു കൂടി (379-395) ആരിയനിസം റോമാസാമ്രാജ്യത്തിൽ നിന്ന് തുടച്ചു മാറ്റപ്പെട്ടു.

**ടയർ-ജറുസലേം സിനഡുകൾ (335)**

ടയറിൽ[11] വച്ച് നടന്ന സിനഡ് ആരിയസിനെ സഭയിലേക്കു തിരികെ സ്വീകരിക്കാൻ ചക്രവർത്തിയോടു ശുപാർശ ചെയ്തു. പ്രസ്തുത വർഷം തന്നെ ജറുസലേമിൽ മറ്റൊരു സിനഡുകൂടി.[12] ടയറിലെ സിനഡിൽ വിവിധ ഭാഗങ്ങളിൽ നിന്നായി അറുപതോളം മെത്രാന്മാർ പങ്കെടുത്തു. അൻപതു പേർ ഈജിപ്തുകാരായിരുന്നു. അവരെ കൂടാതെ കേസറിയായിലെ എവുസേബിയസ്, നിക്കൊമേദിയായിലെ എവുസേബിയസ്, അന്ത്യോക്യയിലെ ഫ്ളാച്ചില്ലസ്, നിഖ്യായിലെ തെയോഗ്നിസ്, നെറോണിയായിലെ നർചീസുസ്, ഷിതോപ്പൊളീസിലെ പത്രൊഫീലസ്, മൂർസായിലെ വാലെൻസ്, സിൻജിദൂണുമിലെ ഉർസാചിയുസ് (ഇരുവരും ഇല്ലീറിയാക്കാർ), തെസലോനിക്കയിലെ അലക്സാണ്ടർ, അൻസീറയിലെ മർസെല്ലുസ് എന്നിവരും ഉണ്ടായിരുന്നു. ടയറിൽ സംബന്ധിച്ചവരിൽ പലരും ആരിയൻ പക്ഷപാതികളും അത്തനാസ്യോസിനോട് പകയുള്ളവരുമായിരുന്നു; അവർ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി.[13]

**അന്ത്യോക്യൻ സിനഡ് (341)**

കോൺസ്റ്റാന്റിനോപ്പിൾ സിനഡ് (335) അൻസീറയിലെ മർസെല്ലൂസിനെ സ്ഥാനഭ്രഷ്ടനാക്കി. കോൺസ്റ്റൻടൈൻ മരിച്ചപ്പോൾ (337) അത്തനാസ്യോസിനും മർസെല്ലുസിനും തിരികെ വരാൻ അനുവാദം ലഭിച്ചു. എന്നാൽ ആര്യൻ പക്ഷപാതികളായ എവുസേബിയൻ മെത്രാന്മാർ[14] അവർക്കെതിരെ ഉപജാപങ്ങളുമായി രംഗത്തിറങ്ങി റോമിനെ സ്വാധീനിക്കാൻ ശ്രമിച്ചു. എന്നാൽ ജൂലിയസ് പാപ്പായുടെ നേതൃത്വത്തിൽ കൂടിയ സിനഡ് (340) ഇരുവരെയും അംഗീകരിക്കുകയും എവുസേബിയൻ മെത്രാന്മാർ ആരിയൻ പാഷണ്ഡത ഉള്ളവരാണെന്നു കുറ്റപ്പെടുത്തുകയും ചെയ്തു. അതിനെതിരെ ഒരു വിശ്വാസ പ്രഖ്യാപനം നടത്തി അത്തനാസ്യോസിനെ ഒരിക്കൽ കൂടി തറപറ്റിക്കുക എന്നതായിരുന്നു 341-ലെ അന്ത്യോക്യൻ സിനഡിന്റെ ലക്ഷ്യം. അന്ത്യോക്യൻ സിനഡിൽ 97 മെത്രാന്മാർ സംബന്ധിച്ചു. അവരെല്ലാം തന്നെ ആരിയസിന്റെ സ്നേഹിതനായ എവുസേബിയസിന്റെ പക്ഷക്കാരായിരുന്നു. കോൺസ്റ്റൻടൈൻ അന്ത്യോക്യയിൽ പണികഴിപ്പിച്ച ദേവാലയത്തിന്റെ പ്രതിഷ്ഠയോട് അനുബന്ധിച്ചായിരുന്നു ഈ സിനഡ്. അതിനാൽ ഇതിനെ പ്രതിഷ്ഠാസിനഡ് എന്ന് വിളിക്കുന്നു.[15] കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി (+361) നേരിട്ട് സിനഡിൽ സംബന്ധിച്ചു. മെത്രാന്മാർ ഒന്നിനു പിറകെ ഒന്നായി നാല് വിശ്വാസപ്രമാണങ്ങൾ ഉണ്ടാക്കി. ''വെറുമൊരു വൈദികനായ ആരിയസിനെ മെത്രാന്മാരായ ഞങ്ങൾ എങ്ങനെ പിൻചെല്ലും'' എന്ന് ചോദിച്ചുകൊണ്ട് ആദ്യവിശ്വാസപ്രമാണം രൂപീകരിച്ചു.[16]

അന്ത്യോക്യയിലെ രണ്ടാം വിശ്വാസപ്രമാണം, എന്നറിയപ്പെടുന്ന ഒന്നുകൂടി അവിടെ പാസാക്കി. ആദ്യത്തേതിനെ ഖണ്ഡിക്കുന്നതിന് എന്ന വിധമാണ് ഇത് പ്രസിദ്ധീകരിച്ചതെന്ന് സൊക്രാട്ടസ് പറയുന്നു. ഈ വിശ്വാസപ്രമാണത്തിന് ആധാരമായിരുന്നത് ലൂസിയന്റെ വിശ്വാസപ്രമാണമായിരുന്നെന്ന് ഒരു പ്രാചീനപാരമ്പര്യമുണ്ട്. ഈ സിനഡിന്റെ ഔദ്യോഗിക വിശ്വാസപ്രമാണം ഇതു മാത്രമാണ്.[17]

കപ്പഡോഷ്യയിലെ തിയാനാ രൂപതാധ്യക്ഷൻ തെയോഫ്രോണിയൂസ് തന്റെ സത്യവിശ്വാസം തെളിയിക്കാൻ അവിടെ ഒരു വിശ്വാസപ്രമാണം അവതരിപ്പിച്ചു. മൂന്നാം വിശ്വാസപ്രമാണം എന്നാണ് ഇതറിയപ്പെടുന്നത്. സിനഡിൽ സംബന്ധിച്ചവർ ഇതും അംഗീകരിച്ചു. ''ഞാൻ ഇപ്രകാരം വിശ്വസിക്കുന്നെന്ന് ദൈവം അറിയുന്നു. അവനെ ഞാൻ സാക്ഷി നിർത്തുന്നു''എന്നു പറഞ്ഞുകൊണ്ടാണ് ഇതു തുടങ്ങുന്നത്.[18]

''സർവശക്തനും പ്രപഞ്ചസ്രഷ്ടാവും നിർമാതാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. എല്ലാ വസ്തുക്കളും അവനിൽ നിന്നാകുന്നു. അവിടുത്തെ ഏകജാതനും ദൈവവും വചനവും ശക്തിയും വിജ്ഞാനവും ആയ കർത്താവേശുക്രിസ്തുവിലും വിശ്വസിക്കുന്നു; എല്ലാം അവനിലൂടെ ആകുന്നു. അവൻ യുഗങ്ങൾക്കെല്ലാം മുൻപ് പിതാവിൽനിന്ന് സത്യദൈവത്തിൽ

നിന്നുള്ള സത്യദൈവമായി ജനിച്ചു. അവൻ ദൈവത്തോടുകൂടെ ഒരു വ്യക്തിയായി (*ഹ്യൂപ്പൊസ്തസിസായി*) സ്ഥിതിചെയ്യുന്നു. അവൻ അവസാന നാളുകളിൽ ഇറങ്ങിവന്ന്, വിശുദ്ധ ഗ്രന്ഥമനുസരിച്ച് കന്യകയിൽ നിന്നു ജനിച്ചു, മനുഷ്യനായി കഷ്ടപ്പെട്ടു മരിച്ചു; അവൻ മരിച്ചവരിൽ നിന്നുയിർത്തു, സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു, തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ മഹത്വത്തോടും ശക്തിയോടും കൂടെ വീണ്ടും വരും. അവൻ യുഗങ്ങളോളം സ്ഥിതി ചെയ്യുന്നു. ആശ്വാസപ്രദനും സത്യാത്മാവുമായ പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. അവനെ തന്റെ ദാസരുടെ മേൽ വർഷിക്കുമെന്ന് പ്രവാചകന്മാർ വഴി പ്രവചിച്ചിട്ടുണ്ട്. തന്റെ ശിഷ്യരുടെ മേൽ അയക്കുമെന്ന് കർത്താവ് വാഗ്ദാനം ചെയ്തിട്ടുമുണ്ട്. ശ്ലീഹന്മാരുടെ നടപടി സാക്ഷിക്കുന്നതുപോലെ അവനെ അവിടുന്ന് അയച്ചു. ഈ വിശ്വാസത്തിൽ നിന്നു വ്യത്യസ്തമായി വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവന് ശാപം... അൻസീറയിലെ മർസെല്ലൂസ്, സബെല്ലിയസ്, സാമസോട്ടക്കാരൻ പൗലോസ് എന്നിവരുടെ ആശയങ്ങൾ പങ്കുവയ്ക്കുന്നവരും പങ്കുചേരുന്ന എല്ലാവരും ശപിക്കപ്പെടട്ടെ.''

നാലാമതൊരു വിശ്വാസപ്രമാണവും ഈ സിനഡുമായി ബന്ധപ്പെടുത്തി അറിയപ്പെടുന്നു.[19] ''സർവശക്തനും പിതാവും എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവും നിർമാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവനിൽ നിന്നാണ് ആകാശത്തിലും ഭൂമിയിലും ഉള്ള ഓരോ കുടുംബവും പേർ വിളിക്കപ്പെടുന്നത്. തന്റെ ഏകജാതനായ നമ്മുടെ കർത്താവേശു ക്രിസ്തുവിലും വിശ്വസിക്കുന്നു. അവിടുന്ന് എല്ലാ യുഗങ്ങൾക്കും മുൻപേ പിതാവിൽ നിന്നു ജനിച്ചു. അവൻ ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവുമാണ്. ആകാശത്തിലും ഭൂമിയിലുമുള്ള ദൃശ്യാദൃശ്യ വസ്തുക്കളെല്ലാം അവനിലൂടെ യാഥാർഥ്യത്തിൽ എത്തിച്ചേർന്നു. അവൻ വചനവും വിജ്ഞാനവും ശക്തിയും ജീവനും സത്യപ്രകാശവുമാണ്; അവൻ നമുക്കുവേണ്ടി അവസാന നാളുകളിൽ മനുഷ്യനായി, വിശുദ്ധ കന്യകയിൽ നിന്ന് ജനിച്ചു. അവൻ ക്രൂശിക്കപ്പെട്ടു, മരിച്ചു, സംസ്കരിക്കപ്പെട്ടു, മൂന്നാം ദിവസം മരിച്ചവരിൽ നിന്നുയർത്തു. സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു, പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാനും ഓരോരുത്തരുടെയും പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം നൽകാനും യുഗാന്ത്യത്തിൽ വരും. അവിടുത്തെ ഭരണം അഴിവില്ലാത്തതും യുഗങ്ങളോളം നിലനിൽക്കുന്നതുമാണ്. കാരണം, അവിടുന്ന് ഈ യുഗത്തിൽ മാത്രമല്ല, വരാനിരിക്കുന്ന യുഗത്തിലും പിതാവിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കും. ആശ്വാസപ്രദനായ പരിശുദ്ധാത്മാവിലും (വിശ്വസിക്കുന്നു). എല്ലാ കാര്യങ്ങളും പഠിപ്പിക്കാനും അനുസ്മരിപ്പിക്കാനും, കർത്താവ് വാഗ്ദാനം ചെയ്തതുപോലെ, താൻ സ്വർഗത്തിലേക്ക് എടു



ക്കപ്പെട്ടശേഷം ശ്ലീഹന്മാരുടെ മേൽ പരിശുദ്ധാത്മാവിനെ അയച്ചു. തന്നിൽ ആത്മാർഥമായി വിശ്വസിക്കുന്ന ആത്മാക്കൾ അവൻ വഴി പവിത്രീകരിക്കപ്പെടുന്നു. 'പുത്രൻ ഇല്ലായ്മയിൽ നിന്നാണ്, ദൈവത്തിൽ നിന്നല്ല, മറ്റൊരു സത്തയിൽ നിന്നാണ്, അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നൊക്കെ പറയുന്നവരെ കത്തോലിക്കാസഭ അന്യരായി കരുതുന്നു.''

ത്രേവെസിൽ ആയിരുന്ന കോൺസ്റ്റൻസ് ചക്രവർത്തിക്ക് ഈ നാലാം വിശ്വാസപ്രമാണം എത്തിച്ചുകൊടുത്തു. സിനഡിന്റെ ഔദ്യോഗിക വിശ്വാസപ്രമാണം കാണിക്കാതെ ഇതാണ് ചക്രവർത്തിക്കു സമർപ്പിച്ചത്. നെറോണിയായിലെ നർചീസുസ്, കൽക്കദോനിയായിലെ മാരിസ്, ഹെരാക്ലെയായിലെ തിയഡോർ, അരേത്തൂസായിലെ മർക്കോസ് എന്നിവരാണ് ഇത് ത്രേവെസിൽ (ഗാൾ) എത്തിച്ചത്.[20]

ഈ നാല് വിശ്വാസപ്രമാണങ്ങളും *ഹോമോഉസിയോസ്* എന്ന പദം ഉപേക്ഷിച്ചു. എവുസേബിയൻ പക്ഷക്കാരുടെ ദൈവശാസ്ത്രചിന്താഗതി ഇവയിൽ പ്രസ്പഷ്ടമായിരുന്നു. അന്ത്യോക്യൻ സിനഡിൽ സംബന്ധിച്ചവരെല്ലാം നിഖ്യായ്ക്ക് എതിരല്ലായിരുന്നു. എന്നാൽ അത്തനാസ്യോസ് ഇവരെ തെറ്റിദ്ധരിച്ച് തനി ആരിയന്മാരായി ചിത്രീകരിച്ചു; അതുപോലെ അത്തനാസ്യോസിനെ മർസെല്ലുസിന്റെ പക്ഷക്കാരനായി മറ്റേകൂട്ടരും ചിത്രീകരിച്ചു.[21]

**സാർദിക്കാ സിനഡ് (342/3)**

സാർദിക്കായിൽ വച്ച് മറ്റൊരു സിനഡു കൂടി. ഇന്നത്തെ ബൾഗേറിയായിലെ സോഫിയായുടെ പ്രാചീന നാമമാണ് സാർദിക്കാ. കിഴക്കും പടിഞ്ഞാറുമുള്ള മെത്രാന്മാർക്ക് സൗകര്യപൂർവം പങ്കെടുക്കാനാണ് പാശ്ചാത്യ റോമാസാമ്രാജ്യത്തിന്റെ അതിർത്തി നഗരമായ സർദിക്കാ തിരഞ്ഞെടുത്തത്. കിഴക്കുനിന്ന് 76 എവുസേബിയൻ മെത്രാന്മാർ പങ്കെടുത്തു. സ്ഥാനഭ്രഷ്ടരാക്കപ്പെട്ട അത്തനാസ്യോസ്, മർസെല്ലുസ് ആദിയായവരെ സിനഡിൽ സംബന്ധിപ്പിക്കരുതെന്ന് അവർ നിർബന്ധം പിടിച്ചു. പാശ്ചാത്യസഭയിൽ നിന്നുള്ള സംഘത്തെ നയിച്ചത് കൊർദോബായിലെ ഹോസിയസ് ആയിരുന്നു. ഇരുകൂട്ടർക്കും സ്വീകാര്യമായ ഒരൈക്യഫോർമുല ഉണ്ടാക്കാൻ അദ്ദേഹം ശ്രമിച്ചെങ്കിലും സാധിച്ചില്ല. എന്തോ മുടന്തൻ ന്യായം പറഞ്ഞ് കൗൺസിലിൽ മുഴുവനും പങ്കെടുക്കാതെ പൗരസ്ത്യ മെത്രാന്മാർ ഒന്നടങ്കം സ്ഥലംവിട്ടു. അതിനുമുമ്പ് അവർ ഒന്നിച്ചുകൂടി ലോകം മുഴുവനുമുള്ള മെത്രാന്മാർക്കും വൈദികർക്കും ജനങ്ങൾക്കുമായി ഒരു ചാക്രികലേഖനം അയച്ചുകൊടുത്തു. അതിന്റെ അവസാനഭാഗത്ത് ഒരു വിശ്വാസപ്രമാണം ഉണ്ട്. അത് അന്ത്യോക്യയിലെ നാലാം വിശ്വാസപ്രമാണം തന്നെയാണ്. അതിൽ താഴെ പറയുന്നതു കൂട്ടിച്ചേർത്തിരിക്കുന്നു.[22]

“അതുപോലെ, മൂന്നു ദൈവങ്ങൾ ഉണ്ടെന്നോ, ക്രിസ്തു ദൈവമല്ലെന്നോ, യുഗങ്ങൾക്കു മുമ്പ് അവൻ ക്രിസ്തുവോ ദൈവപുത്രനോ അല്ലെന്നോ, പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നു തന്നെയാണെന്നോ, പുത്രൻ ജനിച്ചവനല്ലെന്നോ, പിതാവ് തന്റെ ഇച്ഛയാലോ, തെരഞ്ഞെടുപ്പിനാലോ പുത്രനെ ജനിപ്പിച്ചില്ലെന്നോ പറയുന്നവരെ കത്തോലിക്കാസഭ ശപിക്കുന്നു. ”

പൗരസ്ത്യ മെത്രാന്മാർ അയച്ച സർക്കുലർ ലേഖനത്തിന്റെ ഭൂരിഭാഗവും അത്തനാസ്യോസിനും മർസെല്ലുസിനുമെതിരായിരുന്നു. അവരെ സിനഡിൽ പങ്കെടുപ്പിക്കുകയും ന്യായീകരിക്കുകയും ചെയ്ത ഹോസിയസ്, ജൂലിയസ് എന്നിവരെ സഭാഭ്രഷ്ടരാക്കിയശേഷം അവർ സ്ഥലം വിട്ടു. ശേഷിച്ചവരെല്ലാം ഒന്നിച്ചുകൂടി അത്തനാസ്യോസ്, മർസെല്ലുസ്, ഗാസായിലെ അസ്ക്ലെപാസ് എന്നിവരെ പുനഃപ്രതിഷ്ഠിച്ചു. പൗരസ്ത്യരും ആരിയൻ പക്ഷക്കാരുമായ കുറേ മെത്രാന്മാരുടെ പട്ടിക ഉണ്ടാക്കി അവരെ സ്ഥാനഭ്രഷ്ടരാക്കി. ഹോസിയസും സാർദിക്കായിലെ പ്രൊത്തോജെനെസും കൂടി ഒരു വിശ്വാസപ്രമാണം ഉണ്ടാക്കി. സാർദിക്കായിലെ പാശ്ചാത്യവിശ്വാസപ്രമാണം എന്ന് ഇത് അറിയപ്പെടുന്നു.[23]

**നീണ്ടവിശ്വാസപ്രമാണം**

ഈ കാലഘട്ടത്തിൽ പ്രത്യക്ഷപ്പെട്ട മറ്റൊരു വിശ്വാസപ്രമാണമാണ് നീണ്ട വിശ്വാസപ്രമാണം (*എക്തെസിസ് മാക്രോസ്തിക്കോസ്*).[24] നാല് പൗരസ്ത്യമെത്രാന്മാർ ഈ വിശ്വാസപ്രമാണം 345-ൽ മിലാനിലേക്ക് കൊണ്ടുപോകുകയും പൗരസ്ത്യ വീക്ഷണം പാശ്ചാത്യ മെത്രാന്മാർക്കും കോൺസ്റ്റൻസ് ചക്രവർത്തിക്കും വിവരിച്ചു കൊടുക്കുകയും ചെയ്തു. സാർദിക്കായിലെ പൗരസ്ത്യ വിശ്വാസപ്രമാണമായിരുന്നിത്. അതായത് അന്ത്യോക്യയിലെ നാലാം വിശ്വാസപ്രമാണം. അതോടുകൂടെ വേറെ കുറേ ശാപങ്ങളും ചേർത്ത് വിപുലപ്പെടുത്തിയിരുന്നു. എന്നാൽ പാശ്ചാത്യമെത്രാന്മാർ അത് സ്വീകരിക്കാൻ തദവസരം സന്നദ്ധരായിരുന്നില്ല. സിർമിയം മെത്രാൻ ഫൊത്തീനുസിനെ അവിടെ കൂടിയവരുടെ സിനഡ് മുടക്കി.[25]

**സിർമിയം സിനഡ്**

ഒന്നാം സിർമിയം സിനഡ് (347/9) സ്ഥലത്തെ മെത്രാനായ ഫൊത്തീനുസിനെ മുടക്കി. പൗരസ്ത്യ മെത്രാന്മാർ മാത്രം പങ്കെടുത്ത രണ്ടാം സിർമിയം സിനഡ് (351/2) ഒരു വിശ്വാസപ്രമാണം പ്രസിദ്ധീകരിച്ചു. സിർമിയത്തെ ഒന്നാം വിശ്വാസപ്രമാണം എന്ന് ഇത് അറിയപ്പെടുന്നു. അന്ത്യോക്യയിലെ നാലാം വിശ്വാസപ്രമാണവും 26 ശാപങ്ങളും ചേർന്നതായിരുന്നിത്. ഫൊത്തീനുസിനെ ഒരിക്കൽ കൂടി മുടക്കി.[26]



**മിലാൻ സിനഡ് (355)**

ആൾസിൽ കൂടിയ സിനഡ് (353) അത്തനാസ്യോസിനെ വീണ്ടും മുടക്കി.[27] ലിബേരിയൂസ് പാപ്പാ ഇതംഗീകരിച്ചില്ല. മറ്റൊരു സിനഡുകൂടി പ്രശ്നങ്ങൾ അവസാനിപ്പിക്കണമെന്ന് അദ്ദേഹം കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയോട് അഭ്യർത്ഥിച്ചു. അതനുസരിച്ച 355-ൽ മിലാനിൽ ഒരു സിനഡ് കൂടി.[28] വെർചെള്ളിയിലെ എവുസേബിയസ് (+371) പാശ്ചാത്യസംഘത്തിന്റെ നേതാവായിരുന്നു. മറ്റ് ചർച്ചകൾക്കെല്ലാം മുൻപേ നിഖ്യാവിശ്വാസപ്രമാണത്തിൽ എല്ലാവരും ഒപ്പുവയ്ക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. മൂർസായിലെ വാലെൻസ് ഇതിനെ ശക്തിയായി എതിർത്തു. വലിയ തർക്കമായി. ഇക്കാലത്താണ് വി.ഹിലരി (+367) നിഖ്യാവിശ്വാസപ്രമാണത്തെപ്പറ്റി നേരിട്ട് മനസ്സിലാക്കുന്നത്. അതുപോലെ നിഖ്യായുടെ വക്താവായി മാരിയുസ് വിക്തൊറീനുസും രംഗത്തുവന്നു. അതുകൊണ്ട് നിഖ്യാവിശ്വാസം തന്നെ മിലാൻ സിനഡ് അംഗീകരിച്ചു. എന്നാൽ അതിന്റെ ഫലമായി ഹിലരി, ലിബേരിയുസ്, ഹോസിയസ് എന്നിവർ നാടുകടത്തപ്പെട്ടു. അത്തനാസ്യോസ് ഒളിച്ചോടിപ്പോയി.[29]

**മൂന്നാം സിർമിയം സിനഡ് (357)**

ഇതിൽ പങ്കെടുത്തവരിൽ മിക്കവരും പാശ്ചാത്യരായിരുന്നു. അവർ തയ്യാറാക്കിയ വിശ്വാസപ്രമാണം എല്ലാവർക്കും അയച്ചുകൊടുത്തു. സ്ഥലത്തെ മെത്രാൻ ജർമീനിയുസ്, സിൻജിദൂണുമിലെ (ബെൽഗ്രേഡ്) ഉർസാചിയൂസ്, മൂർസായിലെ വാലെൻസ് എന്നിവർ ഇതിൽ പ്രധാന പങ്കുവഹിച്ചു. അവസാനം പറഞ്ഞവർ ചക്രവർത്തിയുടെ ദൈവശാസ്ത്രജ്ഞന്മാരായിത്തീർന്നു. ഈ വിശ്വാസപ്രഖ്യാപനം ദൈവത്തിന്റെ ഏകത്വം വളരെ തറപ്പിച്ച് പഠിപ്പിക്കുന്നു. *ഹോമോഉസിയോസ്, ഹോമോയ്ഉസിയോസ്* എന്നീ പദങ്ങൾ ഉപയോഗിച്ചില്ല. ക്രിസ്തുവിന്റെ ദൈവത്വം കൃത്യമായി വിവരിക്കുന്നതിൽ ഈ വിശ്വാസപ്രഖ്യാപനം പരാജയപ്പെട്ടു. പുത്രന്റെ ജനനം കൃത്യമായി വിവരിക്കാഞ്ഞതിനാൽ, വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾക്ക് ഇത് വഴിതെളിക്കും. അതുകൊണ്ട് ഇതിന് *സിർമിയത്തിലെ ദൈവദൂഷണം* എന്ന് ഹിലരി പേരിട്ടു. ആരിയനിസം നേരിട്ട് പ്രസംഗിക്കാതെ അതിനെയും വളരാൻ അനുവദിച്ച ഒരു ഫോർമുലയായിരുന്നു ഇത്. എന്നാൽ നിഖ്യാവിശ്വാസപ്രമാണം അനുസരിച്ചവർക്ക് ഈ അവകാശം അംഗീകരിക്കപ്പെട്ടുമില്ല. നിഖ്യാവിശ്വാസപ്രമാണം തന്നെ തെറ്റ് അഥവാ പാഷണ്ഡതയാണ് എന്ന ചിന്താഗതി പരക്കെ വളർത്താൻ ഇതു സഹായിച്ചു. സാമ്രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഈ ഫോർമുല പ്രസിദ്ധപ്പെടുത്തി.[30]

**മറ്റു സിനഡുകൾ**

അൻസീറയിലെ ബേസിലിന്റെ നേതൃത്വത്തിൽ 358-ൽ ഒരു യോഗം കൂടി

മറ്റൊരു ഫോർമുല ഉണ്ടാക്കാൻ ശ്രമം നടന്നു. *സിർമിയത്തിലെ മൂന്നാം വിശ്വാസപ്രമാണം* എന്ന പേരിൽ അറിയപ്പെടുന്ന ഒരു ഫോർമുല ഉണ്ടാക്കാൻ കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയും സമ്മതിച്ചു.[31] 359-ൽ സിർമിയത്തു കൂടിയ സബ്കമ്മറ്റി ചക്രവർത്തിയുടെ സാന്നിധ്യത്തിൽ ഒരു ഫോർമുല തയാറാക്കി, റിമിനിയിലും സെലൂഷ്യയിലും കൂടാൻ പോകുന്ന സിനഡുകൾക്ക് അയച്ചുകൊടുത്തു. *നാലാം സിർമിയൻ വിശ്വാസപ്രമാണം* എന്ന് ഇത് അറിയപ്പെടുന്നു.[32] അരേത്തൂസായിലെ മർക്കോസാണ് ഇതിന്റെ അവസാന ഡ്രാഫ്റ്റ് തയ്യാറാക്കിയത്. റിമിനിയിൽ കൂടിയവർ നിഖ്യാസൂനഹദോസ് അംഗീകരിച്ചു.[33] സെലൂഷ്യയിൽ കൂടിയവർ അന്ത്യോക്യയിലെ രണ്ടാം വിശ്വാസപ്രമാണം ഔദ്യോഗികമായി അംഗീകരിച്ചു.[34] എന്നാൽ ഒരു വിഭാഗം ഇത് അംഗീകരിക്കാതെ സിർമിയത്തിലെ നാലാം വിശ്വാസപ്രമാണം സ്വീകരിച്ചു. വിവിധ വിഭാഗക്കാരെ യോജിപ്പിക്കാൻ 360-ൽ കോൺസ്റ്റാന്റിനോപ്പിളിൽ ഒരു സിനഡുകൂടി.[35] അവർ ഒരു വിശ്വാസപ്രമാണം പ്രസിദ്ധീകരിച്ചു. ഇതിനു മുമ്പുള്ള എല്ലാ ഫോർമുലകളും തള്ളിക്കളഞ്ഞു. ഭാവിയിൽ ഒന്ന് ഉണ്ടാക്കാൻ പാടില്ലെന്ന് കർശനമായി വിലക്കുകയും ചെയ്തു. ലോകം മുഴുവനുമുള്ള മെത്രാന്മാർക്ക് ഇത് അയച്ചുകൊടുത്തു.

തുടർന്നുള്ള കാലഘട്ടങ്ങളിൽ ആരിയനിസം സാവധാനം അസ്തമിക്കാൻ തുടങ്ങി. 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡോടുകൂടി വീണ്ടും നിഖ്യാവിശ്വാസപ്രമാണത്തിലേക്ക് സഭ തിരികെ വന്നു.[36] കപ്പഡോഷ്യൻ പിതാക്കന്മാർ ഇതിൽ സാരവത്തായ പങ്കുവഹിച്ചു.

**അവാന്തര വിഭാഗങ്ങൾ**

ആരിയൻ ചിന്താഗതിക്കാരുടെ കൂട്ടത്തിൽ മൂന്ന് അവാന്തരവിഭാഗങ്ങളുണ്ടായിരുന്നു. (1) അനോമയർ (*അനോമൊയ്യോസ്*): പിതാവും പുത്രനും തമ്മിൽ സാമ്യമില്ല, വ്യത്യാസമേയുള്ളു എന്ന് ഇവർ പഠിപ്പിച്ചു. ഏസ്യൂസും എവുണോമിയസുമാണ് ഇവരുടെ നേതാക്കന്മാർ. (2) ഹൊമൊയർ (*ഹൊമൊയ്ഓസ്*). വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതുപോലെ പുത്രന് പിതാവുമായി സാമ്യമുണ്ട് എന്നു പഠിപ്പിച്ചു. ദൈവശാസ്ത്ര ഫോർമുലകൾ ഉപയോഗിക്കാൻ ഇക്കൂട്ടർ വിസമ്മതിച്ചു. കേസറിയായിലെ അകാചിയൂസ് ആയിരുന്നു ഇവരുടെ നേതാവ്. (3) ഹൊമൊയ്ഉസിയർ (സെമി-ആര്യർ): *ഹൊമൊയ്ഉസിയോസ്* എന്ന പദം ഇവർ ഉപയോഗിച്ചു. പിതാവും പുത്രനും തമ്മിൽ സാമ്യവും വ്യത്യാസവുമുണ്ട് എന്ന് അവർ പഠിപ്പിച്ചു. അൻസീറയിലെ ബേസിൽ, കോൺസ്റ്റാന്റിനോപ്പിളിലെ മാസിഡോണിയുസ്, ലവദീക്യയിലെ ജോർജ്, സെബസ്തെയിലെ എവുസ്താത്യോസ്, സിസിക്കൂസിലെ എലെവുസിയോസ് എന്നിവർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഇവരിൽ ആദ്യത്തെ കൂട്ടർ മാത്രമാണ് ആര്യൻ പാഷണ്ഡികൾ. നിഖ്യായുടെ *ഹോമോഉസിയോസ്* എന്ന പദപ്രയോഗം സ്വീകരിക്കാൻ ഇവരെല്ലാം അറച്ചുനിന്നു. എന്നാൽ 381-ഓടുകൂടി എല്ലാവരും തന്നെ നിഖ്യാ വിശ്വാസപ്രമാണത്തിലേക്ക് തിരികെ വന്നു.



**325-നും 381-നും ഇടയ്ക്കു കൂടിയ സിനഡുകൾ**

| *വർഷം* | *സ്ഥലം* | *ഉദ്ദേശ്യം* |
|---|---|---|
| 325 | അന്ത്യോക്യ | ആരിയസിനെതിരെ |
| 325 | നിഖ്യാ | ആരിയസിനെതിരെ |
| 328 | അലക്സാണ്ട്രിയ | അത്തനാസ്യോസിനുവേണ്ടി |
| 330 | അന്ത്യോക്യ | ഒസ്താത്യോസിനെതിരെ |
| 335 | ടയർ | അത്തനാസ്യോസിനെതിരെ |
| 335 | ജറുസലേം | അത്തനാസ്യോസിനെതിരെ |
| 335 | കോൺസ്റ്റാന്റിനോപ്പിൾ | മർസെല്ലുസിനെതിരെ |
| 338 | കോൺസ്റ്റാന്റിനോപ്പിൾ | എവുസേബിയരുടെ യോഗം |
| 338 | അലക്സാണ്ട്രിയ | അത്തനാസ്യോസിനുവേണ്ടി |
| 339 | അന്ത്യോക്യ | അത്തനാസ്യോസിനുവേണ്ടി |
| 340 | റോമ | അത്തനാസ്യോസിനുവേണ്ടി |
| 341 | അന്ത്യോക്യ | നാല് ഫോർമുലകൾ |
| 342/3 | സാർദിക്കാ | എവുസേബിയർക്കെതിരെ |
| 344 | അന്ത്യോക്യ | സ്ഥലത്തെ സ്റ്റീഫനെതിരെ |
| 345 | മിലാൻ | ഫൊത്തീനുസിനെതിരെ |
| 347 | മിലാൻ | ഫൊത്തീനുസിനെതിരെ |
| 347/9 | സിർമിയം (1) | ഫൊത്തീനുസിനെതിരെ |
| 351/2 | സിർമിയം (2) | ഒന്നാം ഫോർമുല |
| 353 | ആൾസ് | അത്തനാസ്യോസിനെതിരെ |
| 355 | മിലാൻ | നിഖ്യായ്ക്കുവേണ്ടി |
| 357 | സിർമിയം (3) | രണ്ടാം ഫോർമുല: ദൈവദൂഷണം |
| 358 | അൻസീറ | സിർമിയം മൂന്നാം ഫോർമുല |
| 358 | അന്ത്യോക്യ | അനോമയരുടെ യോഗം |

| *വർഷം* | *സ്ഥലം* | *ഉദ്ദേശ്യം* |
|---|---|---|
| 358 | മിലാൻ | അത്തനാസ്യോസിനെതിരെ |
| 359 | സിർമിയം (4) | നാലാം ഫോർമുല |
| 359 | റിമിനി | നിഖ്യായ്ക്കുവേണ്ടി |
| 359 | സെലൂഷ്യാ | അന്ത്യോക്യൻ നാലാം ഫോർമുല |
| 360 | കോൺസ്റ്റാന്റിനോപ്പിൾ | ഹൊമൊയൻ സിനഡ് |
| 362 | അന്ത്യോക്യ | ആര്യൻ സിനഡ് |
| 362 | അലക്സാണ്ട്രിയ | നിഖ്യായ്ക്കുവേണ്ടി |
| 362 | സേലാ | ഹോമൊയൻ സിനഡ് |
| 363 | അന്ത്യോക്യ | നിഖ്യായ്ക്കുവേണ്ടി |
| 366 | അലക്സാണ്ട്രിയ | നിഖ്യായ്ക്കുവേണ്ടി |
| 366 | നിക്കൊമേദിയാ | ആരിയൻ സിനഡ് |
| 367 | തിയാനാ | ഹോമൊഉസിയൻ സിനഡ് |
| 375 | അൻസീറ | ആരിയൻ സിനഡ് |
| 379 | അന്ത്യോക്യ | ആരിയർക്കെതിരെ |
| 381 | കോൺസ്റ്റാന്റിനോപ്പിൾ | രണ്ടാം സാർവത്രിക സിനഡ് |

അധ്യായം 2

# ആരിയസ് (256-336)

ലിബിയാക്കാരനായ ആരിയസ് ലൂസിയന്റെ അന്ത്യോക്യൻ പാഠശാലയിൽ നിന്ന് ദൈവശാസ്ത്രപരിശീലനം നേടി; തുടർന്ന് അലക്സാണ്ട്രിയായിൽ എത്തി, ഡീക്കനും  വൈദികനുമായിത്തീർന്നു. അലക്സാണ്ട്രിയായ്ക്കടുത്തുള്ള ബൗകാലിസിലെ ഇടവകയുടെ ചുമതല അയാൾക്കു ലഭിച്ചു. അയാൾ 318-ഓടുകൂടി ഒരു പുതിയ ചിന്താരീതി ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കാൻ ശ്രമിച്ചു. ആരിയനിസം എന്നറിയപ്പെടുന്ന അയാളുടെ അബദ്ധസിദ്ധാന്തം സഭ മുഴുവൻ കോളിളക്കമുണ്ടാക്കി.

അയാളെപ്പറ്റിയുള്ള അറിവ് അക്കാലത്തെ സഭാപിതാക്കന്മാരിൽ നിന്നും സഭയിലെ മറ്റ് എഴുത്തുകാരിൽ നിന്നുമാണ് ലഭിക്കുന്നത്. അയാളുടെ കൃതികളുടെ ചില ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. അലക്സാണ്ഡ്രിയായിലെ അലക്സാണ്ടർ (+328), കേസറിയായിലെ എവുസേബിയസ് (+339), വി. അത്തനാസ്യോസ് (+373), വി.ഹിലരി (+367), കപ്പഡോഷ്യൻ പിതാക്കന്മാർ, വി.ജറോം (+420), വി.എപ്പിഫാനിയസ് (+403), കേസറിയായിലെ ജലാസിയൂസ് (+395), റുഫീനസ് (+410), ഫിലൊസ്തോർജിയൂസ് (+439), സൊക്രാട്ടസ് (+450), സൊസോമെൻ (5-ാം നൂ.), തിയഡൊറെറ്റ് (+466), സിസിക്കൂസിലെ ജലാസിയൂസ് (5-ാം നൂ.) സൂൾപീചിയൂസ് സെവേരൂസ് (+420) എന്നിവർ ആരിയസിനെയും ആരിയനിസത്തെയും പറ്റി ചർച്ച ചെയ്തവരാണ്.

പിതാവും പുത്രനും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നതിൽ ആരിയസിന് തെറ്റുപറ്റി: ''ദൈവത്വം സൃഷ്ടിയല്ലാത്തതും ജനിക്കാത്തതുമാണ്.'' അതിൽ നിന്ന് അയാൾ തെറ്റായ അനുമാനത്തിലെത്തി. ''വചനമായ ദൈവപുത്രൻ ജനിച്ചവനാകയാൽ, യഥാർഥത്തിൽ ദൈവമല്ല. അവൻ ഒരു സൃഷ്ടിയാണ് (*ക്തിസ്മാ*); നിർമിക്കപ്പെട്ടവനാണ് (*പൊയ്യേമാ*). അവൻ ദൈവത്തിന്റെ സൃഷ്ടികൾക്കെല്ലാം മുമ്പനാണ്. മറ്റു സൃഷ്ടികളെപ്പോലെ അവനും ഇല്ലായ്മയിൽ നിന്ന് ഉളവായതാണ്. അവൻ ദൈവികസത്തയിൽ നിന്നല്ല.

അവൻ സത്താപരമായി പിതാവിൽനിന്നു വ്യത്യസ്തനാണ്. അവൻ രണ്ടാം ദൈവമാണ്. ദൈവപുത്രനില്ലാതിരുന്ന ഒരു സമയമുണ്ടായിരുന്നു. സത്താപരമായിട്ടല്ല, ആലങ്കാരികാർഥത്തിൽ മാത്രമാണ് അവൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടുന്നത്. ദൈവം എന്ന പദം അവനിൽ ആരോപിച്ചിരിക്കുന്നതു ശരിയായിട്ടല്ല; ഏകസത്യദൈവം അവനെ പുത്രനായി സ്വീകരിച്ചു. ദത്തെടുക്കൽവഴി ദൈവികസത്തയിൽ പുത്രന് ഭാഗഭാഗിത്വം കിട്ടുന്നില്ല; ദൈവത്തിനു തുല്യനാരുമില്ല. ദൈവത്തിനും ലോകത്തിനുമിടയ്ക്കുള്ള മധ്യസ്ഥാനമാണ് അവനുള്ളത്. സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം അവനെ സൃഷ്ടിച്ചു. അവൻ സൃഷ്ടികർമത്തിൽ ദൈവത്തിന്റെ ഉപകരണമായിരുന്നു. പരിശുദ്ധാത്മാവ് പുത്രന്റെ ആദ്യസൃഷ്ടിയാണ്. വചനത്തേക്കാൾ താണ നിലയിലാണ് പരിശുദ്ധാത്മാവിന്റെ സ്ഥാനം''എന്നു പോകുന്നു ആരിയസിന്റെ ചിന്താധാര.

ഈ വഴിപിഴച്ച ചിന്ത, ദൈവശാസ്ത്ര റാഷണലിസത്തിന്റെ സന്തതിയാണ്. ഉപരിപ്ലവ ചിന്താഗതിക്കാരെ തൃപ്തിപ്പെടുത്താൻ ഇത് പര്യാപ്തമായിരുന്നു. എന്നാൽ ക്രൈസ്തവ വിശ്വാസത്തിന്റെ തായ്‌വേര് അറക്കുന്നതാണ് ഇതെന്നു കണ്ട് സഭാപിതാക്കന്മാർ ഇതിനെ എതിർത്തു. നെയോപ്ലറ്റോണിക് ചിന്താധാര വച്ചുപുലർത്തിയവർക്ക് ഇത് സ്വീകാര്യമായി തോന്നി. അഗ്രാഹ്യമായ ദൈവികസത്തയും ദൈവത്വത്തിലെ ആന്തരികജീവിതവും വ്യക്തമാക്കാൻ ഈ *സബോർഡിനേഷൻ ചിന്ത* സഹായിക്കുമെന്ന് അവർ കരുതി.[37] സബെല്ലിയുസ് എന്ന ലിബിയാക്കാരൻ പഠിപ്പിച്ച സബോർഡിനേഷനിസത്തിന്റെ വക്താക്കൾക്കും മെലീഷ്യൻ ശീശ്മയിൽ ഉൾപ്പെട്ടിരുന്നവർക്കും[38] ആരിയസിനെ മനസ്സിലാക്കാൻ എളുപ്പമായിരുന്നു. ആരിയസ് കുറേനാൾ ഒരു മെലീഷ്യനായിരുന്നു. അതുപോലെ, അന്ത്യോക്യയിൽ ലൂസിയന്റെ ശിഷ്യഗണത്തിൽ ഉൾപ്പെട്ടിരുന്ന പലരും ആരിയസിനെ പിന്താങ്ങി. *കൊള്ളൂഷ്യനിസ്റ്റുകൾ* എന്നറിയപ്പെട്ടിരുന്ന ഇക്കൂട്ടർ ആരിയസിന്റെ വക്താക്കളായി മാറി.

അലക്സാണ്ട്രിയായിൽ തുടങ്ങിയ ആരിയനിസം ഈജിപ്റ്റിൽ മാത്രം ഒതുങ്ങിനിന്ന ഒരു ചെറിയ പ്രശ്നമായിരുന്നെങ്കിലും, വളരെവേഗം പൗരസ്ത്യസഭകളെയൊക്കെ പിടിച്ചുകുലുക്കി. ആരിയസ് പഠിപ്പിച്ചതു പാരമ്പര്യത്തിനു വിരുദ്ധമാണെന്ന് പിതാക്കന്മാർ വിധിയെഴുതി. ഈ അബദ്ധാഭിപ്രായം തള്ളിക്കളയണമെന്ന് അലക്സാണ്ട്രിയായിലെ മെത്രാൻ അലക്സാണ്ടർ ആവശ്യപ്പെട്ടു.

അലക്സാണ്ടർ മെത്രാൻ 318-ൽ നൂറോളം മെത്രാന്മാരുടെ ഒരു സിനഡ് വിളിച്ചുകൂട്ടി, ആരിയസിനെ സഭാഭ്രഷ്ടനാക്കി. എന്നാൽ അലക്സാണ്ടറിൽ അയാൾ സബെല്ലിയനിസം ആരോപിച്ചു എന്ന് പറയപ്പെടുന്നു. അയാൾ അന്ത്യോക്യയിലുള്ള തന്റെ സ്നേഹിതരുടെയും സഹപാഠികളുടെയും



സഹായം തേടി. നിക്കൊമേദിയായിലെ എവുസേബിയസ് (+341) സഹായത്തിനെത്തി. തദ്ഫലമായി, ഈജിപ്തിൽ മാത്രം ഒതുങ്ങിനിന്ന ആരിയൻപ്രശ്നം ഒരു സാർവത്രിക പ്രശ്നമായിത്തീർന്നു. ഈ പാഷണ്ഡത അവസാനിപ്പിക്കാനാണ് കോൺസ്റ്റൻടൈൻ ചക്രവർത്തി 325-ൽ നിഖ്യായിൽ സൂനഹദോസ് വിളിച്ചുകൂട്ടിയതും അവിടെ വച്ച് ആരിയസിനെ സഭാഭ്രഷ്ടനാക്കിയതും നിഖ്യാവിശ്വാസപ്രമാണം ക്രോഡീകരിച്ചതും.

കോൺസ്റ്റൻടൈൻ സിനഡിനുശേഷം ആരിയസിനെ ഇല്ലിരിക്കം പ്രദേശത്തേക്ക് നാടുകടത്തി. അയാൾ 328 വരെ അവിടെ കഴിഞ്ഞു. ടയറിലും ജറുസലേമിലും കൂടിയ സിനഡുകൾ (335) അയാളെ സഭയിലേക്ക് തിരികെ എടുക്കാൻ തീരുമാനിച്ചു. എന്നാൽ നിശ്ചിതദിവസത്തിന്റെ തലേന്നാൾ (336 -ൽ) കോൺസ്റ്റാന്റിനോപ്പിളിലെ ഒരു വഴിയോരത്തു വച്ച് അയാൾ പെട്ടെന്ന് മരിച്ചു.

അയാൾക്ക് ധാരാളം സ്നേഹിതന്മാരുണ്ടായിരുന്നു: നിക്കൊമേദിയായിലെ എവുസേബിയസ്, നിഖ്യായിലെ തെയോഗ്നിസ്, ലവദീക്യയിലെ തെയഡോട്ടസ്, നെറോണിയായിലെ നർചീസുസ്, കേസറിയായിലെ എവുസേബിയസ്, ഷിത്തോപ്പൊളീസിലെ പത്രൊഫിലൂസ്, കൽക്കദോനിയായിലെ മാരിസ്, ബറീത്തുസിലെ ഗ്രിഗോറിയോസ്, ലിദ്ദായിലെ ഏസ്യൂസ്, ടയറിലെ പൗളീനുസ്, അനസർബായിലെ അത്തനാസ്യോസ്, തർസോസിലെ അന്തോണിയുസ് ആദിയായവർ അവരിൽ പ്രമുഖരാണ്. അവരാണ് ആരിയനിസത്തെ ഒരു എക്യൂമെനിക്കൽ പ്രശ്നമാക്കി മാറ്റിയത്.

## കൃതികൾ

### 1. നിക്കൊമേദിയായിലെ എവുസേബിയസിന് എഴുതിയ കത്ത്

അലക്സാണ്ടർ 318-ൽ ആരിയസിനെ സ്ഥാനഭ്രഷ്ടനാക്കിയപ്പോൾ എഴുതിയതാണിത്. എപ്പിഫാനിയസ് *പനാരിയോൻ* എന്ന കൃതിയിലും (69.6) തിയഡൊറെറ്റ് തന്റെ *സഭാചരിത്രത്തിലും* (1,5,1-4) ഇതുദ്ധരിക്കുന്നു. ഇവയ്ക്കു പുറമെ രണ്ട് ലത്തീൻ വിവർത്തനങ്ങളും ലഭിച്ചിട്ടുണ്ട്. അലക്സാണ്ടർ തങ്ങളെ പീഡിപ്പിക്കുന്നെന്നും അനേകം കഷ്ടതകൾക്ക് വിധേയരാക്കുന്നെന്നും പ്രസ്തുത കത്തിൽ ആരിയസ് ആവലാതിപ്പെടുന്നു:

''സത്യവിശ്വാസിയും ദൈവത്തിന്റെ വിശ്വസ്ത മനുഷ്യനും ഏറ്റവും പ്രിയപ്പെട്ട മെത്രാനുമായ എവുസേബിയസിന്: പരിച കൊണ്ടെന്നപോലെ നീയും കാക്കുന്നതും എല്ലാറ്റിനെയും ജയിക്കുന്നതുമായ സത്യവിശ്വാസത്തെപ്രതി അലക്സാണ്ടർ പാപ്പായാൽ നീതിരഹിതമായി പീഡിപ്പിക്കപ്പെടുന്ന ആരിയസ്, കർത്താവിൽ ആശംസകൾ അയക്കുന്നു.

എന്റെ പിതാവ് അമ്മോണാസ് നിക്കോമേദിയായിലേക്ക് പോയപ്പോൾ

അവൻ വഴി നിനക്കെഴുതുന്നതും ദൈവത്തിനും തന്റെ ക്രിസ്തുവിനും വേണ്ടി സഹോദരന്മാരോടു നീ കാണിക്കുന്ന സഹജമായ സ്നേഹവും ദയാ മസൃണമായ രീതികളും അനുസ്മരിക്കുന്നതും ഉചിതവും എന്റെ വലിയ കർത്തവ്യവുമായി എനിക്കു തോന്നി. ഞങ്ങളെ സംബന്ധിച്ച് മെത്രാൻ വലിയ ഒച്ചപ്പാടുണ്ടാക്കുകയും ഞങ്ങളെ വളരെയധികം പീഡിപ്പിക്കുകയും ഞങ്ങൾക്കെതിരെ വർത്തിക്കുകയും ചെയ്യുന്നു എന്ന് നിന്നോടു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നിരീശ്വരന്മാരെ പോലെ അദ്ദേഹം ഞങ്ങളെ നഗരത്തിനു പുറത്താക്കി; അദ്ദേഹം പരസ്യമായി പ്രസംഗിക്കുന്ന വസ്തുതകളോട് ഞങ്ങൾ യോജിക്കുന്നില്ല എന്നതാണ് കാരണം. അദ്ദേഹം പഠിപ്പിക്കുന്നത് ഇപ്രകാരമാണ്: ദൈവം എപ്പോഴും ഉണ്ടായിരുന്നു; പിതാവും പുത്രനും ഒന്നിച്ച് സ്ഥിതി ചെയ്യുന്നു. ദൈവത്തോടുകൂടെയാണ് ജനിക്കാത്ത പുത്രന്റെ അസ്തിത്വം; ജനിച്ചവനാണെങ്കിലും അവൻ ഉത്പാദിപ്പിക്കപ്പെട്ടവനല്ല. ചിന്ത കൊണ്ടോ മറ്റെന്തെങ്കിലും കൊണ്ടോ പിതാവ് പുത്രനേക്കാൾ മുമ്പല്ല; ദൈവം എപ്പോഴും ഉണ്ടായിരുന്നു; പുത്രൻ പിതാവിൽ നിന്നു തന്നെയാണ്.

നിന്റെ സഹോദരനായ കേസറിയായിലെ എവുസേബിയസ്, തെയഡോട്ടസ്, പൗളീനൂസ്, അത്തനാസ്യോസ്, ഗ്രിഗോറിയോസ്, ഏസ്യൂസ് തുടങ്ങി കിഴക്കുള്ള മെത്രാന്മാരെല്ലാം മുടക്കപ്പെട്ടിരിക്കുന്നു. കാരണം, പുത്രനു മുമ്പേ ആരംഭം കൂടാതെ പിതാവിന് അസ്തിത്വമുണ്ടെന്ന് അവരെല്ലാവരും പറഞ്ഞു. പാഷണ്ഡരും അജ്ഞരുമായ ഫിലൊഗോണിയൂസ്, ഹെല്ലാനിക്കൂസ്, മക്കാരിയൂസ് എന്നിവരൊഴിച്ച് എല്ലാവരും ഇങ്ങനെയാണ് പഠിപ്പിക്കുന്നത്. പുത്രൻ ഒരു പ്രവാഹമാണെന്ന് (effusion) ഒരാളും നിർഗമനം ആണെന്ന് (emission) മറ്റൊരാളും ജനിച്ചവനല്ലെന്ന് (unbegotten) വേറൊരാളും പറയുന്നു.

പാഷണ്ഡികൾ ഒരായിരം പീഡനം കൊണ്ട് നമ്മെ ഭീഷണിപ്പെടുത്തിയാലും നമുക്കിതൊന്നും ശ്രദ്ധിക്കാൻ സാധിക്കയില്ല. എന്നാൽ എന്താണ് നാം പറയുന്നതും വിശ്വസിക്കുന്നതും പഠിപ്പിച്ചതും ഇപ്പോഴും പഠിപ്പിക്കുന്നതും? പുത്രൻ ജനിച്ചവനാണ്; അവൻ ജനിക്കാത്തവന്റെ ഭാഗമല്ല, അവൻ താഴ്ന്ന സത്തയിൽ നിന്നല്ല. പിന്നെയോ, പിതാവിന്റെ തന്നെ തിരുമനസിനാലും തിരുവിഷ്ടത്താലും അവൻ സമയങ്ങൾക്കും യുഗങ്ങൾക്കും മുമ്പ് കൃപയും സത്യവും നിറഞ്ഞ ദൈവമായും ഏകജാതനായും മാറ്റമില്ലാത്തവനായും സ്ഥിതിചെയ്തിരുന്നു.

സൃഷ്ടിക്കപ്പെടുകയും ജനിപ്പിക്കപ്പെടുകയും സ്ഥാപിക്കപ്പെടുകയും നിർണയിക്കപ്പെടുകയും ചെയ്യുന്നതിനു മുൻപ് അവനില്ലായിരുന്നു. അവൻ ജനനവിഹീനനല്ല, പുത്രന് ഒരാരംഭം ഉണ്ട്; എന്നാൽ ദൈവം ആരംഭരഹിതനാണ് എന്നു പറയുന്നതിനാണ് ഞങ്ങൾ പീഡിപ്പിക്കപ്പെടുന്നത്. ഞങ്ങളുടെ പീഡനത്തിന്റെ യഥാർഥ കാരണം ഇതാണ്: അതുപോലെ അവൻ ഇല്ലായ്മയിൽ നിന്നാണ് എന്ന് ഞങ്ങൾ പറയുന്നതിനാലുമത്രേ! അവൻ ദൈവത്തിന്റെ ഭാഗമല്ല; ഏതെങ്കിലും താഴ്ന്ന സത്തയിൽ നിന്നുമല്ല എന്നതിനാലാണ് ഞങ്ങൾ ഇതു പറയുന്നത്. ഇതുകൊണ്ടാണ് ഞങ്ങൾ പീഡിപ്പിക്കപ്പെടുന്നത്. ശേഷമുള്ളതു നിനക്കറിയാമല്ലോ! കർത്താവിൽ അഭിവാദ്യങ്ങൾ! ലൂസിയന്റെ ഒരു സഹശിഷ്യനെന്ന നിലയിലും, നിന്റെ നാമം സൂചിപ്പിക്കുന്നതു പോലെ യഥാർഥത്തിലുള്ള ഭക്തനായ വ്യക്തി എന്ന നിലയിലും, ഞങ്ങളുടെ കഷ്ടതകൾ ഓർക്കുമല്ലോ.”39



**2.അലക്സാണ്ഡ്രിയായിലെ അലക്സാണ്ഡറിന് എഴുതിയ കത്ത്:**

നിക്കൊമേദിയായിൽ നിന്ന് 310-ൽ എഴുതിയതാണ് ഈ കത്ത്. അത്തനാസ്യോസും (റിമിനി, സെലൂഷ്യ സിനഡുകളെപ്പറ്റി, 16) എപ്പിഫാനിയസും (പാഷ.69,7-8) ഹിലരിയും (ത്രിത്വം, 4,12-13;6,5-6) ഇത് ഉദ്ധരിക്കുന്നു: “ഞങ്ങളുടെ ഭാഗ്യവാനായ പാപ്പായും അലക്സാണ്ട്രിയായിലെ മെത്രാനുമായ അലക്സാണ്ടർക്ക് പ്രെസ്ബിറ്റർമാരും ഡീക്കന്മാരും കൂടി കർത്താവിൽ അഭിവാദനങ്ങൾ അയക്കുന്നു.

നമ്മുടെ പൂർവപിതാക്കന്മാരിൽനിന്നും ഭാഗ്യവാനായ പാപ്പായായ അങ്ങിൽ നിന്നും ഞങ്ങൾ പഠിച്ച വിശ്വാസം ഇതാകുന്നു: ഞങ്ങൾ ഏകദൈവത്തെ അംഗീകരിക്കുന്നു. അവൻ മാത്രം ജന്മവിഹീനനും നിത്യനും ആരംഭഹിതനും സത്യവാനും അമർത്യനും ബുദ്ധിമാനും നല്ലവനും സർവനാഥനും ന്യായാധിപനും ഭരണാധിപനും എല്ലാറ്റിന്റേയും ഭരണകർത്താവും വ്യതിയാന രഹിതനും മാറ്റമില്ലാത്തവനും നീതിമാനും നന്മ തന്നെയായവനും നിയമത്തിന്റെയും പ്രവാചകന്മാരുടെയും പുതിയ നിയമത്തിന്റെയും ദൈവവും ആകുന്നു. നിത്യതയ്ക്കു മുൻപേ പിതാവ് ഒരേകജാതനെ ജനിപ്പിച്ചു. അവനിലൂടെ അവിടുന്നു പ്രപഞ്ചത്തേയും യുഗങ്ങളേയും നിർമിച്ചു: സാദൃശ്യത്തിലല്ല, സത്യമായും അവിടുന്ന് അവനെ ജനിപ്പിച്ചു. മാറ്റം കൂടാതെയും വ്യതിയാനം കൂടാതെയും തന്റെ ഇച്ഛാനുസരണം ആയിരിക്കുന്നതിന് അവനെ അവിടുന്ന് നിർമിച്ചു. അവൻ ദൈവത്തിന്റെ സൃഷ്ടികളിൽ പൂർണനാണ്, എന്നാൽ സൃഷ്ടികളിൽ ഒന്നുപോലെയല്ല. അവൻ സന്തതിയാണ്; എന്നാൽ ഉണ്മയിലേക്കു വന്ന വസ്തുക്കളിൽ ഒന്നുപോലെയല്ല. വലന്റീനസ് പഠിപ്പിച്ചതുപോലെ പിതാവിന്റെ സന്തതി ഒരു ബഹിർഗമനവസ്തു അല്ല. അല്ലെങ്കിൽ മാനി പഠിപ്പിച്ചതുപോലെ ഈ സന്തതി പിതാവിന്റെ ഒരു ഭാഗമോ സമസത്തയോ (*ഹോമോഉസിയോസ്*) അല്ല; സബെല്ലിയസ് പഠിപ്പിക്കുന്നതുപോലെ പിതാവും പുത്രനും *മോണാഡ്* വിഭജിച്ചതുമല്ല; ഹിയെരാക്കസ് പറയുന്നതുപോലെ ഒരു ജ്വാലയിൽനിന്ന് മറ്റൊന്നല്ല; ഒരു വിളക്കിന്റെ ദീപം രണ്ടാകുന്നതു പോലെയുമല്ല; നേരത്തെ സ്ഥിതി ചെയ്തിരുന്നവൻ പിന്നീട് പുത്രനായി ജനിച്ചതോ, വീണ്ടും സൃഷ്ടിക്കപ്പെട്ടതൊ അല്ല. ഭാഗ്യവാനായ

പാപ്പാ, ഈ അബദ്ധാഭിപ്രായങ്ങളെ അങ്ങുതന്നെ സഭയിലും ചർച്ചകളിലും പലതവണ തള്ളിക്കളഞ്ഞിട്ടുള്ളതാണല്ലോ. ഞങ്ങൾ പറയുന്നത് ഇപ്രകാര മാണ്: അവൻ ദൈവത്തിന്റെ ഇഷ്ടത്താൽ യുഗങ്ങൾക്കും കാലങ്ങൾക്കും മുൻപ് സൃഷ്ടിക്കപ്പെടുകയും പിതാവിൽ നിന്നു ജീവനും അസ്തിത്വവും മഹത്വവും പ്രാപിക്കുകയും ചെയ്തു. അവൻ തന്നോടു കൂടെ ഉള്ളവ യ്ക്കെല്ലാം യഥാർഥമായി അസ്തിത്വം നല്കി. അവന് സകലത്തിന്റെയും അവകാശം കൊടുത്തതുവഴി ജനനവിഹീനമായ അവസ്ഥയിൽ തനി ക്കുള്ളവയൊന്നും പിതാവ് നഷ്ടമാക്കിയില്ല; കാരണം, അവൻ സകലത്തി ന്റെയും ഉറവിടമാണ്. മൂന്ന് *ഹ്യൂപ്പൊസ്റ്റസെയിസ്* ആണുള്ളത്. സകലത്തി ന്റെയും കാരണമായ ദൈവം ആരംഭരഹിതനും അനന്യനുമാണ്. എന്നാൽ പുത്രനാകട്ടെ സമയങ്ങൾക്കു മുമ്പ് പിതാവിൽനിന്നു ജനിച്ചവനും സൃഷ്ടി ക്കപ്പെട്ടവനും യുഗങ്ങൾക്കുമുമ്പ് ഇല്ലാതിരുന്നവനുമത്രേ. സമയങ്ങൾക്കും എല്ലാ വസ്തുക്കൾക്കും മുമ്പ് ജനിച്ച് പിതാവിനാൽ അസ്തിത്വത്തിലെത്തി ച്ചേർന്നത് അവൻ മാത്രമാണ്. എന്തെന്നാൽ അവൻ നിത്യനല്ല, പിതാവിനോ ടുകൂടെ ജനനവിഹീനനോ നിത്യനോ അല്ല. ബന്ധങ്ങളെപ്പറ്റി ചിലർ പറയു ന്നതുപോലെ അവന്റെ അസ്തിത്വം പിതാവിനോടൊപ്പമല്ല; ഇത്തരക്കാർ ജന നരഹിതരായ രണ്ടു യാഥാർഥ്യങ്ങളെപ്പറ്റി സംസാരിക്കുന്നു. *മൊണാഡ്* ആയ ദൈവം എല്ലാ വസ്തുക്കൾക്കും മുമ്പനും എല്ലാറ്റിന്റെയും ആരംഭവുമാണ്. അതുകൊണ്ട്, അവിടുന്ന് പുത്രനെക്കാൾ മുമ്പുള്ളവനാണ്. സഭയിൽ അങ്ങ യുടെ പ്രസംഗത്തിലും ഞങ്ങൾ ഇത് കേട്ടിട്ടുള്ളതാണല്ലോ. അവന്റെ അസ്തി ത്വവും മഹത്വും ജീവനും ദൈവത്തിൽ നിന്നാണ്. എല്ലാം അവനു നല്ക പ്പെട്ടിരിക്കയുമാണ്. ഈ അർത്ഥത്തിലാണ് ദൈവം അവന്റെ ഉത്ഭവമായിരി ക്കുന്നത്. അവന്റെ ദൈവവും അവനു മുമ്പുള്ളവനും എന്ന നിലയ്ക്ക് പിതാവ് പുത്രനെക്കാൾ ഉപരിസ്ഥനാണ്. അവനിൽനിന്ന്, ഉദരത്തിൽനിന്ന്, ഞാൻ പിതാവിൽനിന്നു വന്നു, ഞാൻ വരുന്നു എന്നിത്യാദി പ്രയോഗങ്ങൾ ചിലർ മനസ്സിലാക്കുന്നത് അവന്റെ സമസത്തയായ ഒരു ഭാഗം, ഒരു ബഹിർഗ മനം എന്നൊക്കെയുള്ള അർഥത്തിലാണ്. അതനുസരിച്ച്, അശരീരിയായ പിതാവായ ദൈവം സങ്കലനവും വിഭജിക്കാവുന്നവനും വ്യതിയാന വിധേ യനും ഭൗതികനും ശരീരത്തിന് സംഭവിക്കുന്നതുപോലൊക്കെ സംഭവിക്കു ന്നവനുമത്രേ.''40

### 3. താലിയ

നിക്കൊമേദിയായിൽ വച്ചാണ് താലിയ (സദ്യ) എഴുതിയത്. അത്തനാ സ്യോസിന്റെ ഉദ്ധരണികളിലൂടെയാണ് പ്രധാനമായി ഈ ഗ്രന്ഥത്തെപ്പറ്റി നാം ഗ്രഹിക്കുന്നത്. ഏതാണ്ട് പദ്യരൂപത്തിൽ തന്റെ പാഷണ്ഡത പ്രചരിപ്പിക്കാ നാണ് ആരിയസ് ഇതെഴുതിയതെന്ന് ഫിലൊസ്തോർജിയുസ് രേഖപ്പെടു ത്തുന്നു (സഭാ. 2,2). ഗദ്യവും പദ്യവും കൂടിക്കലർന്നതാകാമിത്. (അത്തനാ സ്യോസ്, റിമിനി, സെലൂഷ്യ സിനഡുകളെപ്പറ്റി, 15): ''...അപ്പോൾ, ദൈവം, തന്റെ തന്നെ സ്വഭാവത്തിൽ സർവമനുഷ്യരേക്കാളും ഉപരിസ്ഥനാണ്. സമ നായോ, തുല്യനായോ, തന്നോടുകൂടെ മഹത്വത്തിൽ ഒന്നായിരിക്കുന്നവ നായോ തനിക്കു മാത്രം ആരുമില്ല. സ്വഭാവത്താൽ ജനിച്ചവൻ മൂലം അവനെ നാം ജനനവീഹീനൻ എന്നു വിളിക്കുന്നു. ആരംഭമുള്ളവൻ മൂലം അവനെ നാം ആരംഭരഹിതൻ എന്നു പ്രകീർത്തിക്കുന്നു. കാലത്തിൽ ഉണ്ടായവൻ മൂലം അവനെ എന്നും നിലനിൽക്കുന്നവനായി നാം ആരാധിക്കുന്നു. ആരംഭ രഹിതൻ, ഉത്ഭവിച്ച വസ്തുക്കൾക്കുമുൻപ് പുത്രന് ഒരാരംഭം ഉണ്ടാക്കി; ദത്തെടുക്കൽവഴി അവനെ അവൻ തന്നോടു ചേർത്തു പുത്രനാക്കി. സത്താ പരമായി (*കത്ത് ഹ്യുപ്പോസ്തസിൻ*) ദൈവത്തിനുള്ള പ്രത്യേകളൊന്നും അവനില്ല. കാരണം, അവൻ അവന് തുല്യനല്ല; ഒരിക്കലുമല്ല, സമസത്തയു മല്ല (*ഹോമോഉസിയോസ്*). ദൈവം വിജ്ഞാനിയാണ്; കാരണം, വിജ്ഞാന ത്തിന്റെ പ്രബോധകനാണവൻ.

ദൈവം സമസ്ത സൃഷ്ടികൾക്കും-പുത്രനും അവനിലൂടെ സൃഷ്ടി ക്കപ്പെട്ടവയ്ക്കും-അദൃശ്യനാണ് എന്നതിന് ധാരാളം തെളിവുകളുണ്ട്. പുത്രൻവഴി അദൃശ്യനെ എങ്ങനെ ദർശിക്കാം എന്നു ഞാൻ വ്യക്തമാക്കാം. ദൈവം കാണുന്ന ശക്തികൊണ്ടും, അനുവദിക്കപ്പെട്ടതനുസരിച്ച് തന്റെ കഴി വിനനുസരിച്ചും, പുത്രൻ പിതാവിനെ ദർശിക്കുന്നു. ഒരു ത്രിത്വമുണ്ട്. എന്നാൽ ഒരേ തരത്തിലുള്ള മഹത്വമല്ല. അവരുടെ *ഹ്യുപ്പോസ്തസിസ്* തമ്മിൽ കൂടിക്കലരുന്നില്ല. ഒന്ന് മറ്റൊന്നിനെക്കാൾ അനന്തമായി മഹത്വത്തിൽ മഹ നീയമത്രേ. സത്തയിൽ പുത്രനിൽനിന്ന് വ്യത്യസ്തനാണ് പിതാവ്; കാരണം അവിടുന്ന് ആരംഭരഹിതനാണ്.

*മൊണാഡ്* ഉണ്ടായിരുന്നെന്ന് മനസ്സിലാക്കുക. അസ്തിത്വത്തിലേക്കു വരു ന്നതിനു മുമ്പ് *ഡിയാഡ്* ഉണ്ടായിരുന്നില്ല. പുത്രൻ ദൈവം അല്ലാതിരുന്നപ്പോഴും പിതാവ് ദൈവമായിരുന്നെന്ന് ഇതിൽനിന്ന് ഉടനെ വ്യക്തമാകുന്നു. അതു കൊണ്ട് പുത്രൻ ഉണ്മയല്ല; (അവൻ പിതാവിന്റെ ഇച്ഛയാൽ സ്ഥിതിചെയ്ത) ഏകജാതനായ ദൈവമാണ്. അവൻ മറ്റതിൽ നിന്ന് അന്യനാണ്. സർവജ്ഞ നായ ദൈവത്തിന്റെ ഇഷ്ടത്താൽ വിജ്ഞാനം വിജ്ഞാനമായി സ്ഥിതിചെ യ്തു. അതിനാൽ അവൻ നിരവധി ആശയങ്ങളാൽ സങ്കൽപ്പിക്കപ്പെടുന്നു. അരൂപി, ശക്തി, വിജ്ഞാനം, ദൈവമഹത്വം, സത്യം, ഛായ, വചനം. അവൻ പ്രകാശവും കിരണവുമായി സങ്കല്പിക്കപ്പെടുന്നു; പുത്രനു തുല്യനും ഉപരി സ്ഥനുമായ ആൾ ജനിപ്പിക്കാൻ കഴിവുറ്റവനാണ്; എന്നാൽ അവൻ കുറേ ക്കൂടി ശ്രേഷ്ഠനും ഉന്നതനും ഉപരിസ്ഥനും കഴിവുറ്റവനുമാണ്. പുത്രൻ എന്താ ണോ, എന്തായിരിക്കുന്നുവോ, അതു ദൈവേഷ്ടത്താലാണ്. ഉണ്ടായപ്പോൾ മുതൽ അവൻ ദൈവത്തിൽനിന്ന് അസ്തിത്വം സ്വീകരിച്ചു.

അവൻ ശക്തനായ ദൈവമാകയാൽ തന്റെ ശ്രേഷ്ഠനെ സ്തുതിക്കു

ന്നു. ചുരുക്കത്തിൽ, ദൈവം തന്റെ പുത്രന് അഗ്രാഹ്യനാണ്. അവൻ എന്തായിരിക്കുന്നുവോ, അത് അവൻ അവനിൽ തന്നെയാണ്. അതായത് അവൻ അവാച്യനാണ്. അഗ്രാഹ്യം എന്നു വിളിക്കപ്പെടുന്നവ പുത്രനു വിവരിക്കാൻ സാധ്യമല്ല, തന്നാൽ തന്നെയുള്ള പിതാവിനെ അപഗ്രഥിപ്പാൻ പുത്രനു കഴിയില്ല. പുത്രനു തന്റെ തന്നെ സത്ത എന്താണെന്ന് അറിയില്ല; കാരണം, പുത്രനാകയാൽ പിതാവിന്റെ ഇഷ്ടത്താൽ അവൻ അസ്തിത്വത്തിലെത്തി. പിതാവിൽ നിന്നുള്ളവൻ, തന്റെ പിതാവിനെ അറിയുന്നത് യുക്തമല്ലേ എന്നു വാദിക്കുന്നവരുണ്ടോ? ആരംഭമുള്ളവൻ ആരംഭരഹിതനെ ഗ്രഹിക്കുന്നത് അസാധ്യമാണെന്ന് വ്യക്തമാണല്ലോ.''[41]

**4. കോൺസ്റ്റന്റൈനുള്ള കത്ത്**

ആരിയസും സ്നേഹിതനായ എവുസോയിയുസും കൂടി 327-ന്റെ അവസാനം കോൺസ്റ്റന്റൈന് ഒരു കത്തയച്ചു. സൊക്രാട്ടസും (സഭാ.1,26) സൊസോമനും (സഭാ. 2,2ff.) ഇത് ഉദ്ധരിക്കുന്നു. സത്യവിശ്വാസം തെളിയിക്കാൻ അവർ പരിശ്രമിക്കുന്നു. ഒരു വിശ്വാസപ്രമാണവും ഈ കത്തിൽ ഉൾപ്പെടുത്തുന്നുണ്ട്.[42]

**ആരിയനിസം-അവശേഷിക്കുന്ന പ്രശ്നങ്ങൾ**

ആദിമ ക്രൈസ്തവസഭയിലെ പണ്ഡിത സദസിന്റെ ആസ്ഥാനമായിരുന്ന അലക്സാണ്ട്രിയായിൽ തന്നെ ആരിയനിസം എന്ന അബദ്ധാഭിപ്രായം പൊട്ടിപ്പുറപ്പെട്ടു എന്നത് തികച്ചും അത്ഭുതം ഉളവാക്കുന്ന ഒന്നാണ്. ആ കാലഘട്ടത്തിലെ മിക്കവാറും എല്ലാ എഴുത്തുകാരും ഈ പ്രശ്നത്തിലിടപെട്ടു. എല്ലാവരും തന്നെ ഒന്നുകിൽ ആരിയസിനെ എതിർത്തു; അല്ലെങ്കിൽ പിന്താങ്ങി. അലക്സാണ്ട്രിയായിൽ ഉത്ഭവിച്ചെങ്കിലും ആരിയനിസത്തിന്റെ വേരുകൾ ലിബിയായിലും സിറിയായിലും ആയിരുന്നു. ഏഷ്യാമൈനറിലെയും സിറിയായിലെയും മെത്രാന്മാർ ആരിയസിനെ താങ്ങും തണലും നല്കി സംരക്ഷിച്ചു. ആരിയനിസത്തിന്റെ വളർച്ചയിൽ അവർക്കും സുപ്രധാന പങ്കുണ്ട്.

ആരിയനിസത്തിന്റെ ഉത്ഭവത്തെയും വളർച്ചയെയും സംബന്ധിച്ചു നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, ഇന്നും അത് അവ്യക്തമായി നിലകൊള്ളുന്നു. ആരാണ് യഥാർഥത്തിൽ ആരിയനിസത്തിന്റെ ഗുരു? ചിലരുടെ വീക്ഷണത്തിൽ 318-ലോ 320-ലോ ആണ് ആരിയൻ തർക്കം ഉത്ഭവിച്ചത്. മറ്റു ചിലരുടെ അഭിപ്രായത്തിൽ 323-ലാണ് ആരിയസ് തന്റെ മെത്രാനുമായി ഏറ്റുമുട്ടലിന് ഒരുമ്പെട്ടതും മുടക്കപ്പെട്ടതും. അവരുടെ നോട്ടത്തിൽ നിഖ്യാ (325) വരെയുള്ള സംഭവങ്ങൾ വളരെ വേഗം (18-22 മാസങ്ങൾകൊണ്ട്) നടന്നു.[43] നെയോ-ആരിയൻ ചരിത്രം (336-381) പഠനവിഷയമാക്കുക പ്രയോജനപ്രദമാണ്. ധാരാളം കൃതികൾ അടുത്ത കാലത്ത് ഉണ്ടായിട്ടുണ്ട്.[44]



സൊക്രാട്ടസും (സഭാ.1:5) സൊസോമനും (സഭ.1.15.1-6) ആരിയനിസത്തെപ്പറ്റി ചർച്ചചെയ്യുന്നു.[45]

**സൊസോമന്റെ സാക്ഷ്യം**

ആരിയനിസത്തിന്റെ ആരംഭത്തെപ്പറ്റി സൊസോമെൻ രേഖപ്പെടുത്തിയിരിക്കുന്നത് ഉദ്ധരിക്കാം: 1. ''ഈ വിധത്തിലും മറ്റു പല തരത്തിലും ക്രിസ്തുമതം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്നു. എങ്കിലും ചില തർക്കങ്ങൾ മൂലം സഭകളിൽ കലക്കം ഉണ്ടായി. ഭക്തിയുടെ പേരിലും ദൈവത്തെപ്പറ്റിയുള്ള സമ്പൂർണമായ അറിവു നേടുന്നു എന്ന ഭാവേനയും ഇതുവരെ പരിശോധനാവിഷയമാകാതിരുന്ന ചില പ്രശ്നങ്ങൾ ചർച്ചാവിഷയമായി. ഈ വാദപ്രതിവാദങ്ങളുടെ കാരണക്കാരൻ ആരിയസ് ആയിരുന്നു.

2. ഈജിപ്തിൽ അലക്സാണ്ട്രിയായിലെ ഒരു പ്രെസ്ബിറ്റർ ആയിരുന്നു ആരിയസ്. തന്റെ നവീനോപദേശങ്ങളിൽ മെലീഷ്യസിന്റെ പക്ഷം ചേർന്നെങ്കിലും സത്യത്തിനു വേണ്ടി നിലകൊള്ളുന്ന തീക്ഷ്ണമതിയായ ഒരാളായി അയാൾ പ്രത്യക്ഷപ്പെട്ടു. കാലാന്തരത്തിൽ അയാൾ മെലീഷ്യസിനെ ഉപേക്ഷിച്ചു. അലക്സാണ്ട്രിയൻ മെത്രാൻ പത്രോസ് അയാൾക്കു ഡീക്കൻപട്ടം നൽകി. എന്നാൽ പിന്നീട് പത്രോസ്, മെലീഷ്യസിനെ സഭാഭ്രഷ്ടനാക്കുകയും അയാളുടെ മാമോദിസാ നിരാകരിക്കുകയും ചെയ്തപ്പോൾ ആരിയസ് നിശ്ശബ്ദത പാലിക്കാതെ പത്രോസിന്റെ നടപടിയെ കുറ്റപ്പെടുത്തി. അക്കാരണത്താൽ ആരിയസിനെ പത്രോസ് സഭയിൽ നിന്ന് ബഹിഷ്ക്കരിച്ചു. പത്രോസിന്റെ രക്തസാക്ഷിത്വത്തിനു ശേഷം അക്കില്ലെസിനോട് ആരിയസ് മാപ്പിരന്നു; ഒരു ഡീക്കനായി തുടരാൻ അനുവദിച്ചു; പിന്നീട് പ്രെസ്ബിറ്ററായി ഉയർത്തപ്പെടുകയും ചെയ്തു. അതിനുശേഷം അലക്സാണ്ഡറും അയാളെ വളരെയധികം ബഹുമാനിച്ചു.

3. താർക്കികനായിരുന്ന ആരിയൂസ് അർഥശൂന്യമായ വാദപ്രതിവാദങ്ങളിലേക്കു എടുത്തുചാടി. മുമ്പൊരുത്തനും പറയാൻ മുതിരാതിരുന്ന സംഗതികളൊക്കെ സഭയിൽ പ്രസംഗിക്കാൻ ധൈര്യം കാണിച്ചു: ഇല്ലായ്മയിൽ നിന്നാണു ദൈവപുത്രൻ ഉണ്ടായത്. അവൻ ഇല്ലാതിരുന്ന സമയം ഉണ്ടായിരുന്നു, സ്വതന്ത്രബുദ്ധി ഉള്ളതിനാൽ നന്മയ്ക്കും തിന്മയ്ക്കും അവൻ ശക്തനായിരുന്നു. അവൻ സൃഷ്ടിക്കപ്പെട്ടവനും നിർമിക്കപ്പെട്ടവനുമാണ്. ഇത്തരം ആശയം വച്ചുപുലർത്തുന്നവർ ജൽപിക്കുന്ന ഇതുപോലുള്ള പ്രസ്താവനകൾ തട്ടിവിടാൻ അയാൾക്കൊരു മടിയുമില്ലായിരുന്നു.

4. സത്യവിശ്വാസ വിരുദ്ധമായ ഇത്തരം ജൽപനങ്ങൾ കേട്ടിട്ടും ആരിയസിനെ ശാസിക്കാഞ്ഞതിന്, ഇതുകേട്ട ചിലർ അലക്സാണ്ടറെ കുറ്റപ്പെടുത്തി, സംശയമുള്ള സംഗതികളിൽ തർക്കിക്കുന്ന വിഭാഗക്കാർ എല്ലാം തങ്ങളുടെ അഭിപ്രായം പൊതുവായി പറഞ്ഞു തീർക്കണം എന്ന ആശയമായി

രുന്നു അലക്സാണ്ടറിന്റേത്. നിർബന്ധിച്ചല്ല, പ്രേരണവഴി കലഹം അവസാനിപ്പിക്കണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തന്റെ വൈദികവൃന്ദത്തോടൊപ്പം അദ്ദേഹം വിസ്താരത്തിനിരുന്നു; രണ്ടു വിഭാഗക്കാരെയും വിളിപ്പിച്ചു. എന്നാൽ എല്ലാ തർക്കങ്ങളിലും സംഭവിക്കുന്നതുപോലെ ഓരോ വിഭാഗവും പരിപൂർണ വിജയം നേടാൻ പരിശ്രമിക്കുകയാണ് ചെയ്തത്. ആരിയസ് തന്റെ അഭിപ്രായങ്ങൾക്കുവേണ്ടി വാദിച്ചു. എന്നാൽ, പുത്രൻ പിതാവുമായി സമസത്തയും നിത്യത്വത്തിൽ തുല്യനുമാണെന്നു മറ്റുള്ളവർ വാദിച്ചു. ഇത്തരം പ്രാധാന്യമേറിയ സംഗതികൾ ഉന്നയിക്കപ്പെട്ടതിനാൽ, രണ്ടാമതൊരു യോഗം കൂടിയെങ്കിലും ഒരു ഫലവും ഉണ്ടായില്ല. വാദഗതികൾ ഉന്നയിക്കപ്പെട്ടപ്പോൾ അലക്സാണ്ടർ മാറിമാറി കക്ഷി ചേരുന്നതായി തോന്നി.'' സൊക്രാട്ടസും ഇതേപ്പറ്റി പറയുന്നു.[46]

അധ്യായം 3

# വി.അലക്സാണ്ടർ (250-328)

നിഖ്യാസൂനഹദോസിലെ ഒരു സുപ്രധാന വ്യക്തിയായിരുന്നു അലക്സാണ്ടർ. അലക്സാണ്ട്രിയായിൽ അക്കില്ലെസിന്റെ പിൻഗാമിയായി 312-ൽ അലക്സാണ്ടർ മെത്രാനായി. ആരിയൻ പാഷണ്ഡത ഉടലെടുത്തത് അദ്ദേഹത്തിന്റെ കാലത്താണ്. ഇക്കാലത്തു തന്നെ മെലീഷ്യൻ ശീശ്മയും ഈജിപ്ഷ്യൻ സഭയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. അബദ്ധോപദേശങ്ങളിൽ നിന്ന് ആരിയസിനെ പിൻതിരിപ്പിക്കാൻ അലക്സാണ്ടർ പരിശ്രമിച്ചു. എന്നാൽ ഒരു ഫലവും ഉണ്ടായില്ല. അലക്സാണ്ട്രിയൻ സിനഡിൽ വച്ച് 318-ൽ അദ്ദേഹം ആരിയസിനെയും കൂട്ടരെയും മുടക്കി. നിഖ്യാസൂനഹദോസ് 325-ൽ മെലീഷ്യസിനെയും ആരിയസിനെയും സഭയിൽ നിന്നു പുറത്താക്കി. ആരിയനിസവുമായുള്ള പോരാട്ടത്തിൽ അലക്സാണ്ടർക്ക് വളരെയധികം ക്ലേശങ്ങൾ സഹിക്കേണ്ടിവന്നു. അദ്ദേഹം 328-ൽ മരിച്ചു.

### കൃതികൾ

(1) കത്തുകൾ: എപ്പിഫാനിയസിന്റെ അഭിപ്രായപ്രകാരം (പാഷ.69.4), അലക്സാണ്ടറിന്റേതായി എഴുപത് കത്തുകളുടെ ഒരു സമാഹാരം ഉണ്ടായിരുന്നു. ആരിയനിസത്തെ സംബന്ധിച്ച രണ്ടെണ്ണമൊഴിച്ച് ബാക്കിയെല്ലാം നഷ്ടപ്പെട്ടു. സൈറസിലെ തിയഡൊറെറ്റ് തന്റെ സഭാചരിത്രത്തിൽ (1,4) ബിസാൻസ്യത്തിലെ മെത്രാനായ അലക്സാണ്ടറിന് അലക്സാണ്ടർ അയച്ച ഒരു കത്ത് ഉദ്ധരിക്കുന്നു. ഈജിപ്തിനു പുറത്തുള്ള എല്ലാ മെത്രാന്മാർക്കും ഇതിന്റെ കോപ്പികളയച്ചു. ആരിയനിസത്തിന് എതിരായിട്ടാണിത്. 324-ൽ ആയിരിക്കാം ഇതെഴുതിയത്. ആരിയനിസത്തെപ്പറ്റി അവരെ ബോധവാന്മാരാക്കാനും ആരിയനിസത്തെ തള്ളിക്കളയാനുമാണ് അലക്സാണ്ടർ ഇതെഴുതിയത്. സാമസോട്ടക്കാരൻ പൗലോസിൽ നിന്നും ലൂസിയനിൽ നിന്നുമാണ് ആരിയസ് പാഷണ്ഡത പഠിച്ചതെന്ന് അലക്സാണ്ടർ പറയുന്നു. ബിസാൻസ്യത്തിലെ അലക്സാണ്ടറിനാണ് ഇതയച്ചതെന്നു തിയഡൊറെറ്റ്

പറയുന്നെങ്കിലും, തെസലോനിക്കയിലെ അലക്സാണ്ടറിനാണ് അയച്ചതെന്ന് ഒരഭിപ്രായമുണ്ട്. സൊക്രാട്ടസ് അലക്സാണ്ടറിന്റെ മറ്റൊരു കത്ത് ഉദ്ധരിക്കുന്നു (സഭാ.1,6).

2. പ്രസംഗങ്ങൾ: ഒരെണ്ണം സുറിയാനിയിലും കോപ്റ്റിക്കിലും ലഭിച്ചിട്ടുണ്ട്. ''ആത്മാവ്, ശരീരം, കർത്താവിന്റെ പീഡാസഹനം എന്നിവയെപ്പറ്റി'' എന്നാണ് അതിന്റെ തലക്കെട്ട്. ആമുഖം ആത്മശരീരങ്ങളുടെ ബന്ധവും പ്രധാനഭാഗം കർതൃപീഡാനുഭവവും ചർച്ച ചെയ്യുന്നു. മെലിറ്റോയുടെ പെസഹാ പ്രസംഗത്തിന്റെ സ്വാധീനം ഇതിൽ ദൃശ്യമാണ്.

### ദൈവശാസ്ത്രം

ആരിയസിനെ സാമസോട്ടക്കാരൻ പൗലോസിന്റെയും അന്ത്യോക്യയിലെ ലൂസിയന്റെയും ശിഷ്യനായിട്ടാണ് അലക്സാണ്ഡർ കണ്ടത്. ആരിയസ് നിക്കോമേദിയായിലെ എവുസേബിയസിനയച്ച കത്തിൽ ഇക്കാര്യം അംഗീകരിക്കുന്നു: അലക്സാണ്ഡർ എഴുതുന്നു: ''ഇല്ലായ്മയിൽ നിന്നല്ല പുത്രനുണ്ടായത്; അവനില്ലായിരുന്ന ഒരു സമയമില്ലായിരുന്നു ''(1,4). ''അവൻ പിതാവിൽ നിന്നു ജനിച്ചവനാണ്'' (1,11). ''അവൻ പിതാവിന് തുല്യനാണ്; പിതാവിനെപ്പോലെതന്നെ മാറ്റമില്ലാത്തവനും വ്യതിയാനാതീതനുമാണ്; അവന് ഒന്നിനും കുറവില്ല; അവൻ പിതാവിന്റെ യഥാർത്ഥ ഛായയാണ്; അവനിൽ നിന്ന് ഒരു രീതിയിലും വ്യത്യസ്തനല്ല'' (1,12). ''ഞാനും എന്റെ പിതാവും ഒന്നാകുന്നു (യോഹ.10,30) എന്നു കർത്താവു പറയുമ്പോൾ താൻ പിതാവാണെന്നല്ല കർത്താവു പറയുന്നത്, രണ്ടു വ്യക്തികളും കൂടി ഒരു വ്യക്തി മാത്രമാകുന്നു എന്നുമല്ല. പിന്നെയോ, പിതാവിന്റെ ഛായ ഏറ്റവും പൂർണമായി പുത്രനുണ്ടെന്നാണ്. എല്ലാവിധത്തിലും സ്വഭാവത്താൽ തന്നെ ഈ ഛായ അവനിൽ പിതാവ് പതിപ്പിച്ചു'' (1.9). ''പിതാവ് ജനിച്ചവനല്ല, പുത്രൻ പിതാവിൽനിന്നു കാലാതീതനായി, ആരംഭമില്ലാതെ ജനിച്ചു; ജനനാതീതൻ എന്ന യാഥാർഥ്യം പിതാവിനേയുള്ളു. പുത്രൻ പിതാവിൽ നിന്നു ജനിച്ചവനാണ് ''(1,12).

*ഹോമോഉസിയോസ്* (സമസത്ത) എന്ന വാക്ക് അലക്സാണ്ഡർ ഉപയോഗിച്ചതായി കാണുന്നില്ല. എന്നാൽ പുത്രൻ പിതാവിൽ നിന്നു തന്നെ ജനിച്ചവനാണ്: *എക്സ് ഔതു ഒൻതോസ് പത്രോസ്* (1,11) എന്നത് *എക് തേസ് ഉസിയാസ്* (സത്തയിൽ നിന്ന്) എന്നതു തന്നെയാണ്. പരിപൂർണ ഛായയും പിതാവിന്റെ പ്രകാശവും ആയവനും, *എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു എന്ന് പറഞ്ഞവനും,* എങ്ങനെയാണ് പിതാവിന്റെ സത്തയിൽ നിന്ന് വ്യത്യസ്തനാകുന്നതെന്ന് അദ്ദേഹം ചോദിക്കുന്നു. പുത്രൻ പിതാവിന്റെ വചനവും വിജ്ഞാനവും ചിന്തയുമാണെങ്കിൽ, എങ്ങനെ അവനി



ല്ലാത്ത ഒരു സമയമുണ്ടാകും? ദൈവം ബുദ്ധിയും വിജ്ഞാനവും ഇല്ലാത്തവനായിരുന്ന സമയം ഉണ്ടായിരുന്നു (*അലോഗോസ് കായ് അസോഫോസ്)* എന്ന് പറയുന്നതിന് തുല്യമാണിത് (2,4). വചനം ദൈവസുതനാണ്. ദത്തെടുക്കൽ വഴിയല്ല, സ്വഭാവത്താലെയാണ്. രക്ഷകന്റെ പുത്രത്വത്തിന് തുല്യമായൊരു പുത്രത്വവുമില്ല. അത് അതുല്യമാണ് (1,8). ഇക്കാരണത്താൽ മറിയം യഥാർഥത്തിൽ ദൈവമാതാവാണ്, അലക്സാണ്ഡർ അവളെ ദൈവമാതാവ് (*തെയൊതോക്കോസ്*) എന്ന് വിളിക്കുന്നു(1,11). നിഖ്യായിലെ പിതാക്കന്മാർ അലക്സാണ്ട്രിയൻ സഭയ്ക്ക് ഒരു സിനഡൽ ലേഖനം അയക്കുകയുണ്ടായി (സൊക്രാട്ടസ്, സഭാ.1:9; തിയഡൊറെറ്റ്, *സഭാ.*1,9).

അധ്യായം 4

# വി.അത്തനാസ്യോസ് (295-373)

അലക്സാണ്ടറുടെ പിൻഗാമിയായി 328-ൽ അത്തനാസ്യോസ് അലക്സാണ്ട്രിയായിൽ മെത്രാനായി. അലക്സാണ്ട്രിയൻ മെത്രാന്മാരിൽ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനും സഭാപിതാവുമാണ് അദ്ദേഹം. നിഖ്യാവിശ്വാസം ഉറക്കെ പ്രഖ്യാപിക്കുന്നതിനും പഠിപ്പിക്കുന്നതിനും അദ്ദേഹം അശ്രാന്തം പരിശ്രമിച്ചു. എതിർപ്പുകളെ വകവയ്ക്കാതെ ധൈര്യപൂർവം സത്യവിശ്വാസത്തിന്റെ പടയാളിയായി നിലകൊണ്ടു. ഗ്രിഗറി നസ്യാൻസൻ പ്രസ്താവിക്കുന്നതുപോലെ, "സഭയുടെ മഹാസ്തംഭമാണ് അദ്ദേഹം." ആരിയസിന്റെ പിൻഗാമികൾ അദ്ദേഹത്തെ അവരുടെ വലിയ ശത്രുവായി കരുതുകയും വളരെയധികം ഉപദ്രവിക്കുകയും ചെയ്തു. അതിനായി രാജകീയ ശക്തിയും അവർ ഉപയോഗിച്ചു. അഞ്ചുപ്രാവശ്യം അദ്ദേഹം നാടുകടത്തപ്പെട്ടു. ഏതാണ്ടു 17 വർഷം അദ്ദേഹം വിപ്രവാസത്തിൽ കഴിയേണ്ടിവന്നു. എന്നാലിതൊന്നും അദ്ദേഹത്തെ പിൻതിരിപ്പിച്ചില്ല. അദ്ദേഹം അവസാനം വരെ സത്യവിശ്വാസം പ്രഘോഷിച്ചു. ശരിയെന്നു കരുതി അബദ്ധത്തിൽ വഴുതി വീണവരോട് സഹതാപം കാട്ടി. പൗരസ്ത്യമെത്രാന്മാരിൽ പലരും സമസത്ത (*ഹോമോഉസിയോസ്*) എന്ന പദപ്രയോഗം ഉപേക്ഷിച്ച് ആരിയൻ പദപ്രയോഗങ്ങൾ സ്വീകരിച്ചപ്പോഴും, അവരെ തിരികെ കൊണ്ടുവരുന്നതിൽ അദ്ദേഹം വളരെയേറെ ശാന്തത കാട്ടി. ഗ്രീക്കുസഭ ഓർത്തഡോക്സിയുടെ പിതാവെന്ന് അത്തനാസ്യോസിനെ വിളിക്കുന്നു. ലത്തീൻസഭ നാലു വലിയ പൗരസ്ത്യ പിതാക്കന്മാരിൽ ഒരാളായി അദ്ദേഹത്തെ പരിഗണിക്കുന്നു.

അത്തനാസ്യോസിന്റെ ജീവിതത്തിലേക്കു വെളിച്ചം വീശുന്നവയാണ് അദ്ദേഹത്തിന്റെ കൃതികൾ. അദ്ദേഹത്തിന്റെ കത്തുകളുടെ സുറിയാനിയിലുള്ള ആമുഖം, ലത്തീനിലുള്ള ജീവചരിത്രം, ഗ്രിഗറി നസ്യാൻസന്റെ ഒരു പ്രസംഗം, ചില കോപ്റ്റിക് രേഖാശകലങ്ങൾ എന്നിവയും ഇതിന് സഹായകമാണ്.



അലക്സാണ്ഡ്രിയായിൽ 295-ലാണ് അത്തനാസ്യോസ് ജനിച്ചത്. താത്വികവും ദൈവശാസ്ത്രപരവുമായ ശിക്ഷണം അവിടെത്തന്നെ ലഭിച്ചു. തേബായ്ഡിലെ സന്യാസികളുമായി അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു. 319-ൽ ഡീക്കനായിത്തീർന്ന അദ്ദേഹം മെത്രാനായ അലക്സാണ്ടറിന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു; നിഖ്യായിൽ 325-ൽ അലക്സാണ്ടറോടൊപ്പം സംബന്ധിച്ചു. 328-ൽ അലക്സാണ്ടറിന്റെ പിൻഗാമിയായി.

അത്തനാസ്യോസിന്റെ ജോലി എളുപ്പമായിരുന്നില്ല. നിഖ്യായിൽ പുറംതള്ളപ്പെട്ടെങ്കിലും ആരിയനിസം അലക്സാണ്ട്രിയായിൽ ഒരു പ്രശ്നമായിരുന്നു. അതുപോലെ മെലീഷ്യൻ വിഭാഗക്കാർക്കു പുതിയ മെത്രാനെ ഒട്ടും ഇഷ്ടപ്പെട്ടില്ല. അവർ ഓരോരോ ആരോപണങ്ങൾ അദ്ദേഹത്തിന്റെ പേരിൽ ഉന്നയിക്കാൻ തുടങ്ങി. ഇതിനിടെ ആരിയസിനെ തിരികെ എടുക്കാൻ കോൺസ്റ്റൻടൈൻ കല്പനയിട്ടപ്പോൾ, അത്തനാസ്യോസ് അതിനെ എതിർത്തു. ടയറിൽ കൂടിയ ആരിയൻ സിനഡ് (335) അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കി. ഉടനെ ചക്രവർത്തി അദ്ദേഹത്തെ ത്രേവെസിലേക്കു (ഗാൾ) നാടുകടത്തി. ആ ചക്രവർത്തി മരിച്ചപ്പോൾ (337) അദ്ദേഹം തിരികെ രൂപതയിലെത്തി.

എന്നാൽ നിക്കോമേദിയായിലെ എവുസേബിയസിന്റെ പ്രേരണയാൽ 339-ലെ അന്ത്യോക്യൻ സിനഡ് അദ്ദേഹത്തെ വീണ്ടും സ്ഥാനഭ്രഷ്ടനാക്കി. മുടക്കപ്പെട്ട പിസ്തുസ് എന്ന വൈദികനെ അദ്ദേഹത്തിനു പകരം മെത്രാനായി അവർ തെരഞ്ഞെടുത്തു. എന്നാൽ പിസ്തുസിന് തൽസ്ഥാനം സ്വീകരിക്കാൻ സാധിക്കാതെ വന്നപ്പോൾ, കപ്പഡോഷ്യക്കാരൻ ഒരു ഗ്രിഗറിയെ അവർ മെത്രാനായി നിയമിച്ചു. അത്തനാസ്യോസ് റോമിൽ അഭയം തേടി. ജൂലിയസ് പാപ്പാ ഒരു റോമൻ സിനഡിൽ വച്ച് (340) അത്തനാസ്യോസിന്റെ നിലപാട് അംഗീകരിച്ചു. അദ്ദേഹമാണ് അലക്സാണ്ഡ്രിയായിലെ യഥാർഥ മെത്രാനെന്ന് 342/3-ലെ സാർദിക്കാ സിനഡ് പ്രഖ്യാപിച്ചു.

കപ്പഡോഷ്യക്കാരൻ ഗ്രിഗറി മെത്രാൻ 345-ൽ മരിച്ചു. അത്തനാസ്യോസ് 346 ഒക്ടോബറിൽ അലക്സാണ്ട്രിയായിലെത്തി. ഉടനെ വീണ്ടും കുഴപ്പങ്ങളുണ്ടായി. അദ്ദേഹത്തെ പിൻതുണച്ചിരുന്ന കോൺസ്റ്റൻസ് ചക്രവർത്തി 350-ൽ മരിച്ചു. തുടർന്ന് കിഴക്കിന്റെയും പടിഞ്ഞാറിന്റെയും ഏകാധിപതിയായി തീർന്ന കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി ആൾസിലും(353) മിലാനിലും(355) ഓരോ സിനഡു വിളിച്ചുകൂട്ടി, അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കി. പകരം കപ്പഡോഷ്യക്കാരൻ ഒരു ജോർജിനെ തൽസ്ഥാനത്ത് നിയമിച്ചു. മൂന്നാം പ്രാവശ്യം രൂപത വിടേണ്ടിവന്ന അത്തനാസ്യോസ് ഇത്തവണ ഈജിപ്റ്റിലെ സന്യാസികളുടെ ഇടയിൽ അഭയം പ്രാപിച്ചു. ആറു വർഷം അവിടെക്കഴിഞ്ഞു. അതിനിടയിൽ കോൺസ്റ്റാൻസ്യൂസിനുള്ള അപ്പോളജി, തന്റെ ഒളിച്ചോട്ടത്തിനുള്ള അപ്പോളജി, സന്യാസികൾക്കുള്ള

കത്ത്, ആരിയനിസത്തിന്റെ ചരിത്രം എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹം തയാറാക്കി.

കോൺസ്റ്റാൻസ്യൂസ് 361-ൽ മരിച്ചപ്പോൾ, ജൂലിയൻ ഏകാധിപതിയായി. ആ വർഷം ഡിസംബർ 3-ന് കപ്പഡോഷ്യക്കാരൻ ജോർജ് മെത്രാൻ വധിക്കപ്പെട്ടു. നാടുകടത്തപ്പെട്ടവരെയെല്ലാം ജൂലിയൻ തിരികെ വിളിച്ചു. അങ്ങനെ 362 ഫെബ്രുവരി 22-ന് അത്തനാസ്യോസ് അലക്സാണ്ഡ്രിയായിലെത്തി, ഒരു സിനഡ് വിളിച്ചുകൂട്ടി; തെറ്റിദ്ധാരണകൾ നീക്കുന്നതിനും സെമി-ആരിയൻ ചിന്താഗതിക്കാരെയും സത്യവിശ്വാസികളെയും യോജിപ്പിക്കുന്നതിനും ശ്രമിച്ചു. അതു ജൂലിയന് ഇഷ്ടപ്പെട്ടില്ല. അയാൾ മെത്രാനെ സമാധാന ധ്വംസകനെന്നും ദേവന്മാരുടെ ശത്രുവെന്നും മുദ്രകുത്തി നാടുകടത്തി. ജൂലിയൻ മരിച്ചപ്പോൾ (363) അദ്ദേഹം തിരികെവന്നു. വാലെൻസ് ചക്രവർത്തി പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ ഭരണാധികാരിയായപ്പോൾ (364) അത്തനാസ്യോസ് അഞ്ചാം പ്രാവശ്യവും നാടുകടത്തപ്പെട്ടു. നാലു മാസം പട്ടണത്തിനു പുറത്ത് ഒരു ഗ്രാമത്തിൽ താമസിച്ചു. ജനം ഇളകുമെന്നു കണ്ട് നാലു മാസം കഴിഞ്ഞ് വാലെൻസ് അദ്ദേഹത്തെ തിരികെ വിളിച്ചു. 366 ഫെബ്രുവരി ഒന്നിന് തിരികെ എത്തിയ അദ്ദേഹം 373 മെയ് രണ്ടിനു മരിക്കുന്നതുവരെ അലക്സാണ്ഡ്രിയൻ സഭയെ നയിച്ചു.

### കൃതികൾ

നിഖ്യാവിശ്വാസത്തോട് ബന്ധപ്പെട്ടവയാണ് അദ്ദേഹത്തിന്റെ മിക്ക കൃതികളും. വേദപുസ്തകജ്ഞാനം, ഉത്തമബോധ്യം എന്നിവ അദ്ദേഹത്തിന്റെ കൃതികളിലുടനീളം സ്പഷ്ടമായി കാണാം. ഫോസിയസ് പറയുന്നു: "അദ്ദേഹത്തിന്റെ ശൈലി വളരെ വ്യക്തമാണ്, ഋജുവുമാണ്. എന്നാൽ അതേസമയം ആഴമേറിയതും തീക്ഷ്ണത നിറഞ്ഞതുമാണ്. അദ്ദേഹത്തിന്റെ വാദഗതികൾ തികച്ചും ശക്തിയുള്ളവയാണ്." കൃതികളിൽ ചിലയിടങ്ങളിൽ ആവർത്തനവും അടുക്കും ചിട്ടയും ഇല്ലായ്മയും ദൃശ്യമാണ്. അദ്ദേഹം ചില കൃതികളിൽ പുതിയ സാഹിത്യശൈലികൾ തന്നെയും ആവിഷ്ക്കരിച്ചിട്ടുണ്ട്. കൃതികളെ ആറായി തിരിക്കാം.

#### 1. വിശ്വാസ സമർത്ഥന-താത്വിക കൃതികൾ

(1) വിജാതിയർക്കെതിരെ: *ലോഗോസ് കത്ത ഹെല്ലേനോൻ* (വിജാതിയർക്കെതിരെ) എന്നതും, *ലോഗോസ് പെരി തേസ് എനാൻത്രോപേസെയോസ്* (വചനത്തിന്റെ അവതാരം സംബന്ധിച്ച പ്രസംഗം) എന്നതും ഒരു കൃതിയുടെ രണ്ടുഭാഗങ്ങളാണ്. ജറോം *ജാതികൾക്കെതിരെ രണ്ടു ഗ്രന്ഥങ്ങൾ* എന്നു പറയുന്നത് ഇതേപ്പറ്റിയാണ്.

വിജാതിയർക്കെതിരെ എന്ന ആദ്യഭാഗം വിജാതിയരുടെ പുരാണങ്ങൾ, ആരാധന, വിശ്വാസങ്ങൾ എന്നിവയുടെ ഖണ്ഡനമാണ്. തിന്മയുടെ സ്വഭാവം, ഉത്ഭവം, ചരിത്രം എന്നിവ വിവരിക്കുകയും വിഗ്രഹാരാധനയുടെ അധാർമികതയും ഭോഷത്തവും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. സാധാരണക്കാരുടെ ബഹുദേവതാരാധനയും പ്രകൃത്യാരാധനയും താത്വികരുടെ പ്രാപഞ്ചികാരാധനയും ഖണ്ഡിക്കുന്നു. പ്രകൃതിയും പ്രകൃതിനാഥനും തികച്ചും വ്യത്യസ്തങ്ങളാകയാൽ ഏകദൈവവിശ്വാസം മാത്രമാണു ബുദ്ധിശക്തിയുള്ള മനുഷ്യനു യോജിച്ചത്. ദൈവസാദൃശ്യത്തിലാണ് മനുഷ്യൻ. അതുകൊണ്ട് ദൈവത്തെപ്പറ്റിയുള്ള അറിവു മനുഷ്യനു തികച്ചും സാധ്യമാണ് എന്നു പോകുന്നു അദ്ദേഹത്തിന്റെ വാദഗതി. രണ്ടാം നൂറ്റാണ്ടിലെ വിശ്വാസ സമർഥകരുടെ ശൈലിയിലാണ് അദ്ദേഹത്തിന്റെ ചർച്ച.



തിരുഅവതാരം വഴിയേ മനുഷ്യകുലത്തിന്റെ വീഴ്ചയ്ക്കുള്ള പ്രതിവിധി ഉണ്ടാകൂ എന്ന് അദ്ദേഹം രണ്ടാം ഭാഗത്തു സ്പഷ്ടമായി പ്രഖ്യാപിക്കുന്നു. കറ പുരണ്ട മനുഷ്യകുലത്തെ ഉദ്ധരിക്കാൻ മറ്റൊന്നും പര്യാപ്തമല്ല. കർത്താവിന്റെ അവതാരം, മരണം, ഉത്ഥാനം എന്നിവയുടെ കാരണങ്ങൾ വ്യക്തമായി വിവരിക്കുന്നു. യൂദരിൽ നിന്നും വിജാതിയരിൽ നിന്നുമുള്ള തടസ്സവാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് പെസഹാരഹസ്യത്തിന്റെ ആഴം ആവർത്തിച്ചുറപ്പിക്കുന്നു. *തിരുഅവതാരം സംബന്ധിച്ച്* എന്ന പേരിൽ ഈയടുത്തകാലത്ത് കണ്ടുപിടിക്കപ്പെട്ട കൃതിക്ക് സാരസത്തയിൽ മറ്റതുമായി വ്യത്യാസമില്ല. രണ്ടും അത്തനാസ്യോസിന്റെ തൂലികയിൽ നിന്നാണ്. ഈ കൃതി ത്രേവെസിലെ വിപ്രവാസകാലത്ത് (336) എഴുതിയതാണെന്നു കരുതുന്നവരുണ്ട്. എന്നാൽ ആരിയനിസത്തെപ്പറ്റിയോ, നിഖ്യായെപ്പറ്റിയോ പരാമർശം ഇല്ലാത്തതുകൊണ്ട്, ആരിയനിസത്തിനു മുമ്പ് എഴുതിയതാകാം.

(2) ആരിയർക്കെതിരെ: ആരിയർക്കെതിരെ മൂന്നു പ്രതിപാദനങ്ങൾ ഇതിലുണ്ട്. ഇതൊരു താത്വിക കൃതിയാണ്. ഒന്നാമത്തേത് *താലിയാ* എന്ന തന്റെ കൃതിയിൽ ആരിയസ് അവതരിപ്പിക്കുന്ന ആരിയൻചിന്ത ചുരുക്കി വിവരിക്കുന്നു. നിഖ്യാസൂനഹദോസിന്റെ വിശ്വാസത്തെ നീതീകരിക്കുന്ന ന്യായങ്ങൾ അവതരിപ്പിക്കുന്നു. നിത്യനും സൃഷ്ടിയല്ലാത്തവനും വ്യതിയാന രഹിതനുമായ പുത്രനും തന്റെ പിതാവും തമ്മിലുള്ള ബന്ധം, ദൈവത്തിലുള്ള ഐക്യം, ദൈവിക സത്തയിലുള്ള ഭാഗഭാഗിത്വം എന്നിവയും വിശദീകരിക്കുന്നു. രണ്ടും മൂന്നും ഗ്രന്ഥങ്ങൾ പുത്രന്റെ ജനനം (എബ്രാ.3:2; നട,2:36; സുഭാ.8:22), പിതാവും പുത്രനും തമ്മിലുള്ള ബന്ധം എന്നിവ വേദപുസ്തകത്തെ ആധാരമാക്കി ചർച്ച ചെയ്യുന്നു (മത്താ.28:18; യോഹ.3:35;മത്താ.26:29; യോഹ.12:27; മർക്കോ.13:32; ലൂക്കോ 2:52). ഈ വേദഭാഗങ്ങളുടെ ആരിയൻ വ്യാഖ്യാനം തിരസ്കരിച്ച്, ശരിയായ വ്യാഖ്യാനം നൽകുന്നു. രണ്ടാം വിപ്രവാസത്തിനു തൊട്ടുമുമ്പോ (338-339) മൂന്നാം വിപ്രവാസകാലത്തോ (356-362) ഇത് എഴുതി.

പല കൈയെഴുത്തു പ്രതികളിലും നാലാമതൊന്നുകൂടി കാണാം. ബനഡിക്ടൈൻ സന്യാസികൾ പ്രസിദ്ധീകരിച്ച പതിപ്പിൽ ഇതും കൊടുത്തിട്ടുണ്ട്. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും ശൈലിയിലും ഇതു മറ്റു മൂന്നെണ്ണത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ഇത് ആരിയർക്കെതിരായിട്ടല്ല എഴുതിയിരിക്കുന്നത്. അവരെപ്പറ്റി പരാമർശിക്കുന്നെങ്കിലും, മർസെല്യർ എന്ന വിഭാഗക്കാർക്ക് എതിരായിട്ട് ആരോ എഴുതിയ ഒരു പ്രതിപാദനമാണിത്.

(3) അവതാരത്തെപ്പറ്റിയും ആരിയർക്കെതിരെയും: ഈ കൃതി അത്തനാസ്യോസിന്റേതാണെന്ന് തിയഡൊറെറ്റ് പറയുന്നെങ്കിലും, ചിലർ സംശയം പ്രകടിപ്പിക്കുന്നു. *ആരിയർക്കെതിരായ പ്രഭാഷണം* എന്നാണു തിയഡൊറെറ്റ് ഇതിനെ വിളിക്കുന്നത്. ജലാസിയൂസ് ആകട്ടെ, *രണ്ടു സ്വഭാവങ്ങളെപ്പറ്റി* എന്ന തലക്കെട്ടിലാണ് ഇതേപ്പറ്റി കേട്ടിരുന്നത്. വേദപുസ്തകത്തിൽ നിന്ന് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വം തെളിയിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം.

**2. അയഥാർഥ താത്വിക കൃതികൾ**

പ്രശസ്തനായ അത്തനാസ്യോസിന്റെ പേരിൽ നിരവധി കൃതികൾ പ്രചരിച്ചു: (1) അപ്പൊള്ളിനാരിസിനെതിരെ തിരുഅവതാരത്തെപ്പറ്റി: ആരോ 380-നോടടുത്ത് എഴുതിയതാണിത്. ഭാഷയും ശൈലിയും അത്തനാസ്യോസിന്റേതല്ല. ഒരു കൃതിയായി കാണപ്പെടുന്നെങ്കിലും രണ്ടു സ്വതന്ത്രകൃതികൾ ഒന്നിച്ചു ചേർത്തു വച്ചിരിക്കുന്നു. (2) വിശ്വാസസംബന്ധമായ വലിയ പ്രതിപാദനം (*സെർമോ മായോർ ദെ ഫീദെ*): അത്തനാസ്യോസിന്റെ ആദ്യ കൃതികളോട് ഇതിനു സാമ്യം ഉണ്ട്. അദ്ദേഹത്തിന്റേതാണ് ഈ കൃതി എന്നു തിയഡൊറെറ്റ് പറയുന്നെങ്കിലും, അല്ലെന്നാണ് പൊതുമതം. ഒരുപക്ഷേ അദ്ദേഹത്തിന്റെ കൃതികളിൽ നിന്ന് ആരോ സമാഹരിച്ച് എഴുതിയതാകാം. അന്ത്യോക്യയിലെ ഒസ്താത്യോസോ, അൻസീറയിലെ മർസെല്ലൂസോ ആയിരിക്കാം ഇതിന്റെ കർത്താവ് എന്നു കരുതുന്നവരുമുണ്ട്. അർമേനിയൻ വിവർത്തനത്തിൽ മാത്രമേ ഈ കൃതി പൂർണമായി കൈവന്നിട്ടുള്ളു. (3) വിശ്വാസവിശകലനം (*എക്തെസിസ് പിസ്തെയോസ്*): ത്രിത്വോന്മുഖമായ ഒരു വിശ്വാസപ്രമാണവും അതിന്റെ വിശദീകരണവും ആണ് ഈ കൃതി. ഒസ്താത്യോസോ, മർസെല്ലൂസോ ആണ് കർത്താവ്. (4) വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനം: അലക്സാണ്ട്രിയായിലെ പീറ്ററോ, തിമോതിയോ എഴുതിയതാകാം എന്നു ചിലർ കരുതുമ്പോൾ, ഈജിപ്ത് തന്നെയാണോ ഉത്ഭവസ്ഥാനം എന്നു സംശയിക്കുന്നവരുമുണ്ട്. (5) ചർച്ചകൾ: *വിശുദ്ധ ത്രിത്വത്തെപ്പറ്റി അഞ്ചു സംവാദം: മാസിഡോണിയർക്കെതിരെ രണ്ടു സംവാദം.*- അലക്സാണ്ട്രിയായിലെ ദിദീമൂസിന്റെ ശൈലിയും ദൈവശാസ്ത്രവുമാണ് ഇതിൽ മുഴച്ചു നിൽക്കുന്നത്. അനോമയൻ, മാസിഡോണിയൻ, അപ്പൊള്ളിനാരിയൻ അബദ്ധോപദേശകർക്ക് എതിരായിട്ടാണ് ചർച്ചകൾ (6) അത്തനേഷ്യൻ വിശ്വാസപ്രമാണം *(Symbolum Athanasianum-Symbolum Quicunque)*: ഏഴാം നൂറ്റാണ്ടിനുമുമ്പ് ഇത് അദ്ദേഹത്തിന്റെ പേരോടു ചേർത്ത് ആരും പറഞ്ഞിരുന്നില്ല. എന്നാൽ പിൽക്കാലങ്ങളിൽ ഇത് അദ്ദേഹത്തിന്റേതായി പ്രചരിച്ചു. ഇതിന്റെ കർത്താവ് അദ്ദേഹമല്ല എന്ന ചിന്താഗതി 17-ാം നൂറ്റാണ്ടു മുതൽ പ്രബലപ്പെട്ടു വരുന്നു. ഇത് പാശ്ചാത്യലോകത്ത് ഗാള്ളിക്കൻ സഭയിൽ 5-ാം നൂറ്റാണ്ടിൽ ഉടലെടുത്തു. ഇതിന്റെ കർത്താക്കളായി പലരുടെയും പേരുകൾ നിർദേശിക്കപ്പെട്ടിട്ടുണ്ട്. മൂലകൃതി ലത്തീനും ഗ്രീക്കിലുള്ളത് വിവർത്തനവുമാണ്. പൗരസ്ത്യ സഭകൾ ഇതുപയോഗിക്കുന്നില്ല. എന്നാൽ ലത്തീൻ സഭയും ആംഗ്ലിക്കൻ സഭയും മറ്റു പ്രോട്ടസ്റ്റന്റ് സഭകളും ഇതിനെ പൂജ്യമായി കരുതുന്നു.



(7) സെവുഡോ-അത്തനാസ്യൻ ത്രിത്വകൃതികൾ: ആഫ്രിക്കൻ മെത്രാൻ വിജീലിയൂസിന്റെ കൃതികളുടെ കൂടെ ഇവ (12 എണ്ണം) പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ഇവ ഇവർ രണ്ടുപേരുടേതുമല്ല, പിന്നെയോ, പാശ്ചാത്യലോകത്തെ അറിയപ്പെടാത്ത ചില കർത്താക്കളുടെ ചെറുകൃതികളുടെ സമാഹാരമാണ്. 381-നു മുമ്പ് എഴുതപ്പെട്ടു എന്ന് എം. സിമൊണെററി കരുതുന്നു. ഈ കൃതികൾ അംബ്രോസും അഗസ്റ്റിനും ഉപയോഗിച്ചിട്ടുണ്ട്.

**3. ചരിത്രപരവും - താർക്കികവുമായ കൃതികൾ**

അപവാദങ്ങൾക്കെതിരായി പലപ്പോഴും ചരിത്രത്തിലേക്കും പാരമ്പര്യത്തിലേക്കും തിരിയുക അത്തനാസ്യോസിന് പതിവായിരുന്നു. അപവാദികളെ മിണ്ടടക്കിയശേഷം സത്യം തുറന്നു കാട്ടാനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.

(1) ആരിയർക്കെതിരെയുള്ള അപ്പോളജി: അദ്ദേഹം വിപ്രവാസത്തിൽ നിന്നു തിരിച്ചെത്തിയപ്പോൾ 357-ൽ എഴുതിയതാണിത്. ആരിയൻ പക്ഷക്കാർ അപവാദശരങ്ങൾ തൊടുത്തു വിടാൻ തുടങ്ങിയപ്പോൾ, തന്റെ നിലപാടു വ്യക്തമാക്കി. ചില സിനഡുകളുടെ തീരുമാനങ്ങൾ, പ്രധാനപ്പെട്ട ആളുകൾ അദ്ദേഹത്തെപ്പറ്റി പറഞ്ഞിരിക്കുന്നവ എന്നിവ ഉൾപ്പെടെ നിരവധി രേഖകൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആരിയൻ തർക്കത്തിന്റെ ചരിത്രം പഠിക്കാൻ ഇത് സഹായിക്കും. അത്തനാസ്യോസ് റോമിലേക്കു തിരിച്ചതിന്റെ തലേദിവസം മുതൽ അലക്സാണ്ട്രിയായിൽ തിരികെ എത്തുന്നതുവരെയുള്ള (339 -347) സംഭവങ്ങൾ (3-19 ഖണ്ഡികകൾ), 338-ൽ നടന്ന ഈജിപ്ഷ്യൻ സിനഡിന്റെ ലേഖനം, അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ്, അദ്ദേഹത്തിനെതിരായ അപവാദങ്ങൾ, തന്നെപ്പറ്റി മറ്റുള്ളവരുടെ സാക്ഷ്യങ്ങൾ (20-35), ഒരു റോമൻ സിനഡിന്റെ പേരിൽ അത്തനാസ്യോസിനെ ന്യായീകരിച്ചുകൊണ്ട് അന്ത്യോക്യയിലെ എവുസേബിയൻ വിഭാഗക്കാർക്ക് 340-ൽ ജൂലിയസ് പാപ്പാ എഴുതിയ കത്ത് എന്നിവ ഇതിൽ ഉൾപ്പെടുന്നു. സാർദിക്കാ സിനഡിന്റെ മൂന്നു

ലേഖനങ്ങൾ 36-50 അധ്യായങ്ങളിലുണ്ട്. ജൂലിയസ് പാപ്പായുടെ തീരുമാനത്തെ പിൻതാങ്ങിക്കൊണ്ടും അലക്സാണ്ട്രിയൻ സഭയെ പ്രോത്സാഹിപ്പിച്ചുകൊണ്ടും എഴുതിയതാണ് ഒന്ന്. മറ്റൊന്ന് ഈജിപ്തിലെയും ലിബിയായിലേയും മെത്രാന്മാർക്കുള്ളതാണ്. മൂന്നാമത്തേത്, സിനഡിന്റെ ചാക്രിക ലേഖനമാണ്. അതിൽ അത്തനാസ്യോസ്, മർസെല്ലൂസ്, അസ്ക്ലെപ്പാസ് എന്നിവരെ അവരുടെ രൂപതകളിൽ ഉറപ്പിച്ചുകൊണ്ടും ആരിയൻ നേതാക്കന്മാരെ സ്ഥാനഭ്രഷ്ടരാക്കിക്കൊണ്ടും സിനഡ് തീരുമാനമെടുത്ത കാര്യം അറിയിക്കുന്നതാണ്. കോൺസ്റ്റാൻസ്യൂസ്, ജൂലിയസ് പാപ്പാ, പലസ്തീനയിലെ മെത്രാന്മാർ, വാലെൻസ്, ഉർസാചിയസ് എന്നിവരുടെ കത്തുകൾ 51 മുതൽ 58 വരെ അധ്യായങ്ങളിൽ കാണാം. അത്തനാസ്യോസ് കുറെക്കൂടി പുരാതനരേഖകൾ രണ്ടാം ഭാഗത്ത് ഉദ്ധരിക്കുന്നു: 331-ലെ ഒരു രേഖ (59-68) ടയർ സിനഡിന്റെ (335) നടപടി (71-88), അതിനു ശേഷമുള്ള രേഖകൾ (84-88) എന്നിവ കാണാം. ഇറ്റലി, ഗോൾ, സ്പെയിൻ എന്നീ നാടുകളിലെ മെത്രാന്മാർ അത്തനാസ്യോസിനെ തള്ളിപ്പറയാതെ, അദ്ദേഹം സഹിച്ച ത്യാഗങ്ങൾ തുടർന്നു വിവരിക്കുന്നു (89-90). ലിബേരിയൂസ് പാപ്പായെയും ഹോസിയസിനെയും അത്തനാസ്യോസ് പേരെടുത്തു പറഞ്ഞിട്ടുണ്ട്.

(2) കോൺസ്റ്റാൻസ്യൂസിനുള്ള അപ്പോളജി: കോൺസ്റ്റാൻസ്യൂസ് അദ്ദേഹത്തിനെതിരെ ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ എഴുതിയതാണിത്.

(3) ഒളിച്ചോട്ടത്തിനുള്ള അപ്പോളജി: അത്തനാസ്യോസ് ഭീരുവായതിനാൽ ഒളിച്ചോടിപ്പോയി എന്ന ആരോപണത്തിനെതിരായി എഴുതിയത്.

(4) ആരിയൻ ചരിത്രം: ആരിയൻ ചിന്താഗതിക്കാരെ സഭയിൽ സ്വീകരിക്കാൻ 335-ലെ ജറുസലേം സിനഡ് തീരുമാനിച്ചു. ആ വർഷം മുതൽ 357 വരെയുള്ള ആരിയൻ ചരിത്രം ഇതിൽ വരച്ചുകാട്ടുന്നു. ക്രിസ്തുവിന്റെ ശത്രുവെന്നും പാഷണ്ഡതയുടെ രക്ഷാധികാരിയെന്നും അന്തിക്രിസ്തുവിന്റെ മുന്നോടിയെന്നുമൊക്കെ അദ്ദേഹം ചക്രവർത്തിയെ വിളിക്കുന്നു. സന്യാസികൾക്കുള്ള സമർപ്പണവും ബിഷപ്പ് സെറാപിയോനുള്ള ഒരു കത്തും ഇതിന്റെ ആരംഭത്തിലുണ്ട്.

**4. ഭാഷ്യകൃതികൾ**

ഭാഷ്യകൃതികളുടെ ചില ഭാഗങ്ങൾ കത്തേനകളിൽ അവശേഷിക്കുന്നതു മാത്രമേ കിട്ടിയിട്ടുള്ളു. അതുകൊണ്ട് അവയുടെ തീയതി നിർണയിക്കാൻ പ്രയാസമാണ്: (1) സങ്കീർത്തന വ്യാഖ്യാനത്തെക്കുറിച്ച് മർസെല്ലീനസിനുള്ള ലേഖനം: സങ്കീർത്തനങ്ങളുടെ ഉള്ളടക്കം, അവയുടെ ക്രിസ്തോന്മുഖ സ്വഭാവം, ഭക്തിപരമായ ഉപയോഗം എന്നിവയെപ്പറ്റി ഈ കൃതി ചർച്ച ചെയ്യുന്നു. സങ്കീർത്തനങ്ങളുടെ മാധുര്യം, സാർവത്രികത തുടങ്ങിയവ ഇതിൽ



വ്യക്തമാക്കുന്നു. ഭക്തിപൂർവം ധ്യാനിക്കുന്നതിനു സഹായകമായിട്ടാണ് ആരാധനക്രമത്തിൽ സങ്കീർത്തനങ്ങളുടെ ഉപയോഗം തുടങ്ങിയതെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. (2) സങ്കീർത്തനഭാഷ്യം: ഹെരാക്ലെയായിലെ നിസേറ്റസിന്റെ (11-ാം നൂറ്റാണ്ട്) കത്തേനയിലൂടെ ഇത് ഭാഗികമായി കൈവന്നിട്ടുണ്ട്. (3) സഭാപ്രസംഗകൻ, ഉത്തമഗീതം എന്നിവയുടെ ഭാഷ്യം: ഇവയെപ്പറ്റി ഫോസിയസിന്റെ സാക്ഷ്യം മാത്രമേ നമുക്കുള്ളു. (4) ഉത്പത്തി ഭാഷ്യം: ഇതിന്റെയും ശകലങ്ങളേ ലഭിച്ചിട്ടുള്ളു.

**5. ആധ്യാത്മികകൃതികൾ**

(1) വി.അന്തോണിയോസിന്റെ ജീവചരിത്രം

സന്യാസികളുടെ പിതാവായ ഈജിപ്തിലെ വി.അന്തോണിയോസിന്റെ ഒരു ജീവചരിത്രം 357-ൽ അത്തനാസ്യോസ് രചിച്ചു. സന്യാസികൾ ആവശ്യപ്പെട്ടതിനാലാണ് ഇതു രചിച്ചത്. ദൈവസേവനത്തിനു സ്വയം സമർപ്പിച്ചവർക്ക് അദ്ദേഹം ഇതിലൂടെ ഒരു മാതൃകാജീവിതം കാട്ടിക്കൊടുക്കുന്നു. അന്തോണിയോസിന്റെ ദർശനങ്ങളും അത്ഭുതങ്ങളുമല്ല, ജീവിതവിശുദ്ധിയത്രേ അനുകരിക്കേണ്ടതെന്ന് വായനക്കാരോട് ആവശ്യപ്പെടുന്നു. അന്തോണിയോസിനെപ്പറ്റി അദ്ദേഹത്തിന് നേരിട്ടറിവുണ്ടായിരുന്നു. ഈ ഗ്രന്ഥത്തിനു തന്റെ ജീവിതത്തിലുണ്ടായ സ്വാധീനത്തെപ്പറ്റി വി.അഗസ്റ്റിൻ തന്റെ ആത്മകഥയിൽ സൂചിപ്പിക്കുന്നു. വി. ജറോമിന് ഈ കൃതിയുടെ ഗ്രീക്കുപതിപ്പും ലത്തീൻ പതിപ്പും പരിചയമുണ്ടായിരുന്നു. ഇതിന്റെ സുറിയാനി, കോപ്റ്റിക് വിവർത്തനങ്ങളും നേരത്തെ തന്നെ ഉണ്ടായിട്ടുണ്ട്. പൊർഫീരിയെഴുതിയ പ്ലൊതീനുസിന്റെ ജീവചരിത്രവുമായി പലതിലും ഇതിനു സാമ്യമുണ്ട്. (മലയാള വിവിർത്തനത്തിന്: ജി.ചേടിയത്ത്, *സന്യാസത്തിന്റെ അന്തർധാര*, കോട്ടയം, 1992).

(2) കന്യാത്വത്തെപ്പറ്റി

ഒന്നിലേറെ പ്രാവശ്യം കന്യാത്വത്തെപ്പറ്റി അദ്ദേഹം ചർച്ചചെയ്തിട്ടുണ്ടെന്ന് ജറോം സാക്ഷിക്കുന്നു: *പെരി പാർതെനിയാസ്* എന്നൊരു കൃതി അദ്ദേഹത്തിന്റേതാണെന്നും അല്ലെന്നും പറയുന്നവരുണ്ട്. ക്രിസ്തുവിന്റെ മണവാട്ടി എങ്ങനെ വ്യാപരിക്കണമെന്നും എങ്ങനെ സ്വയം നിയന്ത്രിക്കണമെന്നും മറ്റും ഇതിൽ വിവരിക്കുന്നു. കന്യകകൾക്കു വേണ്ടിയുള്ള മനോഹരമായ പ്രാർഥനകളും ഇതിൽ കാണാം. *കന്യകകൾക്കുള്ള ലേഖനം* എന്നൊരു കൃതിയെപ്പറ്റി അന്ത്യോക്യയിലെ എഫ്രേം (+544) പരാമർശിക്കുന്നു. വി.അംബ്രോസ് ഈ ലേഖനം ഉപയോഗിച്ചിട്ടുണ്ട്. *ലോഗോസ് പെരി പാർതെനിയാസ്* എന്ന മറ്റൊരു കൃതിയുണ്ട്. സുറിയാനിയിൽ ഭാഗികമായും അർമേനിയനിൽ പൂർണമായും ഈ കൃതി ലഭിച്ചിട്ടുണ്ട്. മൂലം ഗ്രീക്കാണെന്നു

പൊതുവെ കരുതപ്പെടുന്നു. ഭവനങ്ങളിൽ കന്യകകളായി കഴിയുന്ന വർക്കുള്ള ഉപദേശങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. പൊതുവിനോദങ്ങളും പൊതുകളികളും മറ്റും ഉപേക്ഷിച്ച്, സങ്കീർത്തന പാരായണത്തിലും പ്രാർഥ നയിലും ചെലവഴിക്കാൻ അദ്ദേഹം കന്യകകളെ ഉപദേശിക്കുന്നു. ക്രിസ്തു വിന്റെ മണവാട്ടികളായി അവരെയും അദ്ദേഹം കാണുന്നു. പഴയനിയമത്തിൽ നിന്നു കന്യാത്വത്തിന്റെ ഉദാഹരണങ്ങൾ വരച്ചു കാട്ടുന്നു. ഇത് അദ്ദേഹത്തി ന്റേതാണെന്ന് ആറോ ഏഴോ നൂറ്റാണ്ടിലെ ഒരു സുറിയാനി കയ്യെഴുത്തുപ്രതി സാക്ഷിക്കുന്നു.

മേൽപറഞ്ഞ കയ്യെഴുത്തു പ്രതിയിൽ തന്നെ കന്യകകൾക്കുള്ള മറ്റൊരു കൃതിയുണ്ട്: ജറുസലേമിലേക്ക് പ്രാർഥിക്കാൻ പോകുകയും തിരിച്ചു വരികയും ചെയ്ത കന്യകകൾക്ക് അലക്സാണ്ഡ്രിയായിലെ ആർച്ചുബി ഷപ്പ് അത്തനാസ്യോസ് അയച്ച കത്ത് എന്ന തലക്കെട്ടു കാണാം. ബേത്‌ല ഹേം, ജറുസലേം ആദിയായ വിശുദ്ധ സ്ഥലങ്ങളിൽ നിന്നു തിരിച്ചുവന്നെ ങ്കിലും വിശുദ്ധജീവിതം വഴി എന്നും ക്രിസ്തുവുമായി ഒന്നുചേർന്നു ജീവി ക്കാൻ സാധിക്കുമെന്ന് ഒന്നാം ഭാഗത്ത് അവർക്കെഴുതുന്നു. രണ്ടാം ഭാഗം കന്യാത്വത്തെപ്പറ്റിയാണ്. കന്യാത്വജീവിതത്തിന്റെ വിവിധ വശങ്ങളെപ്പറ്റി വിശദമായി ഇവിടെ ചർച്ചചെയ്യുന്നു. അവിവാഹിതരും അർപ്പിതജീവിതക്കാ രുമായ സ്ത്രീപുരുഷന്മാർ ഒരേ ഭവനത്തിൽ ഒന്നിച്ചു താമസിക്കുന്ന പതി വിനെ അദ്ദേഹം കർശനമായി വിലക്കുന്നു. പിശാചിനെതിരെ കരുതൽ ഉ ള്ളവരായിരിക്കാൻ അവരെ ഉപദേശിക്കുന്നു. സഭയിൽ മാന്യമായും ഉചിത മായും പെരുമാറാൻ കന്യകകൾ ശ്രദ്ധിക്കണം. സംസാരത്തിൽ സ്നേഹം മുറ്റിനിൽക്കണം എന്നു തുടങ്ങിയ ഉപദേശങ്ങളും നൽകുന്നു. അതോടു ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്ന ചില കൃതികൾ കൂടി അദ്ദേഹ ത്തിന്റെ പേരിൽ പ്രചരിക്കുന്നുണ്ട്.

(3) മറ്റ് ആധ്യാത്മിക കൃതികൾ

*രോഗം, ആരോഗ്യം എന്നിവയെപ്പറ്റി* എന്നൊരു കൃതി കോഡക്സ് വത്തിക്കാൻ 2000-ലുണ്ട് (750-850 ലേത്). അതുപോലെ ബ്രിട്ടീഷ് മ്യൂസിയ ത്തിലും മാൻചെസ്റ്ററിലെ ജോൺ റൈലൻഡ് ലൈബ്രേറിയിലുമുള്ള ചില കയ്യെ ഴുത്തു പ്രതികളും അത്തനേഷ്യൻ ഉത്ഭവം അവകാശപ്പെടുന്നു. ഇവ ക്രൈസ്തവ ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിൽ മിതത്വം ആവശ്യ പ്പെടുന്നു. ഇവയിൽ നിന്നു ഷെനൂദായുടെ ശിഷ്യനായ ബേശാ ഉദ്ധരിക്കു കയും അത്തനാസ്യോസിന്റേതാണെന്നു സാക്ഷിക്കയും ചെയ്യുന്നു.

(4) പ്രസംഗങ്ങൾ: കോപ്റ്റിക്, സുറിയാനി കയ്യെഴുത്തു പ്രതികളിൽ അദ്ദേഹത്തിന്റേതായി നിരവധി പ്രസംഗങ്ങൾ ലഭിച്ചിട്ടുണ്ട്. അവയിൽ പലതും അദ്ദേഹത്തിന്റേതല്ല.



**6. കത്തുകൾ**

അത്തനാസ്യോസിന്റെ നിരവധി കത്തുകളിൽ വളരെ കുറച്ചേ നമുക്കു കിട്ടിയിട്ടുള്ളു. മിക്കതും ഔദ്യോഗിക കാര്യങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ആരിയനിസത്തെപ്പറ്റിയും നാലാം നൂറ്റാണ്ടിലെ ദൈവശാസ്ത്ര വികസന ത്തെപ്പറ്റിയും അറിയുന്നതിന് ഈ കത്തുകൾ സഹായകമാണ്.

*(1) ഫെസ്റ്റൽ കത്തുകൾ*

ദനഹാ കഴിഞ്ഞ് വലിയ നോമ്പു തുടങ്ങുന്നതിനു മുമ്പ് ഉയർപ്പു തിരു നാൾ തീയതി അറിയിച്ചുകൊണ്ട് ഈജിപ്തു മുഴുവനുമുള്ള മെത്രാന്മാർക്ക് ലേഖനം അയക്കുന്നത് മൂന്നാം നൂറ്റാണ്ടിൽ അലക്സാണ്ട്രിയൻ മെത്രാന്മാ രുടെ പതിവായിരുന്നു. നോമ്പ് ആചരിക്കുന്ന വിധം, ദാനധർമം, കൂദാശക ളുടെ സ്വീകരണം തുടങ്ങിയവയ്ക്ക് പ്രേരിപ്പിക്കാനും, അതാതവസരങ്ങളിൽ സഭയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ, സംഭവവികാസങ്ങൾ എന്നിവയെ സംബ ന്ധിച്ച് ഈജിപ്തു മുഴുവനെയും അറിയിക്കാനും ഈ കത്തുകൾ ഉപകരി ച്ചു. ദിവന്നാസ്യോസാണ് ആദ്യം ഈ വിധം കത്തയക്കാൻ തുടങ്ങിയത്. അത്തനാസ്യോസ് ആ പാരമ്പര്യം തുടർന്നു. വിപ്രവാസത്തിൽ നിന്നും അത്തനാസ്യോസ് കത്തുകൾ അയച്ചിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ഈ കത്തുകൾ ഒന്നിച്ചുചേർത്തു പ്രസിദ്ധീകരിച്ചു. ഗ്രീക്കിൽ ചില ഭാഗങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. 329 മുതൽ 348 വരെയുള്ള വർഷങ്ങളിലെ കത്തുകളിൽ സുറിയാനിയിൽ 13 എണ്ണവും കോപ്തിക്കിൽ 17 എണ്ണവും പൂർണമായി ലഭിച്ചിട്ടുണ്ട്. 367-ൽ എഴുതിയ *39-ാം ലേഖനം* വളരെയധികം ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. അതിൽ ബൈബിൾ ഗ്രന്ഥങ്ങളുടെ പട്ടിക നൽകു ന്നു. ചിലയാളുകൾ അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ ചമയ്ക്കുകയും അവ ബൈബിളിൽ ചേർക്കാൻ ശ്രമിക്കുകയും ചെയ്തപ്പോൾ അതിൽനിന്ന് അവരെ പിൻതിരിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. പുതിയ നിയമത്തിലെ 27 ഗ്രന്ഥങ്ങൾ, പലസ്റ്റീനിയൻ ഹീബ്രുകാനനിലെ പഴയനിയമം എന്നിവ മാത്രമേ അത്തനാസ്യോസ് അംഗീകരിച്ചുള്ളു. ഗ്രീക്കുകാനനിൽ ശേഷിക്കുന്നവ ആധ്യാത്മിക പാരായണത്തിന് ഉപയോഗിക്കാം; എന്നാൽ ബൈബിളിൽ വേണ്ട എന്ന് അദ്ദേഹം ചിന്തിച്ചിരുന്നു.

*(2) സിനഡൽ കത്തുകൾ*

(1) അന്ത്യോക്യൻ ജനങ്ങൾക്കുള്ള കത്ത്: അലക്സാണ്ട്രിയൻ സിന ഡിന്റെ (362) നാമത്തിലാണ് ഈ കത്ത്. ശാന്തിയും ഐക്യവും കൈവരു ത്താൻ ഏറ്റവും ഉചിതമായ വഴികൾ തെരഞ്ഞെടുക്കണമെന്ന് അന്ത്യോക്യ യിലെ ജനങ്ങളെ അദ്ദേഹം അറിയിക്കുന്നു. നിഖ്യാസൂനഹദോസ് സ്വീകരി ക്കുന്നതിനു പുറമേ ആരിയൻ പാഷണ്ഡത പൂർണമായി ഉപേക്ഷിക്കുക

എന്നതൊഴിച്ച് മറ്റൊന്നും ഐക്യം കാംക്ഷിക്കുന്നവരിൽ നിന്ന് ആവശ്യപ്പെടരുതെന്ന് നിർദേശിക്കുന്നു. (2) വിശ്വാസം സംബന്ധിച്ച് ജോവിയൻ ചക്രവർത്തിക്കുള്ള കത്ത്: അലക്സാണ്ട്രിയൻ സിനഡിന്റെ (363) നിർദേശപ്രകാരം സത്യവിശ്വാസത്തിന്റെ ഒരു വിശദീകരണം എഴുതി ജോവിയന് അയച്ചുകൊടുത്തു. (3) ആഫ്രിക്കൻ മെത്രാന്മാർക്കുള്ള കത്ത്: അലക്സാണ്ട്രിയൻ സിനഡിൽ (369) സന്നിഹിതരായ 90 ഈജിപ്ഷ്യൻ-ലിബിയൻ മെത്രാന്മാരുടെ നാമത്തിൽ ആഫ്രിക്കൻ മെത്രാന്മാർക്കുള്ള കത്താണിത്. ആരിയനിസത്തിന്റെ വളർച്ച തടയാൻ വേണ്ടിയാണ് ഇതെഴുതിയത്.

*(3) ചാക്രികലേഖനങ്ങൾ*

(1) ലോകം മുഴുവനുമുള്ള മെത്രാന്മാർക്കുള്ള ലേഖനം: ഗ്രിഗറിയെന്ന ആരിയൻ മെത്രാൻ അലക്സാണ്ഡ്രിയായിൽ നിയമിക്കപ്പെട്ടപ്പോൾ അയാൾക്കെതിരെ തന്റെ പക്ഷത്തു നിൽക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് അത്തനാസ്യോസ് 339-ൽ എല്ലാ കത്തോലിക്കാ മെത്രാന്മാർക്കും എഴുതിയതാണിത്. (2) ഈജിപ്തിലും ലിബിയായിലുമുള്ള മെത്രാന്മാർക്കുള്ള ലേഖനം: 356 ഫെബ്രുവരി 9-ന് അത്തനാസ്യോസ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. 357 ഫെബ്രുവരി 24-നാണ് ആരിയൻ മെത്രാൻ ജോർജ് ചാർജെടുത്തത്. ഇതിനിടയിലാണ് ഇതെഴുതിയത്. ആരിയനിസത്തിനെതിരെ എല്ലാവരെയും ബോധവാന്മാരാക്കിക്കൊണ്ട്, നിഖ്യായെ മുറുകെ പിടിക്കാൻ ഉപദേശിക്കുന്നു.

*(4) ദൈവശാസ്ത്രപരവും താർക്കികവുമായ കത്തുകൾ*

ഇത്തരം കത്തുകളെല്ലാം ആരിയനിസത്തിനെതിരായിട്ടാണ്. (1) പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള നാല് കത്തുകൾ 359/360-ൽ ത്മൂയിസിലെ സെറാപിയോന് എഴുതിയവയാണ്. ആരിയനിസം ഉപേക്ഷിച്ച ചിലയാളുകൾ പരിശുദ്ധാത്മാവിനെപ്പറ്റി തെറ്റായ പ്രബോധനങ്ങൾ വച്ചുപുലർത്തി. അവരെക്കുറിച്ചു സെറാപിയോൻ അത്തനാസ്യോസിനെഴുതി. അതിനു മറുപടിയായിട്ടാണിവ. ഇവയ്ക്കു പുറമെ സെറാപിയോന് എഴുതിയ മറ്റു രണ്ടു കത്തുകളും കൈവന്നിട്ടുണ്ട്. ഫെസ്റ്റൽ കത്തുകളുടെ കൂട്ടത്തിലുള്ള ഒന്ന് 339-ലും മറ്റത് 356-നും 358-നും ഇടയ്ക്കും എഴുതിയതും ആരിയസിന്റെ മരണത്തെപ്പറ്റി പ്രതിപാദിക്കുന്നതുമാണ്.

(2) കൊറിന്തോസിലെ എപ്പിക്ടെറ്റസിനുള്ള കത്ത് (*എപ്പിസ്തുളാ ആദ് എപ്പിക്തെത്തും എപ്പിസ്കോപ്പും കോറിന്തി*): ചരിത്രപുരുഷനായ ക്രിസ്തുവും നിത്യനായ പുത്രനും തമ്മിലുള്ള ബന്ധം ഇതിൽ ചർച്ചാവിഷയമാക്കുന്നു. കൊറിന്തോസ് രൂപതയിൽ ഉടലെടുത്ത ചില പ്രശ്നങ്ങളെ സംബന്ധിച്ച് എപ്പിക്ടെറ്റസ് അത്തനാസ്യോസിനെഴുതി. ഡോസെറ്റിക് വീക്ഷണഗതിയുള്ള ആരിയൻ - അപ്പൊള്ളിനാരിയൻ സംശയങ്ങളാണ് രൂപ



തയിൽ ഉയർന്നു വന്നത്. അതിനുള്ള വിശദീകരണമാണിത്. പിൽക്കാലത്ത് ക്രിസ്തുശാസ്ത്ര തർക്കങ്ങളിൽ ഈ കത്ത് വളരെ പ്രാമാണ്യത്തിലെത്തി.

(3) അഡെൽഫിയുസിനുള്ള കത്ത്: നിഖ്യായുടെ ക്രിസ്തുശാസ്ത്രം സൃഷ്ടിയാരാധനയിലേക്കു നയിക്കുന്നെന്ന് ചില ആരിയന്മാർ വാദിച്ചു. അതിനു മറുപടിയായി 370/1-ൽ അഡെൽഫിയുസിന് അയച്ചതാണിത്.

(4) മാക്സിമുസിനുള്ള കത്ത്: ക്രിസ്തു ദൈവത്തിന്റെ ദത്തുപുത്രനാണ് എന്ന ആരിയൻ വീക്ഷണത്തെ എതിർത്ത് സത്യവിശ്വാസം ഉയർത്തിപ്പിടിച്ച മാക്സിമുസ് എന്ന താത്വികനെ അത്തനാസ്യോസ് ഈ കത്തിലൂടെ പ്രശംസിക്കുന്നു.

(5) നിഖ്യാ സൂനഹദോസിന്റെ ഡിക്രികളെ സംബന്ധിച്ച കത്ത്: ഈ കത്തിലൂടെ നിഖ്യാവിശ്വാസപ്രമാണത്തെ ന്യായീകരിക്കുന്നു. സത്തയിൽനിന്ന് (*എക് തേസ് ഉസിയാസ്*) സമസത്ത (*ഹോമോഉസിയോസ്*) എന്നീ പദങ്ങളുടെ പ്രയോഗത്തെയും ന്യായീകരിക്കുന്നു. വി. ഗ്രന്ഥത്തിലെ പ്രബോധനങ്ങൾക്കു വിരുദ്ധമല്ല ഈ പദപ്രയോഗങ്ങളെന്ന് വ്യക്തമാക്കുന്നു. റോമിലെ ദിവന്നാസ്യോസ്, ഒരിജൻ, തെയോഗ്നോസ്റ്റസ് എന്നിവർക്ക് ഇത് പരിചിതമായിരുന്നു. നിഖ്യാസൂനഹദോസിന്റെ നടപടികൾ ഗ്രഹിക്കാൻ ഈ കത്ത് സഹായകമാണ്.

(6) റിമിനി, സെലൂഷ്യ സിനഡുകളെ സംബന്ധിച്ച കത്ത്: ഇറ്റലിയിലെ റിമിനി, ഇസൗറിയായിലെ സെലൂഷ്യ എന്നിവിടങ്ങളിൽ വച്ച് 359-ൽ രണ്ടു സിനഡുകൾ നടന്നു. ഈ രണ്ടു സിനഡുകളുടെ നടപടിക്രമങ്ങൾ, ഇവയുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ ഇതിൽ ചർച്ച ചെയ്യുന്നു.

(7) റുഫിയാനുസിനുള്ള കത്ത്: ആരിയനിസത്തിൽ നിന്നു തിരികെ വരുന്നവരെ സഭയിൽ ചേർക്കുന്നതിനുള്ള നിബന്ധനകളെപ്പറ്റി ആരാഞ്ഞുകൊണ്ട് റൂഫിയാനുസ് 362-ൽ എഴുതിയതിന് മറുപടിയായിട്ടാണ് ഈ കത്ത്. ഗ്രീക്ക് കാനോനിക സമാഹാരത്തിൽ ഇതും ഉൾപ്പെടുന്നു.

(8) സന്യാസികൾക്കുള്ള കത്ത്: ഏകാന്തജീവിതക്കാരായ സന്യാസികളുടെ ഇടയിൽ ചിലയാളുകൾ ചുറ്റിക്കറങ്ങി ആരിയനിസം പ്രചരിപ്പിക്കുന്നതായി അത്തനാസ്യോസ് കേട്ടു. അതിനെതിരായിട്ടാണ് ഈ കത്ത്.

*(5) ആധ്യാത്മിക കത്തുകൾ*

(1) ആമൂനുള്ള കത്ത്: സന്യാസിയായ ആമൂന് എഴുതിയ കത്തിൽ (356) സംശയഗ്രസ്തരായ ചില സന്യാസികളെ ശാന്തമാക്കാൻ അദ്ദേഹം ശ്രമിക്കുന്നു.(2)ഡ്രാക്കോൻസ്യൂസിനുള്ള കത്ത്: മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഡ്രാക്കോൻസ്യൂസ് എന്ന സന്യാസശ്രേഷ്ഠൻ

വിസമ്മതം പറഞ്ഞു. മെത്രാൻസ്ഥാനം സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് അത്തനാസ്യോസ് എഴുതി. ഡ്രാക്കോൻസ്യൂസ് അത്തനാസ്യോസിന്റെ പ്രേരണ സ്വീകരിച്ച് മെത്രാനായി. – മുകളിൽ പ്രതിപാദിച്ചവയ്ക്കു പുറമേ മറ്റു ചില കത്തുകൾകൂടി അത്തനാസ്യോസിന്റേതാണോ എന്ന് സംശയിക്കപ്പെടുന്നു. അവയെപ്പറ്റി വിവിധാഭിപ്രായങ്ങൾ നിലവിലുണ്ട്.

**ദൈവശാസ്ത്രം**

അത്തനാസ്യോസ് ഒരു ശാസ്ത്രീയ പ്രതിപാദകനായിരുന്നില്ല. ദൈവശാസ്ത്ര ശാഖകൾ വികസിപ്പിച്ചെടുക്കാനോ, താത്വികമായി പുതിയ സംഭാവനകൾ നൽകാനോ അദ്ദേഹം മെനക്കെട്ടില്ല. തെർത്തുല്യനെ പോലെ പുതിയ ദൈവശാസ്ത്രപദങ്ങളും അദ്ദേഹം ഉണ്ടാക്കിയില്ല. എന്നാൽ നാലാം നൂറ്റാണ്ടിലെ ദൈവശാസ്ത്രചരിത്രം അത്തനാസ്യോസിന്റെ ചരിത്രമാണെന്ന് തീർത്തു പറയാം. ആരിയസിലും പിൻഗാമികളിലും മറഞ്ഞിരുന്ന ഹെല്ലനീകരണത്തിന്റെ അപകടത്തിൽ നിന്നു പരമ്പരാഗത ദൈവശാസ്ത്രത്തെ അദ്ദേഹം കാത്തുസൂക്ഷിക്കയും അതിന്റെ വക്താവായി മാറുകയും ചെയ്തു. കർത്താവിൽ നിന്ന് കിട്ടിയതും അപ്പസ്തോലന്മാർ പ്രസംഗിച്ചതും പിതാക്കന്മാർ കാത്തു സൂക്ഷിച്ചതുമായ പാരമ്പര്യങ്ങളും പ്രബോധനങ്ങളും ആരംഭം മുതലുള്ള കത്തോലിക്കാ സഭയുടെ വിശ്വാസവും വ്യക്തമാക്കുകയും പഠിപ്പിക്കുകയും ചെയ്യുകയായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. എല്ലാറ്റിനുമുപരി വിശ്വാസത്തെ അദ്ദേഹം മുറുകെ പിടിച്ചു. അതു കഴിഞ്ഞേ താത്വിക വിചിന്തനങ്ങൾക്കും വാദപ്രതിവാദങ്ങൾക്കും സ്ഥാനമുണ്ടായിരുന്നുള്ളു. ബുദ്ധികൊണ്ടു മാത്രം തന്നെപ്പറ്റിയും പ്രാപഞ്ചിക യാഥാർഥ്യങ്ങളെപ്പറ്റിയും പൂർണമായി ഗ്രഹിക്കാൻ തികച്ചും അശക്തനായ മനുഷ്യൻ അവാച്യമായ ദൈവികസത്തയുടെ ആഴം എങ്ങനെ ഗ്രഹിക്കുമെന്ന് അദ്ദേഹം ചോദിക്കുന്നു.

സ്വഭാവം കൊണ്ടും കഴിവു കൊണ്ടും അദ്ദേഹം ഒരു താർക്കികനായിരുന്നു. എന്നാൽ വെറും ഫോർമുലകളെക്കാൾ ആശയത്തിനത്രേ അദ്ദേഹം പ്രാധാന്യം കൊടുത്തത്. സുവിശേഷ സത്യത്തിന് എന്തെങ്കിലും കോട്ടം വരാൻ സാധ്യതയുള്ള സാഹചര്യങ്ങളിലെല്ലാം ഗ്രീക്ക് തത്വശാസ്ത്രം മാറ്റി വച്ചിട്ട്, സുവിശേഷത്തിന്റെ ഋജുവും ലളിതവും വസ്തുനിഷ്ഠവുമായ സത്യം മുറുകെ പിടിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു.

**1. ത്രിത്വം**

പിതൃപുത്രബന്ധം, പിതാവിൽ നിന്നുള്ള പുത്രന്റെ ജനനം എന്നിവ തന്റെ മുൻഗാമികൾ പഠിപ്പിച്ചതിനേക്കാൾ കുറേക്കൂടി വ്യക്തമായും ആഴമായും അത്തനാസ്യോസ് സ്വതസിദ്ധമായ ശൈലിയിൽ പഠിപ്പിച്ചു. സെറാപിയോനുള്ള ആദ്യകത്തിൽ അദ്ദേഹം പറയുന്നു: ''വിശുദ്ധവും പൂർണവുമായ ഒരു ത്രിത്വമുണ്ട് (*ട്രിയാഡ്*). പുറത്തു നിന്നുള്ളതും വൈദേശികമായതും ഒന്നും അതിൽ കലർത്തപ്പെട്ടിട്ടില്ല. സൃഷ്ടിക്കപ്പെട്ടതും ജനിച്ചതുമായ ഒന്നാലും ഉണ്ടാക്കപ്പെട്ടതല്ലത്. പിന്നെയോ, മുഴുവൻ സൃഷ്ടിക്കുന്നതാണ്. അതിനെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന് ദൈവമായി നാം പ്രഖ്യാപിക്കുന്നു. അത് സുസ്ഥിതമാണ്. സ്വഭാവത്തിൽ അവിഭക്തമാണ്. അതിന്റെ പ്രവർത്തനം ഒന്നാണ്. പിതാവ് പുത്രൻവഴി പരിശുദ്ധമായ ത്രിത്വത്തിന്റെ ഐക്യം പരിപാലിക്കപ്പെടുന്നു. അപ്രകാരം ഏകദൈവം സഭയിൽ പ്രസംഗിക്കപ്പെടുന്നു. അവൻ എല്ലാറ്റിനും മീതെയും (എഫേ.4,6) എല്ലാറ്റിലൂടെയുമാകുന്നു; ആരംഭവും മൂലവും പിതാവുമായി എല്ലാറ്റിനും മീതെയാകുന്നു. നാമത്തിലും സംസാരരീതിയിലും മാത്രമല്ല ത്രിത്വം; സത്യത്തിലും യാഥാർഥ്യത്തിലും അങ്ങനെയാകുന്നു. പിതാവ് സ്ഥിതനാകുന്നതുപോലെ, അവന്റെ വചനവും സ്ഥിതവും എല്ലാറ്റിന്മീതെ ദൈവവുമാകുന്നു. പരിശുദ്ധാത്മാവും യഥാർഥ അസ്തിത്വമില്ലാതെയല്ല, പിന്നെയോ സ്ഥിതി ചെയ്യുന്നു; അവന് യഥാർഥമായ അസ്തിത്വമുണ്ട്. ഇതിൽ നിന്നു വ്യത്യസ്തമായി കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല.''

''വചനം എന്ന മാധ്യമം വഴിയേ പിതാവിന് സൃഷ്ടിക്കാൻ കഴിയൂ. വചനം ആദ്യസൃഷ്ടിയാണ്. പരിശുദ്ധാത്മാവ് വചനത്തിന്റെ ആദ്യസൃഷ്ടിയാണ്''എന്നൊക്കെ ആരിയസ് പഠിപ്പിച്ചു. അത് നെയോപ്ലറ്റോണിക്ക് ചിന്തയാണ്. അത്തനാസ്യോസിന്റെ വിശദീകരണം പ്രസ്തുത ചിന്താധാര പാടെ തള്ളിക്കളയുന്നു. ദൈവം ഏകനാണ്. മൂന്നാളുകളിൽ സ്ഥിതിചെയ്യുന്നു. ഏകനും അദ്വിതീയനും മൂന്നാളുകളിൽ സ്ഥിതി ചെയ്യുന്നവനുമായ ദൈവം സൃഷ്ടികർമം നടത്തി.

ആരിയസ് വചനത്തെയും പരിശുദ്ധാത്മാവിനെയും സൃഷ്ടികളുടെ പക്ഷത്തു ചേർത്തു. അത്തനാസ്യോസാകട്ടെ, ദൈവമായിരിക്കുന്നതുപോലെ ദൈവികപക്ഷത്ത് വചനത്തെയും പരിശുദ്ധാത്മാവിനെയും കണ്ടു. വചനം സൃഷ്ടിയല്ല, ജനിച്ചവനാണ്. ആരിയസ് പറഞ്ഞു: ''പുത്രൻ പിതൃമനസിൽ നിന്ന് ഉടലെടുത്ത സൃഷ്ടിയാണ്.'' അത്തനാസ്യോസാകട്ടെ അതിനെതിരെ, ''പുത്രൻ എന്നു പറഞ്ഞാൽ, ജനിപ്പിക്കൽ എന്ന പ്രക്രിയയാണ് അർഥമാക്കുന്നത്'' എന്നു വാദിച്ചു. ''പിതൃമനസിൽ നിന്നല്ല, പിതൃസത്തയിൽ നിന്നാണു പുത്രൻ. ജനിപ്പിക്കൽ സ്വഭാവത്തിന്റെ പ്രവൃത്തിയാണ്; മനസിന്റെ പ്രവൃത്തിയല്ല. ഇക്കാരണത്താൽ പുത്രനെ സൃഷ്ടിയെന്നു പറയാൻ പാടില്ല. പിതാവിനോടു കൂടെ പിതാവിന്റെ ദൈവത്വത്തിന്റെ പൂർണത പുത്രനുമുണ്ട്. പുത്രൻ പൂർണമായി ദൈവമാണ്. പ്രകാശത്തിൽ നിന്നുള്ള പ്രകാശമാണ്. സൂര്യനിൽ നിന്നു വെളിച്ചം പരക്കുന്നതു പോലെയാണവൻ. ഈ താരതമ്യം അദ്ദേഹം പല പ്രാവശ്യം ആവർത്തിക്കുന്നു. പിതാവിനെപ്പോലെ

പുത്രനും നിത്യനാണ്. പിതാവും പുത്രനും രണ്ടാളുകളാകുന്നു. എന്നാൽ ഒന്നാകുന്നു. ഞാനും എന്റെ പിതാവും ഒന്നാകുന്നു; എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു തുടങ്ങിയ വാക്യങ്ങൾ പിതാവിനും പുത്രനുമുള്ള ഒരേ സ്വഭാവമത്രേ വ്യക്തമാക്കുന്നത്.''

''അവർ ഒന്നാകുന്നു. ഒരു വസ്തു രണ്ടു ഭാഗങ്ങളായി വിഭജിക്കപ്പെട്ട തുപോലെയല്ല. ഇതങ്ങനെയല്ല, പൂർണമായി ഒന്നാകുന്നു. ഒരു വസ്തു രണ്ടായി പേർ പറയപ്പെടുന്നതുമല്ല. അതായത്, ഒരാൾ തന്നെ ഒരിക്കൽ പിതാവായും പിന്നൊരിക്കൽ തന്റെ തന്നെ പുത്രനായും വരുന്നതല്ല. ഇങ്ങനെ പഠിപ്പിച്ച സബെല്ലിയസ്, പാഷണ്ഡി എന്നു വിധിയെഴുതപ്പെട്ടല്ലോ. എന്നാൽ അവർ രണ്ടാകുന്നു. കാരണം, പിതാവ് പിതാവാകുന്നു. അവൻ പുത്രനല്ല. പുത്രൻ പുത്രനാണ്, പിതാവല്ല. എന്നാൽ സ്വഭാവം *(ഫ്യൂസിസ്)* ഒന്നാകുന്നു...... പിതാവിനുള്ളതെല്ലാം പുത്രനുമുണ്ട്. അതുകൊണ്ട് പുത്രൻ മറ്റൊരു ദൈവമല്ല; കാരണം, അവൻ പുറത്തു നിന്നൊന്നും ലഭിച്ചവനല്ല. പിതാവിൽ നിന്നു വ്യത്യസ്തമായൊരു ദൈവത്വം പുറത്തു നിന്ന് അവന് ലഭിച്ചതല്ല. സന്തതി എന്ന നിലയിൽ പുത്രൻ പിതാവിൽ നിന്നു വ്യത്യസ്തനാണെങ്കിലും, ദൈവത്വത്തിൽ അവർ ഒന്നാകുന്നു. ഗുണവിശേഷങ്ങളിലും സ്വഭാവത്തിന്റെ പ്രത്യേകതകളിലും അവനും പിതാവും ഒന്നാകുന്നു. അതുപോലെ, നേരത്തെ പറഞ്ഞതുപോലെ, ഒരേ ദൈവത്വത്തിന്റെ സമത്വത്തിലും ഒന്നാകുന്നു. കാരണം, കിരണവും പ്രകാശവും സൂര്യനിൽ നിന്ന് തരംതാഴ്ന്നതല്ല; വ്യത്യസ്തമായ പ്രകാശവുമല്ല. അതിൽ നിന്നുള്ള ഭാഗഭാഗിത്വവുമല്ല. പിന്നെയോ അതിന്റെ പൂർണവും സ്വന്തവുമായ സന്തതിയാകുന്നു. ഇത്തരമൊരു സന്തതി അവശ്യാവശ്യം ഒരു പ്രകാശമായിരിക്കണം. അവ രണ്ടും രണ്ട് പ്രകാശമാണെന്ന് ആരും പറയാറില്ല. സൂര്യനും കിരണവും രണ്ടാണെങ്കിലും ഒന്നു തന്നെയാണ്. സൂര്യനിൽ നിന്നുള്ള പ്രകാശം കിരണത്താൽ എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്നു. അതുപോലെ പുത്രന്റെ ദൈവത്വം പിതാവിന്റേതാണ്. അതുകൊണ്ട് അത് അവിഭാജ്യമാണ്. അക്കാരണത്താൽ ഒരു ദൈവമേയുള്ളു. അവനല്ലാതെ മറ്റാരുമില്ല. അവർ ഒന്നും ദൈവത്വം ഏകവുമായതിനാൽ, പിതാവിനെപ്പറ്റി പറയുന്നതൊക്കെ പുത്രനെപ്പറ്റി പറയാം. എന്നാൽ അവൻ പിതാവാണെന്ന് പറയാൻ പാടില്ല. മറ്റെല്ലാം പറയാം.''

''ഒരു പുത്രനേ പാടുള്ളു. രണ്ടില്ല. പിതൃത്വത്തിനു മാത്രം മതി. മാനുഷിക ജനനത്തിൽ നിന്നു തികച്ചും വ്യത്യസ്തമാണ് ദൈവികജനനം. ദൈവത്തിന് മനുഷ്യനെ പോലെ ശരീരമോ ഭാഗമോ ഇല്ല. വിഭജനമോ, വികാരമോ കൂടാതെയാണ് ദൈവം പുത്രന്റെ പിതാവായിരിക്കുന്നത്. അവൻ ഏകജാതന്റെ പിതാവാണ്. അവൻ മാത്രം പിതൃമാർവിടത്തിൽ വസിക്കുന്നു. അവനെ മാത്രം പിതാവ് അംഗീകരിച്ചു. ഇവനെന്റെ പ്രിയസുതൻ; ഇവനിൽ ഞാൻ സംപ്രീതൻ (മത്താ.3:17). അവൻ വചനമായതിനാൽ തികച്ചും ശ്രേഷ്ഠമായ രീതിയിലാണ് ഇത് സംഭവിച്ചിരിക്കുന്നത്.''



''സബോർഡിനേഷനിസത്തിന് ഇവിടെ സ്ഥാനമില്ല. *എന്റെ പിതാവ് എന്നേക്കാൾ വലിയവനാകുന്നു* എന്നു പുത്രൻ പറയുമ്പോൾ, പിതാവ് ഉത്ഭവവും പുത്രൻ അവനിൽ നിന്നുള്ളവനും എന്നേ അർഥമുള്ളു. അവൻ പിതാവിന്റെ സത്തയിൽ നിന്നു നിത്യതയിലേ ജനിച്ചവനാണ് (*എക് തേസ് ഉസിയാസ് തൂ പത്രോസ്*). അവൻ പിതാവിനോടുകൂടെ സമസത്തയാണ് (*ഹോമോഉസിയോസ്). ഹോമോയ്ഓസ്* എന്ന പദം തികച്ചും അപര്യാപ്തമാണ്. സ്വഭാവത്തിൽ സാദൃശ്യമുണ്ട് (*ഹൊമോയ്ഓസ് കത് ഉസിയാൻ*) എന്നു പറയുന്നതും സത്തയിൽ നിന്നുള്ള സത്ത (*എക് തേസ് ഉസിയാസ്*) എന്നു പറയുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. അതുകൊണ്ട് സമസത്ത (*ഹോമോഉസിയോസ്*) എന്ന പദം തന്നെ ഉപയോഗിക്കണം.''

### 2. വചനവും മനുഷ്യരക്ഷയും

വചനത്തെ സംബന്ധിച്ച അത്തനാസ്യൻ പ്രബോധനത്തിന്റെ നാരായവേര് മനുഷ്യരക്ഷയാണ്: ''നാം ദൈവം ആകുവാൻ അവൻ മർത്യനായി. അദൃശ്യതാതനെപ്പറ്റി മനുഷ്യർക്ക് ഒരാശയം കൊടുക്കാൻ വചനം ശരീരത്തിൽ വെളിപ്പെട്ടു. നാം അമർത്യതയ്ക്ക് അവകാശികളാകാൻ അവൻ മർത്യരുടെ നിന്ദനമേറ്റു. ക്രിസ്തു ദൈവമായിരുന്നില്ലെങ്കിൽ. ദൈവം മനുഷ്യനായില്ലായിരുന്നെങ്കിൽ, നാം രക്ഷിക്കപ്പെടുകയേ ഇല്ലായിരുന്നു. മനുഷ്യസ്വഭാവം സ്വീകരിച്ച വചനം മനുഷ്യകുലത്തെ ദിവ്യമാക്കി. സ്വഭാവത്താലേ അല്ലാതെ, ഭാഗഭാഗിത്വംവഴി മാത്രമാണ് ക്രിസ്തു ദൈവമായിരുന്നതെങ്കിൽ, ഒറ്റ മനുഷ്യനിൽ പോലും ദൈവഛായ രൂപീകരിക്കാൻ അവനു കഴിവുണ്ടാവുകയില്ലായിരുന്നു. കാരണം, കടം വാങ്ങിയവൻ മറ്റുള്ളവർക്ക് എന്തു കൊടുക്കാനാണ്? എന്നാൽ ഇപ്പോഴാകട്ടെ, പുത്രനിലുള്ള ഭാഗഭാഗിത്വം വഴി നാം ദൈവത്വത്തിൽ ഭാഗഭാഗിത്വം നേടുന്നു. കാരണം, വചനം എന്താകുന്നുവോ, അതു പിതാവിന്റേതാകുന്നു.''

### 3. ക്രിസ്തുശാസ്ത്രം

യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും ഉണ്ട്. അവ തന്നിൽ യഥാർഥമായി വ്യത്യസ്തമാണ്. കൂടിക്കലർന്ന് ഒന്നായി തീർന്നിട്ടില്ല. രണ്ടും ചേർന്ന് മൂന്നാമതൊന്ന് ഉണ്ടായിട്ടില്ല. ഒന്ന് മറ്റൊന്നിനെ കീഴമർത്തിയിട്ടില്ല. എന്നാൽ ഏകവ്യക്തിയിൽ ഇവ രണ്ടും ഒന്നിച്ചു വസിക്കുന്നു. അതുകൊണ്ട് വ്യക്തിപരമായ ഐക്യത്തിന് ഒരു കോട്ടവും തട്ടിയിട്ടില്ല.

''മനുഷ്യനെന്നോ, ദൈവമെന്നോ ഉള്ള നിലകളിൽ യേശുക്രിസ്തു ചെയ്തതെല്ലാം ഒരാളിന്റെ പ്രവൃത്തികളാണ്. അവൻ യഥാർഥമായി ദൈവ

പുത്രനായിരിക്കെ മനുഷ്യപുത്രനായി. ദൈവത്തിന്റെ ഏകജാതനായിരിക്കെ അനേക സഹോദരന്മാരിൽ ആദ്യജാതനായിത്തീർന്നു. അതുകൊണ്ട് അബ്രഹാമിനു മുമ്പും അതിനു പിൻപും ഒരേ ഒരു ദൈവപുത്രൻ തന്നെ. ലാസറിനെപ്പറ്റി അന്വേഷിച്ചവനും ലാസറിനെ ഉയർപ്പിച്ചവനും ഒരുവൻ തന്നെ. മനുഷ്യനെന്ന നിലയിൽ, ലാസർ എവിടെ കിടക്കുന്നു? (യോഹ. 11:34) എന്നു ചോദിച്ചവനും ദൈവമെന്ന നിലയിൽ, അവനെ ഉയർപ്പിച്ചവനും ഒരുവനാകുന്നു. മനുഷ്യനെന്ന നിലയിൽ നിലത്തു തുപ്പിയവനും, ദൈവികമായി ദൈവപുത്രനെന്ന നിലയിൽ പിറവിക്കുരുടന് കാഴ്ച നൽകിയവനും ഒരുവനാകുന്നു. പത്രോസ് പറയുന്നതുപോലെ (1 പത്രോ.4:1) അവൻ ശരീരത്തിൽ പീഡ ഏറ്റെങ്കിലും ദൈവമെന്ന നിലയിൽ കല്ലറ തുറക്കുകയും മരിച്ചവനെ എഴുന്നേല്പിക്കുകയും ചെയ്തു.''

ക്രിസ്തുവിലെ മനുഷ്യാത്മാവിനെപ്പറ്റി അത്തനാസ്യോസ് അധികമൊന്നും പറഞ്ഞിട്ടില്ല. ഒരു സ്ഥലത്തു മാത്രം ചെറിയൊരു പരാമർശം നടത്തുന്നു. വചന-മാംസ (*ലോഗോസ്-സാർക്സ്*) ക്രിസ്തുശാസ്ത്രം ആയിരുന്നല്ലോ അലക്സാണ്ഡ്രിയൻ ചിന്താലോകത്ത് മുഴച്ചു നിന്നത്. യേശുവിന്റെ വ്യക്തിപരമായ ഐക്യം ആവർത്തിച്ചുറപ്പിക്കുന്നതുകൊണ്ട് കന്യക മറിയത്തെ ദൈവമാതാവെന്നു വിളിക്കുന്നതിന് അത്തനാസ്യോസ് ഒട്ടും മടിക്കുന്നില്ല.

**4. പരിശുദ്ധാത്മാവ്**

പരിശുദ്ധാത്മാവ് ദൈവമാണെന്നും വ്യക്തിത്വം ഉള്ളവനും കർത്താവുമാണെന്നും പിതാവിൽനിന്നു പുറപ്പെട്ടവനാണെന്നും അദ്ദേഹം പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവ് സൃഷ്ടിയല്ല. ദൈവികസത്തയിലുള്ള ഭാഗഭാഗിത്വമാണ് അവിടുത്തേക്കുള്ളത്. പരിശുദ്ധാത്മാവ് പിതാവിനോടുകൂടെ സമസത്ത (*ഹോമോഉസിയോസ്*) ആണ്.

**5.മാമോദീസാ**

ആരിയൻ സ്നാനം കൂദാശയെ അല്ലെന്ന ചിന്തയാണ് അദ്ദേഹത്തിനുള്ളത്. ത്രിത്വഫോർമുല കൂടാതെയുള്ള മാമോദീസാ കൂദാശയല്ല. ത്രിത്വത്തെപ്പറ്റി അബദ്ധധാരണ ഉള്ളവർക്ക് എങ്ങനെ ത്രിത്വനാമത്തിൽ മാമോദീസാ നൽകാനാകും? അവരുടെ സ്നാനം അധിഷ്ഠിതമായിരിക്കുന്ന വിശ്വാസം തന്നെ തെറ്റാണ്. പൗലോസ് സാമോസാട്ടയുടെ പിൻഗാമികൾ ത്രിത്വനാമത്തിലാണ് സ്നാനം സ്വീകരിച്ചതെങ്കിലും, അവരെ വീണ്ടും സ്നാനപ്പെടുത്തണമെന്ന് നിഖ്യാസൂനഹദോസ് തീർച്ചപ്പെടുത്തി. അക്കാര്യം അദ്ദേഹം അനുസ്മരിക്കുന്നു: ''നമുക്കു നൽകപ്പെട്ടിരിക്കുന്ന ത്രിത്വത്തിലുള്ള വിശ്വാസം ദൈവവുമായി നമ്മെ ബന്ധിക്കുന്നു; ത്രിത്വത്തിൽ നിന്ന് എന്തെ



ങ്കിലും മാറ്റിയിട്ട്, പിതാവിന്റെ നാമത്തിൽ മാത്രമോ, പുത്രന്റെ നാമത്തിൽ മാത്രമോ, അല്ലെങ്കിൽ പരിശുദ്ധാത്മാവിനെ കൂടാതെ പിതാവിന്റെയും പുത്രന്റെയും നാമത്തിൽ മാത്രമോ, സ്നാനപ്പെടുന്നവൻ ഒന്നും സ്വീകരിക്കുന്നില്ല.... കാരണം, അനീതരാക്കുന്ന ശുശ്രൂഷ ത്രിത്വത്തിലാണ്. പുത്രനെ പിതാവിൽനിന്ന് വിഭജിക്കുകയോ, അല്ലെങ്കിൽ പരിശുദ്ധാത്മാവിനെ സൃഷ്ടിയുടെ തലത്തിലേക്ക് താഴ്ത്തുകയോ ചെയ്യുന്നവന് പുത്രനുമില്ല, പിതാവുമില്ല; അവൻ ദൈവമില്ലാത്തവനാണ്. അവിശ്വാസിയേക്കാൾ ദുഷ്ടനാണ്; അവൻ ക്രിസ്ത്യാനിയല്ല, മറ്റെന്തോ ആണ് ''എന്ന് സെറാപിയോനുള്ള ആദ്യകത്തിൽ (30) അദ്ദേഹം പറയുന്നു.

അധ്യായം 5

# സീറോ-പലസ്തീനിയൻ ചിന്തകന്മാർ

## ആമുഖം

ഇന്നത്തെ സിറിയ, ടർക്കി, ഇസ്രായേൽ, ഇറാക്ക് എന്നിവയുടെ ചില ഭാഗങ്ങൾ, ലെബനോൻ, യോർദാൻ എന്നിവ ഉൾപ്പെട്ടതാണ് സഭാരംഭകാലത്തെ സിറിയ. കൂടെക്കൂടെ അതിർത്തികൾ മാറ്റിക്കുറിക്കപ്പെട്ടിരുന്നു. സിറിയായുടെ തലസ്ഥാനമായിരുന്നു പ്രശസ്ത നഗരമായ അന്ത്യോക്യാ. സഭാരംഭകാലത്ത് റോമൻ സാമ്രാജ്യത്തിലെ പലസ്തീന മൂന്നായി തിരിക്കപ്പെട്ടിരുന്നു. കേസറിയാ ആയിരുന്നു തലസ്ഥാനം. സിറിയായും പലസ്തീനായും ഒന്നിച്ച് ചർച്ചചെയ്ത്, പ്രധാന ചിന്തകരെ അപഗ്രഥിക്കാം.

ലോകരക്ഷകനായ മിശിഹാ പിറന്നുവീണ പലസ്തീന ക്രൈസ്തവർക്ക് സംപൂജ്യമായിരുന്നു. റോമാക്കാർ ജറുസലേം തകർത്തപ്പോൾ യേശുവിന്റെ ശിഷ്യന്മാർ നാലുപാടും ഓടിപ്പോയി. സിറിയായുടെ തലസ്ഥാനമായ അന്ത്യോക്യാ സഭാപരമായി പ്രാമാണ്യത്തിലേക്കുയർന്നു. ഒന്നിലേറെ ശ്ലീഹന്മാരുടെ പരിലാളനം ഏൽക്കാനുള്ള ഭാഗ്യം അന്ത്യോക്യയ്ക്കുണ്ടായി. ജറുസലേമിലെ സഭയുടെ തുടർച്ചയാണ് അവിടുത്തെ സഭ. പെന്തിക്കോസ്തി ദിവസം ജറുസലേമിൽ ഉണ്ടായിരുന്നവരും മതപീഡനം ഭയന്ന് ഓടിയവരും വളരെ ആരംഭകാലത്തു തന്നെ അവിടെ സുവിശേഷത്തിന്റെ വക്താക്കളായി. ശ്ലീഹന്മാർ എത്തുന്നതിനു മുൻപു തന്നെ അവിടെ ഒരു ക്രിസ്തീയ സമൂഹം ഉണ്ടായിരുന്നു (നട.11). സുവിശേഷപ്രചരണം വർദ്ധിച്ചപ്പോൾ യൂദന്മാരിൽനിന്നും വിജാതിയരിൽ നിന്നും നിരവധി ആളുകൾ ക്രിസ്ത്യാനികളായി. അവർ തമ്മിലുള്ള അകൽച്ച ശ്ലീഹന്മാരുടെ ചർച്ചകൾ വഴി പരിഹരിക്കപ്പെട്ടു. യേശുവിന്റെ ശിഷ്യന്മാർ ക്രിസ്ത്യാനികൾ എന്നറിയപ്പെട്ടത് അന്ത്യോക്യയിൽ വച്ചാണ് (നട. 11.26). അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസാണ് (+110) ക്രിസ്തീയസഭയെ കത്തോലിക്കാസഭ എന്ന് ആദ്യമായി വിളിക്കുന്നത് (സ്മിർണ. ലേഖനം, 8:2).



## അന്ത്യോക്യൻ വിദ്യാപാഠശാല

സഭാരംഭകാലത്ത് അന്ത്യോക്യയിൽ വളരെ പ്രശസ്തമായ ഒരു ദൈവശാസ്ത്ര കലാലയം ഉയർന്നുവന്നു. ഒന്നാം കലാലയത്തിന്റെ സ്ഥാപകൻ സാമോസാട്ടക്കാരൻ ലൂസിയനും (+312) കുറേക്കൂടി പ്രശസ്തമായ രണ്ടാമത്തേതിന്റെ സ്ഥാപകൻ ദിയദോറുമാണ്. അലക്സാണ്ട്രിയൻ വിദ്യാപാഠശാലയോട് കിടപിടിക്കത്തക്ക ചിന്താസരണി ഈ കലാലയത്തിൽ ഉടലെടുത്തു. ഒരിജനും മറ്റ് അലക്സാണ്ട്രിയൻ ചിന്തകരും വ്യംഗ്യാർഥഭാഷ്യത്തിന് (അല്ലെഗോറിക്കൽ വ്യാഖ്യാനത്തിന്) മുൻതൂക്കം നൽകുന്ന ദൈവശാസ്ത്രം വളർത്തി എടുത്തപ്പോൾ, അതിലെ കുറവ് നികത്താനുള്ള സംരംഭം എന്ന നിലയിൽ ചരിത്രപരവും വാച്യാർഥപരവും ആയ അംശങ്ങൾക്കു മുൻതൂക്കം നൽകിക്കൊണ്ട് അവർ ദൈവശാസ്ത്രം വികസിപ്പിച്ചു. അരിസ്റ്റോട്ടലിന്റെ തത്വശാസ്ത്രത്തിൽ പാദമൂന്നി ഒരുതരം റാഷണലിസത്തിന് അവർ മുൻതൂക്കം കൊടുത്തു. അലക്സാണ്ട്രിയ പ്ലേറ്റോയുടെ മിസ്റ്റിസിസത്തിലത്രേ അടിസ്ഥാനമുറപ്പിച്ചത്. ക്രിസ്തുശാസ്ത്രത്തിലും ഈ വൈവിധ്യം ദൃശ്യമായിരുന്നു. അന്ത്യോക്യക്കാർ വേദപുസ്തകത്തിലും ചരിത്രത്തിലും അധിഷ്ഠിതമായി, ചരിത്രപുരുഷനായ യേശുക്രിസ്തുവിൽ നിന്നാണ് ക്രിസ്തുശാസ്ത്രം പണിതുയർത്തി മുകളിലേക്ക് കയറുന്നത്. അലക്സാണ്ട്രിയക്കാരാകട്ടെ, വചനമായ ദൈവത്തിൽ ആരംഭിച്ച് താഴേയ്ക്കു വന്ന് ചരിത്രത്തിൽ പ്രവേശിക്കുന്നു. വചനമായ ദൈവത്തിന് അലക്സാണ്ട്രിയക്കാർ പ്രാധാന്യം കൊടുക്കുമ്പോൾ, വചനം എപ്രകാരം മനുഷ്യരക്ഷ മനുഷ്യനിലൂടെ നിർവഹിക്കുന്നു എന്ന സംഗതി അന്ത്യോക്യക്കാർ പ്രസ്പഷ്ടമാക്കുന്നു. അതായത് യേശുക്രിസ്തുവിന്റെ മാനുഷിക വശത്തിന് പ്രാധാന്യം നൽകുന്നു. ദിയദോർ, തിയഡോർ, നെസ്തോറിയസ്, തിയഡൊറെറ്റ്, ജോൺ ക്രിസൊസ്തോം എന്നിവർ ഈ വിദ്യാപാഠശാലയിലെ പ്രഗത്ഭന്മാരാണ്. സീറോ-പലസ്തീനായിലെ എല്ലാ ചിന്തകരും അന്ത്യോക്യൻ ചിന്താസ്വാധീനത്തിൽ വരുന്നില്ല.

## കേസറിയൻ വിദ്യാപാഠശാല

ഒരിജൻ അലക്സാണ്ട്രിയായിൽ നിന്ന് 232-ൽ പലസ്തീനയിലെ കേസറിയായിൽ വന്നു. അദ്ദേഹം അവിടെ തുടങ്ങിയ ദൈവശാസ്ത്ര കലാലയം ഒരു വലിയ പഠനകേന്ദ്രമായി വളർന്നു. ഒരിജന്റെ കൃതികൾ വലിയൊരു ഗ്രന്ഥശേഖരത്തിന്റെ ആരംഭമിട്ടു. പ്രെസ്ബിറ്ററായ പംഫീലസ് അതു വളർത്തി, വികസിപ്പിച്ചെടുത്തു. ഒരിജന്റെ പാരമ്പര്യങ്ങൾ ഇപ്രകാരം പലസ്തീനാ പ്രദേശങ്ങളിലും വ്യാപിച്ചു. അത്ഭുതപ്രവർത്തകനായ ഗ്രിഗോറിയോസ്, കേസറിയായിലെ എവുസേബിയസ് എന്നിവർ ദൈവശാസ്ത്ര പരിശീലനം നേടിയത് ഇവിടെയാണ്. കപ്പഡോഷ്യൻ പിതാക്കന്മാർക്ക് അലക്സാണ്ഡ്രിയൻ ദൈവശാസ്ത്രത്തോട് ആഭിമുഖ്യം ഉണ്ടാകാൻ ഈ കലാലയം വളരെ സഹായിച്ചു.

### 1. സാമോസാട്ടയിലെ പൗലോസ് (3-ാം നൂ.)

റോമൻ സാമ്രാജ്യത്തിലെ കൊമാഞ്ഞ് എന്ന സിറിയൻ പ്രോവിൻസിന്റെ തലസ്ഥാനമായ സാമൊസാട്ടയിലാണ് പൗലോസ് പിറന്നത്. പിൽക്കാലത്ത് അയാൾ പൽമീറയിലെ രാജ്ഞി സെനോബിയയുടെ സെക്രട്ടറിയും ധനകാര്യമന്ത്രിയും ആയിത്തീർന്നു. 260-ൽ അന്ത്യോക്യൻ മെത്രാനായ ശേഷം ക്രിസ്തുവിനെപ്പറ്റി അബദ്ധസിദ്ധാന്തങ്ങൾ പഠിപ്പിക്കാൻ തുടങ്ങി. ക്രിസ്തു ഒരു സാധാരണ മനുഷ്യൻ മാത്രമാണെന്നും ദൈവം യേശുവിനെ ദത്തെടുത്ത് ദൈവപുത്രനാക്കിയെന്നും മറ്റും അയാൾ പഠിപ്പിച്ചു. 264-നും 268-നും ഇടയ്ക്ക് അന്ത്യോക്യയിൽ വച്ച് മൂന്നു സിനഡുകൾ കൂടുകയും 268-ൽ പൗലോസിനെ മുടക്കുകയും ചെയ്തു (എവു.സഭാ.7:27.2).

### 2. അന്ത്യോക്യയിലെ മാൽക്കിയോൻ (3-ാം നൂ.)

പൗലോസിനെ മുടക്കിയ യോഗത്തിൽ മാൽക്കിയോൻ എന്ന വൈദികൻ സാരമായ പങ്കുവഹിച്ചു. 'ത്രിത്വം മൂന്നു പേരുകളിൽ ഒതുങ്ങി നിൽക്കുന്നു. ക്രിസ്തു ദത്തുപുത്രനാണ്' എന്നിവ അബദ്ധാഭിപ്രായങ്ങളായി തള്ളപ്പെട്ടു. പൗലോസും മാൽക്കിയോനും തമ്മിൽ നടന്ന ചർച്ച കുറിപ്പെഴുത്തുകാർ കുറിച്ചിരുന്നു. അത് ബിസാൻസ്യത്തിലെ ലെയോൺസ്യൂസ്, ജസ്റ്റീനിയൻ ചക്രവർത്തി, ഡീക്കൻ പീറ്റർ എന്നിവരുടെ രേഖകളിൽ കാണാം. സിനഡു കഴിഞ്ഞപ്പോൾ മെത്രാന്മാർക്കെല്ലാം അയച്ച ലേഖനത്തിന്റെ കർത്താവ് മാൽക്കിയോൻ ആണ് (ജറോം, മഹദ്.71). ഈ ചർച്ചയിൽ നിന്ന് എവുസേബിയസ് ഉദ്ധരിക്കുന്നു. പൗലോസിന്റെ ധാർമിക ജീവിതത്തെയും സ്വഭാവത്തെയും പരാമർശിക്കുന്ന ഭാഗങ്ങളാണ് എവുസേബിയസ് ഉദ്ധരിക്കുന്നത്. പിതാവും പുത്രനും തമ്മിലുള്ള ബന്ധം വിശദീകരിക്കാൻ അപര്യാപ്തമാണ് എന്ന കാരണത്താൽ കൗൺസിൽ പിതാക്കന്മാർ സമസത്ത (*ഹോമോഉസിയോസ്*) എന്ന പദം തിരസ്കരിച്ചു എന്ന് വി.ഹിലരിലും (ദെ സിനോദിസ്, 81.86) വി.ബേസിലും (ലേഖനം, 52) സാക്ഷിക്കുന്നു. പൗലോസ് ഏതർഥത്തിലാണ് ഈ പദം ഉപയോഗിച്ചതെന്ന് നമുക്കറിയില്ല. പിതാവും പുത്രനും തമ്മിലുള്ള വ്യക്തിപരമായ ബന്ധം നിഷേധിച്ചു കൊണ്ടുള്ള വ്യാഖ്യാനമാകാം കൊടുത്തത്.

### 3. ലൂസിയൻ (+312)

സാമസോട്ടായിൽ ജനിച്ച ലൂസിയനെപ്പറ്റി എവുസേബിയസ് പറയുന്നത് ശ്രദ്ധാർഹമാണ്: "ലൂസിയൻ എല്ലാവിധത്തിലും ശ്രേഷ്ഠവ്യക്തിയായിരുന്നു. അദ്ദേഹത്തിന് നല്ലൊരു ജീവിതക്രമം ഉണ്ടായിരുന്നു; ദിവ്യവിജ്ഞാനീയത്തിൽ അദ്ദേഹം അഗാധപാണ്ഡിത്യം സമ്പാദിച്ചിരുന്നു. അന്ത്യോക്യൻ സഭയിലെ ഒരു വൈദികനായ അദ്ദേഹത്തെ ചക്രവർത്തി നിക്കോമേദിയായിലേക്ക് കൊണ്ടുവന്നു. താൻ പ്രസംഗിച്ചിരുന്ന വിശ്വാസസത്യം അദ്ദേഹം ചക്രവർത്തിയുടെ മുൻപാകെ വിശദീകരിക്കുകയും ന്യായീകരിക്കുകയും ചെയ്തു. ചക്രവർത്തി ഉടനെ അദ്ദേഹത്തെ ജയിലിൽ അടയ്ക്കുകയും കൊല്ലുകയും ചെയ്തു" (സഭാ.9,6,3). ഇവിടെ പരാമർശിക്കപ്പെടുന്ന ചക്രവർത്തി മക്സിമിൻ ഡയാ ആണ്.



ലൂസിയൻ പല കൃതികളും എഴുതിയിട്ടുണ്ട്. ഹീബ്രുഭാഷയിൽ അഗാധ പാണ്ഡിത്യം ഉണ്ടായിരുന്ന ലൂസിയൻ, ഗ്രീക്കു ബൈബിളിൽ കടന്നുകൂടിയ തെറ്റുകൾ തിരുത്തി. സിറിയ, ഏഷ്യാമൈനർ എന്നിവിടങ്ങളിലെ അനേകം സഭകൾ ലൂസിയന്റെ ഈ പതിപ്പ് ഉപയോഗിച്ചിരുന്നു (ജറോം,റുഫീനസിനെതിരെ,2,27). വിശ്വാസം സംബന്ധിച്ച് ലൂസിയൻ ഒരു ചെറിയ കൃതി എഴുതി (ജറോം, മഹദ്.77). അന്ത്യോക്യയിലെ ആദ്യകലാലയം ലൂസിയനാണ് സ്ഥാപിച്ചത്. അദ്ദേഹം 270 മുതൽ അവിടെ പഠിപ്പിച്ചിരുന്നു. ലൂസിയന്റെ ശിഷ്യന്മാരെപ്പറ്റി ഫിലൊസ്തോർജിയൂസ് പറയുന്നു: നിക്കോമേദിയായിലെ എവുസേബിയസ്, കൽക്കദോനിയായിലെ മാരിസ്, നിഖ്യായിലെ തെയോഗ്നിസ്, അന്ത്യോക്യായിലെ ലെയോൺസ്യൂസ്, തർസോസിലെ അന്തോണിയോസ്, എഫേസോസിലെ മെനോഫാൻതെസ്, നുമാനൂസ്, എവുഡോക്സിയൂസ്, അലക്സാണ്ഡർ, അസ്തേരിയൂസ് ആദിയായവർ.

ആരിയൻ പാഷണ്ഡതയുടെ കർത്താവായ ആരിയസും ലൂസിയന്റെ ശിഷ്യനായിരുന്നു. ചിലർ ആരിയനിസത്തിന്റെ പിതാവായി ലൂസിയനെ കാണുന്നു. താൻ ലൂസിയന്റെ ഒരു ശിഷ്യനാണെന്നതിൽ ആരിയസ് അഭിമാനിച്ചിരുന്നു. *ലൂഷ്യനിസ്റ്റ്* എന്ന് സ്വയം വിളിക്കാനും താൽപര്യം കാണിച്ചു. സഹപാഠികൾ *കൊള്ളൂഷ്യനിസ്റ്റ്* എന്നും അറിയപ്പെട്ടിരുന്നു (എപ്പിഫാനിയസ്, പാഷ.69,6). മുകളിൽ പറയപ്പെട്ട ശിഷ്യന്മാർ എല്ലാവരും തന്നെ ആരിയസിനെ പിൻതുണച്ചവരായിരുന്നു.

### 4. ഡൊറോത്തേയൂസ് (4-ാം നൂ.)

ലൂസിയന്റെ ശിഷ്യനായിരുന്നു ഡൊറോത്തേയൂസ് എന്ന് പറയുന്നവരുണ്ട്. അന്ത്യോക്യൻ സഭയിലെ ഒരു പട്ടക്കാരനായിരുന്നെന്ന് എവുസേബിയസ് സാക്ഷിക്കുന്നു (സഭാ.7,32,2-4). അദ്ദേഹം ഹീബ്രുഭാഷ നന്നായി പഠിച്ച് ഹീബ്രുവിൽ തന്നെ ദൈവവചനം ഗ്രഹിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. എന്നാൽ കൃതികളെക്കുറിച്ച് എവുസേബിയസ് ഒന്നും പറയുന്നില്ല.

### 5. അന്ത്യോക്യയിലെ ഏസ്യൂസ് (4-ാം നൂ.)

ഒസ്താത്യോസ് നാടുകടത്തപ്പെട്ട ശേഷം അന്ത്യോക്യ ആരിയനിസത്തിന്റെ കേന്ദ്രമായിത്തീർന്നു. അന്ത്യോക്യയിലെ ആരിയൻ മെത്രാനായിരുന്ന ലെയോൺസ്യൂസ് (344-358) ഏസ്യൂസിനെ ഡീക്കനാക്കി. തുടർന്ന് അയാൾ 362-ൽ മെത്രാനായി (ഫിലൊസ്തോർജിയൂസ്, സഭാ.7.6). അയാൾ

ഉപരിപ്ലവ ചിന്താരീതിക്കാരനായിരുന്നു. വേദപുസ്തകത്തിലോ പിതാക്കന്മാരുടെ വ്യാഖ്യാനങ്ങളിലോ ഗണ്യമായ അറിവില്ലായിരുന്നെന്ന് സൊക്രാട്ടസ് പറയുന്നു(സഭാ.2.35).

ഏസ്യൂസിന്റെ *സിന്തഗ്മാസ്യോൻ* എന്ന ഒരു ചെറുകൃതി എപ്പിഫാനിയസ് തന്റെ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട് (പാഷ.76,11). *അനൊമൊയ്ഓസ്* എന്ന പദത്തെ ഏസ്യൂസ് ഈ കൃതിയിൽ ന്യായീകരിക്കുന്നു. പിതാവും പുത്രനും തമ്മിലുള്ള സത്താപരമായ വ്യത്യാസം സ്പഷ്ടമാക്കാനുള്ള ബദ്ധപ്പാടാണിതിൽ. 47 തീസിസുകളായിട്ടാണ് എഴുതിയിരിക്കുന്നത്. തന്റെ സോഫിസം പ്രകടമാക്കുന്ന നിരവധി ലേഖനങ്ങൾ അയാൾ എഴുതിയിട്ടുണ്ട്. അതിൽ കോൺസ്റ്റൻടൈൻ ചക്രവർത്തിക്കെഴുതിയതും ഉൾപ്പെടുന്നു (സൊക്രാട്ടസ്, സഭാ.2.35). *വചനത്തിന്റെ മനുഷ്യവതാരം സംബന്ധിച്ച് പിതാക്കന്മാരുടെ പ്രബോധനം* എന്ന സമാഹാരം ഉണ്ടാക്കിയയാൾ, മാസോൺ എന്നയാളിന് ഏസ്യൂസ് അയച്ച കത്തിൽനിന്ന് അഞ്ച് വാചകങ്ങൾ ഉദ്ധരിക്കുന്നു.

### 6. സിസിക്കുസിലെ എവുണോമിയസ് (+493)

ഏസ്യൂസിന്റെ ശിഷ്യനായിരുന്ന എവുണോമിയസ് കൃതികളിലൂടെ ആരിയനിസത്തെ ന്യായീകരിച്ചു. അയാൾ നെയോ-ആരിയനിസത്തിന്റെ നേതാവും വക്താവുമായി. അയാളുടെ ആദ്യകാല ജീവിതത്തെപ്പറ്റി വളരെയൊന്നും നമുക്കറിവില്ല. അയാളുടെ പിതാവ് ഒരു കൃഷിക്കാരനായിരുന്നു എന്നാണ് ഗ്രിഗറി നീസ്സാ പറയുന്നത്. "ഇങ്ങനെയൊരു സന്തതിയുണ്ടായി എന്നതൊഴിച്ചാൽ ആ പിതാവ് വളരെ നല്ലവനായിരുന്നു "എന്നാണ് അദ്ദേഹത്തിന്റെ പരാമർശം (എവുണോമിയസിനെതിരെ, 1). അയാൾ ചുരുക്കെഴുത്ത് അഭ്യസിച്ച് ഏസ്യൂസിന്റെ സെക്രട്ടറിയാകുകയും അയാളുടെ സോഫിസ്റ്റിക് ചിന്താരീതികൾ വശമാക്കുകയും ചെയ്തു (സൊക്രാട്ടസ്, സഭാ.4,7).

അന്ത്യോക്യയിലെ എവുഡോക്സിയസ് അയാളെ ഡീക്കനാക്കി. എവുഡോക്സിയസ് 380-ൽ കോൺസ്റ്റാന്റിനോപ്പിൾ മെത്രാനായപ്പോൾ, എവുണോമിയസിനെ സിസിക്കുസിലെ മെത്രാനാക്കി. വാചകക്കസർത്തുകൊണ്ട് അയാൾ അവിടെയുള്ളവരെ അമ്പരപ്പിച്ചു. അവസാനം സഹികെട്ട് അവർ അയാളെ അവിടെ നിന്ന് ഓടിച്ചു. അയാൾ കോൺസ്റ്റാന്റിനോപ്പിളിലെത്തി, എവുഡോക്സിയസിന്റെ കൂടെ സ്ഥാനികമെത്രാനായി കാലം കഴിച്ചുകൂട്ടി (സൊക്രാട്ടസ്, സഭാ.4.7). ഏസ്യൂസ് മരിച്ചപ്പോൾ എവുണോമിയസ് അനോമയൻ എന്ന ആരിയൻ വിഭാഗത്തിന്റെ നേതാവായി. ആ വിഭാഗം പിന്നീട് *എവുണോമിയർ* എന്നറിയപ്പെട്ടു. കൽക്കദോനിയായിലുള്ള തന്റെ എസ്റ്റേസ്റ്റിലേക്ക് പിൻവാങ്ങിയ എവുണോമിയസിനെ (ഫിലൊസ്തോർജിയൂസ്, സഭാ.9.4) 383-നു ശേഷം തിയഡോഷ്യസ് ചക്രവർത്തി നാടുകടത്തി. മീസിയയിലെ ഹൽമീറിസിലും കപ്പഡോഷ്യയിലെ കേസറിയായിലും ഡക്കോറയിലുമായി ജീവിച്ചു. 394-ൽ മരിച്ചു.



എവുണോമിയസ് ആരിയർക്കുവേണ്ടി ധാരാളം കൃതികളെഴുതി. ധാരാളമാളുകൾ പ്രസ്തുത കൃതികളെ എതിർത്ത് കൃതികളെഴുതിയിട്ടുണ്ട്. ദിദീമൂസ്, കേസറിയായിലെ വി. ബേസിൽ, ഗ്രിഗറി നീസ്സാ, സൊഫ്രോണിയുസ്, ലവദീക്യയിലെ അപ്പൊള്ളിനാരിസ്, മൊപ്സുവെസ്ത്യായിലെ തിയഡോർ എന്നിവർ അവരിൽ പ്രധാനികളാണ്. ബേസിലിന്റെയും ഗ്രിഗറിയുടെയും ഖണ്ഡന കൃതികളൊഴിച്ച് മറ്റുള്ളവയെല്ലാം നഷ്ടപ്പെട്ടു. എവുണോമിയസിന്റെ കൃതികൾ സൂക്ഷിക്കുന്നത് രാജ്യദ്രോഹക്കുറ്റമായി 398 മുതലുള്ള രാജകൽപനകൾ വിധിച്ചതിനാൽ മിക്കവയും അഗ്നിക്കിരയായി.

1. ഒന്നാം അപ്പോളജി: 361-ൽ പ്രസിദ്ധീകരിച്ച ഈ കൃതി കിട്ടിയിട്ടുണ്ട്. എവുണോമിയസിനെതിരെ ഗ്രന്ഥങ്ങൾ രചിക്കാൻ ബേസിലിനും ഗ്രിഗറിക്കും ദിദീമുസിനും അപ്പൊള്ളിനാരിസിനും പ്രേരണ ലഭിച്ചത് ഈ ചെറുകൃതിയിൽ നിന്നാണ്. നെയോ പ്ലറ്റോണിക്-അരിസ്റ്റൊട്ടേലിയൻ ശൈലിയോടുകൂടെ റാഷണലിസവും നോമിനലിസവും ചേരുമ്പോൾ അപ്പോളജിയുടെ തത്വശാസ്ത്രമാകും. "എവുണോമിയസിന് ദൈവശാസ്ത്രം ടെക്നോളജിയാണ് " എന്നത്രേ തിയഡൊറെറ്റിന്റെ കുറിപ്പ് (പാഷ.4.3). "ജനിച്ചവനല്ല എന്നതാണ് ദൈവിക സത്ത. പുത്രൻ ജനിച്ചവനാകയാൽ, അവന് പിതാവായ ദൈവത്തിൽ നിന്നു വ്യത്യസ്തമായൊരു സത്തയാണ് (*അനോമൊയ്യോസ്*). ജനിച്ചവനല്ല എന്ന ആശയം ദൈവത്തെ എല്ലാ സൃഷ്ടികളിൽ നിന്നും വ്യത്യസ്തനായി കാണാൻ പ്രാപ്തി നൽകുന്നു. പുത്രൻ ഇല്ലായ്മയിൽ നിന്നു സൃഷ്ടിക്കപ്പെട്ടവനാണ്. പിതാവ് പുത്രനെ ആരംഭത്തിൽ തന്നെ ദൈവപുത്രനായി ദത്തെടുത്തു." ഇതാണ് എവുണോമിയസിന്റെ ദൈവദൂഷണം! ഇത് ആരിയസിൽ നിന്ന് അൽപം വ്യത്യസ്തമാണ്. ആരിയസ് പറഞ്ഞത്, സുകൃത ജീവിതാനന്തരം പിതാവ് ക്രിസ്തുവിനെ ദൈവസുതനായി സ്വീകരിച്ചു എന്നത്രേ.

2. രണ്ടാം അപ്പോളജി: ആദ്യകൃതി പുറത്തുവന്ന ഉടൻതന്നെ പലരും ഇതിലെ ദൈവദൂഷണങ്ങളെ ഖണ്ഡിച്ച് കൃതികളെഴുതി. ഉടനെ രണ്ടാമതൊരപ്പോളജി എഴുതാൻ എവുണോമിയസ് ബദ്ധപ്പെട്ടു. 378-ൽ അതു പുറത്തുവന്നു. കുറഞ്ഞപക്ഷം മൂന്നു പുസ്തകങ്ങളായിട്ടാണ് ഇത് എഴുതിയത്. ചിലപ്പോൾ അഞ്ചാകാം എന്നു കരുതുന്നവരുമുണ്ട്. ഈ കൃതി നഷ്ടപ്പെട്ടുപോയി. എന്നാൽ വി.ഗ്രിഗറി നീസ്സായുടെ *എവുണോമിയസിനെതിരെ* എന്ന കൃതിയിൽ ഇതിൽ നിന്നു നിരവധി ഉദ്ധരണികളുണ്ട്. ഈ രണ്ടാം അപ്പോളജി ഒന്നും രണ്ടും ഗ്രന്ഥങ്ങൾ ബേസിലിന്റെ *എവുണോമിയസിനെതിരെ* എന്ന ഒന്നാം കൃതിയെ ഖണ്ഡിക്കയാണ്. അവസാനത്തെ രണ്ടെണ്ണത്തെപ്പറ്റി ഫിലൊസ്തോർജിയുസ് മാത്രം പറയുന്നു (സഭാ.8,12). മൂന്നാം പുസ്ത

കം ബേസിലിന്റെ രണ്ടാം കൃതിയുടെ ഖണ്ഡനമായിരിക്കാം. അവസാനത്തെ രണ്ടെണ്ണം ബേസിലിന്റെ മൂന്നാം പുസ്തകത്തിന്റെ ഖണ്ഡനവും. ഏതായാലും ഇതെഴുതാൻ എവുണോമിയസ് പന്ത്രണ്ടു വർഷമെടുത്തു. ഈ കൃതി ഒന്നിച്ച് പ്രസിദ്ധീകരിച്ചോ എന്നു സംശയമാണ്. ഫോസിയസ് മൂന്നു കൃതികളെപ്പറ്റിയേ പറയുന്നുള്ളു (ബിബ്ളി. കോ.138).

3. വിശ്വാസപ്രഖ്യാപനം: എവുണോമിയസ് 383-ൽ ഒരു വിശ്വാസ പ്രഖ്യാപനം തിയഡോഷ്യസ് ചക്രവർത്തിക്ക് അയച്ചുകൊടുത്തു. ഗ്രിഗറി നീസ്സാ തന്റെ ഖണ്ഡനങ്ങളിൽ ഇതിനെ നിശിതമായി വിമർശിച്ചിട്ടുണ്ട്.

4. റോമാലേഖനഭാഷ്യം: ഏഴ് ഗ്രന്ഥങ്ങളിലായി എഴുതി (സൊക്രാട്ടസ്, സഭാ.4.7).

5. കത്തുകൾ: പലർക്കായി എഴുതപ്പെട്ട നാൽപത് എവുണോമിയൻ കത്തുകൾ ഫോസിയസ് വായിച്ചിട്ടുണ്ടെന്നു പറയുന്നു (ബിബ്ളി.കോ.138). എന്നാൽ അവയൊന്നും ലഭിച്ചിട്ടില്ല.

**7. ബേറോയായിലെ അകാചിയുസ്**

ഒരു കാലത്ത് ജോൺ ക്രിസൊസ്തോമിന്റെ ഒരുറ്റ സുഹൃത്തായിരുന്നു അകാചിയുസ്. എന്നാൽ ക്രിസൊസ്തോമിൽ നിന്നു വന്ന ഏതോ പാകപ്പിഴയാൽ വ്രണിതനായ അകാചിയുസ് പിന്നീട് അദ്ദേഹത്തിൽ നിന്നകന്നു. അകാചിയുസ് ചെറുപ്പത്തിൽ തന്നെ ആശ്രമജീവിതമാരംഭിച്ചു. പരിശുദ്ധിയിലും കടുത്ത തപശ്ചര്യയിലും കീർത്തിമാനായിത്തീർന്നു. ഈ കാലഘട്ടത്തിൽ ബേസിൽ, എപ്പിഫാനിയസ് എന്നിവരുമായി സമ്പർക്കം പുലർത്തി. *പനാരിയോൻ* എന്ന ഗ്രന്ഥം അകാചിയുസിന്റെ പ്രേരണയാലാണ് എപ്പിഫാനിയസ് എഴുതിയത്. അകാചിയുസിനെ അന്ത്യോക്യയിലെ മെലേസ്യുസ് 378-ൽ സിറിയായിൽ ബേറോയായിലെ മെത്രാനായി നിയമിച്ചു.

അന്ത്യോക്യൻ ശീശ്മ അവസാനിപ്പിക്കാൻ മെലേസ്യൂസ് അദ്ദേഹത്തെ ഡമാസൂസ് പാപ്പായുടെ പക്കലേക്കയച്ചു. കോൺസ്റ്റാന്റിനോപ്പിൾ സിനഡിൽ (381) അദ്ദേഹം സംബന്ധിച്ചു. ജോൺ ക്രിസൊസ്തോമിനെ വിസ്തരിച്ച ഓക് സിനഡിൽ (403) അദ്ദേഹം ജോണിന്റെ എതിർവിഭാഗത്തിലായിരുന്നു. പ്രായാധിക്യം മൂലം എഫേസോസ് സൂനഹദോസിൽ സംബന്ധിക്കുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. 433-നു ശേഷം മരിച്ചു. അദ്ദേഹം ഭക്തനും കരുണ നിറഞ്ഞവനും ആയിരുന്നെന്ന് സൊസോമനും (സഭാ.7,28) തിയഡൊറെറ്റും (സഭാ.5,23) സാക്ഷിക്കുന്നു. മാർ ബാലായ് കോറെപ്പിസ്കോപ്പാ അഞ്ച് സുറിയാനി ഗീതങ്ങളിൽ അകാചിയുസിന്റെ സുകൃതങ്ങളെ പ്രകീർ ത്തിക്കുന്നു. അദ്ദേഹത്തിന്റെ കത്തുകളിൽ ആറെണ്ണമേ ലഭിച്ചിട്ടുള്ളു. നെസ്തോറിയസിനു വേണ്ടി സിറിലിന് എഴുതിയതാണ് ഒരെണ്ണം. ഗ്രീക്കിലും ലത്തീൻ വിവർത്തനത്തിലും അത് കിട്ടിയിട്ടുണ്ട്.



**8. പ്തൊളെമായിസിലെ അന്ത്യോക്കുസ്**

ഫിനീഷ്യയിൽ ഉള്ള പഴയ ആക്കോയാണ് പ്തൊളെമായിസ്. അവിടുത്തെ മെത്രാനായിരുന്ന അന്ത്യോക്കുസ് കൂടെക്കൂടെ കോൺസ്റ്റാന്റിനോപ്പിളിൽ പ്രസംഗിച്ചിരുന്നു. അദ്ദേഹത്തിന്റെ സ്വരം വളരെ മാധുര്യമേറിയതായിരുന്നു. അതുകൊണ്ട് *സ്വർണനാവുകാരൻ* എന്ന് ചിലർ അന്ത്യോക്കുസിനെ വിളിച്ചിരുന്നു എന്ന് സൊക്രാട്ടസും (സഭാ.6,11) സൊസൊമനും (സഭാ.8,10) പറയുന്നു. 408-നു മുമ്പ് മരിച്ചു. അത്യാഗ്രഹത്തിനെതിരെ ഒരു വലിയ കൃതിയും കുരുടനെ സൗഖ്യമാക്കിയ സംഭവത്തെ ആധാരമാക്കി ഒരു പ്രഭാഷണവും തയാറാക്കി എന്ന് ജന്നാഡിയസ് പറയുന്നു (മഹദ്.20). എന്നാൽ ഈ രണ്ടു കൃതികളും നഷ്ടപ്പെട്ടു.

**9. ബോസ്ത്രായിലെ ടൈറ്റസ്**

ജൂലിയൻ ചക്രവർത്തി ടൈറ്റസിനെ കുറ്റപ്പെടുത്തിക്കൊണ്ട് ബോസ്ത്രായിലെ ജനങ്ങൾക്കൊരു കത്തയച്ചു. ജനങ്ങൾക്കിടയിൽ വിപ്ലവം വിതയ്ക്കുന്നു എന്നായിരുന്നു ആരോപണം. ടൈറ്റസ് ഉടനെ ഒരു മറുപടി അയച്ചു. ജനങ്ങൾക്കിടയിലെ അസ്വസ്ഥത തന്റെ വാക്കുകൾ കൊണ്ടാണ് കുറഞ്ഞതെന്ന് അദ്ദേഹം അറിയിച്ചു. ജൂലിയൻ അതു കൂട്ടാക്കാതെ ടൈറ്റസിനെ നഗരത്തിനു പുറത്താക്കാൻ ജനങ്ങളോടാഹ്വാനം ചെയ്തു. എന്നാൽ ബോസ്ത്രായിലെ ജനങ്ങൾ അപ്രകാരം ചെയ്തതായി തെളിവൊന്നും കാണുന്നില്ല. പ്രത്യുത 363-ലും ടൈറ്റസ് ബോസ്ത്രായിലെ മെത്രാനായിരുന്നു എന്ന് അന്ത്യോക്യൻ സിനഡിലെ ഒപ്പുകളിൽ നിന്ന് തെളിയുന്നു. വാലെൻസിന്റെ ഭരണക്കാലത്ത് (363-378) മരിച്ചു (ജറോം, മഹദ്.102).

മനിക്കേയർക്കെതിരെ വളരെ ശക്തിയായി ടൈറ്റസ് തന്റെ തൂലിക ചലിപ്പിച്ചു. *മനിക്കേയർക്കെതിരെ* എന്നാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കൃതി. ജൂലിയന്റെ മരണത്തിനുശേഷം (363 ജൂൺ 26) നാലു ഗ്രന്ഥങ്ങളിലായി എഴുതപ്പെട്ടു. ഒന്നാം പുസ്തകം: "ദൈവനീതി തിന്മ അനുവദിക്കുന്നു; എന്നാൽ തിന്മ എന്ന പ്രശ്നം സംബന്ധിച്ച് ഓരോരുത്തരും ഇഷ്ടമുള്ള ചിന്താസരണി അവലംബിച്ചാൽ നിശ്ചയമായും അബദ്ധത്തിൽ വീഴും. തിന്മ പ്രാപഞ്ചികവും നിത്യവുമായ തത്വമല്ല. അത് മനുഷ്യന്റെ സ്വതന്ത്ര മനസിൽ നിന്നു വരുന്നു: അവന്റെ വികാരങ്ങളിൽ നിന്ന് ഉടലെടുക്കുന്നു." നന്മയുടെയും തിന്മയുടെയും നിരന്തരസമരം എന്ന മനിക്കേയൻ അബദ്ധാശയത്തെ ടൈറ്റസ് ഖണ്ഡിക്കുന്നു. രണ്ടാം പുസ്തകം പദാർഥവും തിന്മയും നിത്യമായി സ്ഥിതി ചെയ്യുന്നു എന്ന മനിക്കേയൻ അബദ്ധാഭിപ്രായത്തെ ഖണ്ഡിക്കുന്നു. ക്രിസ്തുമതം പഠിപ്പിക്കുന്നതുപോലെ പ്രപഞ്ച സൃഷ്ടിയും ദൈവപരിപാലനയും വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നു. മൂന്നാം പുസ്തകം വെളിപാടും ദൈവനിവേശനവും സംബന്ധിച്ച് മനിക്കേയർക്കുള്ള അഭിപ്രായങ്ങളെ അപഗ്രഥിക്കുന്നു. പഴയനിയമവും പുതിയ നിയമവും ദൈവിക

വെളിപാടിന്റെ ചരിത്രമാണ്. അവ ഒരുപോലെ ദൈവനിവേശിതങ്ങളാണെന്ന്
തറപ്പിച്ചു പറയുന്നു. നാലാം പുസ്തകം പുതിയനിയമത്തിലാണ് ശ്രദ്ധ ചെ
ലുത്തുന്നത്. മനിക്കേയൻ സ്വതന്ത്ര ചിന്താഗതികൾക്ക് അനുസൃതമായി
പുതിയ നിയമം പുതുക്കിയെഴുതാൻ തുടങ്ങിയതിന് എതിരായിട്ടാണ് ഈ
ഭാഗം. – പിന്നെപ്പിന്നെ വന്ന മനിക്കേയൻ വിരുദ്ധ ഗ്രന്ഥകർത്താക്കൾ അടി
സ്ഥാനരേഖയായി ഇതുപയോഗിച്ചിട്ടുണ്ട്. മനിക്കേയൻ കൃതികളിൽ നിന്നുള്ള
കൃത്യമായ നിരവധി ഉദ്ധരണികൾ ഇതിലുണ്ട്. എന്നാൽ മാനിയുടെയും ശിഷ്യ
രുടെയും പഠനങ്ങൾ തമ്മിൽ വേർതിരിക്കാൻ ടൈറ്റസ് ശ്രമിച്ചിട്ടില്ല. ഗ്രന്ഥ
കർത്താവിന്റെ താത്വികപരിശീലനം, പ്രഭാഷണ നിപുണത, ബൈബിൾ ഭാഷ്യ
കഴിവ് എന്നിവ ഇതിൽ തെളിഞ്ഞു കാണാം. ബുദ്ധിക്കു സംരക്ഷകനായി
സഭയുടെ പ്രബോധനാധികാരം ഉണ്ടായിരിക്കണമെന്ന അഭിപ്രായക്കാരനാണ്
അദ്ദേഹം. തന്റെ ക്രിസ്തുശാസ്ത്രത്തിൽ താർക്കിക പദപ്രയോഗങ്ങൾ
അദ്ദേഹം ഉപേക്ഷിക്കുന്നതായി കാണാം.

അദ്ദേഹത്തിന്റെ ലൂക്കാഭാഷ്യത്തിന്റെ കുറച്ചു ഭാഗങ്ങൾ ഹെരാക്ലെയാ
യിലെ നിസേറ്റസത്തിന്റെ (11–ാം നൂ.) കത്തേനകളിലൂടെ കിട്ടിയിട്ടുണ്ട്. അതു
പോലെ, ദനഹാപ്രസംഗത്തിന്റെ ചില ഭാഗങ്ങൾ ഒരു സുറിയാനി പതിപ്പിലുണ്ട്.

**10. ഗാബാലായിലെ സെവേരിയൻ**

സിറിയയിൽ ലവദീക്യയ്ക്കടുത്ത് ഗാബാലായിലെ മെത്രാനായിരുന്ന
സെവേരിയൻ അകാചിയുസിനെക്കാളും അന്ത്യോക്കുസിനേക്കാളും പ്രധാ
നപ്പെട്ട ആളായിരുന്നു. അദ്ദേഹം വികാരഭരിതനും തന്റെ കഴിവുകളിൽ
വലിയ മതിപ്പുള്ളവനും ആയിരുന്നു എന്ന് പറയപ്പെടുന്നു. തലസ്ഥാന നഗ
രിയിലെ പ്രസംഗങ്ങൾ വഴി ജനങ്ങളുടെ ഇടയിലും രാജസദസിലും, പ്രത്യേ
കിച്ച് എവുഡോക്സിയ രാജ്ഞിയുടെ പക്കലും, നല്ല സ്വാധീനം ഉണ്ടായി
രുന്നു. ആദ്യമാദ്യം ജോൺ ക്രിസൊസ്തോമിനോട് മൈത്രിയിലായിരുന്നു.
കുറേക്കഴിഞ്ഞപ്പോൾ അതിനല്പം മാറ്റം സംഭവിച്ചു. ക്രിസൊസ്തോമിനെ
വിധിച്ച ഓക്ക് സിനഡിൽ (403) അദ്ദേഹം ജോണിന്റെ എതിർപക്ഷത്തായി
രുന്നു. 408–നു ശേഷം മരിച്ചു. അന്ത്യോക്യൻ ബൈബിൾ ഭാഷ്യരീതിയുടെ
ഒരു വക്താവാണ് സെവേരിയൻ. പാഷണ്ഡികൾക്കും യൂദർക്കുമെതിരെ
നിഖ്യാവിശ്വാസം ഉയർത്തിക്കാട്ടാൻ അദ്ദേഹം ശ്രമിച്ചു. ലോകത്തെക്കുറിച്ച്
അദ്ദേഹത്തിനുണ്ടായിരുന്ന ആശയം തികച്ചും അശാസ്ത്രീയമാണ്. അദ്ദേഹം
വാച്യാർഥത്തിലാണ് ബൈബിൾ മനസ്സിലാക്കിയിരുന്നത്; കവിതകളും ഉദാ
ഹരണങ്ങളും അലങ്കാരങ്ങളുമെല്ലാം വാച്യർഥത്തിൽ തന്നെ എടുത്തു.

ജന്നാഡിയസ് കുറിക്കുന്നു: ''ഗാബാലാസഭയിലെ മെത്രാനായ സെവേ
രിയൻ ഒരു വേദപുസ്തക പണ്ഡിതനായിരുന്നു; അദ്ദേഹം വളരെ നന്നായി
പ്രസംഗിച്ചിരുന്നു. ഇക്കാരണത്താൽ കോൺസ്റ്റാന്റിനോപ്പിളിൽ പ്രസംഗി
ക്കാൻ ബിഷപ്പ് ജോണും ചക്രവർത്തി അർക്കേഡിയസും അദ്ദേഹത്തെ



കൂടെക്കൂടെ ക്ഷണിച്ചിരുന്നു. അദ്ദേഹത്തിന്റെ *ഗലാത്യലേഖനഭാഷ്യം* ഞാൻ
വായിച്ചിട്ടുണ്ട്. അതുപോലെ *സ്നാനവും ദനഹായും* എന്ന ആകർഷണീയ
മായ ചെറിയ കൃതിയും. ഗലാത്യലേഖനഭാഷ്യം നഷ്ടപ്പെട്ടു. എന്നാൽ മുപ്പത്
ഹോമിലികൾ ക്രിസൊസ്തോമിന്റെ കൃതികളോടൊപ്പം കിട്ടിയിട്ടുണ്ട്. പൗലോ
സിന്റെ എല്ലാ ലേഖനങ്ങളുടെയും ഭാഷ്യം എന്ന കൃതിയുടെ ചില രേഖാംശ
കലങ്ങൾ ബിബ്ളിക്കൽ കത്തേനകൾ വഴി കൈവന്നിട്ടുണ്ട്. അദ്ദേഹം കൂടെ
ക്കൂടെ താർക്കികരീതി അവലംബിക്കുന്നു. തർസോസിലെ ദിയദോറിന്റെ
ശിഷ്യനായാണ് സെവേരിയൻ ഭാഷ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. മാലാഖ
മാരോടുള്ള വണക്കത്തിന് അദ്ദേഹം വലിയ വിരോധിയായിരുന്നു. ക്രിസ്തു
എന്ന ഏകമധ്യസ്ഥനേയുള്ളു എന്ന കാര്യം ഊന്നിപ്പറയാൻ അദ്ദേഹം
ശ്രമിച്ചു'' (മഹദ്. 21).

**11. ജറുസലേമിലെ ഹെസീക്കിയുസ്**

അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി വളരെയൊന്നും നമുക്കറിയില്ല.
വിശ്വാസ സാക്ഷിയായ തെയോഫാനസിന്റെ അഭിപ്രായത്തിൽ അദ്ദേഹം ഒരു
സന്യാസിയായിരുന്നു. ജറുസലേം സഭയിലെ ഒരു പുരോഹിതനും പ്രസംഗ
കനും എന്ന നിലയിൽ സംപൂജ്യനായി ഗണിക്കപ്പെട്ടിരുന്നു. സഭാപ്രബോ
ധകനായും ദൈവശാസ്ത്രജ്ഞനായും ഉജ്ജ്വല താരമായും ഷിത്തോപ്പൊ
ളീസിലെ സിറിൽ അദ്ദേഹത്തെ ചിത്രീകരിക്കുന്നു. എവുതീമിയസിന്റെ
ആശ്രമ ദേവാലയകൂദാശയ്ക്ക് 428–ലോ 429–ലോ ജറുസലേം മെത്രാൻ യുവെ
നാലിന്റെ കൂടെ ഹെസീക്കിയുസ് പോയതായി സിറിൽ പറയുന്നു. 450–നു
ശേഷം മരിച്ചു. ഗ്രീക്കുസഭ ഒരു വിശുദ്ധനായും വേദപുസ്തക ഭാഷ്യകാര
നായും അദ്ദേഹത്തെ കരുതുന്നു.

ഹെസീക്കിയുസ് ബൈബിൾ മുഴുവൻ വ്യാഖ്യാനിച്ചു എന്ന് ഗ്രീക്കു
മെനോളജി പറയുന്നു. അലക്സാണ്ട്രിയൻ ഭാഷ്യരീതിയാണ് അദ്ദേഹം അനു
വർത്തിച്ചത്. എല്ലാ വാചകങ്ങൾക്കും വാച്യാർഥം കാണണമെന്ന ചിന്താഗ
തിയെ ഒരിജനോടൊപ്പം അദ്ദേഹവും എതിർക്കുന്നു. തത്വശാസ്ത്രത്തിന്റെ
ഒരു പ്രഖ്യാപിത ശത്രുവായിരുന്നു അദ്ദേഹം. പലരും തത്വശാസ്ത്രം ഉപ
യോഗിച്ചാണ് ദിവ്യരഹസ്യങ്ങൾ വളച്ചൊടിച്ചത്. അദ്ദേഹത്തിന്റെ ദൈവ
ശാസ്ത്രം വേദപുസ്താകാധിഷ്ഠിതവും ക്രിസ്തുശാസ്ത്രം താത്വികപദങ്ങൾ
കൂടാത്തതുമാണ്. വ്യക്തിത്വം, ഹ്യൂപ്പോസ്തസിസ്, സത്ത, സ്വഭാവം, അവ
താരം തുടങ്ങിയ പദങ്ങൾ മനഃപൂർവം അദ്ദേഹം ഉപേക്ഷിച്ചു. അതിനു
പകരം ബൈബിളിന്റെ ശൈലിയിലാണ് ചർച്ചകളെല്ലാം. ക്രിസ്തുശാസ്ത്ര
ത്തിൽ അലക്സാണ്ട്രിയൻ ചിന്തയിലാണ് അദ്ദേഹം പാദമൂന്നിയിരുന്നത്.
സിറിലിന്റെ ക്രിസ്തുശാസ്ത്ര പാതയിലൂടെ സഞ്ചരിച്ചെങ്കിലും, അദ്ദേഹ
ത്തിന്റെ താത്വികപദങ്ങൾ സ്വീകരിച്ചില്ല. ആരിയർ, അപ്പൊള്ളിനാരിയർ എന്നി
വർക്കെതിരെ നിഖ്യാവിശ്വാസം അദ്ദേഹം ഉയർത്തിക്കാട്ടുന്നു.– ഹെസീക്കി

യുസിന്റെ നിരവധി കൃതികൾ നഷ്ടപ്പെട്ടു. ശേഷിച്ചവ തന്നെയും ഇനിയും സൂക്ഷ്മ പഠനങ്ങൾക്ക് വിധേയമാകേണ്ടിയിരിക്കുന്നു. പലതും അച്ചടിച്ചിട്ടേയില്ല.

1. ഭാഷ്യങ്ങൾ

*(1) ലേവ്യപുസ്തകഭാഷ്യം*: ലേവ്യപുസ്തകത്തിന്റെ വളരെ വിസ്തരിച്ചുള്ള ഒരു ഭാഷ്യമാണിത്. ജറോം ചെയ്ത ലത്തീൻ വിവർത്തനത്തിലൂടെ ഈ കൃതി കൈവന്നിട്ടുണ്ട്. ആമുഖത്തിൽ തന്നെ ഇത് ഹെസീക്കിയുസിന്റേതാണെന്ന് ജറോം പറയുന്നു.

*(2) ഇയ്യോബ്ഭാഷ്യം:* ഒരു അർമേനിയൻ വിവർത്തനത്തിൽ (6/7 നൂ.) ഇയ്യോബ് ഒന്നു മുതൽ 20 വരെ 24 പ്രസംഗങ്ങളിലായി കിട്ടിയിട്ടുണ്ട്. ഒരു പക്ഷേ മൂലകൃതിയിൽ ഇയ്യോബിന്റെ സമ്പൂർണഭാഷ്യം ഉൾക്കൊണ്ടിരിക്കാം. വിവർത്തകൻ 20-ാം അധ്യായത്തിൽ കൊണ്ടു നിർത്തി. ബാക്കി ഭാഗത്തിന്റെ ചില രേഖാശകലങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളു. സെപ്ത്വജിന്തിനെ ആധാരമാക്കിയാണ് ഭാഷ്യമെങ്കിലും ഹീബ്രുവും മറ്റു വിവർത്തനങ്ങളും ഉപയോഗിച്ചിട്ടുണ്ട്. ജോബിനെ ഒരു പ്രവാചകനും ചരിത്രപുരുഷനുമായിട്ടാണ് ഹെസീക്കിയുസ് കണക്കാക്കുന്നത്. ജോബിന്റെ പീഡനങ്ങൾ ക്രിസ്തുവിന്റെ പീഡനങ്ങളുടെ സൂചനയായി അദ്ദേഹം കാണുന്നു. ജോബിന്റെ പുസ്തകം മുഴുവൻ സഭയുടെയും ക്രിസ്തുവിന്റെയും മുൻസൂചന ആയി കരുതുന്നു.

(3) *ഏശായായുടെ വിവരണം :* 1800-ാമാണ്ടിൽ ഈ കൃതി കണ്ടുപിടിക്കപ്പെട്ടു. രൂപകാർഥ പ്രതിപാദനത്തിനാണ് ഇവിടെയും മുൻതൂക്കം.

(4) *പന്ത്രണ്ട് ചെറിയ പ്രവാചകർക്കുള്ള വിവരണം:* ആറു കയ്യെഴുത്തു പ്രതികളിൽ ഈ ഭാഷ്യം കിട്ടിയിട്ടുണ്ട്.

(5) *സങ്കീർത്തനഭാഷ്യം:* രേഖാശകലങ്ങളിൽ അവശേഷിച്ചിരിക്കുന്ന സങ്കീർത്തനഭാഷ്യത്തെപ്പറ്റി പലരും സംശയം പ്രകടിപ്പിച്ചിരുന്നെങ്കിലും ഇപ്പോൾ പൊതുവേ അദ്ദേഹത്തിന്റേതാണ് അവയെന്നു കരുതപ്പെടുന്നു. അദ്ദേഹം വലിയൊരു സങ്കീർത്തനഭാഷ്യവും എഴുതി. സങ്കീർത്തനത്തെ ആധാരമാക്കി ഒന്നിലേറെ ഭാഷ്യങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്.

(6) *ബൈബിൾ കീർത്തന വിവരണം:* ബൈബിൾ കീർത്തനങ്ങളെ ആധാരമാക്കി അദ്ദേഹം വിവരണങ്ങൾ എഴുതിയിട്ടുണ്ട്.

(7) ചോദ്യോത്തരങ്ങൾ: 61 സുവിശേഷ പ്രശ്നങ്ങളും അവയുടെ ഉത്തരങ്ങളും ഇതിൽ കാണാം.

2. പ്രസംഗങ്ങൾ

ഹെസീക്കിയുസിന്റെ പ്രസംഗങ്ങളിൽ താഴെപ്പറയുന്നവ മാത്രമേ ഇതുവരെ പ്രസിദ്ധീകൃതമായിട്ടുള്ളു. ദൈവമാതാവായ പരിശുദ്ധ മറിയത്തെക്കുറിച്ച്, മംഗളവാർത്തയെക്കുറിച്ച്, ശുദ്ധീകരണത്തിരുനാളിനുള്ളത്.- ശുദ്ധീകരണത്തിരുനാൾ ജറുസലേമിലാണുത്ഭവിച്ചത്. ഇതു സംബന്ധിച്ചുള്ള ഏറ്റവും പ്രാചീന പ്രസംഗമാണിത്. കയ്യെഴുത്തു പ്രതികളിൽ നിരവധി പ്രസംഗങ്ങൾ അച്ചടിക്കാതെ കിടപ്പുണ്ട്. പ്രസിദ്ധീകരിക്കാത്ത പതിനൊന്ന് പ്രസംഗങ്ങളുടെ പട്ടിക വെൻഗർ എന്നയാൾ കൊടുക്കുന്നു. ഒന്ന് ശുദ്ധീകരണത്തിരുനാളിനുള്ളതാണ്. എന്നാൽ മുകളിൽ പറഞ്ഞതിൽ നിന്ന് അത് വ്യത്യസ്തമാണ്. ഒരിജന്റെയും ബേസിലിന്റെയും ഭാഷ്യരീതിയാണിതിൽ. ഉപവാസം, ഉയർപ്പ് എന്നിവ സംബന്ധിച്ചുള്ള പ്രസംഗങ്ങളും അച്ചടിച്ചിട്ടില്ല. ലാസറിന്റെ ഉയർപ്പിനെപ്പറ്റിയുള്ള പ്രസംഗങ്ങൾ പ്രഭാഷണ ശൈലിയിൽ മികച്ചതാണെങ്കിലും അധികം കാണാനില്ല. എന്നാൽ മരണാനന്തര ജീവിതത്തെ സംബന്ധിച്ചുള്ള ചില ആശയങ്ങൾ പ്രത്യേകം ശ്രദ്ധേയങ്ങളാണ്. സ്നാപക യോഹന്നാൻ, അന്ത്രയോസ്, പത്രോസ്, പൗലോസ്, സ്റ്റീഫൻ, സന്യാസിയായ അന്തോണിയോസ് എന്നിവരെ സ്തുതിച്ചു കൊണ്ടുള്ള പ്രസംഗങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. ക്രിസ്മസ് പ്രസംഗം, കുരിശിനെ സ്തുതിച്ചുകൊണ്ടുള്ള പ്രസംഗം, മാർതോമാശ്ലീഹാ, മാർ യാക്കോബ് ശ്ലീഹാ ആദിയായവരെക്കുറിച്ചുള്ള പ്രസംഗം എന്നിവ നഷ്ടപ്പെട്ടു.- ഇതിനും പുറമെ സഭാചരിത്രം എന്നൊരു കൃതിയും അദ്ദേഹം എഴുതി. അതിൽ നിന്ന് ഒരു ഭാഗം 553 -ലെ കൗൺസിലിൽ വായിക്കുകയുണ്ടായി. ഒരു ലത്തീൻ വിവർത്തനത്തിലൂടെ അതു കിട്ടിയിട്ടുണ്ട്.

**12. അപ്പമെയായിലെ പോളിക്രോണിയോസ്**

സിറിയായിൽ അപ്പമെയായിലെ മെത്രാനായിരുന്നു പോളിക്രോണിയോസ്. തിയഡോറിന്റെ സഹോദരനായ അദ്ദേഹം ഉത്തമ ഇടയനായിരുന്നെന്ന് തിയഡൊറെറ്റ് പ്രശംസിക്കുന്നു. 428-ൽ തിയഡൊറെറ്റ് ഇതെഴുതുമ്പോഴും പോളിക്രോണിയോസ് ജീവിച്ചിരിപ്പുണ്ട്. എന്നാൽ 431 ജൂണിൽ എഫേസോസ് സൂനഹദോസ് കൂടുന്നതിനു മുൻപ് മരിച്ചു. പഴയനിയമ ഗ്രന്ഥങ്ങൾക്ക് അദ്ദേഹം ഭാഷ്യങ്ങൾ എഴുതിയിട്ടുണ്ട്. അന്ത്യോക്യൻ കലാലയത്തിലെ ഉന്നത ഭാഷ്യകാരന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. എന്നാൽ ചില രേഖാശകലങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളു. തിയഡോറിനെപ്പോലെ പോളിക്രോണിയോസും രൂപകാർഥ പ്രതിപാദനരീതിയോട് എതിർപ്പു പ്രകടിപ്പിച്ചിരുന്നു. വിവിധ വിജ്ഞാനശാഖകളുപയോഗിച്ച് വി. ഗ്രന്ഥം വ്യാഖ്യാനിക്കാൻ അദ്ദേഹം പരിശ്രമിച്ചു.

അധ്യായം 6

# അന്ത്യോക്യയിലെ ഒസ്താത്യോസ്

നിഖ്യാസൂനഹദോസിൽ സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ടവരിൽ ഒസ്താത്യോസ് (എവുസ്താത്യോസ്) മുൻപന്തിയിൽ വരുന്നു. പംഫീലിയായിലെ സീദിൽ ജനിച്ച ഒസ്താത്യോസ് സിറിയായിൽ ബേറോയായിൽ മെത്രാനായിത്തീർന്നു. സിറിയൻ തലസ്ഥാനമായ അന്ത്യോക്യയിൽ 323/324-ൽ മെത്രാനായി. നിഖ്യാസൂനഹദോസിൽ ആദ്യമായി സംസാരിച്ചത് ഒസ്താത്യോസ് ആണത്രേ. അതുപോലെ കോൺസ്റ്റൻടൈൻ ചക്രവർത്തി കൗൺസിൽ ഹാളിൽ പ്രവേശിച്ചപ്പോൾ സ്വാഗതപ്രസംഗം നടത്തി അദ്ദേഹത്തെ സ്വീകരിച്ചതും അദ്ദേഹമാണെന്ന് തിയഡൊറെറ്റ് പറയുന്നു (സഭാ.1,7). അന്ത്യോക്യയിൽ കൂടിയ ആരിയൻ സിനഡ് 330-ൽ ഒസ്താത്യോസിനെ സ്ഥാനഭ്രഷ്ടനാക്കി. കോൺസ്റ്റൻടൈൻ തന്നെ ഉടനെ അദ്ദേഹത്തെ ത്രേസിലെ ത്രാജാനൊപ്പൊളീസിലേക്ക് നാടുകടത്തി. അവിടെവച്ച് മരിച്ചു.

*1. ആരിയർക്കെതിരെ* എന്ന പേരിൽ എട്ടു വാല്യങ്ങളിലായി എഴുതിയതാണ് ഒസ്താത്യോസിന്റെ ഏറ്റവും പ്രധാന കൃതി (ജറോം, മഹദ്.85). അലക്സാണ്ഡ്രിയായിലെ എവുളോഗിയസിന്റെ ''വചനത്തിന്റെ മനുഷ്യാവതാരം സംബന്ധിച്ച് പിതാക്കന്മാരുടെ പ്രബോധനം'' എന്ന കൃതിയിലും ജോൺ ഡമഷേന്റെ കൃതിയിലും ഹെർമിയാനെയിലെ ഫക്കുൻദുസിലും ജലാസിയൂസ് പാപ്പായിലും ഈ കൃതിയുടെ ചില ശകലങ്ങളുണ്ട്.

2. *ആത്മാവിനെപ്പറ്റി* എന്ന കൃതിക്ക് രണ്ടു ഭാഗങ്ങളുണ്ട്: ഒന്നാം ഭാഗം പ്ലറ്റോണിക് തത്വശാസ്ത്രത്തിലുള്ള അബദ്ധാഭിപ്രായങ്ങളുടെ ഖണ്ഡനമാണ്; രണ്ടാംഭാഗം ആരിയൻ അബദ്ധങ്ങൾക്കെതിരെയും. വചനം മനുഷ്യാത്മാവിനെ കൂടാതെ നേരിട്ട് ശരീരമെടുത്തു എന്ന വീക്ഷണത്തെ ഇതിൽ ഖണ്ഡിക്കുന്നു. ക്രിസ്തുവിന്റെ പൂർണ്ണ ദൈവത്വവും പൂർണമനുഷ്യത്വവും ഒസ്താത്യോസ് പഠിപ്പിച്ചിരുന്നു.



3. സങ്കീർത്തനഭാഷ്യങ്ങളുടെ ചില ഭാഗങ്ങൾ, പ്രത്യേകിച്ച്, സങ്കീ.15-ന്റെയും 92-ന്റെയും ഭാഗങ്ങൾ ക്രിസ്തുശാസ്ത്രം സംബന്ധിച്ച് പ്രധാനപ്പെട്ടവയാണ്. സുഭാഷിതങ്ങൾ 8,22ന് (തന്റെ സൃഷ്ടികൾക്കു മുമ്പ്, തന്റെ വഴികളുടെ ആരംഭത്തിൽ കർത്താവ് എന്നെ സൃഷ്ടിച്ചു എന്ന ഭാഗത്തിന്) അദ്ദേഹം ഒരു ഭാഷ്യമെഴുതി. തിയഡൊറെറ്റ് ഇതിൽ നിന്ന് ഉദ്ധരിക്കുന്നു.

4. ഒരിജനെതിരെ എൻഡോറിലെ മന്ത്രവാദിനിയെക്കുറിച്ച് (1 സാമു 28) എന്ന കൃതി മാത്രമേ പൂർണമായി കിട്ടിയിട്ടുള്ളു. ഈ വേദപുസ്തക ഭാഗത്തിന് ഒരിജൻ നൽകുന്ന വ്യാഖ്യാനം ഒസ്താത്യോസ് ത്യജിക്കുന്നു. ഒരിജന്റെ രൂപകാർഥ പ്രതിപാദനരീതി തന്നെ ത്യാജ്യമെന്ന് അദ്ദേഹം കരുതി. വേദപുസ്തകത്തെ അതിന്റെ ചരിത്രപശ്ചാത്തലത്തിൽ നിന്ന് എടുത്തു മാറ്റിക്കളയുന്നതാണ് ഒരിജന്റെ വ്യാഖ്യാനരീതിയെന്ന ധാരണയായിരുന്നു അദ്ദേഹത്തിന് ഉണ്ടായിരുന്നത്. ആരിയൻ തർക്കങ്ങൾക്കു മുമ്പായിരിക്കാം ഇതെഴുതിയത്.

5. കത്തുകൾ: ഒരിജനെതിരെ നിരവധി കത്തുകൾ എഴുതിയെന്ന് ജറോം പറയുന്നു (ലേഖനം,70,4; 73,2). എന്നാൽ മിക്ക കത്തുകളും നഷ്ടപ്പെട്ടു. ബേറോയായിലെ മെത്രാനായിരുന്ന അവസരം അലക്സാണ്ഡ്രിയായിലെ അലക്സാണ്ടറിനയച്ച ഒരു കത്ത് കത്തേനകളിൽ നിന്ന് ലഭിച്ചിട്ടുണ്ട്. മൽക്കിസദേക്യർ എന്ന കൂട്ടർക്കെതിരെ എഴുതിയതാണിത്. മൽക്കിസദേക്ക് ക്രിസ്തുവിനെക്കാൾ വലിയവനാണെന്ന് ചിലർ പറഞ്ഞു നടന്നു; മറ്റു ചിലർ, ക്രിസ്തുവും പരിശുദ്ധാത്മാവും ഒരാളാണെന്നു പഠിപ്പിച്ചു. ഒസ്താത്യോസ് തന്റെ കത്തിൽ ഈ പ്രബോധനം തിരസ്കരിക്കുകയും ഖണ്ഡിക്കുകയും ചെയ്യുന്നു.

6. പ്രസംഗങ്ങൾ: അദ്ദേഹം നല്ല പ്രസംഗകനായിരുന്നു; വാക്കുകൾ തെരഞ്ഞെടുക്കുന്നതിലും അവതരിപ്പിക്കുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ ശൈലിക്ക് പ്രത്യേക മാധുര്യമുണ്ടായിരുന്നു (സൊസോമൻ സഭാ.2.19). എന്നാൽ മിക്ക കൃതികളും നഷ്ടപ്പെട്ടു.

ദൈവശാസ്ത്രം

ക്രിസ്തുശാസ്ത്രം സംബന്ധിച്ച് സാമോസാട്ടയിലെ പൗലോസിന്റെ പിൻഗാമിയാണ് ഒസ്താതോസ് എന്ന് ചിലർ കുറ്റപ്പെടുത്തുന്നു. നെസ്തോറിയനിസത്തിന്റെ ആരംഭം അദ്ദേഹത്തിൽ ചിലർ കാണുന്നുണ്ട്. ലഭ്യമായ രേഖകളിൽ നിന്ന് ആരോപണങ്ങൾ തെളിയിക്കാനാവില്ല. അദ്ദേഹം മറിയത്തെ ദൈവമാതാവെന്ന് കലവറ കൂടാതെ വിളിക്കുന്നു (രേഖാശകലം, 68). അന്ന് പരക്കെ പ്രചരിച്ചിരുന്ന അലക്സാണ്ഡ്രിയൻ വചന-മാംസ (*ലോഗോസ്-സാർക്സ്*) ക്രിസ്തുശാസ്ത്രത്തിന് സമാന്തരമായി വചന-മനുഷ്യൻ (*ലോ*

*ഗോസ്-ആൻത്രോപ്പോസ്*) ക്രിസ്തുശാസ്ത്രം വികസിപ്പിച്ചെടുക്കാൻ അദ്ദേഹത്തിന്റെ ചിന്ത സഹായിച്ചു. വചനം മനുഷ്യാത്മാവിനെ കൂടാതെ നേരിട്ട് മനുഷ്യശരീരമെടുത്തു എന്ന് പാഷണ്ഡികൾക്ക് പറയാൻ അലക്സാണ്ട്രിയൻ ചിന്ത ഇടംകൊടുത്തു എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. അവർ മാറ്റമെല്ലാം വചനത്തിലാരോപിച്ചു. അതിന്റെ അർഥം വചനത്തിന്റെ ദൈവത്വം നിഷേധിക്കുക എന്നതായിരുന്നു. അതിനെതിരായി അദ്ദേഹം *വചന-മനുഷ്യൻ* ക്രിസ്തുശാസ്ത്രം രൂപപ്പെടുത്തി. ക്രിസ്തുവിലുള്ള രണ്ട് സ്വഭാവങ്ങൾ തമ്മിൽ അന്തരം ഉണ്ട്. ക്രിസ്തുവിന്റെ മാനുഷികവശത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്ന ക്രിസ്തുശാസ്ത്രം രൂപീകരിക്കാൻ ശ്രമിച്ചപ്പോൾ അദ്ദേഹം തെറ്റിദ്ധരിക്കപ്പെട്ടു. പശ്ചാത്തലത്തിൽ നിന്നടർത്തി മാറ്റിയാൽ നെസ്തോറിയനിസമോ, ദത്തെടുക്കൽ വാദമോ ധ്വനിക്കാം. എന്നാൽ ഒസ്താത്യോസ് എന്നും സത്യവിശ്വാസിയായിരുന്നു. അതിനുവേണ്ടി നാടുകടത്തലും പീഡകളും സഹിച്ചു. അദ്ദേഹത്തെ സഭ വിശുദ്ധനായി പരിഗണിക്കുന്നു.

അധ്യായം 7

# ഏഷ്യാമൈനറിലെ എഴുത്തുകാർ

**ആമുഖം**

ഇന്ന് തുർക്കി എന്നറിയപ്പെടുന്ന ഏഷ്യാമൈനർ ഭൂപ്രദേശം മുഴുവൻ നിഖ്യാസൂനഹദോസിന്റെ കാലമായപ്പോഴേക്കും സഭ പടർന്ന് പന്തലിച്ച വേരുറച്ചിരുന്നു. നിഖ്യാസൂനഹദോസിലേക്ക് വഴിതെളിച്ച സംഭവവികാസങ്ങളുടെ ഹേതുഭൂതനായ ആരിയസ് അലക്സാണ്ട്രിയായിൽ നിന്നു 318-ൽ ബഹിഷ്കൃതനായപ്പോൾ ഏഷ്യാമൈനറിലെ നിക്കോമേദിയായിലാണ് അഭയം പ്രാപിച്ചത്. അവിടുത്തെ പല സ്വാധീനമുള്ള മെത്രാന്മാരും ആരിയസിന് താങ്ങായി നിന്നു. യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ള ശ്ലൈഹികപ്രബോധനം നിഖ്യാസൂനഹദോസ് സ്പഷ്ടമായി പഠിപ്പിച്ചു. എന്നാൽ അതുകൊണ്ട് ആരിയനിസം അവസാനിച്ചില്ല. ഏഷ്യാമൈനറിലെ പോന്തിക്കാ, ആസിയാ എന്നീ രാഷ്ട്രീയ രൂപതകളിൽ നിഖ്യാ കഴിഞ്ഞിട്ടും ആരിയനിസത്തിന് വലിയ സ്വാധീനം ഉണ്ടായിരുന്നു. നിക്കോമേദിയായിലെ എവുസേബിയസ്, സെബസ്ത്യയിലെ എവുസ്താത്യോസ്, സിസിക്കുസിലെ എവുണോമിയസ്, അൻസീറയിലെ ബേസിൽ, അസ്തേരിയസ് സോഫിസ്റ്റ് എന്നീ ആരിയൻ പക്ഷപാതക്കാർ ഏഷ്യാമൈനറിലാണ് ജീവിച്ചിരുന്നത്. അവിടെ വച്ചാണ് കോൺസ്റ്റൻടൈൻ ചക്രവർത്തിക്ക് നിക്കോമേദിയായിലെ എവുസേബിയസ് സ്നാനം നല്കിയത്. ആ ചക്രവർത്തി ആരിയസിനെ വിപ്രവാസത്തിൽ നിന്ന് തിരികെ വിളിക്കുകയും അലക്സാണ്ട്രിയയിലെ അത്തനാസ്യോസിനെ സമാധാനധ്വംസകനെന്ന് മുദ്രകുത്തി നാടുകടത്തുകയും ചെയ്തു. സഭാകാര്യങ്ങളിൽ അദ്ദേഹവും പിൻഗാമിയായ കോൺസ്റ്റാൻസ്യൂസും കുറെയൊക്കെ നിക്കോമേദിയായിലെ എവുസേബിയസിന്റെ സ്വാധീനത്തിലായിരുന്നു. ഇങ്ങനെ ഏഷ്യാമൈനർ ആരിയനിസത്തിന്റെ കേന്ദ്രമായിത്തീർന്നു.

എന്നാൽ ഏഷ്യാമൈനറിൽ തന്നെയാണ് വലിയ കപ്പഡോഷ്യൻ പിതാക്കന്മാർ എന്നറിയപ്പെടുന്ന മഹാനായ ബേസിലും ഗ്രിഗറി നസ്യാൻസനും

ഗ്രിഗറി നീസ്സായും ഉണ്ടായത്. ഇവർ മൂവരും നിഖ്യാവിശ്വാസം മുറുകെ പിടിക്കുകയും അത് പഠിപ്പിക്കുകയും ക്രിസ്തുവിനെ സംബന്ധിച്ച് കറതീർന്ന തത്വങ്ങൾ പ്രഘോഷിക്കുകയും ചെയ്തു. ത്രിത്വസംബന്ധമായ പഠനങ്ങൾക്ക് അന്തിമരൂപം നൽകിയത് ഈ കപ്പഡോഷ്യൻ പിതാക്കന്മാരാണ്. ഏഷ്യാമൈനറിലെ എഴുത്തുകാരെപ്പറ്റി ഇവിടെ ചർച്ച ചെയ്യുന്നു.

### 1. നിക്കോമേദിയായിലെ എവുസേബിയസ്

ആരിയസിന് ഏറ്റവും കൂടുതൽ സ്വാധീനം ഉണ്ടായിരുന്ന സ്നേഹിതൻ ഇദ്ദേഹമായിരുന്നു. അന്ത്യോക്യയിലെ ലൂസിയന്റെ (+312) കീഴിൽ ആരിയസിനോടു കൂടെ വ്യാഖ്യാനരീതികൾ പഠിച്ച എവുസേബിയസ് ആദ്യം ബറീത്തൂസിലെ മെത്രാനായിരുന്നു. 318-നുമുമ്പ് നിക്കോമേദിയായുടെ ചുമതല കിട്ടി. അന്ന് ചക്രവർത്തി അവിടെയാണ് പാർത്തിരുന്നത്. കോൺസ്റ്റൻൈടൻ ചക്രവർത്തിയുടെ പക്കലും അദ്ദേഹത്തിന്റെ സഹോദരിയായ കോൺസ്റ്റാൻസ്യായുടെ പക്കലും അദ്ദേഹത്തിന് വലിയ സ്വാധീനം ഉണ്ടായിരുന്നു. ആരിയസിനെ സ്വീകരിക്കാനും അദ്ദേഹത്തിന് സുഹൃത്തുക്കളെയും പിന്തുണയ്ക്കുന്നവരെയും നേടിക്കൊടുക്കാനും അയാൾ നന്നേ അധ്വാനിച്ചു. ഏഷ്യാമൈനറിലും ഓറിയൻസിലുമുള്ള മെത്രാന്മാർക്കെല്ലാം കത്തുകളയച്ചു. അലക്സാണ്ട്രിയൻ മെത്രാൻ ആരിയസിനെ മുടക്കിയത് അനീതിയാണെന്നും ആരിയസിന്റെ മുടക്ക് നീക്കണമെന്നും അതിന് സംഘടിക്കണമെന്നും മറ്റും ആയിരുന്നു കത്തുവഴി പ്രധാനമായി എവുസേബിയസ് ആവശ്യപ്പെട്ടത്.

നിഖ്യാസൂനഹദോസ് ആരിയനിസത്തെ തള്ളിക്കളയുകയും സത്യവിശ്വാസം പഠിപ്പിക്കുകയും ചെയ്തു. നിഖ്യായിൽ വച്ച് എവുസേബിയസ് വിശ്വാസപ്രമാണത്തിൽ ഒപ്പുവച്ചു. എന്നാൽ പിന്നീട് അദ്ദേഹം *എവുസേബിയർ* എന്ന ആരിയൻ വിഭാഗത്തിന്റെ നേതാവായി. ഈ വിഭാഗം നിഖ്യായെ വളരെയധികം എതിർത്തു. ഇക്കാരണത്താൽ മൂന്നുമാസം കഴിഞ്ഞപ്പോൾ ചക്രവർത്തി അയാളെ ഗോളിലേക്ക് (ഫ്രാൻസിലേക്ക്) നാടുകടത്തി. കോൺസ്റ്റാൻസ്യായുടെ ഇടപെടൽ മൂലം 328-ൽ തിരികെയെത്തിയപ്പോൾ നിഖ്യാവിശ്വാസപ്രമാണം സ്വീകരിച്ച മെത്രാന്മാരെ ഒന്നിനുപിറകെ ഒന്നായി നാടുകടത്താൻ അയാൾ ചരടുവലികൾ നടത്തി. അന്ത്യോക്യയിലെ ഒസ്താത്യോസിനെ 330-ലും അത്തനാസ്യോസിനെ 335-ലെ ടയർ സിനഡിൽ വച്ചും അൻസീറായിലെ മർസെല്ലൂസിനെ 337-ലും നാടുകടത്തുന്നതിൽ അയാൾ വിജയിച്ചു. 337-ൽ കോൺസ്റ്റൻൈടനെ സ്നാനപ്പെടുത്തി. 338-ന്റെ അവസാനം കോൺസ്റ്റാന്റിനോപ്പിൾ സിംഹാസനത്തിലേക്ക് ഉയർത്തപ്പെട്ടു. അങ്ങനെ പൗരസ്ത്യദേശത്തെ പുതിയ തലസ്ഥാനവും പുതിയ റോമായുമായ കോൺസ്റ്റാന്റിനോപ്പിളിലെ ഒന്നാമത്തെ മെത്രാനായിത്തീർന്നു. 341-ലോ 342-ലോ മരിച്ചു. ഈജിപ്തിൽ മാത്രം ഒതുങ്ങിനിന്ന ഒരു തർക്കത്തെ



ക്രിസ്തീയ സഭ മുഴുവൻ വ്യാപിപ്പിച്ച് ഒരു സാർവത്രിക പ്രശ്നമുണ്ടാക്കിയ അദ്ദേഹം ഒരു ദൈവശാസ്ത്രജ്ഞൻ എന്നതിലുപരി ഒരു സഭാരാഷ്ട്രീയക്കാരൻ ആയിരുന്നു.

എവുസേബിയസിന്റേതായി നാലു കത്തുകൾ അറിയപ്പെടുന്നു: (1) ടയറിലെ പൗളീനുസിനുള്ള കത്ത്: തിയഡൊറെറ്റ് സഭാചരിത്രത്തിൽ ഇത് ഉദ്ധരിക്കുന്നു (1,5). ആരിയൂസിനുവേണ്ടിയുള്ളതാണിത്. മാരിയുസ് വിക്തൊറീനുസ് ഇതിന്റെ ഒരു ലത്തീൻ വിവർത്തനം ഉണ്ടാക്കി. തർക്കങ്ങളിൽ പൗളീനുസ് ഇടപെടാത്തതിലും മൗനം അവലംബിക്കുന്നതിലും താൻ നിരാശനാണെന്നും ശരിയായ നിറം കാണിക്കാതെ ഇനിയും മൗനമായിരിക്കാൻ സാധ്യമല്ലെന്നും എവുസേബിയസ് അറിയിക്കുന്നു. (2) നിഖ്യായ്ക്ക് മുമ്പ് എവുസേബിയസ് ആരിയസിന് ഒരു കത്തയച്ചതായി അത്തനാസ്യോസ് പറയുന്നു: "താങ്കളുടെ വിചാരങ്ങൾ നല്ലവയായതിനാൽ എല്ലാവരും അവ സ്വീകരിക്കാനായി പ്രാർഥിക്കുക. കാരണം, ഉണ്ടാക്കപ്പെട്ട വസ്തു അതിന്റെ ഉത്ഭവത്തിനു മുമ്പ് ഇല്ലായിരുന്നു എന്നത് വ്യക്തമാണല്ലോ." "ഉണ്ടായ വസ്തുവിന് ആരംഭമുണ്ട് "എന്ന വാചകം അത്തനാസ്യോസ് ഉദ്ധരിക്കുന്നു (സിനഡുകളെപ്പറ്റി, 17). (3) ആരിയസിനെയും അനുയായികളെയും സഭയിൽ തിരികെ എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അത്തനാസ്യോസിന് എവുസേബിയസ് ഒരു കത്തയച്ചതായി സൊക്രാട്ടസ് സാക്ഷിക്കുന്നു (സഭാ.1,23). (4) നിഖ്യായിൽ സംബന്ധിച്ച പിതാക്കന്മാർക്ക് എവുസേബിയസും നിഖ്യായിലെ തെയോഗ്നിസും കൂടി വിപ്രവാസത്തിൽ നിന്ന് അയച്ച കത്ത്. സൊക്രാട്ടസും സൊസോമനും (സഭാ. 1,14;2,16) ഇതുദ്ധരിക്കുന്നു. ഇരുവരെയും സഭയിൽ തിരികെ എടുക്കണമെന്ന് ഇതിലൂടെ ആവശ്യപ്പെടുന്നു. എന്നാൽ ചിലർ ഇതിന്റെ വാസ്തവികതയെ കുറിച്ച് സംശയിക്കുന്നു.

### 2. നിഖ്യായിലെ തെയോഗ്നിസ്

അന്ത്യോക്യയിൽ ലൂസിയന്റെ ശിഷ്യനും ആരിയസിന്റെ സഹപാഠിയുമായിരുന്നു തെയോഗ്നിസ്. നിഖ്യാ സൂനഹദോസിന്റെ അവസരം അദ്ദേഹം നിഖ്യായിലെ മെത്രാനായിരുന്നു. ആദ്യമൊക്കെ നിഖ്യായുടെ തീരുമാനങ്ങളെ എതിർത്തെങ്കിലും അവസാനം അംഗീകരിച്ച് ഒപ്പുവച്ചു. ആരിയസുമായി സമ്പർക്കം പുലർത്തിയെന്ന കാരണത്താൽ ചക്രവർത്തി അയാളെ ഗോളിലേക്ക് നാടുകടത്തി. എവുസേബിയസിനോടുകൂടെ തിരികെയെത്തിയ തെയോഗ്നിസ് അത്തനാസ്യോസിനെ ശത്രുവായി കണ്ടു. നിഖ്യായുടെ രേഖകൾ സൂക്ഷിച്ചിരുന്ന നോട്ടറിക്ക് കൈക്കൂലി കൊടുത്ത് തന്റെ ഒപ്പ് അദ്ദേഹം മായിച്ചുകളഞ്ഞു എന്നൊരു കഥയുണ്ട്. ഒസ്താത്യോസിനെ സ്ഥാനഭ്രഷ്ടനാക്കിയ അന്ത്യോക്യൻ സിനഡിൽ അയാൾ സംബന്ധിച്ചു. അത്തനാസ്യോസിനെതിരെയുള്ള നിലപാട് സ്വീകരിക്കാൻ ചക്രവർത്തിയെ പ്രേരിപ്പിച്ചതിൽ പ്രമുഖൻ തെയോഗ്നിസാണ് (സൊക്രാട്ടെസ്, സഭാ.1,27.7). കുഴപ്പങ്ങൾ

ക്കെല്ലാം കാരണക്കാരൻ അത്തനാസ്യോസ് ആണെന്നും സഭയിൽ ചേരാൻ വരുന്നവരെ കൂടി തടയുന്നെന്നും അദ്ദേഹത്തെ നീക്കിയാൽ ഐക്യമുണ്ടാകുമെന്നും രാജസന്നിധിയിൽ അയാൾ ബോധിപ്പിച്ചു (സൊസോമൻ, സഭാ.2,22.1). ചക്രവർത്തി കേസറിയായിൽ 334-ൽ വിളിച്ചുകൂട്ടിയ സിനഡിൽ അത്തനാസ്യോസ് പങ്കെടുത്തില്ല. അത്തനാസ്യോസിനെതിരെ നടപടിയെടുത്ത ടയർ സിനഡിലും(335) തെയോഗ്നിസ് പങ്കെടുത്തു. അത്തനാസ്യോസിനെതിരെ തെളിവെടുക്കാൻ ഈജിപ്തിലെ മരയോട്ടീസിലേക്കു പോയ ഡലഗേഷനിൽ തെയോഗ്നിസ് അംഗമായിരുന്നു. ദൗത്യനിർവഹണാനന്തരം തിരിച്ചെത്തി, അത്തനാസ്യോസിനെതിരെ പുതിയ തെളിവുകൾ രാജസമക്ഷം നിരത്തിവച്ചു. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെ കാലത്തും അയാൾ തന്റെ പ്രവർത്തനങ്ങൾ തുടർന്നു. അത്തനാസ്യാസിനെതിരെ ജൂലിയസ് പാപ്പായ്ക്ക് അയച്ച കത്തിൽ അയാളും ഒപ്പുവച്ചു. അത്തനാസ്യോസ്, മർസെല്ലൂസ്, ഗാസായിലെ അസ്ക്ലെപ്പാസ് എന്നിവർക്കെതിരെ അയാൾ തയാറാക്കിയ കത്തുകൾ സാർദിക്കാ സിനഡിൽ(343) വായിക്കപ്പെട്ടു (തിയഡൊറെറ്റ്, സഭാ. 2,8,4). ഏതായാലും ആ സിനഡിനു മുമ്പ് മരിച്ചെന്നു തോന്നുന്നു. കാരണം, പ്രസ്തുത സിനഡ് സഭാഭ്രഷ്ടരാക്കിയ ആരിയൻ നേതാക്കന്മാരുടെ കൂട്ടത്തിൽ തെയോഗ്നിസിന്റെ പേരില്ല. കോൺസ്റ്റാന്റിനോപ്പിൾ സിനഡ് (381) അയാളുടെ പ്രബോധനങ്ങൾ തള്ളിക്കളഞ്ഞു.

### 3. അസ്തേരിയുസ് സോഫിസ്റ്റ്

ക്രിസ്ത്യാനി ആകുന്നതിനു മുമ്പുള്ള ജോലിയിൽ നിന്നാണ് സോഫിസ്റ്റ് എന്ന പേര് ഇയാൾക്കു കിട്ടിയത്. ഒരു താത്വികനോ പ്രഭാഷകനോ ആയിരുന്ന അസ്തേരിയുസ്, ലൂസിയന്റെ ശിഷ്യനായി. മാക്സിമിനുസിന്റെ മതമർദനകാലത്ത് വിശ്വാസത്യാഗിയായി. ലൂസിയൻ രക്തസാക്ഷിയായി. ആരിയനിസത്തിന്റെ ആദ്യത്തെ എഴുത്തുകാരനായി ഇയാൾ അറിയപ്പെടുന്നു. നിഖ്യായ്ക്ക് എതിരായി തെളിവുകൾ തേടിയ ആരിയസ് ഇയാളുടെ കൃതികളിലാണ് ശരണം പ്രാപിച്ചത്. വിഗ്രഹങ്ങൾക്ക് ബലി അർപ്പിച്ചവൻ എന്നാണ് അത്തനാസ്യോസ് ഇയാളെ വിളിക്കുന്നത്. നിഖ്യായ്ക്കു ശേഷം അയാൾ എഴുതിയ കൃതിയാണ് *സിന്തക്മാസ്യോൻ*. എന്നാൽ അത്തനാസ്യോസിലും മർസെല്ലൂസിലുമുള്ള രേഖാശകലങ്ങൾ മാത്രമേ ഈ കൃതിയിൽ നിന്ന് ലഭിച്ചിട്ടുള്ളൂ. ക്രിസ്തുവിനെപ്പറ്റി അയാൾ വളരെയധികം അബദ്ധങ്ങൾ പഠിപ്പിച്ചു. അയാളുടെ വിഗ്രഹാരാധന പോലെയാണ് അയാളുടെ കൃതിയുമെന്ന് അത്തനാസ്യോസ് പറയുന്നു. നിക്കോമേദിയായിലെ എവുസേബിയസുമായി ബന്ധപ്പെടുത്തിയാണ് അത്തനാസ്യോസ് അയാളെപ്പറ്റി സംസാരിക്കുന്നത്. പൗളീനുസിന് എവുസേബിയസ് അയച്ച കത്തിലെ പദപ്രയോഗങ്ങൾ അയാൾ മയപ്പെടുത്തിയെന്ന് മർസെല്ലൂസ് പറയുന്നു. മർസെല്ലൂസിനെതിരെ അയാൾ ഒരു കൃതിയെഴുതി. മർസെല്ലൂസിൽ അയാൾ സബെല്ലിയനിസം



ആരോപിച്ചു. അയാളുടെ സങ്കീർത്തന ഭാഷ്യങ്ങളും ഹോമിലികളും ആരിയൻ ചിന്തകൾ മനസിലാക്കാൻ സഹായകമാണ് (ജറോം, മഹദ്. 94). അയാൾ 341-ൽ മരിച്ചു.

### 4. അൻസീറായിലെ മർസെല്ലൂസ്

ഏഷ്യാമൈനറിലെ ഗലാത്യയിൽ അൻസീറാ മെത്രാനായിരുന്നു മർസെല്ലൂസ്. ഇന്നത്തെ തുർക്കിയുടെ തലസ്ഥാനമായ അങ്കാറയുടെ പുരാതന നാമമാണ് അൻസീറാ. നിഖ്യാസൂനഹദോസിൽ മർസെല്ലൂസും സംബന്ധിച്ചു. നിഖ്യായുടെ വലിയ വക്താവും അത്തനാസ്യോസിനെ പിൻതാങ്ങിയവരിൽ ഒരാളുമായിരുന്നു അദ്ദേഹം. നിഖ്യാ കഴിഞ്ഞും അദ്ദേഹം ആരിയർക്കെതിരെയുള്ള സമരം തുടർന്നു. സോഫിസ്റ്റ് അസ്തേരിയുസിനെതിരെ 335-ൽ വളരെ വലിയൊരു ഗ്രന്ഥമെഴുതി, അയാളുടെ അബദ്ധപ്രബോധനങ്ങളെ ഖണ്ഡിക്കുകയും ആരിയസിനോട് മമത പുലർത്തിയവരെ കടന്നാക്രമിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ കേസറിയായിലെ എവുസേബിയസും നിക്കോമേദിയായിലെ എവുസേബിയസും ഉൾപ്പെട്ടു. എവുസേബിയൻ കക്ഷിക്കാർ ഉടനെ തിരിച്ചടിച്ചു. കേസറിയായിലെ എവുസേബിയസ് *മർസെല്ലൂസിനെതിരെ, സഭാദൈവശാസ്ത്രം* എന്നിങ്ങനെ രണ്ട് കൃതികളെഴുതി സ്വയം നീതീകരികരിക്കുകയും മർസെല്ലൂസിൽ സബെല്ലിയനിസം ആരോപിക്കുകയും ചെയ്തു. മർസെല്ലൂസിനെ കുറ്റപ്പെടുത്തുന്ന ഒരു കത്തോടുകൂടി മർസെല്ലൂസ് എഴുതിയ കൃതി കോൺസ്റ്റൻടൈന് സമർപ്പിക്കപ്പെട്ടു. തലസ്ഥാനത്ത് 335-ൽ കൂടിയ സിനഡ് മർസെല്ലൂസിന്റെ ഗ്രന്ഥത്തെ നിരാകരിക്കുകയും അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തുകയും ചെയ്തു. ജൂലിയസ് പാപ്പാ 340-ൽ റോമിൽ വിളിച്ചുകൂട്ടിയ സിനഡിൽ അത്തനാസ്യോസിനോടൊപ്പം മർസെല്ലൂസും പങ്കെടുത്തു. നിഖ്യാസൂനഹദോസിൽ സംബന്ധിച്ച ചിലർ അവിടെ ഉണ്ടായിരുന്നു. നിഖ്യായിൽ എപ്രകാരം അദ്ദേഹം ആരിയസിനെ എതിർത്തെന്ന് ആ സിനഡിൽ അവർ വിവരിച്ചു. പാഷണ്ഡാരോപണം വന്നിരിക്കുന്നതിനാൽ തന്റെ വിശ്വാസം എഴുതി സമർപ്പിക്കാൻ മർസെല്ലൂസിനോട് ജൂലിയസ് പാപ്പാ ആവശ്യപ്പെട്ടു. അദ്ദേഹം അവിടെ നൽകിയ വിശ്വാസപ്രഖ്യാപനം സത്യവിശ്വാസമായി അംഗീകരിക്കപ്പെട്ടു. മർസെല്ലൂസിനെ പാപ്പാ അംഗീകരിച്ചു. സാർദിക്കാ സിനഡും (342/3) അദ്ദേഹത്തെ കുറ്റവിമുക്തനാക്കി. എന്നാൽ അദ്ദേഹത്തിന്റെ പ്രബോധനങ്ങളിലെ തിരുത്തേണ്ട ചില സംഗതികൾ സിനഡ് ചൂണ്ടിക്കാട്ടിയിരുന്നു. അതായത്, സബെല്ലിയസിന്റെയും സാമോസാട്ടക്കാരൻ പൗലോസിന്റെയും മൊണ്ടാനസിന്റെയും അഭിപ്രായങ്ങളുടെ കൂട്ടിക്കുഴച്ചിൽ അദ്ദേഹത്തിന്റെ സിസ്റ്റത്തിൽ ഉണ്ടെന്ന് സിനഡ് അഭിപ്രായപ്പെട്ടു. അവ തിരുത്താൻ അദ്ദേഹം സന്നദ്ധനുമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ സഭയിൽ തിരികെ പ്രവേശിപ്പിച്ചു. അത് അൻസീറായിലെ സഭയിൽ ചില്ലറ കുഴപ്പങ്ങൾക്ക് കാരണമായി എന്ന്

സൊക്രാട്ടസും (സഭാ.2,24) സൊസോമനും (സഭാ. 3,23,24) പറയുന്നു. കുറേ വർഷങ്ങൾക്കുശേഷം 347-ൽ അദ്ദേഹം വീണ്ടും സ്ഥാനഭ്രഷ്ടനായി, നാടു കടത്തപ്പെട്ടു. 374-ൽ മരിച്ചു. 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡ് അദ്ദേഹത്തിന്റെ ചില വിശദീകരണങ്ങൾ അബദ്ധോപദേശങ്ങളായി വിധിച്ചു.

മർസെല്ലുസിനെ കീർത്തിമാനാക്കിയതും പതനത്തിലെത്തിച്ചതും അസ്തേരിയുസിനെതിരെ എഴുതിയ കൃതിയാണ്. ആ കൃതി ലഭിച്ചിട്ടില്ല. മർസെല്ലുസിനെതിരായി എവുസേബിയസ് എഴുതിയ കൃതിയിൽ മർസെല്ലുസിൽ നിന്ന് 127 ഉദ്ധരണികളുണ്ട്. എപ്പിഫാനിയസും കുറേ ഭാഗങ്ങൾ ഉദ്ധരിക്കുന്നു. മർസെല്ലുസിനെതിരെ കേസറിയായിലെ അകാചിയസ് തയാറാക്കിയ പ്രബന്ധത്തിൽ നിന്നാണവ. വചനത്തിന് ആരംഭമുണ്ടെന്ന് അദ്ദേഹം പഠിപ്പിച്ചില്ല. എന്നാൽ "വചനം അവതാരത്തോടു കൂടെയാണ് പുത്രനായി തീർന്നത്, വചനം പിതാവിനോടുകൂടെ സത്തയിൽ സമനാണെങ്കിലും ജനിച്ചവനല്ല, വ്യക്തിയുമല്ല. ദൈവമനുഷ്യനായ ക്രിസ്തു മാത്രമാണ് വ്യക്തിത്വമുള്ളവൻ. അവനെ മാത്രമേ ദൈവപുത്രനായി നാം അറിയുന്നുള്ളു. അവതാരത്തിനു മുമ്പ് ഒരു ദൈവപുത്രനില്ല "എന്നൊക്കെ അദ്ദേഹം പറഞ്ഞത്രേ. ഇക്കാരണങ്ങളാലാണ് മർസെല്ലുസിനെ എവുസേബിയസ് കുറ്റപ്പെടുത്തിയത്. അദ്ദേഹം റോമിൽ അവതരിപ്പിച്ച വിശ്വാസപ്രഖ്യാപനം സത്യവിശ്വാസമാണ്. അദ്ദേഹം ആരിയനിസത്തിന് എതിരായി നിരവധി കൃതികൾ രചിച്ചെങ്കിലും അവ ലഭിച്ചിട്ടില്ല.

**5. അൻസീറായിലെ ബേസിൽ**

മർസെല്ലുസിനെ സ്ഥാനഭ്രഷ്ടനാക്കിയ കോൺസ്റ്റാന്റിനോപ്പിൾ സിനഡ് (335) ബേസിലിനെ പിൻഗാമിയായി നിയമിച്ചു. അദ്ദേഹം ഒരു വൈദ്യനും വലിയ പ്രസംഗകനും പണ്ഡിതനുമായിരുന്നു (സൊസോമൻ, സഭാ.2,33). അൻസീറായിൽ 358-ൽ കൂടിയ സിനഡിൽ അദ്ദേഹം എല്ലാ മെത്രാന്മാർക്കുമായി ഒരു കത്തയച്ചു. ആ സിനഡ് *ഹോമോഉസിയോസ്* എന്ന പദം തിരസ്കരിച്ചു. അതിനു പകരം *ഹൊമൊയ്ഉസിയോസ്* എന്ന പദം സ്വീകരിച്ചു. പിതാവും പുത്രനും തമ്മിൽ സാമ്യവും വ്യത്യാസവുമുണ്ട് എന്ന് പഠിപ്പിക്കുന്ന സെമി – ആരിയൻ വിഭാഗത്തിന്റെ നേതാവായിരുന്നു അദ്ദേഹം. പുത്രന് പിതാവുമായി സത്താപരമായി സാദൃശ്യം ഉണ്ടെന്ന് അംഗീകരിക്കാത്തവരെയെല്ലാം അതിൽ ശപിച്ചു. സെബസ്തെയിലെ എവുസ്താത്യോസ്, സിസിക്കൂസിലെ എലൈവുസിയോസ് എന്നിവരും മറ്റു ചിലരും ഈ വിഭാഗത്തിൽ പെട്ടവരായിരുന്നു. ഈ മൂന്നുപേരും കൂടി മൂന്നാം സിർമിയൻ വിശ്വാസപ്രമാണം എന്നറിയപ്പെടുന്ന *ഹൊമൊയ്ഉസിയൻ* ഫോർമുല ചക്രവർത്തിയെക്കൊണ്ട് അംഗീകരിപ്പിച്ചു. വിവിധ ആരിയൻ വിഭാഗക്കാരെ യോജിപ്പിക്കുന്നതിനുവേണ്ടി ഒരു പൊതുസിനഡ് വിളിച്ചുകൂട്ടാൻ വേണ്ട ഒരുക്കങ്ങൾ നടത്തുന്നതിന് ചക്രവർത്തി അദ്ദേഹത്തെ ചുമതലപ്പെടുത്തി. ഈ ഒരുക്കത്തിനിടയിൽ പടിഞ്ഞാറ് റിമിനിയിലും കിഴക്ക് സെലൂഷ്യയിലുമായി രണ്ടു സിനഡുകൾ ഒരേ സമയം കൂടാൻ *അനോമയർ* എന്ന റാഡിക്കൽ ആരിയർ ചക്രവർത്തിയോട് ആവശ്യപ്പെട്ടു.



രണ്ടു സിനഡുകൾക്കുമുള്ള ഒരുക്കങ്ങൾ നടത്താൻ ചക്രവർത്തി ബേസിലിനെ ചുമതലപ്പെടുത്തി. അതിന്റെ ഭാഗമായി കോൺസ്റ്റാൻസ്യൂസ് ചക്രവർത്തി 359-ൽ സിർമിയത്ത് ഒരു യോഗം വിളിച്ചുകൂട്ടി. രണ്ട് സിനഡുകൾക്കും പൊതുവെ സ്വീകാര്യമായ ഒരു ഫോർമുല രൂപീകരിക്കുക എന്നതായിരുന്നു ലക്ഷ്യം. അവിടെ വച്ച് ബേസിലും ലവദീക്യയിലെ ജോർജും കൂടി നാലാം സിർമിയം ഫോർമുല രൂപീകരിച്ചു. *ഉസിയാ* എന്ന പദം വേദപുസ്തകാധിഷ്ഠിതമല്ല എന്ന കാരണത്താൽ സിനഡ് തള്ളിക്കളഞ്ഞു. അതിനു പകരം *ഹൊമൊയ്യോസ് കത്ത പാന്ത* (എല്ലാറ്റിലും സദൃശ്യൻ) എന്ന പ്രയോഗം ചേർത്തു. ബേസിലും ഇതിൽ ഒപ്പുവച്ചു. ബേസിൽ ഇതിന്റെ വിശദീകരണവും നൽകി. മനസ് മാത്രമല്ല, *ഹ്യുപോസ്റ്റസിസ്*, സത്ത തുടങ്ങിയവയെല്ലാം അതിൽ ഉൾക്കൊള്ളുന്നു. *ഉസിയാ* വേദപുസ്തകത്തിൽ ഇല്ലെങ്കിലും അതിന്റെ ആശയം വേദപുസ്തകത്തിൽ ഉടനീളമുണ്ടെന്ന് ബേസിൽ സമർഥിക്കുന്നു. എപ്പിഫാനിയസ് ഈ ഫോർമുല തന്റെ കൃതിയിൽ ഉദ്ധരിക്കുന്നു (പാഷ.73,12-22).

തുടർന്ന് രണ്ട് സിനഡുകൾ കൂടി. പടിഞ്ഞാറ് റിമിനിയിൽ കൂടിയ സിനഡ് മുകളിൽ പറഞ്ഞ ഫോർമുല അംഗീകരിച്ചില്ല. *കത്ത പാന്ത (എല്ലാറ്റിലും)* എന്ന പദം കൂടാതെ *ഹൊമൊയ്ഓസ്* എന്നതു മാത്രം എടുത്തു. കിഴക്ക് സെലൂഷ്യയിൽ കൂടിയ സിനഡ് കലഹത്തിൽ അവസാനിച്ചു. ബേസിൽ, എവുസ്താത്യോസ്, എലൈവുസിയോസ് എന്നിവർ സിനഡിന്റെ പ്രതിനിധികളായി ചക്രവർത്തിയുടെ പക്കലേക്കു പോയി. അവിടെ വച്ച് റിമിനി ഫോർമുലയിൽ അവരെക്കൊണ്ട് ചക്രവർത്തി ഒപ്പു വപ്പിച്ചു. ഇങ്ങനെ *ഹൊമൊയൻ* രീതിയിലുള്ള ആരിയനിസത്തിന് എങ്ങും പൂർണവിജയം സിദ്ധിച്ചു. വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതുപോലെ പുത്രന് പിതാവുമായി സാമ്യമുണ്ട് എന്നതാണ് അവരുടെ വീക്ഷണം. ദൈവശാസ്ത്ര ഫോർമുലകൾ, പ്രത്യേകിച്ച് നിഖ്യായുടെ *ഹോമോഉസിയോസ്* എന്ന പദം, ഉപയോഗിക്കാൻ ഇക്കൂട്ടർ വിസമ്മതിച്ചു. ഈ സംഭവപരമ്പരകളെയാണ് ജറോം ദുഃഖത്തോടെ നോക്കി പറയുന്നത്: "ലോകം മുഴുവൻ ആരിയനായതിനാൽ ലോകം നെടുവീർപ്പിടുകയും അത്ഭുതപ്പെടുകയും ചെയ്യുന്നു" (ലൂസിഫറിനെതിരെ, 19). അങ്ങനെ *ഹൊമൊയ്ഉസിയൻ* ഫോർമുലയുടെ സ്വാധീനം കുറഞ്ഞു. ഈ പശ്ചാത്തലത്തിൽ *ഹൊമൊയൻ* നേതാവ് അകാചിയസ് ഉയർന്നു വന്നു. കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് 360-ൽ കൂടിയ സിനഡിൽ അയാൾ തന്റെ വിഭാഗത്തിൽ ഉൾപ്പെടാത്തവരെയൊക്കെ സ്ഥാനഭ്രഷ്ടരാക്കി നാടു കടത്തുന്നതിൽ വിജയിച്ചു. ബേസിൽ, എവുസ്താത്യോസ്, എലൈവു

സിയോസ് എന്നിവരും അതിൽ ഉൾപ്പെട്ടു. ഇല്ലീറിയയിലേക്ക് നാടു കടത്തപ്പെട്ട ബേസിൽ 364-നോടടുത്ത് അവിടെ വച്ച് മരിച്ചു.

തന്റെ മുൻഗാമിയായ മർസെല്ലൂസിനെതിരെ ബേസിൽ ഒരു കൃതിയെഴുതി (ജറോം, മഹദ്. 89). കന്യാത്വത്തെപ്പറ്റിയും അദ്ദേഹം ഒരു കൃതിയെഴുതി. *കന്യകകളുടെ യഥാർഥ വിശുദ്ധി* എന്നാണതിന്റെ പേര്. കന്യകകൾക്കുണ്ടായിരിക്കേണ്ട ഗുണങ്ങളെപ്പറ്റി ഇതിൽ വിവരിക്കുന്നു. വൈദ്യനായിരുന്ന ബേസിൽ ശാരീരിക വിവരണങ്ങളും നൽകുന്നു; ഒപ്പം ഒരപ്പോളജിയും. ആഹാരവും ബ്രഹ്മചര്യവും തമ്മിലുള്ള ബന്ധവും ഇതിൽ വിശദീകരിക്കുന്നു.

### 6. തിയാനായിലെ എവുതേരിയോസ്

കപ്പഡോഷ്യയിലെ തിയാനായിലെ ആർച്ചുബിഷപ്പായിരുന്നു എവുതേരിയോസ്. നെസ്തോറിയസിന്റെ പക്ഷം ചേർന്നതിനാൽ എഫേസോസ് സിനഡ് (431) അദ്ദേഹത്തെ മുടക്കി. എന്നാൽ അയാളെ നിശബ്ദനാക്കാൻ സിനഡിനു കഴിഞ്ഞില്ല. സിറിലും പൗരസ്ത്യമെത്രാന്മാരും തമ്മിൽ ധാരണയുണ്ടാക്കുന്നതിന് അയാൾ എതിരായിരുന്നു. ധാരണ ഉണ്ടാക്കിയതിന്റെ പേരിൽ അന്ത്യോക്യയിലെ ജോണിനെ യൂദാസ് എന്നുപോലും വിളിച്ചു. 434-ൽ അയാളെ സ്ഥാനഭ്രഷ്ടനാക്കി ഷിതോപൊളീസിലേക്കും അവിടെനിന്ന് ഫിനീഷ്യയിലെ ടയറിലേക്കും നാടുകടത്തി. അവിടെ വച്ച് മരിച്ചു. *നിരവധി പ്രമേയങ്ങളുടെ ഖണ്ഡനം* എന്നൊരു കൃതി അത്തനാസ്യോസിന്റെയും തിയഡൊറെറ്റിന്റെയും കൃതികളുടെ കൂട്ടത്തിൽ എവുതേരിയോസിൽ നിന്ന് കിട്ടിയിട്ടുണ്ട്. 431-ൽ എഴുതിയ ഈ കൃതിയിൽ ഇരുപത്തൊന്നോ ഇരുപത്തിരണ്ടോ അധ്യായങ്ങൾ ഉണ്ടായിരുന്നു. ഇത് തിയഡൊറേറ്റിന്റേതായി ഫോസിയസ് ധരിച്ചിരുന്നു (ബിബ്ലി.കോ. 46). ഏഴ് മുതൽ ഇരുപത്തിയേഴു വരെയുള്ള അധ്യായങ്ങൾ എവുതേരിയോസിന്റേതാണ്. ഒന്നു മുൽ ആറു വരെയുള്ള അധ്യായങ്ങൾ തിയഡൊറെറ്റിന്റെ *പെന്റലോഗിയം* എന്ന കൃതിയുടെ ഭാഗമാണ്. ചില കത്തുകൾ ലത്തീൻ വിവർത്തനത്തിലുണ്ട്.

### 7. കോൺസ്റ്റാന്റിനോപ്പിളിലെ പ്രോക്ലൂസ്

കോൺസ്റ്റാന്റിനോപ്പിളിൽ നെസ്തോറിയസിന്റെ രണ്ടാം പിൻഗാമിയാണ് പ്രോക്ലൂസ്. അദ്ദേഹം 438-ൽ പാത്രിയർക്കീസായി. ജോൺ ക്രിസൊസ്തോമിന്റെ ശരീരം കൗക്കാസസിൽനിന്ന് കോൺസ്റ്റാന്റിനോപ്പിളിൽ കൊണ്ടുവന്ന് വി. ശ്ലീഹന്മാരുടെ പള്ളിയിൽ സംസ്ക്കരിച്ചത് അദ്ദേഹമാണ്. അദ്ദേഹം ആദ്യം സിസിക്കൂസ് രൂപതയുടെ ആർച്ചുബിഷപ്പായി നിയമിതനായെങ്കിലും (427), ചില കാരണങ്ങളാൽ രൂപതാഭരണം ഏറ്റെടുക്കാൻ കഴിയാഞ്ഞില്ല. അതിനാൽ കോൺസ്റ്റാന്റിനോപ്പിളിൽ താമസിച്ച് വലിയ പ്രസംഗകനെന്ന് പേരെടുത്തു. നെസ്തോറിയസിന്റെ സാന്നിധ്യത്തിൽ മറിയത്തെ ദൈവമാതാവ് എന്ന് വിളിച്ചുകൊണ്ട് 428/9-ൽ ഒരു പ്രസംഗം ചെയ്തെന്നു പറയപ്പെടുന്നു. എന്നാൽ പിന്നീടുണ്ടായ തർക്കങ്ങളിലോ, എഫേസോസ് സിനഡിലോ അദ്ദേഹം സജീവമായി പങ്കെടുത്തില്ല. സിറിലിനെയും പൗരസ്ത്യരെയും യോജിപ്പിക്കുന്നതിനും എഫേസോസിന്റെ തീരുമാനങ്ങൾ എല്ലാവരെയും കൊണ്ട് അംഗീകരിപ്പിക്കുന്നതിനും അദ്ദേഹം നല്ല പങ്കുവഹിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളും കത്തുകളും നമുക്ക് ലഭിച്ചിട്ടുണ്ട്.



അദ്ദേഹം പ്രഭാഷണകല നന്നായി അഭ്യസിച്ച് പ്രസംഗിച്ചിരുന്നു (സൊക്രാട്ടസ്, സഭാ.7,28; 41,43). അഞ്ചാം നൂറ്റാണ്ടിൽ ഗ്രീക്കുസഭയിലെ ഒന്നാംനിര പ്രഭാഷകരിൽ ഒരുവനായിരുന്ന അദ്ദേഹത്തിന്റെ പേരിൽ 27 ഹോമിലികൾ അറിയപ്പെടുന്നു. അവയിൽ ചിലതിനെപ്പറ്റി പണ്ഡിതന്മാർ സംശയം പ്രകടിപ്പിക്കുന്നു. മൂന്നെണ്ണം സുറിയാനി വിവർത്തനത്തിൽ മാത്രമേ ലഭിച്ചിട്ടുള്ളു. നമ്മുടെ കർത്താവിന്റെ ജനനം, നാമകരണം, ദനഹാ, തേജസ്കരണം, ഓശാന, ഉയർപ്പ് തുടങ്ങി കർത്താവിന്റെ തിരുനാളുകളിൽ ചെയ്ത പ്രസംഗങ്ങളാണ് മിക്കവയും. അവ ആഴമേറിയ ദൈവശാസ്ത്ര പ്രസംഗങ്ങൾ തന്നെയാണ്. മൂന്നാം ഹോമിലിയിൽ അദ്ദേഹം പറയുന്നു: ''ഒരു പുത്രനേയുള്ളു. രണ്ടു സ്വഭാവങ്ങൾ രണ്ടാളുകളായി പിച്ചിച്ചീന്തപ്പെട്ടില്ല. എന്നാൽ ആരാധ്യമായ രക്ഷാകരപദ്ധതി രണ്ടു സ്വഭാവങ്ങളെയും ഏകവ്യക്തിയിൽ ഒന്നിക്കുന്നു.'' – ഈ വാക്യം ഗ്രീക്കുസഭാപിതാക്കന്മാർ തുടരെത്തുടരെ ഉദ്ധരിക്കുന്നു.

നെസ്തോറിയൻ തർക്കത്തെ പരാമർശിക്കുന്ന ഏഴ് കത്തുകൾ കിട്ടിയിട്ടുണ്ട്. രണ്ടാമത്തേത് അർമേനിയർക്കുള്ള ലേഖനം (*തോമുസ് ആദ് അർമേനോസ്*) എന്നറിയപ്പെടുന്നു. യേശുക്രിസ്തുവിലെ ഏകവ്യക്തിത്വവും രണ്ട് സ്വഭാവങ്ങളും സംബന്ധിച്ചാണത്. ഡയനീഷ്യസ് എക്സീഗൂസിന്റെ ലത്തീൻ വിവർത്തനത്തിലൂടെ ഇത് ലഭിച്ചിട്ടുണ്ട്. മറ്റ് കത്തുകളുടെയും ലത്തീൻ വിവർത്തനം മാത്രമേ ലഭിച്ചിട്ടുള്ളു. നാലാം കത്തിൽ ഒരു സുപ്രസിദ്ധവാക്യമുണ്ട്: ''ത്രിത്വത്തിലൊരാൾ ശരീരപ്രകാരം ക്രൂശിക്കപ്പെട്ടു.'' – എന്നാലിത് പിൽക്കാല കൂട്ടിച്ചേർക്കലായി പലരും കരുതുന്നു.

### 8. കോൺസ്റ്റാന്റിനോപ്പിളിലെ ജന്നാഡിയസ് (458–471)

മർസെയ്ൽസിലെ ജന്നാഡിയസ് ഇദ്ദേഹത്തെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''കോൺസ്റ്റാന്റിനോപ്പിൾ സഭയിലെ പാത്രിയർക്കീസായ ജന്നാഡിയസ് പ്രസംഗത്തിൽ സമർഥനും ബുദ്ധിശക്തിയിൽ മികച്ചവനുമായിരുന്നു. പിതാക്കന്മാരുടെ കൃതികൾ വായിച്ച് നല്ല വിജ്ഞാനം സമ്പാദിച്ചു. ദാനിയേലിന്റെ പുസ്തകം വാക്യാനുവാക്യമെടുത്ത് വ്യാഖ്യാനിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. മറ്റനേകം ഹോമിലികളും അദ്ദേഹം എഴുതിയിട്ടുണ്ട്. ലെയോ ചക്രവർത്തിയുടെ കാലത്ത് അദ്ദേഹം മരിച്ചു'' (മഹദ്. 89). മേൽപറഞ്ഞ കൃതികൾ ലഭിച്ചിട്ടില്ല. ഉൽപ്പത്തി, പുറപ്പാട്, സങ്കീർത്തനങ്ങൾ, പൗലോസിന്റെ

ലേഖനങ്ങൾ എന്നിവയ്ക്ക് അദ്ദേഹം ഭാഷ്യങ്ങളെഴുതി. എന്നാൽ അവയുടെ ചില ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. സിറിലിന്റെ 12 ശാപങ്ങൾക്കെതിരെ അദ്ദേഹം ഒരു കൃതിയെഴുതിയെന്ന് ഹെർമിയാനെയിലെ ഫക്കുൻദുസ് പറയുന്നു. നെസ്തോറിയസിന്റെ സ്നേഹിതനായ പർതേനിയോസിനെ അഭിസംബോധന ചെയ്ത് ഒരു കൃതിയെഴുതി. ഇതിൽ നിന്ന് ജോൺ ഡമഷീൻ ഉദ്ധരിക്കുന്നു. ലെയോ മാർപാപ്പായുടെ *തോമുസിന്* അദ്ദേഹം ഒരു സ്തുതി പ്രഭാഷണം *(എൻകോമിയം)* എഴുതുകയും കാൽസിഡൺ കൗൺസിൽ പൂർണമായി അംഗീകരിക്കുകയും ചെയ്തു. *സാർവത്രികലേഖനം* എന്ന പേരിൽ ഒരു രേഖ അദ്ദേഹത്തിൽ നിന്ന് അവികലമായി ലഭിച്ചിട്ടുണ്ട്. കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ (458/9) സിനഡിന്റെ കത്താണിത്. 471-ൽ മരിച്ച അദ്ദേഹത്തെ പൗരസ്ത്യസഭ വിശുദ്ധനായി കരുതുന്നു. തുടർന്ന് പാത്രിയർക്കീസായ അകാചിയസിന്റെ കാലത്താണ് *അകാചിയൻ ശീശ്മ (484-518)* ഉത്ഭവിച്ചത്. റോം കോൺസ്റ്റാന്റിനോപ്പിളുമായുള്ള കൂട്ടായ്മ വിഛേദിക്കാൻ ഈ ശീശ്മ കാരണമായി. സേനോ ചക്രവർത്തിയുടെ *ഹെനോട്ടിക്കോൻ* എന്ന കാൽസിഡൺ വിരുദ്ധരേഖയായിരുന്നു അതിനു കാരണം. ജസ്റ്റിൻ ചക്രവർത്തി അധികാരത്തിൽ വന്നപ്പോൾ (518) ഈ രേഖയെ തള്ളിപ്പറയുകയും റോമാമെത്രാൻ സംസർഗം പുനഃസ്ഥാപിക്കുകയും ചെയ്തു. അങ്ങനെ ഈ ശീശ്മ അവസാനിച്ചു.

### 9. സെലൂഷ്യയിലെ ബേസിൽ

അദ്ദേഹം 440-ൽ ഇസൗറിയായിലെ സെലൂഷ്യയുടെ മെത്രാനായി. കോൺസ്റ്റാന്റിനോപ്പിൾ സിനഡിൽ (448) ഏകസ്വഭാവവാദത്തിനെതിരെ വോട്ടു ചെയ്തു. എഫേസോസിലെ രണ്ടാം സിനഡിൽ (449) എവുതീക്കസിനെ പിൻതാങ്ങി. കാൽസിഡൺ സിനഡിൽ (451) സംബന്ധിച്ച് ലെയോ മാർപാപ്പായുടെ ലേഖനം അംഗീകരിച്ചു. മറ്റ് ഇസൗറിയൻ മെത്രാന്മാരോടൊപ്പം 458-ൽ ലെയോ ചക്രവർത്തിക്ക് ഒരു കത്തയച്ചു. കാൽസിഡൺ സിനഡ് നടപ്പാക്കണമെന്നും തിമോതി എന്ന ഏകസ്വഭാവ പാത്രിയർക്കീസിനെ അലക്സാണ്ഡ്രിയയിൽ നിന്ന് ബഹിഷ്കരിക്കണം എന്നുമായിരുന്നു കത്തിന്റെ സാരം. - ക്ലാസിക്കൽ സാഹിത്യത്തിലും പ്രഭാഷണകലയിലും അദ്ദേഹത്തിന് നല്ല ജ്ഞാനമുണ്ടായിരുന്നു; ഉപമകളും അലങ്കാരങ്ങളും ധാരാളമായി ഉപയോഗിച്ചിരുന്നു. മഹാനായ ബേസിലിന്റെയും ക്രിസൊസ്തോമിന്റെയും സ്വാധീനം ഭാഷ്യങ്ങളിൽ ദൃശ്യമാണെന്ന് ഫോസിയസ് പറയുന്നു. പതിനഞ്ചു ഹോമിലികളെപ്പറ്റി ഫോസിയസ് സൂചിപ്പിക്കുന്നു. ബൈബിൾ ഭാഗങ്ങളെ ആധാരമാക്കി അദ്ദേഹം ചർച്ചകൾ നടത്തിയിരുന്നു. സംഭവങ്ങൾ നാടകീയമായി അവതരിപ്പിക്കുന്നതിലും ബൈബിൾ വ്യക്തികളെ കൊണ്ട് സംസാരിപ്പിക്കുന്നതിലും അദ്ദേഹം താൽപര്യം കാണിച്ചു. ആറാം നൂറ്റാണ്ടിലെ ഗ്രീക്ക് ഗാനരചയിതാവായ റോമാനോസിന് *കൊന്താക്കിയ* രചിക്കാൻ ബേസിലിന്റെ



രീതി പ്രേരണ നൽകി. ഫോസിയസ് സൂചിപ്പിക്കുന്ന ചില കൃതികൾ അദ്ദേഹത്തിന്റേതല്ല എന്നാണ് പണ്ഡിതമതം.

### 10. മെതോഡിയസ്

ലീസിയായിലെ ഒളിംപുസിലെ മെത്രാനായി മെതോഡിയസ് അറിയപ്പെടുന്നു. മാസിഡോണിയായിലെ ഫിലിപ്പി നഗരത്തിലെ മെത്രാനായിരുന്നു എന്ന് കരുതുന്നവരുമുണ്ട്. എവുസേബിയസ് അദ്ദേഹത്തെപ്പറ്റി സഭാചരിത്രത്തിൽ സൂചിപ്പിക്കുന്നില്ല. എവുബേയായിലെ കാൽചിസിൽ വച്ച് 311-ൽ രക്തസാക്ഷിയായി മരിച്ചു. പണ്ഡിതനും ശ്രേഷ്ഠനുമായ ദൈവശാസ്ത്രജ്ഞനായിരുന്ന അദ്ദേഹത്തിന്റെ കൃതികളിൽ കുറച്ചു മാത്രമേ ലഭിച്ചിട്ടുള്ളു. അദ്ദേഹം പ്ലേറ്റോയെ അനുകരിച്ച് സംഭാഷണരീതിയിൽ *സദ്യ* അഥവാ *കന്യാത്വത്തെപ്പറ്റി* എന്ന കൃതി രചിച്ചു. പത്തുകന്യകകൾ കന്യാത്വത്തിന്റെ ഔന്നത്യത്തെ പാടിപ്പുകഴ്ത്തുന്നതാണിത്. ഏറ്റവും ശ്രേഷ്ഠമായ ക്രിസ്തീയ ജീവിതമായി അവർ കന്യാത്വത്തെ ഉയർത്തിക്കാട്ടുന്നു. അവസാനം തെക്ലാ എന്ന കന്യക വരനായ ക്രിസ്തുവിനോടും വധുവായ സഭയോടും ഒരു ഗീതം പാടുന്നു. ഒരിജന്റെ ഉത്തമഗീതഭാഷ്യത്തോട് വളരെ അടുത്തു വരുന്ന വ്യാഖ്യാനരീതിയാണ് ഈ കൃതിയിൽ മെതോഡിയസ് സ്വീകരിച്ചിരിക്കുന്നത്. *സ്വതന്ത്രമനസ്* എന്നതാണ് രണ്ടാമത്തെ കൃതി. മനുഷ്യന്റെ സ്വതന്ത്രമനസാണ് തിന്മയ്ക്ക് കാരണം. തിന്മ ദൈവത്തിൽ നിന്നല്ല, അത് നിത്യവുമല്ല. ഗ്നോസ്റ്റിക്കുകളുടെ ദ്വൈതവാദത്തിനെതിരെ എഴുതപ്പെട്ടതാണ് ഈ കൃതി. ഇതും സംഭാഷണ ശൈലിയിലാണ്. *ഉയർപ്പിനെപ്പറ്റി* എന്ന കൃതി ഒരിജനിസം എന്ന അബദ്ധോപദേശത്തെ ഖണ്ഡിക്കാനായി എഴുതിയതാണ്. ശരീരം ആത്മാവിന്റെ തടവറയാണെന്ന ആശയം അദ്ദേഹം തിരസ്കരിക്കുന്നു. *പൊർഫീരിക്കെതിരെ, ജീവിതത്തെപ്പറ്റിയും ബൗദ്ധികവ്യാപാരങ്ങളെ പറ്റിയും* എന്നീ കൃതികളും അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. ആദ്യം ഒരിജന്റെ ആരാധകനായിരുന്ന മെതോഡിയസ് പിന്നീട് ഒരിജന്റെ വിമർശകനായിത്തീർന്നു.

### 11. ഇക്കോണിയത്തിലെ ആംഫിലോക്കിയസ്

കപ്പഡോഷ്യൻ പിതാക്കന്മാരുടെ കൃതികളിൽ നിന്നാണ് അദ്ദേഹത്തെപ്പറ്റി ഏറ്റവും കൂടുതലായി നാമറിയുന്നത്. ബേസിൽ *പരിശുദ്ധാത്മാവിനെപ്പറ്റി* എന്ന കൃതി അദ്ദേഹത്തിനാണ് സമർപ്പിച്ചിരിക്കുന്നത്. ഗ്രിഗറി നസ്യാൻസൻ മിക്കവാറും അദ്ദേഹത്തിന്റെ ചാർച്ചക്കാരൻ ആകാനാണിട. കപ്പഡോഷ്യയിലെ ദിയോ ചെസാറിയായിൽ 340/345-ൽ ജനിച്ചു. അന്ത്യോക്യയിൽ ലിബാനിയൂസിന്റെ ശിഷ്യനായി. പിന്നീട് കോൺസ്റ്റാന്റിനോപ്പിളിൽ 364-നോടടുത്ത് അഭിഭാഷകനായി. ആറ് വർഷങ്ങൾക്കുശേഷം പൊതുജീവിതത്തിൽ നിന്ന് പിൻവാങ്ങി, സന്യസിക്കാൻ ആഗ്രഹിച്ചു. എന്നാൽ മഹാനായ ബേസിൽ അദ്ദേഹത്തെ 374-ൽ ഇക്കോണിയത്തിലെ മെത്രാനാക്കിയതിനാൽ

അത് നടന്നില്ല. അദ്ദേഹം വളരെ വൈമുഖ്യത്തോടെയാണ് മെത്രാൻ സ്ഥാനം സ്വീകരിച്ചത്. ബേസിൽ പറയുന്നു: "ദൈവം വാഴ്ത്തപ്പെട്ടവനാകുന്നു. അവൻ ഓരോ തലമുറയിലും തനിക്കു പ്രിയപ്പെട്ടവരെ തെരഞ്ഞെടുക്കുന്നു. തന്റെ തെരഞ്ഞെടുപ്പിന്റെ പാത്രങ്ങളെ വെളിപ്പെടുത്തുന്നു. തന്റെ വിശുദ്ധരുടെ സേവനത്തിനായി അവരെ ഉപയോഗിക്കുകയും ചെയ്യുന്നു. രക്ഷപെടാൻ പ്രയാസമായ തന്റെ കൃപാവരത്തിന്റെ വലയിൽ അവൻ നിന്നെ കുടുക്കി. നീ സമ്മതിക്കുന്നതുപോലെ, ഞങ്ങളിൽ നിന്നല്ല, ഞങ്ങൾ വഴി വിളിച്ച അവനിൽ നിന്ന് രക്ഷപെടാനായിരുന്നു നീ ശ്രമിച്ചത്. കർത്താവിന് ആളുകളെ ചേർക്കാനും പിശാചിന്റെ ദാസ്യത്തിൽ പെട്ടവരെ വിടുവിക്കാനും അന്ധകാരത്തിൽ നിന്ന് തന്റെ പ്രകാശത്തിലേക്ക് തന്റെ ഹിതാനുസരണം നയിക്കാനും വേണ്ടി അവൻ നിന്നെ പിസീദിയായുടെ മധ്യത്തിലേക്ക് കൊണ്ടുവന്നു" (ലേഖനം, 161).

അദ്ദേഹം വളരെ വിജയകരമായി രൂപത ഭരിച്ചു. എല്ലായിടത്തും ചിട്ടയും ക്രമവും നടപ്പാക്കി. ആരിയർ, മെസാലിയർ, എൻക്രത്തീത്തർ എന്നീ അബദ്ധോപദേശകർക്കെതിരെ സത്യവിശ്വാസം ഉയർത്തിക്കാട്ടി. കോൺസ്റ്റാൻറിനോപ്പിൾ സിനഡിൽ (381) തലയെടുപ്പുള്ള സഭാനേതാവായി ശോഭിച്ചു. സൈഡ് സിനഡിൽ (391) അദ്ദേഹം അധ്യക്ഷനായിരുന്നു. കോൺസ്റ്റാന്റിനോപ്പിൾ സിനഡിലാണ് (394) അദ്ദേഹം ഏറ്റവും അവസാനമായി സംബന്ധിച്ചത്. ബോസ്ത്രായിലെ മെത്രാന്റെ പിൻതുടർച്ച സംബന്ധിച്ച് തീരുമാനം എടുക്കാനാണ് സിനഡ് കൂടിയത്.

മറ്റ് കപ്പഡോഷ്യൻ പിതാക്കന്മാരുടെ കൃതികൾ പോലെ അദ്ദേഹത്തിന്റെ കൃതികൾ സംരക്ഷിക്കപ്പെട്ടിട്ടില്ല. കുറച്ചു കൃതികൾ മാത്രമേ കൈവന്നിട്ടുള്ളു.

(1) സിനഡിക്കൽ ലേഖനം: ഇക്കോണിയം സിനഡ് (376) ലീസിയ രൂപതയിലെ മെത്രാന്മാർക്ക് ഒരു ലേഖനം അയക്കാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തി. പരിശുദ്ധാത്മാവിന്റെ ദൈവത്വവും സത്തയിലുള്ള സമത്വവും ആവർത്തിച്ചുറപ്പിച്ചുകൊണ്ട്, പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ചവർക്കെതിരെ മെത്രാന്മാരെ ബോധവൽക്കരിക്കുന്നു. ബേസിലിന്റെ പരിശുദ്ധാത്മാവിനെ കുറിച്ചുള്ള കൃതിയുടെ പശ്ചാത്തലത്തിലാണ് ഇത് എഴുതിയിരിക്കുന്നത്. ഇത് പൂർണമായി കിട്ടിയിട്ടുണ്ട്.

(2) അപ്പൊക്തിതർക്കും ജെമെല്യർക്കുമെതിരെ: അബദ്ധോപദേശങ്ങൾ പഠിപ്പിച്ച രണ്ട് വിഭാഗക്കാർക്ക് എതിരായിട്ടാണിത്. ഒരു കോപ്റ്റിക് വിവർത്തനത്തിലൂടെ ഈ താർക്കിക കൃതി ലഭിച്ചിട്ടുണ്ട്. ആമുഖവും അവസാനഭാഗവും തലക്കെട്ടും ഗ്രന്ഥകർത്താവിന്റെ പേരും കൃതിയിലില്ല. ഇത് ആംഫിലോക്കിയൂസിന്റേതാണെന്ന് ഫിക്കെർ സമർഥിച്ചിട്ടുണ്ട്. കടുത്ത തപശ്ചര്യകൾ അനുഷ്ഠിക്കുന്ന വിഭാഗങ്ങൾക്ക് എതിരായിട്ടാണിത്. വിവാഹം വിലക്കുന്നവരും വീഞ്ഞ് കുടിക്കാത്തവരും കർതൃശരീരരക്തങ്ങളിൽ ഭാഗഭാഗിത്വം നടത്താത്തവരും മാംസം ഭക്ഷിക്കാത്തവരുമായി ഒരു പ്രത്യേകതരം വിഭാഗക്കാരുണ്ടായിരുന്നു. ജെമെല്യർ വളർത്തുമൃഗങ്ങളെ കൂടി വിലക്കുകയും കമ്പിളിവസ്ത്രങ്ങൾ നിരോധിക്കുകയും ചെയ്തിരുന്നു. ക്ഷുദ്രക്കാരൻ ശീമോനാണ് ഈ വിഭാഗത്തിന്റെ ആരംഭകൻ. ശീമോന്റെ ശിഷ്യനായിരുന്നു ജെമെല്ലിയുസ്.



(3) *എപ്പിസ്തുളാ യാംബിക്കാ ആദ് സെലെവുകും*: കോസ്മോസ് തന്റെ കൃതിയിൽ ഇത് ആംഫിലോക്കിയസിന് ആരോപിക്കുന്നു. ഇതൊരു പദ്യകൃതിയാണ്. പഠനത്തിനും സുകൃതത്തിനും സെലെവുക്കസിനെ ഇതിലൂടെ ഉപദേശിക്കുന്നു. മറ്റു പഠനങ്ങളേക്കാൾ ബൈബിൾ പഠനത്തിൽ താൽപര്യം കാണിക്കണമെന്നും പറയുന്നു. ബൈബിൾ ഗ്രന്ഥങ്ങളുടെ ഒരു പട്ടിക 251 –319 വരികളിൽ കാണാം.

(4)എട്ട് ഹോമിലികൾ: വിവിധ വേദപുസ്തകഭാഗങ്ങളെ ആധാരമാക്കി എഴുതിയ ഹോമിലികളിൽ ഏഷ്യാറ്റിക് പ്രഭാഷണകല പ്രകടമാണ്. വേദപുസ്തകത്തിലെ വ്യക്തികളെ കൊണ്ട് സംഭാഷണം ചെയ്യിക്കുന്ന രീതിയിലാണ് വിവരണം.

**12. അമാസെയായിലെ അസ്തേരിയുസ്**

കപ്പഡോഷ്യൻ പിതാക്കന്മാരുടെ സമകാലീനനാണ് അസ്തേരിയുസ്. മെത്രാനാകുന്നതിനു മുമ്പ് അഭിഭാഷകനായിരുന്നു. 380–നും 390–നും ഇടയ്ക്ക് മെത്രാനായി. പതിനാറ് ഹോമിലികളും സ്തുതിപ്രഭാഷണങ്ങളും അദ്ദേഹത്തിന്റേതായി അറിയപ്പെടുന്നു. അവയിൽ പ്രഭാഷണവൈദഗ്ദ്ധ്യം പ്രകടമാണ്.

**13. മക്കാരിയോസ് മാഗ്നെസ്**

മഗ്നേഷ്യയിലെ ബിഷപ്പായിരുന്നു മക്കാരിയോസ്. ഓക് സിനഡിൽ എഫേസോസിലെ ഹെരാക്ലിദെസിനെതിരെ വാദിച്ചു എന്ന് ഫോസിയസ് പറയുന്നു (ബിബ്ലി.കോ. 59). ഹെരാക്ലിദെസിനെ വാഴിച്ചത് ജോൺ ക്രിസൊസ്തോമായിരുന്നു. ഈ മക്കാരിയോസായിരിക്കാം മക്കാരിയോസ് മാഗ്നെസ് എന്ന ക്രിസ്ത്യൻ അപ്പോളജിസ്റ്റ്. മാഗ്നേസ് 400–ാമാണ്ടിൽ അഞ്ച് വാല്യങ്ങളിൽ ഒരു കൃതി രചിച്ചു. അദ്ദേഹവും ഒരു പേഗൻ താത്വികനും തമ്മിൽ നടന്ന തർക്കത്തിന്റെ രൂപത്തിലാണ് കൃതി. ഈ രൂപം ഒരു സാഹിത്യസൃഷ്ടിയാകാം. *അപ്പൊക്രിതിക്* എന്ന പേരിൽ ഈ കൃതി അറിയപ്പെട്ടിരുന്നു. അപ്പോളജെറ്റിക് കൃതിയെന്ന നിലയ്ക്ക് ഇതിന് വലിയ സ്ഥാനം കൽപിക്കാനില്ല. ചില അക്രൈസ്തവ വീക്ഷണങ്ങളെ ഇതിൽ വിമർശിക്കുന്നു.

അധ്യായം 8

# കേസറിയായിലെ എവുസേബിയസ്
## (263–339)

സഭാചരിത്രപിതാവെന്ന് അറിയപ്പെടുന്ന എവുസേബിയസിനോടു കൂടി പട്രിസ്റ്റിക് സാഹിത്യത്തിന്റെ സുവർണകാലം ആരംഭിച്ചു. പലസ്തീനയിലെ കേസറിയാ (ചെസാറിയാ മരീതിമാ) രൂപതയുടെ മെത്രാനായിരുന്നു എവുസേബിയസ് പംഫീലി. ഭൂതകാല സംഭവങ്ങളിലും കാര്യങ്ങളിലും അദ്ദേഹത്തിന് വളരെയധികം താൽപര്യമുണ്ടായിരുന്നു. അതുപോലെ വർത്തമാന കാലത്തിനു രൂപം നൽകുന്നതിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. ചരിത്രകാരനും താർക്കികനുമായിരുന്ന അദ്ദേഹം തന്റെ കാലത്തുണ്ടായ സഭാപരമായ പ്രശ്നങ്ങളിൽ തലയെടുപ്പുള്ള നേതാവായി ഇടപെട്ടു. വിശ്വാസസംരക്ഷകരിൽ അവസാനത്തെ ആളായും ആദ്യത്തെ ദിനവൃത്താന്തകനായും ആദ്യത്തെ റിക്കാർഡ് സൂക്ഷിപ്പുകാരനായും അദ്ദേഹത്തെ കണക്കാക്കാം. തന്റെ കാലത്ത് ചുറ്റുമുള്ള ലോകത്ത് ഉണ്ടായിക്കൊണ്ടിരുന്ന വലിയ മാറ്റങ്ങളുടെ പ്രതിധ്വനികൾ മറ്റാരേക്കാളും കൂടുതൽ അദ്ദേഹത്തിൽ ദൃശ്യമാണ്. ഒന്നാമത്തെ ക്രൈസ്തവരാജാവിനെ കാണാൻ ഭാഗ്യമുണ്ടായ തലമുറയുടെ പ്രതിനിധിയുമാണ് അദ്ദേഹം.

കേസറിയായിൽ 263-ൽ ജനിച്ച എവുസേബിയസ് അവിടെത്തന്നെ പഠിച്ചു. അവിടെത്തന്നെ മെത്രാനായി, കൃതികളെല്ലാം അവിടെവച്ചു തന്നെ എഴുതി. ഒരിജൻ കേസറിയായിൽ തുടങ്ങിയ വിദ്യാപാഠശാലയും ഗ്രന്ഥശാലയും വളർത്തിയെടുത്ത പംഫീലസാണ് എവുസേബിയസിനെ ശാസ്ത്രപഠനങ്ങളിലേക്ക് നയിച്ചതും പരിശീലിപ്പിച്ചതുമെല്ലാം. ഗുരുവിനോടുള്ള ബഹുമാനാർഥം പംഫീലസിന്റെ ആത്മീയസന്താനം എന്ന അർഥത്തിൽ എവുസേബിയസ് പംഫീലി (*ഹോ തൂ പംഫീലി*) എന്ന് സ്വയം വിളിക്കുന്നതിൽ അദ്ദേഹം അഭിമാനിച്ചു. പംഫീലസിന്റെ ഒരു ലഘുജീവചരിത്രമെഴുതി അദ്ദേഹത്തെ ബഹുമാനിക്കാനും എവുസേബിയസ് മറന്നില്ല. ഡയക്ലീഷന്റെ മത



പീഡനത്തിന്റെ ഏഴാം വർഷം, 310 ഫെബ്രുവരി 6-ന് പംഫീലസ് രക്തസാക്ഷിയായി. എവുസേബിയസ് ആദ്യം ടയറിലേക്കും പിന്നെ ഈജിപ്ഷ്യൻ മരുഭൂമിയിലെ (തേബായ്ഡിൽ) സന്യാസികളുടെ ഇടയിലേക്കും ഓടിപ്പോയി. എന്നാൽ അവിടെവച്ച് പിടിക്കപ്പെട്ട് തടവിലാക്കപ്പെട്ടു.

കോൺസ്റ്റൻടൈൻ ചക്രവർത്തി സഭയ്ക്ക് സ്വാതന്ത്ര്യം അനുവദിച്ച വർഷംതന്നെ (313) എവുസേബിയസ് കേസറിയാ മെത്രാനായി ഉയർത്തപ്പെട്ടു. അക്കാലത്ത് ഉടലെടുത്ത ആരിയൻ തർക്കങ്ങളിൽ മെത്രാനെന്ന നിലയിൽ എവുസേബിയസും ഇടപെട്ടു. തത്വം ബലികഴിക്കാതെ ഇരുകൂട്ടരെയും രഞ്ജിപ്പിക്കാൻ തനിക്കു കഴിഞ്ഞേക്കുമെന്ന് അദ്ദേഹം കരുതി. കേസറിയായിൽ കൂടിയ സിനഡ് ആരിയസിനെ കുറ്റവിമുക്തനാക്കി. എന്നാൽ അലക്സാണ്ട്രിയൻ മെത്രാന് കീഴ്പ്പെടണമെന്ന് സിനഡ് ആരിയസിനോട് ആവശ്യപ്പെട്ടിരുന്നു.

ആരിയസിനെതിരെ ഒരു ഫോർമുല സ്വീകരിക്കാൻ വിസമ്മതിച്ചതിനാൽ, അന്ത്യോക്യയിൽ കൂടിയ ഒരു സിനഡ് അദ്ദേഹത്തെ സഭാഭ്രഷ്ടനാക്കി എന്ന് പറയപ്പെടുന്നു. എല്ലായിടത്തും ഐക്യം സ്ഥാപിക്കുന്ന ആളായിട്ടാണ് അദ്ദേഹം നിലകൊണ്ടത്. നിഖ്യാസൂനഹദോസിലും അദ്ദേഹം ഈ നിലപാടെടുത്തു. വേദപുസ്തകത്തിൽ പറയുന്ന പദപ്രയോഗങ്ങൾ അംഗീകരിച്ചുകൊണ്ട് യേശുക്രിസ്തുവിന്റെ ദൈവത്വം അംഗീകരിക്കുക, *ഹോമോഉസിയോസ്* എന്ന പദം സബെല്ലിയനിസത്തിന്റെ ചുവയുള്ളതിനാൽ ഉപേക്ഷിക്കുക എന്നതായിരുന്നു എവുസേബിയസിന്റെ നിലപാട്. എങ്കിലും അവസാനം *ഹോമോഉസിയോസ്* സ്വീകരിച്ചുകൊണ്ട് നിഖ്യാസൂനഹദോസിന്റെ ഫോർമുലയിൽ അദ്ദേഹവും ഒപ്പുവച്ചു.

രക്തരൂക്ഷിതമായ മതപീഡനത്തിന് അന്ത്യം കുറിച്ച കോൺസ്റ്റൻടൈൻ ചക്രവർത്തിയോട് അദ്ദേഹത്തിന് വലിയ മതിപ്പായിരുന്നു. ചക്രവർത്തിയും അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. ചക്രവർത്തിയുടെ ഭരണത്തിന്റെ ഇരുപതാം വാർഷികത്തിലും മുപ്പതാം വാർഷികത്തിലും ആശംസാപ്രസംഗം നടത്തിയത് എവുസേബിയസാണ്. ചക്രവർത്തി 337 മെയ് 22-ന് മരിച്ചപ്പോൾ, എവുസേബിയസ് വളരെ ദീർഘമായ ഒരു പ്രസംഗം നടത്തി അദ്ദേഹത്തെ ബഹുമാനിച്ചു. ചക്രവർത്തിയുടെ ഒരു വലിയ ദൈവശാസ്ത്രോപദേശകൻ കൂടിയായിരുന്നു അദ്ദേഹം.

### കൃതികൾ

ഒരിജൻ കഴിഞ്ഞാൽ ഗവേഷണത്തിലും പാണ്ഡിത്യത്തിലും ഗ്രീക്കുപിതാക്കന്മാരിൽ മുൻപന്തിയിൽ നിൽക്കുന്നത് എവുസേബിയസത്രേ. തളർച്ചയും ക്ഷീണവും എന്തെന്നറിയാത്ത എഴുത്തുകാരനായിരുന്നു അദ്ദേ

ഹം. വളരെ പ്രായം ചെല്ലുന്നതു വരെയും എഴുതിക്കൊണ്ടിരുന്നു. ഇന്നു സമൂലം നഷ്ടപ്പെട്ടുപോയ അനേകം കൃതികളിൽ നിന്നുള്ള വിജ്ഞാനം അദ്ദേഹം തന്റെ കൃതികളിൽ സമാഹരിച്ചു. വേദപുസ്തകത്തിലും ചരിത്രത്തിലും പ്രാചീന സാഹിത്യത്തിലും തത്വശാസ്ത്രത്തിലും ഭൂമിശാസ്ത്രത്തിലും സാങ്കേതിക കാലഗണനയിലും വ്യാഖ്യാനശാസ്ത്രത്തിലും ശബ്ദശാസ്ത്രത്തിലും പുരാവസ്തു ശാസ്ത്രത്തിലും അദ്ദേഹം അഗാധ പണ്ഡിതനായിരുന്നു. എങ്കിലും കൃതികളിൽ സാഹിത്യഗുണം കുറവാണെന്നും ശൈലി സ്വീകാര്യമോ ഉന്നതമോ അല്ലെന്നും ഒരഭിപ്രായമുണ്ട്. എവുസേബിയസ് അമർത്യനായിരിക്കുന്നത് അദ്ദേഹത്തിന്റെ ചരിത്രകൃതികളിലൂടെയാണ്; അദ്ദേഹത്തിന്റെ സഭാസേവനം തികച്ചും അനുസ്മരണീയമാണ്.

**1. ചരിത്രകൃതികൾ**

ദിനവൃത്താന്തം, സഭാചരിത്രം, പലസ്തീനയിലെ രക്തസാക്ഷികൾ എന്നിങ്ങനെ മൂന്ന് ചരിത്ര കൃതികളാണ് അദ്ദേഹത്തെ അനശ്വരനാക്കിയത്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് സഭാചരിത്രമാണ്.

(1) ദിനവൃത്താന്തം (ക്രോണിക്കിൾ)

ഇത് എഴുതപ്പെട്ടത് 330-നോടടുത്താണ്. ഇതിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗത്ത് വിവിധ ജനപദങ്ങളുടെ ചരിത്രം വളരെ സംഗ്രഹിച്ച് എഴുതിയിരിക്കുന്നു: അലക്സാണ്ഡർ പോളിഹിസ്റ്റർ, അബിദേനോസ്, ജൊസേഫൂസ് എന്നിവരെ ആധാരമാക്കി കൽദായരുടെ ചരിത്രം; അബിദേനോസ്, കാസ്തോർ, ദിയദോറൂസ്, കെഫാലിയോൻ എന്നിവരെ ആധാരമാക്കി അസ്സീറിയൻ ചരിത്രം; പഴയനിയമം, ജൊസേഫൂസ്, ക്ലെമെന്റ് എന്നിവരെ ആധാരമാക്കി യഹൂദചരിത്രം; ദിയദോറൂസ്, മനെത്തോ, പൊർഫീരി എന്നിവരെ ആധാരമാക്കി ഈജിപ്ഷ്യൻ ചരിത്രം; കാസ്തോർ, പൊർഫീരി, ദിയദോറൂസ് എന്നിവരെ ആധാരമാക്കി ഗ്രീക്കുചരിത്രം; ഹലിക്കർണാസുസിലെ ഡയനീഷ്യസ്, ദിയദോറുസ്, കാസ്തോർ എന്നിവരെ ആധാരമാക്കി റോമൻ ചരിത്രം-ഇത്രയുമാണ് ഒന്നാം ഭാഗത്തുള്ളത്.

രണ്ടാം ഭാഗത്ത് സമാന്തര കോളങ്ങളിലായി ലോകചരിത്രവും വിശുദ്ധ ചരിത്രവും നൽകുന്നു. ക്രി.മു.2016/15-ൽ അബ്രഹാമിന്റെ ജനനം മുതലാണ് ഈ ചരിത്രം തുടങ്ങുന്നത്. തുടർന്നുള്ള കാലത്തെ അഞ്ചു ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു: 1. അബ്രഹാം മുതൽ ട്രോയ് കീഴടക്കപ്പെടുന്നതുവരെ. 2. ട്രോയ് മുതൽ ഒന്നാം ഒളിംപിയാഡ് വരെ. 3. ഒന്നാം ഒളിംപിയാഡ് മുതൽ ഡേറിയസിന്റെ വാഴ്ചയുടെ രണ്ടാംവർഷം വരെ. 4. അതു മുതൽ ക്രിസ്തുവിന്റെ മരണംവരെ. 5. ക്രിസ്തുവിന്റെ മരണം മുതൽ 303 വരെ. യൂദമതവും അതിന്റെ തുടർച്ചയായ ക്രിസ്തുമതവും മറ്റെല്ലാറ്റിനേക്കാളും പുരാ



തനമാണെന്ന് തെളിയിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. രണ്ടാം നൂറ്റാണ്ടിലെ ഗ്രീക്ക് വിശ്വാസസമർഥകർ ഈ രീതി നേരത്തേ സ്വീകരിച്ചിരുന്നു. അവരെ പിൻതുടർന്ന് മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജൂലിയസ് ആഫ്രിക്കാനുസ് ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ക്രോണിക്കിൾ ഉണ്ടാക്കി. എവുസേബിയസിന് വഴികാട്ടി ആയിരുന്നത് ഇതാണ്. എവുസേബിയസ് ഇതിൽ നിന്ന് മാതൃകയും ഒട്ടനവധി രേഖകളും എടുത്തെങ്കിലും, അക്കാര്യം എടുത്തുപറയുന്നില്ല. ആഫ്രിക്കാനുസിന്റെ കൃതിയേക്കാൾ വളരെ മെച്ചപ്പെട്ടതാണ് എവുസേബിയസിന്റേത്. കൂടുതൽ ശ്രേഷ്ഠരും പ്രാചീനരുമായ എഴുത്തുകാരെ എവുസേബിയസ് ആധാരമാക്കി. അതുപോലെ സ്രോതസുകളെ കൂടുതൽ വിമർശനബുദ്ധിയോടു കൂടെ അദ്ദേഹം സമീപിച്ചു. ആഫ്രിക്കാനുസിന്റെ സഹസ്രാബ്ദ ചിന്താഗതി എവുസേബിയസിലില്ല. ആഫ്രിക്കാനുസ് ആദവും പറുദീസായും കൊണ്ടാണ് തുടങ്ങിയത്. എവുസേബിയസാകട്ടെ അബ്രഹാം മുതലാണ് തുടങ്ങിയിരിക്കുന്നത്. കാരണം, എത്രനാൾ മനുഷ്യർ പറുദീസായിൽ ജീവിച്ചെന്ന് ആർക്കറിയാം? ബൈബിളിനെ വിമർശന ബുദ്ധിയോടെ വീക്ഷിക്കുന്ന ഗ്രന്ഥകാരനെ നാം ഇവിടെ കാണുന്നു.

(2) സഭാചരിത്രം

എവുസേബിയസിനെ അനശ്വരനാക്കിയത് തിരുസഭാചരിത്രം (*എക്ലേസിയാസ്തിക്കേ ഹിസ്തോറിയാ*) എന്ന കൃതിയാണ്. പത്തു ഗ്രന്ഥങ്ങളായിട്ടാണ് നമുക്കിത് ലഭിച്ചിരിക്കുന്നത്. സഭാരംഭം മുതൽ കോൺസ്റ്റൻടൈൻ തന്റെ എതിരാളികളെയെല്ലാം പരാജയപ്പെടുത്തി ഏകാധിപതിയായി തീർന്ന 324 വരെയുള്ള സംഭവവികാസങ്ങളാണ് ഇതിൽ കുറിച്ചിരിക്കുന്നത്. അതായത് നിഖ്യാസൂനഹദോസിനു (325) മുമ്പു വരെയുള്ള സംഗതികളാണ് പ്രതിപാദ്യവിഷയം. സഭയുടെ ക്രമാനുഗതമായ വളർച്ചയോ, വളർച്ചയ്ക്കിടയിലുണ്ടായ തടസ്സങ്ങളോ ഒന്നും വ്യക്തമായി വരച്ചുകാട്ടുന്നില്ല. ഇത് ചരിത്രസംഭവങ്ങളുടെ ഒരു വലിയ സമാഹാരമാണ്. രേഖകളും ഉദ്ധരണികളും തുടർച്ചയായി അടുക്കിയടുക്കി വച്ചിരിക്കുന്നു. എവുസേബിയസ് ആമുഖത്തിൽ തന്റെ ലക്ഷ്യം വ്യക്തമാക്കുന്നു: പ്രധാന കേന്ദ്രങ്ങളിലെ മെത്രാന്മാരുടെ പട്ടിക, ക്രിസ്തീയ പ്രബോധകരും എഴുത്തുകാരും, പാഷണ്ഡർ, മതപീഡകർ, യഹൂദർക്കുണ്ടായ ദൈവശിക്ഷ, രക്തസാക്ഷിത്വം, സഭയുടെ അന്തിമവിജയം എന്നീ സംഗതികൾ ചർച്ചചെയ്യുക.

വലിയ മാറ്റങ്ങളുടെ കാലഘട്ടത്തിലാണ് എവുസേബിയസ് ജീവിച്ചിരുന്നത്. ക്രിസ്തുമതത്തിനു സ്വാതന്ത്ര്യം നൽകിക്കൊണ്ടുള്ള കോൺസ്റ്റൻടൈന്റെ ഉത്തരവാണ് അവയിൽ ഏറ്റവും പ്രധാനപ്പെട്ടത്. മുന്നൂറു വർഷത്തെ കഠിന മതപീഡനത്തിനുശേഷം സഭയ്ക്ക് ലഭിച്ച സ്വാതന്ത്ര്യം വലിയ മാറ്റം തന്നെയാണ്. ഇതിന് അനുസൃതമായി പല പ്രാവശ്യം സഭാചരിത്ര

ത്തിൽ മാറ്റങ്ങൾ വരുത്തേണ്ടിവന്നു. നാലു ഘട്ടങ്ങളിലെ മാറ്റം ഇതിൽ ദർശിക്കാനാകും എന്നാണ് പണ്ഡിതമതം. ആദ്യപതിപ്പ് (312) എട്ടു പുസ്തകങ്ങളായിട്ടായിരുന്നു. പിന്നീട് ഒൻപതാം പുസ്തകം 315-ലും പത്താം പുസ്തകം 325-ലും പ്രസിദ്ധീകരിച്ചു. കോൺസ്റ്റൻടൈന്റെ സഹോദരീ ഭർത്താവും പിൽക്കാലത്ത് എതിരാളിയുമായിത്തീർന്ന ലിചീനിയസിന്റെ പരാജയങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്തി. മറ്റൊരഭിപ്രായപ്രകാരം, ആദ്യത്തെ ഏഴു പുസ്തകങ്ങൾ ഡയോക്ലിഷ്യന്റെ മതപീഡനത്തിനു മുമ്പേ (303) പ്രസിദ്ധീകൃതമായി.

നാലാം നൂറ്റാണ്ടിൽ തന്നെ ഇതിന്റെ സുറിയാനി വിവർത്തനം ഉണ്ടായി. റുഫീനസ് 403-ൽ ഉണ്ടാക്കിയ ലത്തീൻ വിവർത്തനത്തേക്കാൾ മെച്ചമാണിത്. റുഫീനസ് ചിലയിടങ്ങളിൽ ചുരുക്കുകയും ചിലയിടങ്ങളിൽ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. തിയഡോഷ്യസ് ചക്രവർത്തിയുടെ കാലം വരെയുള്ള (395) ചരിത്രം കൂട്ടിച്ചേർത്തു എന്ന സവിശേഷത റുഫീനസിന്റെ കൃതിക്കുണ്ട്. ഈ ലത്തീൻ വിവർത്തനത്തിലൂടെയാണ് ഈ സഭാചരിത്രം പാശ്ചാത്യലോകത്ത് പ്രചരിച്ചത്. അർമേനിയൻ വിവർത്തനം സുറിയാനിയിൽ നിന്നാണ്. മലയാളവിവർത്തനം ഉണ്ടായത് 1985-ലാണ് (ജി.ചേടിയത്ത്, *എവുസേബിയസ്-തിരുസഭാചരിത്രം*, കോട്ടയം, 1985. 1998[2] ).

(3) പലസ്തീനയിലെ രക്തസാക്ഷികൾ: സഭാചരിത്രരചനയ്ക്കു മുമ്പു തന്നെ പലസ്തീനയിലെ രക്തസാക്ഷികളുടെ നടപടികൾ ഉൾക്കൊള്ളുന്ന ഒരു കൃതി എവുസേബിയസ് പ്രസിദ്ധീകരിച്ചു. സഭാചരിത്രം നാലും അഞ്ചും ഭാഗങ്ങളിൽ ഇതേപ്പറ്റി പരാമർശമുണ്ട്. മൂലകൃതി നഷ്ടപ്പെട്ടുപോയി. ഗ്രീക്കിൽ ഒരു ചെറിയ പതിപ്പും സുറിയാനി വിവർത്തനത്തിൽ ഒരു വലിയ പതിപ്പും കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. പലസ്തീനയിൽ 303-നും 311-നും ഇടയ്ക്ക് രക്തസാക്ഷികളായവരുടെ ചരിത്രമാണ് ഇതിൽ കുറിച്ചിരിക്കുന്നത്.

**2. കോൺസ്റ്റൻടൈനെപ്പറ്റിയുള്ള കൃതികൾ**

കോൺസ്റ്റൻടൈന്റെ ജീവചരിത്രം, അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ, അദ്ദേഹത്തിനുള്ള ആശംസ എന്നിങ്ങനെ മൂന്നു കൃതികൾ ചക്രവർത്തിയുമായി ബന്ധപ്പെടുത്തി ലഭിച്ചിട്ടുണ്ട്. ഒരു ചരിത്രകാരൻ എന്നതിലുപരി ഒരു സ്തുതിപാഠകനായിട്ടാണ് എവുസേബിയസ് ഈ കൃതികളിൽ പ്രത്യക്ഷപ്പെടുക. സ്തുതിപ്രഭാഷണം *(എൻകോമിയം)* അക്കാലത്തെ ഒരു സാഹിത്യരീതിയായിരുന്നു. ആ രീതിയിലാണ് ചക്രവർത്തിയെക്കുറിച്ച് അദ്ദേഹം എഴുതിയിട്ടുള്ളത്. ക്രിസ്തീയ പ്രത്യാശയുടെ പൂവണിയൽ ഈ ചക്രവർത്തിയിലാണ് അദ്ദേഹം കാണുന്നത്. അതുകൊണ്ട് ചക്രവർത്തിയുടെ ജീവിതകാലത്തും മരണശേഷവും അദ്ദേഹത്തെ സ്തുതിക്കാൻ തന്റെ തൂലിക ചലിപ്പിച്ചതിൽ എവുസേബിയസ് അപാകത കണ്ടില്ല. മതപീഡനത്തിൽ നിന്നു



സഭയെ രക്ഷിക്കാൻ ദൈവം അയച്ച ആളായിട്ടാണ് അദ്ദേഹം ചക്രവർത്തിയെ കാണുന്നത്.

(1) കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ ജീവചരിത്രം: നാലു ഗ്രന്ഥങ്ങളിലായിട്ടാണ് എവുസേബിയസ് ഇതെഴുതിയത്. ഇതൊരു ചരിത്രഗ്രന്ഥമല്ല, അപ്രകാരം എവുസേബിയസും ഉദ്ദേശിച്ചില്ല. ഇതൊരു രാജസ്തുതിപ്പാണ്. നിരീശ്വരരും മതപീഡകരുമായ രാജാക്കന്മാരുടെ സ്തുതിപ്പുകൾകൊണ്ട് വാല്യങ്ങൾ നിറയുമ്പോൾ ഈ ക്രിസ്തീയ രാജാവിന്റെ സ്തുതിപ്പുകൾ എഴുതാൻ ധാർമികമായി താൻ കടപ്പെട്ടവനാണെന്ന് അദ്ദേഹം കരുതി. കോൺസ്റ്റൻടൈന്റെ ജീവചരിത്രം *(വീതാ കോൺസ്തന്തീനി)* എന്ന ലത്തീൻ തലക്കെട്ടിൽ ഈ കൃതി പ്രചരിച്ചതിനാൽ ചിലരുടെ ഇടയിൽ ഇത് വിമർശനവിധേയമായി. വിമർശകർ ഇതിനെ ചരിത്രഗ്രന്ഥമായി മനസിലാക്കിയതിനാലാണ് വിമർശനമുയർന്നത്. ആത്മാർഥതയില്ലാത്ത ചരിത്രകാരൻ എന്നുവരെ എവുസേബിയസിനെ വിളിക്കാൻ ചിലർ ധൈര്യപ്പെട്ടത് ഈ തെറ്റിദ്ധാരണ നിമിത്തമാണ്. ക്രിസ്തുമതത്തിന്റെ വളർച്ചയ്ക്ക് സഹായകമായി ചക്രവർത്തി ചെയ്ത കാര്യങ്ങൾ മാത്രമേ എവുസേബിയസ് ഇതിൽ പരാമർശിക്കുന്നുള്ളു: "ദൈവനിയുക്തനായ കോൺസ്റ്റൻടൈൻ പുതിയ ഇസ്രായേലിനെ നയിക്കുന്ന മോശയാണ്. ദൈവമാണ് അദ്ദേഹത്തെ ഒരുജ്ജ്വലതാരമായി ഉയർത്തിയത്" എന്ന് അദ്ദേഹം പറയുന്നു. അതുപോലെ കോൺസ്റ്റൻടൈന് കുരിശിന്റെ ദർശനം ഉണ്ടായ കാര്യവും വിവരിക്കുന്നു. ചക്രവർത്തിയുടെ പതിനാറ് കൽപ്പനകളും കത്തുകളും അദ്ദേഹം ഇതിൽ ചേർത്തിരിക്കുന്നു. ഇവ ഗ്രന്ഥത്തിന്റെ നാലിലൊന്നു വരും. വളരെ വിലയേറിയ രേഖകളാണിവ.

(2) വിശുദ്ധരുടെ സമൂഹത്തിന്: പ്രസംഗങ്ങൾ എഴുതാനും പ്രസംഗിക്കാനും കോൺസ്റ്റൻടൈൻ സമയം ചെലവഴിച്ചിരുന്നെന്ന് ജീവചരിത്രത്തിൽ എവുസേബിയസ് പറയുന്നു. ബഹുദേവതാവാദവും വിജാതിയരുടെ അനാചാരങ്ങളും അദ്ദേഹം ഖണ്ഡിച്ചിരുന്നു. ജീവചരിത്രത്തിന്റെ നാലാം ഭാഗത്തിന്റെ അന്ത്യത്തിൽ വിശുദ്ധരുടെ സമൂഹത്തിൽ കോൺസ്റ്റൻടൈൻ ചെയ്ത പ്രസംഗം ചേർത്തിട്ടുണ്ട്. ചില കൈയെഴുത്തുപ്രതികളിൽ അഞ്ചാം പുസ്തകമായിട്ടാണ് ഇത് ചേർത്തിരിക്കുന്നത്. ക്രിസ്തുമതത്തിനുള്ള അപ്പോളജിയാണിത്. ഈ പ്രസംഗത്തിന് മൂന്നു ഭാഗങ്ങളുണ്ട്: ഒന്നാം ഭാഗത്ത് പെസഹാ, ഉയർപ്പ് എന്നിവ അനുസ്മരിക്കുകയും പിതാവിനെയും രക്ഷകനായ ക്രിസ്തുവിനെയും പറ്റി പ്രതിപാദിക്കുകയും വിഗ്രഹാരാധനയുടെ പൊള്ളത്തരങ്ങളെ ഖണ്ഡിക്കുകയും ചെയ്യുന്നു. രണ്ടാം ഭാഗത്ത് രക്ഷയെ സംബന്ധിച്ചുള്ള ക്രിസ്തീയ തത്വങ്ങൾ പഠിപ്പിക്കുന്നു. ദൈവവും ദൈവസുതനുമായ ക്രിസ്തു കുരിശുവഴി നേടിയ രക്ഷയെപ്പറ്റിയാണ് പഴയനിയമം മുതലുള്ള പ്രതിപാദനമെന്ന് സമർഥിക്കുന്നു. യേശുക്രിസ്തു, ദൈവപുത്രൻ,

രക്ഷകൻ, കുരിശ് എന്നതിന്റെ ഗ്രീക്കിലുള്ള ആദ്യാക്ഷരങ്ങൾ ചേർത്തുണ്ടാക്കിയ *ഇക്തുസ്* (മത്സ്യം) എന്ന പദം *സിബില്ലിയൻ ഓറക്കിൾസിൽ* കാണുന്നെന്നും അത് രക്ഷയെക്കുറിച്ചുള്ള പ്രവചനമാണെന്നും അദ്ദേഹം തന്റെ പ്രസംഗത്തിൽ വ്യാഖ്യാനിക്കുന്നു. മൂന്നാംഭാഗത്ത്, തന്റെ വിജയങ്ങൾക്കെല്ലാം ഹേതുഭൂതൻ ക്രിസ്തുവാണെന്ന് അദ്ദേഹം ഏറ്റുപറയുന്നു. സഭയെ പീഡിപ്പിച്ചവരുടെ ദുരിതപൂർണമായ അന്ത്യവും വരച്ചുകാട്ടുന്നു. ദൈവം ചൊരിഞ്ഞ നന്മകൾക്ക് നന്ദി പറയാൻ സകലരെയും ക്ഷണിക്കുകയാണ് അവസാനത്തെ അധ്യായത്തിൽ. കോൺസ്റ്റൻടൈൻ 313-ലെ ദുഃഖവെള്ളിയാഴ്ച ദിവസം ചെയ്ത പ്രസംഗം ആയിരിക്കാമിതെന്ന് ചിലർ കരുതുന്നു.

(3) കോൺസ്റ്റൻടൈനുള്ള ആശംസ: വിശുദ്ധരുടെ സമൂഹത്തിന് എന്ന കൃതിക്കുശേഷം കൈയെഴുത്തുപ്രതികളിൽ കോൺസ്റ്റൻടൈനുള്ള ആശംസ എന്നൊരു കൃതിയുണ്ട്. ഇതിൽ രണ്ടു പ്രസംഗങ്ങളുണ്ട്. ഒന്ന് (അധ്യായം 1-10) ചക്രവർത്തിയുടെ ഭരണത്തിന്റെ മുപ്പതാം വാർഷികത്തിൽ (335 ജൂലൈ 25) കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് എവുസേബിയസ് ചെയ്ത സ്തുതിപ്രഭാഷണമാണ്: "മറ്റു മനുഷ്യരെപ്പോലെ ആണെങ്കിലും വിജ്ഞാനത്തിലും നന്മയിലും നീതിയിലും ധൈര്യത്തിലും ഭക്തിയിലും ദൈവചിന്തയിലും ചക്രവർത്തി മികച്ചു നിൽക്കുന്നു. താത്വികൻ എന്നു പറയാൻ പറ്റിയ ചക്രവർത്തി അദ്ദേഹമേയുള്ളു. കാരണം, അദ്ദേഹം സ്വയം അറിയുന്നു. തനിക്കു ലഭിച്ച നിരവധി ദാനങ്ങളും അറിയുന്നു. സൂര്യനെപ്പോലെ സാമ്രാജ്യത്തിന്റെ അതിർത്തികൾ വരെയുള്ളവരെ തന്റെ രശ്മികളാൽ അദ്ദേഹം പ്രശോഭിപ്പിക്കുന്നു. സ്വർഗീയ ഭരണത്തിന്റെ അനുകരണമാണ് ഈ ഭരണം" എന്നു പോകുന്നു പ്രസംഗം. "ചക്രവർത്തിയുടെ പ്രസംഗങ്ങൾ ഹൃദയം നിറയെ ആനന്ദത്തോടെയാണ് ലോകം ശ്രവിക്കുന്നത്" എന്നും എവുസേബിയസ് അനുസ്മരിക്കുന്നു. ഇതിന്റെ രണ്ടാം ഭാഗം (11-18 അധ്യായങ്ങൾ) 335-ൽ ജറുസലേമിലെ തിരുക്കല്ലറ ദൈവാലയ പ്രതിഷ്ഠാവസരം എവുസേബിയസ് സമർപ്പിച്ച ഒരു പ്രബന്ധമാണ്. ഒരു മനോഹരദേവാലയം നിർമിച്ചതിന് അദ്ദേഹത്തെ പ്രകീർത്തിക്കുന്നു. ഭാരിച്ച ചെലവു ചെയ്ത് ദേവാലയം നിർമിച്ച ചക്രവർത്തിയുടെ പ്രവൃത്തിയെ ചിലർ കുറ്റപ്പെടുത്തിയപ്പോൾ, ചക്രവർത്തിയെ അദ്ദേഹം ന്യായീകരിക്കുന്നു.

### 3. അപ്പോളജെറ്റിക്കൽ കൃതികൾ

പ്രധാനമായി ആറ് അപ്പോളജെറ്റിക്കൽ കൃതികളാണ് നമുക്കു കൈവന്നിട്ടുള്ളത്. പൊതുവായ പ്രാഥമികാമുഖം, സുവിശേഷത്തിനൊരുക്കം, സുവിശേഷത്തിനു തെളിവ്, പ്രത്യക്ഷീകരണം, പൊർഫീരിക്കെതിരെ, ഹിയെരോക്ലെസിനെതിരെ എന്നിവയാണവ. എല്ലാ മുൻ വിശ്വാസസമർഥകരുടെയും കൃതികൾ തന്റെ കൃതികളിൽ സമാഹരിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. അവരുടെ ആശയങ്ങൾ അദ്ദേഹത്തിന്റെ തൂലികയിൽ കൂടി പുതുമയോടുകൂടി പുറത്തു വന്നു. കൃത്യമായ പദ്ധതി അനുസരിച്ചാണ് എഴുതാൻ തുടങ്ങിയതെങ്കിലും, അദ്ദേഹം രചിച്ചവയെല്ലാം നമുക്കു ലഭിച്ചിട്ടില്ല.



(1) പൊതുവായ പ്രാഥമികാമുഖം: അദ്ദേഹത്തിന്റെ രണ്ടു വലിയ അപ്പോളജെറ്റിക്കൽ കൃതികളുടെ-അടുത്ത രണ്ടു കൃതികളുടെ-ആമുഖമായിട്ടാണ് പത്ത് പുസ്തകങ്ങളിൽ അദ്ദേഹം ഇതെഴുതിയത്. ആറു മുതൽ ഒൻപതു വരെയുള്ള പുസ്തകങ്ങളും പത്തിന്റെ കുറേ ഭാഗങ്ങളും മാത്രമേ നമുക്കു കൈവന്നിട്ടുള്ളൂ. പഴയനിയമത്തിലെ മിശിഹാ പ്രവചനങ്ങൾ സമാഹരിച്ച് ഇതിൽ വിവരിക്കുന്നു.

(2) സുവിശേഷത്തിനൊരുക്കം: പതിനഞ്ചു കൃതികളിലായിട്ടാണിത്. മൂല ഭാഷയായ ഗ്രീക്കിൽ പൂർണമായി നമുക്കിത് ലഭിച്ചിട്ടുണ്ട്. പേഗനിസത്തിനും പേഗൻ ചിന്തകർക്കുമെതിരെ ക്രിസ്തുമതത്തിന്റെ ഔന്നത്യം തെളിയിക്കുന്നു. യൂദമതത്തിന്റെ ഔന്നത്യം ചൂണ്ടിക്കാണിച്ചുകൊണ്ട്, ബഹുദേവാരാധനയെ ഖണ്ഡിക്കുന്നു. വിജാതിയരിൽ നിന്ന് ക്രിസ്തുമതത്തിലേക്കു വരുന്നവർക്ക് ഒരു പ്രാഥമികജ്ഞാനം നൽകാനാണിത്. 15-ാം പുസ്തകത്തിൽ ഇതിന്റെ ചുരുക്കം കാണാം. വിജാതിയരുടെ ദുഷിച്ചതും ഞെട്ടിപ്പിക്കുന്നതുമായ തിന്മകളുടെ വിവരണം ഒന്നും രണ്ടും പുസ്തകങ്ങൾ നൽകുന്നു. നെയോപ്ലറ്റോണിസ്റ്റുകൾ അവയൊക്കെ വ്യംഗ്യാർഥത്തിൽ വ്യാഖ്യാനിക്കുന്നതിനെ ഖണ്ഡിക്കുന്നു. ജ്ഞാനികളെന്ന് അഭിമാനിക്കുന്നവരുടെ വെളിച്ചപ്പാടുകളെ പറ്റിയാണ് നാലും അഞ്ചും പുസ്തകങ്ങൾ. വിധിയിൽ വിശ്വസിക്കുന്നവർക്കുള്ള മറുപടിയാണ് ആറാംപുസ്തകം. ഗ്രീക്കുകാരുടെ തത്വശാസ്ത്രവും മതവും ഉപേക്ഷിച്ച്, യഹൂദരുടെ ഗ്രന്ഥങ്ങളെടുത്തതിന് ക്രിസ്ത്യാനികളെ തുടർന്ന് (7-14) ന്യായീകരിക്കുന്നു. മോശയും മറ്റു പ്രവാചകന്മാരും ഗ്രീക്കു താത്വികർക്കു മുമ്പേ ജീവിച്ചു. പ്ലേറ്റോ തുടങ്ങിയ ഗ്രീക്കു പണ്ഡിതന്മാർ ഹീബ്രുമതത്തിൽനിന്ന് നിരവധി ആശയങ്ങൾ കടമെടുത്തിട്ടുണ്ട്. ഗ്രീക്കു ചിന്തകരുടെ ഇടയിൽ പരസ്പരവിരുദ്ധങ്ങളായ നിരവധി സംഗതികൾ ഉണ്ട് (14-15). വിഗ്രഹാരാധനയെ ഖണ്ഡിക്കാൻ അക്രൈസ്തവരായ ചിന്തകരെത്തന്നെ അദ്ദേഹം ഉദ്ധരിക്കുന്നു. 314-നു ശേഷമാണ് ഇതെഴുതപ്പെട്ടത്.

(3) സുവിശേഷത്തിനു തെളിവ്: ഈ കൃതിയിൽ യഹൂദരുടെ ആരോപണങ്ങളെ ഖണ്ഡിക്കുന്നു. നിയമം അനുസരിക്കാതെ തന്നെ വാഗ്ദാനങ്ങളുടെ അവകാശികളാകുവാൻ വേണ്ടിയാണ് ക്രിസ്ത്യാനികൾ യഹൂദമതഗ്രന്ഥങ്ങൾ സ്വീകരിച്ചത് എന്ന യഹൂദാരോപണം അർഥമില്ലാത്തതാണെന്ന് തെളിയിക്കുന്നു. ഇരുപത് പുസ്തകങ്ങളിലായി ആരോപണങ്ങൾക്ക് മറുപടി പറയുന്നു. ഇവയിൽ ആദ്യത്തെ പത്തും പതിനഞ്ചിന്റെ ചില ഭാഗങ്ങളും

മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. ക്രിസ്തുമതമാണ് യഹൂദമതത്തിന്റെ പൂർണ തയെന്ന് തെളിയിക്കുന്നു. യൂദന്മാർക്കെതിരെയാണ് ഇതെഴുതിയതെങ്കിലും യഥാർഥത്തിൽ അദ്ദേഹം എതിർക്കുന്നത് പൊർഫീരി എന്ന നെയോ-പ്ലറ്റോ ണിസ്റ്റിനെയാണ്. *ക്രിസ്ത്യാനികൾക്കെതിരെ* എന്ന പേരിൽ പൊർഫീരി 15 പുസ്തകങ്ങളിലായി എഴുതിയ കൃതി എവുസേബിയസ് പലപ്പോഴും പരാ മർശിക്കുന്നു. മറ്റു ചില സന്ദർഭങ്ങളിൽ അയാളെ പദാനുപദം ഉദ്ധരിച്ച് ക്രിസ്ത്യാനികൾക്കെതിരെയുള്ള ആരോപണങ്ങളെ ഖണ്ഡിക്കുന്നു.

(4) പ്രത്യക്ഷീകരണം: വചനത്തിന്റെ തിരു അവതാരത്തിലൂടെ ദൈവം പ്രത്യക്ഷമായ സംഗതിയാണ് ഈ ഗ്രന്ഥത്തിന്റെ വിഷയം. അഞ്ചു പുസ്ത കങ്ങളായിട്ടാണ് ഇതെഴുതിയിരിക്കുന്നത്. സൃഷ്ടിയിൽ പ്രത്യക്ഷപ്പെടുന്ന വച നം, മനുഷ്യനിൽ വസിക്കുന്ന ദൈവവചനം, വീണ്ടെടുപ്പ് ആവശ്യമായി ത്തീർന്ന മനുഷ്യന്റെ സ്ഥിതി എന്നിവ ആദ്യത്തെ മൂന്നു പുസ്തകങ്ങൾ വ്യക്തമാക്കുന്നു. നാലാം പുസ്തകം പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീ കരണം എടുത്തുകാട്ടുന്നു. ക്രിസ്തു മാന്ത്രികനും ശിഷ്യന്മാർ ചതിയന്മാ രുമാണെന്ന ദുരാരോപണത്തിന്റെ ഭോഷത്തം വ്യക്തമാക്കുകയാണ് അഞ്ചാം പുസ്തകം. ആദ്യത്തെ മൂന്നു പുസ്തകങ്ങൾ സുവിശേഷത്തിനൊരുക്കം, സുവിശേഷത്തിനു തെളിവ് എന്നീ കൃതികളെ ഗണ്യമായി ആശ്രയിച്ചിട്ടുണ്ട്. മൂലഭാഷയായ ഗ്രീക്കിൽ വളരെ കുറച്ചു മാത്രമേ ഇതു കിട്ടിയിട്ടുള്ളു. സുറി യാനി വിവർത്തനം പ്രാചീനമാണെങ്കിലും ഉത്തമമല്ല.

(5) പൊർഫീരിക്കെതിരെ: പൊർഫീരി ക്രിസ്ത്യാനികൾക്കെതിരെ എഴു തിയ കൃതിക്ക് എവുസേബിയസ് 25 പുസ്തകങ്ങളിലായി മറുപടിയെഴുതി. എന്നാൽ ഈ കൃതി പൂർണമായി നഷ്ടപ്പെട്ടുപോയി. ജറോം (മഹദ്.81; ലേഖനം,70), സൊക്രാട്ടസ് (സഭാ.3,23), ഫിലൊസ്തോർജിയുസ് (സഭാ.8,14) എന്നിവർ ഇതേപ്പറ്റി സൂചിപ്പിക്കുന്നു. പൊർഫീരി വേദപുസ്തകം വളച്ചൊ ടിച്ച് വ്യാഖ്യാനിച്ചു. അതിനെതിരെ, എപ്രകാരം വേദപുസ്തകവ്യാഖ്യാനം നടത്തണമെന്ന് എവുസേബിയസ് വ്യക്തമാക്കുന്നു.

(6) ഹിയെരോക്ലെസിനെതിരെ: ബിത്തീനിയായിലെ ഗവർണരായിരുന്നു ഹിയെരോക്ലെസ്. തിയാനായിലെ അപ്പൊള്ളോണിയുസ് ദേവൻ യേശുവി നേക്കാൾ വലിയവനാണെന്ന് തെളിയിക്കാൻ അയാൾ ഒരു കൃതി രചിച്ചു. അതിനെതിരായിട്ടാണ് 311-നും 313-നും ഇടയ്ക്ക് എവുസേബിയസ് ഇതെഴു തിയത്.

**4. ഭാഷ്യകൃതികൾ**

വേദപുസ്തകസംബന്ധമായി എവുസേബിയസ് ഏഴ് കൃതികൾ എഴുതി: എവൻജേലിക്കൽ കാനൻ, ഒണൊമാസ്തിക്കോൻ, വേദപുസ്തക ചോദ്യോ



ത്തരങ്ങൾ, സങ്കീർത്തനഭാഷ്യം, ഏശായാഭാഷ്യം, ബഹുഭാര്യത്വവും പിതാ ക്കന്മാരുടെ വലിയ കുടുംബങ്ങളും, ഉയർപ്പിനെപ്പറ്റി എന്നിവയാണവ. വേദ പുസ്തകത്തിന്റെ വിശ്വസനീയ പതിപ്പുണ്ടാക്കിയത് പംഫീലസും എവു സേബിയസും കൂടിയാണ്. ഒരിജന്റെ ഹെക്സപ്ലായുടെ അഞ്ചാം കോളത്തിൽ നിന്ന് സെപ്ത്വജിന്ത് എടുത്തു. മറ്റു വായനകളും ചേർത്തു. അന്നത്തെ വലിയ പള്ളികൾക്കുവേണ്ടി വേദപുസ്തകത്തിന്റെ 50 കോപ്പികൾ ഉണ്ടാ ക്കാൻ കോൺസ്റ്റൻടൈൻ ചക്രവർത്തി എവുസേബിയസിനെയാണ് ചുമത ലപ്പെടുത്തിയത്. സർക്കാരിന്റെ ഖജനാവിൽ നിന്ന് പണം മുടക്കിയാണ് ഈ കോപ്പികൾ ഉണ്ടാക്കിയത്.

(1) എവൻജേലിക്കൽ കാനൻ: സുവിശേഷങ്ങളുടെ കൈയെഴുത്തു പ്രതികളിൽ സമാന്തരഭാഗങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് എവുസേബിയസ് ഒരു നവീകരണം വരുത്തി. അതുവഴി ഒരു സുവിശേഷഭാഗം മറ്റെവിടെ യെല്ലാം ഉണ്ടെന്നറിയാൻ കഴിയും. അലക്സാണ്ഡ്രിയായിലെ അമോണിയസിൽ നിന്നാണ് ഈ രീതി പഠിച്ചതെന്ന് കർപിയാനുസിനുള്ള കത്തിൽ അദ്ദേഹം പറയുന്നു. അമോണിയസിലുള്ള കുറവുകൾ പരിഹരിച്ചുകൊണ്ടാണ് ഈ കാനൻ ഉണ്ടാക്കിയത്. സുവിശേഷങ്ങളെ ചെറിയ ഗ്രൂപ്പുകളായി തിരിച്ച് നമ്പ രിട്ടു. പത്തു കാനനുള്ള ഒരു പട്ടികയുണ്ടാക്കി. നാലു സുവിശേഷങ്ങൾക്കും പൊതുവായ ഭാഗങ്ങൾ (കാനൻ 1). സമാന്തരസുവിശേഷങ്ങൾക്ക് പൊതു വായവ (2). മത്തായി, യോഹന്നാൻ, ലൂക്കാ എന്നിവർക്ക് പൊതുവായവ (3). മത്തായി, മർക്കോസ്, യോഹന്നാൻ എന്നിവർക്ക് പൊതുവായവ (4). മത്തായിക്കും ലൂക്കായ്ക്കും പൊതുവായവ (5). മത്തായിക്കും മർക്കോ സിനും പൊതുവായവ (6). മത്തായിക്കും യോഹന്നാനും പൊതുവായവ (7). ലൂക്കായ്ക്കും മർക്കോസിനും പൊതുവായവ (8). ലൂക്കായ്ക്കും യോഹ ന്നാനും പൊതുവായവ (9). ഓരോ സുവിശേഷത്തിനും പ്രത്യേകമായവ (10). ഈ പട്ടികയും ഗ്രൂപ്പുകളുടെ നമ്പരും ഉപയോഗിച്ച് പെട്ടെന്ന് സമാന്ത രഭാഗങ്ങൾ കണ്ടെത്താനാവും. ഈ സിസ്റ്റം സുറിയാനി, ലത്തീൻ കൈയെ ഴുത്തുകളിൽ വ്യാപകമായിത്തീർന്നു. എവുസേബിയൻ കാനൻ എന്ന് ഇത റിയപ്പെട്ടു. വി. ജറോം ഈ രീതി തന്റെ വൾഗേറ്റിൽ സ്വീകരിച്ചു.

(2) ഒണൊമാസ്തിക്കോൻ: വേദപുസ്തകത്തിൽ കാണുന്ന സ്ഥലങ്ങ ളുടെ അക്ഷരമാല ക്രമത്തിലുള്ള വിശദീകരണവും ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ വിവരണങ്ങളും ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥമാണിത്. ജറോം ഇത് ലത്തീനിലേക്ക് വിവർത്തനം ചെയ്തു. അദ്ദേഹം ചില തിരുത്ത ലുകളും കൂട്ടിച്ചേർക്കലുകളും നടത്തി. നമുക്കു ഗ്രീക്കുമൂലവും ലത്തീൻ വിവർത്തനവും ലഭിച്ചിട്ടുണ്ട്. പാശ്ചാത്യ പൗരസ്ത്യ സഭകൾ ഈ കൃതി വ്യാപകമായി ഉപയോഗിച്ചിരുന്നു. ഇത് പലസ്തീനയുടെ സ്ഥലകാല വിവ

രണത്തിന് സഹായകമത്രേ. ടയറിലെ പൗളീനുസിന്റെ നിർദേശാനുസണം 331-നു മുമ്പ് നാലു വാല്യങ്ങളിലായി അദ്ദേഹം വേദപുസ്തക ഭൂമിശാസ്ത്രം എഴുതി. ഇവയിൽ നാലാമത്തെ വാല്യമായ ഇതു മാത്രമേ ലഭിച്ചിട്ടുള്ളു.

3. വേദപുസ്തക ചോദ്യോത്തരങ്ങൾ: ഇതിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗം രണ്ടു പുസ്തകങ്ങളായിട്ടാണ്. സ്തേഫാനോസിന്, സുവിശേഷ ചോദ്യങ്ങളും ഉത്തരങ്ങളും എന്നാണ് ഒരു ഭാഗത്തിന്റെ പേര്. സുവിശേഷ ത്തിലെ ബാല്യകാലവിവരണങ്ങളിൽ ഉണ്ടെന്ന് കരുതപ്പെടുന്ന പൊരുത്ത ക്കേടുകൾ ചർച്ചചെയ്യുന്നു. മരീനൂസിന്, സുവിശേഷ ചോദ്യങ്ങളും ഉത്തര ങ്ങളും എന്ന രണ്ടാംഭാഗം ഒരു പുസ്തകമേയുള്ളു. യേശുവിന്റെ ഉയർപ്പിനെ സംബന്ധിച്ചുള്ള വേദപുസ്തക ഭാഗങ്ങളിൽ ഉണ്ടെന്നു കരുതപ്പെടുന്ന പൊരു ത്തക്കേടുകളെ പറ്റിയാണ് ചർച്ച. ഗ്രീക്കിലും സുറിയാനിയിലുമുള്ള ചില ഭാഗങ്ങളൊഴിച്ച് ബാക്കിയെല്ലാം നഷ്ടപ്പെട്ടു. എന്നാൽ ഇതിന്റെ ഒരു സംഗ്രഹം ലഭിച്ചിട്ടുണ്ട്.

4. സങ്കീർത്തനഭാഷ്യം: വളരെ വലിയ കൃതിയായിരുന്നിത്. ഈ വിശി ഷ്ടകൃതി ഹിലരിയും വെർചെള്ളിയിലെ എവുസേബിയസും വെവ്വേറെ ലത്തീനിലേക്ക് വിവർത്തനം ചെയ്തെങ്കിലും, രണ്ടും നഷ്ടപ്പെട്ടു. മൂലകൃ തിയുടെ ചില ഭാഗങ്ങൾ ഗ്രീക്കിൽ ലഭിച്ചിട്ടുണ്ട്.

5. ഏശായാഭാഷ്യം: ഒരിജന്റെ ഏശായാഭാഷ്യത്തെ ആശ്രയിച്ച്, പത്തു പുസ്തകങ്ങളിലായിട്ടാണ് ഇതെഴുതിയത് (ജറോം, മഹദ്.81). ഈ കൃതി ഏതാണ്ടു പൂർണമായി ഫ്ളോറൻസിലുള്ള ഗ്രന്ഥശേഖരത്തിൽ നിന്ന് ലഭി ച്ചിട്ടുണ്ട്.

6. ബഹുഭാര്യത്വവും പിതാക്കന്മാരുടെ വലിയ കുടുംബങ്ങളും: ഇത് നഷ്ടപ്പെട്ടുപോയി.

7. ഉയർപ്പിനെപ്പറ്റി: പെസഹായുടെ ആന്തരികാർഥം വിവരിച്ചുകൊണ്ട് ചക്രവർത്തിക്ക് സമർപ്പിച്ച ഈ കൃതി നഷ്ടപ്പെട്ടുപോയി. എങ്കിലും ഹെരാ ക്ലെയാസിലെ നിസേറ്റാസിന്റെ *കത്തേനയിൽ* ഇതിന്റെ നല്ലൊരു ഭാഗം സൂക്ഷി ച്ചിട്ടുണ്ട്.

**5. താത്വികകൃതികൾ:**

*ഒരിജനെ ന്യായീകരിച്ചുകൊണ്ട്* എവുസേബിയസിന്റെ സഹകരണ ത്തോടെ പംഫീലസ് 308/309-ൽ തന്റെ ജയിൽ വാസത്തിനിടയിൽ അഞ്ചു വാല്യങ്ങളിൽ ഒരു കൃതിയെഴുതി. ആറാം വാല്യം എവുസേബിയസ് തന്നെ എഴുതി. റുഫീനസ് ലത്തീനിലേക്ക് വിവർത്തനം ചെയ്ത ആദ്യപുസ്തകം ഒഴികെ മറ്റൊന്നും അവശേഷിച്ചിട്ടില്ല. ഒരിജനെതിരെയുള്ള ആരോപണങ്ങ ളെ, പ്രത്യേകിച്ച് മെത്തോഡിയസ് ഉന്നയിച്ചവ, ഒരിജന്റെ കൃതികൾ കൊണ്ടു



തന്നെ ഖണ്ഡിക്കുന്നു. *മർസെല്ലൂസിനെതിരെ* എന്നൊരു കൃതി 335-നു ശേഷം രണ്ടു പുസ്തകങ്ങളിലായി അദ്ദേഹം രചിച്ചു. മർസെല്ലുസ് ഉന്നയി ച്ച ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് ഒന്നാം പുസ്തകം കാണി ക്കുന്നു. സബെല്ലിയസിന്റെയും സാമോസാട്ടക്കാരൻ പൗലോസിന്റെയും പ്രബോധനങ്ങളാണ് മർസെല്ലുസ് പഠിപ്പിക്കുന്നതെന്ന് തുടർന്ന് സമർഥിക്കു ന്നു. ഇതു കൈവന്നിട്ടുണ്ട്. *സഭാദൈവശാസ്ത്രം* എന്ന പേരിൽ മൂന്നു വാല്യ ങ്ങളിലായി മർസെല്ലുസിനെതിരെ വീണ്ടും ഒരു കൃതി 337-ൽ എഴുതി അന്ത്യോക്യയിലെ ഫ്ളാച്ചില്ലസിന് (332-342) സമർപ്പിച്ചു. മുൻകൃതി കുറേ ക്കൂടി വിപുലപ്പെടുത്തിയതാണിത്.

**6. പ്രസംഗങ്ങളും ലേഖനങ്ങളും**

എവുസേബിയസ് രാജസന്നിധിയിൽ നിരവധി പ്രസംഗങ്ങൾ ചെയ്തി ട്ടുണ്ട് (കോൺസ്റ്റന്റൈന്റെ ജീവചരിത്രം, 1,1;3,60.61). നിഖ്യാസൂനഹദോസിലും അദ്ദേഹം പ്രസംഗിച്ചു. എന്നാൽ ചുരുക്കം ചില പ്രസംഗങ്ങൾ മാത്രമേ കൈവന്നിട്ടുള്ളു. അക്കാലത്തെ ദൈവശാസ്ത്ര തർക്കങ്ങളിലൊക്കെ ഇട പെട്ട ആളായിരുന്നതിനാൽ, അദ്ദേഹം ധാരാളം കത്തുകൾ എഴുതിയിട്ടുണ്ട്. എന്നാൽ അവയിൽ മൂന്നെണ്ണം മാത്രമേ അവശേഷിക്കുന്നുള്ളു. ഒന്ന് സഭാ ദൈവശാസ്ത്രത്തിനുള്ള ആമുഖമാണ്. രണ്ട്, എവൻജേലിക്കൽ കാനനുള്ള ആമുഖം. മൂന്ന്, നിഖ്യാസൂനഹദോസ് കഴിഞ്ഞ ഉടനെ കേസറിയായിലെ ജനങ്ങൾക്കയച്ച കത്ത്. ഈ അവസാനത്തെ കത്ത് അത്തനാസ്യോസ് തന്റെ നിഖ്യാസൂനഹദോസിന്റെ ഡിക്രികളുടെ അവസാനം ചേർത്തിട്ടുണ്ട്. സൊക്രാട്ടസ് (സഭാ.1,8), തിയഡൊറെറ്റ് (സഭാ.1,12.1), ജലാസിയുസ് (നിഖ്യാ സൂനഹദോസ്, 2,35.1) എന്നിവർ അത്തനാസ്യോസിൽ നിന്ന് ഈ കത്ത് പകർത്തിയെഴുതിയിട്ടുണ്ട്. നിഖ്യായിൽ നടന്നത് എന്താണെന്നും താൻ അവിടെ എന്തു ചെയ്തെന്നും താൻ നിഖ്യാവിശ്വാസപ്രമാണം സ്വീകരിച്ചത് എന്തുകൊണ്ടാണെന്നും ഈ കത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു. കൗൺസി ലിന്റെ അവസരം രാജസന്നിധിയിൽ വായിച്ച ഒരു നീണ്ട പ്രബന്ധവും കത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്. കേസറിയൻ സഭയുടെ വിശ്വാസപ്ര മാണമാണ് അവിടെ വായിച്ചത്. ഇത് സത്യവിശ്വാസമാണെന്ന് ചക്രവർത്തി അറിയിച്ചു. ഇതോടുകൂടെ ചില സംഗതികൾ കൂട്ടിച്ചേർക്കാൻ കൽപി ക്കുകയും ചെയ്തു.

അധ്യായം 9

# എവുസേബിയസിന്റെ പിൻഗാമികൾ

**1. കേസറിയായിലെ അകാചിയുസ് (340-366)**

പലസ്തീനയിലെ കേസറിയായിൽ എവുസേബിയസിന്റെ പിൻഗാമിയായി 340-ൽ അദ്ദേഹത്തിന്റെ ശിഷ്യനായ അകാചിയുസ് തെരഞ്ഞെടുക്കപ്പെട്ടു. ഒരു കണ്ണിനു കാഴ്ച ഇല്ലാതിരുന്നതിനാൽ ഒറ്റക്കണ്ണനെന്ന് അറിയപ്പെട്ടു. സഭാപ്രസംഗകനെപ്പറ്റി പതിനേഴ് വാല്യങ്ങളും മറ്റ് പല പ്രശ്നങ്ങളെപ്പറ്റി ആറ് വാല്യങ്ങളും വേറേ നിരവധി കൃതികളും അദ്ദേഹം എഴുതി. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെ പക്കൽ ഉണ്ടായിരുന്ന സ്വാധീനം ഉപയോഗിച്ച് ലിബേരിയുസിനു പകരം ഫേലിക്സിനെ റോമാ മെത്രാനാക്കാൻ അദ്ദേഹത്തിന് സാധിച്ചെന്ന് ജറോം പറയുന്നു (മഹദ്. 93). എന്നാൽ ഇത് അതിശയോക്തി ആയിരിക്കാം.

അന്നത്തെ സഭാരാഷ്ട്രീയത്തിൽ അകാചിയുസ് വളരെയധികം ഇടപെട്ടു എന്ന് ഫിലൊസ്തോർജിയുസ് സാക്ഷിക്കുന്നു (സഭാ.5,1). *ഹൊമൊയൻ* എന്ന ആരിയൻ വിഭാഗത്തിന്റെ നേതാവായിരുന്നു അദ്ദേഹം. വിവിധ വിഭാഗക്കാരെ യോജിപ്പിക്കാനുള്ള മധ്യസ്ഥരായി ഈ വിഭാഗം വർത്തിച്ചു. *എല്ലാറ്റിലും ഒരുപോലെ* എന്നതായിരുന്നു ഇവരുടെ ശൈലി. വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതുപോലെ പുത്രന് പിതാവുമായി സാമ്യമുണ്ട് എന്ന് അവർ പഠിപ്പിച്ചു. ദൈവശാസ്ത്ര ഫോർമുലകൾ ഉപയോഗിക്കാൻ ഇക്കൂട്ടർ വിസമ്മതിച്ചു. ഇവർ ആരിയൻ പാഷണ്ഡികൾ ആയിരുന്നില്ല. സെലൂഷ്യാ സിനഡിൽ (359) അകാചിയുസ് സമർപ്പിച്ച വിശ്വാസപ്രമാണം എപ്പിഫാനിയസും (പനാരിയോൻ, 73,25) സൊക്രാട്ടസും (സഭാ. 2,40) ഉദ്ധരിക്കുന്നു. കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ ഹൊമൊയൻ സിനഡിന്റെ (360) നടപടികൾ കുറിച്ചത് അകാചിയുസാണെന്ന് ഫിലൊസ്തോർജിയുസ് പറയുന്നു (സഭാ.4,12). ജോവിയൻ ചക്രവർത്തിയുടെ കാലത്ത് അന്ത്യോക്യയിൽ വച്ചു കൂടിയ സിനഡിന്റെ വിശ്വാസപ്രമാണത്തിൽ (363) അകാചിയുസും ഒപ്പുവച്ചു.



എന്നാൽ വാലെൻസ് ചക്രവർത്തിയുടെ കാലത്ത് അദ്ദേഹം ഹൊമൊയൻ ചിന്താഗതിയിലേക്കു തിരിഞ്ഞു. 365-ലെ ഒരു സിനഡ് അകാചിയുസിനെ സ്ഥാനഭ്രഷ്ടനാക്കി. എവുസേബിയസിന്റെ ജീവചരിത്രം (സൊക്രാട്ടസ്, സഭാ.2,4), അൻസീറായിലെ മർസെല്ലൂസിനെതിരായി ഒരു കൃതി (എപ്പിഫാനിയസ്, പാഷ. 72,5-10) എന്നിവ അദ്ദേഹം എഴുതി. പാണ്ഡിത്യത്തിൽ ഉയർന്നു നിന്ന കേസറിയൻ പാരമ്പര്യം നിലനിർത്തുന്നതിനും കേസറിയൻ ഗ്രന്ഥശേഖരം നവീകരിക്കുന്നതിനും അദ്ദേഹം ശ്രമിച്ചു (ജറോം, ലേഖനം, 34,1). അദ്ദേഹത്തിന്റെ കൃതികളുടെ ചില ശകലങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു.

**2. കേസറിയായിലെ ജലാസിയുസ്**

അകാചിയുസിന്റെ പിൻഗാമിയായി കേസറിയായിൽ 367-ൽ മെത്രാനായത് ജറുസലേമിലെ സിറിലിന്റെ അനന്തിരവനായ ജലാസിയുസ് ആയിരുന്നു. സത്യവിശ്വാസവും ജീവിതവിശുദ്ധിയും അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കി (തിയഡൊറെറ്റ്, സഭാ.5,8). അദ്ദേഹം നിഖ്യായുടെ വക്താവായി നിലകൊണ്ടു. വാലെൻസ് ചക്രവർത്തി അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. തിയഡോഷ്യസ് ചക്രവർത്തി അധികാരത്തിൽ വന്നപ്പോൾ അദ്ദേഹം തിരികെയെത്തി. അദ്ദേഹത്തിന്റെ ശൈലി കുലീനമായിരുന്നു (ജറോം, മഹദ്.130). തിയഡൊറെറ്റ്, ബിസാൻസ്യത്തിലെ ലെയോൺസ്യൂസ് തുടങ്ങി പല എഴുത്തുകാരിലും ജലാസിയുസിൽ നിന്നുള്ള ഉദ്ധരണികൾ കാണാം. അദ്ദേഹം *സഭാചരിത്രം* എന്നൊരു കൃതിയെഴുതി. അത് എവുസേബിയസിന്റെ കൃതിയുടെ തുടർച്ചയായിരുന്നു (ഫോസിയസ്, ബിബ്ലി.കോ. 89). ജറുസലേമിലെ സിറിലാണ് ഇതെഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഇത് നഷ്ടപ്പെട്ടെങ്കിലും മറ്റുള്ളവരുടെ കൃതികളിൽ ഇതിന്റെ ഉദ്ധരണികളുണ്ട്. *വിശ്വാസപ്രമാണ വ്യാഖ്യാനം* എന്ന കൃതിയുടെ ചില ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. *അനോമയർ* എന്ന ആരിയൻ വിഭാഗത്തിനെതിരെ എഴുതിയ കൃതിയും നഷ്ടപ്പെട്ടു (ഫോസിയസ്, ബിബ്ലി.കോ.88).

**3. കേസറിയയിലെ എവുസോയ്യുസ്**

ജലാസിയുസിനെ വാലെൻസ് ചക്രവർത്തി സ്ഥാനഭ്രഷ്ടനാക്കിയപ്പോൾ, ഈ ആരിയൻ മെത്രാൻ കേസറിയാ മെത്രാനായി. ഗ്രിഗറി നസ്യാൻസനോടൊപ്പം കേസറിയായിൽ തെസ്പിയുസ് എന്ന പ്രഭാഷകന്റെ കീഴിൽ അദ്ദേഹം പഠിച്ചിരുന്നു (ജറോം,മഹദ്.113). കേസറിയൻ ഗ്രന്ഥശേഖരം സമുദ്ധരിക്കാൻ അദ്ദേഹം പരിശ്രമിച്ചു. തിയഡോഷ്യസ് ചക്രവർത്തി അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. നിരവധി കൃതികളെഴുതിയെന്നും അവ പ്രചാരത്തിലുണ്ടെന്നും ജറോം പറയുന്നെങ്കിലും അവയുടെ പേരുകൾ പോലും അറിയില്ല.

**4. എമേസയിലെ എവുസേബിയസ്**

കേസറിയയിലെ എവുസേബിയസിന്റെ ഒരു ശിഷ്യനായിരുന്നു അദ്ദേഹം. എഡേസ്സയിൽ ജനിച്ച (330) എവുസേബിയസ് വേദപുസ്തകപഠനത്തിൽ തൽപ്പരനായി. മാതൃഭാഷ സുറിയാനി ആയിരുന്നു. ഗ്രീക്കു പഠിക്കാൻ അടുത്തുള്ള പാഠശാലയിൽ ചേർന്നു. ഷിത്തോപ്പൊളീസിലെ പത്രൊഫീലസ് ആയിരുന്നു ആദ്യഗുരു. കേസറിയായിലെ എവുസേബിയസ് അദ്ദേഹത്തിന് ശരിയായ ദൈവശാസ്ത്ര രൂപീകരണം നൽകി. പിന്നീട് വേദപുസ്തക വ്യാഖ്യാനരീതികൾ പഠിക്കാൻ അന്ത്യോക്യയിൽ പോയി. ഒസ്താത്യോസിനെ സ്ഥാനഭ്രഷ്ടനാക്കിയപ്പോൾ എവുസേബിയസ് അന്ത്യോക്യയിൽ ഉണ്ടായിരുന്നു. അതിനുശേഷം തത്വശാസ്ത്രപഠനത്തിന് അലക്സാണ്ഡ്രിയയിൽ പോയി. ലവദീക്യായിലെ മെത്രാനായിത്തീർന്ന ജോർജുമായി അവിടെവച്ച് പരിചയപ്പെട്ട്, വലിയ സുഹൃദ്ബന്ധത്തിലായി. ഈ ജോർജ് ആരിയൻ വക്താവായിരുന്നു. എവുസേബിയസ് അന്ത്യോക്യയിൽ തിരിച്ചെത്തിയപ്പോൾ 339 -ലെ അന്ത്യോക്യൻ സിനഡ് അത്തനാസ്യോസിനു പകരം അദ്ദേഹത്തെ തെരഞ്ഞെടുത്തു. അദ്ദേഹം ബുദ്ധിപൂർവം അതു നിരസിച്ചു. അധികം താമസിയാതെ അദ്ദേഹം ലബനീസ് ഫിനീഷ്യയുടെ തലസ്ഥാനമായ എമേസയിലെ മെത്രാനായി. പണ്ഡിതനായ മെത്രാനെ ആവശ്യമില്ലാത്തതിനാൽ, ജനങ്ങൾ കലഹമുണ്ടാക്കി (സൊക്രാട്ടസ്, സഭാ.9,9). ഉടനെ അദ്ദേഹം ലവദീക്യയിൽ തന്റെ സ്നേഹിതനായ ജോർജിന്റെ പക്കൽ അഭയം തേടി. അന്ത്യോക്യൻ മെത്രാന്റെ ഇടപെടൽ മൂലം വീണ്ടും രൂപതയുടെ ചുമതല ഏറ്റെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 359-ലെ സെലൂഷ്യൻ സിനഡിനു മുമ്പ് മരിച്ചു. എവുസേബിയസിനെപ്പറ്റി ലവദീക്യയിലെ ജോർജ് ഒരു സ്തുതിപ്പ് എഴുതിയിട്ടുണ്ട്. അതിന്റെ ഒരു ഭാഗം സൊക്രാട്ടസും (സഭാ.2,9) സൊസോമനും (സഭാ.3,6) ഉദ്ധരിക്കുന്നു. എവുസേബിയസ് നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. യൂദർക്കും വിജാതിയർക്കും നൊവേഷ്യർക്കുമെതിരെ, സുവിശേഷ സംബന്ധമായ പ്രഭാഷണങ്ങൾ, പത്തു പുസ്തകങ്ങളിലായി ഗലാത്യലേഖനഭാഷ്യം, തുടങ്ങിയ കൃതികളെപ്പറ്റി ജറോം, തിയഡൊറെറ്റ് ആദിയായവർ സൂചിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ചില കൃതികൾ പൂർണമായോ ഭാഗികമായോ സിറിയൻ, അർമേനിയൻ വിവർത്തനങ്ങളിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ, മുപ്പതോളം പ്രസംഗങ്ങളും കിട്ടിയിട്ടുണ്ട്. അവയിൽ ചിലത് മറ്റുള്ളവരുടെ പേരുകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളവയാണ്. ഫീലൊക്സീനോസും തിയഡൊറെറ്റും ഇവയിൽ നിന്ന് ഉദ്ധരിക്കുന്നു.

**അധ്യായം 10**

# ലവദീക്യയിലെ അപ്പൊള്ളിനാരിസ് (310 –390)

സിറിയായിലെ ലവദീക്യയിൽ അപ്പൊള്ളിനാരിസ് ജനിച്ചു. അദ്ദേഹത്തിന്റെ പിതാവായ അപ്പൊള്ളിനാരിസ് ഒരു വൈദികനും വ്യാകരണപടുവുമായിരുന്നു. വി.അത്തനാസ്യോസിന്റെ ഒരുറ്റ സുഹൃത്തായിരുന്നതിനാൽ ലവദീക്യയിലെ ജോർജ് എന്ന ആരിയൻ മെത്രാൻ 342-ൽ അപ്പൊള്ളിനാരിസിനെ മുടക്കി. 346-ൽ അത്തനാസ്യോസ് വിപ്രവാസത്തിൽ നിന്ന് മടങ്ങി എത്തിയപ്പോൾ അപ്പൊള്ളിനാരിസ് അദ്ദേഹത്തെ സ്വീകരിച്ചു. 361-ൽ അപ്പൊള്ളിനാരിസ് ലവദീക്യയിലെ നിഖ്യാവിഭാഗത്തിന്റെ മെത്രാനായി. നല്ലൊരധ്യാപകനും പ്രഭാഷകനുമായിരുന്നു അദ്ദേഹം. ക്ലാസ്സിക്കൽ പഠനങ്ങളും പ്രഭാഷണ കഴിവുകളും അധ്യാപനത്തിനുപയോഗിച്ചു. 374-ൽ അന്ത്യോക്യയിൽവച്ച് വി.ജറോം ആദിയായ പ്രഗത്ഭന്മാർ അദ്ദേഹത്തിന്റെ ശിഷ്യഗണത്തിലുണ്ടായിരുന്നു (ലേഖനം,84:3). നിരവധി ഗ്രന്ഥങ്ങൾ എഴുതിയ അപ്പൊള്ളിനാരിസ്, അത്തനാസ്യോസിന്റെയും ബേസിലിന്റെയും കൂടെ നിന്ന് നിഖ്യാവിശ്വാസത്തിനുവേണ്ടി അധ്വാനിച്ചു. പക്ഷേ അദ്ദേഹത്തിന്റെ ചിന്താധാരയിൽ ചില പാളിച്ചകളുണ്ടായി. അതുകൊണ്ട് ഒരു പാഷണ്ഡിയായി ചിലർ അദ്ദേഹത്തെ വിധിച്ചുതള്ളി. ഗ്രിഗറി നീസ്സാ അദ്ദേഹത്തിനെതിരായി *ആന്റിറെത്തിക്കുസ്* എന്ന കൃതി 385-ൽ എഴുതുമ്പോഴും അദ്ദേഹം ജീവിച്ചിരിപ്പുണ്ട്. 390 -നോടടുത്ത് മരിച്ചു.

**കൃതികൾ**

**1. ഭാഷ്യകൃതികൾ**

വേദപുസ്തക സംബന്ധമായി നിരവധി വാല്യങ്ങൾ അദ്ദേഹം എഴുതിയെന്ന് ജറോം സാക്ഷിക്കുന്നു (മഹദ്.104). എന്നാൽ ചില ശകലങ്ങളൊ

ഴിച്ച് മറ്റൊന്നും ലഭിച്ചിട്ടില്ല. ലഭിച്ചവ തന്നെയും എതിരാളികൾ വഴിയാണ് കിട്ടിയിട്ടുള്ളത്. അലക്സാണ്ട്രിയൻ കലാലയത്തിന്റെ രൂപകാർഥ ഭാഷ്യരീതിയോടോ, അന്ത്യോക്യൻ കലാലയത്തിന്റെ വാച്യാർഥ ഭാഷ്യരീതിയോടോ അദ്ദേഹം വലിയ പ്രതിപത്തി കാട്ടിയില്ല.

**2. അപ്പോളജെറ്റിക്കൽ കൃതികൾ**

പൊർഫീരിക്കെതിരെ 30 പുസ്തകങ്ങളെഴുതി. അപ്പൊള്ളിനാരിസിന്റെ കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇതത്രേ എന്നാണ് ജറോമിന്റെ അഭിപ്രായം. പൊർഫീരിക്കെതിരെ മെത്തോഡിയസും എവുസേബിയസും എഴുതിയവ ഈ കൃതിയുടെ ആവിർഭാവത്തോടുകൂടെ മൂല്യമറ്റതായിപ്പോയി എന്നാണ് ഫിലൊസ്തോർജിയൂസിന്റെ അഭിപ്രായം. ജൂലിയൻ ചക്രവർത്തിക്കെതിരെ *സത്യം* എന്ന ശീർഷകത്തിൽ അദ്ദേഹം ഒരു കൃതി എഴുതി. ഇവയുടെ ചില ഭാഗങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളു.

**3. താർക്കിക കൃതികൾ**

സിസിക്കുസിലെ ആരിയൻ മെത്രാനായ എവുണോമിയസിനെതിരെ, അൻസീറായിലെ മർസെല്ലുസിനെതിരെ, തർസോസിലെ ദിയദോറിനെതിരെ, അന്ത്യോക്യയിലെ ഫ്ളാവിയനെതിരെ, ഒരിജനെതിരെ, അലക്സാണ്ട്രിയായിലെ ദിവന്നാസ്യോസിനെതിരെ എന്നീ കൃതികൾ അപ്പൊള്ളിനാരിസ് രചിച്ചു. എന്നാൽ അപൂർവം ചില രേഖാശകലങ്ങളൊഴികെ മറ്റെല്ലാം നഷ്ടപ്പെട്ടു.

**4.താത്വികകൃതികൾ**

താത്വിക കൃതികൾ പലതും നഷ്ടപ്പെടാതെ കിട്ടിയത് ആശ്ചര്യകരം തന്നെ. അവ പ്രശസ്തരായ സഭാപിതാക്കന്മാരുടെയും എഴുത്തുകാരുടെയും പേരിൽ പ്രചരിച്ചിരുന്നു. അത്ഭുതപ്രവർത്തകനായ ഗ്രിഗറി, അത്തനാസ്യോസ്, ജൂലിയസ് പാപ്പാ എന്നിവരുടെ പേരുകളിൽ അപ്പൊള്ളിനാരിസ്റ്റുകളും ഏക സ്വഭാവവാദികളും അബദ്ധകൃതികൾ പ്രചരിപ്പിച്ചിരുന്നെന്ന് ബിസാൻസ്യത്തിലെ ലെയോൺസ്യൂസ് (485–543) പറയുന്നു.

(1) അക്കൂട്ടത്തിൽപെടുന്നവയാണ് ഗ്രിഗറിയുടെ നാമത്തിലുള്ള വലിയ വിശ്വാസപ്രഖ്യാപനം.

(2) അത്തനാസ്യോസിന്റെ നാമത്തിൽ അറിയപ്പെട്ട മൂന്നു കൃതികൾ: 1. ക്രിസ്തു ഏകനാകുന്നു എന്ന പേരിലുള്ള ദനഹാപ്രസംഗം. 2. വചനത്തിന്റെ തിരുഅവതാരം. 3. ജോവിയൻ ചക്രവർത്തിക്കെഴുതിയ വിശ്വാസ പ്രമാണം.

(3) ജൂലിയസ് പാപ്പായുടെ (337–352) പേരിൽ അറിയപ്പെട്ട മൂന്നു കൃതികൾ.



(4) ഗ്രിഗറി നസ്യാൻസന്റെ *ആന്റിറെത്തിക്കൂസ്* എന്ന ഖണ്ഡന കൃതിയിൽ നിന്ന് അപ്പൊള്ളിനാരിസിന്റെ *മനുഷ്യസാദൃശ്യത്തിൽ ദൈവാവതാരത്തിന്റെ വരച്ചുകാട്ടൽ* എന്ന പ്രധാനകൃതി വീണ്ടെടുക്കാനാവും. 376–നും 380–നും മധ്യേയാണ് ഇതെഴുതപ്പെട്ടത്. പ്ലറ്റോണിക് തത്വചിന്തയിൽ ശരീരം, ആത്മാവ്, അരൂപി (സാർക്സ്, പ്സ്യുക്കെ അലോഗോസ്/മൃഗീയാത്മാവ്, നൂസ്/മനുഷ്യാത്മാവ്) എന്നീ മൂന്നു ഘടകങ്ങൾ മനുഷ്യനുണ്ട്. ഈ ചിന്താസരണിയിലൂടെയാണ് അപ്പൊള്ളിനാരിസിന്റെ പ്രയാണവും. ഗ്രിഗറി ഈ മൂന്നു ഘടകതത്വം വേദപുസ്തകാധിഷ്ഠിതമല്ലാത്തതിനാൽ തള്ളിക്കളയുന്നു (8,35).

(5) റീകാപ്പിറ്റുലേഷൻ (അനാകെഫാലൈയോസിസ്): ഏതോ വലിയ ഒരു കൃതിയുടെ സംഗ്രഹമാണിത്. സെവുഡോ-അത്തനാസ്യൻ കൃതികളിൽ ഇത് കാണുന്നു.

(6) മറ്റ് എഴുത്തുകാരുടെ ശേഖരങ്ങളിൽ അപ്പൊള്ളിനാരിസിന്റെ പ്രബോധനങ്ങളുടെ സംഗ്രഹം കാണാം.

**5. കവിതകൾ**

ജൂലിയൻ ചക്രവർത്തി 362–ൽ ക്രിസ്തീയ വിദ്യാർഥികൾക്കെതിരെ കലാലയങ്ങൾ അടച്ചപ്പോൾ അപ്പൊള്ളിനാരിസും പിതാവും കൂടി വി. ഗ്രന്ഥത്തിന്റെ നല്ലൊരുഭാഗം ക്ലാസ്സിക്കൽ ഗ്രീക്ക് കവിതാരീതിയിലാക്കി കുട്ടികൾക്കു കൊടുത്തു. പ്ലറ്റോണിക് സംവാദശൈലിയിൽ സുവിശേഷത്തെ ആധാരമാക്കി അപ്പൊള്ളിനാരിസ് കവിതകൾ എഴുതിയെന്ന് സൊക്രാട്ടസ് സാക്ഷിക്കുന്നു (സഭാ.3,16) എന്നാൽ ഇവയെല്ലാം നഷ്ടപ്പെട്ടു.

**6. കത്തുകൾ**

ബേസിലിന്റെ കത്തുകളുടെയിടയിൽ അപ്പൊള്ളിനാരിസിന്റെ കത്തുകൾ കാണുന്നുണ്ട് (ലേഖ.361–364). ബേസിലിന്റെ രണ്ടു കത്തുകളും അപ്പൊള്ളിനാരിസിന്റെ മറുപടികളുമാണവ.

**ദൈവശാസ്ത്രം**

ആരിയൻ അബദ്ധാഭിപ്രായക്കാർക്കെതിരെ നിഖ്യായുടെ വിശ്വാസം ഉയർത്തിക്കാട്ടാൻ അപ്പൊള്ളിനാരിസ് ആവുന്നത്ര ശ്രമിച്ചു. ആഴമേറിയ ചിന്താസരണിയുടെ ഉടമയായിരുന്നു അദ്ദേഹം. പെരിപ്പതെറ്റിക്, സ്റ്റോയിക് ഘടകങ്ങൾ കൂട്ടിച്ചേർത്ത ഒരു സംയുക്ത തത്വശാസ്ത്രമായിരുന്നു അദ്ദേഹത്തിന്റേത്. ആരിയനിസവുമായുള്ള സമരത്തിലാണ് അദ്ദേഹം തന്റെ ചിന്താധാര വളർത്തിയെടുത്തത്.

ക്രിസ്തുവിന്റെ വ്യക്തിത്വത്തിലെ ഐക്യം എങ്ങനെ വിശദീകരിക്കും എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. ദൈവത്വത്തിലുള്ള ഏകത്വം,

ക്രിസ്തുവിലെ മനുഷ്യത്വം, രക്ഷകന്റെ ദൈവത്വം എന്നിവ വിശദീകരിക്കാൻ അദ്ദേഹം ശ്രമിച്ചു. അന്ത്യോക്യൻ കലാലയത്തിന്റെ ചിന്താരീതി അദ്ദേഹത്തെ തൃപ്തനാക്കിയില്ല. ക്രിസ്തുവിൽ രണ്ടു വ്യക്തിത്വം ഉണ്ടെന്ന് ധ്വനിക്കുന്ന ചിന്താരീതികളെല്ലാം ത്യജിക്കണമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. വചനത്തിൽ വ്യക്തിത്വത്തിന്റെ ഐക്യം കാണുക-ഇതായിരുന്നു ചിന്തയുടെ മുൻപന്തിയിൽ നിന്ന കാര്യം. എന്നാൽ അപ്പൊള്ളിനാരിസ് നൽകിയ വിശദീകരണം പ്രശ്നപരിഹാരമായിരുന്നില്ല. മറിച്ച് അദ്ദേഹം ക്രിസ്തുവിന്റെ മനുഷ്യത്വത്തെ വെട്ടിമുറിച്ചു.

പ്ലേറ്റോയുടെ തത്വചിന്തയുടെ ചുവടുപിടിച്ച് മനുഷ്യന് മൂന്നു ഘടകങ്ങൾ ഉണ്ടെന്ന് അദ്ദേഹം വാദിച്ചു. ശരീരം, ആത്മാവ്, അരൂപി. ആത്മാവ് മൃഗീയാത്മാവാണ്; ബൗദ്ധികാത്മാവാണ് (നൂസ്) മനുഷ്യനെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നത്. ക്രിസ്തുവിൽ മനുഷ്യശരീരവും മൃഗീയാത്മാവുമുണ്ട്. എന്നാൽ മനുഷ്യാത്മാവ് ഇല്ല. അതിന്റെ സ്ഥാനം വചനം (*ലോഗോസ്*) എടുത്തു.

ക്രിസ്തുവിനെ സംബന്ധിച്ച് ഉടലെടുത്ത പല സംശയങ്ങൾക്കും ഒരു പരിഹാരമായി അപ്പൊള്ളിനാരിസ് തന്റെ പ്രബോധനത്തെ കരുതി. വചനം മാംസമായി എന്നതിന്റെ യഥാർഥ അർഥം താൻ വരച്ചുകാട്ടിയതാണെന്ന് അദ്ദേഹം ചിന്തിച്ചു. അതായത് വചനത്തിന്റെ ദൈവത്വം മനുഷ്യന്റെ ശരീരവുമായി മാത്രം യോജിച്ചു; കന്യകമറിയത്തിൽ നിന്ന് കിട്ടിയ ശരീരത്തിൽ ആത്മാവായി വചനം വസിച്ചു. നാലാം സുവിശേഷത്തിന്റെ പ്രാരംഭഭാഗത്തിന്റെ അർഥവും ഇതുതന്നെയാണെന്നു കരുതി.

രണ്ടുകാരണങ്ങളാൽ ക്രിസ്തുവിന് പൂർണമനുഷ്യത്വം ഉണ്ടാകാൻ പാടില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്താഗതി: (1) മനുഷ്യൻ, ദൈവം എന്നീ രണ്ടു യാഥാർഥ്യങ്ങൾ പൂർണങ്ങളാണ്. രണ്ട് പൂർണയാഥാർഥ്യങ്ങൾ ചേർന്ന് എങ്ങനെ ഐക്യമുണ്ടാകും? ഒരു സങ്കരമേ അതിൽ നിന്നുണ്ടാകൂ. ഒരു വ്യക്തിയിൽ പൂർണദൈവത്വവും പൂർണമനുഷ്യത്വും ഉണ്ടായിരിക്കുക പരമാബദ്ധമാണ്. കാരണം. രണ്ടു പൂർണതകൾ ഒരു പൂർണതയാകാൻ സാധ്യമല്ല. (2) നന്മതിന്മകളുടെ വിവേചനവും തിരഞ്ഞെടുക്കലും മനുഷ്യാത്മാവിലാണ്. എന്നാൽ ക്രിസ്തുവിന് മനുഷ്യാത്മാവുണ്ടെങ്കിൽ പാപത്തിനുള്ള സാധ്യത ക്രിസ്തുവിൽ ആരോപിക്കയായിരിക്കും ചെയ്യുക. എന്നാൽ രക്ഷകൻ പാപരഹിതനാണ്. രക്ഷ നേടിത്തരുന്നവൻ നിശ്ചയമായും പാപത്തിന് അതീതനായിരിക്കണം.

ക്രിസ്തുവിന് ഒരു സ്വഭാവമേയുള്ളെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. *അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം (മിയാ ഫ്യൂസിസ് തൂ തെവു ലോഗു സെസർക്കോമെനെ)* എന്നൊരു ഫോർമുലയ്ക്ക് അദ്ദേഹം



രൂപം നൽകി. അപ്പൊള്ളിനാരിയൻ ചിന്തയിൽ പൂർണസ്വഭാവം ഒരു വ്യക്തിത്വത്തെ (*പ്രോസൊപ്പോൺ, ഹ്യുപ്പോസ്റ്റസിസ്*) അതിന്റെ പിന്നിൽ ആവശ്യപ്പെടുന്നു.

ഉപരിപ്ലവ ചിന്താഗതിക്കാരെ തൃപ്തിപ്പെടുത്താൻ വളരെ സഹായകമായിരുന്നു അപ്പൊള്ളിനാരിയൻ ചിന്ത. പൗരസ്ത്യദേശങ്ങളിൽ പല മെത്രാന്മാരും ഈ അഭിപ്രായം സ്വീകരിച്ചു. എന്നാൽ വളരെ വേഗം ഈ തത്വങ്ങളിലുള്ള അപകടം പലരും കണ്ടുപിടിച്ചു. ക്രിസ്തു യഥാർഥമായി മനുഷ്യനാണ്. ക്രിസ്തുവിന് ഒരു മനുഷ്യാത്മാവുണ്ട്. അത് നിഷേധിക്കുന്നത് സഭാപ്രബോധനത്തിന് എതിരാണെന്ന് അവർ സ്പഷ്ടമാക്കി. അത്തനാസ്യോസ്, ബേസിൽ, ഗ്രിഗറി നസ്യാൻസൻ, ഗ്രിഗറി നീസ്സാ, ദിയദോർ, തിയഡോർ എന്നിവർ അപ്പൊള്ളിനാരിസിനെതിരെ ഗ്രന്ഥങ്ങളെഴുതി. തത്തുല്യമായ അഭിപ്രായങ്ങൾ അബദ്ധമെന്ന് 362-ലെ അലക്സാണ്ഡ്രിയൻ സിനഡ് വിധിയെഴുതി. ഡമാസൂസ് പാപ്പായുടെ നേതൃത്വത്തിൽ റോമിൽവച്ച് 377-ലും 382-ലും നടന്ന സിനഡുകളിൽ അപ്പൊള്ളിനാരിയൻ ആശയങ്ങൾ അബദ്ധങ്ങളായി തീരുമാനിക്കപ്പെട്ടു. കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് (381) ഒരിക്കൽക്കൂടി അപ്പൊള്ളിനാരിയൻ തത്വങ്ങൾ തെറ്റാണെന്ന് വിധിച്ചു. യേശു ക്രിസ്തു യഥാർഥമായി ദൈവവും മനുഷ്യനുമാണ്; ദൈവത്വവും മനുഷ്യത്വവും പൂർണരൂപത്തിൽ അവനിൽ സ്ഥിതിചെയ്യുന്നു. ഇരുസ്വഭാവങ്ങളും ഒരു വ്യക്തിയിൽ ഒന്നിച്ചു ചേർന്നിരിക്കുന്നു. മനുഷ്യശരീരം മാത്രമല്ല, മനുഷ്യാത്മാവും അവനുണ്ട്. യഥാർഥ മനുഷ്യനെന്ന നിലയിലാണ് ക്രിസ്തു നമ്മുടെ രക്ഷ നേടിത്തന്നത് എന്ന് പിതാക്കന്മാർ ചൂണ്ടിക്കാണിച്ചു.

അധ്യായം 11

# സലാമിസിലെ വി. എപ്പിഫാനിയസ്
## (315-403)

സൈപ്രസ് ദ്വീപിൽനിന്ന് എണ്ണപ്പെട്ട ദൈവശാസ്ത്രജ്ഞനായി കോൺസ്റ്റാൻസ്യാ (സലാമിസ്) മെത്രാനായ എപ്പിഫാനിയസ് മാത്രമേയുള്ളൂ. അദ്ദേഹം തന്നെയും ആ നാട്ടുകാരനല്ല. ഗാസായിലെ എലൈവുതെരോപ്പൊളീസിനടുത്ത് അദ്ദേഹം ജനിച്ചു. ഗ്രീക്ക്, സുറിയാനി, ഹീബ്രു, കോപ്റ്റിക്, ലത്തീൻ എന്നീ ഭാഷകൾ അദ്ദേഹത്തിന് വശമായിരുന്നു എന്ന് ജറോം പറയുന്നു (റുഫീനസിനെതിരെ, 2,22). അദ്ദേഹം ഈജിപ്റ്റിലെ സന്യാസാശ്രമങ്ങൾ 335-നോടടുത്ത് സന്ദർശിച്ചു. തുടർന്ന് തന്റെ നാട്ടിൽ വന്ന് ഒരാശ്രമം തുടങ്ങുകയും സന്യാസപ്രസ്ഥാനത്തിന്റെ വലിയ വക്താവായി തീരുകയും ചെയ്തു. ഏതാണ്ട് മുപ്പത് വർഷം ആ ആശ്രമത്തിന്റെ അധ്യക്ഷനായിരുന്നു. വിജ്ഞാനത്തിലും വിശുദ്ധിയിലും വിഖ്യാതനായിത്തീർന്ന അദ്ദേഹത്തെ സൈപ്രസിലെ മെത്രാപ്പോലീത്താ ആക്കാൻ അവിടുത്തെ മെത്രാന്മാർ തീരുമാനിച്ചു. അങ്ങനെ 367-ൽ അദ്ദേഹം കോൺസ്റ്റാൻസ്യായുടെ മെത്രാപ്പോലീത്താ ആയി.

നിഖ്യാവിശ്വാസപ്രമാണം സംരക്ഷിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന തീക്ഷ്ണത കൃതികളിലെല്ലാം പ്രകടമാണ്. എന്നാൽ കർക്കശ മനഃസ്ഥിതിയും നയരാഹിത്യവും പ്രവർത്തനങ്ങളിലൊക്കെ കാണാമെന്ന് ചിലർ അഭിപ്രായപ്പെടുന്നു. പിതാക്കന്മാരുടെ വിശ്വാസം ഉയർത്തിപ്പിടിച്ച അദ്ദേഹം, വെറും ആശയലോകത്തു മാത്രം ഒതുങ്ങിനിന്ന താത്വികചർച്ചകളോട് എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. മഹാപണ്ഡിതനായ ഒരിജനെ മനസിലാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല എന്നു പറയപ്പെടുന്നു. അല്ലെഗോറിക്കൽ വ്യാഖ്യാനരീതിയോട് അദ്ദേഹം എതിർപ്പു പ്രകടിപ്പിച്ചു. ഒരിജന്റെ പേരിൽ അറിയപ്പെടുന്ന *ഒരിജനിസം* എന്ന അബദ്ധോപദേശത്തെ തറപറ്റിക്കാൻ അദ്ദേഹം



ആവുന്നത്ര ശ്രമിച്ചു. ഏറ്റവും ആപൽക്കരമായ പാഷണ്ഡതയായി ഒരിജനിസത്തെ അദ്ദേഹം കണ്ടു. ഒരിജനെയും ഒരിജന്റെ പേരിൽ അറിയപ്പെട്ട പാഷണ്ഡതയെയും വേർതിരിച്ചു കാണാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

അദ്ദേഹം ജറുസലേമിൽ തിരുക്കല്ലറ ദേവാലയത്തിൽ വച്ച് ഒരിജന്റെ ആരാധകരായ ജനസമൂഹത്തിന്റെ സാന്നിധ്യത്തിൽ ഒരിജനെതിരെ 392-ൽ ഒരു പ്രസംഗം നടത്തി. അതിന്റെ ഫലമായി ഒരു വലിയ കലഹം തന്നെ ഉണ്ടായി. അന്നുവരെ ഒരിജന്റെ ആരാധകനായിരുന്ന ജറോമും കൂറുമാറി. ജറുസലേം മെത്രാനായ യോഹന്നാനിൽ നിന്ന് ഒരിജനെതിരെ ഒരു വിധിവാചകം വാങ്ങാനുള്ള ശ്രമം വിജയിച്ചില്ല. അതിന്റെ പേരിൽ എപ്പിഫാനിയസ് യോഹന്നാനുമായുള്ള കൂട്ടായ്മ വിച്ഛേദിച്ചു. 399 വരെ ഒരിജന്റെ ആരാധകനായിരുന്ന അലക്സാണ്ഡ്രിയയിലെ തെയോഫിലസ് 400/1-ൽ ഒരു സിനഡുകൂടി ഒരിജനെ മുടക്കിയപ്പോൾ എപ്പിഫാനിയസും അദ്ദേഹത്തിന്റെ കൂടെ ച്ചേർന്നു. ഒരിജന്റെ ആരാധകരായിരുന്ന സന്യാസികളെ നിത്രിയൻ മരുഭൂമിയിലെ ആശ്രമങ്ങളിൽ നിന്നു പുറന്തള്ളാനും ഇരുവരും സഹകരിച്ചു എന്ന് പറയപ്പെടുന്നു. നീളമുള്ള സഹോദരന്മാർ എന്നറിയപ്പെടുന്ന ദിയസ്കോറോസ്, അമ്മോൻ, എവുസേബിയസ്, എവുതീമിയസ് എന്നീ സന്യാസികളും ആക്രമിക്കപ്പെട്ടു. ആക്രമണ വിധേയരായവർ വി. ജോൺ ക്രിസൊസ്തോമിന്റെ പക്കൽ അഭയം തേടി. ജോണിനെ വിസ്തരിക്കാൻ കൂടിയ ഓക് സിനഡിൽ (403) പങ്കെടുക്കാൻ എപ്പിഫാനിയസ് കോൺസ്റ്റാന്റിനോപ്പിളിൽ പോയെങ്കിലും, ചില കാരണങ്ങളാൽ സിനഡിൽ സംബന്ധിക്കാതെ മടങ്ങി. സൈപ്രസിൽ എത്തുന്നതിനു മുമ്പ് 403 മെയ് 12-ന് മരിച്ചു.

എപ്പിഫാനിയസിന്റെ ജീവചരിത്രം ശിഷ്യന്മാരായ ജോണും പൊളീബിയസും കൂടി എഴുതിയെന്നു പറയപ്പെടുന്നെങ്കിലും, വളരെ പിൽക്കാലത്താണ് അത് വിരചിതമായത്. വസ്തുനിഷ്ഠം എന്നതിനേക്കാൾ എപ്പിഫാനിയസിനെക്കുറിച്ചുള്ള ഒരു സ്തുതിപ്പാണത്.

### കൃതികൾ

പണ്ഡിതരും സാധാരണക്കാരുമായ മനുഷ്യർ ആർത്തിയോടുകൂടെ എപ്പിഫാനിയസിന്റെ കൃതികൾ വായിച്ചിരുന്നു; പ്രതിപാദ്യവിഷയത്തിന്റെ മേന്മകൊണ്ട് പണ്ഡിതരും ഭാഷാമാധുര്യം കൊണ്ട് ഇടത്തരക്കാരും എന്ന് ജറോം കുറിച്ചിരിക്കുന്നു (മഹദ്. 114). ദൈവശാസ്ത്രത്തിലും സഭാചരിത്രത്തിലും എപ്പിഫാനിയസിന് നല്ല സ്ഥാനമുണ്ട്. നഷ്ടപ്പെട്ട പല മൂലഗ്രീക്കു കൃതികളും അദ്ദേഹത്തിൽനിന്ന് വീണ്ടെടുക്കാൻ കഴിയും. എന്നാൽ ആഴമേറിയ ദൈവശാസ്ത്രചിന്ത, കുശാഗ്രബുദ്ധി എന്നിവ കൃതികളിൽ കുറവാണെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. അദ്ദേഹത്തിന്റേതെന്ന് കരുതപ്പെട്ടിരുന്ന ചില കൃതികളൊക്കെ അദ്ദേഹത്തിന്റേതല്ല എന്നാണ് ഇന്ന് ചിലർ അഭിപ്രായപ്പെടുന്നത്.

**1. നങ്കൂരം (അൻകൊറാത്തുസ്)**

പാഷണ്ഡതകൾക്കെതിരെയുള്ള എപ്പിഫാനിയസിന്റെ ആദ്യത്തെ കൃതിയാണിത്. പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ച് കടന്നാക്രമണം നടത്തിയ പാഷണ്ഡർ നിമിത്തം വിഷമത്തിലായ ക്രിസ്തീയ സമൂഹത്തിന്റെ അപേക്ഷയനുസരിച്ചാണ് 374-ൽ അദ്ദേഹം ഈ കൃതി രചിച്ചത്. പാഷണ്ഡതകളാകുന്ന കൊടുങ്കാറ്റുകൾ ആഞ്ഞടിക്കുമ്പോൾ സംരക്ഷണമായി അദ്ദേഹം വിശ്വാസത്തിന്റെ നങ്കൂരം നൽകുന്നു. പരിശുദ്ധ ത്രിത്വത്തെപ്പറ്റി പൊതുവായും പരിശുദ്ധാത്മാവിനെപ്പറ്റി പ്രത്യേകിച്ചും ചർച്ച ചെയ്യുന്നു. അതുപോലെ മറ്റ് വിശ്വാസ സത്യങ്ങളും ചർച്ചാവിഷയമാക്കുന്നു. താർക്കിക മനഃസ്ഥിതിയും പാഷണ്ഡതാവിരുദ്ധ മനോഭാവവും നീക്കിയാൽ വിശുദ്ധ ഗ്രിഗറി നീസ്സായുടെ *വലിയ വേദോപദേശം* എന്ന ഗ്രന്ഥവുമായി ഇതിനെ താരതമ്യപ്പെടുത്താം. വേദപുസ്തകത്തിലും സഭാപാരമ്പര്യത്തിലും പൂർണമായി അധിഷ്ഠിതമാക്കിയാണ് അദ്ദേഹമിത് എഴുതിയിരിക്കുന്നത്. വായനക്കാർ സത്യവിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ ആഹ്വാനം ചെയ്തുകൊണ്ട്, അബദ്ധോപദേശങ്ങളെ ഖണ്ഡിക്കുകയും സഭാപ്രബോധനം വരച്ചുകാട്ടുകയും ചെയ്യുന്നു. ആരിയൻ, പ്നെവുമാതോമാക്കിയൻ പാഷണ്ഡികൾ പരിശുദ്ധ ത്രിത്വത്തിനെതിരെ ഉന്നയിക്കുന്ന ആരോപണങ്ങളെ ഖണ്ഡിച്ചുകൊണ്ട് സഭാതത്വങ്ങൾ ഉയർത്തിക്കാട്ടുന്നു. അതിനുള്ള തെളിവ് സ്നാനഫോർമുലയിലും (അധ്യായം 8) ദൂതന്മാരുടെ ത്രിത്വസ്തുതിപ്പിലും (10-26) നിരവധി വേദപുസ്തക ഭാഗങ്ങളിലും അദ്ദേഹം കാണുന്നു. പുത്രനും (45-63) പരിശുദ്ധാത്മാവും (5-7) ദൈവമാണ്. പുത്രനും (65-71) പരിശുദ്ധാത്മാവിനും (72-74) പിതാവിന്റെ സത്ത തന്നെയാണ്. തിരുവവതാരം (27-38) ശരീരത്തിന്റെ ഉത്ഥാനം (83-100) എന്നീ വിഷയങ്ങളും ചർച്ച ചെയ്യുന്നു. അപ്പോള്ളിനാരിസത്തെയും (75-82) ശരീരത്തിന്റെ ഉത്ഥാനം സംബന്ധിച്ച് മനിക്കെയരും മാർസ്യനീത്തരും പഠിപ്പിക്കുന്നവയെയും തിരസ്കരിക്കുന്നു. യൂദന്മാരുടെ അവിശ്വാസത്തെയും സബെല്ലിയസിന്റെ വീക്ഷണങ്ങളെയും അപലപിക്കുന്നു. പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വം നിഷേധിക്കുന്നവരുടെ പ്രബോധനം തള്ളിക്കളയാൻ അവസാനം ആഹ്വാനം ചെയ്യുന്നു.

സ്നാനാവസരം ഉപയോഗിക്കാനുള്ള രണ്ടു വിശ്വാസപ്രമാണങ്ങളെപ്പറ്റി അദ്ദേഹം പറയുന്നു. ഒന്നാമത്തേത് സലാമിസ് രൂപതയിൽ നടപ്പിലിരുന്ന വിശ്വാസപ്രമാണം ആണ്. രണ്ടാമത്തെ എക്യൂമെനിക്കൽ കൗൺസിൽ (381) ഇത് ചില്ലറ ഭേദഗതികളോടെ അംഗീകരിച്ചു എന്നു പറയപ്പെടുന്നു. അങ്ങനെ അത് പൗരസ്ത്യദേശം മുഴുവന്റെയും സ്നാന വിശ്വാസപ്രമാണമായി. രണ്ടാമത്തേത് കുറേക്കൂടി വലുതാണ്. അത് എപ്പിഫാനിയസ് തന്നെ ഉണ്ടാക്കിയതാണ്.



**2. മരുന്നുപെട്ടി (പനാരിയോൻ)**

എപ്പിഫാനിയസിന്റെ ഏറ്റവും വലിയ കൃതിയാണിത്. *പാഷണ്ഡതകൾ* ( *ഹെരെസെസ്* ) എന്ന പേരിലാണിത് പലരും ഇത് ഉദ്ധരിക്കുന്നത്. പാഷണ്ഡതകളാകുന്ന സർപ്പങ്ങളുടെ കടിയേറ്റവർക്കുള്ള മരുന്നും വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നവർക്ക് സംരക്ഷണവും ആയിട്ടാണ് ഇതെഴുതിയത്. ഇതിൽ 80 പാഷണണ്ഡതകളെപ്പറ്റി ചർച്ച ചെയ്യുന്നു. ആദ്യത്തെ ഇരുപതെണ്ണം ക്രിസ്തുമതത്തിനു മുമ്പുള്ളവയാണ്: ബാർബറിസം, ഷിത്തിസം, ഹെല്ലനിസവും അതിന്റെ വിവിധ താത്വിക സ്കൂളുകളും, യൂദമതവും അതിന്റെ വിവിധ വിഭാഗങ്ങളും. ക്രിസ്തീയ കാലത്തുള്ള ആദ്യപാഷണ്ഡതക്ഷുദ്രക്കാരൻ ശീമോന്റേതാണ്. അവസാനത്തെ പാഷണ്ഡതയായി അദ്ദേഹം കൊടുത്തിരിക്കുന്നത് മെസ്സാലിയനിസമാണ്. കൃതിയുടെ അവസാനം കാതോലികവും അപ്പസ്തോലികവുമായ സഭയുടെ വിശ്വാസം ചുരുക്കമായി വരച്ചുകാട്ടുന്നു. പാഷണ്ഡതകളെപ്പറ്റി വ്യാപകമായി വിവരിക്കുന്ന ആദ്യകൃതിയാണിത്. വി. ജസ്റ്റിന്റെ കൃതികൾ, വി.ഐറേനിയസിന്റെ പാഷണ്ഡതകൾക്കെതിരെ എന്ന കൃതി, വി. ഹിപ്പോളിറ്റസിന്റെ സിൻതഗ്മ എന്നിവ അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. മൂന്നു ഗ്രന്ഥങ്ങളായി അഥവാ ഏഴു വാല്യങ്ങളായിട്ടാണ് ഇതെഴുതിയിരിക്കുന്നത്.

**3. അളവുകളും തൂക്കങ്ങളും**

ഒരു ബൈബിൾ നിഘണ്ടുവായി ഇതിനെ കണക്കാക്കാം. കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് ഒരു പേർഷ്യൻ വൈദികനുവേണ്ടി 392-ൽ ഇതെഴുതി. ഇതിന് മൂന്നു ഭാഗങ്ങളുണ്ട്: ഒന്നാം ഭാഗത്ത് ബൈബിൾ കാനനും പഴയനിയമ വിവർത്തനങ്ങളും രണ്ടാം ഭാഗത്ത് വേദപുസ്തക തൂക്കങ്ങളും അളവുകളും മൂന്നാം ഭാഗത്ത് പലസ്തീനയുടെ ഭൂമിശാസ്ത്രവും ചർച്ച ചെയ്യുന്നു.

**4. പന്ത്രണ്ടു രത്നങ്ങൾ**

തർസോസിലെ ദിയദോറിന്റെ നിർദേശാനുസൃതം എഴുതിയതാണിത്. പഴയനിയമ പുരോഹിതന്മാർ അണിഞ്ഞിരുന്ന മാർപതക്കത്തിലെ പന്ത്രണ്ട് രത്നങ്ങൾക്കുള്ള വ്യംഗ്യാർഥമാണ് ഇതിലുള്ളത്. ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളെ ഇത് സൂചിപ്പിക്കുന്നു. മൂലഗ്രീക്കുകൃതിയുടെ ചില ഭാഗങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. എന്നാൽ ഒരു ജോർജിയൻ വിവർത്തനത്തിലൂടെ ഇതു പൂർണമായി കൈവന്നിട്ടുണ്ട്.

**5. കത്തുകൾ**

ഒരിജനിസത്തിനെതിരെ ജറുസലേമിലെ യോഹന്നാനും ജറോമിനുമെഴുതിയ രണ്ടു കത്തുകൾ ലത്തീൻ വിവർത്തനത്തിലൂടെ ലഭിച്ചിട്ടുണ്ട്.

**6. രൂപങ്ങൾക്കെതിരെ മൂന്നു കൃതികൾ**

രൂപങ്ങളും പടങ്ങളും ഉണ്ടാക്കുകയും വന്ദിക്കുകയും ചെയ്യുന്നതിനോട് അദ്ദേഹം എതിരായിരുന്നു. ഇത് സംബന്ധിച്ച് അദ്ദേഹത്തിന്റെ മൂന്നു രേഖകൾ കൈവന്നിട്ടുണ്ട്: (1) രൂപങ്ങൾക്കെതിരെ: ''ക്രിസ്തുവിന്റെയും മാതാവിന്റെയും രക്തസാക്ഷികളുടെയും ദൂതന്മാരുടെയും നിബിയന്മാരുടെയും രൂപങ്ങളും പടങ്ങളും ഉണ്ടാക്കുന്നത് വിഗ്രഹാരാധനയാണ്. അരൂപികളെ രൂപികളാക്കുന്നത് ശരിയല്ല; ക്രിസ്തു ഇത് ആവശ്യപ്പെട്ടില്ല; ബൈബിൾ ഇത് വിലക്കിയതുമാണ് ''എന്നാണ് അദ്ദേഹത്തിന്റെ വാദം. (2) തിയഡോഷ്യസ് ചക്രവർത്തിക്ക്: ആ കൃതി ആരും വകവച്ചില്ല. ഉടനെ ചക്രവർത്തിക്ക് ഇതു സംബന്ധിച്ച് അദ്ദേഹം എഴുതി: ''ക്രിസ്തീയസഭയിൽ രൂപങ്ങൾ ഉണ്ടാക്കുന്നത് തടയാൻ രാജാധികാരം ഉപയോഗിക്കണം. ദേവാലയങ്ങളിലെ രൂപങ്ങളെല്ലാം മാറ്റണം. പുതുതായി ഒന്നും ഉണ്ടാക്കാൻ അനുവദിക്കരുത് ''എന്ന് ഇതിൽ അദ്ദേഹം അഭ്യർഥിക്കുന്നു. (3) വിൽപ്പത്രം: ഈ കത്ത് രാജാവിൽ ഒരു പ്രതികരണവും ഉളവാക്കിയില്ല. അതുകൊണ്ട്, തന്റെ അജഗണം ഈ പാരമ്പര്യം അഭംഗുരം കാത്തുസൂക്ഷിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട്, അദ്ദേഹം ഇത് തന്റെ വിൽപ്പത്രത്തിൽ ഉൾപ്പെടുത്തി. ''ദൈവത്തിന്റെ ഛായ ഹൃദയത്തിലാണ് പേറേണ്ടത്. പള്ളികളിലെങ്ങും രൂപങ്ങൾ വയ്ക്കാൻ പാടില്ല'' എന്ന് അദ്ദേഹം നിഷ്ക്കർഷിച്ചു.

അധ്യായം 12

# മഹാനായ വി. ബേസിൽ

**ആമുഖം**

അലക്സാണ്ഡ്രിയയിൽ ഉടലെടുത്ത ആരിയനിസം ഏഷ്യാമൈനറിലും കോളിളക്കം സൃഷ്ടിച്ചു. എന്നാൽ ഏഷ്യാമൈനറിലെ കപ്പഡോഷ്യൻ സഭയിലെ നെടുംതൂണുകളായി മൂന്നു മഹാപണ്ഡിതന്മാർ ഉയർന്നുവന്ന് ആരിയൻ പാഷണ്ഡതയിൽ നിന്ന് സഭയെ രക്ഷിച്ചു. കപ്പഡോഷ്യൻ പിതാക്കന്മാർ എന്നറിയപ്പെടുന്ന കേസറിയായിലെ മഹാനായ ബേസിൽ (ബസേലിയോസ്), അദ്ദേഹത്തിന്റെ സഹോദരൻ ഗ്രിഗറി നീസാ, സ്നേഹിതനായ ഗ്രിഗറി നസ്യാൻസൻ എന്നിവരാണവർ. അത്തനാസ്യോസിന്റെ ദൈവശാസ്ത്ര ചിന്തയുടെ തുടർച്ചയും വളർച്ചയും പൂർണതയും ഈ പിതാക്കന്മാരിൽ കാണാൻ കഴിയും. നിഖ്യായിലെ സത്യവിശ്വാസം സ്പഷ്ടമായി വിശദീകരിക്കാനും പഠിപ്പിക്കാനും ശ്രമിച്ചതിൽ ഇവർ വിജയിച്ചു.ഹെല്ലനിസത്തെ ക്രിസ്തുമതത്തിന് ഉപയുക്തമാക്കുന്നതിനും ആരിയൻ പാഷണ്ഡത മൂലമുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ഈ മൂവരും ചെലുത്തിയ സ്വാധീനം സഭ മുഴുവൻ അലയടിച്ചു. സഭയുടെ പൊതുനന്മയെ ലാക്കാക്കി പ്രവർത്തിച്ച ഇവർ ആത്മസുഹൃത്തുക്കളും കറതീർന്ന വ്യക്തിത്വങ്ങളുടെ ഉടമകളുമായിരുന്നു. ബേസിൽ കർമനിരതൻ എന്നും ഗ്രിഗറി നസ്യാൻസൻ പ്രഭാഷകൻ എന്നും ഗ്രിഗറി നീസാ ചിന്തകൻ എന്നും അറിയപ്പെടുന്നു.

**ജീവചരിത്രം**

കപ്പഡോഷ്യൻ പിതാക്കന്മാരിൽ മഹാൻ എന്നാണ് ബേസിൽ അറിയപ്പെടുന്നത്. സഭാനേതാവ്, ഉത്തമ സംഘാടകൻ, ക്രിസ്തീയ തത്വസംഹിതയുടെ ഉത്തമ വ്യാഖ്യാതാവ്, സത്യവിശ്വാസ സംരക്ഷണത്തിൽ രണ്ടാം അത്തനാസ്യോസ്, പൗരസ്ത്യ സന്യാസപിതാവ്, ആരാധനക്രമ പരി

ഷ്കർത്താവ് എന്നീ നിലകളിൽ സഭയ്ക്ക് നൽകിയ സംഭാവനകളാണ് അദ്ദേഹത്തിന് മഹാൻ എന്ന നാമം നേടിക്കൊടുത്തത്.

ബേസിൽ 330-ൽ കപ്പഡോഷ്യയിലെ കേസറിയായിൽ ജനിച്ചു. ക്രിസ്തീയജീവിതത്തിൽ അടിയുറച്ച മാതാപിതാക്കൾ, ഉയർന്ന ജീവിതസാഹചര്യങ്ങൾ, സമ്പത്ത് എന്നിവ അദ്ദേഹത്തിന് നല്ലൊരു തുടക്കം നൽകി. അദ്ദേഹത്തിന്റെ അപ്പന്റെ പേരും ബേസിൽ എന്നായിരുന്നു. അപ്പൻ നെയോചെസറിയായിൽ പ്രശസ്തനായ ഒരു പ്രഭാഷകനായിരുന്നു. അത്ഭുതപ്രവർത്തകനായ വി. ഗ്രിഗോറിയോസിന്റെ ശിഷ്യ വി. മക്രീന ആയിരുന്നു പ്രഭാഷകനായ ബേസിലിന്റെ അമ്മ. അതായത്, മഹാനായ ബേസിലിന്റെ വലിയമ്മ. വി.ബേസിലിന്റെ അമ്മ എമ്മേലിയ ഒരു രക്തസാക്ഷിയുടെ മകളായിരുന്നു. പ്രഭാഷകനായ ബേസിലിനും എമ്മേലിയായ്ക്കും പത്ത് മക്കളുണ്ടായിരുന്നു. അവരിൽ മൂന്നുപേർ മെത്രാന്മാരായി: മഹാനായ ബേസിൽ, ഗ്രിഗറി നീസാ, സെബസ്തയിലെ പീറ്റർ. അവരുടെ ഏറ്റവും മൂത്ത സഹോദരി വി. മക്രീന താപസജീവിതത്തിന്റെ ഉത്തമ മാതൃക ആയിത്തീർന്നു. അങ്ങനെ വിശുദ്ധരുടെ കുടുംബം ആയിരുന്നു ബേസിലിന്റേത്.

പിതാവിൽ നിന്നു തന്നെ ബേസിൽ പ്രാഥമിക വിദ്യാഭ്യാസം സമ്പാദിച്ചു. പിന്നീട് കേസറിയായിലും കോൺസ്റ്റാന്റിനോപ്പിളിലും ആഥൻസിലും പഠനം നടത്തി. അവിടെ ആയിരിക്കുമ്പോഴാണ് (351) ഗ്രിഗറി നസ്യാൻസസനുമായി കൂടുതൽ പരിചയപ്പെടാനും ജീവിതകാലം മുഴുവൻ നീണ്ടുനിന്ന സുഹൃദ്ബന്ധത്തിന് തുടക്കമിടാനും ഇടയായത്. നാട്ടിൽ തിരിച്ചെത്തിയ ബേസിൽ (356) പിതാവിനെപ്പോലെ പ്രഭാഷകനായി ജോലി തുടങ്ങി. എന്നാൽ അതിലൊട്ടും താൽപര്യം തോന്നാത്തതിനാൽ അതുപേക്ഷിച്ച് ദൈവത്തിന് സ്വയം സമർപ്പിക്കാൻ തീരുമാനിച്ചു. അതേപ്പറ്റി അദ്ദേഹം ഇപ്രകാരം എഴുതുന്നു: ''മിഥ്യയിലെന്റെ സമയം ഞാൻ പാഴാക്കി. എന്റെ യൗവനം മുഴുവൻ പാഴ്വേലകളിൽ ചെലവാക്കി. ദൈവം ഭോഷത്തമാക്കിയ (1കൊറി. 1,20) വിജ്ഞാനത്തിനായി ഞാൻ സ്വയം സമർപ്പിച്ചു. പെട്ടെന്ന് ഗാഢനിദ്രയിൽ നിന്നെന്നവണ്ണം ഞാൻ ഞെട്ടിയുണർന്നു. സുവിശേഷ സത്യത്തിന്റെ അത്ഭുതാവഹമായ പ്രകാശം ഞാൻ ദർശിച്ചു. അർഥശൂന്യമായ ഈ ലോകത്തിന്റെ നേതാക്കന്മാരുടെ വിജ്ഞാനത്തിന്റെ പൊള്ളത്തരം ഞാൻ മനസിലാക്കി (1കൊറി.2,6). എന്റെ നശിച്ച ജീവിതത്തെപ്പറ്റി ഞാൻ കണ്ണീരൊഴുക്കി. ഭക്തിയുടെ തത്വങ്ങൾ എന്നിൽ രൂപീകരിക്കുന്ന ഒരു നേതാവിനെ കിട്ടാനായി ഞാൻ പ്രാർഥിച്ചു'' (ലേഖനം, 223,2).

സ്നാനാനന്തരം പ്രഗത്ഭരായ താപസ ശ്രേഷ്ഠരെ കണ്ടുമുട്ടി പരിചയപ്പെടാനും അവരുടെ ജീവിതമാതൃക നേരിൽ കണ്ട് മനസിലാക്കാനുമായി അദ്ദേഹം ഈജിപ്ത്, പലസ്തീന, സിറിയ, മെസപ്പൊട്ടേമിയ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം സഞ്ചരിച്ചു. അവരുടെ ജീവിതം അദ്ദേഹത്തിന്റെ ദൈവികാരൂപിയെ കത്തിജ്വലിപ്പിച്ചു: ''അവരുടെ ജീവിത തത്വവും അധ്വാനനിരതയും എന്നെ ആകർഷിച്ചു. അവരുടെ നിരന്തര പ്രാർഥനകളും ജാഗരണവും എന്നെ മാടിവിളിച്ചു. സ്വാഭാവികാവശ്യങ്ങൾക്കൊന്നും കീഴ്പ്പെടാതെ ആത്മാവിന്റെ ആവശ്യങ്ങൾ എപ്പോഴും മുന്നിൽ കണ്ടുകൊണ്ട് അവർ ജീവിച്ചു. വിശപ്പിലും ദാഹത്തിലും തണുപ്പിലും നഗ്നതയിലും അവർ ജീവിച്ചു. എന്നാൽ അവർ ശരീരത്തിനൊട്ടും കീഴ്പ്പെട്ടില്ല. അതിനായി വൃഥാ സമയം കളഞ്ഞില്ല. അവരുടേതല്ലാത്ത ഒരു ശരീരത്തിൽ ജീവിക്കുന്ന രീതിയിൽ സ്വഭവനമായ സ്വർഗത്തിലെ പൗരത്വത്തിനായി അവർ എല്ലാ കാര്യങ്ങളിലും വർത്തിച്ചു. അവരുടെ ജീവിതം എന്നെ അവരിലേക്ക് വലിച്ചടുപ്പിച്ചു. യേശുക്രിസ്തുവിന്റെ മരണം തങ്ങളുടെ ശരീരത്തിൽ വഹിക്കുന്നവരായി അവർ കാണിച്ചുകൊടുത്തു. അതുകൊണ്ട്, ഭാഗ്യമേറിയ ജീവിതമെന്ന് ഞാൻ അവരുടേതിനെ വിളിക്കുന്നു. എന്റെ കഴിവനുസരിച്ച് അവരെ അനുകരിക്കാൻ കൃപ തരണമെ എന്ന് ഞാൻ പ്രാർഥിച്ചു'' (ലേഖനം, 223,2).



തിരികെയെത്തിയ ബേസിൽ സമ്പത്തെല്ലാം പാവങ്ങൾക്ക് വിതരണം ചെയ്തിട്ട് നെയോ ചെസറിയായുടെ സമീപത്ത് ഏകാന്തജീവിതം തേടിയിറങ്ങി. നിരവധി സ്നേഹിതന്മാർ അദ്ദേഹത്തിന്റെ കൂടെക്കൂടി. ഗ്രിഗറി നസ്യാൻസൻ 348-ൽ ബേസിലിനെ സന്ദർശിച്ചപ്പോൾ അവർ ഇരുവരും ഒരുമിച്ച് ഒരിജന്റെ കൃതികളുടെ ഒരു സമാഹാരമായ *ഫീലോകാലിയ* തയാറാക്കി. ബേസിൽ അവിടെ വച്ച് രണ്ട് സന്യാസനിയമങ്ങൾ എഴുതിയുണ്ടാക്കി. അങ്ങനെ അദ്ദേഹം ഗ്രീക്ക് സന്യാസത്തിന്റെ നിയമദാതാവായി. അവിടെ താമസിക്കുമ്പോഴും അദ്ദേഹം കർമനിരതനായി വർത്തിക്കുകയും ആശ്രമങ്ങൾ തുടങ്ങുകയും ചെയ്തു.

കേസറിയാ മെത്രാപ്പോലീത്താ ആയ എവുസേബിയസ് അദ്ദേഹത്തിന്റെ കഴിവുകളെ തന്റെ രൂപതയ്ക്കായി ഉപയോഗപ്പെടുത്താൻ ആഗ്രഹിച്ചു. ഒരു പുരോഹിതനാകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ബേസിൽ അതിനു സമ്മതിച്ച് വൈദികനായി. എല്ലാ കാര്യങ്ങളിലും എവുസേബിയസിന്റെ സഹായിയും തുണയുമായിത്തീർന്നു: ''അദ്ദേഹം എല്ലാറ്റിനും എല്ലാമായിത്തീർന്നു. നല്ലൊരുപദേശകൻ, കഴിവുറ്റ സഹായി, വേദപുസ്തക വ്യാഖ്യാതാവ്, കർത്തവ്യങ്ങൾ ചൂണ്ടിക്കാട്ടുന്നവൻ, വാർധക്യത്തിൽ ഒരു വടി, വിശ്വാസത്തിന്റെ ഒരു സ്തംഭം, മറ്റെല്ലാ വൈദികരെക്കാളും വിശ്വസ്തൻ, ഏത് അൽമായ നേതാവിനെക്കാളും പരിചയസമ്പന്നൻ''-ഇതാണ് ഗ്രിഗറി നസ്യാൻസന്റെ കുറിപ്പ് (പ്രഭാഷണം,43,33). എവുസേബിയസ് 370-ൽ മരിച്ചപ്പോൾ ബേസിൽ കേസറിയായിലെ മെത്രാനായി.

അദ്ദേഹം വളരെ വേഗം എല്ലാ ജനങ്ങളുടെയും പ്രീതി നേടി. രോഗി

കൾക്കായി ആശുപത്രികൾ സ്ഥാപിക്കുന്നതിലും പാവങ്ങൾക്കായി ഭവനങ്ങൾ നിർമിക്കുന്നതിലും പരദേശികളെ സൽക്കരിക്കുന്നതിലും അദ്ദേഹം ശ്രദ്ധ ചെലുത്തി. ആരിയനിസത്തിനെതിരെയുള്ള സമരത്തിൽ സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ടു. വാലെൻസ് ചക്രവർത്തിയുടെയും മറ്റ് ലൗകികാധികാരികളുടെയും മുമ്പിൽ നിർഭയനായി വ്യാപരിച്ചു. ആരിയനിസത്തെ അംഗീകരിക്കണമെന്ന് പ്രീഫെക്ട് മൊദെസ്തുസ് നിർബന്ധിച്ചു. കണ്ടുകെട്ടും നാടുകടത്തും എന്നൊക്കെ ഭീഷണിപ്പെടുത്തി. സഭയുടെ യഥാർഥ പുത്രനായി നട്ടെല്ലോടു കൂടെ അദ്ദേഹം നിലകൊണ്ടു. ബേസിൽ നൽകിയ മറുപടി ഗ്രിഗറി നസ്യാൻസൻ കുറിച്ചു വച്ചിരിക്കുന്നത് ശ്രദ്ധാർഹമാണ്:

‘‘ഒന്നുമില്ലാത്തവർക്ക് കണ്ടുകെട്ടൽ എന്തു ദോഷം ചെയ്യും. എനിക്കാകെയുള്ള ഈ തുണിയും കുറേ പുസ്തകങ്ങളും ആയിരിക്കാം നീ എന്നെ പീഡിപ്പിച്ചിട്ട് എടുക്കാൻ പോകുന്നത്. നാടുകടത്തൽ ഞാൻ അറിയുന്നില്ല. കാരണം, ഞാൻ ഒരു സ്ഥലത്തോടും ബന്ധിതനല്ല. ഞാൻ ജീവിക്കുന്ന ഈ നാടും ഞാൻ നാടു കടത്തപ്പെടുന്ന ഏതു നാടും എന്റേതായി ഞാൻ കരുതുന്നു. എല്ലാ നാടും ദൈവത്തിന്റേതാണ്. അവന്റെ വെറുമൊരു സേവകനാണ് ഞാൻ. ഈ ലോകത്തിൽ ഒരു പഥികനും തീർഥാടകനും മാത്രമാണ് ഞാൻ. പീഡനങ്ങൾക്ക് എന്നോട് എന്തു ചെയ്യാനാവും? എന്റെ ശരീരം ഒരു പക്ഷേ ഒറ്റയടിക്കുതകും. ഈ കാര്യങ്ങളിലേ നിനക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കൂ. എന്നാൽ എന്നെ സംബന്ധിച്ച് മരണം കരുണാർദ്രമായ ഒരു കർമം മാത്രമായിരിക്കും. കാരണം, അതെന്നെ ദൈവത്തോട് കൂടുതൽ അടുപ്പിക്കും. അവനുവേണ്ടി ഞാൻ ജീവിക്കുന്നു. അവനുവേണ്ടി ഞാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവനുവേണ്ടി ഞാൻ മിക്കവാറും മൃതനാണ്. അവന്റെ പക്കലേക്ക് ഞാൻ കുതിക്കുന്നു’’(പ്രഭാഷണം, 43,49).

ഇതു കേട്ട ഉദ്യോഗസ്ഥൻ ഞെട്ടിപ്പോയി. ‘‘ഇതുപോലാരും ഇത്ര നിർഭയമായി എന്നോട് സംസാരിച്ചിട്ടില്ല.’’ അതിന് മറുപടിയായി ബേസിൽ പറഞ്ഞു: ‘‘ഒരുപക്ഷേ നീ ഇതിനുമുമ്പ് ഒരു മെത്രാനെ അറിഞ്ഞിട്ടില്ലായിരിക്കാം... ദൈവം അപഹസിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നിടത്ത് എല്ലാം ഇല്ലായ്മയായി കരുതപ്പെടുന്നു. അവനെ മാത്രമേ ഞങ്ങൾ ശ്രദ്ധിക്കുന്നുള്ളു. അഗ്നിയും വാളും വന്യമൃഗങ്ങളും ഭീകരങ്ങളായ പീഡനോപകരണങ്ങളും ഭയഹേതുക്കളായിട്ടല്ല, ആഹ്ലാദകരമായി ഞങ്ങൾ കരുതുന്നു. അബദ്ധതത്വങ്ങളിലേക്ക് ഞങ്ങളെ വലിച്ചിഴയ്ക്കാൻ സാധ്യമല്ലെന്ന് ചക്രവർത്തിയോട് പറഞ്ഞേക്കൂ. ഭീഷണികളൊന്നും ഇവിടെ വിലപ്പോകില്ല’’ (43,50). - ഇതേപ്പറ്റി കേട്ട ചക്രവർത്തി തന്റെ ഉദ്യമത്തിൽ നിന്നു പിന്മാറി.

സഭൈക്യമായിരുന്നു ബേസിലിന്റെ ഒരു പ്രധാന ചിന്താവിഷയം. പൗരസ്ത്യ ക്രൈസ്തവർ ആരിയനിസം മൂലം പല തട്ടുകളിലായിരുന്നു.



കിഴക്കും പടിഞ്ഞാറുമുള്ള മെത്രാന്മാർ തന്നെയും ഐക്യത്തിൽ നിന്ന് അകന്നുപോയി. പൗരസ്ത്യസഭകളും പാശ്ചാത്യസഭകളും തമ്മിൽ ഐക്യം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹം കണ്ടു. പൗരസ്ത്യസഭകളുടെ ദുർഭഗസ്ഥിതി വിവരിച്ചുകൊണ്ട് ഡമാസുസ് പാപ്പായ്ക്ക് അദ്ദേഹം ഒരു കത്തയച്ചു. പൗരസ്ത്യസഭകളെ സന്ദർശിക്കാൻ അദ്ദേഹത്തെ ക്ഷണിച്ചു (ലേഖനം,70). വിശ്വാസികളുടെ ഇടയിൽ കിടമത്സരങ്ങളും ഗ്രൂപ്പുവടംവലികളും ഇല്ലാതിരുന്നാൽ മാത്രമേ സത്യവിശ്വാസത്തിന് വളരാനാവൂ എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. കിഴക്കും പടിഞ്ഞാറുമുള്ള സഭകളുടെ ഐക്യത്തിന് വിലങ്ങുതടിയായി നിന്നത് അന്ത്യോക്യൻ സഭയിലെ കലഹമായിരുന്നു. അന്ത്യോക്യൻ സഭ നിഖ്യായ്ക്കുശേഷം പലതായി പിളർന്നു. ഒരു ആരിയൻ മെത്രാനും ഒരു അപ്പൊള്ളിനാരിയൻ മെത്രാനും പുറമേ, കത്തോലിക്കരായി രണ്ടു മെത്രാന്മാർ ഉണ്ടായിരുന്നു. ആരിയൻ പ്രശ്നത്തിനുശേഷം കത്തോലിക്കരായ പൗളീനുസും മെലേഷ്യസും ഒരുപോലെ പിന്തുടർച്ച അവകാശപ്പെട്ടു. ബേസിൽ മെലേഷ്യൻ വിഭാഗത്തെയും പാശ്ചാത്യ മെത്രാന്മാർ പൗളീനുസിനെയും പിന്താങ്ങിയതിനാൽ, ഐക്യശ്രമങ്ങൾ വിജയിച്ചില്ല. ബേസിൽ 379 ജനുവരി ഒന്നിനു മരിച്ചു. രണ്ടാം എക്യൂമെനിക്കൽ കൗൺസിൽ 381-ൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടി. സഭയിൽ സമാധാനം പുനഃസ്ഥാപിക്കാൻ തിയഡോഷ്യസ് ചക്രവർത്തി പരിശ്രമിച്ചു. നിഖ്യാസൂനഹദോസിലേക്ക് മിക്കവാറും എല്ലാവരും തിരികെ വന്നു. അതിന് ബേസിൽ വളരെയധികം വഴിയൊരുക്കി.

**കൃതികൾ**

ബേസിൽ കർമനിരതനായിരുന്നെങ്കിലും ചിന്തകൻ കൂടി ആയിരുന്നു. സാർവത്രിക സഭാപിതാക്കന്മാരിൽ ഒന്നാമനായി അദ്ദേഹം നിലകൊള്ളുന്നു. ജീവിതകാലത്തു തന്നെ അദ്ദേഹത്തിന്റെ കൃതികൾ വളരെയധികം ബഹുമാനിക്കപ്പെട്ടിരുന്നു. ക്രിസ്ത്യാനികളും അല്ലാത്തവരും അവ വായിച്ചിരുന്നു. ദൈവശാസ്ത്രപരം, ആധ്യാത്മികം, പ്രബോധനപരം, ആരാധനക്രമപരം എന്നിങ്ങനെ കൃതികളെ തിരിക്കാം. നിരവധി പ്രസംഗങ്ങളും കത്തുകളും അദ്ദേഹത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

**1. ദൈവശാസ്ത്രപരം**

ആരിയനിസത്തിനെതിരെ എഴുതപ്പെട്ടവയാണ് അദ്ദേഹത്തിന്റെ ദൈവശാസ്ത്ര കൃതികൾ.

(1) എവുണോമിയസിനെതിരെ: എവുണോമിയസ് എന്ന ആരിയൻ നേതാവ് *അപ്പോളജി* എന്ന പേരിൽ ഒരു കൃതിയെഴുതി. അതിനെ ഖണ്ഡിച്ചുകൊണ്ട് മൂന്നു പുസ്തകങ്ങളിലായി 363-നും 365-നും ഇടയ്ക്ക് രചിച്ച

താണിത്. ഒന്നാം പുസ്തകത്തിൽ എവുണോമിയസിന്റെ വാദങ്ങളെ ഖണ്ഡിക്കുന്നു. എവുണോമിയസ് ഇപ്രകാരം പഠിപ്പിച്ചു: ''ജനിച്ചവനല്ല എന്നതിൽ ദൈവികസത്ത അടങ്ങിയിരിക്കുന്നു. അക്കാരണത്താൽ വചനം ദൈവപുത്രനല്ല. അവൻ ജനിച്ചവനാണ്. അവൻ സൃഷ്ടികളിൽനിന്ന് വ്യത്യസ്തനല്ല.'' രണ്ടാം പുസ്തകം നിഖ്യാവിശ്വാസം വ്യാഖ്യാനിക്കുകയും വചനം സത്താപരമായി പിതാവിന് തുല്യനാണെന്ന് തെളിയിക്കുകയും ചെയ്യുന്നു. മൂന്നാം പുസ്തകം പരിശുദ്ധാത്മാവിനെ പറ്റിയാണ്. പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടുമൊപ്പം വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവൻ ആണെന്നും തുല്യദൈവത്വവും തുല്യസാരാംശവുമാണെന്നും വ്യക്തമാക്കുന്നു. അച്ചടിച്ച ചില പതിപ്പുകളിൽ ഇവയ്ക്കു പുറമേ വേറേ രണ്ടു പുസ്തകങ്ങൾ കൂടി കാണാം. അവ മറ്റാരുടെയോ കൃതിയുടെ ഭാഗമാണ്.

(2) പരിശുദ്ധാത്മാവിനെപ്പറ്റി: പുത്രനും പരിശുദ്ധാത്മാവിനും പിതാവിനോടുള്ള സത്താപരമായ ഐക്യം ഇതിൽ വ്യക്തമാക്കുന്നു. പൊതു ആരാധനയിൽ *പിതാവിന് പുത്രനോടും പരിശുദ്ധാത്മാവിനോടും കൂടെ സ്തുതി* എന്ന് ബേസിൽ ഉപയോഗിച്ചു. അന്ന് പൊതുവെ നടപ്പിലിരുന്നത്, *പിതാവിന് പുത്രനിലൂടെ പരിശുദ്ധാത്മാവിൽ സ്തുതി* എന്നായിരുന്നു. ബേസിൽ ഒരു നവീകരണം വരുത്തിയെന്ന് ചിലർ ആരോപണം ഉന്നയിച്ചു. ''രണ്ടും ഒന്നുതന്നെ, സഭയിൽ ഇതും നടപ്പിലിരുന്നതാണ്. അതുകൊണ്ട്, ഒച്ചപ്പാടിന്റെ ആവശ്യമില്ല. പുത്രനും പരിശുദ്ധാത്മാവിനും പിതാവിന്റെ സാരാംശമുള്ളതിനാൽ തുല്യസ്തുതികൾക്ക് അർഹരാണ്. വേദപുസ്തകവും പാരമ്പര്യവും ഇതു തന്നെ പഠിപ്പിക്കുന്നു'' എന്ന് ബേസിൽ വ്യക്തമാക്കി. വി. അംബ്രോസ് പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള കൃതിയെഴുതാൻ ഇതുപയോഗിച്ചു. അങ്ങനെ ബേസിലിന്റെ ആശയം പാശ്ചാത്യലോകത്തും എത്തി.

### 2. ആധ്യാത്മികം

*അസെറ്റിക്കാ* എന്ന പേരിൽ 13 പ്രബന്ധങ്ങളുടെ ഒരു സമാഹാരം ബേസിലിന്റേതായി അറിയപ്പെടുന്നു. ചിലതൊക്കെ അദ്ദേഹത്തിന്റേതാണ്. എന്നാൽ എല്ലാമല്ല.

(1) സന്മാർഗശാസ്ത്രം: 80 ധാർമിക നിയമങ്ങളും അവയ്ക്കാധാരമായ പുതിയനിയമ വാക്യങ്ങളും ഉൾപ്പെടെ സന്മാർഗശാസ്ത്ര സംബന്ധമായ ഒരു കൃതിയാണിത്. ഈ കൃതി സന്യാസജീവിതത്തിന് ശക്തിയായി ആഹ്വാനം ചെയ്യുന്നു. ഗ്രിഗറി നസ്യാൻസൻ കൂടെയുള്ളപ്പോൾ പോൻതുസിലെ ഐറീസിൽ വച്ച് ഇതെഴുതി.

(2) രണ്ടു സന്യാസ നിയമങ്ങൾ: ബേസിൽ സന്ദർശിച്ച ആശ്രമങ്ങളിലെ സന്യാസികളുടെ സംശയനിവാരണാർഥം എഴുതപ്പെട്ടവയാണിവ. ഒന്നാമത്തേത് *വലിയ നിയമങ്ങൾ* എന്ന് അറിയപ്പെടുന്നു. 55 തലക്കെട്ടുകളിലായി സന്യാസജീവിതസംബന്ധമായ തത്വങ്ങൾ വിവരിക്കുന്നു. *ചെറിയ നിയമങ്ങൾ* എന്ന് അറിയപ്പെടുന്നത് 313 ശീർഷകങ്ങളിലായി സന്യാസസമൂഹത്തിന്റെ അനുദിന ജീവിതസാഹചര്യങ്ങൾക്കുള്ള നിയമങ്ങൾ വിവരിക്കുന്നു. ഇവ ചോദ്യോത്തര രീതിയിലാണ്. സന്യാസാംഗങ്ങളുമായുള്ള സംഭാഷണാവസരം കുറിച്ചിട്ട നോട്ടുകളുടെ വെളിച്ചത്തിലാണ് ഇവ എഴുതപ്പെട്ടത്. ഒന്നാമത്തേതിൽ സെബസ്തെയിലെ എവുസ്താത്യോസിന്റെ സ്വാധീനമുണ്ട്. ബേസിലിനു മുമ്പ് ഏഷ്യാമൈനറിൽ സന്യാസത്തിന് ആരംഭമിട്ടത് അദ്ദേഹമാണ്. ബേസിലിന്റെ സന്യാസ നിയമങ്ങളാണ് ഇന്നും ഗ്രീക്കുസഭയിൽ പ്രാബല്യത്തിലിരിക്കുന്നത്. ഈ നിയമങ്ങളുടെ പല പതിപ്പുകളുണ്ട്. നാലാം നൂറ്റാണ്ടിൽ റുഫീനസിന്റെ ലത്തീൻ വിവർത്തനത്തിലൂടെ ഇവ പാശ്ചാത്യലോകത്തു വ്യാപിച്ചു. കാസിയൻ, വി. ബനഡിക്ട് എന്നീ പാശ്ചാത്യ സന്യാസനിയമദാതാക്കളെ ഈ നിയമങ്ങൾ സ്വാധീനിച്ചിട്ടുണ്ട്.



### 3. പ്രബോധനപരം

(1) യുവാക്കളോട്: അക്രൈസ്തവ ഗ്രന്ഥകർത്താക്കളുടെ കൃതികളിൽ നിന്നും പഠനങ്ങളിൽ നിന്നും ക്രൈസ്തവർ എങ്ങനെ ജ്ഞാനം സമ്പാദിക്കണമെന്ന് വിശദമാക്കുന്നു. ഗ്രീക്കു കലാലയങ്ങളിൽ പഠിക്കുന്ന തന്റെ അനന്തിരവരോടുള്ള ഉപദേശമായിട്ടാണ് കൃതി. ഗ്രീക്കു സാഹിത്യത്തിന്റെ മൂല്യം നന്നായി വിവരിക്കുന്നു. അത് ബൈബിൾ ലവലിൽ നിന്ന് വളരെ താണ തലത്തിലാണെങ്കിലും, പ്രബോധനത്തിന് സഹായകമാണ്. വിദ്യാർഥികളുടെ ആത്മാക്കൾക്ക് ദോഷം വരുത്തുന്നവ ഒഴിവാക്കിയാൽ, അവയിൽ നിരവധി അമൂല്യനിക്ഷേപങ്ങളുണ്ട്. അവ വായിക്കുന്നവർ വിഷം ദൂരെക്കളഞ്ഞ് തേൻ നുകരണമെന്നും ഉപദേശിക്കുന്നു.

(2) ആത്മീയ മകനുള്ള ഉപദേശം: ലത്തീനിലുള്ള ഈ കൃതി ബേസിലിന്റേതായി ഒൻപതാം നൂറ്റാണ്ടു മുതൽ കരുതപ്പെട്ടിരുന്നു. എന്നാൽ അത് അദ്ദേഹത്തിന്റേതല്ല എന്നാണ് പതിനാറാം നൂറ്റാണ്ടു മുതലുള്ള അഭിപ്രായം.

### 4. പ്രസംഗങ്ങൾ

ബേസിൽ വേദപുസ്തകഭാഷ്യങ്ങൾ എഴുതിയിട്ടില്ല. എന്നാൽ ഉൽപത്തി 1,1-26, സങ്കീർത്തനങ്ങൾ, ഏശായാ എന്നിവയെ ആസ്പദമാക്കി പ്രസംഗങ്ങൾ പറഞ്ഞിട്ടുണ്ട്. അവയിൽ ചിലത് നമുക്ക് കിട്ടിയിട്ടുണ്ട്. വാചകക്കസർത്തുകൊണ്ട് ശ്രോതാക്കളെ രസിപ്പിക്കുന്നതിനേക്കാൾ അവരുടെ മനസ്സാക്ഷിയെ സ്പർശിക്കാനാണ് അദ്ദേഹം ശ്രദ്ധിച്ചത്.

(1) ആറു ദിവസത്തെ സൃഷ്ടിവിവരണം: ഒരു വൈദികൻ ആയിരുന്ന കാലത്ത് 370-നു മുമ്പ് നോമ്പുകാലത്തെ ഒരാഴ്ചയിൽ ചെയ്തതാണ് ഈ

പ്രസംഗങ്ങൾ. ചില ദിവസങ്ങളിൽ കാലത്തും വൈകിട്ടും അദ്ദേഹം പ്രസംഗിച്ചിരുന്നു. കിഴക്കും പടിഞ്ഞാറും ഉള്ളവർ ഇവയെ സംപൂജ്യമായി കരുതിയിരുന്നു. പ്രഭാഷണമാധുര്യം നിറഞ്ഞു തുളുമ്പുന്ന ഈ പ്രസംഗങ്ങളോട് താരതമ്യപ്പെടുത്താൻ പിൽക്കാല ഗ്രീക്കുസാഹിത്യത്തിൽ ഒരു കൃതിയും എടുത്തു കാട്ടാനില്ലെന്നു പറയപ്പെടുന്നു. ഈ വിഷയം സംബന്ധിച്ചുള്ള തന്റെ കൃതിയിൽ വി. അംബ്രോസ് ഇത് ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ ലത്തീൻ വിവർത്തനം 440-നോടടുത്തുണ്ടായി. ഉൽപത്തിപ്പുസ്തകത്തിന് വ്യംഗ്യാർഥഭാഷ്യം നൽകാൻ അദ്ദേഹം താൽപര്യപ്പെട്ടില്ല.. അക്രൈസ്തവരുടെയും മനിക്കേയരുടെയും ലോകവിവരണത്തിൽ നിന്ന് വ്യത്യസ്തമായി യഥാർഥ ലോകവിവരണം നൽകാൻ പരിശ്രമിക്കുന്നു. അതുപോലെ സൃഷ്ടിയുടെ പിന്നിലെ സ്രഷ്ടാവിനെ കാട്ടാനുള്ള ഉദ്യമവും കാണാം. ചില ആശയങ്ങൾ അരിസ്റ്റോട്ടൽ, പ്ലേറ്റോ, പൊസെദോണിയസ്, പ്ലൊതീനുസ് എന്നിവരിൽ നിന്ന് എടുത്തിട്ടുള്ളതാണ്.

(2) സങ്കീർത്തന ഹോമിലികൾ: സങ്കീർത്തനങ്ങളെ ആധാരമാക്കി 18 ഹോമിലികൾ ബേസിലിന്റെ പേരിൽ പ്രചരിച്ചിരുന്നു. അവയിൽ 13 എണ്ണം ആധികാരികം ആണെന്നു പറയാം. അതിശയോക്തിപരമായ വ്യാഖ്യാനമല്ല, ധാർമിക പ്രബോധനമായിരിക്കണം പ്രസംഗകന്റെ ലക്ഷ്യമെന്ന് അദ്ദേഹം തെളിയിക്കുന്നു. കേസറിയായിലെ എവുസേബിയസിന്റെ സങ്കീർത്തന ഭാഷ്യം അദ്ദേഹം  ഉപയോഗിച്ചിരുന്നു.

(3) ഏശായാ ഹോമിലികൾ: ഏശായാ 1-16 വരെയുള്ള അധ്യായങ്ങളെ ആധാരമാക്കിയുള്ള ഹോമിലികളിലും കേസറിയായിലെ എവുസേബിയസിന്റെ സ്വാധീനമുണ്ട്. - ഇവയ്ക്കു പുറമേ, കർത്താവിനെയും വിശുദ്ധരെയും സ്തുതിച്ചു കൊണ്ടുള്ള മറ്റ് 23  ഹോമിലികളും ബേസിലിന്റെ പേരിൽ അറിയപ്പെടുന്നു. ഇവ പ്രായോഗിക ചായ്‌വുള്ളവയാണ്.

### 5. കത്തുകൾ

ഹോമിലികളിൽ എന്നതിനേക്കാൾ ബേസിലിന്റെ പാണ്ഡിത്യവും ഭാഷാനിപുണതയും പ്രസ്പഷ്ടമാകുന്നത് കത്തുകളിലാണ്. പിൽക്കാലത്ത് അവ കത്തുകളുടെ മാതൃകകൾ ആയിത്തീർന്നു. ഒരിക്കൽ ഗ്രിഗറി നസ്യാൻസന്റെ സഹോദരിയുടെ പൗത്രനായ നിക്കോബുളുസ് കത്തുകൾ എഴുതുന്നതിന്റെ മാതൃക ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹത്തെ സമീപിച്ചു. ഗ്രിഗറി അയാളെ ബേസിലിന്റെ പക്കലേക്ക് അയച്ചു. ബേസിൽ തന്റെ കത്തുകളുടെ ഒരു സമാഹാരമുണ്ടാക്കി അയാൾക്ക് കൊടുത്തു. ബനഡിക്ടൈൻ സന്യാസികൾ 365 കത്തുകൾ പ്രസിദ്ധപ്പെടുത്തി. അവയിൽ പലതും മറ്റുള്ളവർ ബേസിലിന് അയച്ചവയാണ്. മെത്രാനാകുന്നതിനു മുമ്പ് എഴുതിയവ (357-370), മെത്രാൻ എന്ന നിലയിൽ എഴുതിയവ (370-378), കാലനിർണയം അസാധ്യമായവ എന്നിങ്ങനെ കത്തുകളെ മൂന്നായി തിരിക്കാം. രണ്ടാം ഗണത്തിൽ പെടുന്നവ മൂന്നിൽ രണ്ടു വരും. നാലാം നൂറ്റാണ്ടിലെ പൗരസ്ത്യ സഭകളെപ്പറ്റി, പ്രത്യേകിച്ച് കപ്പഡോഷ്യൻ സഭയെപ്പറ്റി അറിയാൻ ഈ കത്തുകൾ സഹായിക്കും. ശുപാർശക്കത്തുകൾ, ആശ്വാസം പകർന്നു കൊണ്ടുള്ളവ, കാനോനിക്കൽ കത്തുകൾ, ധാർമികവും സന്യാസപരവുമായ കാര്യങ്ങൾ ഉൾക്കൊള്ളുന്നവ, ദൈവശാസ്ത്ര സംബന്ധമായവ എന്നിങ്ങനെ കത്തുകളെ തിരിക്കാവുന്നതാണ്.



### 6. ആരാധനക്രമം

ഒരു വൈദികൻ ആയിരുന്നപ്പോൾ തന്നെ കേസറിയായിലെ ആരാധനക്രമം പരിഷ്ക്കരിക്കാൻ ബേസിൽ ഉദ്യമിച്ചു എന്ന് ഗ്രിഗറി നസ്യാൻസൻ പറയുന്നു (പ്രഭാഷണം, 43,34). ആരാധനക്രമത്തിൽ അദ്ദേഹം നവീകരണം വരുത്തിയെന്ന് ചിലർ അദ്ദേഹത്തെ കുറ്റപ്പെടുത്തി. ഗ്രീക്കുസഭയിൽ ബേസിലിന്റെ ആരാധനക്രമം എന്ന പേരിൽ ഒരു കുർബാനക്രമം നിലവിലുണ്ട്. തെക്കേ ഇറ്റലിയിൽ ചിലയിടങ്ങളിലും ഇത് പ്രചരിച്ചിരുന്നു. സിറിലും മെതോഡിയസും കൂടി ഇത് സ്ലാവിക് ഭാഷയിലേക്ക് ഒൻപതാം നൂറ്റാണ്ടിൽ ഭാഷാന്തരം ചെയ്തു. വ്ളാഡിമിർ അത് റഷ്യയിൽ നടപ്പാക്കി. വി. ബേസിലിന്റെ കോപ്റ്റിക് ലിറ്റർജി ഗ്രീക്കിന്റെ ചുരുങ്ങിയ പതിപ്പാണ്.

## ദൈവശാസ്ത്രം

വിവിധ ആരിയൻ വിഭാഗക്കാർക്കെതിരെ ബേസിൽ നിഖ്യാവിശ്വാസം ഉറക്കെ പ്രഖ്യാപിക്കുകയും പഠിപ്പിക്കുകയും ചെയ്തു. അത്തനാസ്യോസുമായി അദ്ദേഹത്തെ അടുപ്പിച്ചത് ഇതായിരുന്നു. അദ്ദേഹത്തെ സത്യവിശ്വാസത്തിന്റെ നെടുംതൂണായി ബേസിൽ കണ്ടു. ''നിഖ്യാവിശ്വാസപ്രമാണത്തോട് നമുക്കൊന്നും കൂട്ടിച്ചേർക്കാൻ സാധിക്കയില്ല. ചെറിയ കാര്യം പോലും ചേർക്കരുത്. പരിശുദ്ധാത്മാവിന്റെ സ്തുതിപ്പു മാത്രമാണ് നാം ചേർത്തത്. അത് നമ്മുടെ പിതാക്കന്മാർ സൂചിപ്പിച്ചതുകൊണ്ടു മാത്രം'' എന്ന് അദ്ദേഹം പഠിപ്പിച്ചു (ലേഖനം, 258). വ്യക്തമായ ത്രിത്വദൈവശാസ്ത്രത്തിന് രൂപം നൽകാൻ ബേസിലിന് കഴിഞ്ഞു.

### 1. ത്രിത്വം

സെമി-ആരിയൻ വിഭാഗക്കാരെ സഭയിലേക്ക് തിരികെ കൊണ്ടുവരിക, *ഉസിയ, ഹ്യുപ്പോസ്തസിസ്* എന്നീ പദങ്ങൾക്ക് അർഥക്ലിപ്തത നൽകുക എന്നിവയിൽ ബേസിൽ ശ്രദ്ധചെലുത്തി. നിഖ്യായിലെ പിതാക്കന്മാരും അത്തനാസ്യോസും ഉസിയായും ഹ്യുപ്പോസ്തസിസും പര്യായ പദങ്ങളായിട്ടാണ് ഉപയോഗിച്ചത്. ഈ അർഥക്ലിപ്തത ഇല്ലായ്മ, അവസാനിക്കാത്ത തർക്കങ്ങൾക്കു വാതിൽ തുറന്നു കൊടുത്തു. ഉസിയായും ഹ്യുപ്പോസ്തസിസും

തമ്മിൽ വ്യത്യാസം ഉണ്ടെന്ന് ആദ്യമായി പറഞ്ഞത് ബേസിലാണ്. ദൈവത്തിൽ ഒരു ഉസിയായും മൂന്ന് ഹ്യപ്പോസ്തസിസും ഉണ്ട് (*മിയാ ഉസിയാ, ത്രേയിസ് ഹ്യുപ്പോസ്തസെയിസ്)* ഉസിയാ അസ്തിത്വത്തെ അഥവാ സത്തയെ കുറിക്കുന്നു. അഥവാ ദൈവത്തിന്റെ സത്താപരമായ യാഥാർത്ഥ്യത്തെ കുറിക്കുന്നു. അതൊന്നേയുള്ളു. എന്നാൽ ഹ്യപ്പോസ്തസിസ് പ്രത്യേക രീതിയിലുള്ള അസ്തിത്വത്തെ കുറിക്കുന്നു. ഓരോ ആളും ആയിരിക്കുന്ന അവസ്ഥ. അത് ഒന്നല്ല, മൂന്നാണ്. അതുകൊണ്ട് ഉസിയായും ഹ്യപ്പോസ്തസിസും ഒന്നല്ല, പര്യായപദങ്ങളുമല്ല. ഉസിയാ ലത്തീനിലെ *സുബ്സ്താൻസ്യായും* ഹ്യുപ്പോസ്തസിസ് *പെർസോണായുമാണ്.* പ്രോസൊപ്പോൺ എന്ന പദത്തേക്കാൾ മെച്ചപ്പെട്ട പദമായിട്ടാണ് ബേസിൽ ഹ്യുപ്പോസ്തസിസിനെ കാണുന്നത്. ഗ്രിഗറി നസ്യാൻസനും ഗ്രിഗറി നീസായും കോൺസ്റ്റാന്റിനോപ്പിൾ സിനഡും(381) ബേസിലിന്റെ പാതയിലൂടെയാണ് ഈ കാര്യത്തിൽ നീങ്ങിയതും ത്രിത്വസംബന്ധമായ ദൈവശാസ്ത്രം വളർത്തിയെടുത്തതും. ഉസിയായും ഹ്യുപ്പോസ്തസിസും തമ്മിലുള്ള വ്യത്യാസം വ്യക്തമായപ്പോൾ *ഹോമോഉസിയോസ്* (സമസത്ത) എന്ന പദം കൂടുതലായി അംഗീകരിക്കപ്പെടാൻ തുടങ്ങി. സത്തയിലും സാരാംശത്തിലും പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടും തുല്യനാണെന്ന് ബേസിൽ പഠിപ്പിച്ചു. പരിശുദ്ധാത്മാവ് പിതാവിൽ നിന്ന് പുറപ്പെടുകയും പുത്രനിൽ നിന്ന് എടുക്കപ്പെടുകയും ചെയ്യുന്നു. പിതാവിൽ നിന്ന് പുറപ്പെടുന്നെങ്കിലും, പുത്രൻ ജനിച്ചതു പോലെയല്ല പരിശുദ്ധാത്മാവിന്റെ പുറപ്പാട്. ക്രിസ്തുവിന്റെ ആത്മാവെന്നും പരിശുദ്ധാത്മാവ് വിളിക്കപ്പെടുന്നു. എന്നാൽ അക്കാരണത്താൽ പുത്രനിൽ നിന്നു മാത്രമാണ് പരിശുദ്ധാത്മാവ് എന്നു കരുതുന്നത് ശരിയല്ല. തിരുലിഖിതം പിതാവിന്റെ ആത്മാവെന്നും പുത്രന്റെ ആത്മാവെന്നും പരിശുദ്ധാത്മാവിനെ വിളിക്കുന്നു.

**(2) കുർബാന**

ചെസാറിയാ എന്ന പട്രീഷ്യൻ സ്ത്രീക്ക് 372-ൽ എഴുതിയ കത്ത് (93) വിശുദ്ധ കുർബാന സ്വീകരണത്തെപ്പറ്റി വിവരിക്കുന്നു. വ്യക്തികൾക്ക് സ്വഭവനങ്ങളിൽ അവരുടെ ഉപയോഗത്തിന് കുർബാന സൂക്ഷിക്കാമെന്നു പറയുന്നു. അതുപോലെ അനുദിന കുർബാനസ്വീകരണം, അപ്പവീഞ്ഞുകൾ ക്രിസ്തുവിന്റെ ശരീര രക്തങ്ങളാണെന്നുള്ള വിശ്വാസം എന്നിവയെല്ലാം ഈ കത്തിൽ നിന്ന് ഗ്രഹിക്കാം: "എല്ലാദിവസവും കുർബാന സ്വീകരിക്കുകയും ക്രിസ്തുവിന്റെ വിശുദ്ധ ശരീരരക്തങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്യുന്നത് നല്ലതും പ്രയോജനപ്രദവുമായ കാര്യമത്രേ. കാരണം, എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട് എന്ന് അവിടുന്ന് വ്യക്തമായി പറയുന്നു. കൂടെക്കൂടെ ജീവനിൽ ഭാഗഭാഗിത്വം നടത്തുക പല ജീവനുണ്ടാകുന്നതിന് തുല്യമാണെന്ന് ആരാണ് കരുതുക? ഞാൻ തന്നെയും ആഴ്ചയിൽ നാലു പ്രാവശ്യം കുർബാന സ്വീകരിക്കുന്നു. കർതൃദിനത്തിൽ, ബുധനാഴ്ച, വെള്ളിയാഴ്ച, ശനിയാഴ്ച, വിശുദ്ധരുടെ സ്മരണയുള്ള മറ്റു ദിവസങ്ങളിൽ. മതപീഡനാവസരം വൈദികന്റെയോ മറ്റു ശുശ്രൂഷകരുടെയോ സാന്നിധ്യം കൂടാതെ കുർബാന എടുത്തു ഭക്ഷിക്കേണ്ടിവരിക ഒരിക്കലും തെറ്റായി കരുതാൻ പാടില്ല. ഈ രീതി പണ്ടേ നടപ്പുള്ളതാണ്. മരുഭൂമിയിലെ ഏകാന്തജീവിതക്കാർ വൈദികരില്ലാത്തപ്പോൾ കുർബാന സ്വയം എടുത്തു ഭക്ഷിക്കുകയും തങ്ങളുടെവാസസ്ഥലത്ത് സൂക്ഷിക്കുകയും ചെയ്യുന്നു. അലക്സാണ്ഡ്രിയായിലും ഈജിപ്തിൽ മറ്റിടങ്ങളിലും അൽമായർ മിക്കവാറും വീട്ടിൽ കുർബാന സൂക്ഷിക്കുകയും ഇഷ്ടമുള്ളപ്പോൾ അതിൽ നിന്ന് ഭക്ഷിക്കുകയും ചെയ്യുന്നു. കാരണം, പുരോഹിതന്റെ അർപ്പണം പൂർത്തിയാക്കി കൊടുത്തു കഴിയുമ്പോൾ സ്വീകരിക്കുന്നയാൾ ഓരോ അവസരവും പൂർണമായി സ്വീകരിക്കുന്നു. അവൻ അത് ശ്രദ്ധാപൂർവം എടുക്കുകയും ദാതാവിൽ നിന്ന് സ്വീകരിക്കുകയും ചെയ്യുന്നെന്നു കരുതുകയും വേണം. വൈദികൻ പള്ളിയിൽ വച്ച് ഒരു ഭാഗം കൊടുക്കുമ്പോൾ സ്വീകരിക്കുന്നവൻ പൂർണമായി സ്വീകരിക്കുന്നു. പൂർണമായി അവൻ അതിന് അവകാശിയാകുന്നു. അവൻ അത് സ്വന്തകൈകൊണ്ട് തന്റെ അധരങ്ങളിലേക്ക് ഉയർത്തുന്നു. ഒരു ഭാഗമോ, പല ഭാഗങ്ങളോ സ്വീകരിച്ചാലും ഫലമൊന്നുതന്നെ."

**(3) പാപമോചനം**

പുരാതനകാലത്ത് സഭ പാപികൾക്ക് കഠിനപ്രായശ്ചിത്തം നിശ്ചയിച്ചിരുന്നു. ദീർഘകാലം പ്രായശ്ചിത്തം ചെയ്യണമായിരുന്നു. അക്കാലത്ത് അനുതാപികളെ ആരാധനാസമൂഹത്തിൽ നിന്ന് വേർതിരിച്ചിരുന്നു. നാലുതരം അനുതാപികളെപ്പറ്റി പറയുന്നു: പള്ളിക്ക് പുറത്തുനിന്ന് കരയുന്നവർ, സുവിശേഷവായനയും പ്രസംഗവും കേൾക്കാൻ മാത്രം അനുവാദമുണ്ടായിരുന്ന ശ്രോതാക്കൾ, പ്രാർഥനാസമയങ്ങളിൽ മുട്ടുകുത്തി നിന്നും സാഷ്ടാംഗപ്രണാമം ചെയ്തും പ്രാർഥിക്കുന്നവർ, കുർബാനയിൽ പങ്കെടുത്തിരുന്നെങ്കിലും കുർബാന സ്വീകരിക്കാൻ അനുവാദമില്ലാതിരുന്നവർ (ലേഖനം, 217).

### ബേസിലും സന്യാസവും

ഗ്രീക്കു സന്യാസത്തിന്റെ പിതാവാണ് ബേസിൽ. ഈ ലോകജീവിതം നയിക്കുന്നവർ ബഹുവിധ പര്യാകുലതകളാൽ അലട്ടപ്പെടുന്നു. സന്യാസികൾക്കാകട്ടെ ദൈവവുമായി നിരന്തരബന്ധം പുലർത്തിക്കൊണ്ട് സഹവസിക്കാൻ സാധിക്കുന്നു. തിന്മയുടെ വേരറുക്കുന്നതിനും വിശുദ്ധിയിൽ വളരുന്നതിനും സന്യാസജീവിതത്തിലെ ഏകാന്തത സഹായിക്കുന്നു. ദൈവി

കൈകൃത്തിൽ അടിയുറച്ച വ്യക്തികളുടെ സമൂഹമാണ് ആശ്രമം. ഏകാന്തവാസവും സാമുഹ്യജീവിതവും കോർത്തിണക്കി കൊണ്ടുപോകാൻ ബേസിലിന് സാധിച്ചു. അദ്ദേഹം നിരവധി ആശ്രമങ്ങളും ഏകാന്തവാസക്കാർക്കു വേണ്ടി ആലയങ്ങളും പണികഴിപ്പിച്ചു. പ്രാർഥന, പഠനം, ജോലി എന്നിവ ഒന്നിച്ചുചേർത്തുള്ള പ്രസ്ഥാനമായിരുന്നു അദ്ദേഹത്തിന്റേത്. സ്വന്തം പരിപൂർണതയ്ക്ക് ശ്രദ്ധിക്കുന്നതോടൊപ്പം മറ്റുള്ളവരുടെ വളർച്ചയെ ത്വരിതപ്പെടുത്താനുള്ള കടമയും സന്യസ്ഥർക്കുണ്ടെന്ന് അദ്ദേഹം പഠിപ്പിച്ചു.

### ബേസിലും സാമുഹ്യപ്രവർത്തനങ്ങളും

ലോകത്തിൽ നിന്ന് ഓടി ആശ്രമത്തിൽ അഭയം പ്രാപിച്ച് ദൈവവുമായി നിരന്തര സംസർഗത്തിൽ എത്തുന്നത്, ശക്തിപ്രാപിച്ച് ലോകത്തിലേക്ക് ഇറങ്ങാനാണ്. തികഞ്ഞ സാമുഹ്യപ്രവർത്തകനായ ബേസിലിന് ഗുഹയിലോ, മതിൽക്കെട്ടിനകത്തോ ഒളിച്ചിരിക്കാൻ കഴിഞ്ഞില്ല. അഗതികളെയും ആവശ്യക്കാരെയും സേവിക്കാൻ കഴിഞ്ഞെങ്കിലേ സന്യാസം പൂർണമാകൂ. വിശപ്പും ദാഹവും സഹിക്കുകയും കഷ്ടപ്പെടുകയും വേദനിക്കുകയും രോഗഗ്രസ്തരായിരിക്കുകയും ചെയ്യുന്നവരുടെ നേരേ തിരിയാൻ സന്യാസികൾക്കു സാധിക്കണമെന്ന് അദ്ദേഹം പഠിപ്പിച്ചു. ധനവാന്മാരെയും പൂഴ്ത്തി വയ്പുകാരെയും അദ്ദേഹം നിശ്ശിതമായി വിമർശിക്കുകയും നിർദാക്ഷിണ്യം കുറ്റപ്പെടുത്തുകയും ചെയ്തു: "വിശപ്പാണ് ഏറ്റവും ദയനീയമായ കെടുതി. മരണത്തിൽ ഏറ്റവും ദാരുണമായ മരണം. വാളിന്റെ വായ്ത്തല ഒരു നിമിഷംകൊണ്ട് കഥ കഴിക്കുന്നു. ജ്വലിക്കുന്ന അഗ്നിയും കാട്ടുമൃഗങ്ങളുടെ പല്ലും അപ്രകാരം തന്നെ. വിശപ്പാകട്ടെ, ദീർഘവും സാവധാനവുമായ നരകയാതനയാണ്. അവസാനിക്കാത്ത രക്തസാക്ഷിത്വമാണ്. മരണം സമീപത്തുള്ളതും പടർന്നു കയറുന്നതുമായ രോഗമാണത്. പക്ഷേ മരണം അകന്നു പോകുന്നില്ല. ശരീരത്തിന്റെ സ്വാഭാവിക ജലാംശം അത് ഇല്ലാതാക്കുന്നു. ശരീരത്തിന്റെ താപനില കുറയ്ക്കുന്നു. മാംസം കുറഞ്ഞ് കുറഞ്ഞ് ശക്തി ഇല്ലാതാകുന്നു. നിറം മങ്ങിയ മാംസം ചിലന്തിവല പോലെ അസ്ഥിയോട് പറ്റിപ്പിടിക്കുന്നു. രക്തം കുറഞ്ഞു പോകുന്നതിനാൽ ത്വക്കിന്റെ പ്രകാശം കുറയുന്നു. അത് കറുത്ത് ഉണങ്ങിപ്പോകുന്നു. ദാരിദ്ര്യത്താൽ വിളറിയ ശരീരം പാണ്ടുപിടിച്ച്, ഇരുണ്ട് വല്ലാതാകുന്നു. ശരീരത്തെ താങ്ങാൻ കാൽമുട്ടുകൾക്ക് കെൽപ്പില്ല. ശക്തി പ്രയോഗിച്ചാലേ അവ അനക്കാൻ കഴിയൂ. ശബ്ദം പുറത്തു വരുന്നില്ല. തോടുകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന ഉണങ്ങിയ അണ്ടികൾ പോലെ ഗുഹസമാനമായ കുഴിയിൽ ബലഹീനവും ഉപയോഗശൂന്യവുമായ കണ്ണുകൾ നിലകൊള്ളുന്നു. ശൂന്യമായ ഉദരം ചുരുങ്ങി ശുഷ്കിച്ച് ഒരാകൃതിയുമില്ലാതെ നട്ടെല്ലിനോട് ഒട്ടിക്കിടക്കുന്നു. വിശക്കുന്ന മനുഷ്യനോട് സ്നേഹത്തിന്റെ ഒരു ലാഞ്ചന പോലും കൂടാതെ കടന്നുപോകുന്നവൻ അർഹിക്കുന്ന ശിക്ഷ എന്താണെന്നാണ് നിങ്ങൾ കരുതുന്നത്?" (*In Famem*,69).



"നിങ്ങൾ ഒരു പിശുക്കനല്ല. നിങ്ങൾ ആരുടെയും പിടിച്ചുപറിക്കില്ല. എന്നാൽ മറ്റുള്ളവർക്കുവേണ്ടി നിങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്നവ നിങ്ങളുടെ സ്വന്തമായി നിങ്ങൾ കരുതുന്നു. മറ്റൊരാളുടെ കുപ്പായം മോഷ്ടിക്കുന്നവനെ കള്ളനെന്നല്ലേ വിളിക്കുക? എന്നാൽ നഗ്നനായ സഹോദരനെ ഉടുപ്പിക്കുന്നതിനു കഴിയുമായിരുന്നിട്ടും അപ്രകാരം ചെയ്യാത്തവനെ എന്തു പേരാണ് വിളിക്കുക? നിങ്ങൾ പൂഴ്ത്തി വച്ചിരിക്കുന്ന അപ്പം പട്ടിണിപ്പാവങ്ങളുടെതാണ്. നിങ്ങൾ ധരിച്ചിരിക്കുന്ന വസ്ത്രം നഗ്നരുടേതാണ്. നിങ്ങൾ കുഴിച്ചിട്ടിരിക്കുന്ന പണം പാവങ്ങളുടെതാണ്. നിങ്ങളുടെ മുറികളിൽ ഇരുന്ന് ദ്രവിച്ചു പോകുന്ന ചെരിപ്പുകൾ നഗ്നപാദരുടേതാണ്. ആകയാൽ കൊടുക്കാൻ കഴിവുണ്ടായിരുന്നിട്ടും കൊടുക്കാത്ത നിങ്ങൾ എല്ലാവരോടും അപരാധം ചെയ്യുന്നു" (*De Avaritia*: *PG*.31. 275).

"ഞാൻ നിങ്ങളോടു ചോദിക്കട്ടെ. എപ്പോഴത്തെ പ്രതിഫലമാണ് നിങ്ങൾക്ക് ആവശ്യം? നിങ്ങൾ ജീവിച്ച കാലത്തേതോ, മരണശേഷമുള്ളതോ? നിങ്ങൾ ജീവിച്ചപ്പോൾ സുഖഭോഗങ്ങളിൽ മുഴുകിയിരുന്നു. ആനന്ദത്തിൽ മതിമറന്നിരുന്നു. നിങ്ങൾ പാവപ്പെട്ടവനെ നോക്കാൻ പോലും കൂട്ടാക്കിയില്ല. മരിച്ചു കഴിഞ്ഞവന് എന്തു ചെയ്യാൻ കഴിയും? നിങ്ങളുടെ ഏതു പ്രവൃത്തിയാണ് പ്രതിസമ്മാനം അർഹിക്കുന്നത്? നിങ്ങളുടെ സത്പ്രവൃത്തികൾ കാണിക്കൂ. എന്നിട്ട് പ്രതിസമ്മാനം ആവശ്യപ്പെടൂ. മരണശേഷം ഭക്തജീവിതത്തിന് സമയമില്ലെന്ന് ഗ്രഹിക്കൂ. കുറച്ചു കൊടുക്കുന്നവനും വലിയ പ്രതിഫലം ലഭിക്കുന്നു. ഭക്ഷണം നൽകുന്നതു മൂലം ആദ്യപാപത്തിന് നിങ്ങൾ അയവു വരുത്തുന്നു. കാരണം, തന്റെ സന്താനപരമ്പരകൾക്ക് പാപം അവകാശമായി നൽകിയത് നിയമം ലംഘിച്ചു ഭക്ഷിച്ചതു കൊണ്ടാണ്. സഹോദരന്റെ വിശപ്പും ആവശ്യവും പരിഗണിച്ച് സഹായിക്കുമ്പോൾ, ആദത്തെ കെണിയിൽ പെടുത്തിയ ഭക്ഷണത്തെ നാം ശിക്ഷിക്കുകയാണ്."

ധനവാന്മാർ ഇത്രമാത്രം പിശുക്കന്മാരും ഹൃദയമില്ലാത്തവരുമാണെന്ന് ബേസിൽ ധരിച്ചിരുന്നില്ല. അവരുടെ കരുണാരഹിതമായ പ്രവൃത്തി കണ്ട് ബേസിലിന്റെ ഹൃദയം പൊട്ടിത്തകർന്നുപോയി. തന്റെ പിതാവിൽനിന്ന് കുടുംബസ്വത്തായി കിട്ടിയവ വിറ്റ് പാവപ്പെട്ടവർക്ക് ദാനം ചെയ്തു. കേസറിയായിൽ ഉടനീളം ചുറ്റിനടന്ന് തനിക്ക് പരിചയമുള്ള ധനവാന്മാരെ കണ്ട്, ദരിദ്രർക്ക് ഭക്ഷണവും വസ്ത്രവും ധനവും നല്കാൻ നിർബന്ധിച്ചു: "നിങ്ങളുടെ സമ്പാദ്യത്തിൽ നിന്ന് നിങ്ങൾക്ക് ആവശ്യമുള്ളവ എടുത്തിട്ട് മറ്റുള്ളവർക്ക് ഇല്ലാത്തവ അവർക്ക് കൊടുത്താൽ ഇവിടെ ധനികരും ദരിദ്രരും ഉണ്ടായിരിക്കയില്ല." എന്നാൽ ആരുമത് ശ്രദ്ധിച്ചില്ല. തന്റെ പ്രസംഗങ്ങളിൽ

ഉടനീളം ധനതൃഷ്ണയ്ക്കെതിരെ അദ്ദേഹം ജനങ്ങളെ നിരന്തരം പ്രബോധിപ്പിച്ചു.

ദരിദ്രരോട് അദ്ദേഹം പറഞ്ഞു: "നിങ്ങൾക്ക് ഒന്നുമില്ലാത്തതിനാൽ നിങ്ങൾക്കുള്ളത് ദൈവത്തിന് വായ്പ കൊടുക്കുവിൻ." ധനവാന്മാരുടെ ഇടയിൽ എന്നതിനേക്കാൾ സ്നേഹവും സാഹോദര്യവും പാവപ്പെട്ടവരുടെ ഇടയിൽ ഉണ്ടെന്ന് അദ്ദേഹം സ്പഷ്ടമായി പഠിപ്പിച്ചു: "നിനക്കൊരപ്പം മാത്രം ഉണ്ടായിരിക്കുകയും നിന്റെ പടിക്കൽ ഒരു ഭിക്ഷു വന്നു നിൽക്കുകയും ചെയ്താൽ നീ ആ അപ്പം എടുത്ത് കൈകൾ ആകാശത്തേക്ക് ഉയർത്തി ഈ പ്രാർഥന ചൊല്ലുക: കർത്താവേ, നീ കാണുന്ന ഈ ഒരപ്പം മാത്രമേ ഇവിടെയുള്ളു. വിശപ്പ് എന്നെ കാത്ത് പതിയിരിക്കുന്നു. എന്നാൽ മറ്റെന്തിനേക്കാളും നിന്റെ കൽപന ഞാൻ ശിരസ്സാ വഹിക്കുന്നു. അതിനാൽ വിശപ്പുകൊണ്ട് വലയുന്ന എന്റെ സഹോദരന് എന്റെ ഈ നിസാരത ഞാൻ നൽകുന്നു. ആവശ്യത്തിൽ ഉൾപ്പെട്ടിരിക്കുന്ന നിന്റെ ദാസനെ നീ തുണയ്ക്കില്ലേ? നിന്റെ ദയയിൽ ഞാൻ ശരണപ്പെടുന്നു. നിന്റെ ശക്തിയിൽ എനിക്ക് വിശ്വാസമുണ്ട്. നിന്റെ മുഖം എന്നിൽനിന്ന് തിരിക്കരുതേ.- നീ ഇപ്രകാരം ചെയ്താൽ നിന്റെ ദാരിദ്ര്യത്തിൽ നീ ദാനം ചെയ്ത അപ്പം സമൃദ്ധമായ വിളവെടുപ്പായി മാറും"(*In Famem*,68).

ബേസിൽ സ്വന്തം കൈകൾ കൊണ്ട് പാവങ്ങളെ തീറ്റിപ്പോറ്റി. അവരുടെ പാദം കഴുകി. പൊടിപിടിച്ച വസ്ത്രം ധരിച്ച് ഗ്രാമപ്രദേശങ്ങളിൽ ചുറ്റി നടന്ന് വിശക്കുന്നവരെ സന്ദർശിച്ചു. അദ്ദേഹം മറ്റുള്ളവരിൽ നിന്ന് തികച്ചും വ്യത്യസ്തനായിരുന്നു. അത് അദ്ദേഹത്തെ വലിയവനാക്കി. സ്വർഗീയപിതാവ് തന്റെ ഏകജാതനിലൂടെ കാണിച്ച കരുണയുടെ ഒരംശം തന്റെ ജീവിതത്തിലൂടെ കാട്ടിക്കൊടുത്തു. അത് അദ്ദേഹത്തെ ധന്യനാക്കി. മഹാൻ എന്ന് അദ്ദേഹം വിളിക്കപ്പെടുന്നു. – ഇന്നത്തെ ലോകം എത്ര വ്യത്യസ്തം.*

*(R.Payne, *The Holy Fire,London*, 1958,p.137ff.).

അധ്യായം 13

# വി.ഗ്രിഗറി നസ്യാൻസൻ

ബേസിലിനെപ്പോലെ ഗ്രിഗറി നസ്യാൻസനും കപ്പഡോഷ്യയിലെ ഒരുന്നത കുടുംബത്തിൽ പെട്ട ആളായിരുന്നു. ബേസിലിന്റെ സമപ്രായക്കാരനുമായിരുന്നു. ബേസിലിനെപ്പോലെ ഉന്നതവിദ്യാഭ്യാസം നടത്തി. എന്നാൽ ബേസിലിന്റെ കർമശക്തിയോ, നേതൃത്വകഴിവുകളോ ഗ്രിഗറിക്ക് ഇല്ലായിരുന്നു. ധ്യാനനിരതമായി അടങ്ങിയൊതുങ്ങിയുള്ള ജീവിതമാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. സഭാതലത്തിൽ ഉയർന്ന പദവികളോ, കർമനിരതമായ ജീവിതത്തിന്റെ വർണപ്പകിട്ടോ ഒന്നും അദ്ദേഹത്തിന് ഇഷ്ടമില്ലായിരുന്നു. എങ്കിലും തന്റെ സ്വഭാവത്തിന് യോജിച്ച രീതിയിൽ അടങ്ങിയൊതുങ്ങിക്കഴിയാൻ ബാഹ്യപ്രേരണകൾ അദ്ദേഹത്തെ അനുവദിച്ചില്ല. അദ്ദേഹം ഏകാന്തത ആഗ്രഹിച്ചു. എന്നാൽ സ്നേഹിതരുടെ പ്രേരണയും ഏതു സാഹചര്യത്തിനും അനുസൃതമായി ജീവിക്കാനുള്ള കഴിവും കർത്തവ്യനിർവഹണ ചിന്തയും അന്നത്തെ സാഹചര്യങ്ങളിൽ ഉടലെടുത്ത തർക്കങ്ങളിലും വാദപ്രതിവാദങ്ങളിലും പങ്കെടുക്കാൻ അദ്ദേഹത്തെ നിർബന്ധിച്ചു. ഒരു വലിയ പ്രസംഗകനായിരുന്ന അദ്ദേഹം ബിസന്റൈയിൻ കാലത്തെ ക്രിസ്തീയ ദെമോസ്തനെസ് എന്ന് അറിയപ്പെട്ടു. പ്രഭാഷണകലയിൽ ബേസിലിനേക്കാൾ ഉയർന്ന തലത്തിലത്രേ അദ്ദേഹം വ്യാപരിച്ചത്. ഹെല്ലനിക പ്രഭാഷണകല പ്രസംഗങ്ങളിൽ പടർന്നു പന്തലിച്ചു നിൽക്കുന്നതു കാണാം.

കപ്പഡോഷ്യയിലെ അരിയാൻസും എന്ന സ്ഥലത്ത് 330-ൽ ഗ്രിഗറി ജനിച്ചു. അദ്ദേഹത്തിന്റെ പിതാവായ ഗ്രിഗറി, നസ്യാൻസുസ് രൂപതയുടെ മെത്രാനായിരുന്നു. ക്രിസ്തീയ മാതാപിതാക്കളുടെ മകളായിരുന്നു അദ്ദേഹത്തിന്റെ അമ്മയായ നൊണ്ണ. അദ്ദേഹത്തിന്റെ ജനനത്തിനു മുമ്പുതന്നെ അമ്മ അദ്ദേഹത്തെ ദൈവത്തിനു സമർപ്പിച്ചിരുന്നെന്ന് അദ്ദേഹം ഒരു പ്രസംഗത്തിൽ പറയുന്നു (2,77). കപ്പഡോഷ്യയിലെ കേസറിയായിൽ പ്രഭാഷണകല അഭ്യസിച്ചു കൊണ്ടിരുന്നപ്പോഴാണ് ബേസിലുമായി പരിചയപ്പെട്ടത്.

തുടർന്ന് ബേസിൽ കോൺസ്റ്റാന്റിനോപ്പിളിലും ഗ്രിഗറി അലക്സാണ്ഡ്രിയായിലും പലസ്തീനയിലെ കേസറിയായിലും പഠിക്കാൻ പോയി. പിന്നീട് ആഥൻസിൽ പഠിക്കാൻ എത്തിയപ്പോൾ ബേസിലുമായി ഉറ്റ സ്നേഹബന്ധം പുലർത്തി. ബേസിൽ 379-ൽ മരിച്ചപ്പോൾ ഗ്രിഗറി ചെയ്ത ചരമപ്രസംഗത്തിൽ അന്നത്തെ ആഥൻസിലെ വിദ്യാഭ്യാസരീതിയുടെ ഒരു വിവരണം നൽകുന്നു. 375-ൽ ഇരുവരും നാട്ടിൽ തിരികെയെത്തി.

ആഥൻസ് വിട്ട ബേസിൽ പോന്തുസിൽ സന്യാസജീവിതം തുടങ്ങി. ഗ്രിഗറി പല പ്രാവശ്യം ബേസിലിനെ സന്ദർശിക്കുകയും വളരെ സമയം ചെലവഴിക്കുകയും ചെയ്തു. ബേസിലുമൊത്തുള്ള സന്യാസജിവിതം ഗ്രിഗറി ഇഷ്ടപ്പെട്ടു. എന്നാൽ തന്റെ വാർധക്യകാലത്ത് മകനെ സഹായിയായി കിട്ടണമെന്ന് ഗ്രിഗറിയുടെ പിതാവ് ആഗ്രഹിച്ചു. സ്ഥലത്തെ ജനങ്ങളും ഇതംഗീകരിച്ചു. അതനുസരിച്ച് ഗ്രിഗറിയുടെ പിതാവ് അദ്ദേഹത്തെ 362-ൽ വൈദികനായി വാഴിച്ചു. എന്നാൽ ഗ്രിഗറിക്ക് ഇത് ഇഷ്ടപ്പെട്ടില്ല. ഈ കടുംകൈയ്ക്കെതിരെ ഭയവിഹ്വലനായി അദ്ദേഹം അവിടെ നിന്ന് ഒളിച്ചോടി ബേസിലിന്റെ പക്കൽ അഭയം തേടി. എന്നാൽ തന്റെ കടമകളെപ്പറ്റിയുള്ള ചിന്തയും ജനത്തിന്റെ നിർബന്ധവും നിമിത്തം ഏതാണ്ട് ഒരു വർഷം കഴിഞ്ഞ് അദ്ദേഹം തിരിച്ചെത്തി പിതാവിനെ സഹായിച്ചു കൊണ്ടിരുന്നു. അപ്പോഴേക്കും മെത്രാനായിത്തീർന്ന ബേസിൽ 371 – ൽ ഗ്രിഗറിയെ മെത്രാനാക്കി സാസിമാ എന്ന രൂപത ഏൽപിച്ചു. എന്നാൽ ഗ്രിഗറിക്ക് അത് ഇഷ്ടപ്പെട്ടില്ല. രൂപതാഭരണം ഏറ്റെടുക്കാൻ അവിടെ പോയതുമില്ല. പ്രത്യുത, തന്റെ പിതാവിന്റെ കൂടെ താമസിച്ചു കൊണ്ട് രൂപതാഭരണത്തിൽ സഹായിച്ചു കൊണ്ടിരുന്നു. പിതാവ് 374-ൽ മരിച്ചപ്പോൾ, ഗ്രിഗറി, നസ്യാൻസുസ് രൂപതയുടെ ഭരണം ഏറ്റെടുത്തു. ആ രൂപതയുടെ പേരു ചേർത്താണ് ഗ്രിഗറി നസ്യാൻസൻ എന്ന് അദ്ദേഹത്തെ വിളിക്കുന്നത്. ഒരു വർഷം കഴിഞ്ഞ് പൂർണമായി ധ്യാനനിരതമായി ജീവിക്കാൻ ഇസൗരിയായിലെ സെലൂഷ്യയിലേക്ക് അദ്ദേഹം പിൻവാങ്ങി.

കോൺസ്റ്റാന്റിനോപ്പിളിൽ നിന്ന് 379-ൽ സത്യവിശ്വാസികളായ കുറേപ്പേർ ഗ്രിഗറിയുടെ പക്കലെത്തി. അവിടുത്തെ സഭയെ ക്രമപ്പെടുത്താനുള്ള ആഹ്വാനം അദ്ദേഹം സ്വീകരിച്ചു. അപ്പോഴും പല വിധത്തിലുള്ള ആരിയൻ ചിന്താഗതി പുലർത്തിയ ജനങ്ങളും അവരുടെ ഇടയന്മാരും പൗരസ്ത്യദേശത്തുണ്ടായിരുന്നു. തലസ്ഥാനത്തെ മിക്ക സഭാസ്ഥാപനങ്ങളും ആരിയൻ പക്ഷക്കാരുടെ കൈകളിലായിരുന്നു. ഗ്രിഗറി തന്റെ ഒരു ബന്ധുവിന്റെ വീട്ടിൽ താമസിച്ചുകൊണ്ട് ആരിയൻ പക്ഷപാതികളെ കത്തോലിക്കാസഭയിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. തന്റെ ബന്ധുവിന്റെ ഭവനം അനസ്താസിയാ (ഉത്ഥാനം) എന്ന പേരിൽ കൂദാശ ചെയ്ത് ഒരു പള്ളിയാക്കി മാറ്റി. പ്രസംഗചാതുരി വഴി നിരവധി ആളുകളെ തന്റെ കൂടെ ചേർക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇക്കാലത്താണ് വചനത്തിന്റെ ദൈവത്വം സംബന്ധിച്ച അഞ്ച് വിഖ്യാത പ്രസംഗങ്ങൾ അദ്ദേഹം നടത്തിയത്.



കത്തോലിക്കാ വിശ്വാസി ആയിരുന്ന തിയഡോഷ്യസ് ചക്രവർത്തി 380 ഡിസംബർ 24-ന് അധികാരത്തിൽ വന്നപ്പോൾ, കത്തോലിക്കർ അവരുടെ കെട്ടിടങ്ങൾ സഭയ്ക്കു നൽകി. ഗ്രിഗറി ആഘോഷപൂർവം ശ്ലീഹന്മാരുടെ നാമത്തിലുള്ള പള്ളിയിൽ താമസമാക്കി. 381-ൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ സിനഡിലെ മെത്രാന്മാർ അദ്ദേഹത്തെ അവിടുത്തെ മെത്രാനായി തെരഞ്ഞെടുത്തു. എന്നാൽ ഈജിപ്തിലെയും മാസിഡോണിയായിലെയും മെത്രാന്മാരുടെ എതിർപ്പുമൂലം ഗ്രിഗറി പ്രസ്തുത സ്ഥാനം രാജിവച്ചു (പ്രസംഗം, 42). കലഹങ്ങളിൽ വിവാദപുരുഷനാകാൻ അദ്ദേഹം താൽപര്യപ്പെട്ടില്ല. ഒരു വിടവാങ്ങൽ പ്രസംഗം നടത്തിയശേഷം അദ്ദേഹം നാട്ടിലെത്തി, 384 വരെ സ്വന്തം രൂപതയുടെ ഭരണം നടത്തി. തുടർന്ന് തന്റെ സ്നേഹിതനായ എവുലാലിയോസിനെ രൂപതാഭരണം ഏൽപിച്ചു. 390-ൽ മരിക്കുന്നതുവരെ ധ്യാനത്തിലും പ്രാർഥനയിലും ചെലവഴിച്ചു.

### കൃതികൾ

ഗ്രിഗറി വലിയൊരെഴുത്തുകാരൻ ആയിരുന്നില്ല. ബൈബിൾ ഭാഷ്യങ്ങളോ, ദൈവശാസ്ത്രകൃതികളോ അദ്ദേഹം രചിച്ചില്ല. അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടികൾ പ്രസംഗങ്ങൾ, കവിതകൾ, കത്തുകൾ എന്നിവയിലൊതുങ്ങും. നാലാം നൂറ്റാണ്ടിലെ ഗ്രീക്കു സഭാപിതാക്കന്മാരുടെ ഇടയിലെ ഏക കവിയാണ് അദ്ദേഹം. എന്നാൽ അദ്ദേഹം വലിയൊരു പ്രഭാഷകനായിരുന്നു. പ്രഭാഷണകലയുടെ നാനാവശങ്ങളും വളരെ മനോഹരമായി അദ്ദേഹത്തിൽ പ്രകടമായിരുന്നു. പിൻതലമുറ ആവേശപൂർവം അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വായിച്ചിരുന്നു.

#### 1. പ്രഭാഷണങ്ങൾ

അദ്ദേഹത്തിന്റെ പേരിൽ 45 പ്രസംഗങ്ങൾ അറിയപ്പെടുന്നു. മിക്കതും 379-നും 381-നും ഇടയ്ക്ക് ചെയ്തവയാണ്. അദ്ദേഹത്തിന്റെ മരണാനന്തരം അവ ശേഖരിക്കപ്പെട്ടു. ഏഷ്യാറ്റിക് പ്രഭാഷണകല ഇഷ്ടപ്പെട്ടിരുന്ന കാലഘട്ടത്തിലെ മനുഷ്യരെ പ്രീതിപ്പെടുത്താനുള്ള ഉപാധികളൊക്കെ ഗ്രിഗറി തന്റെ പ്രസംഗത്തിൽ ഉപയോഗിച്ചിരുന്നു. പ്രഭാഷണകലയിൽ ഗ്രീക്ക് പ്രഭാഷകരുടെ പിൻതുടർച്ചയായി അദ്ദേഹം മുമ്പന്തിയിൽ നില്ക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ അധികം വൈകാതെ പ്രഭാഷണകലയുടെ ദൃഷ്ടാന്തങ്ങളായി പാഠപുസ്തകങ്ങളായിത്തീർന്നു. അവയ്ക്ക് പല പതിപ്പുകൾ ഉണ്ടായി. 399/400-ൽ റുഫീനസ് ഒൻപത് പ്രസംഗങ്ങൾ ലത്തീനിലേക്ക്

വിവർത്തനം ചെയ്തു. അർമേനിയൻ, കോപ്തിക്, ജോർജിയൻ, അറബി, എത്യോപ്യൻ വിവർത്തനങ്ങളിൽ ഈ പ്രസംഗങ്ങൾ ലഭ്യമാണ്.

(1) അഞ്ച് ദൈവശാസ്ത്രപ്രസംഗങ്ങൾ: കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് 380-ൽ ചെയ്ത ഈ പ്രസംഗങ്ങൾ അദ്ദേഹത്തിന് ദൈവശാസ്ത്രജ്ഞൻ എന്ന പേര് നേടിക്കൊടുത്തു. ആരിയനിസത്തിനെതിരെ നിഖ്യായുടെ പ്രബോധനം ഇവയിൽ വിശദീകരിക്കുന്നു (പസംഗം 27-31).

(2) മെത്രാൻസ്ഥാനം സംബന്ധിച്ചുള്ള പ്രസംഗവും (20) താർക്കികർക്കെതിരെയുള്ള പ്രസംഗവും (32). വാദകോലാഹലങ്ങൾ നടത്തുന്നവരെ ശാസിച്ചു കൊണ്ടുള്ള ഈ പ്രസംഗങ്ങൾ ത്രിത്വസംബന്ധമായ പ്രബോധനം വ്യക്തമാക്കുന്നു.

(3) ജൂലിയനെതിരെ രണ്ട് പ്രസംഗങ്ങൾ (4-5): ആഥൻസിൽവച്ച് ഗ്രിഗറിക്ക് ജൂലിയനെ നേരിട്ടറിയാമായിരുന്നു.

(4) സ്തുതിപ്രഭാഷണങ്ങൾ: ക്രിസ്മസ്, ദനഹാ, കൃംതാ, പുതുഞായർ, പെന്തിക്കോസ്തി തുടങ്ങിയ ലിറ്റർജിക്കൽ സന്ദർഭങ്ങളിലേക്കുള്ളവയാണ് ചിലത്. മറ്റ് ചിലത് മക്കബായർ, സിപ്രിയാൻ, അത്തനാസ്യോസ്, മാക്സിമുസ് തുടങ്ങിയവരെ സ്തുതിച്ചുകൊണ്ടുള്ളതാണ്. വേറൊരു വിഭാഗം ചരമ പ്രസംഗങ്ങളാണ്: തന്റെ പിതാവായ ഗ്രിഗറി, സഹോദരൻ ചെസാറിയുസ്, സഹോദരി ഗൊർഗോണിയ, സ്നേഹിതനായ ബേസിൽ എന്നിവരുടെ ചരമാവസരങ്ങളിൽ ചെയ്ത പ്രസംഗങ്ങൾ.

(5) സാന്ദർഭിക പ്രസംഗങ്ങൾ: വിവിധ സന്ദർഭങ്ങളിൽ ചെയ്തവ.

**2. കവിതകൾ**

ഗ്രിഗറി തന്റെ ജീവിതാവസാനമാണ് കവിതയെഴുതാൻ തുടങ്ങിയത്. നാനൂറോളം കവിതകൾ നമുക്ക് കിട്ടിയിട്ടുണ്ട്. പല കവിതകളും വളരെ മനോഹരമാണ്. അപ്പൊള്ളിനാരിയൻ അബദ്ധോപദേശകർ പദ്യരൂപത്തിൽ പാഷണ്ഡത പരത്തിക്കൊണ്ടിരുന്നു. അവരെ നേരിടാനാണ് അദ്ദേഹം ഇത്തരം ഒരു സമീപനം സ്വീകരിച്ചത്. ഈ കാലത്താണ് മാർ അപ്രേം അബദ്ധോപദേശകർക്ക് എതിരെ പദ്യരൂപത്തിൽ സുറിയാനിയിൽ കൃതികൾ രചിച്ചത്.

**3. കത്തുകൾ**

കത്തുകളുടെ ഒരു സമാഹാരം ആദ്യമായി പ്രസിദ്ധീകരിച്ച ഗ്രീക്ക് എഴുത്തുകാരൻ ഗ്രിഗറിയാണ്. തന്റെ സഹോദരിയുടെ പൗത്രനായ നിക്കോബുളുസിന്റെ ആവശ്യപ്രകാരമാണ് അദ്ദേഹം ഇങ്ങനെ ചെയ്തത്. കത്തെഴുതുന്നതിനുള്ള നിയമങ്ങളും സാന്ദർഭികമായി അദ്ദേഹം പറയുന്നു. നല്ല കത്ത് ഹ്രസ്വവും വ്യക്തവും ആസ്വാദ്യകരവും ലളിതവുമായിരിക്കണം. അദ്ദേഹത്തിന്റെ കത്തുകൾ വളരെ ശ്രദ്ധാപൂർവം എഴുതപ്പെട്ടവയാണ്.



## ദൈവശാസ്ത്രം

ബേസിലിനോടാണ് ഗ്രിഗറിയുടെ ദൈവശാസ്ത്ര കടപ്പാട്. കപ്പഡോഷ്യൻ പിതാക്കന്മാർ മൂവരും ചിന്തിച്ചിരുന്നത് ഏതാണ്ട് ഒരേ രീതിയിലാണ്. എന്നാൽ ബേസിലിന്റെ ചിന്തയിൽ നിന്നൊരു വളർച്ച സ്പഷ്ടമായി ഗ്രിഗറിയിൽ കാണാം.

**1. ത്രിത്വം**

ത്രിത്വരഹസ്യം അപഗ്രഥിക്കാനും വിശദീകരിക്കാനും അദ്ദേഹം തുടരെത്തുടരെ പരിശ്രമിക്കുന്നു. മിക്കവാറും എല്ലാ പ്രതിപാദനങ്ങളിലും ത്രിത്വചിന്ത കടന്നുവരുന്നു. സ്നാനം സംബന്ധിച്ച പ്രസംഗത്തിൽ (40,41) ത്രിത്വത്തെപ്പറ്റി ഇപ്രകാരം പറയുന്നു: "ജീവിതം മുഴുവനുമുള്ള വഴികാട്ടിയും സംരക്ഷകനുമായി ഈ വിശ്വാസപ്രമാണം ഞാൻ നിങ്ങൾക്ക് നൽകുന്നു. ഒരേ ഒരു ദൈവത്വവും ഒരേ ഒരു ശക്തിയും മൂന്നിലെ ഏകത്വത്തിൽ കാണുന്നു. മൂന്നും വെവ്വേറെ ഉൾക്കൊള്ളുന്നു. സ്വഭാവത്തിലും സാരാംശത്തിലും തുല്യമാണ്. കൂട്ടിച്ചേർക്കൽ കൊണ്ടോ വെട്ടിമാറ്റം കൊണ്ടോ ഏറ്റക്കുറച്ചിൽ സംഭവിക്കുന്നില്ല. എല്ലാറ്റിലും തുല്യതയുള്ളവർ. എല്ലാത്തരത്തിലും ഒരേ ഒരു ദൈവം. ആകാശത്തിന്റെ നന്മയും ആകാശത്തിന്റെ മനോഹാരിതയും ഒന്നായിരിക്കുന്നതു പോലെ തന്നെ. മൂന്ന് അനന്തതകളുടെ അനന്തമായ ഐക്യം. ഒറ്റയ്ക്ക് ഓരോരുത്തരും ദൈവമാകുന്നു. പിതാവ് ദൈവമാകുന്നതുപോലെ പുത്രനും, പുത്രൻ ദൈവമാകുന്നതുപോലെ പരിശുദ്ധാത്മാവും ദൈവമാകുന്നു. ഓരോരുത്തരെയും വ്യത്യസ്തരാക്കുന്നത് അവരവരുടെ വ്യക്തിപരമായ സവിശേഷതകളത്രേ. ഒന്നായി ധ്യാനിക്കുമ്പോൾ ത്രിയേക ദൈവം. സമസത്ത വഴി ഓരോരുത്തരും ദൈവമാണ്. മൊണാർക്കിയ നിമിത്തം ഒരു ദൈവം. ഈ വിശ്വാസപ്രമാണം വഴി ആരിയസിന്റെയും സബെല്ലിയസിന്റെയും അബദ്ധോപദേശങ്ങളെ ഒഴിവാക്കാം. മൂന്ന് വ്യക്തിത്വങ്ങൾ അഥവാ *ഹ്യൂപ്പോസ്തസിസുകൾ*. നിങ്ങൾക്ക് താൽപര്യമെങ്കിൽ *പ്രോസോപ്പാകൾ* എന്നു വിളിച്ചുകൊള്ളു. സിലബിളുകൾക്ക് ഒരേ അർഥമാണെങ്കിൽ നാം പേരുകളെച്ചൊല്ലി തർക്കിക്കുന്നില്ല. എന്നാൽ സത്തയിൽ ഒന്നുമാത്രം. അതായത്, ദൈവത്വം. അവർ വിഭജനം കൂടാതെ വേർതിരിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ പറയാൻ സാധിക്കുമെങ്കിൽ. അവർ വിഭജനത്തിൽ ഒന്നായിരിക്കുന്നു. കാരണം, ദൈവത്വം മൂന്നിൽ ഒന്നാണ്. മൂന്നായിരിക്കുന്ന ദൈവത്വം ഒന്നാണ്. കുറേക്കൂടി കൃത്യമായി പറഞ്ഞാൽ അവർ ദൈവത്വമാണ്. അതിശയോക്തികളും കുറവുകളും നാം തള്ളിക്കളയുന്നു. ഐക്യത്തെ നാം കലർപ്പാക്കുന്നില്ല. ബഹുത്വത്തെ മാറ്റമാക്കുന്നില്ല. സബെല്ലിയസിന്റെ കൂടിക്കുഴച്ചിലിൽ നിന്നും ആരിയസിന്റെ വിഭജനത്തിൽ നിന്നും നാം അകന്നു മാറുന്നു. രണ്ടും പരസ്പരവിരുദ്ധങ്ങളായ തിന്മകളാണ്. ദുഷ്ടതയിൽ രണ്ടും

തുല്യമാണ്. ദൈവത്തെ അബദ്ധചിന്താഗതിയനുസരിച്ച് കൂട്ടിക്കുഴയ്ക്കുന്നതിന്റെയും തുല്യതയില്ലാത്ത നിലയിൽ വെട്ടിമുറിക്കുന്നതിന്റെയും ആവശ്യമെന്താണ്?'' (പ്രസംഗം, 39,11).

ദൈവത്തിന്റെ ഏകത്വം, ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിലുള്ള ബന്ധം എന്നിവ വളരെ വ്യക്തമായും കൃത്യമായും അദ്ദേഹം വരച്ചുകാട്ടുന്നു. സബെല്ലിയൻ മൊണാർക്കിയനിസത്തിനും ആരിയനിസത്തിനും ഇടയ്ക്കു കൂടിയുള്ള യാത്ര അപകടം പിടിച്ചതാണ്. അപകടം കൂടാതെ ഒരുപാത തെളിച്ച് 381-ലെ സിനഡിന് വഴിയൊരുക്കിയതിൽ അദ്ദേഹത്തിന് നല്ല പങ്കുണ്ട്. ''പിതാവ് ജനിച്ചവനല്ല, പുത്രൻ ജനിച്ചവനാണ്, പരിശുദ്ധാത്മാവ് പുറപ്പെടുന്നു. ഈ പരസ്പരബന്ധത്തിൽ മാത്രമാണ് മൂന്നാളുകൾ തമ്മിൽ വ്യത്യാസമുള്ളത്. മറ്റൊന്നിലുമില്ല'' (പ്രസംഗം, 30,19). *പുറപ്പാട്* എന്ന പദം ഗ്രിഗറിയുടെ സംഭാവനയാണ്. ''പിതാവിൽനിന്ന് കാലാരംഭത്തിനുമുമ്പ് പുത്രൻ ജനിച്ചതു പോലെയല്ല പരിശുദ്ധാത്മാവിന്റെ പുറപ്പാട്. പിതാവ് പിതാവും ഉത്ഭവരഹിതനുമാണ്. കാരണം, അവിടുന്ന് ആരിൽ നിന്നുമല്ല. പുത്രൻ പുത്രനാണ്. ഉത്ഭവരഹിതനല്ല. കാരണം, അവിടുന്ന് പിതാവിൽ നിന്നാണ്. ഉത്ഭവം എന്ന വാക്ക് കാലികാർഥത്തിൽ മനസിലാക്കിയാൽ പുത്രനും ഉത്ഭവരഹിതനാണ്. കാരണം, സമയത്തിന്റെ നിർമാതാവാണ് അവിടുന്ന്. അവിടുന്ന് സമയത്തിന് വിധേയനുമല്ല. പരിശുദ്ധാത്മാവ് സത്യാത്മാവാണ്. അവിടുന്ന് യഥാർഥത്തിൽ പിതാവിൽ നിന്ന് വരുന്നു. എന്നാൽ പുത്രനെപ്പോലെയല്ല. ജനനം വഴിയല്ല. പുറപ്പാടു വഴിയാണ്. വ്യക്തതയ്ക്കു വേണ്ടി ഞാൻ ഒരു പദം ഉണ്ടാക്കുകയാണ്. ജനിപ്പിക്കൽ വഴി പിതാവ് ജനനം ഇല്ലാത്തവൻ അല്ലാതായി തീരുന്നില്ല. ജനനം ഇല്ലാത്തവനിൽ നിന്ന് ആകയാൽ പുത്രൻ ജനിച്ചവൻ അല്ലാതായി തീരുന്നില്ല. പരിശുദ്ധാത്മാവ് പുറപ്പെടുന്നതിനാൽ പിതാവോ പുത്രനോ ആയി മാറുന്നില്ല. കാരണം, അവനും ദൈവമാണ്. നിരീശ്വരന്മാർ മാത്രം ഇത് നിഷേധിക്കുന്നു'' (പ്രസംഗം, 39,12).

പരിശുദ്ധാത്മാവിന്റെ ദൈവത്വം സംബന്ധിച്ച് അദ്ദേഹം സ്പഷ്ടമായി പഠിപ്പിച്ചു. 372-ലെ ഒരു പ്രസംഗത്തിൽ തന്നെ പരിശുദ്ധാത്മാവിനെ ദൈവം എന്ന് അദ്ദേഹം വിളിക്കുന്നു (*തോ പ്നെവുമാ ഹാഗിയോൻ കായ് തെയോസ്*): ''വിളക്ക് എത്രനാൾ പറയുടെ കീഴിൽ ഒളിച്ചു വയ്ക്കാനാവും? എത്രനാൾ പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള അറിവ് മറ്റുള്ളവരിൽ നിന്ന് മറച്ചു വയ്ക്കും? ദീപം വിളക്കുതണ്ടിന്മേലത്രേ വയ്ക്കേണ്ടത്. അങ്ങനെ അത് എല്ലാ സഭകൾക്കും ആത്മാക്കൾക്കും ലോകം മുഴുവനും ഉപമകളിൽ കൂടിയോ അലങ്കാര പ്രയോഗങ്ങളിലൂടെയോ അല്ല, കൃത്യമായ പ്രഖ്യാപനം വഴി പ്രകാശം നൽകും'' (പ്രസംഗം, 12,6). അഞ്ചാം ദൈവശാസ്ത്ര പ്രസംഗം പരിശുദ്ധാത്മാവിനെപ്പറ്റിയാണ്. അതിൽ അദ്ദേഹം പറയുന്നു: ''ആത്മാവ്



ദൈവമാണോ? തീർച്ചയായും. അങ്ങനെ ആണെങ്കിൽ അവിടുന്ന് സമസത്തയാണോ? ദൈവമാണെങ്കിൽ അതേ'' (പ്രസംഗം, 31,10). പരിശുദ്ധാത്മാവിനെപ്പറ്റി പഴയനിയമത്തിൽ പഠിപ്പിക്കാതിരുന്നത് ദൈവികപദ്ധതി അനുസരിച്ചാണ്: ''പഴയനിയമം പിതാവിനെ വ്യക്തമായും പുത്രനെ അവ്യക്തമായും പ്രഖ്യാപിച്ചു. പുതിയനിയമം പുത്രനെ വ്യക്തമായി വെളിപ്പെടുത്തി. എന്നാൽ പരിശുദ്ധാത്മാവിന്റെ ദൈവത്വം സംബന്ധിച്ച് സൂചിപ്പിച്ചതേയുള്ളു. ഇപ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ ഇടയിൽ വസിക്കുകയും തന്നെപ്പറ്റിയുള്ള വെളിപാട് നമുക്ക് ഉറപ്പാക്കിത്തരികയും ചെയ്യുന്നു. പിതാവിന്റെ ദൈവത്വം അംഗീകരിക്കാത്തിടത്തോളം കാലം പുത്രന്റേത് പരസ്യമായി പ്രബോധിപ്പിക്കുക സുരക്ഷിതമല്ലായിരുന്നു. ഇത് അംഗീകരിക്കാതെ പരിശുദ്ധാത്മാവിന്റെ നുകം - അങ്ങനെ പറയാമെങ്കിൽ-കെട്ടിവയ്ക്കുക സുരക്ഷിതമല്ലായിരുന്നു'' (പ്രസംഗം, 31,26).

**2. ക്രിസ്തുശാസ്ത്രം**

ഗ്രിഗറിയുടെ വചനസംബന്ധമായ പ്രബോധനം വളരെ വ്യക്തമാണ്. എഫേസോസ്(431), കാൽസിഡൺ (451) സിനഡുകൾ അത് അംഗീകരിച്ചിട്ടുമുണ്ട്. യേശുക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും അദ്ദേഹം സ്പഷ്ടമായി പഠിപ്പിക്കുകയും വിവിധ ആരിയൻ വിഭാഗക്കാരുടെ അബദ്ധോപദേശങ്ങളെ ഖണ്ഡിക്കുകയും അനേകരെ സത്യവിശ്വാസത്തിലേക്ക് കൊണ്ടുവരികയും ചെയ്തു. ഗ്രിഗറി ക്ലെദോണിയസിനയച്ച കത്ത് ക്രിസ്തുശാസ്ത്രത്തിൽ ഒരു നാഴികക്കല്ലാണ് (ലേഖനം 101). ത്രിത്വസംബന്ധമായ പദങ്ങൾ ക്രിസ്തുശാസ്ത്രത്തിൽ ആദ്യമായുപയോഗിച്ചത് അദ്ദേഹമാണ്: ''ചുരുക്കിപ്പറഞ്ഞാൽ ഒന്ന് മറ്റൊന്നിൽ നിന്ന് വ്യത്യസ്തമായവ കൊണ്ടാണ് രക്ഷകൻ രൂപീകൃതനായത്. കാരണം, ദൃശ്യവും അദൃശ്യവും ഒന്നല്ലല്ലോ. കാലത്തിന് അതീതവും കാലത്തിന് വിധേയവും ഒന്നല്ലല്ലോ. എന്നാൽ അവിടുന്ന് രണ്ട് വ്യക്തികളല്ല, ഒരിക്കലുമല്ല. ദൈവത്വം മനുഷ്യനായി തീരുന്നു. മനുഷ്യത്വം ദൈവീകരിക്കപ്പെടുന്നു. അല്ലെങ്കിൽ മനുഷ്യന് പറയാവുന്ന മറ്റേതെങ്കിലും രീതിയിൽ, യോജിപ്പുവഴി ഇരുസ്വഭാവങ്ങളും ഒന്നായിത്തീരുന്നു. വ്യത്യസ്തമായവ എന്നു ഞാൻ പറഞ്ഞത്, ത്രിത്വത്തിലുള്ളതിന്റെ വിപരീതമായതിനാലാണ്. അവിടെ മൂന്നാളുകളായി നാം അംഗീകരിക്കുന്നു. ഹ്യുപ്പോസ്തസിസുകൾ തമ്മിൽ കൂട്ടിക്കുഴയ്ക്കപ്പെടുന്നില്ല. അവിടെ വ്യത്യസ്തമായവയല്ല. കാരണം, ദൈവത്വത്തിൽ മൂന്നും ഒന്നു തന്നെയാണ് ''(ലേഖനം, 101). യേശുക്രിസ്തുവിന് മനുഷ്യാത്മാവും മനുഷ്യമനസും ഉണ്ട്. കാരണം അവിടുന്ന് പൂർണമനുഷ്യനാണ്. വചനം മനുഷ്യാത്മാവിന്റെ സ്ഥാനം എടുത്തു എന്ന അപ്പൊള്ളിനാരിയൻ ചിന്ത ഗ്രിഗറി സ്വീകരിക്കുന്നില്ല. യേശുക്രിസ്തു രണ്ടുസ്വഭാവങ്ങളുള്ള ഏകയാളാണെന്ന് അദ്ദേഹം പഠിപ്പിച്ചു.

അടുത്ത തലമുറയിൽപെട്ട ചിലർ ഇതു മനസിലാക്കാതെ ഏകസ്വഭാവ പാഷണ്ഡതയിൽ നിപതിച്ചു. പേർഷ്യൻ സഭയിൽ ഗ്രിഗറി വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. നെസ്തോറിയസ് തന്നെയും ഗ്രിഗറിയുടെ കൃതികളിൽ നിന്ന് ഉദ്ധരിക്കുന്നു.

കോൺസ്റ്റാന്റിനോപ്പിളിൽ വച്ചു ചെയ്ത ഒരു പ്രസംഗത്തിൽ ക്രിസ്തുവിനെപ്പറ്റി ഗ്രിഗറി പ്രതിപാദിച്ചവ ദിസ്വഭാവ ക്രിസ്തുശാസ്ത്രത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്: ''ക്രിസ്തു ജനിച്ചു. എന്നാൽ അവൻ മുമ്പേ തന്നെ ജനിപ്പിക്കപ്പെട്ടവനാണ്. അവൻ ഒരു സ്ത്രീയിൽ നിന്നു ജനിച്ചു. എന്നാൽ അവൾ കന്യകയായിരുന്നു... അവൻ പിള്ളക്കച്ചകളാൽ ചുറ്റപ്പെട്ടു. അവൻ ഉത്ഥാനം ചെയ്തപ്പോൾ കല്ലറയിലെ കച്ചകൾ മാറ്റിവച്ചു. അവൻ പുൽത്തൊട്ടിയിൽ കിടന്നു. എന്നാൽ മാലാഖമാർ അവനെ മഹത്വീകരിച്ചു. നക്ഷത്രം അവനെ പ്രഘോഷിച്ചു. വിദ്വാന്മാർ അവനെ ആരാധിച്ചു. യഹൂദരുടെ ദൃഷ്ടിയിൽ അവന് രൂപവും സൗന്ദര്യവും ഇല്ലായിരുന്നു. എന്നാൽ ദാവീദിനാകട്ടെ അവൻ മനുഷ്യമക്കളിൽ ഏറ്റവും സുന്ദരനായിരുന്നു. മലയിൽ അവൻ മിന്നൽപോലെ ശോഭിച്ചു. ഭാവിരഹസ്യങ്ങളിലേക്ക് നമ്മെ ആനീതരാക്കിക്കൊണ്ട് സൂര്യനേക്കാൾ ശോഭയേറിയവനായിത്തീർന്നു.''

''മനുഷ്യനെന്ന നിലയിൽ അവൻ സ്നാനം സ്വീകരിച്ചു; ദൈവം എന്ന നിലയിൽ അവൻ പാപം പോക്കി. മനുഷ്യനെന്ന നിലയിൽ അവൻ പരീക്ഷിക്കപ്പെട്ടു; ദൈവം എന്ന നിലയിൽ അവൻ അതിനെ കീഴടക്കി. അവന് വിശന്നു; എന്നാൽ അവൻ ആയിരങ്ങളെ സംതൃപ്തനാക്കി. അവന് ദാഹിച്ചു; എന്നാൽ ദാഹിക്കുന്നവർ എന്റെ പക്കൽ വന്ന് കുടിക്കട്ടെ എന്ന് അവൻ അട്ടഹസിച്ചു. അവൻ വിവശനായി; എന്നാൽ ദുഃഖിതരുടെയും ഭാരം വഹിക്കുന്നവരുടെയും ആശ്വാസമാണവൻ.''

''അവൻ പ്രാർഥിക്കുന്നു; എന്നാൽ അവൻ പ്രാർഥന കേൾക്കുന്നു. അവൻ കരഞ്ഞു; എന്നാൽ അവൻ കണ്ണീരൊപ്പുന്നു. ലാസറിനെ എവിടെ വച്ചു എന്ന് മനുഷ്യനെന്ന നിലയിൽ അവിടുന്ന് ആരാഞ്ഞു; അവിടുന്ന് ദൈവമായതിനാൽ അവനെ ഉയർപ്പിക്കുന്നു... വെട്ടുവാനുള്ള ആടുപോലെ അവൻ ആനീതനാക്കപ്പെടുന്നു; എന്നാൽ അവൻ ഇസ്രായേലിന്റെയും ലോകം മുഴുവന്റെയും ഇടയനാകുന്നു. അവനെ അവർ കുത്തി മുറിവേൽപ്പിച്ചു; എന്നാൽ അവൻ എല്ലാ രോഗവും വേദനയും സൗഖ്യമാക്കുന്നു. അവനെ അവർ ഉയർത്തി മരത്തിന്മേൽ തറച്ചു; എന്നാൽ ജീവവൃക്ഷത്താൽ അവൻ നമ്മെ വീണ്ടെടുത്തു... അവൻ തന്റെ ജീവൻ അർപ്പിച്ചു; എന്നാൽ അത് വീണ്ടും എടുക്കാൻ അവന് അധികാരമുണ്ട്. സ്വർഗത്തിന്റെ രഹസ്യ കവാടങ്ങൾ തുറക്കപ്പെട്ടതിനാൽ വാതിൽമറ കീറിപ്പോയി. പാറ പിളർന്നു. മരിച്ചവർ ഉയർത്തെഴുന്നേറ്റു. അവൻ മരിച്ചു; എന്നാൽ അവൻ ജീവദാതാവാണ്. തന്റെ മരണത്താൽ അവൻ മരണത്തെ നശിപ്പിച്ചു. അവൻ സംസ്കരിക്കപ്പെട്ടു; എന്നാൽ അവൻ ഉത്ഥാനം ചെയ്തു. അവൻ പാതാളത്തിലേക്കു പോയി; എന്നാൽ വിധിക്കപ്പെട്ടവരെ അവൻ രക്ഷിക്കുന്നു'' (പ്രസംഗം, 29,19-20).



### 3. കന്യകമറിയം

ദൈവമാതാവ് (*തെയൊതോക്കോസ്*) എന്ന പദം ഗ്രിഗറിയുടെ കൃതികളിൽ കാണാം. അദ്ദേഹത്തിന്റെ കാലത്തുതന്നെ ഈ പദം സത്യവിശ്വാസത്തിന്റെ ഉരകല്ലായിരുന്നു (പ്രസംഗം, 43,62). ''പരിശുദ്ധ മറിയം ദൈവമാതാവാണെന്ന് വിശ്വസിക്കാത്തവർ ദൈവത്വത്തിൽ നിന്ന് വിഛേദിക്കപ്പെടുന്നു. ക്രിസ്തു, മറിയത്തിൽ നിന്ന് ഒരു കനാലിലൂടെ എന്നവണ്ണം കടന്നുപോരുകയേ ചെയ്തുള്ളുവെന്നും ദൈവികവും മാനുഷികവുമായ രീതിയിൽ അവളിൽ രൂപീകരിക്കപ്പെട്ടില്ലെന്നും പറയുന്നവർ നാസ്തികരാകുന്നു. പുരുഷസംസർഗം കൂടാതെ ആയതിനാൽ ദൈവികം; പ്രകൃതിനിയമം അനുസരിച്ചായതിനാൽ മാനുഷികം. മനുഷ്യത്വം ആദ്യം ഉരുവായെന്നും ദൈവത്വം പിന്നെ ധരിപ്പിക്കപ്പെട്ടെന്നും പറയുന്നവരെയും ശപിക്കണം. കാരണം, അപ്രകാരമുള്ളത് ദൈവികജനനം ആയിരിക്കയില്ല; അതിൽ നിന്ന് വ്യത്യസ്തമായ ഒന്നായിരിക്കും. പിതാവായ ദൈവത്തിന്റെ പുത്രൻ, അമ്മയുടെ മകൻ എന്നിങ്ങനെ രണ്ടു പുത്രന്മാർ എന്ന് പ്രചരിപ്പിച്ച്, ഐക്യത്തെയും താദാത്മ്യത്തെയും താറടിക്കുന്നവർ, ശരിയായി വിശ്വസിക്കുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ദത്തുപുത്രസ്ഥാനത്തിലുള്ള ഭാഗഭാഗിത്വം നഷ്ടമാക്കിയേക്കാം. അതുപോലെ, ക്രിസ്തുവിന്റെ ശരീരം ഇഹത്തിൽ നിന്നല്ലെന്നും സ്വർഗത്തിൽ നിന്ന് വന്നതാണെന്നും നമ്മുടേതു പോലെയല്ല, അതിനുപരിസ്ഥമാണെന്നും പറയുന്നവരും ശപിക്കപ്പെടേണ്ടവരാണ്. മനുഷ്യമനസു കൂടാത്ത ഒരു മനുഷ്യൻ എന്ന നിലയിൽ അവനിൽ ആശ്രയം വയ്ക്കുന്നവർ വിഡ്ഢികളും രക്ഷയ്ക്ക് അനർഹരുമാകുന്നു. കാരണം, താൻ എടുക്കാത്തത് അവിടുന്ന് സൗഖ്യമാക്കിയില്ല.; മറിച്ച്, തന്റെ ദൈവത്വത്തോട് ഐക്യപ്പെട്ടതൊക്കെ രക്ഷിക്കപ്പെട്ടു (ലേഖനം, 101,4-6).

### 4. കുർബാന

കുർബാന ബലിയാണെന്ന് ഗ്രിഗറി സ്പഷ്ടമായി പഠിപ്പിച്ചു. ഇക്കോണിയത്തിലെ ആംഫിലോക്കിയസിനെഴുതിയ കത്തിൽ അദ്ദേഹം പറയുന്നു: ''കർത്താവിനെ ധ്യാനിക്കുന്ന പുരോഹിതന്റെ നാവ് രോഗിയെ സൗഖ്യമാക്കുന്നു. അങ്ങനെയെങ്കിൽ, കുർബാന അർപ്പിച്ച് എന്റെ കഠിനപാപങ്ങൾ നീക്കിക്കളയുക. ഉത്ഥാനബലിയർപ്പിച്ച് ഈ മഹാകാര്യം ചെയ്യുക. ഏറ്റവും പൂജ്യനായ സ്നേഹിതാ, എനിക്കുവേണ്ടി പ്രാർഥിക്കുന്നതിലും മാധ്യസ്ഥ്യം വഹിക്കുന്നതിലും നിന്ന് പിന്തിരിയരുത്. നിന്റെ വാക്കുകൊണ്ട് വചനത്തെ

നീ വിളിച്ചടുപ്പിക്കുമ്പോഴും രക്തരഹിതമായ മുറിക്കൽവഴി കർതൃശരീരം പങ്കിടുമ്പോഴും എന്നെ അനുസ്മരിക്കുക'' (ലേഖനം, 171).

### ഗ്രിഗറി എന്ന വ്യക്തി

ഗ്രിഗറി രൂപത്തിൽ ഒരു ചെറിയ മനുഷ്യനായിരുന്നു. കഷണ്ടിത്തലയനും ജനമധ്യത്തിൽ നിന്ന് ഒളിച്ചോടാൻ തിടുക്കം കാട്ടിക്കൊണ്ടിരുന്നവനും അതേസമയം കർമനിരതനും ആയിരുന്നു. നീണ്ട ചെമ്പിച്ച മീശയും അത്തനാസ്യോസിനെപ്പോലെ ചെമ്പിച്ച പുരികവും ചുക്കിച്ചുളുങ്ങിയ മുഖവും നിരന്തരവേദന സ്പുരിക്കുന്ന മുഖഭാവങ്ങളും ഉപവാസവും ജാഗരണവും കൊണ്ട് വിരൂപമായ പ്രകൃതിയും ആയിരുന്നു അദ്ദേഹത്തിന്റേത്. വളരെ ദരിദ്രജീവിതം നയിച്ച അദ്ദേഹം വസ്ത്രധാരണത്തിൽ അൽപ്പംപോലും ശ്രദ്ധിച്ചില്ല. സംസാരത്തിൽ കുലീനശൈലി പുലർത്തിയില്ല. വളരെ വേഗത്തിലായിരുന്നു സംസാരരീതി. ഫലിതപ്രിയനായിരുന്നു. ഉടൻ തിരിച്ചടിക്കുക അദ്ദേഹത്തിന്റെ പ്രകൃതമായിരുന്നു. മിക്ക മനുഷ്യരുടെയും മധ്യത്തിൽ അദ്ദേഹം അസന്തുഷ്ടനായിരുന്നു. ലോകത്തിൽ നിന്ന് അകന്ന് ജീവിക്കാൻ ആഗ്രഹിച്ചു. ഗ്രീക്കു പിതാക്കന്മാരുടെ കൂട്ടത്തിൽ പദ്യരൂപത്തിൽ കൃതിയെഴുതിയ ആദ്യത്തെയാൾ അദ്ദേഹമാണ്.

ഏഴു വയസ്സുള്ളപ്പോൾ അദ്ദേഹത്തിന് ഒരു സ്വപ്നമുണ്ടായി. തന്റെ കിടക്കയ്ക്ക് സമീപം രണ്ടു സ്ത്രീകൾ നീണ്ട വെള്ളവസ്ത്രങ്ങൾ ധരിച്ച് നിൽക്കുന്നതായി അദ്ദേഹം കണ്ടു. അവർ ശിരോവസ്ത്രം ധരിച്ചിരുന്നു. വിശുദ്ധിയെന്നും ചാരിത്ര്യം എന്നുമാണ് തങ്ങളുടെ പേരുകളെന്ന് അവർ അറിയിച്ചു. തങ്ങളുടെകൂടെ ചേരാൻ ആഹ്വാനം ചെയ്തിട്ട് അവർ മറഞ്ഞുപോയി. ആ സ്വപ്നം അദ്ദേഹത്തെ വളരെ സ്വാധീനിച്ചു. അതിനു ശേഷം അദ്ദേഹം ക്രിസ്തുവിന് സ്വയം സമർപ്പിച്ചു.

ബേസിലുമായുള്ള സ്നേഹബന്ധം ജീവിതകാലം മുഴുവൻ നിലനിന്നു. ബേസിലിന്റെയും തന്റെ പ്രിയപ്പെട്ടവരുടെയും മരണം ഗ്രിഗറിയിൽ കനത്ത ആഘാതം ഏൽപ്പിച്ചു. സ്നേഹിതനായ എവുഡോക്സിയുസിന് അദ്ദേഹം എഴുതുന്നു: ''എനിക്ക് സുഖമാണോ എന്ന് നീ ആരാഞ്ഞല്ലോ. ഞാൻ പറയാം. വേദന നിറഞ്ഞു കവിഞ്ഞൊഴുകുന്ന പാനപാത്രമാണ് ഞാൻ. ബേസിൽ എനിക്കു നഷ്ടപ്പെട്ടു. മാംസത്തിലും അരൂപിയിലും എന്റെ സഹോദരനായിരുന്ന ചെസാരിയുസ് എനിക്കു നഷ്ടപ്പെട്ടു. സങ്കീർത്തകനോടുകൂടെ ഞാൻ പറയുന്നു: എന്റെ മാതാപിതാക്കൾ എന്നെ ഉപേക്ഷിച്ചപ്പോൾ... (27,10). എന്റെ ആരോഗ്യം നശിച്ചു. വാർധക്യം എന്റെ തലയ്ക്കു മീതേ തൂങ്ങിക്കിടക്കുന്നു. ബഹുവിധ പര്യാകുലതകളാൽ ഞാൻ മൂടപ്പെടുന്നു. എന്റെ സ്നേഹിതർ അവിശ്വസ്തരായിത്തീർന്നു. സഭയ്ക്ക് ഇടയൻ ഇല്ലാതായി. എല്ലാ ബഹുമാനവും നഷ്ടപ്പെട്ടു. തിന്മ നഗ്നമായി നമ്മുടെ മുമ്പിൽ കിടക്കുന്നു.



നാം അന്ധകാരത്തിലേക്കു യാത്രചെയ്യുന്നു. ഒരു ദീപവും അവിടെങ്ങും കാണാനില്ല. ക്രിസ്തു ഉറങ്ങി കിടക്കുകയാണ്. നമുക്ക് എന്ത് സംഭവിക്കും? മരണമാകുന്ന വിടുതലല്ലാതെ ഈ കെടുതികളിൽ നിന്ന് ഞാൻ ഒരു മോചനവും തേടുന്നില്ല. ഇവിടെയുള്ള സംഗതികളനുസരിച്ച് ഞാൻ വിധിക്കയാണെങ്കിൽ, ശവക്കുഴിക്ക് അപ്പുറത്തുള്ളവയെ കുറിച്ച് ഞാൻ പരിഭ്രാന്തനാകുന്നു'' (ലേഖനം,80).

ഗ്രിഗറി കോൺസ്റ്റാന്റിനോപ്പിളിൽ ആയിരുന്നപ്പോൾ ആരിയർ അദ്ദേഹത്തെ ശക്തിയായി എതിർത്തു: ''മറ്റാളുകളുടെ നേരേ അവർ റോസാപുഷ്പം വിതറുന്നു. എന്നാൽ എന്റെ നേരേ കല്ലുകളും'' എന്ന് അദ്ദേഹം പറയുകയുണ്ടായി. കോൺസ്റ്റാന്റിനോപ്പിളിലെ ശബ്ദായമാനവും ചരടുവലികൾ നിറഞ്ഞതുമായ ജീവിതം അദ്ദേഹം ഇഷ്ടപ്പെട്ടില്ല. കൂടാതെ ചിലർ അദ്ദേഹത്തെ എതിർക്കുക കൂടി ചെയ്തപ്പോൾ അവിടെ തുടരാൻ അദ്ദേഹം ആഗ്രഹിച്ചില്ല. അവിടെ നിന്ന് രാജിവച്ച് പോകുന്നതിനു മുമ്പ് അദ്ദേഹം ഒരു വിടവാങ്ങൽ പ്രസംഗം നടത്തി. പ്രസംഗത്തിൽ പറയുന്നതിന്റെ നേരേ വിപരീതാർഥമാണ് ആരംഭത്തിൽ അദ്ദേഹം ഉദ്ദേശിക്കുന്നതെന്നു വ്യക്തം: ''നാം മുമ്പ് ചെയ്തിരുന്നതുപോലെ, നമ്മുടെ വിഭവസമൃദ്ധമായ ഭക്ഷണമേശയും വർണശബളമായ വസ്ത്രങ്ങളും പൊതു പ്രദർശനങ്ങളും നമ്മെ സന്ദർശിക്കുന്നവരോടുള്ള അവജ്ഞ നിറഞ്ഞ പെരുമാറ്റവും മൂലം നാം കുറ്റപ്പെടുത്തപ്പെട്ടേക്കാം. തങ്ങളുടെ വരുമാനം ചെലവാക്കാൻ ഒരു മാർഗവും ഇല്ലാത്ത കോൺസുൾമാർ, ഗവർണർമാർ, ജനറൽമാർ തുടങ്ങിയവരെ നാം കടത്തിവെട്ടണമെന്ന് എനിക്കറിയില്ലായിരുന്നു. അല്ലെങ്കിൽ പാവപ്പെട്ടവരുടെ വസ്തുവകകൾ അനുഭവിക്കാനും അവർക്കാവശ്യമായവ നമ്മുടെ സുഖഭോഗവസ്തുക്കൾക്കായി ചെലവഴിക്കാനും ബലിപീഠത്തിലേക്ക് കമഴ്ന്നു കിടന്ന് ഏമ്പക്കം വിടാനും നമ്മുടെ വയർ അത്യാർത്തി കാട്ടണമെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. അലങ്കരിക്കപ്പെട്ട കുതിരപ്പുറത്ത് യാത്ര ചെയ്യണമെന്നും വിശിഷ്ട രഥങ്ങളിൽ സംവഹിക്കപ്പെടണമെന്നും ജനകോടികൾ നമ്മുടെ മുമ്പിൽ പോകണമെന്നും കയ്യടിക്കുന്നവരാൽ ചുറ്റപ്പെടണമെന്നും വന്യമൃഗങ്ങളെ എന്നവണ്ണം മറ്റുള്ളവർ നമുക്ക് വഴിമാറിത്തന്ന് നമ്മുടെ വരവ് ദൂരെ നിന്നുതന്നെ കാണാൻ സൗകര്യപ്പെടുത്തണമെന്നും ഞാൻ അറിഞ്ഞിരുന്നില്ല. ഇതാണ് ഞാൻ ചെയ്ത തെറ്റെങ്കിൽ അതൊക്കെ കഴിഞ്ഞകാല സംഭവങ്ങളായി കരുതിക്കൊള്ളുവിൻ. ഈ തെറ്റ് എന്നോട് ക്ഷമിക്കുവിൻ. ഭൂരിപക്ഷത്തെ സന്തോഷിപ്പിക്കുന്ന ഒരാളെ തെരഞ്ഞെടുക്കുവിൻ. എനിക്ക് എന്റെ മരുഭൂമിയും ഗ്രാമത്തിലെ ജീവിതവും എന്റെ ദൈവത്തെയും തന്നേക്കൂ. എനിക്ക് അവനെ മാത്രം പ്രസാദിപ്പിച്ചാൽ മതിയല്ലോ. എന്റെ സരള ജീവിതം വഴി ഞാൻ അവനെ പ്രസാദിപ്പിക്കും.''

തുടർന്ന് അദ്ദേഹം ശുശ്രൂഷ ചെയ്ത പള്ളികളുടെ പേരെടുത്തു പറഞ്ഞ് വിടവാങ്ങുന്നു: ''എന്റെ അനസ്താസ്യായേ, സ്വസ്തി. ഭക്തിയിൽ നിന്ന് ഉരുവായതാണല്ലോ നിന്റെ നാമം. വെറുക്കപ്പെട്ടിരുന്ന പ്രബോധനം നീയാണല്ലോ ഞങ്ങൾക്കുവേണ്ടി ഉയർപ്പിച്ചത്. ഞങ്ങളുടെ പൊതുവിജയമായ ശീലോഹായേ, സ്വസ്തി (ജോഷ്വാ 18,1). മരുഭൂമിയിലെ നാൽപതു വർഷത്തെ അലഞ്ഞു തിരിയലിനുശേഷം വാഗ്ദാനപേടകം അവിടെയാണല്ലോ ആദ്യമായി ഉറപ്പിക്കപ്പെട്ടത്. മഹനീയവും കീർത്തിതവും ഞങ്ങളുടെ അവകാശവുമായ ആലയമേ, സ്വസ്തി. വചനം നിമിത്തമാണല്ലോ നിന്റെ ശ്രേഷ്ഠത. ഒരിക്കൽ അത് ജേബൂസ് ആയിരുന്നു(1ദിന.11,4). ഞങ്ങൾ ഇപ്പോൾ അത് ജറുസലേമാക്കി മാറ്റി. മനോഹാരിതയിൽ ഇതിനേക്കാൾ താഴെ നിൽക്കുന്നതും നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരന്നു നിൽക്കുന്നവയുമായ മറ്റുള്ളവയേ, സ്വസ്തി. അവ ഒന്നിച്ചു ചേർന്ന് കണ്ണികൾ കണക്കെ നിന്റെ പാർശ്വം അലങ്കരിക്കുന്നു. അവയിലെല്ലാം ആരാധകർ നിറഞ്ഞു കവിയുന്നു. അവരെ പ്രതിയാണ് ഞാൻ -എന്റെ ബലഹീനതയതിൽ ഞാനല്ല, എന്നിൽ വസിക്കുന്ന ദൈവകൃപ-ഉൽകണ്ഠാകുലനായത്. ഇവിടെ വസിക്കുന്ന ശ്രേഷ്ഠവാസികളും പോരാട്ടത്തിൽ എന്റെ നേതാക്കന്മാരുമായ ശ്ലീഹന്മാരേ, സ്വസ്തി. നിന്നോടുകൂടെ പലപ്പോഴും ഞാൻ പെരുന്നാൾ കൊണ്ടാടിയിട്ടില്ല. നിങ്ങളിൽ ഒരുവനായ പൗലോസിനെപ്പോലെ, എന്റെ ശരീരത്തിൽ എന്റെ നന്മയ്ക്കായി ഞാൻ വഹിക്കുന്ന സാത്താനാണ് ഇതിനു കാരണം. ഞാൻ നിന്നെ ഇപ്പോൾ ഉപേക്ഷിക്കുന്നതിന്റെ കാരണവും ഇതാണ്. അസൂയാർഹവും അപകടകരവുമായ ഉയരമുള്ള എന്റെ സിംഹാസനമേ, സ്വസ്തി. മഹാപുരോഹിതന്മാരുടെ ബഹുമാനം കൊണ്ടും വൈദികരുടെ പ്രായം കൊണ്ടും പൂരിതമാണ് ഈ സമൂഹം. വിശുദ്ധ ബലിപീഠത്തിനു ചുറ്റുമുള്ള ദൈവശുശ്രൂഷകരായി, ദൈവത്തിലേക്ക് അണയുന്ന മറ്റുള്ളവരുടെയും സമൂഹമേ, സ്വസ്തി. ദൈവം നിങ്ങളുടെ പക്കലേക്ക് അണയുന്നു. ''

തുടർന്ന് നഗരത്തോട് വിടപറയുന്നു: ''ക്രിസ്തുസ്നേഹം നിറഞ്ഞ സുശക്ത നഗരമേ, സ്വസ്തി. നിന്റെ തീക്ഷ്ണത അറിവിന് ഒത്തവിധം അല്ലെങ്കിലും, ഞാൻ സത്യത്തിനു സാക്ഷ്യം വഹിക്കും. നമ്മുടെ വേർപാട് സങ്കടപൂർവം നമ്മെ വേർപെടുത്തുന്നു. സത്യത്തെ സമീപിക്കുക. ഈ അവസാന നാഴികയിലെങ്കിലും മാനസാന്തരപ്പെടുക. നീ സാധാരണ ചെയ്യുന്നതിലുപരി ദൈവത്തെ ബഹുമാനിക്കുക. മാറ്റം വരുത്തുന്നതിൽ ലജ്ജിക്കേണ്ട. തിന്മയോട് പറ്റിച്ചേർന്നിരിക്കുന്നത് മരണകരമാണ്. കിഴക്കേ, പടിഞ്ഞാറേ, സ്വസ്തി. നിങ്ങൾക്കെതിരായും നിങ്ങൾക്കു വേണ്ടിയും എനിക്കു യുദ്ധം ചെയ്യേണ്ടിവന്നു. കുറേപ്പേരെങ്കിലും എന്റെ രാജിയെ അനുകരിച്ചാൽ നിങ്ങൾക്ക് സമാധാനം കിട്ടും എന്നതിന് ദൈവം തന്നെ സാക്ഷിയാണ്. സിംഹാസനങ്ങൾ ഉപേക്ഷിക്കുന്നവർക്ക് ദൈവം കൂടി നഷ്ടപ്പെടില്ല. പകരം



മുകളിൽ സിംഹാസനം സജ്ജമാക്കപ്പെടും. അത് മറ്റതിനേക്കാൾ ശ്രേഷ്ഠവും സുരക്ഷിതവുമാണ്. അവസാനമായി, എന്നാൽ ഏറ്റവും പ്രധാനമായി, ഞാൻ വിളിച്ചു പറയും: ഈ സഭയുടെയും എന്റെ സാന്നിധ്യത്തിന്റെയും തീർഥാടനത്തിന്റെയും സംരക്ഷകരായ മാലാഖമാരേ, സ്വസ്തി. കാരണം, നമ്മുടെ സമസ്ത സംഗതികളും ദൈവതൃക്കരങ്ങളിലാണല്ലോ. എന്റെ ധ്യാനവും എന്റെ മഹത്വവുമായ ത്രിത്വമേ, സ്വസ്തി. ഇവിടെയുള്ളവർ നിന്നെ സംരക്ഷിക്കട്ടെ. എന്റെ ജനത്തെ സംരക്ഷിക്കട്ടെ. കാരണം, എനിക്ക് വേറൊരിടത്ത് ആസ്ഥാനം ലഭിച്ചാലും ഇവർ എന്റേതാണ്. നീ വചനത്തിലും പ്രവൃത്തിയിലും സദാ മഹത്വീകരിക്കപ്പെട്ടവനും ഉയർത്തപ്പെട്ടവനുമാണെന്ന് ഞാൻ ഗ്രഹിക്കട്ടെ'' (പ്രസംഗം, 42,26-27).

മെത്രാന്മാരുടെ യോഗങ്ങളെപ്പറ്റി ഗ്രിഗറിക്ക് നല്ല അഭിപ്രായം ഇല്ലായിരുന്നു. പലപ്പോഴും വാഗ്വാദങ്ങളും തർക്കങ്ങളും വർദ്ധിക്കാനല്ലാതെ കലഹങ്ങൾ ശമിപ്പിക്കാൻ അവ സഹായകമായിരുന്നില്ല. ആരിയനിസത്തിന്റെ പശ്ചാത്തലത്തിലുണ്ടായ കലഹങ്ങളിലേക്കാണ് ഗ്രിഗറി വിരൽ ചൂണ്ടുന്നത്: ''സത്യം പറഞ്ഞാൽ, എന്നെ സംബന്ധിച്ച്, മെത്രാന്മാരുടെ എല്ലാ യോഗങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കാനാണ് എന്റെ പ്രവണത. കാരണം, ഏതെങ്കിലും കൗൺസിൽ ശരിയായി അവസാനിച്ചതായോ, തിന്മകളുടെ പരിഹാരമായോ ഞാൻ ഒരിക്കലും കണ്ടിട്ടില്ല. മറിച്ച്, അത് വർദ്ധിപ്പിക്കുകയത്രേ ചെയ്തിട്ടുള്ളത്. അധികാര ദുർമോഹവും കലഹപ്രിയവുമാണ് എവിടെയും മുന്നിട്ടു നില്ക്കുന്നത്... മറ്റുള്ളവരെ വിധിക്കാൻ ഇരിക്കുന്നവൻ, തന്റെ എതിരാളികളുടെ തെറ്റായ പ്രവൃത്തികളെ വിമർശിക്കുന്നതിനു മുമ്പുതന്നെ കുറ്റക്കാരനായി വിധിക്കപ്പെടാൻ ഇടയുണ്ട്. അതുകൊണ്ട് ഞാൻ ശാന്തനായിരുന്നു. നിശ്ശബ്ദനായിരിക്കുക എന്നതാണ് ആത്മസുരക്ഷിതത്വത്തിനുള്ള ഏക പോംവഴി എന്നുള്ള തീരുമാനത്തിൽ ഞാൻ എത്തിച്ചേർന്നു. കൂടാതെ, ഇപ്പോൾ എന്റെ ശാരീരികരോഗം മറ്റൊരു കാരണം കൂടിയായി. പലപ്പോഴും ഞാൻ എന്റെ അവസാന ശ്വാസത്തിൽ എത്തിയ രീതിയിൽ ആയിട്ടുണ്ട്. ഒന്നും ചെയ്യാൻ കഴിവില്ലാത്തവനായി തീർന്നുകഴിഞ്ഞു'' (ലേഖനം,130).

ഗ്രിഗറിയുടെ മരണശേഷം തിരുശേഷിപ്പ് കോൺസ്റ്റാന്റിനോപ്പിളിൽ കൊണ്ടുവന്നു. 1204-ൽ കുരിശുയുദ്ധക്കാർ അത് റോമിലേക്ക് മാറ്റി. വത്തിക്കാനിൽ വി. ഗ്രിഗറിയുടെ ചാപ്പലിൽ അത് സൂക്ഷിക്കപ്പെട്ടു. ഈ അടുത്ത കാലത്ത് അത് ബിസന്റയിൻ സഭയ്ക്ക് തിരികെ കൊടുത്തു.

അധ്യായം 14

# വി. ഗ്രിഗറി നീസ്സാ

താത്വിക ദൈവശാസ്ത്രത്തിലും മിസ്റ്റിസിസത്തിലും കപ്പഡോഷ്യൻ പിതാക്കന്മാരിൽ ഏറ്റവും അനുഗൃഹീതനാണ് വി. ഗ്രിഗറി നീസ്സാ. ബേസിലിന്റെ ഇളയ സഹോദരനായിരുന്നു അദ്ദേഹം. നീസാ രൂപതയുടെ മെത്രാനായിരുന്നതിനാൽ പേരോടു ചേർത്ത് ഗ്രിഗറി നീസാ എന്നു പറയുന്നു. ഗ്രിഗറി ജനിച്ചത് 335-ലാണ്. ബേസിൽ തന്നെയായിരുന്നു ആദ്യഗുരു. ആദ്യപട്ടം സ്വീകരിച്ച് കുറേനാൾ സഭയിൽ വായനക്കാരനായി കഴിഞ്ഞു. പിന്നീട് ലൗകിക വിഷയങ്ങളിലേക്ക് തിരിഞ്ഞ് ഒരു പ്രഭാഷകാധ്യാപകനായി മാറി. തെയോസെബെയാ എന്ന യുവതിയെ വിവാഹം കഴിച്ചു. എന്നാൽ സ്നേഹിതരുടെ, പ്രത്യേകിച്ച് ഗ്രിഗറി നസ്യാൻസന്റെ, പ്രേരണയാൽ വീണ്ടും സന്യസിക്കാനായി ബേസിലിന്റെ പക്കലെത്തി. തുടർന്ന് വൈദികനും 371-ൽ നീസായിലെ മെത്രാനുമായി. സ്വന്തം ഇഷ്ടത്തിനു വിരുദ്ധമായിട്ടാണ് ബേസിൽ അദ്ദേഹത്തെ മെത്രാനാക്കിയതെങ്കിലും, ഗ്രിഗറി നസ്യാൻസനെപ്പോലെ ബേസിലിനെ നിരാശനാക്കിയില്ല. അദ്ദേഹം നീസായിൽ പോകുകയും അവിടെ താമസിക്കുകയും ചെയ്തു. എന്നാൽ ബേസിലിന്റെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ എതിരാളികളായ ആരിയൻ വിഭാഗക്കാർ പല ആരോപണങ്ങളും ഉന്നയിച്ചു. സഭാസ്വത്തുക്കൾ ധൂർത്തടിക്കുന്നെന്നും മറ്റും പറഞ്ഞു പരത്തി. അക്കാലത്തെ സഭാരാഷ്ട്രീയത്തിൽ ചരടുവലികൾ നടത്തി ജീവിക്കാൻ അദ്ദേഹം പരിശീലിച്ചിരുന്നില്ല. ബേസിലിനെപ്പോലെ ഒരു വലിയ ഭരണകർത്താവും ആയിരുന്നില്ല. നീസായിൽ 376-ൽ കൂടിയ ആരിയൻ സിനഡ് അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. ആരിയൻ പക്ഷപാതിയായ വാലെൻസ് ചക്രവർത്തി മരിച്ചപ്പോൾ ഗ്രിഗറി സാഘോഷം നീസായിൽ സ്വീകൃതനായി. 379-ലെ അന്ത്യോക്യൻ സിനഡിൽ അദ്ദേഹം സംബന്ധിച്ചു. പോൻതുസ് രൂപത സന്ദർശിക്കാൻ സിനഡ് അദ്ദേഹത്തെ നിയോഗിച്ചു. ഈ യാത്രയ്ക്കിടയ്ക്ക് 380-ൽ സെബസ്തെയുടെ ആർച്ചുബിഷപ്പായി. കുറച്ചു മാസങ്ങൾ ആ രൂപതയുടെ ഭരണം നടത്തി. 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡിൽ അദ്ദേഹം നല്ല പങ്ക് വഹിച്ചു. ഏറ്റവും അവസാനം അദ്ദേഹം തലസ്ഥാനത്ത് എത്തുന്നത് 394-ലെ സിനഡിൽ സംബന്ധിക്കാനാണ്. ആ വർഷം തന്നെ മരിച്ചു.



### കൃതികൾ

കപ്പഡോഷ്യൻ പിതാക്കന്മാരിൽ ഏറ്റവും കൂടുതൽ എഴുതിയിട്ടുള്ളതും എഴുത്തിൽ വിജയിച്ചിട്ടുള്ളതും ഗ്രിഗറി നീസായാണ്. വളരെ ആഴവും പരപ്പുമാർന്ന ചിന്തയാണ് അദ്ദേഹത്തിന്റേത്. സമകാലിക ബൗദ്ധിക ജീവിതത്തിലെ അടിയൊഴുക്കുകളോട് അദ്ദേഹം തുറന്ന മനോഭാവം പുലർത്തി. ചുറ്റുപാടുകളുമായി പൊരുത്തപ്പെട്ടു പോകാൻ അദ്ദേഹത്തിന് കഴിവുണ്ടായിരുന്നു. സമകാലിക സോഫിസം അദ്ദേഹത്തിൽ സ്വാധീനം ചെലുത്തി. വാക്കുകൾ തെരഞ്ഞെടുക്കുന്നതിൽ ക്ലാസിക്കൽ കർത്താക്കളെയാണ് അദ്ദേഹം പിൻചെന്നത്. എന്നാൽ ഗ്രീക്കു വേദപുസ്തകത്തിൽ നിന്ന് നിരവധി കാര്യങ്ങൾ കടമെടുത്തിട്ടുണ്ട്. അന്നത്തെ പ്രഭാഷണകലയുടെ എല്ലാ അധികപ്പറ്റുകളും അദ്ദേഹത്തിൽ ദൃശ്യമാണ്. മാധുര്യരഹിതമായ ശൈലി, നീണ്ടുനീണ്ട് ചങ്ങല സമാനമായ വാചകങ്ങൾ, അതിഭാഷണം, പ്രകടന മനഃസ്ഥിതി ആദിയായവ അന്നത്തെ പ്രഭാഷണകലയുടെ സവിശേഷതകളായിരുന്നു. ചിലയിടങ്ങളിൽ തീക്ഷ്ണവും ശക്തിമത്തുമായ ശൈലിയും ദൃശ്യമാണ്. ഈ ശൈലി ആധുനിക വായനക്കാർക്ക് രുചിക്കാൻ അല്പം പ്രയാസമാണ്. എന്നാൽ അന്നത്തെ സോഫിസ്റ്റിക് ചുറ്റുപാടുകാർക്ക് ഇവയൊക്കെ പ്രിയംകരമായിരുന്നു. അദ്ദേഹത്തിന്റെ കൃതികളെ അഞ്ചായി തിരിക്കാം.

**1. താത്വിക കൃതികൾ**

അന്നത്തെ വിവിധ ആരിയൻ, അപ്പൊള്ളിനാരിയൻ, പ്നെവുമാതോമാക്കി അബദ്ധോപദേശകർക്കെതിരെ ത്രിത്വപ്രബോധനം വ്യക്തമാക്കുന്നവയാണ് അദ്ദേഹത്തിന്റെ താത്വിക കൃതികൾ.

(1) എവുണോമിയസിനെതിരെ: ഈ ആരിയൻ നേതാവിനെതിരെ അദ്ദേഹം നാല് കൃതികളെഴുതി. *ഹ്യുപെർ തേൻ അപ്പൊളോഗിയാ* എന്ന പേരിൽ എവുണോമിയസ് ഒരു കൃതിയെഴുതി അബദ്ധോപദേശം പ്രചരിപ്പിച്ചു. ഇതിനെതിരെ 380-ൽ ഗ്രിഗറി ആദ്യകൃതി എഴുതി. എവുണോമിയസിന്റെ രണ്ടാംകൃതിയുടെ ഖണ്ഡനമാണ് ഗ്രിഗറിയുടെ രണ്ടാംകൃതി. ഗ്രിഗറി മൂന്നാമതൊരെണ്ണം 381-നും 383-നും ഇടയ്ക്ക് എഴുതി. ബേസിലിനെ ഈ ആരിയൻ നേതാവ് കടന്നാക്രമിച്ചപ്പോൾ 10 പുസ്തകങ്ങളിലായി എഴുതിയതാ

ണിത്. ഈ മൂന്നു പുസ്തകങ്ങളിലൂടെ ബേസിലിനെ ന്യായീകരിക്കാൻ ഗ്രിഗറി ശ്രമിച്ചു. 381-ലെ സിനഡിന്റെ കാലഘട്ടത്തിൽ അദ്ദേഹം ആദ്യത്തെ രണ്ട് കൃതികൾ ഗ്രിഗറി നസ്യാൻസനെയും ജറോമിനെയും വായിച്ചു കേൾപ്പിച്ചു (മഹദ്.128). എവുണോമിയസ് 381-ൽ ഒരു വിശ്വാസപ്രമാണം എഴുതി തിയഡോഷ്യസ് ചക്രവർത്തിക്ക് കൊടുത്തു. ഗ്രിഗറി അതിനെ വിമർശിച്ചുകൊണ്ട് നാലാമതൊരു കൃതിയെഴുതി.

(2) അപ്പൊള്ളിനാരിയർക്കെതിരെ: അപ്പൊള്ളിനാരിസത്തെ എതിർക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അലക്സാണ്ഡ്രിയായിലെ തെയോഫിലസിന് എഴുതിയതാണിത്. കത്തോലിക്കർ രണ്ട് ദൈവപുത്രന്മാരിൽ വിശ്വസിക്കുന്നു എന്ന അപ്പൊള്ളിനാരിയൻ ആരോപണത്തെ ഖണ്ഡിക്കുന്നു.

(3) ആന്റിറെത്തിക്കൂസ്: അപ്പൊള്ളിനാരീസിന്റെ ഒരു കൃതിക്കെതിരെ എഴുതിയതാണിത്. ക്രിസ്തുവിന്റെ രണ്ട് സ്വഭാവങ്ങളും തമ്മിലുള്ള യോജിപ്പിനെപ്പറ്റി ചർച്ച ചെയ്യുന്നു. ക്രിസ്തുവിന്റെ ശരീരം ഉയരത്തിൽ നിന്നു വന്നെന്നും വചനം മനുഷ്യാത്മാവിന്റെ സ്ഥാനം വഹിക്കുന്നെന്നുമുള്ള അബദ്ധാഭിപ്രായത്തെ ഇവിടെ ഖണ്ഡിക്കുന്നു.

(4) പരിശുദ്ധാത്മാവിനെപ്പറ്റി: പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ച *പ്നെവുമാതോമാക്കി* എന്ന വിഭാഗക്കാരുടെ നേതാവ് മാസിഡോണിയസിന് എതിരായിട്ടാണിത്. കോൺസ്റ്റാന്റിനോപ്പിളിലെ പൗലോസിനെ നീക്കിയിട്ട് മാസിഡോണിയസ് മെത്രാനായി. 381-ലെ സിനഡ് ഇയാളെ നീക്കി.

(5) മൂന്നു ദൈവങ്ങളില്ല, ഏക ദൈവമേയുള്ളു: ഈ കൃതിയിലൂടെ ത്രിത്വസംബന്ധമായ സഭാപ്രബോധനം വ്യക്തമാക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണെങ്കിൽ എന്തുകൊണ്ട് മൂന്നു ദൈവങ്ങളെപ്പറ്റി പറഞ്ഞുകൂടാ? എന്ന് ഒരു അബ്ലാബിയുസ് ചോദിച്ചു. അതിനുള്ള മറുപടിയാണിത്: ‘‘ദൈവം എന്ന പദം ദൈവികസത്തയെ (യാഥാർഥ്യത്തെ) കുറിക്കുന്നു. വ്യക്തികളെ സൂചിപ്പിക്കുന്നില്ല. അതുകൊണ്ട് ഓരോ വ്യക്തിയെപ്പറ്റി പറയുമ്പോഴും ഏകവചനമേ ഉപയോഗിക്കാവൂ. അതുകൊണ്ട് നാം പറയുന്നു: പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവർ മൂന്നു ബന്ധങ്ങളാണ്. എന്നാൽ സത്ത ഒന്നു തന്നെ. അതുകൊണ്ട് ദൈവത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഏകവചനം തന്നെ ഉപയോഗിക്കണം.’’

(6) പൊതുപദങ്ങൾ: ത്രിത്വവിശദീകരണത്തിന് ഉപയോഗിക്കുന്ന എല്ലാ പദങ്ങളും ഇതിൽ ചർച്ച ചെയ്യുന്നു. ഒരു താത്വികാപഗ്രഥനത്തിലൂടെ അബദ്ധാഭിപ്രായങ്ങളെ ഖണ്ഡിക്കുന്നു.

(7) ത്രിത്വസംബന്ധമായ കൃതികൾ: പ്നെവുമാതോമാക്കി എന്ന വിഭാഗക്കാർക്കെതിരെ വൈദ്യനായ എവുസ്താത്യോസിന്, വിശുദ്ധ വിശ്വാസത്തെപ്പറ്റി സിംപ്ലിച്ചിയാനുസിന്, ആത്മാവിനെയും ഉയർപ്പിനെയും സംബന്ധിച്ച് മക്രീനായുമായുള്ള സംവാദം, വിധിക്കെതിരെ എന്നിവ ഈ വിഭാഗത്തിൽ പെടുന്നു. *മതബോധനപ്രസംഗം* എന്ന കൃതി ത്രിത്വം, മനുഷ്യാവതാരം, രക്ഷാകരകർമം, മാമോദീസാ, കുർബാന മുതലായ വിശ്വാസസത്യങ്ങൾ ചർച്ച ചെയ്യുന്നു.



**2. ഭാഷ്യകൃതികൾ**

ഇവയിൽ പൊതുവേ ഒരിജന്റെ ഭാഷ്യരീതിയാണ് അദ്ദേഹം അവലംബിച്ചിരിക്കുന്നത്. എന്നാൽ താഴെപ്പറയുന്ന ഒന്നും രണ്ടും കൃതികളിൽ വാച്യാർഥ വിവരണത്തിനാണ് ഊന്നൽ കൊടുക്കുന്നത്.

(1) മനുഷ്യസൃഷ്ടി: ബേസിലിന്റെ ആറുദിവസസൃഷ്ടി സംബന്ധിച്ചുള്ള (*ഹെക്സേമെറോൻ*) ഹോമിലികളിൽ മനുഷ്യസൃഷ്ടി സംബന്ധമായ വിവരണത്തിന്റെ കുറവുണ്ടായി. അതു നികത്താനാണ് ഇതെഴുതിയത്. തന്റെ സഹോദരനായ പീറ്റർ മെത്രാന് ഈസ്റ്റർ സമ്മാനമായി അദ്ദേഹം ഇതയച്ചു കൊടുത്തു.

(2) അപ്പോളജെറ്റിക്കൽ വിവരണം: സൃഷ്ടി സംബന്ധമായ രണ്ടാമത്തെ കൃതിയാണിത്. ബേസിലിന്റെ ഹോമിലികളെ സംബന്ധിച്ചുള്ള ധാരണപ്പിശകുകൾ തിരുത്തുന്നതിനും ആറുദിവസ സൃഷ്ടിവിവരണം കൂടുതൽ വിശദീകരിക്കുന്നതിനുമാണ് ഇത് തയാറാക്കിയത്.

(3) മോശയുടെ ജീവചരിത്രം: ഗ്രിഗറിയുടെ ഒരു മിസ്റ്റിക്കൽ കൃതിയാണിത്. മോശയുടെ മാതൃകാപരമായ ഒരു ചിത്രം വരച്ചുകാട്ടി സുകൃതജീവിതത്തിനുള്ള മാതൃക നൽകുകയാണിതിൽ. ഇതിന് രണ്ട് ഭാഗങ്ങളുണ്ട്. രണ്ടും രണ്ടുതരം ഭാഷ്യരീതികളിലുമാണ്. ഒന്നാമത്തേത് പുറപ്പാടും സംഖ്യയുമനുസരിച്ച് മോശയുടെ യഥാർഥ ജീവിതം വരച്ചു കാട്ടുന്നു. വാച്യാർഥത്തിൽ പാദമൂന്നിക്കൊണ്ടാണ് ഇത് എഴുതിയിരിക്കുന്നത്. രണ്ടാമത്തേതിൽ അല്ലെഗോറിക്കൽ വ്യാഖ്യാനമാണ് നൽകുന്നത്. ഇസ്രായേലിന്റെ വലിയ നിയമദാതാവും ആത്മീയ നേതാവുമായ മോശ, ആത്മാവിന്റെ ദൈവത്തിൻ പക്കലേക്കുള്ള മിസ്റ്റിക്കൽ കുടിയേറ്റവും ഉയർച്ചയും സൂചിപ്പിക്കുന്നതായിട്ടാണ് വിവരണം. ഇതിൽ പ്ലേറ്റോയുടെയും ഫീലോയുടെയും സ്വാധീനം ദൃശ്യമാണ്.

(4) സങ്കീർത്തന ശീർഷകങ്ങളെപ്പറ്റി: സങ്കീർത്തനങ്ങളുടെ തലക്കെട്ടുകളെപ്പറ്റി രണ്ടു ലേഖനങ്ങളുണ്ട്. അഞ്ച് സങ്കീർത്തന പുസ്തകങ്ങളും പരിപൂർണതയിലേക്കുള്ള ചവിട്ടുപടികളായിട്ടാണ് അദ്ദേഹം കാണുന്നത്. നമ്മെ നന്മയിലേക്കു നയിക്കുകയാണ് സെപ്ത്വജിന്ത് സങ്കീർത്തന തലക്കെട്ടുകളുടെ ഉദ്ദേശ്യം. സങ്കീർത്തനം മുഴുവൻ ഒരു അസെറ്റികോ-മിസ്റ്റിക്കൽ

നിയമാവലി ആയി അദ്ദേഹം കാണുന്നു. അതനുസരിച്ചാണ് അവ ക്രമപ്പെടുത്തിയിരിക്കുന്നതെന്നും അദ്ദേഹം കരുതുന്നു. ആറാം സങ്കീർത്തനത്തെ ആധാരമാക്കിയുള്ള ഒരു ഹോമിലി അച്ചടിച്ച കൃതികളിൽ കാണുന്നു. എന്നാൽ അത് അദ്ദേഹത്തിന്റേതല്ല.

(5) സഭാപ്രസംഗകനെക്കുറിച്ച് എട്ട് പ്രഭാഷണങ്ങൾ: സഭാപ്രസംഗകൻ 1,1–3,13 –ന്റെ ഒരു മിസ്റ്റിക്കൽ ഭാഷ്യമാണ് ഈ പ്രസംഗങ്ങൾ. ഇന്ദ്രിയങ്ങൾക്കുപരി അരൂപിയെ ഉയർത്തുകയാണ് ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യമെന്ന് കാണിക്കുന്നു. ഭൗമികനേട്ടങ്ങളെ ത്യജിക്കുന്നതുവഴി അരൂപി ഇന്ദ്രിയങ്ങളെ ശാന്തിയുടെ ലോകത്തെത്തിക്കും. അല്ലെഗോറിക്കൽ വ്യാഖ്യാനരീതിയാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്.

(6) ഉത്തമഗീതത്തെക്കുറിച്ചുള്ള പതിനഞ്ച് പ്രഭാഷണങ്ങൾ: ഉത്തമഗീതം 1,1–6,8 വരെയുള്ള ഭാഗത്തിന്റെ ഭാഷ്യമാണിത്. ആധ്യാത്മിക ഭാഷ്യരീതി ബൈബിൾ ഭാഷ്യത്തിൽ അത്യാവശ്യമാണെന്ന് അദ്ദേഹം ഇതിൽ സമർഥിക്കുന്നു. ആമുഖത്തിൽ ഒരിജനെ പ്രകീർത്തിക്കുന്നു. ഒരിജന്റെ മിസ്റ്റിക്കൽ ഭാഷ്യരീതിയുടെ ചുവടു പിടിച്ചാണ് ഇത് രചിച്ചിരിക്കുന്നത്. എന്നാൽ ഒരിജനെ പദാനുപദം അനുധാവനം ചെയ്യുന്നില്ല. ഉത്തമഗീതം ദൈവവും മനുഷ്യാത്മാവും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു.

(7) എൻഡോറിലെ മന്ത്രവാദിനി: 1സാമു.28,12 മുതലുള്ള ഭാഗങ്ങളുടെ ഒരു ഭാഷ്യം എഴുതി തിയഡോഷ്യസ് മെത്രാന് അയച്ചു കൊടുത്തു. എൻഡോറിലെ ദർശനക്കാരി സാമുവേലിനെയല്ല, പ്രവാചകന്റെ രൂപത്തിൽ ഒരു പിശാചിനെയാണ് കണ്ടതെന്ന് പറയുന്നു. സാമുവേലിനെ തന്നെയാണ് കണ്ടതെന്നാണ് ഒരിജൻ ഉൾപ്പെടെ മറ്റു പലരുടെയും അഭിപ്രായം.

(8) കർതൃപ്രാർഥന: അഞ്ചു പ്രഭാഷണങ്ങളായിട്ടാണ് കർതൃപ്രാർഥനയെ അപഗ്രഥിച്ചിരിക്കുന്നത്. ഒന്നാമത് പ്രാർഥനയുടെ ആവശ്യകതയെപ്പറ്റിയും പലരും അത് ഉപേക്ഷിക്കുന്നതിനെപ്പറ്റിയും ചർച്ചചെയ്യുന്നു. പിന്നത്തെ നാലും കർതൃപ്രാർഥനയുടെ ഓരോ ഭാഗത്തെ പറ്റിയുള്ളതാണ്. ഇതിൽ നിരവധി പ്രായോഗിക സാന്മാർഗിക ചിന്തകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(9) ഗിരിപ്രഭാഷണം: എട്ട് പ്രഭാഷണങ്ങളിലായി ഗിരിപ്രഭാഷണത്തെ അപഗ്രഥിക്കുന്നു. ഒരു ഗോവണിയിലൂടെന്നവണ്ണം ദൈവവചനം നമ്മെ സാവധാനം അവയിലൂടെ പരിപൂർണതയിൽ എത്തിക്കുന്നു. പ്ലൊതീനൂസിന്റെ എന്നെയാഡിലെ നെയോ–പ്ലറ്റോണിക് ചിന്തകൾ ഇതിൽ കടമെടുത്ത് ക്രിസ്തീയമാക്കിയിട്ടുണ്ട്.

(10) 1 കൊറിന്തോസിനെ ആധാരമാക്കിയുള്ള രണ്ട് പ്രഭാഷണങ്ങൾ: 1കൊറി.6,18;15,28 എന്നിവയെ ആധാരമാക്കിയുള്ളവയാണിവ. പുത്രന്റെ ദൈവത്വം പൗലോസിന്റെ വാക്കുകളിൽ നിന്ന് തെളിയിക്കാൻ രണ്ടാമത്തേതിൽ പരിശ്രമിക്കുന്നു.



**3. ആധ്യാത്മികകൃതികൾ**

ഗ്രിഗറിയുടെ ആധ്യാത്മിക തത്വങ്ങൾ ആധ്യാത്മിക കൃതികളിലാണ് മുഖ്യമായും കാണുക. മിസ്റ്റിസിസത്തിന്റെ പിതാവ് എന്ന് അദ്ദേഹം അറിയപ്പെടുന്നു. ബേസിൽ സന്യാസ നിയമദാതാവും മക്രീന സ്ത്രീകൾക്കിടയിൽ സന്യാസം പ്രചരിപ്പിച്ചയാളുമാണെങ്കിൽ, ഗ്രിഗറി അതിനുവേണ്ട ആധ്യാത്മിക തത്വങ്ങൾ പഠിപ്പിച്ചു.

(1) കന്യാത്വത്തെപ്പറ്റി: ഗ്രിഗറി 370–നും 371–നും ഇടയ്ക്ക് രചിച്ച ഒരു ആദ്യകാല കൃതിയാണിത്. ബേസിലിനെയും അദ്ദേഹത്തിന്റെ നിയമാവലിയെയും ആരംഭം മുതൽ ഇതിൽ പരാമർശിക്കുന്നു. "കൂടുതൽ പാവനമായ ജീവിതത്തിനുള്ള കവാടമാണ് കന്യാത്വം. മാനുഷികാവസ്ഥയിൽ ഭാഗഭാഗിത്വം നേടാൻ ദൈവത്വത്തെ പിടിച്ചടുപ്പിക്കുന്ന ചാനലാണിത്. സ്വർഗീയ കാര്യങ്ങൾക്കായി മനുഷ്യന് ആഗ്രഹം നിലനിർത്തുന്ന ചിറകുകളാണിത്. ദൈവവും മനുഷ്യനുമായി ഐക്യം പുലർത്തുന്ന കണ്ണിയുമാണ്. കന്യാത്വത്തിന്റെ വെളിച്ചത്തിലാണ് രക്ഷാകര ചരിത്രത്തിന്റെ ശൃംഖല കാണുക. ത്രിത്വത്തിലെ മൂന്നാളുകളിൽ നിന്ന് ദൂതന്മാർ വഴി അത് മനുഷ്യനിലെത്തുന്നു. ക്രിസ്തുവാണ് ആർച്ചുവിർജിൻ (*ആർക്കിപർതെനോസ്*). കന്യാത്വത്തിന്റെ ഉത്തമ മാതൃക മറിയമാണ്. എല്ലാ കന്യാത്വാരൂപിയിലും ദൈവം ആത്മീയമായി ജനിക്കുന്നു. കന്യകയിൽ സംഭവിച്ചത് കന്യാത്വാരൂപിയിലും സംഭവിക്കുന്നു. കന്യാത്വം സുകൃതങ്ങളുടെയെല്ലാം അടിസ്ഥാനമാണ്. ദൈവദർശനത്തിനുള്ള ഒരുക്കമാണ്. മാനുഷിക പരിശ്രമത്താൽ മാത്രം കന്യാത്വപൂർണത അസാധ്യമാണ്. കൃപാവരമാണ് കന്യാത്വത്തെ നിലനിർത്തുന്നത്."– വിവാഹിതനായ താൻ ഇതിൽ നിന്ന് അന്യനായി പോയതിൽ അദ്ദേഹം ദുഃഖിക്കുന്നു. ഒരിജന്റെയും മെതോഡിയസിന്റെയും ചിന്താധാരയിലൂടെയാണ് അദ്ദേഹവും സഞ്ചരിക്കുന്നത്. ഗ്രീക്കു താത്വികർ വരച്ചുകാട്ടിയ ധ്യാനാത്മക ജീവിതം തന്നെയാണ് താപസജീവിതമെന്ന് അദ്ദേഹം ധ്വനിപ്പിക്കുന്നു. മധ്യകാലഘട്ടത്തിൽ ഈ കൃതി ധാരാളമായി ഉപയോഗിച്ചിരുന്നു.

(2) ക്രിസ്തീയനാമവും ജീവിതവും എന്താണ്?: ഹാർമോണിയസ് എന്നയാളിന് കത്തിന്റെ രൂപത്തിൽ എഴുതിയ കൃതിയാണിത്. ക്രിസ്തീയജീവിതം ദൈവസ്വഭാവത്തിന്റെ അനുകരണമാണ്. മനുഷ്യൻ ദൈവഛായ ആയതിനാൽ ഇത് മനുഷ്യന് ഏറ്റവും യോജിച്ചതാണ്.

(3) പുണ്യപൂർണത: ഒളിംപിയസ് എന്ന സന്യാസി പൂർണതയ്ക്കുള്ള വഴി അന്വേഷിച്ചപ്പോൾ അയാൾക്കുവേണ്ടി പൗലോസിന്റെ ക്രിസ്തുശാസ്ത്ര

ഭാഗങ്ങളെ ആധാരമാക്കി എഴുതിയതാണിത്. സുകൃതപൂർണതയ്ക്കുള്ള പരിശ്രമത്തിൽ ക്രിസ്ത്യാനിക്ക് ഏറ്റവും സുരക്ഷിതമായിട്ടുള്ളത് ക്രിസ്തുവിനെ അനുകരിക്കലാണ്. വിശുദ്ധീകരണം സ്വതന്ത്ര പ്രവൃത്തിയും മനുഷ്യാത്മാവിൽ ദൈവാത്മാവിന്റെ പ്രവർത്തനവുമാണ്. വിവിധ പേരുകൾ കൊണ്ട് ക്രിസ്തുവിനെ വിളിക്കുകയും ഈ പേരുകളെല്ലാം അപഗ്രഥിക്കുകയും ചെയ്യുന്നു: ''ദൈവശക്തി, ദൈവജ്ഞാനം, ആത്മാവിന്റെ ശാന്തി, സത്യവെളിച്ചം, വീണ്ടെടുപ്പ്, നമ്മുടെ പെസഹാ, മഹാപുരോഹിതൻ, പാപപരിഹാരം, മഹത്വത്തിന്റെ ശോഭ, ദൈവികസത്തയുടെ പ്രതിഫലനം, നമ്മുടെ ആത്മീയഭക്ഷണം, വിശ്വാസത്തിന്റെ അടിസ്ഥാനം, മൂലക്കല്ല്, അദൃശ്യദൈവത്തിന്റെ ഛായ, സഭാശരീരത്തിന്റെ ശിരസ്, സൃഷ്ടികളുടെ ആദ്യജാതൻ, മരിച്ചവരിൽ നിന്നുള്ള ആദ്യജാതൻ, അനേകം സഹോദരന്മാരിൽ ആദ്യജാതൻ, മനുഷ്യരുടെയും ദൈവത്തിന്റെയും ഇടയ്ക്കുള്ള മധ്യസ്ഥൻ, ഏകജാതൻ, മഹത്വത്തിന്റെ കർത്താവ്, സത്തയുടെ തത്വം, നീതിയുടെയും ശാന്തിയുടെയും രാജാവ്.''

(4) *ദെ ഇൻസ്തിതൂതോ ക്രിസ്ത്യാനോ:* താപസജീവിതത്തിന്റെ ലക്ഷ്യവും അതു പ്രാപിക്കാനുള്ള മാർഗങ്ങളും സമൂഹത്തെ നയിക്കാനും ആത്മാവിനെ സ്വീകരിക്കാനും ഉതകുന്ന ആധ്യാത്മിക നടപടികളെ സംബന്ധിച്ചുള്ള കാര്യങ്ങളും വിവരിച്ചു കൊടുക്കണമെന്ന് ചില സന്യാസികൾ ആവശ്യപ്പെട്ടു. അവർക്കു മറുപടിയായി 390-നു ശേഷം എഴുതിയതാണിത്. പിൽക്കാല സന്യാസത്തിൽ ഈ കൃതി വലിയ സ്വാധീനം ചെലുത്തി.

(5) *ദെ കാസ്തിഗാസ്യോണെ*: ഗ്രിഗറിയുടെ ആധ്യാത്മികോപദേശം കേട്ട് രോഷാകുലരായി ചിലർ സഭയിൽ നിന്നു പിന്മാറി. അവരെ അഭിസംബോധന ചെയ്ത് എഴുതിയ ചെറിയൊരു കൃതിയാണിത്.

(6) മക്രീനയുടെ ജീവചരിത്രം: മക്രീനാ 379-ൽ മരിച്ചു. അധികം താമസിയാതെ ഗ്രിഗറി അവളുടെ ജീവചരിത്രം എഴുതി. ആധ്യാത്മിക ജീവിതത്തിൽ പുരോഗമിച്ചവരുടെ ജീവിതമാതൃക പിറകെ വരുന്നവർക്ക് പ്രചോദനം നൽകുമെന്ന ഉറപ്പിലാണ് ഇതെഴുതിയത്. അതുപോലെ, യഥാർഥ ജ്ഞാനത്തിൽ പുരോഗമിച്ച മക്രീനയുടെ ജീവചരിത്രം വിസ്മൃതിയിൽ ആണ്ടുപോകുന്നത് ശരിയുമല്ല. ബേസിലിനെയും ഗ്രിഗറിയെയും ദൈവിക ജീവിതത്തിലേക്ക് കൈപിടിച്ചു നടത്തിയത് മക്രീനയാണെന്ന് ഗ്രിഗറി പറയുന്നു.

**4. പ്രസംഗങ്ങളും കത്തുകളും**

(1) ആരാധനക്രമ സംബന്ധമായവ: ആണ്ടുവട്ടത്തെ പ്രധാന പെരുന്നാളുകൾക്കു വേണ്ടിയുള്ളവയാണിവ.

(2) രക്തസാക്ഷികളുടെയും വിശുദ്ധരുടെയും സ്തുതിപ്പുകൾ: 386 ഡിസംബർ 26-ന് സ്റ്റീഫനെപ്പറ്റി ഒരു പ്രസംഗം നടത്തി. ഇതിൽ പരിശുദ്ധാത്മാവിന്റെ ദൈവത്വം ചർച്ച ചെയ്യുന്നു. സ്റ്റീഫൻ മരിച്ച അവസരം പിതാവിനെയും പുത്രനെയും മാത്രമേ കണ്ടുള്ളു, പരിശുദ്ധാത്മാവിനെ കണ്ടില്ല എന്ന ചിലരുടെ ആരോപണം അടിസ്ഥാന രഹിതമാണെന്ന് തെളിയിക്കുന്നു. അതിനടുത്ത ദിവസം ചെയ്ത രണ്ടാം പ്രസംഗം ആരിയർക്കെതിരെ പുത്രന്റെ ദൈവത്വം ആവർത്തിച്ചുറപ്പിക്കുന്നു. അത്ഭുതപ്രവർത്തകനായ ഗ്രിഗറിയെ സ്തുതിച്ചുകൊണ്ട് ഒരുനീണ്ട പ്രസംഗമുണ്ട്. തത്വശാസ്ത്രത്തിലും സഭാശാസ്ത്രത്തിലും പ്രഭാഷണകലയിലുമുള്ള അദ്ദേഹത്തിന്റെ കഴിവുകൾ എടുത്തു കാട്ടുകയും അദ്ദേഹത്തെ മോശയുമായി താരതമ്യപ്പെടുത്തുകയും ചെയ്യുന്നു. രക്തസാക്ഷിയായ തിയഡോറിനെ സ്തുതിച്ചു കൊണ്ടുള്ളതാണ് മറ്റൊന്ന്. തിയഡോർ മരിച്ച എവുക്കേയ്താ എന്ന സ്ഥലത്തു വച്ച് 381 ഫെബ്രുവരി 7-ന് ചെയ്തതാണ് ഈ പ്രസംഗം. സെബസ്തെയിലെ 40 രക്തസാക്ഷികളെ കുറിച്ച് മൂന്നു പ്രസംഗങ്ങളുണ്ട്. ആദ്യത്തെ രണ്ടെണ്ണം 383 മാർച്ച് 9-നും 10-നും സെബസ്തെയിൽ വച്ചും മൂന്നാമത്തേത് കേസറിയായിൽ വച്ച് 379 മാർച്ച് 9-നും നടന്നു.



(3) ചരമപ്രസംഗങ്ങൾ: മൂന്ന് ചരമപ്രസംഗങ്ങൾ അറിയപ്പെടുന്നു. മൂന്നും കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് നടത്തിയവയാണ്: അന്ത്യോക്യൻ മെത്രാനായ മെലേഷ്യസ് 381 മെയ് മാസത്തിൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ സിനഡിൽ വച്ചു മരിച്ചപ്പോൾ, തിയഡോഷ്യസ് ചക്രവർത്തിയുടെ ഏകമകളായ പുൾക്കേറിയ 385-ൽ പെട്ടെന്ന് മരിച്ചപ്പോൾ, തിയഡോഷ്യസിന്റെ ഭാര്യ ഫ്ളാച്ചില്ല 385 സെപ്തംബറിൽ മരിച്ചപ്പോൾ. ബേസിലിന്റെ ചരമവാർഷികത്തിൽ ചെയ്ത ഒരു പ്രസംഗവുമുണ്ട്. ബേസിലിന്റെ ഓർമ ജനുവരി ഒന്നാം തീയതി നടത്തണമെന്ന ഉദ്ദേശ്യമായിരുന്നു ഗ്രിഗറിക്ക്. അതുപോലെ മാർ അപ്രേമിനെ സ്തുതിച്ചുകൊണ്ട് ഒരു പ്രസംഗം ചെയ്തു. ബേസിലുമായി അപ്രേമിനെ അദ്ദേഹം താരതമ്യപ്പെടുത്തുന്നു.

(4) സാന്മാർഗിക പ്രസംഗങ്ങൾ: പ്രഭാഷണകലയുടെ കെട്ടും മട്ടുമൊന്നും കൂടാതെ തികച്ചും സ്വാഭാവികമായി ചെയ്തവയാണ് ഈ പ്രസംഗങ്ങൾ. അവ വിവിധ സാന്മാർഗിക വിഷയങ്ങൾ ചർച്ച ചെയ്യുന്നു.

(5) താത്വിക പ്രസംഗങ്ങൾ: അറിയപ്പെടുന്ന രണ്ട് പ്രസംഗങ്ങളാണുള്ളത്. ഒന്ന് 383 മെയ് മാസത്തിൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ സിനഡിൽ ചെയ്ത പ്രസംഗമാണ്. പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വം സംബന്ധിച്ച പ്രസംഗം. തന്റെ കാലത്തെ പാഷണ്ഡികളെ പൗലോസിന്റെ കാലത്തെ സ്റ്റോയിക്കുകളോടും എപ്പിക്കൂരിയന്മാരോടും അദ്ദേഹം ഉപമിക്കുന്നു. ത്രിത്വസംബന്ധമായി അവർക്കുള്ള അബദ്ധാഭിപ്രായങ്ങളെ ഖണ്ഡിക്കുകയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വം

ആവർത്തിച്ചുറപ്പിക്കുയും ചെയ്യുന്നു. ഗ്രീക്കുസഭയിലെ എഴുത്തുകാർ ഇതിനെ വളരെയധികം മാനിച്ചിരുന്നു. മറ്റൊന്ന് ചെറിയൊരു പ്രസംഗമാണ്: *ഇൻ സുവാം ഓർദിനാസ്യോണെ* എന്നറിയപ്പെടുന്ന ഈ പ്രസംഗം മിക്കവാറും 381 മെയ് മാസത്തിൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ സിനഡിൽ ചെയ്ത പ്രസംഗമാകാം. എന്നാൽ ചിലർ ഇത് 394-ലെ സിനഡിലേതാകാമെന്ന് അഭിപ്രായപ്പെടുന്നു. സിനഡിന്റെ വിഷയങ്ങൾ തന്നെയാണ് ഇതിൽ പ്രതിപാദിക്കുന്നത്. *പ്നെവുമാതോമാകി* എന്ന അബദ്ധോപദേശകരെപ്പറ്റിയും സൂചിപ്പിക്കുന്നു.

(6) കത്തുകൾ: പുതിയ പതിപ്പുകളിൽ 30 കത്തുകളുണ്ട്. ഗ്രിഗറിയുടെ വ്യാപകമായ താൽപര്യങ്ങളിലേക്കും ബന്ധങ്ങളിലേക്കും വെളിച്ചം വീശുന്നവയാണവ. സാമുഹ്യബന്ധങ്ങളെപ്പറ്റിയുള്ള കത്തുകളുണ്ട്. ആളുകളെ പരിചയപ്പെടുത്തിക്കൊണ്ടുള്ളതും ശുപാർശ ചെയ്തു കൊണ്ടുള്ളതും ദൈവശാസ്ത്രപരവുമാണ് ചില കത്തുകൾ.

## ദൈവശാസ്ത്രം

ഒരിജനുശേഷം ക്രിസ്തീയവിശ്വാസം സമ്യക്കായും ക്രമാനുഗതമായും വരച്ചുകാട്ടിയത് ഗ്രിഗറിയാണ്. ദൈവശാസ്ത്രത്തിന്റെ വളർച്ചയ്ക്കുതകുന്ന ചിന്താസരണി തുറന്നതും അതിലൂടെ ബഹുദൂരം സഞ്ചരിച്ചതും അദ്ദേഹത്തിന്റെ നേട്ടമാണ്. ഇക്കാര്യത്തിൽ അദ്ദേഹം ബേസിലിനെയും ഗ്രിഗറി നസ്യാൻസനെയും പിന്നിലാക്കി.

### 1. തത്വശാസ്ത്രവും ദൈവശാസ്ത്രവും

വിശ്വാസ സത്യങ്ങൾ മനസിലാക്കാൻ നാലാം നൂറ്റാണ്ടിലെ മറ്റേതൊരു സഭാപിതാവിനെക്കാളും കൂടുതലായി ഗ്രിഗറി തത്വശാസ്ത്രം ഉപയോഗപ്പെടുത്തി. ഉത്തമഗീതത്തിലെ വധുവിനോടാണ് തത്വശാസ്ത്രത്തെ അദ്ദേഹം താരതമ്യപ്പെടുത്തുന്നത്. എന്നാൽ ഗ്രീക്കു തത്വശാസ്ത്രത്തിന്റെ വഴിപിഴച്ച പോക്കിനെ അദ്ദേഹം വിമർശിക്കുകയും ചെയ്യുന്നു. മിസ്രേം രാജാവിന്റെ സന്താനമില്ലാത്ത പുത്രിയോടാണ് ഇത്തരം തത്വശാസ്ത്രത്തെ അദ്ദേഹം ഉപമിക്കുന്നത്. ഗ്രീക്കു വിജ്ഞാനം സമചിത്തതയോടുകൂടി ഉപയോഗിക്കണം. സുകൃതസമ്പാദനത്തിന് ഉതകുന്ന പലതും അതിലുണ്ട്. ഇക്കാര്യത്തിൽ അദ്ദേഹം ഒരിജന്റെ ശിഷ്യനായിരുന്നു. എന്നാൽ തത്വശാസ്ത്രത്തെ അദ്ദേഹം അന്തിമവാക്കായി കരുതിയില്ല: ''നമുക്കിഷ്ടമുള്ളതെന്തും നമുക്കു പറയാനാകില്ല. വേദപുസ്തകമാണ് നമ്മുടെ അളവുകോലും നിയമവും. അതുമായി യോജിക്കുന്നവ മാത്രമേ നാം അംഗീകരിക്കുന്നുള്ളു'' എന്ന് അദ്ദേഹം ഒരിടത്ത് പറയുന്നു. ചിന്തയുടെ വഴികാട്ടിയും സത്യത്തിന്റെ മാനദണ്ഡവും ദൈവവചനമാണ്. പ്ലേറ്റോയും പ്ലൊതീനുസും ഗ്രിഗറിയെ സ്വാധീനിച്ചിട്ടുണ്ട്.



നാലാം നൂറ്റാണ്ടായപ്പോഴേക്കും ഇവരുടെ ചിന്തകൾ പലതും പൊതുപഠനങ്ങളുടെ ഭാഗമായി തീർന്നിരുന്നു.

### 2. ത്രിത്വം

ദൈവത്തിന്റെ ഏകത്വവും ത്രിത്വവും അപഗ്രഥിക്കാൻ പല കൃതികളിലും അദ്ദേഹം ശ്രമിക്കുന്നു. ദൈവത്തിലുള്ള ത്രിത്വം പരസ്പര ബന്ധത്തിൽ നിന്ന് ഉടലെടുക്കുന്നതാണ്. അതുകൊണ്ട് ത്രിത്വത്തിനു പുറത്തുള്ള പ്രവർത്തനങ്ങളെല്ലാം ഏകദൈവത്തിന്റെ പ്രവർത്തനങ്ങളാണ്. അതുപോലെ ക്രിസ്തുവിലെ രണ്ടു സ്വഭാവങ്ങളും ഏകവ്യക്തിയിൽ സ്ഥിതിചെയ്യുന്നു. പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വം മറ്റ് കപ്പഡോഷ്യൻ പിതാക്കന്മാരോടൊപ്പം വിശകലനം ചെയ്തതിൽ അദ്ദേഹത്തിന്റെ പങ്ക് നിസ്സീമമാണ്.

### 3. കന്യകമറിയം

ദൈവപുത്രൻ കന്യകയിൽ നിന്ന് ശരീരമെടുത്ത് മനുഷ്യനായി. അവനിൽ മനുഷ്യാത്മാവും മാനുഷിക ഇച്ഛയുമുണ്ട്. കന്യകയെ ദൈവമാതാവ് (*തെയൊതോക്കോസ്*) എന്ന് അഞ്ചു പ്രാവശ്യം വിളിക്കുന്നു. ''കന്യകയുടെ കന്യാത്വം മരണശക്തിയെ തകർത്തു. അവളുടെ കന്യാത്വഫലത്തിൽ തട്ടി മരണം തകർന്നടിഞ്ഞു. അവൾ എന്നും കന്യകയായിരുന്നു. അവളുടെ കന്യാത്വമുദ്ര ഭഞ്ജിക്കാതെ ദൈവപുത്രൻ അവളിൽ നിന്ന് പിറന്നു'' (കന്യാത്വം, 13-19).

### 4. കാലാന്ത്യം

കാലാന്ത്യം സംബന്ധിച്ച ഒരിജന്റെ പല ആശയങ്ങളും ഗ്രിഗറി സ്വീകരിച്ചിട്ടുണ്ട്. നിത്യമായി ദൈവത്തിൽ നിന്ന് അകന്നിരിക്കുന്ന അവസ്ഥയെപ്പറ്റി ചിന്തിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. കാലാന്ത്യത്തിൽ എല്ലാം തിരികെ എടുക്കപ്പെടുമെന്നും നന്മ പൂർണമായി വിജയിക്കുമെന്നും അദ്ദേഹം കരുതുന്നു. ഇതോടുകൂടി രക്ഷാകരചരിത്രം പൂർണതയിലെത്തുമെന്നും സമസ്ത ജീവികളും ദൈവത്തിന് ഒരു കൃതജ്ഞതാസ്തോത്രം ആലപിക്കുമെന്നും തിന്മയുടെ ഉറവിടത്തെ തന്നെ സുഖപ്പെടുത്തുമെന്നും അദ്ദേഹം പറയുന്നു. എന്നാൽ ഒരിജനിസം എന്നറിയപ്പെടുന്ന അബദ്ധോപദേശങ്ങൾ അദ്ദേഹം സ്വീകരിക്കുന്നില്ല. അതായത് ആത്മാക്കളുടെ മുൻ അസ്തിത്വം, ആത്മാക്കൾ ശിക്ഷയേറ്റ് ശരീരമാകുന്ന തടവറയിലേക്ക് വരുന്നു എന്ന ആശയം, പുനരാഗമനം ചെയ്തു കൊണ്ടിരിക്കുന്ന ലോകങ്ങളുടെ ഒരു ഭാഗം മാത്രമാണ് ഈ ലോകവും ഇതിന്റെ അന്ത്യവും എന്നു തുടങ്ങിയ ചിന്തകളൊക്കെ അദ്ദേഹം തള്ളിക്കളയുന്നു.

### മിസ്റ്റിസിസം

ഗ്രിഗറിയുടെ ബൗദ്ധിക നേട്ടങ്ങൾ അതിന്റെ അത്യുച്ചകോടിയിൽ എത്തുന്നത് മിസ്റ്റിസിസത്തിലും മിസ്റ്റിക്കൽ ദൈവശാസ്ത്രത്തിലുമാണ്. ക്രിസ്തീയ മിസ്റ്റിസിസം വളർത്തിയെടുക്കാൻ അദ്ദേഹം നല്ല പങ്ക് വഹിച്ചു. ഗ്രീക്ക് താത്വികരുടെ പല മിസ്റ്റിക്കൽ ചിന്തകളും ഗ്രിഗറിയിൽ കൂടി പിൽക്കാല ബിസന്റയിൻ മിസ്റ്റിക്കുകളിൽ എത്തുന്നു. പിൽക്കാല മിസ്റ്റിക്കുകളിൽ മിക്കവരും ഗ്രിഗറിയിൽ നിന്ന് സ്വാധീനം സ്വീകരിച്ചവരാണ്.

#### (1) മനുഷ്യനിലുള്ള ദൈവച്ഛായ

ഗ്രിഗറിയുടെ ഒരടിസ്ഥാനാശയമാണിത്. ദൈവദർശനത്തിന്റെയും മിസ്റ്റിക്കൽ കയറ്റത്തിന്റെയും അടിസ്ഥാനമായി ഈ ദൈവഛായയെ അദ്ദേഹം കാണുന്നു. മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്. അവൻ പ്രപഞ്ചത്തെ തന്നിൽ ഒളിക്കുന്നു. പ്രപഞ്ചത്തിൽ കാണുന്ന ക്രമവും താളലയവും മനുഷ്യനിൽ കാണുന്നു. എന്നാൽ മനുഷ്യന്റെ മഹത്വം പ്രപഞ്ചവുമായുള്ള സാധർമ്യത്തിലല്ല. പ്രത്യുത അവനിലുള്ള ദൈവഛായയിലാണ് (മനുഷ്യസൃഷ്ടി, 16). മനുഷ്യൻ തന്റെ ആത്മാവുവഴി സ്രഷ്ടാവിന്റെ ഛായയാണ്. ഈ ആത്മാവു വഴി അവൻ ബുദ്ധിയും ഇഛാശക്തിയും ഉള്ളവനാകുന്നു. അവനിൽ ദൈവിക കൃപാവരം വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. മനുഷ്യനിൽ ഈ ദൈവികഛായ ബൗദ്ധിക ഭാഗത്താണെന്ന് ക്ലെമെന്റും ഒരിജനും പറയുന്നു. സ്വതന്ത്ര മനസിലാണ് ഐറേനിയസ് ഈ ഛായ കാണുക. അത് *നൂസിലും ഔട്ടെക്സൂസിലും അരേതേയിലും* ആണെന്ന് ഗ്രിഗറി അഭിപ്രായപ്പെടുന്നു. ഈ ദൈവികഛായ നിമിത്തം മനുഷ്യൻ പ്രപഞ്ചത്തിലെ ഒന്നാമത്തെ അത്ഭുതമായിത്തീരുന്നു.

#### (2) ദൈവദർശനം

ദൈവഛായ നിമിത്തം മനുഷ്യൻ ദൈവത്തിന്റെ ബന്ധുവും അവനെ അറിയാൻ കഴിവുറ്റവനും ആയിത്തീരുന്നു. നമ്മുടെ ആത്മാവിന് ദൈവത്തോടുള്ള സാധർമ്യമാണ് ദൈവത്തെ അറിയാനുള്ള കഴിവ് നമുക്ക് നേടിത്തരുന്നത്. സമഭാവങ്ങൾ പരസ്പരം അറിയുന്നു എന്ന് പിത്തഗോറസ് ആദ്യമായി ചൂണ്ടിക്കാട്ടി. എമ്പദോക്ലസ് അതിനു കൃത്യരൂപം നൽകി. പ്ലേറ്റോയുടെ കാലത്ത് അത് ഒരു സാമാന്യ തത്വമായിത്തീർന്നു. ദിവ്യത്വം ദിവ്യത്വം കൊണ്ടേ അറിയാൻ സാധിക്കൂ എന്ന തത്വത്തിൽ ഇത് നെയോപ്ലറ്റോണിക് ചിന്തയിലും സ്ഥാനം പിടിച്ചു. ഗ്രിഗറി ഇതാവർത്തിച്ചു. കണ്ണിന് പ്രകാശരശ്മികൾ സ്വീകരിക്കാൻ കഴിവുണ്ട്. കാരണം, പ്രകാശം അതിന്റെ സ്വഭാവത്തിന്റെ ഭാഗമാണ്. അതുപോലെ മനുഷ്യന് ദൈവത്തെ കാണാം. കാരണം, അവനിലൊരു ദൈവിക ഘടകമുണ്ട്. മനുഷ്യബുദ്ധിയിലുള്ള കുറവ് തീർക്കാൻ ഈ ദിവ്യദർശനം സഹായിക്കുന്നു. സ്വർഗീയദർശനത്തിന്റെ ഒരു മുന്നാസ്വാദനമാണ് മിസ്റ്റിക് ദർശനം. ശ്രേഷ്ഠമായ സൗന്ദര്യത്തിന്റെ ഏറ്റവും പരിപൂർണമായ ദർശന സാധ്യത ഇവിടെയാണ്. ഈ ഭൂമിയിൽ വച്ച് മനുഷ്യൻ തന്നിൽ നിന്ന് പുറത്തു കടക്കുന്ന ഘട്ടമെന്ന് ഇതിനെ വിളിക്കാം. നന്നായി ഒരുങ്ങി കറകൾ നീങ്ങിയവർക്ക് ദൈവം പ്രത്യേകമായി ഈ ദാനം നൽകുന്നു.



#### (3) മിസ്റ്റിക് കയറ്റം

പ്രലോഭനങ്ങളുമായി നിരന്തരം പടപൊരുതണം. വികാരരാഹിത്യം (*അപ്പതെയ്യാ*) എന്ന അവസ്ഥയിലെത്തണം. അപ്പോൾ മിസ്റ്റിക് കയറ്റം ആരംഭിക്കുകയായി. തിന്മകളിൽ നിന്ന് ഓടിയകന്ന് ദൈവഛായ പൂർണമാക്കാൻ പരിശ്രമിക്കണം. ദൈവത്തെപ്പോലെ ആകുക എന്നാൽ നീതിമാനാകുക, വിശുദ്ധനാകുക, നല്ലവനാകുക, അതുപോലെ മറ്റു കാര്യങ്ങളിലും ആയിരിക്കുക എന്നാണർഥം. കഴിവനുസരിച്ച് ഈ സുകൃതങ്ങളിൽ വ്യാപരിക്കുന്നവർ വൈഷമ്യം കൂടാതെ ഈ ഭൗമിക ജീവിതത്തിൽനിന്ന് സ്വർഗീയ ജീവിതത്തിലെത്തും. ദൈവവും മനുഷ്യനും തമ്മിലുള്ള അകലം സ്ഥാനികമല്ല. ദൈവിക ഗുണമുള്ളവരായി ദൈവത്തെ തെരഞ്ഞെടുക്കുമ്പോൾ, നാം സ്വർഗത്തിലാണ്. അവിടുന്ന് സ്വർഗത്തിലാണ്. അവനെ പ്രാപിക്കാൻ നിരന്തരം പരിശ്രമിക്കണം. മിസ്റ്റിസിസം വഴി, കറതീർന്ന മനുഷ്യജീവിതം വഴി, നിരന്തരം സ്വർഗത്തിൽ ആയിരിക്കാൻ നമുക്കു സാധിക്കും. സ്വർഗം ഇവിടെ ഉദിച്ചു പ്രകാശിക്കുകയായി.

## അധ്യായം 15

# ദിദീമുസ് (313-398)

അത്തനാസ്യോസിനുശേഷം ഈജിപ്തിലെ സഭയിൽ ജീവിച്ചിരുന്ന പ്രസിദ്ധരായ മൂന്ന് സഭാനേതാക്കന്മാരിൽ ഒരാളാണ് ദിദീമുസ്. മറ്റു രണ്ടു പേർ വി. തെയോഫിലസും വി. സിറിലുമാണ്. നാലാം വയസ്സിൽ കാഴ്ച നഷ്ടപ്പെട്ട ദിദീമുസ് അന്ധൻ എന്നറിയപ്പെട്ടു (പല്ലാഡിയൂസ്, ലൗസിയാക് ചരിത്രം, 4). ജീവിതകാലം മുഴുവൻ അന്ധനായിരുന്നിട്ടും അദ്ദേഹം സമ്പാദിച്ച വിജ്ഞാനം, അതും കലാലയങ്ങളിൽ കയറിയിറങ്ങാതെ നേടിയത്, അദ്ദേഹത്തെ വിഖ്യാതനാക്കി. ഒരു വിജ്ഞാനകോശമായിരുന്നു അദ്ദേഹം. തന്റെ കാലത്തുണ്ടായിരുന്ന ദൈവശാസ്ത്ര തർക്കങ്ങളിൽ നിന്ന് അദ്ദേഹം അകന്നു ജീവിച്ചു. എന്നാൽ സമകാലീന ചിന്താലോകത്ത് അദ്ദേഹത്തിന്റെ സ്വാധീനം ദൃശ്യമായിരുന്നു. അത്തനാസ്യോസ് ദിദീമുസിനെ അലക്സാണ്ഡ്രിയൻ കലാലയത്തിന്റെ അധിപനായി നിയമിച്ചു (റുഫീനുസ്, സഭാചരിത്രം, 2,7). ആ കലാലയത്തിലെ അവസാനത്തെ പ്രഗത്ഭനായ അധ്യാപകൻ അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ശിഷ്യന്മാർ റുഫീനസും ജറോമും ആണ്. ജറോം ദിദീമുസിനെ തുടരെത്തുടരെ തന്റെ ഗുരുവെന്ന് വിളിക്കുകയും വളരെ പ്രകീർത്തിക്കുകയും ചെയ്യുന്നു (ലേഖ നം.50,1;84,3; ഹോശിയാഭാഷ്യം, ആമുഖം; എഫേസ്യലേഖനഭാഷ്യം, ആമുഖം). റൂഫിനസ് അദ്ദേഹത്തെ പ്രവാചകനെന്നും അപ്പസ്തോലിക മനുഷ്യനെന്നും വിളിക്കുന്നു. വിജ്ഞാനത്തോടൊപ്പം ആധ്യാത്മികതയിലും അദ്ദേഹം ഖ്യാതി നേടി. വലിയ താപസജീവിതം നയിച്ച അദ്ദേഹം 398-ൽ 85-ാം വയസ്സിൽ മരിച്ചു.

### കൃതികൾ

പഴയനിയമവും പുതിയനിയമവും വാക്യാനുവാക്യമെടുത്ത് ഏറ്റവും കൃത്യമായി ദിദീമുസ് വ്യാഖ്യാനിച്ചു; തന്റെ മുൻഗാമികളുടെ അറിവിനെയെല്ലാം ഉല്ലംഘിച്ചുകൊണ്ട് ഒന്നാംനിരയിൽ തന്നെ അദ്ദേഹം എത്തി. ഈ സംഗതി സമകാലീനരിൽ വലിയ അത്ഭുതവും അദ്ദേഹത്തെപ്പറ്റി വലിയ



മതിപ്പും ഉളവാക്കി (പല്ലാഡിയസ്, ലൗസിയാക് ചരിത്രം 4). വി.ജറോമിന്റെ സാക്ഷ്യം ഇതോടു യോജിക്കുന്നു. മിക്ക ബൈബിൾ ഗ്രന്ഥങ്ങളുടെയും ഭാഷ്യങ്ങൾക്കു പുറമെ പരിശുദ്ധാത്മാവിനെ സംബന്ധിച്ച്, ആരിയർക്കെതിരെ രണ്ടു ഗ്രന്ഥങ്ങൾ തുടങ്ങി നിരവധി കൃതികൾ അദ്ദേഹം എഴുതി. അവയെപ്പറ്റി വിവരിക്കാൻ തുടങ്ങിയാൽ അതുതന്നെ ഒരു ഗ്രന്ഥമാകുമെന്നാണ് ജറോമിന്റെ പ്രസ്താവന (മഹദ്.109).

എന്നാൽ ഈ അമൂല്യനിക്ഷേപത്തിൽ നിന്ന് വളരെ കുറച്ചേ നമുക്കു കിട്ടിയിട്ടുള്ളു. ഒരിജന്റെ ആരാധകൻ ആയിരുന്നതിനാൽ, ഒരിജന്റെ പേരിലുള്ള തർക്കത്തിനിടയിൽ ദിദീമുസിന്റെ ഗ്രന്ഥങ്ങൾ സംശയിക്കപ്പെടാൻ ഇടയാകുകയും അപ്രത്യക്ഷമാകുകയും ചെയ്തു. ഒരിജന്റെ ആദ്യതത്വങ്ങൾ എന്ന കൃതി മുഴുവൻ അപ്പാടെ സ്വീകാര്യമാണെന്ന് ദിദീമുസ് വാദിച്ചു. തൽഫലമായി ചില അബദ്ധാഭിപ്രായങ്ങളുടെ വക്താവായി മുദ്രയടിക്കപ്പെട്ട ദിദീമുസ് സാവധാനം അപ്രത്യക്ഷനായിക്കൊണ്ടിരുന്നു.

#### 1. ത്രിത്വത്തെപ്പറ്റി

ത്രിത്വത്തെപ്പറ്റി 381-നും 392-നും ഇടയ്ക്ക് അദ്ദേഹം രചിച്ച മൂന്ന് ഗ്രന്ഥങ്ങൾ നമുക്ക് കിട്ടിയിട്ടുണ്ട്. ഇതിൽ ഒരിജനിസ്റ്റ് ചായ്വുകളൊന്നുമില്ല. ജറോം പറയുന്നു: "നിശ്ചയമായും ത്രിത്വത്തിൽ അദ്ദേഹം കത്തോലിക്കനാണ്." ത്രിത്വത്തെപ്പറ്റി അത്തനാസ്യോസിനുള്ള അഭിപ്രായം തന്നെയാണ് ഇതിൽ ദിദീമുസിനുള്ളത്. ഒന്നാംപുസ്തകം പുത്രനെപ്പറ്റി; രണ്ടാമത്തേത് പരിശുദ്ധാത്മാവിനെപ്പറ്റി; മൂന്നാമത്തേത് രണ്ടിന്റേയും ചുരുക്കം. എതിരാളികൾ പാദമൂന്നിയിരിക്കുന്ന ചില വേദപുസ്തക ഭാഗങ്ങളുടെ വിശകലനം, മൂന്ന് ദൈവിക ആളുകൾ തമ്മിലുള്ള ഐക്യം എന്നിവ ഇതിൽ ചർച്ച ചെയ്യുന്നു. ആരിയൻ, മാസിഡോണിയൻ തടസ്സവാദങ്ങളെല്ലാം ഖണ്ഡിക്കുന്നു.

#### 2. പരിശുദ്ധാത്മാവനെപ്പറ്റി

ത്രിത്വത്തെപ്പറ്റിയുള്ള കൃതിയിൽ രണ്ടു പ്രാവശ്യം (3;16,11) ഇതേപ്പറ്റി ദിദീമുസ് പരാമർശിക്കുന്നു. ഗ്രീക്കിലുള്ള മൂലകൃതി നഷ്ടപ്പെട്ടു. ഡമാസൂസ് പാപ്പായുടെ നിർദ്ദേശാനുസരണം ജറോം 384-നും 392-നും ഇടയ്ക്ക് ഒരു ലത്തീൻ വിവർത്തനം ഉണ്ടാക്കി. വി.അംബ്രോസ് 381-ൽ പരിശുദ്ധാത്മാവിനെപ്പറ്റി എന്ന കൃതി എഴുതാൻ ഇതിന്റെ ഗ്രീക്ക് ഉപയോഗിച്ചു. നാലാം നൂറ്റാണ്ടിൽ പരിശുദ്ധാത്മാവിനെപ്പറ്റി എഴുതിയ ഏറ്റവും ഉത്തമഗ്രന്ഥം ദിദീമുസിന്റേതാണ്. പരിശുദ്ധാത്മാവിന്റെ ദൈവത്വം, സമസത്ത എന്നിവ വ്യക്തമായി പഠിപ്പിക്കുന്നു.

#### 3. മനിക്കേയർക്കെതിരെ

ഈ ഗ്രന്ഥം ഗ്രീക്കിൽ ലഭിച്ചിട്ടുണ്ട്. വലിയ ഒരു കൃതിയുടെ ഭാഗമാണ് 18 ചെറിയ അധ്യായങ്ങളുള്ള ഇതെന്ന് ചിലർ സംശയിക്കുന്നു.

**4. നഷ്ടപ്പെട്ട താത്വികകൃതികൾ**

(1) ഡോഗ്മാകളെക്കുറിച്ചും ആരിയർക്കെതിരെയും: ത്രിത്വത്തെപ്പറ്റിയുള്ള കൃതിയിൽ 14 പ്രാവശ്യം *ആദ്യവചനം (പ്രോതോസ് ലോഗോസ്)* എന്ന തന്റെ കൃതിയെപ്പറ്റി ദിദീമൂസ് പരാമർശിക്കുന്നു. ഇത് നഷ്ടപ്പെട്ടു എന്നു കരുതപ്പെട്ടിരുന്നു. എന്നാൽ ജറോം പരാമർശിക്കുന്ന (മഹദ്. 109) *ദെ ഡോഗ്മാതിബൂസ് എത് കോന്ത്രാ അറിയാനോസ്* എന്ന കൃതി ഇതുതന്നെ ആണെന്നാണ് പണ്ഡിതമതം. ബേസിലിന്റെ *എവുണോമിയസിനെതിരെ* എന്ന കൃതിയുടെ അനുബന്ധമായി ചേർത്തിരിക്കുന്ന നാലും അഞ്ചും കൃതികൾ ജറോം പരാമർശിക്കുന്ന രണ്ടു കൃതികൾ തന്നെയാണ്. ത്രിത്വത്തെപ്പറ്റിയുള്ള കൃതിയിലെ പരാമർശങ്ങൾ മേൽപറഞ്ഞ അനുബന്ധങ്ങളുമായി ഒത്തുപോകുന്നവയാണ്. (2) പാഷണ്ഡികളെപ്പറ്റിയുള്ള വാല്യം: പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള തന്റെ കൃതിയിൽ (5,20) ഉള്ള പരാമർശമൊഴിച്ച് മറ്റൊന്നും ഇതേപറ്റി നമുക്കറിയില്ല. (3) ഒരിജന്റെ ന്യായീകരണം: ഒരിജന്റെ ആദ്യതത്വങ്ങളെ ന്യായീകരിച്ചുകൊണ്ട് അദ്ദേഹം ഒരു ഗ്രന്ഥമെഴുതിയെന്ന് സൊക്രാട്ടസ് സാക്ഷിക്കുന്നു (സഭാ.4,25). ഒരിജനെ മനസിലാക്കാൻ കഴിവില്ലാത്ത സാധാരണക്കാർ അദ്ദേഹത്തെ തെറ്റിദ്ധരിച്ചു. അപ്പോൾ ഒരിജന് ഒരു ഓർത്തഡോക്സ് ഭാഷ്യം നൽകാൻ ദിദീമൂസ് ശ്രമിച്ചു. എന്നാൽ അതോടൊപ്പം ഒരിജന്റെ ചില തെറ്റുകളും സ്വീകരിച്ചു. മാലാഖമാരുടെ പാപം, ആത്മാക്കളുടെ മുൻ അസ്തിത്വം, *അപ്പൊകതാസ്തസിസ്* എന്നീ ഒരിജനിസ്റ്റ് വീക്ഷണങ്ങൾ ദിദീമുസിനും ഉണ്ടായിരുന്നു എന്ന് ജറോം പറയുന്നു (റൂഫീനസിനെതിരെ,1,6;2,16). (4) താത്വികന്, ശരീര രാഹിത്യത്തെപ്പറ്റി, എന്നിങ്ങനെ രണ്ട് കൃതികളെപ്പറ്റി വി.ജോൺ ഡമഷേൻ സൂചിപ്പിക്കുന്നു. (5) ദിദീമൂസിന്റേതായി മറ്റു ചില കൃതികൾ കൂടി അറിയപ്പെടുന്നു. മറ്റ് സഭാപിതാക്കന്മാരുടെ കൃതികളുടെ കൂടെ കാണപ്പെടുന്ന ഇവയെപ്പറ്റി അന്തിമാഭിപ്രായം പറയാൻ സാധ്യമല്ല.

**5. ഭാഷ്യകൃതികൾ**

പഴയനിയമത്തിലെയും പുതിയനിയമത്തിലെയും നിരവധി ഗ്രന്ഥങ്ങൾക്ക് ദിദീമുസ് ഭാഷ്യങ്ങളെഴുതി. പലതിനെപ്പറ്റിയും ഉള്ള പരാമർശങ്ങൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു. ഒരിജന്റെയും അലക്സാണ്ഡ്രിയൻ വിദ്യാപാഠശാലയുടെയും ഭാഷ്യരീതിയിൽ തന്നെയാണ് അദ്ദേഹവും ഭാഷ്യരചന നടത്തിയത്.

## ദൈവശാസ്ത്രം

ദൈവശാസ്ത്ര വികസനചരിത്രം പഠിക്കാൻ ദിദീമൂസ് വളരെ സഹായകമാണ്; അവശ്യാവശ്യവുമാണ്. അത്തനാസ്യോസിനും കപ്പഡോഷ്യൻ



പിതാക്കന്മാർക്കുമിടയ്ക്ക് അദ്ദേഹം വർത്തിക്കുന്നു. ക്ലെമെന്റ്, ഒരിജൻ ആദിയായവരുടെ ഭാഷാശൈലി ദിദീമുസിന്റെ ചിന്തയിലൂടെ വി.സിറിലിലെത്തുന്നതും വളരെ പ്രാധാന്യമർഹിക്കുന്നു. ദിദീമുസിന്റെ കൃതികളൊക്കെ അലക്സാണ്ഡ്രിയൻ കലാലയത്തിൽ എടുത്ത ക്ലാസുകളുടെ നോട്ടുകളാണ്. അവ അനേകരിൽ അക്കാലത്തും പിന്നീടും വലിയ സ്വാധീനം ചെലുത്തി.

**1. ത്രിത്വം**

ത്രിത്വത്തിന്റെ ദൈവശാസ്ത്രജ്ഞനാണ് ദിദീമുസ്. അദ്ദേഹത്തിന്റെ പ്രധാന ശൈലിയായിരുന്നു, *മിയാ ഉസിയാ-ത്രെയിസ് ഹുപൊസ്തസെയിസ്* (ഒരു സത്ത, മൂന്നാളുകൾ) എന്നത്. അത്തനാസ്യോസ് ഈ ഫോർമുല ഉപയോഗിക്കുന്നില്ല. ആരിയസിനും സബെല്ലിയസിനും എതിരായി 358-ൽ നടന്ന ചർച്ചയിലാണ് ആദ്യമായി ഈ ഫോർമുല കാണുന്നത്. ത്രിത്വത്തിന് ഏകസത്തയും ഏകപ്രവർത്തനവുമാണ് (പരിശുദ്ധാത്മാവിനെപ്പറ്റി, 17). പ്രവർത്തനത്തിലുള്ള ഐക്യത്തിൽ നിന്ന് സ്വഭാവത്തിലുള്ള ഐക്യം തെളിയുന്നു (ത്രിത്വം, 2,6,4). പരിപാലനകർമവും മൂന്നാളുകളുടെയും പ്രവൃത്തിയാണ്. ഇത് മാനുഷിക ചിന്തയ്ക്ക് അപ്പുറത്തുള്ള അഗ്രാഹ്യ യാഥാർഥ്യമാണ്.

**2. ക്രിസ്തുശാസ്ത്രം**

അത്തനാസ്യോസിനെപ്പോലെ രക്ഷാകര ശാസ്ത്രത്തിൽ പാദമൂന്നിയല്ല ദിദീമുസിന്റെ ക്രിസ്തുശാസ്ത്രം. ക്രിസ്തുവിന്റെ മനുഷ്യാത്മാവിനുള്ള പ്രാധാന്യത്തെ അദ്ദേഹം ഊന്നിപ്പറയുന്നു. യേശുക്രിസ്തുവിന് മനുഷ്യാത്മാവില്ല എന്ന അബദ്ധചിന്ത അദ്ദേഹം പാടേ തള്ളിക്കളയുന്നു. വചനം മനുഷ്യാത്മാവു വഴി ശരീരവുമായി ബന്ധപ്പെട്ടു എന്ന ചിന്ത വച്ചുപുലർത്തിയ ഒരിജൻ അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ട്. മനുഷ്യാത്മാവില്ലാതെ മാനുഷിക പ്രവർത്തനങ്ങൾ സാധ്യമല്ല. ക്രിസ്തു മാനുഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. അതുകൊണ്ട് മനുഷ്യാത്മാവുണ്ടായിരിക്കണം (ത്രിത്വം, 3.2,27;3.21). വചനവും മനുഷ്യാത്മാവും തമ്മിൽ ക്രിസ്തുവിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അതു നിത്യമായ ബന്ധമാണ്. അത്തനാസ്യോസിനെ സംബന്ധിച്ച് ക്രിസ്തുവിന്റെ ഉയർപ്പ് ശരീരവും വചനവും തമ്മിലുള്ള ബന്ധമാണ്. ദിദീമുസ് പറയുന്നത് ജഡം കബറിലായിരുന്ന മൂന്നു ദിവസങ്ങൾ ക്രിസ്തുവിന്റെ മനുഷ്യാത്മാവ് മൂന്നു രാവും മൂന്നു പകലും പാതാളത്തിലായിരുന്നു. മൂന്നാം നാൾ ഉയർക്കാൻ കാത്തിരുന്നു. ദൈവത്വവും മനുഷ്യത്വവും കൂടിക്കലർന്ന് മൂന്നാമതൊന്നുണ്ടായില്ല. മാറ്റം കൂടാതെയും കലർപ്പു കൂടാതെയും രണ്ടും യോജിച്ചു. ഇതുസ്വഭാവങ്ങൾക്കും മാറ്റം വന്നില്ല (*അത്രെപ്തോസ് അസ്യുങ്കൂതോസ്*). ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്ന് രണ്ടു സ്വഭാവങ്ങളും രണ്ട് ഇച്ഛകളും ഉണ്ട്. രണ്ട് സ്വഭാവം (*ദുവൊ ഫ്യൂസെയിസ്*) എന്ന ഫോർമുല കൃത്യമായി ഉപയോഗിക്കുന്നില്ലെങ്കിലും, ഈ ചിന്താധാരയിൽ

വലിയ മുന്നേറ്റമാണ് അദ്ദേഹത്തിന്റെ ചിന്ത. രണ്ടു സ്വഭാവങ്ങളുണ്ടെങ്കിലും ഒരു വ്യക്തി മാത്രം. പിതാവിൽ നിന്നുള്ള പുത്രൻ ഒരാളും (*അല്ലോസ്*) ജഡമെടുത്ത് ക്രൂശിക്കപ്പെട്ടത് മറ്റൊരാളുമായി (*കായ് അല്ലോസ്*) നാം കരുതുന്നില്ല. (ത്രിത്വം, 3,6; പരിശുദ്ധാ.52).

**3. പരിശുദ്ധാത്മാവ്**

ദിദീമുസ് തന്റെ ത്രിത്വകൃതി രണ്ടാംപുസ്തകത്തിനു പുറമേ പരിശുദ്ധാത്മാവിനെപ്പറ്റിത്തന്നെ ഒരു പ്രത്യേക കൃതി എഴുതി. പരിശുദ്ധാത്മാവിന്റെ ദൈവശാസ്ത്രജ്ഞൻ എന്നും അദ്ദേഹം അറിയപ്പെടുന്നു. പിതാവിൽനിന്ന് പുറപ്പെടുകയും പുത്രനിൽ നിന്നെടുക്കപ്പെടുകയും ചെയ്യുന്ന പരിശുദ്ധാത്മാവിനെപ്പറ്റി സമ്യക്കായി വിവരിച്ചതിന് ഫ്ളോറൻസ് സിനഡ് അദ്ദേഹത്തെ വളരെ പ്രശംസിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവ് സൃഷ്ടിയാണ് എന്ന ആരിയൻ ചിന്തയ്ക്കെതിരെ, അവിടുന്ന് പുത്രനെപ്പോലെ തന്നെ ദൈവമാണെന്ന് തുടർച്ചയായി അദ്ദേഹം പഠിപ്പിക്കുന്നു. വിശുദ്ധീകരണകർമം പരിശുദ്ധാത്മാവിന്റെ കർമം ആയിട്ടാണ് അദ്ദേഹം ചിത്രീകരിക്കുന്നത്. എല്ലാ ദാനങ്ങളുടെയും പൂർണതയാണ് പരിശുദ്ധാത്മാവ്. അവനെ കൂടാതെ ദൈവത്വത്തിൽ നിന്നൊന്നും കൊടുക്കപ്പെടുന്നില്ല. പരിശുദ്ധാത്മാവ് ദൈവമാണെന്ന് മാത്രമല്ല, പിതാവിനു സമനുമാണ്. പരിശുദ്ധാത്മാവ് പിതാവിൽനിന്ന് പുറപ്പെട്ട് പുത്രനിൽ വസിക്കുന്നു (ത്രിത്വം, 1.31). പുത്രന്റെ ഛായയാണ് അവിടുന്ന്; പുത്രൻ പിതാവിന്റെ ഛായയും. പിതാവ് വസിക്കുന്നിടത്ത് പുത്രനും പരിശുദ്ധാത്മാവുമുണ്ട്. മനുഷ്യാത്മാവ് ത്രിത്വത്തിന്റെ വാസകേന്ദ്രമാണ്. മൂന്നുപേരും ഒന്നിച്ചു വസിക്കുന്നു (ത്രിത്വം, 2.10).

**4. സഭ**

യേശുക്രിസ്തു സ്ഥാപിച്ച സഭയിൽ പരിശുദ്ധാത്മാവ് തന്റെ ദാനങ്ങൾ ചിന്തുന്നു. അവിടുന്ന് നദികളിന്മേൽ തന്റെ സഭയെ സ്ഥാപിച്ചു. തന്റെ കല്പനയാൽ പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ ശക്തി നൽകി; ഉറവയിൽ നിന്നെന്നപോലെ ജീവജലത്തിന്റെ നീരുറവയാകുന്ന കൃപകൾ അവനിൽ നിറഞ്ഞൊഴുകുന്നു (സങ്കീർത്തനഭാഷ്യം, 33,4). പരിശുദ്ധാത്മാവുവഴി സഭ എല്ലാവരുടെയും മാതാവായിത്തീരുന്നു. മാമോദീസാത്തൊട്ടിയിൽ കന്യകയായ തന്റെ ഉദരത്തിൽ നിന്ന് അവൾ മക്കളെ പ്രസവിക്കുന്നു. ത്രിത്വത്തിന്റെ മാമോദിസാത്തൊട്ടി, വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടിയുള്ള രക്ഷയുടെ പണിപ്പുരയാണ്. അതിൽ കഴുകപ്പെടുന്നവരെ സർപ്പദംശനത്തിൽ നിന്ന് രക്ഷപെടുത്തുന്നു. കന്യകയായിത്തന്നെ നിന്നുകൊണ്ട്, പരിശുദ്ധാത്മാവ് വഴി അവൾ എല്ലാവരുടെയും മാതാവായിത്തീരുന്നു (ത്രിത്വം, 2,13). ക്രിസ്തുവിന്റെ വധു, ക്രിസ്തുവിന്റെ മൗതികശരീരം, നമ്മുടെ മാതാവ് എന്നിങ്ങനെ അദ്ദേഹം സഭയെ വിളിക്കുന്നു.



**5. ഉത്ഭവപാപവും മാമോദീസായും**

ആദിമാതാപിതാക്കന്മാരുടെ വീഴ്ചയിൽ നിന്നുളവായ പഴയ പാപത്തിൽ നിന്ന് (*പലയ്യാ ഹമർതിയ*) യോർദാനിലെ സ്നാനംവഴി ക്രിസ്തു നമ്മെ രക്ഷിച്ചു (ത്രിത്വം, 2,12). ലൈംഗികവേഴ്ച വഴി ആദ്യപാപം പിൻതലമുറകളിലേക്ക് പകർന്നു. എന്നാൽ കന്യകയിൽ നിന്നുരുവായ ക്രിസ്തുവിനാകട്ടെ ആദ്യപാപം ഇല്ലായിരുന്നു (മനിക്കേയർക്കെതിരെ, 8). മാമോദീസാ, കറകൾ കഴുകുകയും ദത്തെടുക്കുകയും കൃപ നൽകുകയും പൂർണരാക്കുകയും ചെയ്യുന്നു. ഇത് രക്ഷയ്ക്ക് കൂടിയേ തീരൂ (ത്രിത്വം, 2,12). ഇതിന് ഒരേയൊരു അപവാദം മാത്രം: പരിശുദ്ധാത്മാവിന്റെ കർമമായ രക്തസാക്ഷിത്വം. മോണ്ടനിസ്റ്റുകളുടെയും എവുണോമിയരുടേയും സ്നാനം സഭ അംഗീകരിക്കുന്നില്ലെന്ന് അദ്ദേഹം പറയുന്നു (ത്രിത്വം, 2.15).

**6. കന്യകമറിയം**

കന്യകമറിയത്തെ അദ്ദേഹം ദൈവമാതാവ് (*തെയൊതോക്കോസ്*) എന്ന് വിളിക്കുന്നു. അവൾ നിത്യകന്യകയാണ്. പ്രസവത്തിനു മുമ്പും പ്രസവാവസരത്തിലും അതിനു ശേഷവും അവൾ കന്യക തന്നെയായിരുന്നു (ആരിയർക്കെതിരെ,2,70).

**7. മനുഷ്യൻ**

ഒരിജനെപ്പോലെ നെയോ പ്ലറ്റോണിക് ചിന്ത ദിദീമുസിനെയും സ്വാധീനിച്ചിരുന്നു. മനുഷ്യനിൽ ബൗദ്ധികാത്മാവ് (*നൂസ്*) മൃഗീയാത്മാവ് (*പ്സ്യുക്കെ*) ജഡം (*ഫ്യുസിസ്*) എന്നിങ്ങനെ മൂന്ന് ഘടകങ്ങളുണ്ട്. ശരീരവുമായി യോജിക്കുന്നതിനു മുമ്പ് ആത്മാവ് സ്ഥിതിചെയ്തിരുന്നു. അതായത്, ആത്മാക്കളുടെ മുൻ അസ്തിത്വത്തിൽ അദ്ദേഹം വിശ്വസിച്ചിരുന്നു എന്ന് ചിലർ കരുതുന്നു. ചെയ്ത പാപത്തിന് പ്രായശ്ചിത്തമായി അവ ജഡത്തിൽ അടയ്ക്കപ്പെടുന്നു (ത്രിത്വം, 3.1).

**8. കാലാന്ത്യം**

കാലാന്ത്യത്തിൽ ദൈവം എല്ലാം പൂർവസ്ഥിതിയിൽ എത്തിക്കുമെന്ന് അദ്ദേഹം പഠിപ്പിച്ചിരുന്നു എന്ന് ജറോം പറയുന്നു. അതായത് നിത്യമായ നരകശിക്ഷ ഇല്ലെന്നർഥം.

അധ്യായം 16

# സിനേസിയുസും നോണ്ണുസും

### 1. സിനേസിയൂസ്

ലിബിയായിൽ സൈറീനിൽ 370-നും 375-നും ഇടയ്ക്ക് സിനേസിയുസ് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം നാട്ടിൽ കഴിച്ചിട്ട് ഉപരിപഠനത്തിന് അലക്സാണ്ഡ്രിയായിലെത്തി. ഹിപ്പാസ്യാ എന്ന പണ്ഡിത, നെയോ പ്ലറ്റോണിക്ക് സാഹിത്യത്തിലേക്കും മിസ്റ്ററികളിലേക്കും അദ്ദേഹത്തെ തിരിച്ചുവിട്ടു. ജീവിതകാലം മുഴുവൻ ദൃഢമായൊരു മമത അവളോടദ്ദേഹം പുലർത്തി. തന്റെ ഗുരുവും മാതാവും സ്നേഹിതയുമായി അദ്ദേഹം അവളെ കരുതി. അദ്ദേഹം ആഥൻസിൽ ഒരു സന്ദർശനം നടത്തി. അവിടെ നിന്നു തത്വശാസ്ത്രം പണ്ടേ പമ്പകടന്നതു കണ്ട് അദ്ദേഹം നിരാശനായിപ്പോയി. പെന്റാപ്പൊളീസിലെ ജനം അദ്ദേഹത്തെ ദൗത്യവാഹകനായി 399-ൽ കോൺസ്റ്റാന്റിനോപ്പിളിലേക്ക് അയച്ചു. അമിതകരം വെട്ടിക്കുറപ്പിച്ചുകൊണ്ട് 402-ൽ അദ്ദേഹം തിരിച്ചെത്തി. അധികം കഴിയാതെ വിവാഹം കഴിക്കാൻ അലക്സാണ്ട്രിയായിലേക്ക് പുറപ്പെട്ടു. അലക്സാണ്ട്രിയയിലെ തെയോഫിലസ് വിവാഹം ആശീർവദിച്ചുകൊടുത്തു (ലേഖനം, 105). പെന്റാപ്പൊളീസിലെ ജനങ്ങൾ സിനേസിയുസിനെ 410-ൽ മെത്രാനായി തിരഞ്ഞെടുത്തു. അദ്ദേഹം അത് പാടേ നിരസിച്ചു. ജനം വിടാൻ കൂട്ടാക്കിയില്ല.

"വിവാഹജീവിതം തുടരാൻ അനുവദിക്കണം, നെയോ പ്ലറ്റോണിക് വീക്ഷണങ്ങൾ ഉപേക്ഷിക്കാൻ നിർബന്ധിക്കരുത്" എന്നിങ്ങനെ രണ്ടു കാര്യങ്ങൾ അദ്ദേഹം ആവശ്യപ്പെട്ടു. ജനം രണ്ടും അംഗീകരിച്ചു. അലക്സാണ്ഡ്രിയൻ പാത്രിയർക്കീസ് അദ്ദേഹത്തെ മെത്രാനായി വാഴിച്ചു. വളരെ കാര്യക്ഷമമായി അദ്ദേഹം രൂപത ഭരിച്ചു എന്നു പറയപ്പെടുന്നു. 413-നു മുമ്പു മരിച്ചു.

ഒരു ക്രൈസ്തവൻ എന്നതിൽ കൂടുതൽ ഒരു നെയോ പ്ലറ്റോണിക് താത്വികനായിരുന്നു അദ്ദേഹം. ഇത് കൃതികളിൽ വ്യക്തമാണ്.



1. രാജത്വത്തെപ്പറ്റിയുള്ള പ്രഭാഷണം

കോൺസ്റ്റാന്റിനോപ്പിളിൽ വച്ചു 400-ൽ ചെയ്ത പ്രസംഗമാണിത്. തന്നിലുള്ള ദൈവഛായയെ മാനിക്കാൻ രാജാവും കടപ്പെട്ടവനാണെന്ന് അർക്കേഡിയസ് ചക്രവർത്തിയോട് ധൈര്യപൂർവം പറഞ്ഞു. അന്നു കോൺസ്റ്റാന്റിനോപ്പിളിലെ രാജസദസുകളിലെ സ്ഥിതി ഒട്ടും മറച്ചുവയ്ക്കാതെ നിർഭയമായി അദ്ദേഹം വിവരിക്കുന്നു: "തീയേറ്ററുകളിലെ പ്രൗഢിസമാനവും ദിവ്യരഹസ്യം കണക്കെയും രാജാവിനു ചുറ്റും ആളുകൾ കൂടി നിൽക്കുന്ന പതിവുപോലെ റോമാസാമ്രാജ്യത്തിന് ദോഷം ചെയ്ത മറ്റൊന്നുമില്ല. ഞാൻ പറയുന്നതിൽ ഉൽക്കണ്ഠാകുലനാകേണ്ട. കുറ്റം നിന്റേതല്ല. ഈ ദുഷ്ടനടപടി ആരംഭിച്ചവരും അഭിമാനിക്കത്തക്ക സംഗതിയായി പിൻതലമുറയ്ക്ക് കൈമാറിയവരുമാണ് കുറ്റക്കാർ. നിന്നെ കൂടെക്കൂടെ കണ്ടാൽ നീ സാധാരണക്കാരുടെ നിലയിലേക്ക് താണുപോകുമെന്ന ഭീതി നിന്നെ രാജ്യത്തിലെ തടവുകാരനാക്കുന്നു. നിനക്കു പ്രായോഗികവിജ്ഞാനം പകരാനുതകുന്ന ഒന്നും നീ കാണുന്നില്ല; കേൾക്കുന്നുമില്ല. ശാരീരിക സുഖഭോഗങ്ങളാണ് നിന്റെ ഏകസുഖം. നിന്റെ ജീവിതം കടൽചിപ്പിയുടെ ജീവിതമാണ്. മനഃപൂർവമുള്ള ഈ അടച്ചിട്ടിരിക്കലിന്റെ ഫലമായി വിജ്ഞരും കുലീനരുമായ മനുഷ്യരെ നീ അകറ്റുന്നു. മനുഷ്യത്വത്തിന്റെ കള്ളനാണയങ്ങളായ നികൃഷ്ട ജീവികളെ നിന്റെ സവിധത്തിലേക്ക് നീ സ്വീകരിക്കുന്നു. ചെറിയ തലയും അൽപം തലച്ചോറും ഉള്ള ജീവികൾ! അവർ വിഡ്ഢികളെപ്പോലെ പെരുമാറുന്നു. കോമാളിവേഷം കെട്ടി സമയം കൊല്ലാനും നിന്റെ ജീവിതത്തിന്റെ അസ്വാഭാവികതയിൽ നിന്നുളവാകുന്ന ഭാരം കുറയ്ക്കാനും അത് സഹായിക്കുന്നു."

2. ഈജിപ്ഷ്യൻ പ്രഭാഷണം: കോൺസ്റ്റാന്റിനോപ്പിളിലെ ചില കാര്യങ്ങൾ ഒരു പ്രത്യേകശൈലിയിൽ എഴുതിയിരിക്കയാണിതിൽ.

3. ദിയോൺ: തന്റെ താത്വിക ജീവിതശൈലിയെ ന്യായീകരിച്ചുകൊണ്ട് 405-ൽ എഴുതിയതാണിത്.– മറ്റ് പല നെയോ പ്ലറ്റോണിക് കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. കഷണ്ടിയുടെ മാഹാത്മ്യം, സ്വപ്നങ്ങളെപ്പറ്റി എന്നിവ അത്തരത്തിൽ പെടുന്നു. നെയോ പ്ലറ്റോണിസത്തിന്റെ അവസാനകണ്ണിയായി അദ്ദേഹത്തെ കരുതാം.

4. കത്തുകൾ: നിരവധി കത്തുകളും അദ്ദേഹം എഴുതിയിട്ടുണ്ട്. മനസിന്റെയും ഹൃദയത്തിന്റെയും വിശിഷ്ട ഗുണങ്ങളുള്ള ഒരു പണ്ഡിതനാണ് അദ്ദേഹമെന്ന് ഈ കത്തുകൾ വ്യക്തമാക്കുന്നു. എവാഗ്രിയസും ഫോസിയസും ഇക്കാര്യത്തിൽ അദ്ദേഹത്തെ പ്രശംസിക്കുന്നു.

5. പത്ത് ഗീതങ്ങളുടെ ഒരു സമാഹാരം: ക്രൈസ്തവ നെയോ പ്ലറ്റോണിക് ആശയങ്ങളിൽ നിന്നു രൂപംകൊണ്ട വിവിധ വിഷയങ്ങളെ പുരസ്കരിച്ചാണ് ഈ ഗീതങ്ങൾ.

6. രണ്ടു പ്രസംഗങ്ങൾ: മെത്രാനായ ശേഷമുള്ളവയാണ് രണ്ടും. പ്രഭാഷണശൈലിയുടെ അതിപ്രസരം അവയിൽ ദൃശ്യമാണ്. അവയുടെ ചില ശകലങ്ങൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു.

മരിച്ചുകൊണ്ടിരുന്ന ഹെല്ലനിസത്തിന്റെയും കുതിച്ചുയർന്നു കൊണ്ടിരുന്ന ക്രിസ്തുമതത്തിന്റെയും ഇടയിൽ നിൽക്കുന്ന താത്വികൻ എന്നും കിരീടം വച്ച പ്ലറ്റോണിസ്റ്റ് എന്നും അദ്ദേഹത്തെ വിളിക്കാം. മെത്രാനായ ശേഷവും ഉള്ളിന്റെ ഉള്ളിൽ നെയോ പ്ലറ്റോണിസ്റ്റായി തന്നെ അദ്ദേഹം കഴിഞ്ഞുകൂടി.

**2. പനോപ്പൊളീസിലെ നോണ്ണുസ്**

ഈജിപ്തിലെ ഒരു അക്രൈസ്തവ കവിയായിരുന്നു നോണ്ണുസ്. പിന്നീട് അദ്ദേഹം ക്രിസ്ത്യാനിയായി. ഈജിപ്തിലെ പനോപ്പൊളീസിൽ 400-ൽ പിറന്നു. ഗ്രീക്കിലുള്ള ഏറ്റവും നീളം കൂടിയ എപ്പിക് എഴുതിയത് നോണ്ണുസാണ്. *ദിയൊണീസിയാക* എന്ന പേരിലറിയപ്പെടുന്ന ഈ കൃതി 48 പുസ്തകങ്ങളിലായിട്ടാണ് അദ്ദേഹം എഴുതിയിരിക്കുന്നത്. ദിയൊണീസുസ് എന്ന പേഗൻ ദേവന്റെ അലക്സാണ്ഡ്രിയയിൽ നിന്നുള്ള ഭാരതയാത്രയാണ് ഇതിഹാസ വിഷയം. *യോഹന്നാന്റെ സുവിശേഷത്തിന്റെ ചുരുക്കം* എന്ന കൃതി നോണ്ണുസിന്റേതായി കരുതപ്പെടുന്നു. ഇതിന്റെ ശൈലി, ദിയൊണീസിയാകത്തിന്റേതു തന്നെ. ചില കയ്യെഴുത്തു പ്രതികളിൽ പനോപ്പൊളീസിലെ നോണ്ണുസ് എന്ന് ഈ കൃതിയോടുകൂടെ കാണുന്നുണ്ട്. ക്രിസ്ത്യാനിയായ ശേഷം നോണ്ണുസ് എഴുതിയതാകാമിത്. മറിയത്തെ *തെയൊതോകോസ്* എന്ന് ഈ കൃതി വിളിക്കുന്നു.

അധ്യായം 17

# ജറുസലേമിലെ വി. സിറിൽ (315-386)

ജറുസലേമിലെ മെത്രാന്മാരിൽ നാലാം നൂറ്റാണ്ടിൽ വി. സിറിൽ മാത്രമേ എഴുത്തുകാരൻ എന്ന നിലയിൽ വിഖ്യാതനായിട്ടുള്ളു. അദ്ദേഹത്തിന്റെ മതാധ്യാപനപ്രസംഗങ്ങളാണ് അദ്ദേഹത്തെ പ്രശസ്തനാക്കിയത്. അദ്ദേഹം ജറുസലേമിൽ 315-നോടടുത്ത് ജനിച്ചു. കേസറിയാ മെത്രാനായ അകാചിയസ് 348-ൽ അദ്ദേഹത്തെ ജറുസലേമിലെ മെത്രാനായി വാഴിച്ചു. അകാചിയസ് ആരിയൻ പക്ഷക്കാരനായിരുന്നു. സിറിൽ ആരിയൻ പക്ഷത്തിലേക്ക് ചാഞ്ഞതു വഴിയാണ് മെത്രാനായതെന്ന് ചിലർ ആരോപണം ഉന്നയിച്ചു. എന്നാൽ തിയഡൊറെറ്റും (സഭാചരിത്രം, 2,22) കോൺസ്റ്റാന്റിനോപ്പിൾ സിനഡിന്റെ (382) ലേഖനവും (സഭാ.5,9) അദ്ദേഹം സത്യവിശ്വാസി ആയിരുന്നു എന്ന് സാക്ഷിക്കുന്നു. മെത്രാനായി അധികം കഴിയുന്നതിനു മുമ്പേ സിറിലും അകാചിയുസും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി. നിഖ്യാസൂനഹദോസിന്റെ വക്താവായി നിലകൊണ്ട സിറിൽ ആരിയൻ പക്ഷക്കാരുടെ പ്രേരണയാൽ മൂന്നു പ്രാവശ്യം രൂപതയിൽ നിന്ന് ബഹിഷ്കൃതനായി. ജറുസലേമിൽ 357-ൽ കൂടിയ സിനഡ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. സിറിൽ തർസോസിൽ അഭയം തേടി. അടുത്ത വർഷം സെലൂഷ്യൻ സിനഡ് അദ്ദേഹത്തെ രൂപതയിൽ തിരികെ വരുത്തി. അകാചിയസ് 360-ൽ അദ്ദേഹത്തെ വീണ്ടും സ്ഥാനഭ്രഷ്ടനാക്കി. ജൂലിയൻ ചക്രവർത്തി ഭരണമേറ്റപ്പോൾ (362) തിരികെ വരാൻ സിറിലിന് അനുവാദം ലഭിച്ചു. അകാചിയസ് 366-ൽ മരിച്ചു. വാലെൻസ് ചക്രവർത്തി 367-ൽ സിറിലിനെ വീണ്ടും നാടുകടത്തി. വാലെൻസ് മരിക്കുന്നതുവരെ ഈ നില തുടർന്നു. സിറിൽ മൊത്തം പതിനൊന്നു വർഷം വിപ്രവാസത്തിൽ കഴിയേണ്ടിവന്നു. രണ്ടാം എക്യുമേനിക്കൽ കൗൺസിലിൽ (381) അദ്ദേഹം പങ്കെടുത്തു. 386 മാർച്ച് 18-ാം തീയതി മരിച്ചു.

### കൃതികൾ

1. മതാധ്യാപനപ്രസംഗങ്ങൾ (*Catechetical Homilies*)

ജറുസലേമിലെ തിരുക്കല്ലറ ദേവാലയത്തിൽ (*Church of the Holy Sepulcre*) മെത്രാനെന്ന നിലയിൽ 348-നോടടുത്ത് സിറിൽ ചെയ്ത മതാധ്യാപനപ്രസംഗങ്ങൾ വിഖ്യാതങ്ങളാണ്. മൊത്തം 24 പ്രസംഗങ്ങളുണ്ട്. ഒരു പ്രാരംഭപ്രസംഗം (*Procatechesis*), സ്നാനത്തിന് ഒരുക്കമായി സ്നാനാർഥികൾക്കു നൽകിയ 18 പ്രസംഗങ്ങൾ (*Catecheses*), തങ്ങൾ സ്വീകരിച്ച ദിവ്യരഹസ്യങ്ങൾ വിശദീകരിച്ചുകൊണ്ട് സ്നാനാന്തരം നൽകിയ അഞ്ചു പ്രസംഗങ്ങൾ (*Mystagogical Catecheses*). സ്നാനത്തിന് ഒരുക്കമായി സിറിൽ നൽകിയ മതാധ്യാപനപ്രസംഗങ്ങൾ (18) വളരെ ലളിതവും സുഗ്രാഹ്യവും എന്നാൽ ആഴമേറിയ ദൈവശാസ്ത്രം ഉൾക്കൊള്ളുന്നവയുമാണ്. എന്നാൽ ബാക്കിയുള്ള അഞ്ചു പ്രസംഗങ്ങൾക്ക് ആഴവും പരപ്പും കുറവാണ്. സ്നാനം സ്വീകരിച്ചവർക്ക് ലഭിച്ച കൃപയും അതിനു വഴിയൊരുക്കിയ ശുശ്രൂഷകളും വിവരിക്കുന്ന ഇവ ആദ്യത്തെ 18 പ്രസംഗങ്ങളുടെ കൂടെ പിന്നീട് കൂട്ടിച്ചേർത്തതാകാം.

ക്രിസ്ത്യാനികളാകാൻ ആഗ്രഹിക്കുന്നവർ പേര് റജിസ്റ്റർ ചെയ്യണമായിരുന്നു. സ്നാനാർഥികളായി സഭ സ്വീകരിച്ചു കഴിഞ്ഞാൽ അവർക്കൊരു പരിശീലനപരിപാടി ഉണ്ടായിരുന്നു. ബൗദ്ധികവും ആത്മീയവും ധാർമികവുമായ പരിശീലനം വാചികമായിട്ടത്രേ നൽകിയിരുന്നത്. ഈ പരിശീലനം വലിയ നോമ്പിന്റെ അവസരമായിരുന്നു. പ്രബോധന കാലഘട്ടത്തിൽ കൂടെക്കൂടെ ഭൂതോച്ചാടനം നടത്തിയിരുന്നു. അവരെ രക്ഷാകരചരിത്രം പഠിപ്പിക്കുകയും വിശ്വാസപ്രമാണത്തിലെ വിശ്വാസരഹസ്യങ്ങൾ അവർക്ക് വിശദീകരിച്ചുകൊടുക്കുകയും ചെയ്തിരുന്നു. കൽപനകൾ അനുസരിക്കുന്നതിന് അവരെ പരിശീലിപ്പിക്കുന്നതോടൊപ്പം കൂടെക്കൂടെ ഉപവസിച്ചുകൊണ്ട് ഒരുങ്ങുന്നതിനും അഭ്യസിപ്പിച്ചിരുന്നു. ജറുസലേം സഭയിൽ നിലനിന്ന വിശ്വാസപ്രമാണമാണ് സിറിൽ വിശദീകരിക്കുന്നത്.

ഉയർപ്പു തിരുനാളിനോട് അനുബന്ധിച്ചാണ് സ്നാനം നൽകിയിരുന്നത്. സ്നാനത്തോടൊപ്പം മൂറോനഭിഷേകവും വിശുദ്ധ കുർബാനയും നൽകിയിരുന്നു. സ്നാനത്തെ ''പ്രകാശിപ്പിക്കൽ'' എന്നും സ്നാനം സ്വീകരിച്ചവരെ ''പ്രകാശിതർ'' എന്നും വിളിച്ചിരുന്നു. ദൈവികപ്രഭയാൽ അവർ പ്രകാശിതരായിത്തീരുന്നു. ദൈവത്തെപ്പറ്റിയുള്ള യഥാർഥ ജ്ഞാനത്താൽ അവർ പ്രകാശിതരാകുന്നു. പ്രാരംഭപ്രസംഗം തുടങ്ങുന്നത് ഇപ്രകാരമാണ്: ''പ്രകാശിതരാകാനുള്ള എന്റെ പ്രിയപ്പെട്ട അർഥികളേ, പറുദീസായുടെ സൗരഭ്യം നിങ്ങളുടെ പക്കലേക്ക് ഒഴുകിവരുന്നു. ഇപ്പോഴേ സ്വർഗീയ പൂമാലകൾ



കൊരുക്കാൻ മിസ്റ്റിക് പൂക്കൾ നിങ്ങൾ അടർത്തിയെടുക്കുന്നു. ഇപ്പോഴേ നിങ്ങൾ കൊട്ടാരത്തിന്റെ പുറംമുറ്റത്ത് എത്തിക്കഴിഞ്ഞു. രാജാവ് നിങ്ങളെ അകത്തു പ്രവേശിപ്പിക്കട്ടെ'' - സ്നേഹവും വാത്സല്യവും നിറഞ്ഞു തുളുമ്പുന്നവയാണ് ഈ വാക്കുകൾ.

തുടർന്ന് സ്നാർഥികൾക്ക് ഉണ്ടായിരിക്കേണ്ട ചൈതന്യത്തെപ്പറ്റി പ്രതിപാദിക്കുന്നു: തപസിന്റെയും പ്രാർഥനയുടെയും അരൂപി, സ്വയംനിഗ്രഹം, മനഃദൃഢത, ശുദ്ധനിയോഗം, ഏറ്റവും പാവനമായ ഉദ്ദേശ്യം എന്നിവയെപ്പറ്റി അവരെ പ്രബോധിപ്പിക്കുന്നു. രക്ഷാകരരഹസ്യം നിഗൂഢമായ യാഥാർഥ്യമാകയാൽ ഇതു രഹസ്യമായി കാക്കണമെന്ന് വളരെ ശക്തിയായി അനുശാസിക്കുന്നു. സ്നാനത്തിന് ആവശ്യമായ മാനസിക നിലയെപ്പറ്റിയും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു: ''എല്ലാ ലൗകികവ്യഗ്രതകളും ദൂരെയകറ്റണം, യാതൊരു വിരോധവും വച്ചുകൊണ്ടിരിക്കാതെ എല്ലാവരോടും ക്ഷമിക്കണം; വി. ഗ്രന്ഥപാരായണം വഴി ആത്മീയഭക്ഷണം കഴിച്ച് ആത്മാവിനെ ശക്തിപ്പെടുത്തണം'' എന്ന് പഠിപ്പിക്കുന്നു. അതുപോലെ അനുതാപം, പാപമോചനം, പ്രലോഭനങ്ങൾ, സ്നാനം, രക്ഷ, സ്നാനകർമം, അതിന്റെ അർഥവും ഫലങ്ങളും എന്നിവയും വിവരിക്കുന്നു. നാലാം പ്രസംഗത്തിൽ ക്രിസ്തീയ തത്വസംഹിതയും അഞ്ചാമത്തേതിൽ വിശ്വാസത്തിന്റെ ഉത്ഭവവും സ്വഭാവവും ചുരുക്കി വിവിരിക്കുന്നു. സ്നാനം, പരിശുദ്ധാത്മാവിന്റെ ആവാസം, കുർബാന എന്നിവയെപ്പറ്റിയാണ് അവസാനത്തെ അഞ്ച് പ്രസംഗങ്ങൾ.

ഈ പ്രസംഗങ്ങൾ സിറിൽ തന്നെ എഴുതിയവയല്ല. പ്രസംഗാവസരം കുറിപ്പെഴുത്തുകാർ കുറിച്ചുവച്ച് പിന്നീട് വിശദീകരിച്ചവയാണ്. അതായിരുന്നു അന്നത്തെ പതിവ്. പല കയ്യെഴുത്തു പ്രതികളിലും ഈ കുറിപ്പു കാണാം. (ഇവയുടെ മലയാള വിവിർത്തനത്തിന്: ജി. ചേടിയത്ത്, *ജറുസലേമിലെ സിറിൽ-മതാധ്യാപനപ്രസംഗങ്ങൾ,* കോട്ടയം, 2000).

**2. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിക്കുള്ള കത്ത്**

ജറുസലേമിൽ 351 മെയ് 7-ന് ആകാശത്ത് കാണപ്പെട്ട കുരിശിനെ സംബന്ധിച്ചാണ് ഈ കത്ത്: ''വി. പെന്തിക്കോസ്തി പെരുന്നാളിന്റെ ഈ ദിവസങ്ങളിൽ മെയ് മാസത്തിൽ ഏതാണ്ട് മൂന്നുമണി സമയത്ത് പ്രകാശത്താൽ രൂപീകൃതമായ ഭീമാകാരമായ ഒരു കുരിശ് ആകാശത്തിൽ കാണപ്പെട്ടു. ഗോഗുൽതായുടെ മുകൾ മുതൽ ഒലിവുമല വരെ അത് വ്യാപിച്ചിരുന്നു. ഒന്നോ രണ്ടോ പേർ മാത്രമല്ല, നഗരത്തിലുള്ള എല്ലാവരും അത് വ്യക്തമായി കണ്ടു. ഒരു ഭാവനാസൃഷ്ടി പോലെ അത്ര പെട്ടെന്ന് അത് കടന്നുപോയതുമില്ല. ഏതാനും മണിക്കൂറുകൾ സമയം ഭൂമിക്കു മുകളിൽ അത് കാണപ്പെട്ടു. സൂര്യകിരണങ്ങളേക്കാൾ ശോഭയേറിയ പ്രകാശം അത് ബഹിർഗ

മിപ്പിച്ചുകൊണ്ടിരുന്നു. അപ്രകാരം അല്ലായിരുന്നെങ്കിൽ നഗരവാസികൾ അത് ദർശിക്കയില്ലായിരുന്നു. മറിച്ച്, നഗരത്തിലുള്ളവരെല്ലാം ഈ സ്വർഗീയദർശനം കൊണ്ടുണ്ടായ ഭയത്താലും ആനന്ദത്താലും നിറഞ്ഞ് മർതീരിയിലേക്ക് (തിരുക്കല്ലറ ദേവാലയത്തിലേക്ക്) ഓടിക്കൂടി. എല്ലാ അത്ഭുതങ്ങളും പ്രവർത്തിക്കുന്ന ദൈവത്തിന്റെ ഏകജാതനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്, യുവാക്കളും വൃദ്ധരും എല്ലാ പ്രായത്തിലുമുള്ള സ്ത്രീകളും പുരുഷന്മാരും ക്രിസ്ത്യാനികളും അല്ലാത്തവരും ഒരേ സ്വരത്തിൽ ഒരു സ്തോത്രഗീതം പാടി. നമ്മുടെ ദൈവം ചക്രവർത്തിക്ക് ശാന്തിയും അനുഗ്രഹവും പ്രദാനം ചെയ്യട്ടെ'' എന്ന പ്രാർഥനയോടുകൂടെ സിറിൽ കത്ത് അവസാനിപ്പിക്കുന്നു. തീർഥാടകർ ഈ അത്ഭുതവാർത്ത ലോകമെങ്ങും പ്രചരിപ്പിച്ചു എന്ന് സൊസോമൻ പറയുന്നു (സഭാ. 4,5). കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ കാലത്ത് കർത്താവിന്റെ കുരിശ് കണ്ടെടുക്കപ്പെട്ടെന്ന് കത്തിൽ പറയുന്നു.

### 3. പ്രഭാഷണങ്ങൾ

പൂർണമായി ഒരു പ്രഭാഷണമേ നമുക്കു കൈവന്നിട്ടുള്ളു. കുളക്കരയിൽ ദൂതനെ കാത്ത് 40 വർഷം കിടന്ന തളർവാത രോഗിയെപ്പറ്റിയാണ് ഈ പ്രസംഗം. മറ്റുള്ളവയുടെ ചില ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു.

### ദൈവശാസ്ത്രം

അക്കാലത്തുണ്ടായിരുന്ന തർക്കങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞുനിൽക്കാൻ അദ്ദേഹം ശ്രമിച്ചു. താത്വിക തർക്കങ്ങളേക്കാൾ പ്രയോഗിക കാര്യങ്ങളിലാണ് അദ്ദേഹം കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്. നിഖ്യായുടെ വക്താവായതിനാലാണ് അദ്ദേഹത്തിന് നീണ്ട വിപ്രവാസം അനുഭവിക്കേണ്ടി വന്നത്.

1. ക്രിസ്തുശാസ്ത്രം

മതാധ്യാപനപ്രസംഗത്തിന്റെ 10 മുതൽ 15 വരെയുള്ള അധ്യായങ്ങൾ കർത്താവായ യേശുക്രിസ്തുവിനെപ്പറ്റി ചർച്ചചെയ്യുന്നു. ഏക കർത്താവേശുക്രിസ്തുവിലും വിശ്വസിക്കുന്നു എന്ന നിഖ്യാപ്രബോധനം വിശദീകരിക്കുകയാണ് ഈ അധ്യായങ്ങളിൽ. പഴയനിയമ സാക്ഷ്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് 10-ാം അധ്യായത്തിൽ ക്രിസ്തുവിനെപ്പറ്റിയുള്ള തെളിവുകൾ നിരത്തി വയ്ക്കുന്നു: ''ക്രിസ്തുവിന്റെ സാക്ഷികൾ നിരവധിയും വൈവിധ്യമാർന്നവയും ഇവയേക്കാൾ വളരെ കൂടുതലുമാണ്. ഇപ്രകാരം സാക്ഷ്യപ്പെടുത്തിയ ക്രിസ്തുവിലുള്ള വിശ്വാസം മേലിൽ നിഷേധിക്കപ്പെടാനാകുമോ?'' എന്നു ചോദിച്ചുകൊണ്ട് പ്രസ്തുത അധ്യായം അവസാനിപ്പിക്കുന്നു. 11-ാം അധ്യായത്തിൽ ആരിയൻ, സബെല്ലിയൻ അബദ്ധോപദേശകർക്കെതിരെ ക്രിസ്തുവിന്റെ ദൈവത്വവും സ്വഭാവത്തിൽ പിതാവുമായുള്ള തുല്യ



തയും വിവരിക്കുന്നു. ''സ്വഭാവത്താലേ അവിടുന്ന് ദൈവമാണ്, ദത്തെടുക്കൽ വഴിയല്ല. അവിടുന്ന് പിതാവിൽ നിന്ന് ജനിച്ചു, എന്നാൽ സൃഷ്ടിക്കപ്പെട്ടവനല്ല. നശ്വരജന്മം പോലെയല്ല പുത്രന്റെ നിത്യതയിലെ ജനനം. ഈ ജനനം ആത്മീയമാകുന്നു. ദൈവം എന്നും പിതാവായിരുന്നു. പുത്രൻ എന്നും പിതാവിനോടുകൂടെ പുത്രനുമായിരുന്നു. പിതാവ് ദൈവമായിരിക്കുന്നതുപോലെ പുത്രനും ദൈവമാണ്. മനുഷ്യമനസ്സ് വാക്കുകൾ ഉൽപ്പാദിപ്പിക്കുന്നതു പോലെയല്ല പിതാവ് പുത്രനെ ജനിപ്പിച്ചത്. എന്നാൽ എങ്ങനെയാണ് ഈ ജനനമെന്ന് ഒരു മനുഷ്യനും അറിയില്ല. അത് ഇങ്ങനെയും അങ്ങനെയും അല്ല എന്നു മാത്രമേ നമുക്കു പറയാനാവൂ. പിതാവ് പുത്രന്റെയും സൃഷ്ടികളുടെയും പിതാവായിരിക്കുന്നത് ഒരുപോലെയല്ല. പിതാവും പുത്രനും സ്വഭാവത്തിലും മഹത്വത്തിലും ശക്തിയിലും ആധിപത്യത്തിലും ഒന്നാണ്. പുത്രന്റെ സൃഷ്ടികർമങ്ങൾ പിതാവിന്റേതു തന്നെയാണ്. മനുഷ്യരെപ്രതി പാതാളത്തിലേക്കിറങ്ങിയവൻ സത്യമായും ആദിയിൽ കളിമണ്ണിൽ നിന്ന് മനുഷ്യനെ ഉണ്ടാക്കിയ നിർമാതാവാകുന്നു ''

നിഖ്യായുടെ സമസത്ത (*ഹോമോഉസിയോസ്*) എന്ന പദപ്രയാഗം സിറിലിൽ കാണുന്നില്ല. എന്നാൽ തത്തുല്യമായ വേദപുസ്തക പദപ്രയോഗങ്ങൾ അദ്ദേഹത്തിൽ ഉടനീളം കാണാം. അക്കാലത്തും *ഹോമോഉസിയോസ്* എന്ന പദം സബെല്ലിയൻ പാഷണ്ഡതയുമായി ബന്ധപ്പെടുത്തി ചിലർ മനസ്സിലാക്കിയതിനാലാകാം സിറിൽ അതുപയോഗിക്കാതിരുന്നത്. തന്റെ പ്രസംഗങ്ങളിൽ തുടരെത്തുടരെ സബെല്ലിയർക്കെതിരെ ശ്രോതാക്കളെ അദ്ദേഹം ബോധവൽക്കരിക്കുന്നു. എന്നാൽ പുത്രൻ പിതാവുമായി എല്ലാറ്റിലും തുല്യനാണ് (*എൻ പാസിൻ ഹൊമൊയ്യോസ്*) എന്ന പ്രയോഗം കാണുന്നുണ്ട്. ദൈവത്തിന്റെ ജ്ഞാനവും ശക്തിയും നീതിയും വ്യക്തിപരമായി അവനിൽ സ്ഥിതിചെയ്യുന്നു. ''തന്റെ പീഡാനുഭവത്തിനു ശേഷമല്ല അവൻ കിരീടം ധരിപ്പിക്കപ്പെട്ടത്. കുരിശിലെ സഹനത്തിനു പ്രതിഫലമായി ദൈവം അവനെ വലത്തുഭാഗത്തിരുത്തി എന്നു കരുതുന്നതു ശരിയല്ല.'' ആരിയസ് ചെയ്തതുപോലെ പിതാവിനെയും പുത്രനെയും തമ്മിലകറ്റരുതെന്നും സബെല്ലിയസ് ചെയ്തതുപോലെ പിതാവിനെയും പുത്രനെയും ഒരാളായി കരുതരുതെന്നും അദ്ദേഹം ശ്രോതാക്കളെ ഉദ്ബോധിപ്പിക്കുന്നു (4,7-8). തുടർന്നുള്ള അധ്യായങ്ങളിൽ കർത്താവിന്റെ ക്രൂശാരോഹണം, സംസ്കാരം, ഉത്ഥാനം, സ്വർഗാരോഹണം, രണ്ടാമത്തെ വരവ് എന്നിവ ചർച്ചചെയ്യുന്നു. ചുരുക്കത്തിൽ നമ്മുടെ രക്ഷകനെ കുറിച്ചുള്ള സമ്യക്കായ ഒരു ദൈവശാസ്ത്രാവലോകനമാണ് അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ കാണാൻ കഴിയുന്നത്.

2. പരിശുദ്ധാത്മാവ്

പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെപ്പറ്റി സിറിൽ സ്പഷ്ടമായി പഠിപ്പി

ക്കുന്നു. ''പുത്രനെപ്പോലെ പരിശുദ്ധാത്മാവും ദൈവികസത്തയിൽ പങ്കാളിയാണ്. അവിഭക്തമാണ് നമ്മുടെ വിശ്വാസം, വേർപെടുത്താൻ അസാധ്യമാണ് നമ്മുടെ ഭക്തി, നാം ത്രിത്വത്തെ വേർപെടുത്തുന്നില്ല, സബെല്ലിയുസ് പഠിപ്പിച്ചതുപോലെ കൂട്ടിക്കുഴയ്ക്കുന്നില്ല'' എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. 16-ും 17-ും പ്രസംഗങ്ങൾ പരിശുദ്ധാത്മാവിനെ കുറിച്ചാണ്: ''പാറക്ലേത്താ ആയ ഏക പരിശുദ്ധാത്മാവേയുള്ളു. പിതാവായ ഏക ദൈവം, രണ്ടാമതൊരു പിതാവില്ല. ഏകജാതനായ പുത്രനും വചനമാം ദൈവവും ഏകൻ. അവിടുത്തേക്കു സഹോദരങ്ങളില്ല. അതുപോലെ ഏക പരിശുദ്ധാത്മാവേയുള്ളു. ബഹുമാനത്തിൽ തനിക്കു തുല്യനായി മറ്റൊരു പരിശുദ്ധാത്മാവില്ല. പരിശുദ്ധാത്മാവ് മഹോന്നത ശക്തിയും ദൈവിക യാഥാർഥ്യവും വിശകലനാതീതനുമാണ്'' എന്നു തുടങ്ങി വളരെ മനോഹരമായി പരിശുദ്ധാത്മാവിനെ കുറിച്ച് സിറിൽ പ്രതിപാദിക്കുന്നു (16,3). പരിശുദ്ധാത്മാവിനെതിരെ പഠിപ്പിക്കുന്നവരെപ്പറ്റി അദ്ദേഹം തുടർന്നു ചർച്ച ചെയ്യുന്നു (16,5-10). ക്ഷുദ്രക്കാരൻ ശീമോൻ, വിവിധതരം ഗ്നോസ്റ്റിക്കുകൾ, വലന്റീനിയർ, മാനി, മാർസ്യനീത്തർ, മോണ്ടനിസ്റ്റുകൾ എന്നിവരെ പ്രത്യേകം എടുത്തു പറയുന്നു. പഴയനിയമത്തിലും പുതിയ നിയമത്തിലുമുള്ള അവിടുത്തെ പ്രവർത്തനങ്ങൾ വിവരിക്കുന്നു. ''പ്രവാചകന്മാരിലൂടെ പരിശുദ്ധാത്മാവിനാൽ സംസാരിക്കുകയും പെന്തിക്കോസ്തി ദിവസം ഇവിടെ ജറുസലേമിൽ വച്ച് ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയക്കുകയും ചെയ്ത എല്ലാറ്റിന്റെയും ദൈവം, അവനെ നിങ്ങളുടെ മേലും ഇപ്പോൾ അയക്കട്ടെ'' എന്നു പ്രാർഥിച്ചുകൊണ്ട് 17-ാം പ്രസംഗം അവസാനിപ്പിക്കുന്നു.

3. മാമോദീസാ

മൂന്നാം പ്രസംഗവും മിസ്റ്റഗോജിക്കൽ പ്രസംഗങ്ങളിൽ ഒന്നും രണ്ടും മാമോദീസായെക്കുറിച്ചാണ്. റോമാലേഖനം 6-ാം അധ്യായത്തിൽ വി. പൗലോസ് ശ്ലീഹായുടെ വിശദീകരണത്തിന്റെ ചുവടുപിടിച്ചാണ് വി. സിറിൽ സ്നാനം ചർച്ച ചെയ്യുന്നത്. ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലുമുള്ള ഭാഗഭാഗിത്വമാണ് സ്നാനം. പ്രതീകങ്ങളിലൂടെയാണ് സ്നാനകർമമെങ്കിലും, അതുവഴി ലഭിക്കുന്ന കൃപ യഥാർഥമാണ്. പാപമോചനത്തെയും ദത്തെടുക്കലിനെയുംകാൾ ഉപരിസ്ഥമാണത്. അനുകരണത്തിലൂടെ നാം ചെയ്യുന്നവ നമുക്ക് രക്ഷ നേടിത്തരുന്നു. അതുകൊണ്ട് ഇത് അവാച്യവും അഗ്രാഹ്യവുമായ യാഥാർഥ്യമാണ്. മാഞ്ഞുപോകാത്ത മുദ്ര പ്രദാനം ചെയ്യുന്നതാണ്. പാപം പോക്കുകയും പരിശുദ്ധാത്മാവിനെ നൽകുകയും ചെയ്യുന്നു. അടിമത്തത്തിൽ നിന്നുള്ള വിടുതലും തെറ്റുകൾക്ക് മോചനവും പാപത്തിന് മൃതിയും ആത്മാവിന് നവജീവനും സ്നാനം നേടിത്തരുന്നു. സ്നാനമോ, രക്തസാക്ഷിത്വമോ കൂടാതെ ആർക്കും രക്ഷ പ്രാപിക്കാൻ



സാധ്യമല്ല: ''നാം യഥാർഥത്തിൽ മരിച്ചില്ല, നാം യഥാർഥത്തിൽ സംസ്ക്കരിക്കപ്പെട്ടില്ല, യഥാർഥത്തിൽ ക്രൂശിക്കപ്പെട്ടില്ല, യഥാർഥത്തിൽ ഉത്ഥാനം ചെയ്തില്ല. അത് ആലങ്കാരികവും പ്രതീകാത്മകവുമായിരുന്നു. എന്നാൽ നമ്മുടെ രക്ഷ യഥാർഥമായിരുന്നു... പ്രതീകാത്മക കർമങ്ങളിലൂടെ തന്റെ പീഡകളിൽ പങ്കെടുത്തുകൊണ്ട് നാം യഥാർഥമായും സത്യമായും രക്ഷ പ്രാപിക്കാൻ അവിടുന്ന് ഇവയെല്ലാം സൗജന്യമായി നമ്മുടേതാക്കി ''(2,5).

4. കുർബാന

കുർബാന സംബന്ധിച്ചുള്ള പ്രബോധനത്തിലാണ് സിറിൽ തന്റെ മുൻഗാമികളേക്കാൾ വളരെ പുരോഗമിച്ചിരിക്കുന്നത്. മിസ്റ്റഗോജിക്കൽ പ്രസംഗങ്ങൾ നാലും അഞ്ചും കുർബാനയെക്കുറിച്ചാണ്. കുർബാനയിൽ ക്രിസ്തു യഥാർഥമായി സന്നിഹിതനായിരിക്കുന്നു എന്ന യാഥാർഥ്യം വളരെ സ്പഷ്ടമായി അദ്ദേഹം പഠിപ്പിക്കുന്നു. 1കൊറി.11,23-25 ഉദ്ധരിച്ചശേഷം അദ്ദേഹം പറയുന്നു: ''ഇത് എന്റെ ശരീരമാകുന്നു എന്ന് നാഥൻ തന്നെ സ്പഷ്ടമായി അപ്പത്തെപ്പറ്റി പറയുമ്പോൾ ആരെങ്കിലും സംശയിക്കാൻ ധൈര്യപ്പെടുമോ? ഇത് എന്റെ രക്തമാകുന്നു എന്ന് അവിടുന്നു തന്നെ ഉറപ്പായി പറയുമ്പോൾ ആരാണ് സംശയിക്കുകയും ഇത് അവന്റെ രക്തമല്ല എന്ന് പറയുകയും ചെയ്യുന്നത്? '' (4,1). ''അതുകൊണ്ട് പരിപൂർണമായ ആത്മവിശ്വാസത്തോടെ ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലും എന്നവണ്ണം നാം ഭാഗഭാക്കാകുന്നു. അപ്പത്തിന്റെ സാദൃശ്യത്തിൽ അവിടുത്തെ ശരീരം നിനക്കു നൽകപ്പെടുന്നു; വീഞ്ഞിന്റെ സാദൃശ്യത്തിൽ അവിടുത്തെ രക്തവും. അങ്ങനെ ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലും പങ്കെടുക്കുന്നതു വഴി നിങ്ങൾ അവിടുത്തോടുകൂടെ ഏകശരീരവും ഏക രക്തവും ആകാനാണിത്. അവന്റെ ശരീരവും രക്തവും നമ്മുടെ അവയവങ്ങളുടെ കോശങ്ങളായി തീരുമ്പോൾ നാം ക്രിസ്തുവാഹകരും ദൈവസ്വഭാവത്തിൽ പങ്കുകാരും ആയിത്തീരുന്നു'' (4,3). ''പദാർഥങ്ങളെ വെറും അപ്പവും വീഞ്ഞും ആയി പരിഗണിക്കരുത്. അവ കർത്താവിന്റെ പ്രഖ്യാപനമനുസരിച്ച് അവിടുത്തെ ശരീരവും രക്തവുമാണ്. ഇന്ദ്രിയങ്ങൾ അപ്രകാരം കാട്ടിയാലും വിശ്വാസം നിന്നെ ഉറപ്പിക്കട്ടെ. പദാർഥത്തെ രുചിയിൽ നിന്ന് വിധിക്കരുത്. ക്രിസ്തുവിന്റെ ശരീരവും രക്തവും സ്വീകരിക്കാൻ നീ യോഗ്യനാക്കപ്പെട്ടു എന്ന് വിശ്വാസം നിനക്ക് ഇളകാത്ത ആത്മവിശ്വാസം നൽകട്ടെ''(4,6). ''കാനായിൽ വെള്ളത്തെ വീഞ്ഞാക്കിയവന് വീഞ്ഞിനെ തന്റെ രക്തമാക്കി മാറ്റാൻ കഴിവുണ്ടെന്നു നാം വിശ്വസിക്കണം'' എന്ന് സിറിൽ പറയുന്നു(4,2). പരിശുദ്ധാത്മാവിന്റെ ആവാസത്താലാണ് അപ്പവീഞ്ഞുകൾ കർതൃശരീരരക്തങ്ങളായി തീരുന്നത്: ''കുർബാനയിലെ അപ്പവും വീഞ്ഞും ആരാധ്യമായ ത്രിത്വത്തിന്റെ വിശുദ്ധ വിളിച്ചപേക്ഷിക്കലിനു മുമ്പ് സാധാരണ അപ്പവും വീഞ്ഞു

മാണ്. എന്നാൽ വിളിച്ചപേക്ഷിക്കലിനു ശേഷം (*എപ്പിക്ലെസെയോസ്*) അപ്പം ക്രിസ്തുവിന്റെ ശരീരവും വീഞ്ഞ് അവിടുത്തെ രക്തവുമായി തീരുന്നു'' (1,7).

കുർബാന ബലിയാണെന്ന ആശയവും സിറിൽ വിശദീകരിക്കുന്നു. ''ആത്മീയബലി, രക്തരഹിതബലി, നിരപ്പാക്കുന്ന ബലി, മരിച്ചവർ ഉൾപ്പെടെയുള്ള ആവശ്യക്കാർക്കെല്ലാം വേണ്ടി അർപ്പിക്കപ്പെടുന്ന മാധ്യസ്ഥ്യയാഗം'' എന്നെല്ലാം സിറിൽ കുർബാനയെ വിളിക്കുന്നു. ''നമ്മുടെ പാപപരിഹാരാർഥം നുറുക്കപ്പെട്ട ക്രിസ്തുവാകുന്ന ബലിവസ്തു തന്നെയാണ് കുർബാനയിലെ അർപ്പണത്തിലും നുറുക്കപ്പെടുന്നത്. കുർബാന നമുക്കും നമ്മുടെ പരേതർക്കും ഒരുപോലെ അനുഗ്രഹപ്രദമാണെന്ന് അദ്ദേഹം മനസിലാക്കിയിരുന്നു: ''രക്തരഹിതമായ രീതിയിൽ ആത്മീയബലി പൂർത്തിയായി കഴിയുമ്പോൾ ജീവിച്ചിരിക്കുന്നവർക്കു വേണ്ടി നാം പ്രാർഥിക്കുന്നു. അതിനുശേഷം നമുക്കു മുമ്പേ നിദ്രപാപിച്ചവരെ നാം അനുസ്മരിക്കുന്നു. അവരുടെ പ്രാർഥനകളാലും മാധ്യസ്ഥ്യത്താലും ദൈവം നമ്മുടെ യാചനകൾ സ്വീകരിക്കാനാണിത്. അതിനുശേഷം നമുക്കു മുമ്പേ നിദ്രപ്രാപിച്ച പിതാക്കന്മാരെയും മെത്രാന്മാരെയും, ഒറ്റവാക്കിൽ, നമ്മുടെ ഇടയിൽ നിന്ന് കഴിഞ്ഞ കാലങ്ങളിൽ കടന്നുപോയ എല്ലാവരെയും നാം ഓർക്കുന്നു'' (5,8-10). - കുർബാനയെ ഭീതികരവും ഭയഭക്തിജന്യവുമായ യാഥാർഥ്യമെന്ന് (*aweful or awe inspiring mysteries*) ആദ്യമായി വിളിക്കുന്നതും സിറിലാണ്.

അധ്യായം 18

# തർസോസിലെ ദിയദോർ

അന്ത്യോക്യൻ സഭയിലെ പ്രഗത്ഭനും ശ്രേഷ്ഠനുമായ ആചാര്യനായിരുന്നു തർസോസിലെ മെത്രാനായിരുന്ന ദിയദോർ. സത്യവിശ്വാസത്തിന്റെ മഹാസ്തംഭമായി ജീവിതകാലത്ത് അദ്ദേഹം പ്രകീർത്തിക്കപ്പെട്ടിരുന്നു. എന്നാൽ പിൽക്കാലത്ത് ഉടലെടുത്ത സഭാതർക്കങ്ങളിൽ അദ്ദേഹത്തിന്റെ പ്രശസ്തിക്ക് ചിലയിടങ്ങളിൽ മങ്ങലേറ്റു. അന്ത്യോക്യയിൽ ജനിച്ച ദിയദോർ ആഥൻസിൽ വളരെ പ്രശസ്തമാംവിധം ക്ലാസിക്കൽ പഠനം നടത്തി. അതിനുശേഷം അന്ത്യോക്യയിലെ സിൽവാനോസിന്റെയും എമേസയിലെ എവുസേബിയസിന്റെയും കീഴിൽ ദൈവശാസ്ത്ര പരിശീലനം നേടി. പഠനമെല്ലാം കഴിഞ്ഞപ്പോൾ അദ്ദേഹം സന്യാസജീവിതം തെരഞ്ഞെടുത്തു. അദ്ദേഹം അന്ത്യോക്യയ്ക്കടുത്ത് ഒരു സന്യാസാശ്രമത്തിൽ അധ്യക്ഷനായിരുന്നെന്ന് സൊക്രാട്ടസും (സഭാ.6,3) സൊസോമനും (സഭാ.8,2) പറയുന്നു. പണ്ഡിതനായ അധ്യാപകനെന്ന നിലയിൽ വിജാതിയർക്കും പാഷണ്ഡികൾക്കുമെതിരെ നിഖ്യാവിശ്വാസം ഉയർത്തിക്കാട്ടാൻ ദിയദോർ വളരെയധികം പരിശ്രമിച്ചു. അന്ത്യോക്യയിലെ രണ്ടാമത്തെ കലാലയം തുടങ്ങിയത് അദ്ദേഹമാണ്. ജോൺ ക്രിസൊസ്തോം, തിയഡോർ ആദിയായവർ അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ ഉൾപ്പെടുന്നു.

വിശ്വാസത്യാഗിയായ ജൂലിയൻ ചക്രവർത്തി 362 ജൂൺ മുതൽ 363 മാർച്ചുവരെ അന്ത്യോക്യയിൽ താമസിച്ചുകൊണ്ട് വിഗ്രഹാരാധന പുനർജീവിപ്പിക്കാൻ ആവുന്നത്ര ശ്രമിച്ചു. ദിയദോർ അതൊരു വലിയ വെല്ലുവിളിയായി കണക്കാക്കി. *ഗ്ലീലായർക്കെതിരെ* എന്നൊരു ഗ്രന്ഥമെഴുതാൻ ജൂലിയൻ അന്ത്യോക്യയിൽ വച്ച് വളരെ പണിപ്പെട്ടു. അനേകം രാത്രികൾ അതിനായി അധ്വാനിച്ചു. ''യേശുക്രിസ്തുവിന്റെ ദൈവത്വം ഉയർത്തിക്കാട്ടുന്നതിൽ സമുദ്രത്തിലെ ഒരുയർന്ന പാറപോലെ ദിയദോർ ഉയർന്നു'' (തിയഡൊറെറ്റ്, സഭാ.4,22). ജൂലിയൻ ദിയദോറിനെ തറപറ്റിക്കാനും അപമാനിക്കാനും ശ്രമി

ച്ചു. ''ഗ്ലീലായരുടെ ഒരു പുരോഹിതക്ഷുദ്രക്കാരൻ, കൃഷിക്കാരുടെ മതത്തിന്റെ വക്താവ്'' എന്നു തുടങ്ങിയ പദപ്രയോഗങ്ങൾ ജൂലിയന്റെ തൂലികയിൽ നിന്ന് അടർന്നുവീണു. ''അവന്റെ (ദിയദോറിന്റെ) നിർജീവമുഖവും വികൃതരൂപവും അനാരോഗ്യവും ദേവകോപം വിളിച്ചറിയിക്കുന്നു'' എന്ന് ജൂലിയൻ കൊട്ടി ഘോഷിച്ചു. ക്രിസ്തുവിന്റെ ദൈവത്വം ദിയദോറിന്റെ കണ്ടുപിടുത്തമാണെന്നു വരെ അയാൾ വ്യാഖ്യാനിച്ചു: ''നസ്രായരുടെ മന്ത്രവാദിയായ ദിയദോർ ക്ഷുദ്രപ്രയോഗങ്ങളാൽ തന്റെ ഭോഷത്തങ്ങൾ വർദ്ധിപ്പിച്ചു. എല്ലാ ദേവന്മാരും ദേവിമാരും കലാദേവികളും ഭാഗ്യദേവികളും എന്നെ സഹായിച്ചാൽ, വെറുമൊരു കെട്ടുകഥയുടെ അടിസ്ഥാനത്തിൽ ദിയദോർ പ്രഖ്യാപിക്കുന്ന അയാളുടെ പുതിയ ഗ്ലീലായ ദൈവം ഹീനമായ മരണവും കല്ലറയും വഴി ദിയദോർ അവന് ആരോപിച്ച ദൈവത്വത്തിൽ നിന്ന് എങ്ങനെ നീക്കപ്പെട്ടു എന്ന് ഞാൻ കാണിക്കാം'' എന്നു പോകുന്നു ജൂലിയന്റെ വീമ്പടിക്കൽ (*PL*.67. 621). ഏതായാലും ജൂലിയന്റെ വീമ്പടികളൊന്നും വിജയിച്ചില്ല. അയാൾ പേർഷ്യാക്കാരുമായുള്ള ഏറ്റുമുട്ടലിൽ അധികം താമസിയാതെ പേർഷ്യൻ മണ്ണിൽ മരിച്ചുവീണു.

ജൂലിയന്റെ പിൻഗാമിയായ വാലെൻസ് ചക്രവർത്തി ദിയദോറിനെ അർമേനിയായിലേക്ക് 372-ൽ നാടുകടത്തി. അവിടെവച്ച് അദ്ദേഹം മഹാനായ ബേസിലുമായി ബന്ധപ്പെടാൻ തുടങ്ങി. വാലെൻസ് മരിച്ചപ്പോൾ ദിയദോർ തിരികെ വരികയും സിലീഷ്യയിലെ തർസോസിൽ (378) മെത്രാനാകുകയും ചെയ്തു. കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിൽ (381) അദ്ദേഹം സംബന്ധിച്ചു. 381 ജൂലൈ 30-ലെ രാജകീയവിളംബരം അദ്ദേഹത്തെ സത്യവിശ്വാസത്തിന്റെ ഉത്തമവക്താവായി പ്രഖ്യാപിച്ചു. 394-നു മുമ്പ് മരിച്ചു. കത്തോലിക്കാസഭയിലെ വിശുദ്ധ മെത്രാനായിട്ടാണ് അദ്ദേഹം മരിച്ചത്. എന്നാൽ 431-ലെ എഫേസോസ് സൂനഹദോസോടുകൂടെ അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിനെതിരെ ഉയർന്നു വന്ന മുന്നേറ്റത്തിൽ ചിലർ ദിയദോറിനെതിരെയും കടന്നാക്രമണം നടത്തി. അലക്സാണ്ഡ്രിയയിലെ സിറിൽ 438-ൽ *ദിയദോറിനും തിയഡോറിനുമെതിരെ* എന്ന കൃതിയിൽ നെസ്തോറിയനിസത്തിന്റെ ഹേതുഭൂതരായി ദിയദോറിനെയും തിയഡോറിനെയും ചിത്രീകരിച്ചു. ഇക്കാരണം പറഞ്ഞ് 499-ൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ ഒരു പ്രാദേശിക സിനഡ് ദിയദോറിൽ കുറ്റമാരോപിച്ചു.

ദിയദോർ വലിയൊരെഴുത്തുകാരനായിരുന്നു. ബൈബിൾഭാഷ്യം, വിശ്വാസ സമർഥനകൃതികൾ, താർക്കിക കൃതികൾ, വാനശാസ്ത്രം, ഭൂമിശാസ്ത്രം എന്നിവ സംബന്ധിച്ച കൃതികൾ ആദിയായവ അദ്ദേഹം രചിച്ചിട്ടുണ്ട്. അബ്ദീശോയുടെ (+1318) കണക്കനുസരിച്ച് ദിയദോർ 60 കൃതികളെഴുതി. എന്നാൽ ഈ കൃതികളുടെ ചില ശകലങ്ങൾ മാതമേ നമുക്കു കിട്ടിയിട്ടുള്ളു.



അബ്ദീശോ പറയുന്നു: ''തർസോസിലെ ദിയദോർ 60 കൃതികളെഴുതി. അവയിൽ മിക്കതും ആരിയർ കത്തിച്ചുകളഞ്ഞു. അവശേഷിക്കുന്നവ താഴെ പറയുന്നവയാണ്. ദൈവപരിപാലന, ജ്യോതിഷർക്കെതിരെ, എവുണോമിയർക്കെതിരെ, മറ്റു പാഷണ്ഡികൾക്കെതിരെ, യൂദർക്കെതിരെ, മനിക്കേയർക്കെതിരെ, അപ്പൊള്ളിനാരിയസിനെതിരെ, മത്തായിയുടെ സുവിശേഷത്തിന്റെ ഒരു ഭാഗത്തിന്റെ ഭാഷ്യം'' (*BO*.3.1.28).

അലക്സാണ്ഡ്രിയൻ കലാലയത്തിന്റെ രൂപകാർഥഭാഷ്യരീതി ദിയദോർ സ്വീകരിച്ചില്ല. ചരിത്രപരവും നിരുക്തിപരവുമായ രീതി അദ്ദേഹം വികസിപ്പിച്ചെടുത്തു. വി. ഗ്രന്ഥത്തിന്റെ നിഗൂഢാർഥത്തിലേക്ക് ആഴ്ന്നിറങ്ങാൻ അദ്ദേഹം കൂട്ടാക്കുന്നില്ല. നിവേശിത ഗ്രന്ഥകാരൻ ഉദ്ദേശിച്ച അർഥം കണ്ടുപിടിക്കാനാണ് ശ്രമിക്കുന്നത്. മിക്കവാറും എല്ലാ ബൈബിൾ ഭാഗങ്ങൾക്കും അദ്ദേഹം ഭാഷ്യങ്ങളെഴുതി. *തീയറിയും അല്ലെഗൊറിയും* (*Theoria and Allegoria*) *തമ്മിലുള്ള വ്യത്യാസം* എന്ന ശീർഷകത്തിൽ ഭാഷ്യതത്വങ്ങൾ ചർച്ച ചെയ്യുന്ന ഒരു ഗ്രന്ഥം രചിച്ചതായി പറയപ്പെടുന്നു. വിജാതിയർക്കും യൂദർക്കും പാഷണ്ഡികൾക്കുമെതിരെ കൃതികളെഴുതിയിട്ടുണ്ട്. മനിക്കേയർക്കെതിരെ 25 പുസ്തകങ്ങളെഴുതിയെന്ന് കൽക്കദോൻ മെത്രാൻ ഹെരാക്ലിയോൻ പറയുന്നു (ഫോസിയസ്, ബിബ്ലി. കോ. 85). ഇവയിൽ ആദ്യത്തെ ഏഴ് പുസ്കങ്ങൾ മാനിയുടെ ശിഷ്യനായ അദ്ദാസിനെ ഖണ്ഡിക്കുകയാണ്. മനിക്കേയർ സ്വന്ത താൽപര്യമനുസരിച്ച് സാധാരണ ഉദ്ധരിക്കാറുള്ള ചില വേദപുസ്തക വാക്യങ്ങളുടെ അർഥം തുടർന്നുള്ള പുസ്തകങ്ങളിൽ വ്യക്തമാക്കുന്നു. *സിനൂസിയാസ്റ്റർക്കെതിരെ* എന്ന കൃതിയിൽ നിന്ന് ഒരു *സുറിയാനി ഫ്ളോറിലേജ്* 33 ഭാഗങ്ങൾ ഉദ്ധരിക്കുന്നു.

ഫൊത്തീനുസ്, മാൽക്കിയോൻ, സബെല്ലിയസ്, അൻസീറയിലെ മർസെല്ലുസ് എന്നിവർക്കെല്ലാം എതിരായി ദിയദോർ എഴുതിയിട്ടുണ്ടെന്ന് തിയഡൊറെറ്റ് പറയുന്നു (പാഷ.2,11). *പരിശുദ്ധാത്മാവിനെപ്പറ്റി* എന്ന കൃതിയെപ്പറ്റി ഫോസിയസ് സൂചിപ്പിക്കുന്നു (ബിബ്ലി.കോ. 102). വാനശാസ്ത്രസംബന്ധമായി അഞ്ചു കൃതികളെങ്കിലും എഴുതിയെന്ന് കരുതപ്പെടുന്നു. അവയിൽ ഒരെണ്ണത്തെപ്പറ്റി മാത്രമെ ഫോസിയസ് രേഖപ്പെടുത്തുന്നുള്ളു (223). *ക്രോണിക്കോൻ* എന്നൊരു കൃതിയെപ്പറ്റി സുയിദാസ് പറയുന്നു. ഏതായാലും അന്ത്യോക്യൻ സഭയിലെ ഒരു വലിയ എഴുത്തുകാരനായിരുന്നു അദ്ദേഹം.

അധ്യായം 19

# മൊപ്സുവെസ്ത്യായിലെ തിയഡോർ

ദിയദോറിന്റെ ശിഷ്യനായ തിയഡോറും അന്ത്യോക്യയിലാണ് ജനിച്ചത്. ലിബാനിയുസ് എന്ന പണ്ഡിതന്റെ കീഴിൽ പ്രഭാഷണ കലയും സാഹിത്യവും പഠിച്ചു. അവിടെ വച്ചാണ് ജോൺ ക്രിസൊസ്തോമുമായുള്ള പരിചയം തുടങ്ങിയത്. അത് ജീവിതകാലം മുഴുവൻ നീണ്ടുനിന്നു. ജോണിന്റെ മാതൃകയും ഉപദേശവും ഒരു സന്യാസിയാകാൻ തിയഡോറിനെ പ്രേരിപ്പിച്ചു. ഇരുപത് വയസ് തികയുന്നതിനുമുമ്പ് ആശ്രമത്തിൽ ചേർന്നു. പെട്ടെന്ന് തീക്ഷ്ണത തണുത്തുപോയ തിയഡോർ അഭിഭാഷകനായി ഗാർഹസ്ത്യ ജീവിതം നയിക്കാൻ ആശ്രമം വിട്ടുപോയി. എങ്കിലും ജോണിന്റെ രണ്ടു കത്തുകൾ (*Ad Theodorum lapsum*) തിയഡോറിനെ തിരികെ ആശ്രമത്തിലെത്തിച്ചു. അന്ത്യോക്യൻ മെത്രാൻ ഫ്ളാവിയൻ 383-ൽ തിയഡോറിനെ വൈദികനാക്കി; 392-ൽ സിലീഷ്യയിലെ മൊപ്സുവെസ്ത്യാ മെത്രാനായി അദ്ദേഹം നിയമിതനായി.

അദ്ദേഹം ഒരഗാധ പണ്ഡിതനും ബുദ്ധിരാക്ഷസന്മാരിൽ മുൻപന്തിയിൽ നിൽക്കുന്നവനുമാണ്. സത്യവിശ്വാസത്തിന്റെ പ്രശസ്ത വക്താവായി പ്രകീർത്തിക്കപ്പെട്ടു. ഒരു വലിയ സഭാപണ്ഡിതൻ എന്ന ഖ്യാതിയോടുകൂടെ 428-ൽ മരിച്ചു. എന്നാൽ അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിനെതിരെ ഉണ്ടായ മുന്നേറ്റം അതിന്റെ മൂർധന്യത്തിലെത്തിയത് അതിന്റെ പ്രശസ്ത വക്താവായ തിയഡോറിനെ തള്ളിക്കളഞ്ഞതിലൂടെയാണ്. ജസ്റ്റീനിയൻ ചക്രവർത്തി ഉരുക്കുമുഷ്ടി ഉപയോഗിച്ച് 553-ലെ അഞ്ചാം സാർവത്രിക സിനഡിൽ വച്ച് തിയഡോറിനെയും അദ്ദേഹത്തിന്റെ കൃതികളെയും ശപിച്ചു. അദ്ദേഹത്തെ പാഷണ്ഡിയായി മുദ്രകുത്തി. തന്റെ പ്രവൃത്തിയെ എതിർത്തവരെയെല്ലാം ചക്രവർത്തി അമർച്ച ചെയ്തു. റോമിലെ മാർപാപ്പായെപ്പോലും അയാൾ വെറുതെ വിട്ടില്ല.



**കൃതികൾ**

അന്ത്യോക്യൻ കലാലയത്തിലെ ഭാഷാശൈലിയുടെ ഉത്തമ വക്താവായി തിയഡോറിനെ കണക്കാക്കാം. അന്ത്യോക്യൻ സഭയിലെ ഏറ്റവും പ്രശസ്തനായ എഴുത്തുകാരനും അദ്ദേഹം തന്നെ. വേദപുസ്തകത്തിന്റെ ഏറ്റവും വലിയ ഭാഷ്യകാരനായി പൗരസ്ത്യ സുറിയാനിസഭ അദ്ദേഹത്തെ കണക്കാക്കുന്നു. മിക്കവാറും എല്ലാ ബൈബിൾ ഗ്രന്ഥങ്ങൾക്കും അദ്ദേഹം ഭാഷ്യമെഴുതിയിട്ടുണ്ട്. അതുപോലെ താത്വികവും താർക്കികവുമായ കൃതികളും എഴുതിയിട്ടുണ്ട്. സമകാലീന ദൈവശാസ്ത്ര പ്രശ്നങ്ങളിലെല്ലാം അദ്ദേഹത്തിനുണ്ടായിരുന്ന താൽപര്യവും സ്വന്തമായ വിലയിരുത്തലും അവ വിളിച്ചറിയിക്കുന്നു. പാഷണ്ഡത ആരോപിക്കപ്പെട്ട് പലതും നഷ്ടപ്പെട്ടെങ്കിലും ഈ അടുത്ത കാലത്തെ പഠനങ്ങളും അന്വേഷണങ്ങളും പല പൗരസ്ത്യ വിവർത്തനങ്ങളും കണ്ടെത്താൻ സഹായിച്ചിട്ടുണ്ട്. തിയഡോറിനെ സംബന്ധിച്ച് പുതിയ വെളിച്ചം വീശുന്നവയാണവ. അബ്ദീശോയും സേർത് ക്രോണിക്കിളും അദ്ദേഹത്തിന്റെ കൃതികളുടെ പട്ടിക നൽകുന്നു (ജി.ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ*,കോട്ടയം,2006,പേ.68-69).

**1. പഴയനിയമഭാഷ്യങ്ങൾ**

(1) ഉൽപത്തിഭാഷ്യം: പഞ്ചഗ്രന്ഥിയെ ആധാരമാക്കി തിയഡോർ മൂന്നു ഗ്രന്ഥങ്ങൾ എഴുതിയെന്ന് സേർത് ക്രോണിക്കിൾ രേഖപ്പെടുത്തുന്നു. ഉൽപത്തിഭാഷ്യം എന്നാണ് അബ്ദീശോ അതിനെ വിളിക്കുന്നത്. പ്രസ്തുത ഗ്രന്ഥത്തിന്റെ കുറേ ഭാഗങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. നിസേഫോറസിന്റെ *കത്തേനയിലെ* രേഖാശകലങ്ങളും ഡെവ്രീസ് പ്രസിദ്ധീകരിച്ച ഭാഗങ്ങളുമാണവ. ഇപ്പോൾ ഉൽപത്തി 1-3 വരെയുള്ള ഭാഷ്യവും അര ഡസൻ രേഖാശകലങ്ങളുമാണ് ലഭിച്ചിട്ടുള്ളത്. പുറപ്പാട് 25,8-20.23-29.30-38;ജോഷ്വാ 7,4-5; ന്യായാ.13,25;15,17 എന്നിവയുടെ ഭാഷ്യങ്ങൾ തിയഡോറിന്റെ ഭാഷ്യതത്വങ്ങളും ഭാഷ്യരീതിയും അറിയാൻ സഹായകമാണ്.

(2) സങ്കീർത്തനഭാഷ്യം: ഇതാണ് തിയഡോറിന്റെ ആദ്യത്തെ കൃതി. വെറും ഇരുപതു വയസ് മാത്രം പ്രായമുള്ളപ്പോളാണ് അദ്ദേഹം അഞ്ചു വാല്യങ്ങളിലായി ഈ ഭാഷ്യമെഴുതിയത്. *വ്യംഗ്യാർഥകർക്കെതിരെ* എന്ന ഒരു പിൽക്കാലകൃതിയിൽ ഇതിന്റെ കുറവുകളെപ്പറ്റി അദ്ദേഹം തന്നെ പരാമർശിക്കുന്നു. കത്തേനകളിൽ നിന്ന് ഇതിന്റെ വലിയൊരു ഭാഗം ശേഖരിച്ച് അച്ചടിച്ചിട്ടുണ്ട്. എന്നാൽ തിയഡോറിന്റെ സങ്കീർത്തനഭാഷ്യഭാഗങ്ങളായി അറിയപ്പെട്ട പലതും അദ്ദേഹത്തിന്റേതല്ല എന്നു പറയപ്പെടുന്നു.

എഴുതപ്പെട്ട ചരിത്രപശ്ചാത്തലത്തിൽ സങ്കീർത്തനങ്ങൾ വ്യാഖ്യാനിക്കണമെന്ന് തിയഡോറാണ് ആദ്യമായി പറഞ്ഞത്. എല്ലാ സങ്കീർത്തനങ്ങളും

ദാവീദ് എഴുതിയതാണെന്ന് അദ്ദേഹം അംഗീകരിച്ചിരുന്നു. എന്നാൽ പലതിന്റെയും സന്ദർഭവും പശ്ചാത്തലവും ദാവീദിന്റേതല്ല എന്നു മനസിലാക്കിയ തിയഡോർ അതിനൊരുത്തരം കണ്ടുപിടിച്ചു. മറ്റൊരു കാലവും പശ്ചാത്തലവും കാട്ടുന്നവ ദാവീദ് പ്രവാചകനെന്ന നിലയിൽ എഴുതിയിട്ടുള്ളതാണ്. അവ ഇസ്രായേലിന്റെ ഭാവി വരച്ചുകാട്ടുന്നു. ഇതിന്റെ വെളിച്ചത്തിൽ ദാവീദു മുതൽ മക്കബായരുടെ കാലം വരെ കാലഗണനനയനുസരിച്ച് അദ്ദേഹം സങ്കീർത്തനങ്ങളെ തിരിക്കുന്നു. ദാവീദിന്റെ പ്രവാചക ചക്രവാളം മക്കബായർ വരെ മാത്രമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് നേരിട്ട് ഒരു മെസിയാനിക് ടെക്സ്റ്റും സങ്കീർത്തനങ്ങളിലില്ല. പുതിയ നിയമത്തിൽ കാണുന്ന മെസിയാനിക് പ്രയോഗങ്ങൾ അക്കോമഡേഷനാണ്. എന്നാൽ ഇതിന് നാല് അപവാദങ്ങളുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു (സങ്കീ. 2;8;44;109). ഇവയും കൃത്യമായി പറഞ്ഞാൽ മെസിയാനിക് സങ്കീർത്തനങ്ങളല്ല. അതായത്, തെരഞ്ഞെടുക്കപ്പെട്ട ജനത്തിനുവേണ്ടി തയാറാക്കപ്പെട്ട ഭാവിയെ കുറിക്കുന്നവയല്ല. അവ തിരുഅവതാരവും ഭാവിയും വരച്ചുകാട്ടുന്നു. അലക്സാണ്ഡ്രിയൻ കലാലയത്തിന്റെ അല്ലെഗോറിക്കൽ വ്യാഖ്യാനരീതിയും അവരുടെ മെസിയാനിക് വ്യാഖ്യാനങ്ങളും അദ്ദേഹം സ്വീകരിക്കുന്നില്ല. ഓരോ സങ്കീർത്തനവും ഓരോ സാഹിത്യപൂർണതയായി കണക്കാക്കണം. സന്ദർഭത്തിൽ നിന്ന് അടർത്തി മാറ്റി ഭാഗം ഭാഗമായി പരിഗണിക്കാൻ പാടില്ല എന്ന തത്വത്തെ അലക്സാണ്ഡ്രിയാക്കാർ ലംഘിക്കുന്നു എന്നത്രേ അദ്ദേഹത്തിന്റെ ആരോപണം. ഒരേ സങ്കീർത്തനത്തിൽ തന്നെ ആളുകളും കാലങ്ങളും സാഹചര്യങ്ങളും മാറ്റി വ്യാഖ്യാനിക്കാൻ തിയഡോർ അനുവദിക്കുന്നില്ല. ഉദാ. ഒരു സങ്കീർത്തനം ഭാവിയെ സൂചിപ്പിക്കുന്നതാണെങ്കിൽ എപ്പോഴും അപ്രകാരമായിരിക്കണം. സങ്കീർത്തനങ്ങളുടെ തലക്കെട്ടുകൾ പിൽക്കാല കൂട്ടിച്ചേർക്കലുകളാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. സങ്കീർത്തനങ്ങളുടെ വ്യാഖ്യാനത്തിൽ തിയഡോറിന്റെ ഭാഷ്യം ഒരു പുതിയ വാതിൽ തുറന്നെന്നു പറയാം.

(3) പന്ത്രണ്ട് ചെറിയ പ്രവാചകന്മാരുടെ ഭാഷ്യം: തിയഡോറിന്റെ ഭാഷ്യകൃതികളിൽ പൂർണമായി ഗ്രീക്കിൽ കിട്ടിയിരിക്കുന്നത് ഈ ഗ്രന്ഥം മാത്രമാണ്. ഇതിൽ ക്രിസ്തുശാസ്ത്ര സംബന്ധമായ പ്രശ്നങ്ങൾ ഇല്ലാത്തതിനാലാകാം എതിരാളികളുടെ എതിർപ്പുകളിൽ നിന്ന് ഇത് രക്ഷപെട്ടത്. പ്രവാചക കൃതികളിൽ നേരിട്ട് മെസിയാനിക ഭാഗങ്ങളുണ്ടെന്ന് അദ്ദേഹം അംഗീകരിക്കുന്നു. എന്നാൽ മെസിയാനിക ഭാഗങ്ങളെന്നു കരുതപ്പെടുന്ന പലതും യൂദന്മാരുടെ ഉയർച്ചയെയോ മക്കബായരുടെ വിജയത്തെയോ കുറിക്കുന്നതാണ്. സാമുവേൽ, ജോബ്, സഭാപ്രസംഗകൻ, ഏശായാ, ജറമിയ, എസക്കിയേൽ, ദാനിയേൽ എന്നീ ഗ്രന്ഥങ്ങൾക്ക് തിയഡോർ ഭാഷ്യമെഴുതി. എങ്കിലും അവയെല്ലാം നഷ്ടപ്പെട്ടു.



**2. പുതിയനിയമഭാഷ്യങ്ങൾ**

(1) യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം: ഈ കൃതി പൂർണമായി സുറിയാനിയിൽ നമുക്കു ലഭിച്ചിട്ടുണ്ട്. 1940-ൽ വോസ്തേ എന്ന പണ്ഡിതൻ അത് ലത്തീൻ വിവർത്തനത്തോടുകൂടെ പ്രസിദ്ധീകരിച്ചു. 2006 -ൽ ഇതിന്റെ മലയാള പരിഭാഷ പ്രസിദ്ധീകൃതമായി (ജി.ചേടിയത്ത്-ജി.അപ്പശ്ശേരി, *യോഹന്നാന്റെ സുവിശേഷം-തിയഡോറിന്റെ ഭാഷ്യം,* കോട്ടയം,2006: മദ്റോശോ-5: സീരി പ്രസിദ്ധീകരണം). ഡെവ്രീസിന്റെ ഗ്രീക്ക് രേഖാശകലങ്ങളുടെ പതിപ്പിനെ (1948) ആധാരമാക്കി 2004-ൽ ഒരു ഇംഗ്ലീഷ് വിവർത്തനം ഉണ്ടായി. ഗ്രീക്കുപതിപ്പും സുറിയാനി പതിപ്പും തമ്മിൽ അൽപസ്വൽപ വ്യത്യാസം ഉണ്ട്. എങ്കിലും ഈ രണ്ട് പ്രസിദ്ധീകരണങ്ങളും തിയഡോറിനെ കൂടുതൽ വസ്തുനിഷ്ഠമായി കാണാൻ സഹായിക്കും. മത്തായിയുടെയും ലൂക്കോസിന്റെയും സുവിശേഷത്തിനും നടപടി പുസ്തകത്തിനും തിയഡോർ ഭാഷ്യമെഴുതിയെന്ന് അബ്ദീശോ പറയുന്നു. എന്നാൽ അവയുടെ ശകലങ്ങൾ മാത്രമേ നമുക്കു കിട്ടിയിട്ടുള്ളു.

(2)പൗലോസിന്റെ പത്ത് ചെറിയ ലേഖനങ്ങളുടെ ഭാഷ്യം: ഇത് ഒരു ലത്തീൻ വിവർത്തനത്തിലൂടെ കൈവന്നിട്ടുണ്ട്. അഞ്ചാം നൂറ്റാണ്ടിലെ ഈ വിവർത്തനം അംബ്രോസിന്റെ പേരിൽ പ്രചരിച്ചിരുന്നു.

(3) പൗലോസിന്റെ നാല് വലിയ ലേഖനങ്ങളുടെ ഭാഷ്യം: റോമാലേഖനം, കോറിന്തോസുകാർക്കുള്ള രണ്ട് ലേഖനങ്ങൾ, എബ്രായലേഖനം എന്നിവയ്ക്കെഴുതിയ ഭാഷ്യങ്ങളുടെ ചില ശകലങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു.

**3. താത്വിക-താർക്കിക കൃതികൾ**

(1)മതാധ്യാപന പ്രസംഗങ്ങൾ (*Catechetical Homilies*): മിങ്ഗാനാ 1932-ൽ തിയഡോറിന്റെ മതാധ്യാപനപ്രസംഗങ്ങൾ സുറിയാനിയിൽ കണ്ടുപിടിച്ച് ഇംഗ്ലീഷ് വിവർത്തനത്തോടുകൂടെ പ്രസിദ്ധീകരിച്ചു. തിയഡോറിയൻ ചിന്തയിൽ കൂടുതൽ താൽപര്യം ജനിക്കാൻ അതിടയാക്കി. *കൂദാശകളെപ്പറ്റിയും വിശ്വാസത്തെപ്പറ്റിയും* എന്ന് അബ്ദീശോ പറയുന്ന രണ്ടു കൃതികൾ ഇതുതന്നെയാണ്. *318 പിതാക്കന്മാരുടെ വിശ്വാസപ്രമാണത്തിന്റെ വിശദീകരണവും കുർബാനയുടെ വ്യാഖ്യാനവും* എന്ന് സേർത് ക്രോണിക്കിൾ പറയുന്നതും ഇതേപ്പറ്റിയാണ്.

രണ്ടു ഭാഗങ്ങളിലായി 16 പ്രബോധനങ്ങളുണ്ട്. ആദ്യത്തെ പത്തെണ്ണം നിഖ്യാ വിശ്വാസപ്രമാണത്തിൽ കാണുന്ന വിശ്വാസസത്യങ്ങൾ വിശദീകരിക്കുന്നു. കർതൃപ്രാർഥന (11), മാമോദീസാ(12-14), കുർബാന (15-16)എന്നിവയുടെ വ്യാഖ്യാനമാണ് ബാക്കിയുള്ള ആറെണ്ണം. ആദ്യത്തേ ഭാഗത്തുള്ളവ സ്നാനത്തിന് ഒരുക്കമായി നൽകപ്പെട്ടവയും ബാക്കിയുള്ളവ സ്നാനം

സ്വീകരിച്ചവർക്ക് നൽകിയവയുമാണ്. അന്ത്യോക്യയിൽവച്ച് 388-നും 392-നും ഇടയ്ക്കാണ് ഈ പ്രസംഗങ്ങൾ ചെയ്തത്.

കർതൃപ്രാർഥനയെ ആധാരമാക്കിയുള്ള പ്രസംഗം സത്പ്രവൃത്തികൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. പ്രാർഥന വെറും വാക്കുകളിലല്ല, സത്പ്രവൃത്തികളിലും സ്നേഹത്തിലും കർത്തവ്യനിർവഹണത്തിനുള്ള താത്പര്യത്തിലുമത്രേ അടങ്ങിയിരിക്കുന്നത്: "പ്രാർഥിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അത് വാക്കുകളിലല്ല സുകൃതജീവിതത്തിന്റെ തെരഞ്ഞെടുപ്പിലും ദൈവസ്നേഹത്തിലും കർത്തവ്യനിർവഹണത്തിലും അടങ്ങിയിരിക്കുന്നു. ഈ കാര്യങ്ങളിൽ നീ തൽപരനാണെങ്കിൽ നീ പ്രാർഥിക്കുകയായിരിക്കും." അന്നന്നത്തെ അപ്പം ശാരീരിക ഭക്ഷണത്തെ കുറിക്കുന്നു എന്നത്രേ അദ്ദേഹം ചിന്തിക്കുന്നത്. ഇക്കാര്യത്തിൽ അദ്ദേഹം ഒരിജനിൽ നിന്നും സിറിലിൽ നിന്നും വ്യത്യസ്തമായ വ്യാഖ്യാനം നൽകുന്നു. സ്നാനത്തിനുള്ള ഒരുക്കത്തെപ്പറ്റി 12-14 പ്രസംഗങ്ങൾ സവിസ്തരം പ്രതിപാദിക്കുന്നു. സ്നാനാർഥികളുടെ പേരു കുറിക്കൽ, പിശാചിനെ പുറത്താക്കാനുള്ള വിവിധ പ്രാർഥനകൾ, സ്നാനജലം വാഴ്ത്തുന്ന ക്രമം, സ്നാനശുശ്രൂഷ എന്നിവ അദ്ദേഹം ചർച്ച ചെയ്യുന്നു.

നാലാം നൂറ്റാണ്ടിൽ അന്ത്യോക്യയിൽ നിലവിലിരുന്ന ആരാധനക്രമത്തെയാണ് അദ്ദേഹം രണ്ടു പ്രസംഗങ്ങളിലായി വിവരിക്കുന്നത്. ശുശ്രൂഷക്രമങ്ങളുടെ പൂർണവും കൃത്യവുമായ വിവരണം ഇവിടെ ദർശിക്കാം. കുർബാന സംബന്ധമായ സഭാപ്രബോധനവും യഥാർഥ സാന്നിധ്യം സംബന്ധിച്ച വിശ്വാസവും വിശദീകരിക്കുന്നു. കുർബാന സ്വീകരണത്തിനു വേണ്ട മാനസിക ഒരുക്കത്തെപ്പറ്റിയും പാപം ഏറ്റുപറയുന്നതിനെപ്പറ്റിയും ചർച്ച ചെയ്യുന്നു. (ഇതിന്റെ മലയാളവിവർത്തനത്തിന്: ജി.ചേടിയത്ത്, *തിയഡോർ -മതാധ്യാപന പ്രസംഗങ്ങൾ,* കോട്ടയം, 1986).

(2) തിരുഅവതാരം: തിയഡോറിന്റെ ഏറ്റവും പ്രധാനപ്പെട്ട കൃതിയാണിത്. ഇതാണ് ഏറ്റവും കൂടുതൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ളത്. സുറിയാനി വിവർത്തനത്തിൽ ഈ കൃതി 1905-ൽ ലഭിച്ചെങ്കിലും ഒന്നാം ലോക മഹായുദ്ധത്തിൽ ഇത് നഷ്ടപ്പെട്ടുപോയി. തുർക്കിയിലെ സേർത് എന്ന സ്ഥലത്തുള്ള ഗ്രന്ഥശേഖരത്തിൽ ഈ ഗ്രന്ഥം കണ്ടെടുക്കപ്പെട്ടതായി അദ്ദായ് ഷേർ എന്ന മെത്രാപ്പോലീത്താ രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ലോകമഹായുദ്ധത്തിൽ ഷേർ കൊല്ലപ്പെട്ടു. അദ്ദേഹം കൊല്ലപ്പെടുന്നതിനു മുമ്പ് തന്റെ ഗ്രന്ഥശേഖരത്തിലെ പ്രധാന ഗ്രന്ഥങ്ങളെല്ലാം പൊതിഞ്ഞുകെട്ടി ഒരു തുകൽ പെട്ടിയിലാക്കി സേർതിൽ ദേവാലയത്തിനടുത്തുള്ള ഒരു കിണറ്റിൽ താഴ്ത്തിവച്ചു. ശത്രുക്കൾ വന്ന് അദ്ദേഹത്തെ കൊന്ന് ദേവാലയവും ശേഷിച്ച ഗ്രന്ഥങ്ങളും ആശ്രമവും നശിപ്പിച്ചു. ക്രിസ്ത്യാനികളെ ഉന്മൂലനാശം വരുത്തി. തുർക്കി



സർക്കാർ പ്രസ്തുത സ്ഥലത്ത് ഒരു സ്കൂൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥശേഖരത്തെപ്പറ്റി സൂക്ഷ്മവിവരം ലഭിച്ച ചില പാശ്ചാത്യപണ്ഡിതന്മാർ അവിടെ ഒന്നിലേറെ പ്രാവശ്യം പോയെങ്കിലും കാര്യമായ ഗവേഷണമൊന്നും നടത്താൻ സാധിച്ചില്ല. ആ ഗ്രന്ഥശേഖരം സേർതിൽ തന്നെ ഉണ്ടെന്നും ഒരിക്കൽ അത് കണ്ടെടുക്കാൻ സാധിക്കുമെന്നുമാണ് പല പാശ്ചാത്യ പണ്ഡിതന്മാരുടെയും ഉത്തമബോധ്യം. അദ്ദായ് ഷേർ തന്റെ കാറ്റലോഗിൽ സൂചിപ്പിച്ച ചില കൈയെഴുത്തു പ്രതികൾ ഇപ്പോൾ പാരീസിലുള്ള നാഷണൽ ഗ്രന്ഥശേഖരത്തിലുണ്ട്. ഷേർ തന്നെ അവ യൂറോപ്പിൽ എത്തിച്ചതാകാനാണിട. തിരു അവതാരം സംബന്ധിച്ച കൃതി ഒരിക്കൽ കണ്ടെടുക്കപ്പെടുമെന്ന് പ്രത്യാശിക്കാം. ഗ്രീക്ക്, സുറിയാനി, ലത്തീൻ ഭാഷകളിലുള്ള രേഖാശകലങ്ങളല്ലാതെ പൂർണമായി ഈ കൃതി ഇന്ന് നമ്മുടെ പക്കലില്ല. തിയഡോറിന്റെ സുഹൃത്തുക്കളും എതിരാളികളും ഒരുപോലെ ഇത് ഉദ്ധരിച്ചിട്ടുണ്ട്. മെത്രാനാകുന്നതിനു മുമ്പാണ് അദ്ദേഹം ഇത് രചിച്ചത്. ആരിയസ്, എവുണോമിയസ്, അപ്പൊള്ളിനാരിസ് എന്നിവർക്കെതിരായി 15 പുസ്തകങ്ങളിലായിട്ടാണ് ഇത് എഴുതിയതെന്ന് ജന്നാഡിയസ് പറയുന്നു(മഹദ്.12).

(3) മാസിഡോണിയരുമായുള്ള സംവാദം: പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ചവരാണ് മാസിഡോണിയർ. അവരുമായി അനസർബായിൽ വച്ച് നടത്തിയ സംവാദത്തിന്റെ നടപടിക്കുറിപ്പാണിത്. ആ ചർച്ചയിൽ തിയഡോറും പങ്കെടുത്തിരുന്നു. *പരിശുദ്ധാത്മാവിനെപ്പറ്റി* എന്ന് അബ്ദീശോയും സേർത് ക്രോണിക്കിളും പറയുന്നത് ഈ കൃതിയെപ്പറ്റിയാണ്. ഒരു സുറിയാനി വിവർത്തനത്തിലൂടെ ഈ കൃതി നമുക്കു കൈവന്നിട്ടുണ്ട്. ഏഗെയിലെ മെത്രാനായ പത്രോഫിലസിനാണിത് സമർപ്പിച്ചിരിക്കുന്നതെന്ന് അന്ത്യോക്യയിലെ സെവേരൂസ് പറയുന്നു.

(4) മൂന്നു താപസകൃതികൾ: പൗരോഹിത്യം, സന്യാസം, പരിപൂർണത എന്നിവ സംബന്ധിച്ച് തിയഡോർ മൂന്ന് ആധ്യാത്മിക കൃതികൾ എഴുതി. അബ്ദീശോയും സേർത് ക്രോണിക്കിളും ഇതേപ്പറ്റി പരാമർശിക്കുന്നു. ദാദീശോ ഖത്രായാ ഇതിൽ നിന്ന് ഉദ്ധരിക്കുന്നു.

(5) എവുണോമിയസിനെതിരെ: വി. ബേസിലിനെ ന്യായീകരിച്ചുകൊണ്ട് എവുണോമിയസിനെതിരെ 25 പുസ്തകങ്ങളിൽ ഒരു കൃതിയെഴുതി എന്ന് ഫോസിയസ് പറയുന്നു.

(6) എടുക്കുന്നവനെയും എടുക്കപ്പെടുന്നതിനെയും പറ്റി: അപ്പൊള്ളിനാരിസിനെതിരെ എന്ന കൃതി തന്നെയാണിത്. തന്റെ തിരുഅവതാരം എന്ന കൃതിയിൽ ആരോ കുത്തിത്തിരുകലുകൾ നടത്തിയപ്പോൾ 415/418 -ൽ മറുപടിയായിട്ടാണ് ഈ കൃതിയെഴുതിയത്.

(7) ഉത്ഭവപാപം സംബന്ധിച്ച്: പാപം നമ്മുടെ പ്രകൃതിയുടെ ഭാഗമാണെന്ന് കരുതുന്നവർക്കെതിരെ എന്ന് അബ്ദീശോയും സേർത് ക്രോണിക്കിളും പരാമർശിക്കുന്നത് ഈ കൃതിയെപ്പറ്റിയാണ്. ഫോസിയസ് ഇതേപ്പറ്റി ദീർഘമായ വിവരണം നൽകുന്നു. അദ്ദേഹം അഞ്ചു പുസ്തകങ്ങളെപ്പറ്റി പറയുന്നെങ്കിലും അബ്ദീശോ രണ്ടു പുസ്തകങ്ങളെ പറ്റിയേ സൂചിപ്പിക്കുന്നുള്ളൂ.

(8) പേർഷ്യൻ മന്ത്രവാദികൾക്കെതിരെ: പേർഷ്യൻ മാജികളുടെ അബദ്ധോപദേശങ്ങളെ ഖണ്ഡിച്ചുകൊണ്ട് ബൈബിളിലെ സൃഷ്ടിവിവരണം മൂന്നു പുസ്തകങ്ങളിലായി അവതരിപ്പിക്കുന്നു എന്ന് ഫോസിയസ് പറയുന്നു. അബ്ദീശോ രണ്ടു കൃതികളെപ്പറ്റിയേ പറയുന്നുള്ളൂ. ഇതു പൂർണമായി നഷ്ടപ്പെട്ടുപോയി.

(9) പവിഴങ്ങളുടെ പുസ്തകം: തിയഡോറിന്റെ കത്തുകളുടെ ഈ സമാഹാരം നഷ്ടപ്പെട്ടു പോയി. ചില ശകലങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു.

(10) വ്യംഗ്യാർഥ ഭാഷ്യകർക്കെതിരെ: അലക്സാണ്ഡ്രിയൻ കലാലയത്തിന്റെ വ്യംഗ്യാർഥ ഭാഷ്യരീതിക്ക് എതിരായി അഞ്ചു പുസ്കങ്ങളിലായി എഴുതിയതാണിത്. ഫക്കുൻദുസിൽ ഉള്ള ഒരു ഉദ്ധരണി ഒഴിച്ച് മറ്റൊന്നും കിട്ടിയിട്ടില്ല.

### ദൈവശാസ്ത്രം

ഈ അടുത്ത കാലത്ത് തിയഡോറിയൻ കൃതികളിൽ പണ്ഡിതലോകം കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും കൂടുതൽ വസ്തുനിഷ്ഠമായ അവലോകനത്തിന് ശ്രമിക്കുകയും ചെയ്യുന്നു. തിയഡോറിനെതിരെയുള്ള വിധിവാചകം പുനഃപരിശോധിക്കാൻ ഇന്ന് പണ്ഡിതലോകം തയാറാണ്. അഞ്ചാം സാർവത്രിക സൂനഹദോസിന്റെ വിധിവാചകം (553) അതിന്റെ ചരിത്രപശ്ചാത്തലത്തിൽ മനസിലാക്കാനുള്ള മാനസികാവസ്ഥ പലരും കാണിക്കുന്നു. എഫേസോസ് സൂനഹദോസോടുകൂടെ (431) ഉടലെടുത്ത അന്ത്യോക്യൻ ക്രിസ്തുശാസ്ത്രവിരുദ്ധ മുന്നേറ്റത്തിന്റെ മൂർധന്യം 553-ൽ കാണുന്നവരുണ്ട്. തിയഡോറിയൻ കൃതികളിൽ കുത്തിത്തിരുകലുകൾ കടന്നുകൂടിയിട്ടുണ്ട്. സിനഡിൽ അവതരിപ്പിച്ച രേഖാശകലങ്ങൾ സന്ദർഭത്തിൽ നിന്ന് അടർത്തി മാറ്റിയവയാണ്. അതുകൊണ്ട് സുറിയാനി വിവർത്തനങ്ങളിലേക്ക് പോയെങ്കിൽ മാത്രമേ യഥാർഥത്തിലുള്ള തിയഡോറിയൻ ചിന്ത മനസ്സിലാക്കാനാകൂ എന്ന് പലരും കരുതുന്നു. തിയഡോറിന്റെ മതാധ്യാപന പ്രസംഗങ്ങളിലാകട്ടെ, യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യത്തിലാകട്ടെ പാഷണ്ഡതയില്ല. എഫേസോസ് കൗൺസിലും 553-ലെ സിനഡും അലക്സാണ്ഡ്രിയൻ ക്രിസ്തുഭാഷ്യത്തെ മാത്രം മാനദണ്ഡമായി സ്വീകരിക്കുകയും



അതിന്റെ വെളിച്ചത്തിൽ അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തെ വിധിക്കുകയും ചെയ്തു. അതായിരുന്നു അവയുടെ പരാജയകാരണവും.

1. ക്രിസ്തുശാസ്ത്രം

അന്ത്യോക്യൻ സഭയുടെ വചന-മനുഷ്യ ക്രിസ്തുശാസ്ത്രത്തിന്റെ വക്താവായിരുന്നു തിയഡോർ. മനുഷ്യനെന്ന നിലയിൽ യേശുക്രിസ്തു ആത്മാവും ശരീരവുമുള്ള സമ്പൂർണ മനുഷ്യനായിരുന്നു. യേശുക്രിസ്തുവിന്റെ ഏകത്വവും ദ്വിത്വവും രണ്ടു തട്ടിൽ കാണണമെന്ന് അദ്ദേഹം വാദിച്ചു. ഏകത്വത്തെ എത്ര ഊന്നിപ്പറഞ്ഞാലും അത് ദ്വിത്വത്തെ-പൂർണ ദൈവത്വത്തെയും പൂർണ മനുഷ്യത്വത്തെയും-ഹനിക്കുന്നില്ല. യേശുക്രിസ്തുവിനെ പൂർണമനുഷ്യൻ എന്നു വിളിക്കുന്നത് ഏകവ്യക്തിത്വത്തെ ബലഹീനമാക്കുന്നില്ല. അതേസമയം സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള അന്തരം വ്യക്തമാക്കാനും തിയഡോർ ശ്രമിച്ചു. രണ്ടു തുല്യശക്തികൾ തമ്മിലുള്ള ഐക്യമല്ല മനുഷ്യാവതാരത്തിൽ സംഭവിച്ചത്. പിന്നെയോ, സ്രഷ്ടാവാണ് ദാസന്റെ രൂപമെടുത്തത്. യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ഐക്യം ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ പൂർണമായിരുന്നു. ക്രിസ്തുവിലെ ഇരുസ്വഭാവങ്ങൾ ഏകയാളിൽ ഐക്യപ്പെട്ടിരിക്കുന്നതിനെ കുറിക്കാൻ അദ്ദേഹം ഉപയോഗിക്കുന്ന ഗ്രീക്കുപദം *സ്യുനഫെയ്യാ* എന്നാണ്. അത് *നാഖീപൂസാ* എന്ന് സുറിയാനിയിലും *സംയോജനം* അഥവാ *ഐക്യം* എന്ന് മലയാളത്തിലും പറയാം. ഐക്യവും ദ്വിത്വവും ഒരുപോലെ പ്രസ്പഷ്ടമാക്കാൻ *ഹെനോസിസ്* (സുറിയാനി: *ഹദ്‌യൂസാ*; മലയാളത്തിൽ ഐക്യം) എന്ന ഗ്രീക്കുപദത്തേക്കാൾ മെച്ചപ്പെട്ടതാണിതെന്ന് ഗ്രിഗറി നസ്യാൻസൻ തുടങ്ങി പല സഭാപിതാക്കന്മാരും കുതി. എന്നാൽ ഹദ്‌യൂസാ എന്ന പദം നിരാകരിക്കുന്നില്ല.

അന്ത്യോക്യൻ കലാലയത്തിന്റെ പ്രത്യേകതകൾ ഒക്കെ തിയഡോറിൽ കാണാം. അവ ഗ്രഹിക്കാതെ തിയഡോറിനെ മനസിലാക്കാൻ പ്രയാസമാണ്. അതിലൊന്ന് വചനം എന്ന് പറയുമ്പോൾ ദൈവസ്വഭാവത്തെ കുറിക്കുന്നതായി മനസിലാക്കിയിരുന്നു എന്നതാണ്. അതായത്, സർവസംഗതികളും വചനത്തെപ്പറ്റി പറയാൻ പറ്റില്ലെന്നു സാരം. എന്നാൽ ബഹുമാന്യവും ബലഹീനവുമായവയെല്ലാം യേശുക്രിസ്തു, പുത്രൻ, കർത്താവ് എന്നീ നാമങ്ങളോടു ചേർത്ത് പറയാം. യേശുക്രിസ്തു മരിച്ചു, പുത്രൻ തമ്പുരാൻ മരിച്ചു, നമ്മുടെ കർത്താവ് മരിച്ചു എന്നൊക്കെ പറയാൻ അവർക്കൊരു വിഷമവുമില്ല. കാരണം, യേശുക്രിസ്തു ദൈവവും മനുഷ്യനുമാണ്. എന്നാൽ ബലഹീനമായവ വചനത്തെപ്പറ്റി പറയാൻ അവർക്കു മടിയാണ്. അങ്ങനെ, വചനം മരിച്ചെന്നും വചനം പീഡ അനുഭവിച്ചെന്നും പച്ചഭാഷയിൽ പറയാൻ അവർ അറച്ചുനിന്നു. യേശുക്രിസ്തു, കർത്താവ് എന്നീ നാമങ്ങൾ വ്യക്തിത്വത്തി

ലേക്ക് വിരൽ ചൂണ്ടുന്നവയാണ്. എന്നാൽ അലക്സാണ്ഡ്രിയാക്കാരെ സംബന്ധിച്ച് എല്ലാ സവിശേഷതകളും വചനത്തിൽ ആരോപിക്കാൻ അവർക്കൊരു മടിയുമില്ല. രണ്ടാമത്, മനുഷ്യത്വം എന്ന പദവും മനുഷ്യൻ എന്ന പദവും മാറിമാറി ഉപയോഗിക്കുന്ന രീതിയാണ് അന്ത്യോക്യൻ പാരമ്പര്യത്തിലുള്ളത്. മനുഷ്യൻ എന്ന പ്രയോഗം കണ്ടാൽ ഉടനെ വചനത്തിന്റെ വ്യക്തിത്വത്തിൽ നിന്ന് വ്യത്യസ്തനായ ഒരാളെപ്പറ്റിയാണ് സംസാരിക്കുന്നതെന്ന് അനുമാനിക്കേണ്ടതില്ല. വചനം തന്റെ പുത്രത്വം എന്ന വ്യക്തിത്വത്തിലേക്ക് എടുത്ത മനുഷ്യത്വത്തെപ്പറ്റിയാണ് പരാമർശം.

വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനത്തിൽ അദ്ദേഹത്തിന്റെ ക്രിസ്തുശാസ്ത്ര ചിന്തകൾ കാണാം. ഏകയാളെ പറ്റിയും രണ്ട് സ്വഭാവങ്ങളെ പറ്റിയും വളരെ വ്യക്തമായി അദ്ദേഹം സംസാരിക്കുന്നു (പ്രസംഗം,6,8 എന്നിവ കാണുക). 381-നും 431-നും ഇടയ്ക്ക് ജീവിച്ചിരുന്ന ദൈവശാസ്ത്രജ്ഞന്മാരിൽ ക്രിസ്തുശാസ്ത്ര വികസനത്തിന് തിയഡോറിനെപ്പോലെ ആരും സംഭാവന ചെയ്തിട്ടില്ല. കൽക്കദോനിയാ സിനഡിലേക്കു വഴി തെളിച്ച പല ചിന്താധാരകളും തിയഡോറിന്റെ നേട്ടങ്ങളാണ്. അപ്പൊള്ളിനാരിസിന്റെ വചന-മാംസ ക്രിസ്തുശാസ്ത്രത്തിലെ കുറവുകൾ ചൂണ്ടിക്കാട്ടിയത് അദ്ദേഹത്തിന്റെ നേട്ടം തന്നെയാണ്. ക്രിസ്തുവിന്റെ മനുഷ്യാത്മാവിന് അർഹിക്കുന്ന ദൈവശാസ്ത്ര പ്രാധാന്യം നൽകിയതിൽ അദ്ദേഹം വിജയിച്ചു. രണ്ടു സ്വഭാവങ്ങളും തമ്മിലുള്ള ഐക്യത്തെ കുറിക്കാൻ *നാഖീപൂസാ* എന്ന പദമാണ് സുറിയാനി വിവർത്തകൻ ഉപയോഗിച്ചിരിക്കുന്നത്. ഈ ഐക്യം അഭേദ്യവും നിതാന്തവും അവാച്യവും പരിപൂർണവുമാണ്. ഇരുസ്വഭാവങ്ങളെപ്പറ്റി പ്രതിപാദിക്കുന്നവയെല്ലാം ഒരേയൊരാളിനെ പറ്റിയാണ് . പുത്രൻ പിതാവുമായി സമസത്തയാണ് (*ഹോമോഉസിയോസ്*). അതായത് പിതാവിനും പുത്രനും ഒരേ സത്തയാണ്. പുത്രന്റെ സത്ത തന്നെയാണ് പരിശുദ്ധാത്മാവിനും. പുത്രന്റെ ഇരു സ്വഭാവങ്ങൾ തമ്മിലുള്ള ഐക്യം ഒരിക്കലും വേർപെടുന്നില്ല. യേശുക്രിസ്തു പൂർണസ്വഭാവങ്ങളുള്ള ഏക കർത്താവാകുന്നു. ഇത് കത്തോലിക്കാ പ്രബോധനമാണ് എന്നു പോകുന്നു തിയഡോറിന്റെ ചിന്ത.

2. മനുഷ്യൻ: മാരിയുസ് മെർക്കാത്തോർ പെലാജിയനിസം എന്ന അബദ്ധോപദേശം തിയഡോറിൽ ആരോപിക്കുന്നു. എന്നാൽ ഈ അടുത്ത കാലത്തെ കണ്ടുപിടുത്തങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ ഇന്നാരും അപ്രകാരം കരുതുന്നില്ല. ആരോപണത്തിന് അടിസ്ഥാനമായ ഉദ്ധരണികൾ സന്ദർഭത്തിൽ നിന്ന് അടർത്തി മാറ്റിയവയും കുത്തിത്തിരുകലുകൾ വരുത്തിയവയുമാണെന്ന് ഇന്ന് പലരും കരുതുന്നു.

3. ജ്ഞാനസ്നാന വിശ്വാസപ്രമാണം: മതാധ്യാപനപ്രസംഗങ്ങൾ 1-10 സ്നാനവിശ്വാസപ്രമാണം വിവരിക്കുന്നു. സത്യവിശ്വാസത്തിന്റെ വിശദീകരണമാണ് അതിൽ കാണാൻ കഴിയുക. ഇതിന്റെ വെളിച്ചത്തിൽ, മാരിയുസ് മെർക്കാത്തോർ തിയഡോറിനെപ്പറ്റി പറയുന്നതും 553-ലെ പരാമർശങ്ങളും വസ്തുനിഷ്ഠമല്ലെന്നു വേണം കരുതാൻ. തിയഡോർ വ്യാഖ്യാനിക്കുന്ന സ്നാനവിശ്വാസപ്രമാണം താഴെ കൊടുക്കുന്നു:



"സർവശക്തിയുള്ള പിതാവായി, കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകജാതനും സർവ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനുമായ കർത്താവേശുക്രിസ്തുവിലും (ഞാൻ വിശ്വസിക്കുന്നു). അവൻ യുഗങ്ങൾക്കെല്ലാം മുമ്പ് പിതാവിൽ നിന്ന് ജനിച്ചവനും സൃഷ്ടിക്കപ്പെടാത്തവനും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും പിതാവുമായി സമസത്തയുമാണ്. അവൻ വഴി ലോകങ്ങൾ നിർമിക്കപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വർഗത്തിൽ നിന്നിറങ്ങി ജഡം ധരിച്ച് മനുഷ്യനായി കന്യകമറിയത്തിൽ നിന്ന് ജനിക്കുകയും പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ക്രൂശിക്കപ്പെടുകയും സംസ്ക്കരിക്കപ്പെടുകയും ചെയ്തു. എഴുതപ്പെട്ട പ്രകാരം അവൻ മരിച്ചവരിൽ നിന്ന് മൂന്നാം ദിവസം ഉത്ഥാനം ചെയ്തു. അവൻ സ്വർഗത്തിലേക്ക് കരേറി പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരാനിരിക്കുന്നു. പിതാവിൽ നിന്ന് പുറപ്പെടുന്നവനും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലും ഏക മാമോദീസായിലും ഏകവും വിശുദ്ധവുമായ കത്തോലിക്കാസഭയിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉത്ഥാനത്തിലും നിത്യായുസിലും ഞാൻ വിശ്വസിക്കുന്നു."

4. കുർബാന: കുർബാനയിൽ ക്രിസ്തുവിന്റെ സാന്നിധ്യം, കുർബാന ബലിയാണ് എന്ന സംഗതി എന്നിവ അദ്ദേഹം സവിസ്തരം ചർച്ച ചെയ്യുന്നു. കൂദാശയുടെ വെറും സിംബോളിക് വ്യാഖ്യാനം അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. പരിശുദ്ധാത്മാവിന്റെ ആവാസം വഴിയാണ് അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളാകുന്നത്. കുർബാന സ്വീകരിക്കുന്ന ഓരോ വ്യക്തിയും ക്രിസ്തുവിനെ പൂർണമായി സ്വീകരിക്കുന്നു എന്നു തുടങ്ങിയ അടിസ്ഥാനചിന്തകൾ അദ്ദേഹം വിശദീകരിക്കുന്നു.

5. പാപമോചനം: പാപം ഏറ്റുപറയുന്നതിനെ പറ്റിയും കുർബാന സ്വീകരണത്തിനു മുമ്പുള്ള ഒരുക്കത്തെ പറ്റിയും അറിവോടും അറിവു കൂടാതെയും ചെയ്യുന്ന പാപങ്ങളെ പറ്റിയും തിയഡോർ ചർച്ച ചെയ്യുന്നു. ലഘുപാപങ്ങളും ഘനപാപങ്ങളുമെന്ന് രണ്ടുതരം പാപങ്ങളെ പറ്റി അദ്ദേഹം പ്രതിപാദിക്കുന്നു.

## തിയഡോർ എന്ന വ്യക്തി

അന്ത്യോക്യൻ സഭയിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനായിരുന്നു തിയഡോർ. അന്ത്യോക്യൻ കലാലയത്തിന്റെ ഉത്തമ വക്താവും അദ്ദേഹം തന്നെ ആയിരുന്നു. ഒരിജനു ശേഷം സഭയിൽ ഉടലെടുത്ത പ്രതിഭാശാലികളിൽ അഗ്രഗണ്യനായിരുന്നു അദ്ദേഹം. ആഴമേറിയ ചിന്തയുടെ ഉടമ, ദൈവശാസ്ത്രത്തിൽ സ്വന്തമായൊരു പാത തന്മയത്വത്തോടുകൂടെ വെട്ടിത്തുറന്ന ധിഷണാശാലി, സമകാലീനരുടെ ഇടയിൽ സമാരാധ്യനായ സഭാനേതാവ്, ആ കാലത്തും അതിനു മുമ്പും ഉടലെടുത്ത പാഷണ്ഡതകൾക്കെതിരെ പടപൊരുതിയ വ്യാഖ്യാതാവ് എന്നീ നിലകളിലെല്ലാം അദ്ദേഹം അറിയപ്പെട്ടു: ''തിയഡോർ പകൽ മുഴുവൻ വായനയിലും രാത്രി മുഴുവൻ പ്രാർഥനയിലും ചെലവഴിച്ചു. ദീർഘമായി ഉപവസിച്ചിരുന്നു. വെറും തറയിൽ കിടന്നാണ് അദ്ദേഹം ഉറങ്ങിയിരുന്നത്. എല്ലാത്തരം താപസ കർമങ്ങളിലും സ്വയം ശിക്ഷണത്തിലും അദ്ദേഹം ഏർപ്പെട്ടിരുന്നു'' എന്നാണ് തിയഡോറിനെപ്പറ്റി ആത്മസുഹൃത്തായ ജോൺ ക്രിസൊസ്തോമിന്റെ കുറിപ്പ്. പുരാതന സഭയിലെ ഒരു ജോതിർഗോളമായിരുന്നു അദ്ദേഹം. സമകാലീന ക്രൈസ്തവ നേതാക്കന്മാർ അദ്ദേഹത്തെ വളരെയധികം ബഹുമാനിച്ചിരുന്നു.

എഡേസ്സാ-നിസിബിസ് കലാലയങ്ങളിൽ മാർ അപ്രേമിന്റെ ഗ്രന്ഥങ്ങളോടൊപ്പം തിയഡോറിന്റെ കൃതികളും പാഠപുസ്തകങ്ങളായി ഉപയോഗിച്ചിരുന്നു. പേർഷ്യയിലെ ക്രിസ്ത്യാനികൾക്ക് അദ്ദേഹം ''ദൈവശാസ്ത്രജ്ഞനും വ്യാഖ്യാതാവും സത്യവിശ്വാസത്തിന്റെ സ്തംഭവും മൽപാന്മാരുടെ മൽപാനും'' ആയിരുന്നു. അവരുടെ ദൈവശാസ്ത്രത്തിലും വ്യാഖ്യാനരീതികളിലും തിയഡോർ ആയിരുന്നു മാർഗദർശി. പേർഷ്യൻ സഭയുടെ സിനഡുകളിൽ ഔദ്യോഗികമായി അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങൾ അംഗീകരിച്ചിരുന്നു.

''സിലീഷ്യാ ദേശത്ത് മൊപ്സുവെസ്ത്യാ പട്ടണത്തിലെ മെത്രാനായിരുന്ന തിയഡോർ ചാരിത്ര്യപൂർണവും കർമനിരതവുമായ ജീവിതം നയിച്ചു. 45 വർഷം പ്രശസ്തമായ രീതിയിൽ മെത്രാൻസ്ഥാനം വഹിച്ചു. ദൈവാനുഗ്രഹത്താൽ നവീകൃതവും വിവേകപൂർണവുമായ മനസ്സോടെ തിരുലിഖിതങ്ങൾ വ്യാഖ്യാനിക്കുകയും അബദ്ധോപദേശങ്ങൾക്കെതിരെ പോരാടുകയും ചെയ്തു. ശ്രോതാക്കളുടെയും വായനക്കാരുടെയും സഹായത്തിനും ഉന്നമനത്തിനുമായി അധ്യാപനങ്ങളുടെയും ആധ്യാത്മിക ചിന്തകളുടെയും ഉജ്ജ്വലനിക്ഷേപം കൊണ്ട് സഭയുടെ ഈടുവയ്പുകൾ അദ്ദേഹം നിറച്ചു. തന്റെ ജീവിതകാലത്ത് സത്യപ്രബോധകരുടെ ഇടയിൽ അദ്ദേഹം പ്രശസ്തനായിരുന്നു. മരണശേഷമാകട്ടെ, അദ്ദേഹത്തിന്റെ നാമം ആദരിക്കപ്പെടുകയും അദ്ദേഹത്തിന്റെ സ്മാരകം ദൈവത്തിന്റെ എല്ലാ സഭകളിലും ഉജ്ജ്വലമായി നിലനിൽക്കുകയും ചെയ്യുന്നു'' എന്ന് മാർ ഈശോയാബിന്റെ സിനഡ് (587) രേഖപ്പെടുത്തിയിരിക്കുന്നു (ജി.ചേടിയത്ത്, *സിനോഡിക്കോൻ ഓറിയെന്താലെ*, കോട്ടയം, 1996,പേജ് 227).



''സത്യവിശ്വാസികളുടെ ഇടയിൽ മഹനീയനും ഭാഗ്യവാനും മൊപ്സുവെസ്ത്യാ പട്ടണത്തിലെ മെത്രാനും അന്ത്യോക്യക്കാരനും ദൈവികഗ്രന്ഥങ്ങളുടെ വ്യാഖ്യാതാവുമായ മാർ തിയഡോർ വിശദീകരിച്ച വ്യാഖ്യാനത്തോട് എല്ലാ പ്രദേശത്തുമുള്ള സത്യവിശ്വാസികൾ യോജിച്ചിരിക്കുന്നു. ഇപ്പോഴും യോജിക്കുന്നു'' എന്നാണ് മാർ സാബാറീശോയുടെ സിനഡിന്റെ (596) പ്രഖ്യാപനം (*അതേകൃതി*, പേജ് 240).

''മൊപ്സുവെസ്ത്യായിലെ മെത്രാനും വ്യാഖ്യാതാവും ഭാഗ്യവാനുമായ മാർ തിയഡോറിന്റെ എല്ലാ കൃതികളും എല്ലാ ഭാഷ്യങ്ങളും നാമെല്ലാവരും സ്വീകരിച്ച് അംഗീകരിക്കണം. പുതിയനിയമവും പഴയനിയമവുമാകുന്ന നിക്ഷേപത്തിന്മേൽ, ദൈവകൃപയാൽ വിശ്വസ്തനായി അദ്ദേഹം കാണപ്പെട്ടു. പരിശുദ്ധാത്മാവായിരുന്നു അദ്ദേഹത്തിന്റെ പ്രബോധകൻ. തന്റെ ജീവിതകാലത്തും മരണശേഷവും തിരുലിഖിതങ്ങളുടെ ശരിയായ ഭാഷ്യം നൽകിക്കൊണ്ട് കര കവിഞ്ഞൊഴുകുന്ന നദി കണക്കെ സഭാസന്താനങ്ങളെ അദ്ദേഹം നയിക്കുകയും പോഷിപ്പിക്കുകയും ചെയ്തു. കാരണം, നമ്മുടെ പിതാക്കന്മാരുടെ ഒരു വിശ്വസനീയമായ ചരിത്രം സാക്ഷിക്കുന്നതുപോലെ പോരാട്ടങ്ങളുടെ ഉഗ്രതയിൽ നിന്ന് സത്യത്തിന്റെ പ്രകാശനത്താൽ സഭാസന്താനങ്ങളെ സംരക്ഷിക്കുന്നതിനും തന്റെ സത്യപ്രബോധനത്തിന്റെ പടച്ചട്ടയിൽ അവരെ പൊതിയുന്നതിനും എല്ലാ അബദ്ധോപദേശകരെയും തന്റെ തീക്ഷ്ണതയാകുന്ന കുന്തം കൊണ്ടും തന്റെ വിജ്ഞാനത്തിന്റെ മാഹാത്മ്യം കൊണ്ടും കുത്തിത്തുളയ്ക്കാൻ അദ്ദേഹത്തിന്റെ കാലത്തെ എല്ലാ സഭാനേതാക്കന്മാരും അദ്ദേഹത്തെ വേർതിരിച്ച് നിർത്തിയിരുന്നു. മഹനീയനും ദിവ്യനുമായ ഈ വ്യക്തിയുടെ കൃതികളിൽ നിന്ന് അകലുന്നവർക്ക് എവിടെ ആരംഭിക്കണം, എവിടെ അവസാനിപ്പിക്കണമെന്ന് അറിയാതെ അജ്ഞത എന്ന തെറ്റിന്റെ ഇരുട്ടിൽ തപ്പിത്തടയുന്നവരാകയാൽ, സഭയിൽ ഇന്ന് ഈ പ്രബോധകദൗത്യം നിറവേറ്റാൻ കഴിയുകയില്ല. അദ്ദേഹത്തിന്റെ കാലം മുതൽ ഇന്നുവരെയുള്ളവരും ഈ സത്യവിശ്വാസം തങ്ങളുടെ പ്രബോധനത്തിലൂടെ നമുക്കു ഭരമേൽപ്പിച്ചു തന്നവരും വിശ്വസനീയരുമായ നമ്മുടെ എല്ലാ പിതാക്കന്മാരും അദ്ദേഹത്തിന്റെ കൃതികളെ ധ്യാനിക്കുകയും അവയോട് യോജിക്കുകയും അദ്ദേഹത്തിന്റെ വിശ്വസനീയ ഭാഷ്യങ്ങൾ കൈമാറിത്തരികയും ചെയ്തിട്ടുള്ളതാണ്'' എന്ന് മാർ ഗ്രിഗറിയുടെ സിനഡ് (605) പഠിപ്പിച്ചു.

തുടർന്ന്, ബേത്-ലാപാതിൽ വച്ചു കൂടിയ ഒരു സിനഡിൽ നിന്നുള്ള ഒരു ഭാഗം ഗ്രിഗറിയുടെ സിനഡ് ഉദ്ധരിക്കുന്നു: ''ഈ വിശുദ്ധനെപ്പറ്റി നമ്മുടെ ഇടയിൽ ആർക്കും സംശയം ഉണ്ടാകാതിരിക്കട്ടെ. കാരണം, തന്റെ ജീവിതകാലത്ത്, ദൈവഭയമുള്ള പ്രബോധകരുടെ കൂട്ടത്തിൽ അദ്ദേഹം പ്രശസ്ത

നായിരുന്നു. അതിശ്രേഷ്ഠനായി കരുതപ്പെട്ടിരുന്നു. ദൈവിക ലിഖിതങ്ങളുടെ ശരിയായ വ്യാഖ്യാനം മനസിലാക്കുകയും സത്യവിശ്വാസത്തെ ബഹുമാനിക്കുകയും ചെയ്യുന്നവരെല്ലാം അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ ഭാഷ്യങ്ങളും പ്രതിപാദനങ്ങളും അംഗീകരിച്ച് ആദരിച്ചിരുന്നു. പുതിയ നിയമത്തിൽ കാണുന്ന ദിവ്യപ്രബോധനങ്ങൾക്ക് അനുസൃതമായി, വിശ്വാസത്തെപ്പറ്റി കളങ്കം കൂടാതെയുള്ള അദ്ദേഹത്തിന്റെ ഭാഷ്യങ്ങളും കൃതികളും അവർ സൂക്ഷിച്ചുവച്ചു. ശ്ലീഹന്മാരിലൂടെയുള്ള സുവിശേഷത്തിനും പ്രവാചകന്മാരിലൂടെയുള്ള നിർദേശത്തിനും എതിരായ പ്രബോധനങ്ങളെയെല്ലാം അവർ തള്ളിക്കളയുകയും തറപറ്റിക്കുകയും ചെയ്തു. അതുകൊണ്ട്, രഹസ്യമായോ പരസ്യമായോ ഈ സത്യപ്രബോധകനെയും അദ്ദേഹത്തിന്റെ വിശുദ്ധ കൃതികളെയും നിന്ദിക്കാനോ അപമാനിക്കാനോ ആരെങ്കിലും മുതിർന്നാൽ സത്യത്തിൽ നിന്ന് അയാൾ മുടക്കപ്പെട്ടവനായിരിക്കട്ടെ.''

തുടർന്ന് ഗ്രിഗറിയുടെ സിനഡ് പ്രബോധകർക്ക് താഴെപ്പറയുന്ന നിർദേശം നൽകുന്നു: ''പഠിപ്പിക്കാൻ ഏർപ്പെട്ടിരിക്കുന്നവരെല്ലാവരും ഈ വ്യക്തിയുടെ കൃതികളെ ധ്യാനിക്കുകയും അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങളനുസരിച്ച് ശ്രോതാക്കൾക്കുവേണ്ടി തങ്ങളുടെ പ്രബോധനം രൂപപ്പെടുത്തുകയും വേണം.''

അതേത്തുടർന്ന് അവരുടെ ഏകയോഗമായ തീരുമാനം നൽകുന്നു: ''രഹസ്യമായോ പരസ്യമായോ പ്രസംഗത്തിലോ കൃതികളിലോ ഈ മത പണ്ഡിതന്റെ വാക്കുകളെയും ഭാഷ്യങ്ങളെയും തള്ളിക്കളയുകയോ അവ്യക്തമാക്കുകയോ ചെയ്താൽ, അദ്ദേഹത്തിന്റെ കൃതികൾക്കെതിരെ പഠിപ്പിച്ചാൽ, ദൈവകൃപയുടെ വിജ്ഞാനത്താൽ ഈ ദൈവിക മനുഷ്യൻ എഴുതിയവ പൂർണഹൃദയത്തോടെ അംഗീകരിക്കാതിരുന്നാൽ, ഉയരാഴങ്ങൾ വഹിക്കുന്ന ദൈവത്തിന്റെ വചനത്താൽ ആകാശത്തിലും ഭൂമിയിലും അവൻ ശപിക്കപ്പെട്ടവനും ഭ്രഷ്ഠനുമായിരിക്കും. ക്രിസ്തുമതത്തിന്റെ ആമ്മീനോടുകൂടെ ദൈവത്തിന്റെ ക്രോധം അവന്റെ മേൽ നിപതിക്കും'' (*അതേകൃതി,* പേജ് 363–365).

''അദ്ദേഹം തന്റെ ജീവിതകാലത്തു മാത്രമല്ല, മരണശേഷവും തന്റെ ഗ്രന്ഥങ്ങളിലൂടെ ലോകത്തെ അമ്പരപ്പിച്ചു. അദ്ദേഹത്തിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവിന്റെ അത്ഭുതകർമങ്ങളെപ്പറ്റി ആർക്കു വിവരിക്കാൻ കഴിയും? അദ്ദേഹത്തിന്റെ പക്കലെത്തുന്ന മെത്രാന്മാർ സ്വയം അദ്ദേഹത്തിന്റെ ശിഷ്യരെന്നു കരുതി. ബൗദ്ധികവ്യാപാരങ്ങളിൽ നിഷ്ണാതരായ താത്വികരും അദ്ദേഹത്തിന്റെ മുമ്പിൽ വിദ്യാർഥികളെപ്പോലെ ആയിരുന്നു. എത്ര വിഷമം പിടിച്ചതും കെട്ടുപിണഞ്ഞതുമായ പ്രശ്നങ്ങളും അദ്ദേഹത്തിന്റെ പക്കൽ വരുമ്പോൾ അവസാനിക്കുമായിരുന്നു. അദ്ദേഹത്തിന്റെ അപ്പുറത്തേക്ക് കടന്നില്ല. ചോദ്യങ്ങൾ ചോദിക്കുന്നവർക്ക് അദ്ദേഹം വ്യാഖ്യാനിച്ചുകൊടുത്തു.



സൂര്യപ്രകാശംപോലെ അദ്ദേഹം അവയെല്ലാം വ്യക്തമാക്കി എന്നാണ് ബർഹദ്ബ്ശാബാ അർബായാ എന്ന പേർഷ്യൻ എഴുത്തുകാരൻ ഏഴാം നൂറ്റാണ്ടിൽ കുറിച്ചിരിക്കുന്നത്'' (PO.9,503–504).

വേദപുസ്തകത്തിന്റെ ഏറ്റവും വലിയ ഭാഷ്യകാരനായി പേർഷ്യൻ സഭ അദ്ദേഹത്തെ പരിഗണിക്കുന്നു. മിക്കവാറും എല്ലാ ബൈബിൾ ഗ്രന്ഥങ്ങൾക്കും അദ്ദേഹം ഭാഷ്യമെഴുതിയിട്ടുണ്ട്: ''വ്യാഖ്യാതാവായ തിയഡോർ 41 വാല്യങ്ങളെഴുതി. അവയിൽ 150 ഭാഗങ്ങളും ഓരോന്നിനും 30 അധ്യായങ്ങൾ വീതവും ഉണ്ട്'' എന്നാണ് മാർ അബ്ദീശോയുടെ കുറിപ്പ് (+1318).

അന്ത്യോക്യൻ പാത്രിയാർക്കേറ്റിലെ ബോസ്ത്രാ രൂപതയെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കാൻ കൂടിയ കോൺസ്റ്റാന്റിനോപ്പിൾ സിനഡിൽ (394) വച്ച് തിയഡോഷ്യസ് ചക്രവർത്തി തിയഡോറിനെ പ്രസംഗിക്കാൻ ക്ഷണിച്ചു. ''ഇപ്രകാരം ഒരു പ്രസംഗകനെ താൻ ഒരിക്കലും ശ്രവിച്ചിട്ടില്ല''എന്ന് പ്രസംഗത്തിന്റെ അവസാനം ചക്രവർത്തി പറയുകയുണ്ടായെന്ന് ഫക്കുൻദുസ് (+571)രേഖപ്പെടുത്തുന്നു (*PL*.67,563). തിയഡോഷ്യസ് കത്തുകൾ വഴി തിയഡോറുമായി ബന്ധം പുലർത്തിയിരുന്നു.

ജോൺ ക്രിസൊസ്തോം ആജീവനാന്തം തിയഡോറുമായുള്ള സ്നേഹബന്ധം നിലനിർത്തി. വിപ്രവാസത്തിൽ നിന്ന് അദ്ദേഹം എഴുതുന്നു: ''തിയഡോറിന്റെ സ്നേഹം എനിക്ക് ഒരിക്കലും മറക്കാൻ സാധ്യമല്ല. അത് അത്രമാത്രം നിഷ്കളങ്കവും ഹൃദ്യവും ആത്മാർഥവും നിഷ്കപടവും ആയിരുന്നു. ബാല്യകാലം മുതൽ നിലനിന്ന സ്നേഹമായിരുന്നു അത്... ജാഗരൂകവും കുലീനവുമായ ആത്മാവിന്റെ സ്നേഹം എന്ന ധനം എന്റെ ഹൃദയത്തിൽ ഞാൻ സൂക്ഷിക്കുന്നു. നാടുകടത്തപ്പെട്ട ഞാൻ ഇപ്രകാരമൊരു നിക്ഷേപത്തിൽ നിന്ന് വളരെ വലിയ ആശ്വാസം അനുഭവിക്കുന്നു.''– ഇതിനേക്കാൾ ശ്രേഷ്ഠമായൊരു വിധി ഇതിനേക്കാൾ ശ്രേഷ്ഠനായ ഒരാളിൽ നിന്ന് ഉണ്ടാകാനില്ല.

മരണശേഷവും അദ്ദേഹത്തിന്റെ ഖ്യാതി നിലനിന്നു. ''തിയഡോറിനെതിരെ എന്തെങ്കിലും ഉച്ചരിക്കുന്നതിനേക്കാൾ മരണം കാംക്ഷിക്കുന്നു'' എന്ന് മൊപ്സുവെസ്ത്യായിൽ തിയഡോറിന്റെ പിൻഗാമിയായ മെലേഷ്യസ് പ്രസ്താവിക്കുകയുണ്ടായി. തിയഡോറിന്റെ ക്രിസ്തുശാസ്ത്രത്തെ എതിർത്ത സിറിൽ തന്നെയും തിയഡോറിന്റെ മഹത്വത്തെപ്പറ്റി പറയുന്നു. പൗരസ്ത്യദേശത്തെ ജനങ്ങൾ പറയുന്നതായി സിറിൽ രേഖപ്പെടുത്തുന്നു: ''തിയഡോർ വിശ്വസിച്ചതുപോലെ ഞങ്ങളും വിശ്വസിക്കുന്നു. തിയഡോറിന്റെ വിശ്വാസം എന്നും നിലനിൽക്കട്ടെ'' (*PG*.77:340). ''തിയഡോറിനെ ശപിക്കുന്നതിനേക്കാൾ ദഹിപ്പിക്കപ്പെടാൻ തങ്ങൾ ആഗ്രഹിക്കുന്നെന്ന് സിറിയായിലെ മെത്രാന്മാർ ഒരിക്കൽ പ്രസ്താവിച്ചതായി സിറിൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. ''സാർവത്രികസഭയുടെ പ്രബോധകൻ'' എന്നാണ് തിയ

ഡൊറെറ്റ് അദ്ദേഹത്തെ വിളിക്കുന്നത്. എല്ലാ സഭകളടെയും പ്രബോധകൻ എന്നും അദ്ദേഹം അറിയപ്പെട്ടിരുന്നു.

പേർഷ്യൻ സാമ്രാജ്യത്തിലെ സഭയിൽ അദ്ദേഹത്തിന് സമുന്നത സ്ഥാനമുണ്ടായിരുന്നു. എന്നാൽ എഫേസോസ് സൂനഹദോസിനു ശേഷമുണ്ടായ അന്ത്യോക്യൻ വിരുദ്ധ ചിന്താഗതി അന്ത്യോക്യൻ പിതാക്കന്മാരുടെ യശസ്സ് ഇടിച്ചു കളഞ്ഞു. മൺമറഞ്ഞ പല പിതാക്കന്മാരെയും അത്തരക്കാർ പാഷണ്ഡികളുടെ ഗണത്തിൽ ഉൾപ്പെടുത്തി. അങ്ങനെയൊന്ന് തിയഡോറിനും റോമൻ സാമ്രാജ്യത്തിൽ ചിലയിടങ്ങളിൽ സംഭവിച്ചു. അത് ഔദ്യോഗിക രേഖകളിലും കടന്നുകൂടി. മാരിയുസ് മെർക്കാതോർ നെസ്തോറിയനിസത്തിന്റെയും പെലാജിയനിസത്തിന്റെയും കർത്താവായി 431-ൽ തിയഡോറിനെ ചിത്രീകരിച്ചു. സഭയുടെ ഐക്യത്തിലും വിശുദ്ധിയിലും 428-ൽ മരിച്ച തിയഡോറിനെതിരെ ഒരു കൂട്ടമാളുകൾ ആരോപണങ്ങളുമായി മുന്നോട്ടു വന്നു. തിയഡോർ അസ്കിദാസ് എന്ന ഒരിജനിസ്റ്റ് മെത്രാൻ, ബിസാൻസ്യത്തിലെ ലെയോൺസ്യൂസ് എന്നിവർ അതിനു വഴിയൊരുക്കി. കേസറിയായിലെ (കപ്പഡോഷ്യ) മെത്രാനായിരുന്നു അസ്കിദാസ്. ചക്രവർത്തിയുടെ പക്കൽ അയാൾക്ക് നല്ല സ്വാധീനമായിരുന്നു. ചക്രവർത്തി ഒരിജനിസത്തിനെതിരെ തിരിഞ്ഞപ്പോൾ അസ്കിദാസിന് സ്വാധീനം സഷ്ടപ്പെടുമെന്ന നില വന്നു. അപ്പോൾ നെസ്തോറിയനിസത്തിലേക്ക് ചക്രവർത്തിയുടെ ശ്രദ്ധ തിരിച്ചുവിട്ട് അയാൾ നാടുകടത്തലിൽ നിന്നു രക്ഷപെട്ടു. അസ്കിദാസ് ഒരുക്കിയ കെണിയിൽ ചക്രവർത്തി വീണു. അങ്ങനെയാണ് ജസ്റ്റീനിയൻ അന്ത്യോക്യൻ വിരുദ്ധനായി മാറിയത്. മൊപ്സുവെസ്ത്യായിലെ തിയഡോറിന്റെ മേൽ മഹറോൻ തന്നെ വേണമെന്ന് ലെയോൺസ്യൂസ് വാദിച്ചുകൊണ്ടിരുന്നു. കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസിന്റെ ഡീക്കനായ ഒരു ബേസിൽ തിയഡോർ-വിരുദ്ധ മനഃസ്ഥിതി പുലർത്തി. ഏകസ്വഭാവ വാദികളായ അർമേനിയൻ സന്യാസികൾ തിയഡോറിന്റെ കൃതികളിൽ നിന്നുള്ള ചില ഭാഗങ്ങൾ ശേഖരിച്ച് *കാപ്പിത്തുള* എന്ന പേരിൽ പ്രോക്ലൂസിന് (+446) സമർപ്പിച്ചു. അതിനു മറുപടിയായി *അർമേനിയർക്കുള്ള വാല്യം* എന്ന രേഖ അദ്ദേഹം അവർക്കെഴുതി. എന്നാൽ അതിൽ തിയഡോറിന്റെ പേര് എടുത്തു പറഞ്ഞില്ല. തിയഡോർ-വിരുദ്ധ മനഃസ്ഥിതിക്ക് പ്രചാരം നൽകാനായി ഡീക്കൻ ബേസിൽ രേഖകളുമായി സിറിലിനെ സമീപിച്ചു. സിറിൽ അത് ഗൗരവമായി എടുക്കാഞ്ഞതിനാൽ ഡീക്കൻ ബേസിൽ പ്രോക്ലൂസിനെ സമീപിച്ചു. അന്ത്യോക്യക്കാരനായ മാക്സിമുസ് എന്ന ഡീക്കനും തിയഡോർ-വിരുദ്ധ മനഃസ്ഥിതി പ്രചരിപ്പിക്കാൻ ഉത്സുകനായിരുന്നു. സിറിലിനെ പ്രേരിപ്പിക്കുന്നതിൽ അയാൾ വിജയിച്ചു. അങ്ങനെയാണ് *ദിയദോറിനും തിയഡോറിനുമെതിരെ* എന്നൊരു രേഖ 438-ൽ സിറിൽ എഴുതിയത്. സിറിൽ തന്റെ ചില ലേഖനങ്ങളിൽ (67.71.74.78) തിയഡോറിനെ വിമർശിക്കുകയും



നെസ്തോറിയനിസം ആരോപിക്കുകയും ചെയ്തു. കാൽസിഡൺ വിരുദ്ധരെ ഐക്യപ്പെടുത്താനുള്ള നീക്കമെന്ന നിലയിൽ അവരെ തൃപ്തിപ്പെടുത്താൻ എതിർചേരിയിലുള്ളവരെ ശപിച്ചുതള്ളാൻ ഏകസ്വഭാവവാദികൾ ജസ്റ്റീനിയൻ ചക്രവർത്തിയെ പ്രേരിപ്പിച്ചു കൊണ്ടിരുന്നു. എഡേസ്സായിലെ റാബുളയും (+435) അന്ത്യോക്യൻ വിരുദ്ധ മനോഭാവത്തിന് ആക്കം കൂട്ടി. നെസ്തോറിയൻ പാഷണ്ഡതയുടെ യഥാർഥ പ്രബോധകനാണ് തിയഡോർ എന്നായിരുന്നു റാബുളയുടെ ധാരണ. അലക്സാണ്ട്രിയൻ ചിന്തയുടെ വെളിച്ചത്തിൽ അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിൽ റാബുള പാഷണ്ഡത ദർശിച്ചു. അദ്ദേഹം തിയഡോറിനും അദ്ദേഹത്തിന്റെ കൃതികൾക്കും അവ കൈവശം വയ്ക്കുന്നവർക്കും എതിരെ തിരിഞ്ഞു. കാൽസിഡൺ കൗൺസിലിനെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും തമ്മിലുള്ള വാദപ്രതിവാദങ്ങളെല്ലാം തിയഡോറിനെതിരെയുള്ള നീക്കമായി കലാശിച്ചു. തിയഡോറിനെ ശപിക്കുക ഏകസ്വഭാവവാദികളുടെ നിരന്തരമായ ആവശ്യമായിരുന്നു. അപ്രകാരം ചെയ്താൽ അവർ കത്തോലിക്കാ സഭയുമായി ഐക്യപ്പെടുമെന്ന് ചക്രവർത്തി കരുതി.

കൽക്കദോൻ വിരുദ്ധരുടെ ക്യാമ്പിൽ നെസ്തോറിയൻ വിരുദ്ധ മനോഭാവം വളർന്നുകൊണ്ടിരുന്നു. അതു മുതലെടുത്തുകൊണ്ട് സാമ്രാജ്യത്തിന്റെ ഐക്യം പുനഃസ്ഥാപിക്കാമെന്ന് ജസ്റ്റീനിയൻ കരുതി. ഇതിന്റെ വെളിച്ചത്തിൽ അദ്ദേഹം 543/4 -ൽ മൂന്നധ്യായങ്ങളെ ഒരു ഔദ്യോഗിക ഡിക്രിയിലൂടെ ശപിച്ചു. ജസ്റ്റീനിയൻ വിളിച്ചു കൂട്ടിയ 553-ലെ രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സിനഡ് ഇതാവർത്തിച്ചു: "ആരെങ്കിലും അഭക്തനായ തിയഡോറിനെയും അയാളുടെ അഭക്തി നിറഞ്ഞ കൃതികളെയും ന്യായീകരിച്ചാൽ, അയാളെയും അയാളുടെ അഭക്തി നിറഞ്ഞ കൃതികളെയും ശപിക്കാതിരുന്നാൽ, അവയെ സംരക്ഷിക്കുകയോ, അയാളെ ന്യായീകരിക്കുകയോ, അയാളുടെ വ്യാഖ്യാനം ശരിയാണെന്നു പറയുകയോ ചെയ്താൽ, അയാൾക്കോ അയാളുടെ കൃതികൾക്കോ ഗുണകരമായ രീതിയിൽ എഴുതിയാൽ, അതുപോലുള്ള അഭിപ്രായങ്ങൾ വച്ചുപുലർത്തിയിട്ടുണ്ടെങ്കിൽ, ഈ പാഷണ്ഡതയിൽ തന്നെ ഉറച്ചു നിന്നാൽ, അയാൾ ശപിക്കപ്പെടട്ടെ" (കാനൻ, 12).

ഈ രീതിയിൽ പേർഷ്യൻ സഭയിലും റോമൻസാമ്രാജ്യത്തിലെ സഭയിലും തിയഡോറിനെപ്പറ്റി വ്യത്യസ്താഭിപ്രായങ്ങൾ ഉരുത്തിരിഞ്ഞിട്ടുണ്ട്. ഈ അടുത്ത കാലത്തെ പഠനങ്ങൾ തിയഡോറിന്റെ സത്യവിശ്വാസത്തെപ്പറ്റി കൂടുതൽ വസ്തുനിഷ്ഠമായ ചിത്രം പ്രദാനം ചെയ്യുന്നു. എന്തായാലും ആദിമസഭയിലെ എണ്ണപ്പെട്ട സഭാപിതാവായിരുന്നു തിയഡോർ.

അധ്യായം 20

# വി. ജോൺ ക്രിസൊസ്തോം (+407)

നാല് വലിയ സഭാപിതാക്കന്മാരിൽ ഒരാളും മൂന്ന് എക്യുമെനിക്കൽ പിതാക്കന്മാരിൽ ഒരാളുമാണ് അന്ത്യോക്യൻ സഭയിൽപെട്ട വി. ജോൺ ക്രിസൊസ്തോം. പല്ലാഡിയസ് 415-ൽ എഴുതിയ ജീവചരിത്രം മുതൽ അദ്ദേഹത്തിന്റെ നിരവധി ജീവചരിത്രങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. അന്ത്യോക്യയ്ക്കടുത്ത് 344-നും 354-നും ഇടയ്ക്ക് കുലീനരും ധനികരുമായ മാതാപിതാക്കളിൽ നിന്ന് ജോൺ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം മാതാവായ അൻതൂസായിൽ നിന്ന് ലഭിച്ചു. ശിശുവായിരുന്നപ്പോഴേ പിതാവ് മരിച്ചു. അന്ന് അൻതൂസായ്ക്ക് വെറും ഇരുപതു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. അൻഡ്രഗാത്തിയുസിന്റെ കീഴിൽ തത്വശാസ്ത്രവും സോഫിസ്റ്റ് ലിബാനിയുസിന്റെ കീഴിൽ പ്രഭാഷണകലയും അഭ്യസിച്ചു. ഗുരുക്കന്മാരുടെ വാചകക്കസർത്തുകൾ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ബുദ്ധിമാനായ ഈ മനുഷ്യൻ ദൈവികജ്ഞാനത്തിൽ ആനന്ദം കണ്ടെത്തിയെന്ന് പല്ലാഡിയസ് പറയുന്നു. അന്നത്തെ അന്ത്യോക്യൻ മെത്രാൻ മെലേസ്യൂസ്, ജോണിനെ ശ്രദ്ധിക്കുകയും സ്വഭാവശ്രേഷ്ഠതയിൽ സന്തുഷ്ടനാകുകയും ചെയ്തു. തന്റെ കൂടെ താമസിക്കാൻ മെത്രാൻ അദ്ദേഹത്തെ അനുവദിച്ചു. പ്രവാചകദൃഷ്ട്യാ ഈ ആളുടെ ഭാവി അദ്ദേഹം ദർശിച്ചു. തുടർന്ന് ജോൺ മാമോദീസാ സ്വീകരിക്കുകയും മൂന്നു വർഷത്തെ സേവനത്തിനുശേഷം വായനക്കാരൻ എന്ന നിരയിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. ഈ കാലത്ത് ജോണിന്റെ ഗുരു തർസോസിലെ ദിയദോറും സഹപാഠി മൊപ്സുവെസ്ത്യായിലെ തിയഡോറുമായിരുന്നു.

ജോൺ വളരെ തപശ്ചര്യകൾ നിറഞ്ഞ ജീവിതം നയിച്ചു. അദ്ദേഹം തന്റെ ഭവനത്തിൽ നിന്ന് അകന്ന് ഏകാന്തജീവിതത്തിന് ആഗ്രഹിച്ചെങ്കിലും, തന്നെ വീണ്ടും ഒരു വിധവ ആക്കരുതെന്ന് അമ്മ അപേക്ഷിച്ചതിനാൽ അവളോടൊത്ത് ഭവനത്തിൽ തന്നെ കഴിച്ചുകൂട്ടി. എങ്കിലും അവസാനം സമീപത്തുള്ള മലകളിലേക്കു തിരിച്ചു. അവിടെ കണ്ട പഴയ ആശ്രമത്തിൽ നാലു വർഷം താമസിച്ച് താപസകർമങ്ങൾ അനുഷ്ഠിച്ചു. പിന്നീട് തനിയെ ഒരു ഗുഹയിൽ രണ്ടുവർഷം പാർത്തു. അവിടെ കൂടുതൽ ജാഗരണത്തിലും പരിത്യാഗത്തിലും ശ്രദ്ധാപൂർവം സുവിശേഷം പഠിച്ചു. വിശ്രമം കൂടാതെ രണ്ടുവർഷം തപസ്സനുഷ്ഠിച്ചതിനാൽ ആരോഗ്യത്തിന് സാരമായ കേടുപറ്റി. തണുപ്പുകൊണ്ട് കിഡ്നികൾക്ക് തകരാറുമായി.



അന്ത്യോക്യയിൽ തിരിച്ചെത്തിയ ജോണിനെ 381-ൽ അന്ത്യോക്യൻ മെത്രാൻ മെലേസ്യൂസ് ഡീക്കനാക്കി. 386-ൽ ഫ്ളാവിയൻ അദ്ദേഹത്തെ വൈദികനാക്കി, നഗരത്തിലെ പ്രധാന പള്ളിയിൽ പ്രസംഗകനായി നിയമിച്ചു. 397 വരെ ജോൺ ഈ ദൗത്യം നിറവേറ്റി. ക്രിസ്തീയ സുവിശേഷ പ്രസംഗകരിൽ ഒന്നാമനെന്ന സ്ഥാനം ജനങ്ങൾ അദ്ദേഹത്തിനു നൽകി. അദ്ദേഹത്തിന്റെ വളരെ പ്രശസ്തങ്ങളായ പ്രസംഗങ്ങൾ ഈ കാലഘട്ടത്തിലുള്ളവയാണ്. കോൺസ്റ്റാന്റിനോപ്പിൾ മെത്രാൻ നെക്താരിയുസ് 397 സെപ്റ്റംബർ 27-ന് മരിച്ചപ്പോൾ ജോണിനെ ചക്രവർത്തി തൽസ്ഥാനത്തേക്കു തെരഞ്ഞെടുത്തു. അതോടെ ജീവിതത്തിലെ ആനന്ദം നിറഞ്ഞ ഭാഗം അവസാനിച്ചു. മെത്രാൻസ്ഥാനം സ്വീകരിക്കാൻ വൈമനസ്യം പ്രകടിപ്പിച്ച ജോണിനെ ചക്രവർത്തിയുടെ കൽപ്പനയാൽ ബലപ്രയോഗത്തിലും ചതിവിലുമാണ് കോൺസ്റ്റാന്റിനോപ്പിളിൽ കൊണ്ടുവന്നത്. അലക്സാണ്ഡ്രിയൻ മെത്രാൻ തെയോഫിലസ് 398 ഫെബ്രുവരി 26-ന് ജോണിനെ മെത്രാനായി വാഴിച്ചു.

നഗരത്തിലെ കുത്തഴിഞ്ഞ ജീവിതം ശരിപ്പെടുത്തുന്നതിന് അദ്ദേഹം ശ്രമിച്ചു. എന്നാൽ മെത്രാൻസ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ നിർഭാഗ്യമായി അദ്ദേഹം വളരെ വേഗം മനസ്സിലാക്കി. ആ സ്ഥാനത്തിന് അദ്ദേഹം തികച്ചും അശക്തനായി കാണപ്പെട്ടു. അന്ത്യോക്യയിലെ പാവനാന്തരീക്ഷവും കോൺസ്റ്റാന്റിനോപ്പിളിലെ വിഷലിപ്തമായ അന്തരീക്ഷവും തമ്മിൽ തിരിച്ചറിയാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. കൊട്ടാരത്തിലെ ചരടുവലികൾ കാണാൻ അശക്തമാംവിധം അത്ര പരിശുദ്ധവും കളങ്കരഹിതവുമായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വം. അവരുടെ മ്ലേച്ഛതകളിലേക്ക് ഇറങ്ങിച്ചെല്ലാൻ മെത്രാൻ എന്ന നില അനുവദിച്ചില്ല. ഇറങ്ങിയിരുന്നെങ്കിൽ എന്നും അവരുടെ സ്നേഹിതനായി കഴിയാമായിരുന്നു. ഒഴുക്കിനൊത്ത് നീന്താമായിരുന്നു. എന്നാൽ തീവ്രവികാര പ്രകൃതിക്കാരനായ അദ്ദേഹം അവരെയൊന്നും പരിഗണിക്കാതെ ജീവിച്ചു. വൈദികരെയും ജനങ്ങളെയും നവീകരിക്കാനുള്ള പദ്ധതി യാഥാർഥ്യത്തിനു യോജിച്ചതല്ലായിരുന്നു. അത് അദ്ദേഹത്തിന്റെ ശത്രുക്കളുടെ ശക്തികളെ സംയോജിപ്പിച്ചു. അവരെല്ലാം ഒത്തുകൂടി അദ്ദേഹത്തിനെതിരെ തിരിഞ്ഞു.

അദ്ദേഹം വളരെ ലാളിത്യപൂർണമായ ജീവിതമാണ് നയിച്ചത്. സ്വത്തിൽ അധികപങ്കും ആശുപത്രികളും ആതുരാലയങ്ങളും പണിയാനും പാവങ്ങളെ സംരക്ഷിക്കാനും സംഭാവന ചെയ്തെങ്കിലും, വൈദികരുടെയും ജനങ്ങളുടെയും ധാർമികനിലവാരം ഉയർത്താനുള്ള പരിശ്രമം കഠിനമായ എതിർപ്പിൽ കലാശിച്ചു. കുറ്റക്കാരായ കുറേ മെത്രാന്മാരെ എഫേസോസ് സിനഡിൽ (401) വച്ച് അദ്ദേഹം സ്ഥാനഭ്രഷ്ടരാക്കിയപ്പോൾ അത് ഉച്ചകോടിയിലെത്തി. ഉടനെ നാട്ടിലും ദൂരെയുമുള്ള ശത്രുക്കളെല്ലാം ഒത്തുകൂടി അദ്ദേഹത്തെ തറപറ്റിക്കാൻ തീരുമാനിച്ചു. കൊട്ടാരത്തിലുണ്ടായിരുന്ന അനുഭാവവും ഈയവസരം തണുത്തുപോയി. ഏറ്റവും അടുത്ത സ്നേഹിതർ പോലും അദ്ദേഹത്തെ കൈവെടിഞ്ഞു.

എവുഡോക്സ്യാ രാജ്ഞി ഒരു സ്ഥലം കൈവശപ്പെടുത്താൻ ശ്രമിച്ചപ്പോൾ ക്രിസൊസ്തോം അവളെ കുറ്റപ്പെടുത്തി. അലക്സാണ്ഡ്രിയൻ മെത്രാനും അനുഭാവരഹിതമായ നിലപാട് സ്വീകരിച്ചു. കോൺസ്റ്റാന്റിനോപ്പിളും അലക്സാണ്ഡ്രിയായും തമ്മിലുള്ള സഭാരാഷ്ട്രീയത്തിന്റെ ഫലമായിരുന്നു ആ നിലപാട്. കോൺസ്റ്റാന്റിനോപ്പിൾ പ്രാമാണ്യത്തിലേക്ക് ഉയർന്നപ്പോൾ, അലക്സാണ്ഡ്രിയായുടെ പ്രാമാണ്യം സഭാതലത്തിൽ മൂന്നാം സ്ഥാനത്തേക്കു താണതിൽ അവർക്ക് അമർഷമുണ്ടായിരുന്നു. ചിലപ്പോഴൊക്കെ അത് പ്രകടിപ്പിക്കാനും അവർ മുതിർന്നു. ആ പശ്ചാത്തലത്തിലാണ് തെയോഫിലസിന് ജോണിനോടുള്ള മനംമാറ്റം നാം മനസിലാക്കേണ്ടത്. ഓക് സിനഡിൽ വച്ച് (403) 36 മെത്രാന്മാർ യോഗം കൂടി ക്രിസൊസ്തോമിനെ വിസ്തരിക്കുകയും സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. അർക്കേഡിയസ് ചക്രവർത്തി തീരുമാനം അംഗീകരിച്ച് ജോണിനെ ബിഥീനിയായിലേക്കു നാടുകടത്തി. ജനം ബഹളമുണ്ടാക്കുമെന്ന് ഭയന്നും കൊട്ടാരത്തിലുണ്ടായ അത്യാഹിതം നിമിത്തവും പിറ്റേദിവസം തന്നെ ചക്രവർത്തി അദ്ദേഹത്തെ തിരികെ വിളിച്ചു. ആഘോഷപൂർവം നഗരത്തിലെത്തിയ ക്രിസൊസ്തോം ശ്ലീഹന്മാരുടെ നാമത്തിലുള്ള പള്ളിയിൽ വച്ച് മനോഹരമായൊരു പ്രസംഗം നടത്തി. മറ്റൊരു പ്രസംഗത്തിൽ രാജ്ഞിയെ സ്തുതിച്ചുകൊണ്ട് പ്രസംഗിച്ചു (സൊസോമൻ, സഭാ.8,18,8).

എന്നാൽ ഈ ശാന്തമായ അന്തരീക്ഷം അധികനാൾ നീണ്ടുനിന്നില്ല. എവുഡോക്സ്യാ രാജ്ഞിയുടെ ഒരു പ്രതിമ കത്തീഡ്രൽ ദേവാലയത്തിനടുത്ത് സ്ഥാപിക്കാനുള്ള തിരക്കായി. കത്തീഡ്രലിനടുത്ത് വളരെ ഒച്ചപ്പാടാണെന്ന് ജോൺ പരാതിപ്പെട്ടു. അത് വ്യക്തിപരമായ അപമാനമായി രാജ്ഞി കരുതി. ജോണും വികാരഭരിതനായി സ്നാപകയോഹന്നാന്റെ പെരുന്നാൾ ദിവസം രാജ്ഞിയെ ഉന്നംവച്ചുകൊണ്ട് ഒരു പ്രസംഗം നടത്തി: ''വീണ്ടും ഹേറോദ്യാ ശക്തി പ്രാപിക്കുന്നു. വീണ്ടും അവൾ ക്രൂദ്ധയാകുന്നു. വീണ്ടും



അവൾ നൃത്തം വയ്ക്കുന്നു. വീണ്ടും അവൾ യോഹന്നാന്റെ തല ആവശ്യപ്പെടുന്നു'' (സൊക്രാട്ടസ്, സഭാ.6,18). അത് ശത്രുക്കൾ കരുവായി ഉപയോഗിച്ചു. ചക്രവർത്തി അദ്ദേഹത്തെ സഭാജോലികളിൽ നിന്നെല്ലാം മുടക്കി. ജോൺ അത് കൂട്ടാക്കിയില്ല. ഉടനെ, ഒരു പള്ളിയിലും കയറിക്കൂടാ എന്ന് ചക്രവർത്തി ഉത്തരവു പുറപ്പെടുവിച്ചു. കോൺസ്റ്റൻസിന്റെ കടവിൽ 404 ദുഃഖശനിയാഴ്ച സ്നാനശുശ്രൂഷയ്ക്കായി ജോണും വിശ്വസ്തരായ വൈദികരും ഒന്നിച്ചുകൂടിയപ്പോൾ ഭടന്മാർ ജനങ്ങളെ വിരട്ടിയോടിക്കുകയും സ്നാനജലത്തിൽ രക്തം കലർത്തുകയും ചെയ്തു (പല്ലാഡിയസ്, ലൗസിയാക് ചരിത്രം,33,34). നഗരം വിടാൻ 404 ജൂൺ 9-ന് ചക്രവർത്തി ഉത്തരവിടുകയും ചെറിയ അർമേനിയായിലെ കൗക്കാസസിലേക്ക് അദ്ദേഹത്തെ നാടുകടത്തുകയും ചെയ്തു. അദ്ദേഹം മൂന്നുവർഷം അവിടെ താമസിച്ചു. ജനങ്ങൾ തീർഥയാത്രയായി അവിടേക്കു ചെല്ലാൻ തുടങ്ങി. അപ്പോൾ അദ്ദേഹത്തിന്റെ എതിരാളികൾ അദ്ദേഹത്തെ കരിങ്കടലിന്റെ കിഴക്കേ തീരത്തുള്ള പിത്യൂസ് എന്ന വനപ്രദേശത്തേക്ക് മാറ്റി. യാത്രാക്ലേശം കൊണ്ടും ക്ഷീണം കൊണ്ടും പ്രതികൂലകാലാവസ്ഥ കൊണ്ടും തകർന്ന് 407 സെപ്റ്റംബർ 14-ന് പോന്തുസിലെ കൊമാനയിൽ വച്ച് ജോൺ മരിച്ചു.

നാടു കടത്തപ്പെടുന്നതിനു മുമ്പ് ജോൺ റോമിലെ മെത്രാനായ ഇന്നസെന്റിനും മിലാനിലെ മെത്രാനായ വെനേരിയൂസിനും അക്വിലായിലെ മെത്രാനായ ക്രൊമാസ്യൂസിനും കത്തുകളെഴുതിയിരുന്നു. ഒരന്വേഷണം നടത്താൻ റോമാമെത്രാനോട് ആവശ്യപ്പെട്ടു. ഈ കാര്യങ്ങളൊക്കെ പല്ലാഡിയസ് രേഖപ്പെടുത്തിയിട്ടുണ്ട് (ഡയലോഗ്, 8-11). ജോണിനെ സ്ഥാനഭ്രഷ്ടനാക്കിയ കാര്യം തെയോഫിലസും റോമിനെ അറിയിച്ചിരുന്നു. ഇന്നസെന്റ് പാപ്പാ അതംഗീകരിച്ചില്ല. പൗരസ്ത്യരും പാശ്ചാത്യരുമായ മെത്രാന്മാരുടെ സംഘത്തെക്കൊണ്ട് ഒരന്വേഷണം നടത്തണം എന്നാവശ്യപ്പെട്ടു. അത് നിരാകരിക്കപ്പെട്ടപ്പോൾ പാശ്ചാത്യസഭ പൗരസ്ത്യസഭകളുമായുള്ള ബന്ധം വിച്ഛേദിച്ചു. ഇതിനു പരിഹാരം ചെയ്യുന്നതുവരെ സഭാസംസർഗമില്ലെന്നും റോം കൽപിച്ചു. ജോണിനെ നീക്കിയശേഷം കോൺസ്റ്റാന്റിനോപ്പിളിൽ അർസാചിയുസ് (+405) നിയമിതനായി. തുടർന്ന് വന്ന അറ്റിക്കുസ് ജോണിന്റെ പേര് അനുസ്മരണപ്പട്ടികയിൽ ചേർത്തതിനുശേഷം മാത്രമാണ് റോം പൗരസ്ത്യസഭകളുമായുള്ള കൂട്ടായ്മ പുനഃസ്ഥാപിച്ചത്. 438 ജനുവരി 27-ന് ജോണിന്റെ ഭൗതികാവശിഷ്ടങ്ങൾ കോൺസ്റ്റാന്റിനോപ്പിളിൽ കൊണ്ടുവന്ന് ശ്ലീഹന്മാരുടെ പള്ളിയിൽ സംസ്കരിച്ചു.

### കൃതികൾ

വളരെയധികം കൃതികളുടെ കർത്താവാണ് ജോൺ. അന്ത്യോക്യൻ എഴുത്തുകാരിൽ അദ്ദേഹത്തിന്റെ കൃതികളാണ് കൂടുതലായി സംരക്ഷിക്ക

പ്പെട്ടിട്ടുള്ളത്. പിൻതലമുറയുടെ സ്നേഹവും അഭിനന്ദനവും ആർജിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. കറതീർന്ന വ്യക്തിത്വവും ആത്മാർഥത നിറഞ്ഞ ജീവിതവും ലൗകികദൃഷ്ട്യാ അദ്ദേഹത്തെ ദുരന്തത്തിൽ എത്തിച്ചു. എന്നാലത് അദ്ദേഹത്തിന്റെ മഹത്വവും പ്രശസ്തിയും വർദ്ധിപ്പിച്ചു. സ്വതസിദ്ധമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണദ്ദേഹം. സ്വർണനാവുകാരൻ എന്നർഥം വരുന്ന *ക്രിസൊസ്തോമോസ്* (ക്രിസൊസ്തോം) എന്ന സ്ഥാനം പ്രസംഗ ചാതുരിവഴി അദ്ദേഹത്തിനു കിട്ടി. ആറാം നൂറ്റാണ്ടിലാണ് ആദ്യമായി ആ സംജ്ഞ അദ്ദേഹത്തിന്റെ പേരോടുകൂടെ ചേർക്കപ്പെട്ടത്. പിന്നെന്നും അത് അദ്ദേഹത്തിന്റെ പേരിന്റെ ഭാഗമായിത്തീർന്നു. കുലീനശൈലി, സ്വതസിദ്ധമായ ചിന്ത, നൈസർഗികമായ ചാതുരി എന്നിവ ഒത്തുവന്നപ്പോൾ ജോൺ, ക്രിസൊസ്തോമായിത്തീർന്നു. അന്നും ഇന്നും ജോണിന്റെ പ്രഭാഷണശൈലി സമുന്നതമായി നിൽക്കുന്നു. അദ്ദേഹത്തിന്റെ മിക്ക കൃതികളും പ്രസംഗങ്ങളാണ്. ഒരു കാലഘട്ടത്തിന്റെ നാനാവശങ്ങളെയും ഉൾക്കൊള്ളുന്നതാണവ. പ്രശസ്തനായ ജോണിന്റെ പേരിൽ പലരും ഗ്രന്ഥങ്ങൾ പ്രചരിപ്പിച്ചതിനാൽ, അത്തരം നിരവധി കൃതികൾ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെട്ടിരുന്നു.

**1. ഹോമിലികൾ (പ്രസംഗങ്ങൾ)**

ആത്മാക്കളുടെ യഥാർഥ ഭിഷഗ്വരനായിരുന്നു ജോൺ. അവരുടെ രോഗങ്ങൾ വളരെ കൃത്യമായി വിവേചിച്ചറിയാനുള്ള സ്വാഭാവിക കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. അതേസമയം മനുഷ്യരുടെ ബലഹീനതയെപ്പറ്റി തികച്ചും ബോധവാനുമായിരുന്നു. എന്നാൽ സ്വാർഥത, ധൂർത്ത്, അഹന്ത തുടങ്ങിയവ കാണുമ്പോഴെല്ലാം നിശിതമായി വിമർശിക്കാൻ അദ്ദേഹം മടിച്ചില്ല. ചില പ്രസംഗങ്ങൾ രണ്ടു മണിക്കൂർ വരെ ദീർഘിച്ചിരുന്നു. ജനഹൃദയങ്ങളെ സ്പർശിക്കാനും അവരുടെ ശ്രദ്ധ പിടിച്ചു നിർത്താനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ഭാവന അത്ഭുതാവഹമാണ്. ക്രിസ്തീയ ജീവിതം സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ധാരണകൾ ഇന്നും നമ്മുടെ ബഹുമാനവും ആദരവും അർഹിക്കുന്നു.

നമുക്കു ലഭിച്ചിരിക്കുന്ന പ്രസംഗങ്ങൾ പ്രസിദ്ധീകരണത്തിന് അദ്ദേഹം തയാറാക്കിയ രേഖകളിൽ നിന്നല്ല. പിന്നെയോ, പ്രസംഗം ശ്രവിച്ചുകൊണ്ടിരുന്ന ശ്രോതാക്കളാരോ എഴുതിയ കുറിപ്പുകളിൽ നിന്നാണ്. അക്കാലത്ത് വലിയ പ്രസംഗകരൊക്കെ കുറിപ്പെഴുത്തുകാരെ പ്രസംഗസമയം നിയമിക്കുക പതിവായിരുന്നു. ഏതായാലും, പല പ്രസംഗങ്ങളുടെയും രണ്ടുതരത്തിലുള്ള കൈയെഴുത്തു പ്രതികൾ നമുക്കു കിട്ടിയിട്ടുണ്ട്. ഒന്നിലെ ഭാഷ ലളിതവും മൃദുവുമാണ്; മറ്റത് കടുപ്പമേറിയതും. ആദ്യത്തേത് പിൽക്കാലത്തു വരുത്തിയ തിരുത്തലോടു കൂടിയവയാകാം. മിക്ക പ്രസംഗങ്ങളും വേദപുസ്തകത്തെ ആധാരമാക്കിയുള്ള ഭാഷ്യഹോമിലികളാണ്. അത്തരം ഹോമിലികൾ



അന്ത്യോക്യയിൽ വച്ചു 386-നും 397-നും ഇടയ്ക്ക് ചെയ്തവയാണ്. അന്ത്യോക്യൻ കലാലയത്തിന്റെ ഭാഷ്യരീതികൾ ഹോമിലികളിൽ ദൃശ്യമാണ്. ആന്തരികാർഥം കണ്ടുപിടിച്ച് അത് പ്രായോഗിക ജീവിതത്തിന് സഹായകമായ രീതിയിൽ അവതരിപ്പിക്കുന്ന രീതിയാണ് അദ്ദേഹം അവലംബിച്ചിരുന്നത്. ആഴമേറിയ ചിന്തയും പ്രകടനപാടവവും എടുത്തു പറയേണ്ടവയാണ്. അദ്ദേഹം പഴയനിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ പ്രവീണനായിരുന്നു. അനുദിന ജീവിതപ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടുന്നതിന് സഹായകമായ രീതിയിൽ അദ്ദേഹം അവയെ വ്യാഖ്യാനിച്ചിരുന്നു.

1. ഉൽപ്പത്തിഹോമിലികൾ: ഉൽപ്പത്തിയെ ആധാരമാക്കി രണ്ടു പരമ്പരകളിലുള്ള ഹോമിലികളുണ്ട്. അദ്ദേഹത്തിന്റെ ആദ്യത്തെ ഭാഷ്യഹോമിലി ഉൽപ്പത്തിയെ ആധാരമാക്കിയുള്ളതാണെന്ന് തോന്നുന്നു. ആദ്യപരമ്പര 386 -ൽ അന്ത്യോക്യയിൽ വച്ചു ചെയ്തവയാണ്. അവസാനത്തെ പ്രസംഗം ഒഴികെ ബാക്കിയെല്ലാം ഉൽപ്പത്തിയുടെ ആദ്യത്തെ മൂന്ന് അധ്യായങ്ങളെ ആധാരമാക്കിയുള്ളവയാണ്. രണ്ടാം പരമ്പര ഉൽപ്പത്തി മുഴുവന്റെയും ഭാഷ്യഹോമിലിയാണ്. ഉൽപ്പത്തി ആദിമുതൽ അവസാനം വരെ ഭാഗം ഭാഗമായി തിരിച്ച് വിശദീകരിക്കുന്നു. ഈ പ്രസംഗങ്ങൾ നടന്നത് 388-ലായിരിക്കാം. ഒന്നാമത്തേതിൽ ആറും രണ്ടാമത്തേതിൽ അറുപത്തേഴും പ്രസംഗങ്ങളുണ്ട്.

2. സങ്കീർത്തന ഹോമിലികൾ: തെരഞ്ഞെടുത്ത 58 സങ്കീർത്തനങ്ങളെ ആധാരമാക്കിയുള്ള ഹോമിലികളാണ് പഴയനിയമത്തെ ആധാരമാക്കിയുള്ള ഏറ്റവും നല്ല പ്രസംഗങ്ങൾ. ഈ 58 പ്രസംഗങ്ങളും അദ്ദേഹം നടത്തിയോ എന്ന് സംശയിക്കുന്നവരുണ്ട്. അവ വ്യാഖ്യാനങ്ങൾ (*ഹെർമനെയ്യാ*) എന്ന ശീർഷകത്തിലാണ് നമുക്കു ലഭിച്ചിരിക്കുന്നത്; ഹോമിലികൾ എന്ന തലക്കെട്ടിലല്ല. അവയുടെ ഉള്ളടക്കം ജോണിന്റെ കഴിവുകളെ വിളിച്ചറിയിക്കുന്നു. സുകൃതങ്ങളും തിന്മകളും (സങ്കീ.100,142,146), യഥാർഥ പ്രാർഥന (7,9,141), സങ്കീർത്തനാലാപം, ക്രിസ്തീയ ഭവനങ്ങളിലെ കീർത്തനങ്ങൾ (41,134) തുടങ്ങിയവയെപ്പറ്റി ജോണിന് പ്രിയംകരങ്ങളായ ആശയങ്ങൾ ഈ പ്രസംഗങ്ങളിൽ കാണാം. പത്രോസിന്റെ റോമായാത്ര (48), വിശുദ്ധ നാട്ടിലേക്കുള്ള തീർഥാടനം (109), പൗരോഹിത്യ ശ്രേഷ്ഠത (113,116), കന്യാത്വം (44,113), ഒരുക്കത്തോടു കൂടെയുള്ള കുർബാന സ്വീകരണം (113) എന്നിവയെപ്പറ്റിയും അദ്ദേഹം ഈ ഹോമിലികളിൽ പരാമർശിക്കുന്നു. ആരിയൻ, മനിക്കേയൻ വിഭാഗക്കാർക്കും സാമോസാട്ടക്കാരൻ പൗലോസിനും എതിരായി ചിലയിടങ്ങളിൽ വിവരണം കാണാം (46,109,148). ഈ ഹോമിലികളിൽ സെപ്ത്വജിന്ത് ടെക്സ്റ്റ് കൂടാതെ മറ്റു ചില പതിപ്പുകളും അദ്ദേഹം ഉപയോഗിച്ചു കാണുന്നുണ്ട്. 58 ഹോമിലികൾക്കു പുറമേ മറ്റനേകം ഹോമിലികൾ അദ്ദേഹത്തിന്റെ പേരിൽ പ്രചരിച്ചിരുന്നു. എന്നാൽ അവ അദ്ദേഹത്തിന്റേതല്ലെന്നാണ് പണ്ഡിത മതം.

3. ഏശായാ ഹോമിലികൾ: ഏശായായുടെ ഗ്രന്ഥത്തെ ആധാരമാക്കി ആറ് ഹോമിലികൾ ഗ്രീക്കുമൂലത്തിൽ കിട്ടിയിട്ടുണ്ട്. അവയിൽ ചിലത് അന്ത്യോക്യയിൽ വച്ചും ചിലത് കോൺസ്റ്റാന്റിനോപ്പിളിൽ വച്ചും ചെയ്ത വയാണ്. ഏശായായുടെ ഒരു സമ്പൂർണഭാഷ്യം അർമേനിയൻ വിവർത്തന ത്തിൽ കാണുന്നു. ഇവയ്ക്കു പുറമേ മറ്റ് ചില പഴയനിയമ ഗ്രന്ഥങ്ങളെയും ആധാരമാക്കി ജോൺ പ്രസംഗിച്ചിട്ടുണ്ടെങ്കിലും അവ പൂർണ രൂപത്തിൽ ലഭിച്ചിട്ടില്ല.

4. മത്തായി ഹോമിലികൾ: മത്തായിയുടെ സുവിശേഷത്തെ ആധാര മാക്കി 90 ഹോമിലികളുണ്ട്. ഈ സുവിശേഷത്തിന്റേതായി നമുക്കു കിട്ടിയി രിക്കുന്ന ഏറ്റവും പ്രാചീനവും പൂർണവുമായ ഹോമിലികളത്രേ ഇവ. ഇവ അന്ത്യോക്യയിൽവച്ച് 390-ൽ ചെയ്തവയാകാനാണിട. പലയിടങ്ങളിലും മനി ക്കേയരെപ്പറ്റി പരാമർശിക്കുന്നു. പഴയനിയമം പുതിയനിയമത്തിൽ നിന്ന് വ്യത്യസ്തമാണെന്ന മനിക്കേയൻ പ്രമേയം നിരാകരിക്കുന്നു. അതായത്, പഴയനിയമദൈവം കർക്കശനും നീതിനിഷ്ഠനും പുതിയനിയമദൈവം സ്നേഹനിധിയും ആണെന്ന ആശയം തള്ളിക്കളയുന്നു. രണ്ടിലും നിയമദാ താവ് ഒരാൾ തന്നെയെന്ന് ജോൺ ചൂണ്ടിക്കാട്ടുന്നു. എന്നാൽ പഴയത് ഒരു ക്കവും പുതിയതിന്റെ മുന്നോടിയും മാത്രമാണ്. ക്രിസ്തുവിന്റെ കൽപ്പന കൾ യൂദനിയമങ്ങളുടെ പൂർത്തീകരണമാണ്. അവയുടെ കുറവുകൾ പരി ഹരിക്കുന്നു. ദൈവിക രാജാവിന്റെ കത്തുകളാണ് സുവിശേഷങ്ങൾ. ആരി യൻ ചിന്തകർക്കെതിരായി പുത്രന്റെ ദൈവത്വവും ദൈവത്വത്തിലുള്ള സമ ത്വവും ജോൺ ഉയർത്തിക്കാട്ടുന്നു. തന്റെ മനുഷ്യസ്വഭാവത്തെപ്പറ്റി സംസാ രിക്കുമ്പോൾ മാനുഷികരീതി അവലംബിച്ചാലും, പുത്രൻ പിതാവിനു തുല്യ നാണെന്ന് അദ്ദേഹം തറപ്പിച്ചു പറയുന്നു. അക്കാലത്തുള്ള വിനോദ രംഗ ങ്ങളെ അദ്ദേഹം കുറ്റപ്പെടുത്തുന്നു. സന്യാസികളെ പുകഴ്ത്തുന്നു. അന്നത്തെ ജീവിതസാഹചര്യങ്ങളിൽ നിന്ന് നെയ്തെടുത്ത സംഭവങ്ങളും രീതികളുമെല്ലാം പ്രസംഗങ്ങളിൽ കാണാം. സന്യാസികളുടെ ജീവിതം, വസ്ത്രം, ധ്യാനം, ജോലി എന്നിവ (69-70) വിവരിക്കുന്നു. അവർ എങ്ങനെ തിന്മകളെ ജയിക്കുന്നെന്ന് ചൂണ്ടിക്കാട്ടുന്നു. അവരുടെ സുകൃതവും ഭക്തിയും എല്ലാവർക്കും മാതൃകയാണ്. ദാനധർമത്തിന് എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. പാവപ്പെട്ടവരെ ക്രിസ്തുവിന്റെയും നമ്മുടെയും സഹോദരങ്ങ ളെന്ന് അദ്ദേഹം വിളിക്കുന്നു.

5. നാലാം സുവിശേഷ ഹോമിലികൾ: യോഹന്നാന്റെ സുവിശേഷത്തെ ആധാരമാക്കി എഴുതപ്പെട്ട 88 ഹോമിലികൾ ആദ്യസുവിശേഷ ഹോമിലിക ളേക്കാൾ ചെറുതാണ്. മിക്കവാറും 391-ലാണ് ഈ പ്രസംഗങ്ങൾ നടന്നത്. അവയോരോന്നും പത്തുമുതൽ പതിനഞ്ചുവരെ മിനിറ്റുകൾ നീളുന്നവയാണ്.



ചില ഹോമിലികൾ പ്രഭാതത്തിൽ ചെയ്ത പ്രസംഗങ്ങളാണെന്ന് 31.5;18.2 എന്നീ ഭാഗങ്ങൾ സൂചിപ്പിക്കുന്നു.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ കാര്യം (യോഹ.7,53-8,11) ജോൺ ചർച്ചചെയ്തിട്ടില്ല. തന്റെ കൃതികളിൽ ഒരിടത്തും ജോൺ ഈ വേദ പുസ്തകഭാഗം സ്പർശിച്ചിട്ടില്ല. അന്ത്യോക്യയിൽ അദ്ദേഹം ഉപയോഗിച്ച ബൈബിളിൽ ഇതുണ്ടായിരുന്നെങ്കിൽ അദ്ദേഹം ഇതിനും ഭാഷ്യമെഴുതുമാ യിരുന്നു. ഈ ഹോമിലികൾ കൂടുതൽ താർക്കികചായ്വ് ഉള്ളവയാണ്. യോഹന്നാന്റെ സുവിശേഷത്തിലെ പല ഭാഗങ്ങൾക്കും ഒരു പക്ഷേ അക്കാ ലത്ത് ആരിയൻ വിഭാഗക്കാർ ദുർഭാഷ്യങ്ങൾ നൽകിയിരിക്കാം. പുത്രൻ സത്യ മായും ദൈവമാണെന്ന് സവിസ്തരം തുടരെത്തുടരെ അദ്ദേഹം പ്രതിപാദി ക്കുന്നു.

6. നടപടിഹോമിലികൾ: നടപടിഗ്രന്ഥത്തെ ആധാരമാക്കി ജോൺ 55 പ്രസംഗങ്ങൾ നടത്തി. ആദ്യത്തെ പത്തു നൂറ്റാണ്ടിൽ നടപടിയെ ആധാര മാക്കി ഈ ഹോമിലി മാത്രമേ പൂർണമായി നമുക്കു ലഭിച്ചിട്ടുള്ളൂ. കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് 400-ാമാണ്ടിൽ ചെയ്ത പ്രസംഗങ്ങളാണവ. ചുരുക്കെഴുത്തുകാരുടെ നോട്ടുകൾ വിപുലപ്പെടുത്തി എഴുതിയവയാണ് അവ. അദ്ദേഹത്തിന് അവ തിരുത്തുന്നതിന് സാവകാശം ലഭിച്ചില്ലെന്നു തോന്നുന്നു. ‘‘പലരും നടപടി ഗ്രന്ഥത്തെ അവഗണിക്കുന്നു. ഇങ്ങനെയൊരു കൃതി ഉണ്ടെന്നു തന്നെ പലർക്കും അറിയില്ല. എന്നാൽ ഇതിൽ നിരവധി അമൂല്യനിക്ഷേപങ്ങളുണ്ട്. അതുകൊണ്ട് ഇതിനെ ആധാരമാക്കി ഭാഷ്യം ചമയ്ക്കാൻ ഒരുമ്പെടുന്നു’’ എന്ന് ജോൺ പ്രസ്താവിക്കുന്നു.

7. റോമാലേഖന ഹോമിലികൾ: പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളെ ആധാരമാക്കി ജോൺ നിരവധി ഹോമിലികൾ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഹോമിലികളിൽ പകുതിയും ലേഖനങ്ങളെ ആധാരമാക്കിയുള്ളവയാണ്. പൗ ലോസിന്റെ വ്യക്തിത്വവും നേട്ടങ്ങളും ജോണിനെ പല പ്രാവശ്യം കോരി ത്തരിപ്പിച്ചിട്ടുണ്ട്. ആത്മാക്കളുടെ ഇടയന്റെ ഉത്തമ മാതൃക അദ്ദേഹം പൗലോ സിൽ കാണുന്നു. അന്ത്യോക്യയിൽ വച്ച് 381-നും 398-നും ഇടയ്ക്ക് റോമാ ലേഖനത്തെ ആധാരമാക്കി ജോൺ ചെയ്ത 32 പ്രസംഗങ്ങളാണ് സഭാപി താക്കന്മാരുടെ കാലത്തെ ഏറ്റവും പ്രധാനപ്പെട്ട റോമാലേഖനഭാഷ്യം. അദ്ദേ ഹത്തിന്റെ കൃതികളിൽ ഏറ്റവും മനോഹരവും ഇതുതന്നെ. ‘‘റോമാലേഖന ഭാഷ്യത്തിൽ പണ്ഡിതനായ അദ്ദേഹത്തിന്റെ വിജ്ഞാന ഭണ്ഡാരം നിറഞ്ഞു കവിയുന്നു’’ എന്ന് പെലൂസിയത്തിലെ ഇസിദോർ പ്രസ്താവിക്കുന്നു. ‘‘തന്റെ കൃതികൾ അറ്റിക് ശൈലിയിൽ പ്രസ്താവിക്കാൻ ദിവ്യനായ പൗലോസ് ആഗ്രഹിച്ചാൽ ഈ പ്രശസ്തനായ ഗുരു പറഞ്ഞതിൽ നിന്ന് വ്യത്യസ്ത മായി പറകയില്ലെന്ന് എനിക്കു തോന്നുന്നു. അത്ര ഗണ്യമാണ് ജോണിന്റെ

അവതരണവും രൂപഭംഗിയും'' എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു (ലേഖനം, 5,32). പെലാജിയൻ തർക്കത്തിൽ(422) വി. അഗസ്റ്റിൻ പത്താം ഹോമിലിയിൽ നിന്ന് എട്ടു ഭാഗങ്ങൾ ഉദ്ധരിക്കുന്നു (ജൂലിയനെതിരെ, 1,27). ഉത്ഭവപാപം സംബന്ധിച്ച് ജോൺ പെലാജിയൻ വീക്ഷണങ്ങൾ സ്വീകരിച്ചിട്ടില്ല എന്നു തെളിയിക്കാനാണ് അപ്രകാരം ഉദ്ധരിച്ചത്.

റോമാലേഖനം താത്വികപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നെങ്കിലും, വെറും താത്വിക ചർച്ചകളിലല്ല, ആധ്യാത്മികവും ധാർമികവുമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിലാണ് അദ്ദേഹത്തിന് കൂടുതൽ താൽപര്യം. ക്രിസ്തീയ രാഷ്ട്രീയ ചിന്തയെപ്പറ്റിയുള്ളതാണ് 23-ാം ഹോമിലി. ''അധികാരം ദൈവത്തിൽ നിന്നു വരുന്നു. എന്നാൽ അധികാര സ്ഥാനങ്ങൾ മനുഷ്യരുണ്ടാക്കുന്നവയാണ്.'' ചില ഹോമിലികൾ വളരെ വലുതാണ്. അവ പ്രസംഗിക്കണമെങ്കിൽ രണ്ടു മണിക്കൂറെങ്കിലും വേണ്ടിവരും.

8. കൊറിന്തോസ് ലേഖനഹോമിലികൾ: ഒന്നാം ലേഖനത്തിന് നാൽപത്തിനാലും രണ്ടാം ലേഖനത്തിന് മുപ്പതും ഹോമിലികൾ അദ്ദേഹം തയാറാക്കി. ഒന്നാം പരമ്പരയും (21,6) രണ്ടാം പരമ്പരയും (26,5) അന്ത്യോക്യയിൽ വച്ചാണ് തയാറാക്കിയത്. ക്രിസ്തീയരഹസ്യം എന്ന പൗലോസിന്റെ ആശയം ആദ്യപരമ്പരയിലെ ഏഴാം ഹോമിലിയിൽ ചർച്ച ചെയ്യുന്നു (7,1-2). ക്രിസ്തുമതത്തിന്റെ ഈ നിഗൂഢത തിരസ്കരിച്ച *അനോമയർ* എന്ന ആരിയൻ വിഭാഗത്തെ മുന്നിൽ കണ്ടുകൊണ്ടാണ് അദ്ദേഹം സംസാരിക്കുന്നത്. ഈ രണ്ടു പരമ്പരകൾക്കും പുറമേ 1 കൊറി.7,1; 15,28; 2കൊറി.4,13 എന്നിവയ്ക്ക് പ്രത്യേകമായി ഏഴ് ഹോമിലികൾ എഴുതിയിട്ടുണ്ട്.

9. ഗലാത്യലേഖന ഹോമിലികൾ: ആധുനിക വ്യാഖ്യാന രീതിയിലാണ് ഈ ഹോമിലികൾ. അതായത്, ഓരോ വാക്യവും എടുത്തുള്ള അപഗ്രഥനം. അന്ത്യോക്യയിൽ വച്ചായിരിക്കാം ഇത് തയാറാക്കിയത്.

10. എഫേസ്യലേഖന ഹോമിലികൾ: അന്ത്യോക്യയിൽ വച്ച് എഫേസ്യലേഖനത്തെ ആധാരമാക്കി 24 ഹോമിലികൾ നടത്തി. അന്ത്യോക്യൻ ജനത്തിന് പ്രിയങ്കരരായ വി. ബാബിലാസിനെയും വി. ജൂലിയനെയും ജോൺ അനുസ്മരിക്കുന്നു (9; 21.3). വി. ജൂലിയൻ ഒരു പ്രാവശ്യം അന്ത്യോക്യാ സന്ദർശിച്ചിട്ടുണ്ടെന്ന് തിയഡൊറെറ്റ് പറയുന്നു (സഭാ. 4,27). സന്യാസപ്രസ്ഥാനം (6,13), മെലീഷ്യൻ ശീശ്മ (11,5), ക്രിസ്തീയ വിവാഹം (20) എന്നിവയും അദ്ദേഹം ഇവയിൽ ചർച്ച ചെയ്യുന്നു.

11. ഫിലിപ്യലേഖന ഹോമിലികൾ: ഈ പ്രസംഗങ്ങൾ നടത്തിയത് എവിടെ വച്ചാണെന്ന് കൃത്യമായി നമുക്കറിവില്ല. അന്ത്യോക്യയോ കോൺസ്റ്റാന്റിനോപ്പിളോ ആയിരിക്കാം പ്രസംഗസ്ഥലം. മാർസ്യനീത്തർ, ആരിയർ, സാമോസാട്ടക്കാരൻ പൗലോസ് എന്നിവർക്കെതിരായി ഫിലി. 2,6-11 നെ ആധാരമാക്കി ഏഴാം ഹോമിലിയിൽ തിരുഅവതാരസത്യം ഉറക്കെ പ്രഖ്യാപിക്കുന്നു. ക്രിസ്തുവിന്റെ യഥാർഥ ദൈവത്വവും യഥാർഥ മനുഷ്യത്വവും ഊന്നിപ്പറയുന്നു. ക്രിസ്തുവിന് ആത്മാവും ശരീരവുമുണ്ട്, സ്വഭാവങ്ങളെ കൂട്ടിക്കുഴയ്ക്കുകയോ വെട്ടിമാറ്റുകയോ ചെയ്യരുത്. ഒരു ദൈവവും ദൈവപുത്രനായ ഒരു ക്രിസ്തുവും മാത്രമേയുള്ളു. ഒന്നെന്നു ഞാൻ പറയുമ്പോൾ ഒരൈക്യം. അത് കൂട്ടിക്കുഴയ്ക്കലല്ല. ഒരു സ്വഭാവം മറ്റതിൽ ലയിച്ചു പോയില്ല. ഒന്ന് മറ്റതുമായി ബന്ധപ്പെട്ടിരുന്നു എന്നു പോകുന്നു അദ്ദേഹത്തിന്റെ ചിന്ത.



12. കൊളോസ്യലേഖന ഹോമിലികൾ: കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് 399-ലാണ് കൊളോസ്യലേഖനത്തെ ആധാരമാക്കിയുള്ള 12 ഹോമിലികൾ തയാറാക്കിയത്. മൂന്നാം ഹോമിലിയുടെ അവസാനം തന്റെ മെത്രാൻ സ്ഥാനത്തെപ്പറ്റി വ്യക്തമായി സംസാരിക്കുന്നു: ''നിങ്ങൾ എന്നെയല്ല പൗരോഹിത്യത്തെയാണ് നിന്ദിക്കുന്നത്. ഇത് എന്നിൽ നിന്ന് ഉരിഞ്ഞു മാറ്റപ്പെടുമ്പോൾ എന്നെ നിന്ദിച്ചുകൊള്ളുവിൻ. കാരണം, പിന്നെ ഞാൻ കൽപനകൾ തരാൻ മുതിരില്ല. എന്നാൽ നാം ഈ സിംഹാസനത്തിൽ ഇരിക്കുന്നിടത്തോളം കാലം, നാം അനർഹനാണെങ്കിലും, നമുക്ക് മഹത്വവും അധികാരവുമുണ്ട്. മോശയുടെ സിംഹാസനം ബഹുമാനം അർഹിച്ചെങ്കിൽ, അതിനാൽ അത് ശ്രവിക്കപ്പെടേണ്ടിയിരുന്നെങ്കിൽ, അതിനേക്കാൾ എത്രയോ അധികമാണ് ക്രിസ്തുവിന്റെ സിംഹാസനം? സ്ഥാനപതികൾ ഏതു തരക്കാരായാലും എംബസിയുടെ മാന്യതയാൽ വളരെ ബഹുമാന്യരാണ്. ഞങ്ങൾ ഒരു ദൗത്യം സ്വീകരിച്ചിരിക്കുന്നു. ഞങ്ങൾ ദൈവത്തിൽ നിന്ന് വന്നിരിക്കുന്നു. ഇതത്രേ മെത്രാൻസ്ഥാനത്തിന്റെ മഹത്വം...മനുഷ്യരുടെ ഇടയിൽ ദൈവത്തിന്റെ സ്ഥാനപതികളായി ഞങ്ങൾ വർത്തിക്കുന്നു. എന്നാൽ ഇതിനെ നിങ്ങൾ അപമാനിച്ചാൽ, ഞങ്ങളെയല്ല മെത്രാൻസ്ഥാനത്തെ തന്നെയാണ് അവഹേളിക്കുന്നത്. ഇയാളെയോ, അയാളെയോ അല്ല, മെത്രാനെ തന്നെയാണ് നിന്ദിക്കുന്നത്'' (3,4).

13. തെസലോനിക്യലേഖന ഹോമിലികൾ: ഒന്നാം ലേഖനത്തെ ആധാരമാക്കി പതിനൊന്നും രണ്ടാം ലേഖനത്തെ ആധാരമാക്കി അഞ്ചും ഹോമിലികൾ അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് തയാറാക്കി.

13. അജപാലകലേഖന ഹോമിലികൾ: തിമോതിക്കെഴുതിയ ഒന്നാം ലേഖനത്തെ ആധാരമാക്കി പതിനെട്ടും രണ്ടാം ലേഖനത്തെ ആധാരമാക്കി പത്തും ഹോമിലികൾ അന്ത്യോക്യയിൽ വച്ച് തയാറാക്കി. തിമോതിയുടെ മെത്രാൻ സ്ഥാനത്തെപ്പറ്റി തുടരെത്തുടരെ പറയുന്നെങ്കിലും, അന്ന് ജോൺ മെത്രാനാണെന്നതിന്റെ സൂചന കാണുന്നില്ല. നഗരാതിർത്തികളിൽ പാർക്കുന്ന നിര

വധി ഏകാന്തവാസികളെപ്പറ്റിയും പറയുന്നു. അത് അന്ത്യോക്യ ആകാനാണിട. റ്റൈറ്റസിനെഴുതിയ ലേഖനം (6), ഫിലമോനെഴുതിയ ലേഖനം (3) എന്നിവയെ ആധാരമാക്കിയുള്ള ഹോമിലികളും അന്ത്യോക്യയിൽ വച്ചാണ് തയാറാക്കിയത്.

14. എബ്രായലേഖന ഹോമിലികൾ: കോൺസ്റ്റാന്റിനോപ്പിളിൽവച്ച് 403/4-ൽ എബ്രായലേഖനത്തെ ആധാരമാക്കി 34 ഹോമിലികൾ അദ്ദേഹം തയാറാക്കി. കസ്സിയദോറിന്റെ നിർദേശാനുസരണം മുതിയാനുസ് എന്നയാൾ അവ ലത്തീനിലേക്ക് വിവർത്തനം ചെയ്തു.

**2. താത്വിക-താർക്കിക കൃതികൾ**

1. *ദൈവത്തിന്റെ അഗ്രാഹ്യസ്വഭാവത്തെപ്പറ്റി:* രണ്ടു പരമ്പരകളിലായി 12 ഹോമിലികളുണ്ട്. ആദ്യത്തെ അഞ്ചെണ്ണം 386/7-ൽ അന്ത്യോക്യയിൽ വച്ചും ബാക്കിയുള്ളവ 397-ൽ കോൺസ്റ്റാന്റിനോപ്പിളിൽ വച്ചും അദ്ദേഹം തയാറാക്കി. ദൈവം സ്വയം അറിയുന്നതുപോലെ തങ്ങൾ ദൈവത്തെ അറിയുന്നു എന്നു വീമ്പടിച്ച അനോമയർ എന്ന ആരിയൻ വിഭാഗക്കാരെ ഖണ്ഡിക്കുന്നു (2,3). പിതാവും പുത്രനും തമ്മിൽ ബന്ധമേയില്ല, വ്യത്യസ്തങ്ങളാണ് എന്ന റാഡിക്കൽ ആരിയൻ വീക്ഷണം ഇക്കൂട്ടർ മുറുകെപ്പിടിച്ചു. അവരെ എതിർത്തുകൊണ്ട് ദൈവത്തിന്റെ അവാച്യവും അപരിമേയവും അനന്തവുമായ സ്വഭാവത്തെ അദ്ദേഹം ഉയർത്തിക്കാട്ടുന്നു. പിതാവും പുത്രനും തുല്യരാണ്, പിതാവിനെപ്പോലെ പുത്രനും ദൈവത്വത്തിൽ ഭാഗഭാഗിത്വമുണ്ടെന്ന് അദ്ദേഹം സ്പഷ്ടമായി പഠിപ്പിച്ചു.

2. *മതാധ്യാപന പ്രസംഗങ്ങൾ:* അന്ത്യോക്യൻ സഭയിൽ പ്രസംഗകനായിരുന്ന കാലത്ത് സ്നാനാർഥികളെ ഒരുക്കുന്ന ദൗത്യവും ജോണിനുണ്ടായിരുന്നു. അത്തരത്തിൽ പെട്ട 12 പ്രസംഗങ്ങൾ ലഭിച്ചിട്ടുണ്ട്. സ്നാനാർഥികൾക്കും സ്നാനം സ്വീകരിച്ച് പുനർജന്മം പ്രാപിച്ച നവജാതർക്കും വേണ്ടി ചെയ്തവയാണ് ഇവ. മൂന്ന് സമാഹാരങ്ങളിൽ നിന്നാണ് ഇവ നമുക്ക് ലഭിച്ചിരിക്കുന്നത്. (ഇവയുടെ മലയാളവിവർത്തനത്തിന്: ജി. ചേടിയത്ത്, *വി. ജോൺ ക്രിസൊസ്തോം, മതാധ്യാപന പ്രസംഗങ്ങൾ*, കോട്ടയം, 2003).

3. *യൂദർക്കെതിരെ:* ശ്രോതാക്കളായ ക്രിസ്ത്യാനികളെ ഉദ്ദേശിച്ചുള്ള എട്ട് ഹോമിലികൾ അന്ത്യോക്യയിൽ വച്ചാണ് പ്രസംഗിച്ചത്. ചില ക്രിസ്ത്യാനികൾ യഹൂദരുടെ സിനഗോഗുകൾ സന്ദർശിക്കുകയും അവരുടെ ആഘോഷങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു. അവരെ അതിൽ നിന്ന് പിന്തിരിപ്പിക്കാനാണിത്. യൂദന്മാർ ക്രിസ്തുവിനെ തള്ളിക്കളഞ്ഞതിനാൽ ശിക്ഷാർഹരാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.



**3. ധാർമിക പ്രതിപാദനങ്ങൾ**

ശ്രോതാക്കളുടെ ധാർമികനിലവാരം മെച്ചപ്പെടുത്തുക എന്നതായിരുന്നു ജോണിന്റെ ഹോമിലികളുടെയെല്ലാം ഉദ്ദേശ്യം. എന്നാൽ ഇക്കാര്യം മാത്രം പ്രതിപാദിക്കുന്ന പ്രസംഗങ്ങളും നടത്തിയിരുന്നു. നവവത്സര ദിനത്തിൽ അന്ത്യോക്യയിൽ വച്ചു നടത്തിയ ഒരു പ്രസംഗത്തിൽ അന്നത്തേ പേക്കൂത്തുകളെ അദ്ദേഹം നിശിതമായി അപലപിക്കുന്നു. *സർക്കസിനും കളികൾക്കും തീയേറ്ററുകൾക്കുമെതിരെ* എന്ന പേരിൽ കോൺസ്റ്റാന്റിനോപ്പിളിൽവച്ച് 399 ജൂലൈ മൂന്നിന് ചെയ്ത പ്രസംഗം പ്രസിദ്ധമാണ്. അന്ന് പള്ളിയിൽ പകുതി ആളുകൾ പോലും ഇല്ലായിരുന്നു. ജനം സർക്കസ് കാണാൻ പോയി. ദുഃഖവെള്ളിയാഴ്ച പോലും കുതിരയോട്ടം നടത്തുന്നതിനെയും ദുഃഖശനിയാഴ്ച പോലും തീയേറ്ററിൽ പരിപാടി നടത്തുന്നതിനെയും അദ്ദേഹം അപലപിക്കുന്നു. തീയേറ്റർ സാത്താന്റെ അസംബ്ലിയാണെന്ന അഭിപ്രായമാണ് അദ്ദേഹത്തിന്. സാമൂഹ്യനീതിബോധം അദ്ദേഹത്തിൽ മുന്തിനിന്നു. പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള തരംതിരിവുകൾ അന്ത്യോക്യയിലും കോൺസ്റ്റാന്റിനോപ്പിളിലും അദ്ദേഹം ദർശിച്ചു. അക്കാലത്ത് കോൺസ്റ്റാന്റിനോപ്പിളിൽ അമ്പതിനായിരം പാവപ്പെട്ടവരുണ്ടായിരുന്നു എന്നാണ് അദ്ദേഹത്തിന്റെ കണക്ക്; ക്രിസ്ത്യാനികൾ ഒരു ലക്ഷവും (നടപടി ഹോമിലി 11,3). പാവപ്പെട്ടവരെ പരിഗണിക്കാതെ, സ്വാർഥരായി നടക്കുന്ന പണക്കാരുടെ അഹങ്കാരത്തെയും ഭൗതിക മനഃസ്ഥിതിയെയും അദ്ദേഹം നിരന്തരം കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു. അദ്ദേഹം അവരെ ദാനധർമങ്ങൾക്കായി നിർബന്ധിച്ചു.

**4. പെരുന്നാൾ പ്രസംഗങ്ങൾ**

ജോണിന്റെ പെരുന്നാൾ പ്രസംഗങ്ങളിൽ 386 ഡിസംബർ 25-ന് ചെയ്ത ക്രിസ്മസ് പ്രസംഗമാണ് ഏറ്റവും പ്രശസ്തം. നീതിസൂര്യനായ ക്രിസ്തുവിന്റെ ജന്മദിനം ഡിസംബർ 25-നാണെന്ന് കാണിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. പത്തുവർഷം മുമ്പാണ് അന്ത്യോക്യയിലെ ജനങ്ങൾ ഈ പെരുന്നാൾ ആഘോഷിക്കാൻ തുടങ്ങിയതെന്ന് പ്രസംഗത്തിൽ പറയുന്നു. മറ്റൊരു ക്രിസ്മസ് പ്രസംഗം കൂടിയുണ്ട്. *ക്രിസ്തുവിന്റെ സ്നാനവും എപ്പിഫനിയും* എന്നത് 387 ജനുവരി 6-ന് നടത്തിയ ദനഹാപ്രസംഗമാണ്. പെസഹാ വ്യാഴാഴ്ചയുടെ ഒരു പ്രസംഗത്തിന്റെ രണ്ടു പതിപ്പുകൾ ലഭ്യമാണ്. ദുഃഖവെള്ളിയാഴ്ചയുടെ മൂന്നു പ്രസംഗങ്ങളും ഉയിർപ്പിന്റെ ഒരു പ്രസംഗവും പെന്തിക്കോസ്തിയുടെ രണ്ട് പ്രസംഗങ്ങളും ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന മറ്റ് പ്രസംഗങ്ങൾ അദ്ദേഹത്തിന്റേതല്ലെന്നാണ് പണ്ഡിതമതം.

**5. സ്തുതിപ്രഭാഷണങ്ങൾ**

ജോബ്, എലെയാസർ, മക്കബായർ, അവരുടെ അമ്മ തുടങ്ങിയ പഴയ

നിയമ വിശുദ്ധരെക്കുറിച്ചും, റൊമാനോസ്, ജൂലിയൻ, ബർലാം, പെലാജിയ, ബെരെനിസ്, പ്രൊസ്ദോസ് തുടങ്ങിയ രക്തസാക്ഷികളെ കുറിച്ചും ഇഗ്നേഷ്യസ്, ബാബിലാസ്, ഫിലഗോണിയൂസ്, ഒസ്താത്യോസ്, മെലേസ്യൂസ് എന്നീ അന്ത്യോക്യൻ മെത്രാന്മാരെ കുറിച്ചും അദ്ദേഹം സ്തുതിപ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. തർസോസിലെ ദിയദോറിനെ കുറിച്ചുള്ളത് അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ 392-ൽ നടത്തിയതാണ്. വി. പൗലോസിനെ കുറിച്ചുള്ള സ്തുതിപ്രഭാഷണമാണ് ഏറ്റവും ശ്രദ്ധാർഹമായിട്ടുള്ളത്. വിജാതിയരുടെ ശ്ലീഹായോട് അദ്ദേഹത്തിനുള്ള മതിപ്പും സ്നേഹവും ആദരവുമെല്ലാം അതിൽ വ്യക്തമാണ്. ചെലേദായിലെ അനിയാനുസ് അത് 415-നും 419-നും ഇടയ്ക്ക് ലത്തീനിലേക്ക് വിവർത്തനം ചെയ്തു: ''ക്രിസൊസ്തോം ഇവിടെ ഒരു വലിയ ശ്ലീഹായെ വരച്ചുകാട്ടുക മാത്രമല്ല, പുനർജീവിപ്പിക്കുക കൂടി ചെയ്തിരിക്കുന്നു. ക്രിസ്തീയപൂർണതയുടെ ഒരു സജീവമാതൃകയായി അവൻ ഒരിക്കൽകൂടി തീരുന്നു'' എന്നാണ് വിവർത്തകന്റെ കുറിപ്പ്. എല്ലാ സുകൃതങ്ങളുടെയും സമാഹാരമായി പൗലോസിനെ ജോൺ കാണുന്നു. ഹാബേൽ മുതൽ സ്നാപക യോഹന്നാൻ വരെയുള്ള പഴയനിയമ വിശുദ്ധരുമായി അദ്ദേഹം പൗലോസിനെ താരതമ്യപ്പെടുത്തുന്നു. ഓരോരോ ഗുണങ്ങളിൽ അവൻ അവരെയെല്ലാം വെല്ലുന്നു. ബലഹീനനായ മനുഷ്യന് ദൈവിക ശക്തിയാൽ എത്രമാത്രം ഉയരാൻ സാധിക്കുമെന്ന് പൗലോസ് കാട്ടിത്തരുന്നു. പതറാത്ത ധൈര്യത്തോടും തളരാത്ത സ്നേഹത്തോടും കൂടെ എങ്ങനെ പ്രതിബന്ധങ്ങളെ അവൻ നേരിട്ടു എന്ന് ജോൺ വിവരിക്കുന്നു. ഡമാസ്കസിലേക്കുള്ള വഴിമധ്യേ അവന് എപ്രകാരം മാനസാന്തരമുണ്ടായെന്നും ചിത്രീകരിക്കുന്നു. യഹൂദരുടെ പ്രതികരണത്തെ പൗലോസിന്റേതുമായി അദ്ദേഹം താരതമ്യപ്പെടുത്തുന്നു. അത്ഭുതങ്ങൾ കണ്ടിട്ടും അവർ അറച്ചുനിന്നു. എന്നാൽ പൗലോസാകട്ടെ വിളിച്ചവനെ ഉള്ളഴിഞ്ഞ് സ്നേഹിച്ച് അവന്റെ പിന്നാലെ പോയി. ഇങ്ങനെ പോകുന്നു പൗലോസിനെപ്പറ്റിയുള്ള സ്തുതിപ്രഭാഷണം.

**6. സാന്ദർഭിക പ്രഭാഷണങ്ങൾ**

ഓരോ പ്രത്യേക സന്ദർഭത്തിൽ ചെയ്ത നാല് പ്രസംഗങ്ങളുണ്ട്.

(1) ജോണിനെ അന്ത്യോക്യൻ മെത്രാനായ ഫ്ളാവിയൻ 386-ൽ പൗരോഹിത്യത്തിലേക്ക് ഉയർത്തിയപ്പോൾ ചെയ്തതാണ് ഒരു പ്രസംഗം. ''വായും നാവും നൽകിയ ദൈവത്തിന് തന്റെ ഈ പ്രസംഗം സമർപ്പിക്കുന്നു'' എന്ന് അദ്ദേഹം പറയുന്നു. തന്നെ വൈദികനാക്കിയ ഫ്ളാവിയന് തുടർന്ന് നന്ദി പറയുന്നു. അദ്ദേഹത്തിന്റെ അപ്പസ്തോലികാരൂപിയെ പ്രതി അദ്ദേഹത്തെ സ്തുതിക്കുന്നു. താനൊരു നല്ല വൈദികൻ ആയിരിക്കാൻ തനിക്കുവേണ്ടി പ്രാർഥിക്കണമെന്ന് എല്ലാവരോടും അപേക്ഷിക്കുകയും ചെയ്യുന്നു.



(2) രൂപങ്ങളെ കുറിച്ചുള്ള ഹോമിലികൾ: അക്രമാസക്തരായ ജനക്കൂട്ടം 387-ൽ രാജകുടുംബത്തിന്റെ രൂപങ്ങൾ തല്ലിപ്പൊട്ടിച്ചു. ഇതിൽ കുപിതനായ തിയഡോഷ്യസ് ചക്രവർത്തി അന്ത്യോക്യൻ നഗരം പാടേ നശിപ്പിക്കാൻ തീരുമാനിച്ചു. ഫ്ളാവിയൻ ഉടനേ കോൺസ്റ്റാന്റിനോപ്പിളിലെത്തി ചക്രവർത്തിയെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു. ഭയചകിതരായി പള്ളിയിൽ തടിച്ചുകൂടിയ ജനങ്ങളെ സമാശ്വസിപ്പിക്കാൻ ക്രിസൊസ്തോം ശ്രമിച്ചു. മൊത്തം 21 പ്രസംഗങ്ങളുണ്ട്. അവസാനം ഫ്ളാവിയന്റെ പരിശ്രമങ്ങൾ വിജയിച്ചു. ചക്രവർത്തി എല്ലാവരോടും ക്ഷമിച്ചതായി ജോൺ അറിയിച്ചു. ഈ പ്രസംഗങ്ങൾ പ്രസംഗകൻ എന്ന സ്ഥാനം അദ്ദേഹത്തിന് നേടിക്കൊടുത്തു.

(3) എവുത്രോപ്പിയുസിനെപ്പറ്റിയുള്ള രണ്ട് ഹോമിലികൾ: എവുത്രോപ്പിയുസ് എന്ന ഉദ്യോഗസ്ഥൻ 399-ൽ തന്റെ അധികാരത്തിൽ നിന്ന് നിഷ്കാസിതനായപ്പോൾ, മരണത്തിൽ നിന്നു രക്ഷപെടാനായി ദേവാലയത്തിൽ ഓടിക്കയറി ബലിപീഠത്തിൽ മുറുകെപ്പിടിച്ചു കിടന്നു. അങ്ങനെ ബലിപീഠത്തിൽ അഭയം തേടുന്നവരെ ഉപദ്രവിക്കരുതെന്ന ധാരണ ഉണ്ടായിരുന്നു. അയാൾ അധികാരത്തിൽ ഇരുന്നപ്പോൾ ഈ നിയമം മാറ്റാൻ ശ്രമിച്ചിരുന്നു. അയാൾ ദേവാലയത്തിൽ അഭയം തേടിക്കിടന്ന അവസരം അയാളുടെ സാന്നിധ്യത്തിൽ അടുത്ത ഞായറാഴ്ച, അതായത് 399 ജനുവരി 17-ന്, സഭാപ്രസംഗകൻ 1,1 നെ ആധാരമാക്കി ജോൺ ഒരു പ്രസംഗം ചെയ്തു. മായ, സർവതും മായ എന്നതായിരുന്നു പ്രസംഗവിഷയം. കുറേ ദിവസങ്ങൾക്കുശേഷം അയാൾ പള്ളിയിൽ നിന്ന് പോയപ്പോൾ, അധികാരികൾ അയാളെ സൈപ്രസിലേക്ക് നാടുകടത്തി. സഭാധികാരികൾ അയാളെ ഒറ്റിക്കൊടുത്തെന്ന ആരോപണം മറ്റൊരു പ്രസംഗത്തിലൂടെ ജോൺ നിഷേധിക്കുന്നു.

(4) നാടുകടത്തിലിനു മുമ്പും പിമ്പുമുള്ള പ്രസംഗങ്ങൾ: നാടുകടത്തലിനു മുമ്പും തിരികെ എത്തിയതിനു ശേഷവും 403-ൽ ചെയ്ത പ്രസംഗങ്ങൾ ഹൃദയസ്പർശിയാണ്. ശാന്തത കൈവെടിയരുതെന്നും സഭയുടെ അജയ്യ ശക്തിയിൽ വിശ്വസിക്കണമെന്നും ഒന്നാമത്തെ പ്രസംഗത്തിൽ ഉപദേശിക്കുന്നു. തന്നെ അനുസരിച്ചവരെ അഭിനന്ദിക്കുകയും കളങ്കരഹിതയും നിർമലയുമായ കോൺസ്റ്റാന്റിനോപ്പിൾ സഭയെ രണ്ടാമത്തേതിൽ പ്രകീർത്തിക്കുകയും ചെയ്യുന്നു.

**7. പ്രതിപാദനങ്ങൾ**

ഈ ഗണത്തിൽ പെടുന്ന ആറു കൃതികളുണ്ട്. ഓരോന്നിനെപ്പറ്റിയും ചുരുക്കമായി ചർച്ചചെയ്യാം.

(1) പൗരോഹിത്യത്തെപ്പറ്റി: ആറ് പുസ്തകങ്ങളിലായിട്ടാണ് ഇത് എഴുതിയിരിക്കുന്നത്. അദ്ദേഹത്തിന്റെ മറ്റ് കൃതികളേക്കാൾ കൂടുതലായി ഇത്

അറിയപ്പെടുകയും ഭാഷാന്തരം ചെയ്യപ്പെടുകയും പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതേപ്പറ്റി പെലൂസിയത്തിലെ ഇസിദോറിന്റെ കുറിപ്പ് ശ്രദ്ധേയമാണ്: ''ദൈവസ്നേഹത്താൽ കത്തിജ്വലിക്കുന്ന വികാരം കൂടാതെ ഇതു വായിക്കാൻ ആർക്കും സാധ്യമല്ല. പൗരോഹിത്യം എത്ര മഹനീയവും എത്ര പ്രയാസമേറിയതും ആണെന്ന് ഇത് വ്യക്തമാക്കുന്നു. അത് എപ്രകാരം നിറവേറ്റണമെന്നും ഈ കൃതി കാട്ടുന്നു. ദൈവിക രഹസ്യങ്ങളുടെ വ്യാഖ്യാതാവും സഭ മുഴുവന്റെയും പ്രകാശവുമായ ബിസാൻസ്യത്തിലെ ജോൺ വളരെ ശ്രദ്ധയോടും കൃത്യമായും അവ രചിച്ചു. ദൈവം ആഗ്രഹിക്കുന്നതുപോലെ പൗരോഹിത്യദൗത്യം നിർവഹിക്കുന്നവർ അവരുടെ സുകൃതവും ശ്രദ്ധയില്ലാതെ നിർവഹിക്കുന്നവർ അവരുടെ കുറവുകളും ഇതിൽ വരച്ചു കാണിച്ചിരിക്കുന്നത് ദർശിക്കും'' - ഡീക്കനായിരുന്ന കാലത്തായിരിക്കാം (381 -386) അദ്ദേഹം ഇത് രചിച്ചത് (സൊക്രാട്ടസ്, സഭാ.6,3). ജറോം ഇത് 392-ൽ വായിച്ചിരുന്നു (മഹദ്.129). ജോണും ബേസിലും തമ്മിലുള്ള സംഭാഷണത്തിന്റെ മാതൃകയിലാണ് കൃതി.

''പൗരോഹിത്യത്തിന്റെ മഹനീയത പരിഗണിക്കുമ്പോൾ ആരെങ്കിലും അതു സ്വീകരിക്കാതെ ഓടിപ്പോകുന്നെങ്കിൽ അയാളെ കുറ്റപ്പെടുത്താനില്ല. വി. ശ്ലീഹാ പോലും ഭ്രമിച്ചുപോയി. പുരോഹിതൻ കറ തീർന്നവനായിരിക്കണം. പരിശുദ്ധനായിരിക്കണം. അതും മണ്ണിൽ നിന്നെടുത്ത ഈ ശരീരത്തിൽ. ഈ സാഹചര്യങ്ങളിൽ അവൻ തന്നിൽ നിന്ന് അത്യാഗ്രഹം ദൂരെയകറ്റണം. അവൻ വിജ്ഞാനിയും വിവേകിയുമായിരിക്കണം. കരുതലുള്ളവനും വ്യക്തമായ വീക്ഷണമുള്ളവനുമായിരിക്കണം. കുറ്റപ്പെടുത്തപ്പെട്ടാലും ശകാരിക്കപ്പെട്ടാലും ശാന്തത കൈവെടിയരുത്. ഒരു സാധാരണ വൈദികന് ഇത് അത്യാവശ്യമാണെങ്കിൽ മെത്രാന് എത്രയേറെ ആവശ്യമാണ് ഇവയെല്ലാം! വൈദികന് ആവശ്യമായ ഗുണങ്ങളില്ലാത്തവൻ ഓടിക്കയറാൻ ശ്രമിക്കരുതാത്ത തുറയാണ് പൗരോഹിത്യം. പ്രഭാഷണകലയിൽ അവൻ നിപുണനായിരിക്കണം. മുഖസ്തുതിക്കുവേണ്ടി പടാർഥ നടത്തുന്നത് വൈദികന് ചേർന്നതല്ല.''

ആറാം പുസ്തകത്തിൽ സന്യാസജീവിതവും മെത്രാന്റെ ജീവിതവും തമ്മിൽ അദ്ദേഹം താരതമ്യപ്പെടുത്തുന്നു. അനേകനാൾ സന്യാസിയായി ജീവിക്കുകയും സന്യാസത്തെ വളരെയധികം പുകഴ്ത്തുകയും ചെയ്യുന്ന ജോൺ ഇവിടെ പൗരോഹിത്യത്തിനാണ് ഒന്നാം സ്ഥാനം നൽകുന്നത്. ''അനേകരുടെ ആത്മാക്കളെ രക്ഷിക്കുന്നതിനേക്കാൾ എളുപ്പമാണ് ഒരാത്മാവിനെ രക്ഷിക്കുന്നത്. സന്യാസി സ്വയം പൂർണനായി രക്ഷയ്ക്ക് ശ്രമിക്കുന്നു. വൈദികൻ ഒരു പടികൂടി കടന്ന് അനേകരുടെ ആത്മരക്ഷയ്ക്ക് കാരണക്കാരനാകുന്നു. അതുകൊണ്ട് പൗരോഹിത്യം ഉപരിപരിപൂർണത ആവശ്യപ്പെടുന്നു.'' ഇവയെല്ലാം പരിഗണിക്കുമ്പോൾ വൈദികസ്ഥാനത്തിന് താൻ തികച്ചും അയോഗ്യനാണെന്ന് ജോൺ കരുതുന്നു. കൃതിയുടെ സംഭാഷണ രീതി ഒരു ഭാഷാശൈലിയായി കണക്കാക്കാം. കൃതിയിൽ പരാമർശിക്കുന്ന ബേസിൽ ആരാണെന്ന് അറിയില്ല.



2. സന്യാസജീവിതം: സന്യാസജീവിതത്തിന്റെ ഔന്നത്യം പ്രസ്പഷ്ടമാക്കാൻ ജോൺ പല കൃതികളും രചിച്ചു. ആദ്യത്തേത് തിയഡോറിനെഴുതിയ രണ്ടു കത്തുകളാണ്. തന്റെ സുഹൃത്തായ തിയഡോർ സന്യാസ ജീവിതത്തിൽ വിരസത തോന്നി അതുപേക്ഷിച്ച് ഹെർമൊയ്നെ എന്ന സ്ത്രീയുമായി ബന്ധത്തിലായി ഗാർഹസ്ത്യജീവിതം നയിക്കാൻ തുടങ്ങിയപ്പോൾ, അതിൽ നിന്ന് പിൻതിരിപ്പിക്കാൻ *വീണുപോയ തിയഡോറിന്* എന്നറിയപ്പെടുന്ന കത്തെഴുതി. അതിന് തിയഡോർ നൽകിയ മറുപടി ജോണിന് തൃപ്തികരമായി തോന്നാഞ്ഞതിനാൽ, രണ്ടാമത് ഒരു കത്തുകൂടി അയക്കുകയും തിയഡോറിനെ തിരികെ ആശ്രമത്തിൽ എത്തിക്കുകയും ചെയ്തു.- *ദെ കൊംപുങ്ക്സിയോണെ* ഒന്നും രണ്ടും കൃതികളും ഈ കാലഘട്ടത്തിലേതാണ്. *സന്യാസത്തെ എതിർക്കുന്നവർക്കെതിരെ* എന്ന പേരിൽ മൂന്നു വാല്യങ്ങളിലായി ഒരു കൃതി രചിച്ചു. ക്രിസ്തീയ മാതാപിതാക്കൾ വിദ്യാഭ്യാസത്തിനായി കുട്ടികളെ സന്യാസഭവനങ്ങളിൽ അയക്കണമെന്ന് ഇതിൽ അഭ്യർഥിക്കുന്നു.

3. കന്യാത്വവും വൈധവ്യവും: കന്യാത്വം എന്ന കൃതി 1 കൊറി.7,38 -ന്റെ ഒരു വ്യാഖ്യാനമാണ്. വിവാഹം ശ്രേഷ്ഠമാണ്. എന്നാൽ കന്യാത്വം അതിലും ശ്രേഷ്ഠമാണ്. ഈ കൃതിയെപ്പറ്റി കൊറിന്തോസ് ഹോമിലി 19,6 -ൽ ജോൺ പരാമർശിക്കുന്നു. അക്കാലത്ത് കോൺസ്റ്റാന്റിനോപ്പിളിൽ ഒരു തെറ്റായ നടപടിക്രമം നിലനിന്നു. അവിവാഹിതരായ സ്ത്രീപുരുഷന്മാർ- സന്യാസിനീസന്യാസികൾ-ഒന്നിച്ച് ഒരേ ഭവനത്തിൽ താമസിച്ചിരുന്നു. അതിനെതിരെ അദ്ദേഹം രണ്ടു കൽപനകളിറക്കി. ഒന്ന്: വ്രതസ്ഥരായ സ്ത്രീകളെ സഹോദരികളെന്ന ഭാവേന ചില വൈദികർ തങ്ങളുടെ ഭവനങ്ങളിൽ ഭവനസംരക്ഷണത്തിനും മറ്റും ഏർപ്പെടുത്തുന്ന രീതി നല്ലതല്ല. രണ്ട്: വ്രതസ്ഥരായ സ്ത്രീകൾ താമസിക്കുന്ന ഭവനത്തിൽ സ്ഥിരമായി അവരുടെ കൂടെ പുരുഷന്മാർ താമസിക്കാൻ പാടില്ല. ഇപ്പോൾ പ്രശ്നമൊന്നും ഇല്ലെങ്കിലും ഇതിൽ നിന്ന് ഉടലെടുക്കാവുന്ന ഇടർച്ച നാം അകറ്റേണ്ടതാണ്. - എന്നാൽ ജോണിന് വലിയ എതിർപ്പിനെ നേരിടേണ്ടിവന്നു: ''ദൈവസ്നേഹമില്ലാത്തവരും വികാരങ്ങളാൽ കത്തിജ്വലിക്കുന്നവരുമായ പട്ടക്കാർ നഖശിഖാന്തം ഇതിനെ എതിർത്തു'' എന്ന് പല്ലാഡിയസ് പറയുന്നു. - *യുവ വിധവയ്ക്ക്* എന്ന കൃതി, ഭർത്താവ് നഷ്ടപ്പെട്ട ഒരു യുവതരുണിയെ സമാശ്വസിപ്പിക്കാൻ എഴുതിയതാണ്. വിധവകളായ സ്ത്രീകൾ പുനർവിവാഹ

ത്തിന് മുതിരാതെ വിധവകളായിത്തന്നെ നിലനിൽക്കാൻ എഴുതിയതാണ് *രണ്ടാമതും വിവാഹം കഴിക്കേണ്ട എന്നതിനെപ്പറ്റി* എന്ന കൃതി.

4. കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച്: വ്യർഥാഭിമാനം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ രണ്ടു വിഷയങ്ങൾ ഒന്നിച്ച് ചേർത്തു വച്ചിരിക്കുകയാണ് ഒരു ഗ്രന്ഥത്തിൽ. അന്ത്യോക്യയിൽ അക്കാലത്ത് പരക്കെ നിലനിന്ന ധൂർത്തും വഴിപിഴച്ച ജീവിതവുമാണ് ഒരു ചർച്ചാവിഷയം. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കേണ്ടതിനെപ്പറ്റി മറ്റൊരു ചർച്ച: "കുട്ടികളെ ചെറുപ്പത്തിലേ നല്ലവഴിക്ക് വളർത്തിയെങ്കിലേ അവർ മ്ലേച്ഛതകളിലേക്ക് തിരിയാതിരിക്കൂ. എല്ലാ അധഃപതനത്തിന്റെയും അടിസ്ഥാനകാരണം ധാർമിക പരിശീലനത്തിന്റെ അഭാവമാണ്" (15). "ഈ ലോകത്തിന്റെ അധഃപതനം തടയാൻ ആരും പരിശ്രമിക്കുന്നില്ല. കുട്ടികളെപ്പറ്റി ആരും ശ്രദ്ധിക്കുന്നില്ല. ശുദ്ധതയെപ്പറ്റി അവരോടാരും സംസാരിക്കുന്നില്ല. ധനത്തിലും ലൗകിക പ്രൗഢിയിലും ഹൃദയം വയ്ക്കരുതെന്നോ, ദൈവകൽപനകൾ മാനിക്കണമെന്നോ അവരോടാരും പറയുന്നില്ല" (17). "കുട്ടികളുടെ വിദ്യാഭ്യാസമാണ് മാതാപിതാക്കളുടെ ഏറ്റവും ഉന്നതവും പരിപാവനവുമായ ദൗത്യം. ലൗകികസമ്പാദ്യം നേടിക്കൊടുക്കുന്നതിന് ശ്രമിക്കാതെ ആത്മീയ സമ്പാദ്യമാണ് അവർക്കായി നേടേണ്ടത്. കടന്നുപോകുന്ന കാലത്തിനു വേണ്ടിയല്ല, കടന്നു പോകാത്ത നിത്യത്വത്തിനു വേണ്ടിയാണ് കുഞ്ഞുങ്ങളെ ഒരുക്കേണ്ടത്."–കുട്ടികളുടെ ബൗദ്ധികപരിശീലനത്തെപ്പറ്റി ജോൺ ഇവിടെ ചർച്ച ചെയ്യുന്നില്ല. അതുപോലെ മനഃശാസ്ത്രപരമായ ഉൾക്കാഴ്ചകളും ദൃശ്യമല്ല.

5. വേദനയെപ്പറ്റി: തന്റെ ഒരു സഹസന്യാസി ആയിരുന്ന സ്തഗീറിയുസിന്റെ നിരാശയിലും ആത്മീയ ഏകാന്തതയിലും അയാളെ ആശ്വസിപ്പിക്കാൻ, ഒരു ഡീക്കനായിരുന്നപ്പോൾ ജോൺ എഴുതിയതാണ് വേദനയെപ്പറ്റിയുള്ള മൂന്നു പുസ്തകങ്ങൾ. പരീക്ഷണങ്ങളുടെ ഉദ്ദേശ്യം ചർച്ചാവിഷയമാക്കുന്നു. ഇവയിലെല്ലാം ദൈവികപദ്ധതി കാണാൻ ഉപദേശിക്കുന്നു. ആദം മുതൽ പൗലോസ് ശ്ലീഹാ വരെ വേദന സഹിച്ചവരുടെ ചരിത്രം രണ്ടും മൂന്നും പുസ്തകങ്ങൾ വിവരിക്കുന്നു. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവർ എക്കാലത്തും വലിയ പ്രയാസങ്ങൾക്കും പ്രലോഭനങ്ങൾക്കും വിധേയരായിരുന്നു എന്ന് അദ്ദേഹം വരച്ചുകാട്ടുന്നു. – *നമ്മുടെ സഹകരണം കൂടാതെ ആർക്കും നമ്മെ ഉപദ്രവിക്കാൻ സാധ്യമല്ല* എന്ന മറ്റൊരു കൃതിയും നമുക്കു ലഭിച്ചിട്ടുണ്ട്. അന്നത്തെ തകർന്ന പരിതഃസ്ഥിതിയും ഇരുളടഞ്ഞ അവസ്ഥയും കണ്ട് ഇടറിയവരെ ആശ്വസിപ്പിക്കാൻ മറ്റൊരു കൃതി കൂടി അദ്ദേഹം എഴുതി. ഇവ രണ്ടും 405/406 കാലയളവിൽ എഴുതിയവയാണ്. ദൈവികപദ്ധതി നമുക്ക് സുവ്യക്തമല്ലെങ്കിലും, നീതിമാൻ പീഡിപ്പിക്കപ്പെടുമ്പോൾ നാം ദൈവികപരിപാലനയെ ചോദ്യം ചെയ്യരുതെന്ന് അദ്ദേഹം പഠിപ്പിക്കുന്നു.



6. യൂദർക്കും വിജാതിയർക്കുമെതിരെ: ഈ ഗണത്തിൽ രണ്ടു കൃതികളുണ്ട്. *ജൂലിയനും വിജാതിയർക്കുമെതിരെ വി. ബാബിലാസിനെപ്പറ്റി* എന്നതാണ് ഒന്നാമത്തേത്. അത് എഴുതിയത് 382-ലാണ്. ക്രിസ്തുമതത്തിന് എത്രമാത്രം ഉയർച്ച ഉണ്ടായെന്നും വിഗ്രഹാരാധന എത്രമാത്രം തറ പറ്റിയെന്നും ബാബിലാസിന്റെ ചരിത്രത്തിൽ അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. മതമർദനത്തിൽ കൊല്ലപ്പെട്ട രക്തസാക്ഷിയും മെത്രാനുമായിരുന്നു ബാബിലാസ്. വിശ്വാസത്യാഗിയായ ജൂലിയൻ 362-ൽ ബാബിലാസിന്റെ തിരുശേഷിപ്പ് അന്ത്യോക്യയ്ക്കടുത്തുള്ള ഡഫ്നെയിലെ കല്ലറയിൽ നിന്ന് എടുത്തുമാറ്റി. അവിടെ അപ്പോളോയുടെ ആരാധന സജീവമാക്കി. എന്നാൽ അതിനു തിരിച്ചടിയായി, അധികം വൈകാതെ (362 ഒക്ടോബർ 24) ആ അമ്പലം കത്തി നശിച്ചു; ജൂലിയൻ തന്നെയും 363 ജൂൺ 26-ന് തറപറ്റി. ഈ രണ്ടു സംഭവങ്ങളും ബാബിലാസിന്റെ ശക്തിയുടെ തെളിവുകളായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

രണ്ടാമത്തേത്, *ക്രിസ്തു ദൈവമാണെന്ന് യൂദർക്കും വിജാതിയർക്കുമെതിരെ* എന്ന കൃതിയാണ്. പഴയനിയമത്തിൽ നിന്നും ക്രിസ്തുവിന്റെ പ്രവചനങ്ങളിൽനിന്നും ക്രിസ്തു ദൈവമാണെന്ന് അദ്ദേഹം തെളിയിക്കുന്നു. ജറുസലേമിന്റെ നാശവും സഭയുടെ വളർച്ചയും ഇതിന് മറ്റൊരു തെളിവായും കാണിക്കുന്നു: "ഭീകരതയുടെ അടയാളമായിരുന്ന കുരിശ് അനുഗ്രഹത്തിന്റെ അടയാളമായി. രാജാക്കന്മാർ കിരീടം മാറ്റിവച്ച് ക്രിസ്തുവിന്റെ മരണത്തിന്റെ അടയാളമായ കുരിശെടുക്കുന്നു. അവരുടെ വസ്ത്രത്തിലും കിരീടത്തിലും കുരിശിന്റെ അടയാളമുണ്ട്. അവരുടെ പ്രാർഥനകളിലും ആയുധങ്ങളിലും അതുണ്ട്. പരിശുദ്ധമായ മേശയിലും കുരിശ് നാട്ടി നിർത്തപ്പെട്ടിരിക്കുന്നു. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും കുരിശ് സൂര്യനേക്കാൾ ശോഭയോടെ പ്രകാശിക്കുന്നു." – ക്രിസ്തുവിന്റെ വിജയം പൂർണമാണ്. ലോകം മുഴുവൻ അവന്റെ നാമം പരക്കുന്നു. അവന്റെ ആരാധന എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു" എന്നു പോകുന്നു അദ്ദേഹത്തിന്റെ ചിന്ത. (ഇവയുടെ മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *ജോൺ ക്രിസൊസ്തോം, ക്രിസ്തുശാസ്ത്രം*, വി.ബാബിലാസിന്റെ ചരിത്രം,കോട്ടയം,2006).

**8. കത്തുകൾ**

ജോണിന്റേതായി 263 കത്തുകൾ കൈവന്നിട്ടുണ്ട്. മിക്കതും വളരെ ചെറുതാണ്. അവ വിപ്രവാസകാലത്ത് എഴുതിയവയാണ്. സിറിയായിലും കോൺസ്റ്റാന്റിനോപ്പിളിലും ഉള്ള തന്റെ സ്നേഹിതരുടെ കാര്യങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന താൽപര്യം അവ വിളിച്ചറിയിക്കുന്നു. വിപ്രവാസത്തിൽ കഴിയുന്ന തന്റെ അവസ്ഥയിൽ മനംനൊന്തു കഴിയുന്നവരെ അദ്ദേഹം സമാശ്വസിപ്പിക്കുന്നു. അവയിൽ 17 എണ്ണം ഒളിംപിയാസ് എന്ന സഭാശുശ്രൂഷകയ്ക്കും രണ്ടെണ്ണം ഇന്നസെന്റ് പാപ്പായ്ക്കുമാണ്.

### 9. അയഥാർഥ കൃതികൾ

ജോണിന്റെ പ്രശസ്തി മൂലം അനേകം കൃതികൾ മറ്റുള്ളവർ അദ്ദേഹത്തിന്റെ പേരിൽ പ്രചരിപ്പിച്ചു. അവയിൽ 300 എണ്ണം അച്ചടിച്ചിട്ടുണ്ട്. വളരെ കൂടുതൽ എണ്ണം ഇപ്പോഴും കൈയെഴുത്തുപ്രതികളിൽ തന്നെയാണ്. ചില കൃതികളുടെ യഥാർഥ കർത്താക്കളെ കണ്ടുപിടിക്കാൻ പണ്ഡിതന്മാർക്ക് കഴിഞ്ഞിട്ടുണ്ട്. നെസ്തോറിയസ്, ഗാബാലയിലെ സെവേരിയൻ, അന്ത്യോക്യയിലെ ഫ്ളാവിയൻ, ഇക്കോണിയത്തിലെ ആംഫിലോക്കിയസ്, അലക്സാണ്ഡ്രിയായിലെ എവുസേബിയസ്, ജറുസലേമിലെ ഹെസീക്കിയുസ്, അന്ത്യോക്യയിലെ ഗ്രിഗോറിയോസ്, സീനായിലെ അനസ്താസ്യോസ്, ജോൺ ഡമഷീൻ തുടങ്ങിയ ചിലരുടെ കൃതികൾ ഇവയിൽ നിന്ന് തരം തിരിക്കപ്പെട്ടിട്ടുണ്ട്. നിരവധി അയഥാർഥ കൃതികൾ ഉള്ളതിൽ മൂന്നെണ്ണത്തെപ്പറ്റി ചുരുക്കമായി വിവരിക്കാം:

1. മത്തായിയുടെ സുവിശേഷത്തെക്കുറിച്ചുള്ള അപൂർണകൃതി: മധ്യകാലഘട്ടത്തിൽ ഇത് വ്യാപകമായി പ്രചരിച്ചിരുന്നു. 54 ഹോമിലികളാണ് ഇതിലുള്ളത്. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു ആരിയനാണ് ഇതിന്റെ കർത്താവ്. ലത്തീനായിരിക്കാം മൂലകൃതി

2. പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും ചുരുക്കം: വേദപുസ്തകത്തിലെ ഓരോ ഗ്രന്ഥത്തെയും പറ്റി വിവരിക്കുന്ന ഒരു ആമുഖ കൃതിയാണിത്.

3. ക്രിസൊസ്തോമിന്റെ ലിറ്റർജി: അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന ലിറ്റർജി ഇന്നത്തെ രൂപത്തിലായത് വളരെ കാലങ്ങൾക്കു ശേഷമാണ്. എട്ടും ഒൻപതും നൂറ്റാണ്ടുകളിലെ കൈയെഴുത്തു പ്രതികൾ വെറും രണ്ടും പ്രാർഥനകളേ ക്രിസൊസ്തോമിൽ ആരോപിക്കുന്നുള്ളു. അതുപോലെ 629 -ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡ് ബേസിലിന്റെയും യാക്കോബിന്റെയും ലിറ്റർജികളെപ്പറ്റി പരാമർശിക്കുന്നെങ്കിലും ക്രിസൊസ്തോമിന്റെ ലിറ്റർജിയെപ്പറ്റി മൗനം അവലംബിക്കുന്നു. പിൽക്കാല കൈയെഴുത്തു പ്രതികളിൽ അനാഫറ മുഴുവൻ ക്രിസൊസ്തോമിന്റേതായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്.

### ദൈവശാസ്ത്രം

വി.ജോൺ ക്രിസൊസ്തോം ദൈവശാസ്ത്ര പ്രശ്നങ്ങൾ അപഗ്രഥിച്ച് ഒരു കൃതിയും എഴുതിയിട്ടില്ല. നാല്/അഞ്ച് നൂറ്റാണ്ടുകളിലെ ദൈവശാസ്ത്ര -താത്വിക തർക്കങ്ങളിലൊന്നും അദ്ദേഹം ഉൾപ്പെട്ടില്ല. പാഷണ്ഡതകളെപ്പറ്റി സംസാരിച്ചതു തന്നെ അവയെപ്പറ്റി ശ്രോതാക്കൾക്ക് അറിവും ജ്ഞാനവും പകരുന്നതിനു വേണ്ടിയായിരുന്നു. സ്വഭാവംകൊണ്ടും രൂപീകരണംകൊണ്ടും അദ്ദേഹം ആത്മാക്കളുടെ യഥാർഥ ഇടയനും മനുഷ്യസമൂഹത്തിന്റെ വലിയ



സമുദ്ധാരകനും ആയിരുന്നു. വേദപുസ്തക വ്യാഖ്യാനത്തിലും ഈ പ്രായോഗിക ചായ്വ് വ്യക്തമാണ്. താത്വിക ചർച്ചകളേക്കാൾ പ്രായോഗിക ചർച്ചകളാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. എന്നാൽ ദുർഗ്രഹമായ ദൈവശാസ്ത്ര പ്രശ്നങ്ങൾ ആഴമായി കൈകാര്യം ചെയ്തിരുന്നു. തിരുലിഖിതത്തെ ആധാരമാക്കിയാണ് അദ്ദേഹത്തിന്റെ പ്രസംഗങ്ങളും ചർച്ചകളും. പരമ്പരാഗത സത്യവിശ്വാസം വിശ്വസ്തമായും സ്പഷ്ടമായും അദ്ദേഹം വരച്ചുകാട്ടി.

#### 1. ക്രിസ്തുശാസ്ത്രം

അദ്ദേഹം ദിയദോറിന്റെ ശിഷ്യനും തിയഡോറിന്റെ സഹപാഠിയുമായിരുന്നെങ്കിലും അന്ത്യോക്യൻ കലാലത്തിന്റെ ക്രിസ്തുശാസ്ത്ര വക്താവായി കോൺസ്റ്റാന്റിനോപ്പിളിൽ പ്രത്യക്ഷപ്പെട്ടില്ല. അലക്സാണ്ഡ്രിയയും കോൺസ്റ്റാന്റിനോപ്പിളും തമ്മിലുള്ള അകൽച്ച വർദ്ധിപ്പിക്കരുതെന്നു കരുതിയാകാം അദ്ദേഹം ഒഴിഞ്ഞു നിന്നത്. എന്നാൽ ക്രിസ്തുശാസ്ത്രത്തിലും ഭാഷ്യരീതികളിലും അന്ത്യോക്യൻ പാതയിലൂടെയാണ് അദ്ദേഹം ചരിച്ചത്. സ്വഭാവത്തെ കുറിക്കാൻ *ഉസിയായും (ഫ്യൂസിസ്)* വ്യക്തിത്വത്തെ കുറിക്കാൻ *ഹ്യുപ്പോസ്റ്റസിസും (പ്രോസൊപ്പോൺ)* അദ്ദേഹം ഉപയോഗിക്കുന്നു. പിതാവിന്റെ സത്തയിൽ നിന്നാണ് പുത്രൻ. പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തെ കുറിക്കാൻ *ഹോമോഉസിയോസ് (സമസത്ത)*എന്ന നിഖ്യായുടെ പദം കുറഞ്ഞത് അഞ്ചു പ്രാവശ്യമെങ്കിലും അദ്ദേഹം ഉപയോഗിക്കുന്നു. പിതാവിനു തുല്യൻ, സത്തയിൽ തുല്യൻ, സത്തയിലുള്ള തുല്യത തുടങ്ങിയ പദപ്രയോഗങ്ങൾ അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു.

പിതാവിൽ നിന്ന് പുറപ്പെടുന്ന പുത്രനും നിത്യനാണെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. മറ്റ് അന്ത്യോക്യൻ ചിന്തകരെപ്പോലെ ആരിയർക്കെതിരെ ക്രിസ്തുവിന്റെ പരിപൂർണ ദൈവത്വവും, അപ്പൊള്ളിനാരിയർക്കെതിരെ പരിപൂർണ മനുഷ്യത്വവും അദ്ദേഹം ഊന്നിപ്പറയുന്നു. രണ്ടു സ്വഭാവങ്ങളുടെയും യാഥാർഥ്യവും യോജിപ്പും എടുത്തു പറയുന്നു. ''പിതാവിന്റെ സ്വഭാവം തന്നെയാണ് പുത്രനും. ക്രിസ്തുവിന് ഒരു മനുഷ്യശരീരമുണ്ടായിരുന്നു. അത് സ്വഭാവത്തിൽ നമ്മുടേതു തന്നെ ആയിരുന്നു'' (റോമാഹോമിലി, 13,5). ''എന്നാൽ അത് നമ്മുടേതുപോലെ പാപപങ്കിലമല്ലായിരുന്നു. രണ്ടു സ്വഭാവങ്ങളുണ്ടെങ്കിലും ഒരു ക്രിസ്തു മാത്രമേയുള്ളു: അവിടുന്ന് ആയിരുന്ന നിലയിൽ നിലനിന്നുകൊണ്ട് അവൻ അല്ലാതിരുന്നതിനെ സ്വീകരിച്ചു. അവിടുന്ന് മനുഷ്യനായി തീർന്നെങ്കിലും ദൈവമായി സ്ഥിതിചെയ്തു. അവിടുന്ന് മനുഷ്യനായി, മനുഷ്യനെ സ്വീകരിച്ചു. അവിടുന്ന് ദൈവമായിരുന്നു. എന്നാൽ കൂടിക്കലരലോ, വേർതിരിവോ ഇല്ല. ഏകദൈവം, ദൈവപുത്രനായ ഒരു ക്രിസ്തു. ഒരു ക്രിസ്തു എന്നു ഞാൻ പറയുമ്പോൾ ഐക്യമാണ് അർഥമാക്കുന്നത് ''(ഫിലിപ്യലേഖന ഹോമിലി, 7,2-3). ''ഐക്യവും (*ഹെനോസിസ്)*

യോജിപ്പും (*സ്യുനഫെയ്യാ*) വഴി വചനമായ ദൈവവും ജഡവും ഒന്നാണ്. കൂടിക്കുഴഞ്ഞോ, ഒന്നു മറ്റതിനെ കീഴ്പ്പെടുത്തിയോ അല്ല. പ്രത്യുത, അവാച്യമായ യോജിപ്പു വഴിയാണ്. അത് ഗ്രഹണശക്തിക്ക് അതീതവുമാണ്. അത് എങ്ങനെയെന്ന് ചോദിക്കരുത് ''(യോഹ.ഹോമിലി, 11,2).

**2. കന്യകമറിയം**

അന്ത്യോക്യൻ കലാലയത്തിന്റെ ശിക്ഷണഛരായ ജോണിന്റെ മരിയോളജിയിലും ദൃശ്യമാണ്. പല കൃതികളിലും ദൈവമാതാവ് (*തെയൊതോക്കോസ്*) എന്ന് പ്രയോഗിച്ചു കാണുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ അമ്മ (*ക്രിസ്തോതോക്കോസ്*) എന്നും മനുഷ്യന്റെ അമ്മ (*ആന്ത്രൊപ്പോതോക്കോസ്*) എന്നും പ്രയോഗിക്കുന്നില്ല. എന്നാൽ മറിയത്തിന്റെ നിത്യകന്യത്വം വ്യക്തമായി പഠിപ്പിക്കുന്നു (മത്തായി ഹോമിലി, 4,3): ''പല കാര്യങ്ങളെ പറ്റിയും നാം അജ്ഞരാണ്. ഉദാ. അനന്തത എങ്ങനെ ഉദരത്തിലായി? എല്ലാം വഹിക്കുന്നവനെ ഒരു സ്ത്രീ വഹിച്ചതെങ്ങനെ? കന്യക അവനെ പ്രസവിക്കുകയും തുടർന്നും കന്യക ആയിരിക്കുകയും ചെയ്യുന്നത് എങ്ങനെ?'' എന്ന് അദ്ദേഹം ചോദിക്കുന്നു.

**3. ഉത്ഭവപാപം**

മതാധ്യാപനപ്രസംഗത്തിൽ സ്നാനത്തിന്റെ ഫലങ്ങളെപ്പറ്റി ജോൺ സവിസ്തരം സംസാരിക്കുന്നു. ''കൊച്ചുകുഞ്ഞുങ്ങൾക്ക് പാപങ്ങളില്ലെങ്കിലും നാം അവരെ സ്നാനപ്പെടുത്തുന്നു'' എന്ന ജോണിന്റെ വാചകം ഉദ്ധരിച്ചുകൊണ്ട് എക്ലാനുമിലെ ജൂലിയൻ എന്ന പെലാജിയൻ, ഉത്ഭവപാപം നിഷേധിക്കാൻ അദ്ദേഹത്തെ കൂട്ടുപിടിക്കാൻ ശ്രമിച്ചു. ഇതിനു മറുപടിയായി ജോണിന്റെ കൃതികളിൽ നിന്ന് അനുകൂലമായ എട്ട് ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് ജൂലിയന് വി. അഗസ്റ്റിൻ മറുപടി നൽകി, ജോൺ ഉത്ഭവപാപം പഠിപ്പിച്ചിരുന്നെന്ന് സമർഥിച്ചു.

**4. പാപമോചനം**

പാപങ്ങൾ ഏറ്റുപറയുന്നതിനെപ്പറ്റി നിരവധി പ്രാവശ്യം ജോൺ സംസാരിക്കുന്നു. എന്നാൽ അത് എല്ലാവരുടെയും മുമ്പാകെ പരസ്യമായി പാപം ഏറ്റുപറയുന്നതും ദൈവതിരുമുമ്പാകെ മാത്രം ഹൃദയം തുറന്നുകാട്ടുന്നതുമാകാം. ഈ രണ്ടാമത്തെ രീതി അദ്ദേഹം കൂടെക്കൂടെ ഊന്നിപ്പറയുന്നു. ദൈവതിരുമുമ്പാകെയുള്ള ഏറ്റുപറച്ചിലിൽ വൈദികന്റെ പക്കലുള്ള ഏറ്റുപറച്ചിൽ ഉൾപ്പെടുന്നതായി അദ്ദേഹം സംസാരിക്കുന്നില്ലെന്നും ഉണ്ടെന്നും കരുതുന്നവരുണ്ട്. ചില പണ്ഡിതന്മാർ രഹസ്യക്കുമ്പസാരത്തിനു തെളിവായി ജോണിനെ ഉദ്ധരിക്കാറുണ്ട്. എന്നാൽ അത് അത്ര ശരിയല്ലെന്ന് മറ്റുചിലർ കരുതുന്നു. പൗരോഹിത്യത്തിന്റെ കടമകളെപ്പറ്റി ചർച്ച ചെയ്യുന്നിടത്ത് വൈദികന്റെ 17 കടമകളെപ്പറ്റി പറയുന്നു. എന്നാൽ പാപങ്ങൾ കേട്ട് മോചനം നൽകണമെന്ന് പറഞ്ഞിട്ടില്ല. സ്നാനത്തിലും രോഗീലേപനത്തിലും പാപം മോചിക്കാൻ വൈദികനു കഴിയുമെന്ന് ഒരു സ്ഥലത്ത് പറയുന്നു (പൗരോഹിത്യത്തെപ്പറ്റി 3,6).



**5. കുർബാന**

വി. കുർബാനയുടെ ദൈവശാസ്ത്രജ്ഞനെന്ന് ആധുനികകാലത്ത് വി. ജോൺ ക്രിസൊസ്തോം വിളിക്കപ്പെടുന്നു. കുർബാനയിൽ ക്രിസ്തുവിന്റെ സാന്നിധ്യം, കുർബാന ബലിയാണ് എന്ന സംഗതി എന്നിവ അദ്ദേഹം ചർച്ചചെയ്യുന്നു. തത്സംബന്ധമായി നിരവധി ഭാഗങ്ങൾ ഉദ്ധരിക്കാനുണ്ട്. ''ഈ കൂദാശയെ ഭയഭക്തികളോടുകൂടെ വേണം സമീപിക്കാൻ.'' ''പരിശുദ്ധ ഭയത്തിന്റെ മേശ'' എന്നു കുർബാനയെ അദ്ദേഹം വിളിക്കുന്നു. ''ഭയഭക്തിജനകവും ദൈവികവുമായ മേശ,'' ''ഭീതികരമായ രഹസ്യങ്ങൾ,'' ''ദിവ്യരഹസ്യങ്ങൾ,'' ''അവാച്യമായ രഹസ്യങ്ങൾ,'' ''ഭയവും ബഹുമാനവും അർഹിക്കുന്ന രഹസ്യങ്ങൾ'' എന്നെല്ലാം കുർബാനയെ അദ്ദേഹം വിളിക്കുന്നു. കൂദാശ ചെയ്ത കാസായെ ''പാവനഭീതിയുടെ കാസാ,'' ''ഭീതിജനകമായ രക്തം,'' ''അമൂല്യരക്തം'' എന്ന് വിളിക്കുന്നു. ''കുർബാന ഭയജന്യവും ഭയങ്കരവുമായ ബലിയാണ്. അത് ഭീതികരവും പാവനവുമായ ബലിയാണ്. ഏറ്റവും ഭീതികരമായ ബലിയാണ്.'' ബലിപീഠത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: ''അവിടെ ക്രിസ്തു കൊല്ലപ്പെട്ടതായി കിടക്കുന്നു. അവിടുത്തെ ജഡം ഇതാ, നമ്മുടെ മുമ്പിൽ കിടക്കുന്നു. ക്രിസ്തുവിന്റെ പാർശ്വത്തിൽ നിന്ന് ഒഴുകിയതു തന്നെയാണ് കാസായിലേത്. മനുഷ്യാ, ഏതു ബലിമാംസമാണ് നീ നിന്റെ കൈകൾകൊണ്ട് എടുക്കുന്നതെന്ന് ചിന്തിക്കുക. ഏതാണ് നീ സമീപിക്കുന്ന ബലിപീഠമെന്ന് ഓർക്കുക. പൊടിയും ചാരവുമാണ് നീയെങ്കിലും നീ സ്വീകരിക്കുന്നത് ക്രിസ്തുവിന്റെ ശരീരവും രക്തവുമാണെന്ന് ഓർക്കുക'' (കർതൃജനനത്തെപ്പറ്റിയുള്ള പ്രസംഗം, 7).

ജോണിന്റെ ചില പ്രയോഗങ്ങൾ കടുപ്പമേറിയവയാണ്: ''കർത്താവിനെ നാം കാണുക മാത്രമല്ല, നാം നമ്മുടെ കൈകൾ കൊണ്ട് അവനെ എടുക്കണം, ഭക്ഷിക്കണം, അവന്റെ മാംസത്തിൽ നമ്മുടെ പല്ലുകൾ അമർത്തണം. അവനുമായി ഏറ്റവും അഭേദ്യമായി നമ്മെ ഒന്നിക്കണം. കുരിശിൽ വച്ച് നാഥൻ അനുവദിക്കാതിരുന്നത്-തന്റെ കാലുകൾ ഒടിക്കാതിരുന്നത്-നിങ്ങളോടുള്ള സ്നേഹം മൂലം ഇപ്പോൾ ബലിയിൽ അവിടുന്ന് അനുവദിക്കുന്നു. എല്ലാവരും ഭക്ഷിച്ച് തൃപ്തരാകാൻ ചെറുകഷണങ്ങളായി നുറുക്കപ്പെടാൻ അവൻ അനുവദിക്കുന്നു. ബലി അർപ്പിക്കുന്ന പുരോഹിതൻ ക്രിസ്തു തന്നെയാകുന്നു'' (1കൊറി.ഹോമിലി,24,2).

സ്ഥാപന വചനങ്ങൾ ഉച്ചരിക്കപ്പെടുമ്പോൾ കൂദാശ നടക്കുന്നു: "ക്രിസ്തു മേശയ്ക്കരികിൽ ഇരുന്ന അതേ വിരുന്നാണ് ഇപ്പോഴും ഒരുക്കപ്പെട്ടിരിക്കുന്നത്. ഈ വിരുന്ന് മറ്റതിൽ നിന്ന് ഒരു രീതിയിലും വ്യത്യസ്തമല്ലെന്ന് വിശ്വസിക്കുവിൻ. ഈ വിരുന്ന് മനുഷ്യനൊരുക്കി, മറ്റത് അവിടുന്ന് തന്നെ ഒരുക്കി എന്നു പറയുന്നത് ശരിയല്ല. അന്നും ഇന്നും കർത്താവാണ് പ്രവർത്തിക്കുന്നതും എല്ലാം അർപ്പിക്കുന്നതും. നാം വേലക്കാരുടെ ഭാഗം ചെയ്യുന്നു. അവിടുന്നാണ് ആശീർവദിക്കുന്നതും രൂപാന്തരപ്പെടുത്തുന്നതും. വയ്ക്കപ്പെട്ടിരിക്കുന്നവയെ ക്രിസ്തുവിന്റെ ശരീരവും രക്തവുമാക്കുന്നത് മനുഷ്യനല്ല, പിന്നെയോ, നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ട ക്രിസ്തു തന്നെയാണ്. വൈദികൻ പ്രതിനിധിയായി ഈ വാക്കുകൾ ഉച്ചരിക്കുന്നു. എന്നാൽ ശക്തിയും കൃപയും കർത്താവിന്റേതാണ്. അവിടുന്ന് പറയുന്നു, ഇതെന്റെ ശരീരമാകുന്നു. നമ്മുടെ മുമ്പിൽ വയ്ക്കപ്പെട്ടിരിക്കുന്നവയെ ഈ വാക്ക് രൂപാന്തരപ്പെടുത്തുന്നു. വർദ്ധിച്ചു പെരുകുവിൻ എന്ന് ഒരിക്കൽ ഉച്ചരിക്കപ്പെട്ട വാക്ക് എല്ലാ കാലത്തേക്കും ഉള്ളതും ജനിപ്പിക്കാൻ നമ്മുടെ സ്വഭാവത്തിന് ശക്തി നൽകുന്നതുമാണ്. അതുപോലെ, ഇതെന്റെ ശരീരമാകുന്നു എന്ന് ഒരിക്കൽ ഉച്ചരിക്കപ്പെട്ട വാക്ക് അന്നുമുതൽ ക്രിസ്തുവിന്റെ വരവുവരെ ബലി പൂർത്തിയാക്കിക്കൊണ്ട് പള്ളികളിലെ എല്ലാ ബലിപീഠങ്ങളിലും പ്രവർത്തിക്കുന്നു."- പെസഹാ വ്യാഴാഴ്ച ചെയ്ത രണ്ടു പ്രസംഗങ്ങളിലാണ് ഇപ്രകാരം കാണുന്നത്. ഒരേ പ്രസംഗത്തിന്റെ രണ്ടു പതിപ്പുകളായിരിക്കാം ഇവ രണ്ടും.

കുർബാന ബലിയാണ്. എല്ലാ ദിവസവും അത് അർപ്പിക്കപ്പെടുന്നു. "ഇന്നൊരു ബലിവസ്തുവും നാളെ മറ്റൊരു ബലിവസ്തുവുമല്ല അർപ്പിക്കപ്പെടുന്നത്. പിന്നെയോ, എപ്പോഴും ഒന്നുതന്നെ. അതുകൊണ്ട് ഏകബലിയാണ്; ഈ ലോകത്തിലും മറ്റതിലും പൂർണമായി ഏക ക്രിസ്തുവാണ്. എല്ലായിടത്തും ഏകശരീരം. പല സ്ഥലങ്ങളിൽ അർപ്പിക്കപ്പെടുന്നെങ്കിലും അവിടുന്ന് ഏകശരീരം ആയിരിക്കുന്നതിനാൽ ഒരു ബലിയേ ഉള്ളു" (എബ്രായ ഹോമിലി, 17).

അധ്യായം 21

# നെസ്തോറിയസ്

സിറിയയിൽ ജർമനീഷ്യ എന്ന സ്ഥലത്ത് 381-നു ശേഷം നെസ്തോറിയസ് ജനിച്ചു. അന്ത്യോക്യൻ കലാലയത്തിൽ പരിശീലനം നേടി. അന്ത്യോക്യയ്ക്കടുത്തുള്ള ഒരാശ്രമത്തിൽ സന്യാസിയായി. അന്ത്യോക്യൻ സഭയിലെ വൈദികനെന്ന നിലയിൽ അദ്ദേഹം പ്രശസ്തനായ ഒരു വാഗ്മിയായിത്തീർന്നു (ജന്നാഡിയസ്, മഹദ്.53). അദ്ദേഹത്തിന്റെ പ്രശസ്തി നിമിത്തം തിയഡോഷ്യസ് ചക്രവർത്തി 428-ൽ അദ്ദേഹത്തെ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായി നിയമിച്ചു. പാഷണ്ഡികൾ, ശീശ്മക്കാർ, യൂദന്മാർ എന്നിവർക്കെതിരെ അദ്ദേഹം കർശന നടപടികളെടുത്തു. നഗരത്തെ പവിത്രീകരിക്കാൻ അദ്ദേഹം തീരുമാനിച്ചു. ആരിയർ, മാസിഡോണിയർ, നൊവേഷ്യർ എന്നിവർക്കെതിരെ പോരാടി. എന്നാൽ അധികം താമസിയാതെ അദ്ദേഹത്തെയും ചിലർ പാഷണ്ഡിയായി മുദ്രകുത്തി.

അന്നത്തെ സഭാതലത്തിലുണ്ടായ തർക്കങ്ങളിൽ മെത്രാനെന്ന നിലയിൽ നെസ്തോറിയസ് ഇടപെട്ടു. തുടർന്നുണ്ടായ വാദപ്രതിവാദങ്ങൾ 431-ലെ എഫേസോസ് സൂനഹദോസിൽ എത്തിച്ചു. അവിടെവച്ച് നെസ്തോറിയസ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ട്, അന്ത്യോക്യയിലെ ആശ്രമത്തിലേക്ക് അയ്ക്കപ്പെട്ടു. പിന്നീട് (435) ഈജിപ്തിലെ മണലാരണ്യത്തിലുള്ള ഒരാശ്രമത്തിലേക്ക് നാടുകടത്തപ്പെട്ടു. 451-നു ശേഷം മരിച്ചു. അന്നത്തെ സഭാരാഷ്ട്രീയത്തിന്റെയും ചരടുവലികളുടെയും ദുരന്തഫലത്തിന് അദ്ദേഹം ഇരയായി.

മാനുഷിക ബലഹീനത നിമിത്തം സഭയുടെ മുഖം വിരൂപമായ കാലഘട്ടമായിരുന്നു അഞ്ചാം നൂറ്റാണ്ട്. എഫേസോസ് കൗൺസിലിലും (431) കാൽസിഡൺ കൗൺസിലിലും (451) മാനുഷിക ബലഹീനത സുസ്പഷ്ടമായിരുന്നു. പരസ്പരം മനസിലാക്കാനുള്ള കഴിവുകേട് അക്കാലത്ത് മുന്നിട്ടു നിന്നു. ഈ കൗൺസിലുകൾ പ്രശ്നങ്ങൾ സങ്കീർണമാക്കിയെന്നു കരുതുന്നവരുണ്ട്. ഇവയ്ക്ക് നേതൃത്വം കൊടുത്തവരുടെ പെരുമാറ്റരീതികൾ,

ഇവയിൽ പങ്കെടുത്ത മറ്റാളുകളുടെ സ്വഭാവസവിശേഷതകൾ, കലാലയ പശ്ചാത്തലങ്ങൾ, സാംസ്കാരിക പാരമ്പര്യങ്ങൾ എന്നിവയൊക്കെ പിളർപ്പുകൾക്ക് ഹേതുവായി. ആരിയൻ പാഷണ്ഡത പോലെ സഭയുടെ തായ്വേരറക്കുന്ന പ്രശ്നങ്ങളൊന്നും ഈ സിനഡുകളിൽ ഉണ്ടായിരുന്നില്ല. എന്നാൽ തർക്കമുണ്ടായപ്പോൾ രണ്ടു കക്ഷികളും എതിർവിഭാഗത്തിൽ പാഷണ്ഡത ആരോപിച്ചു. മറ്റുള്ളവരെപ്പറ്റി ഒരോ വിഭാഗത്തിനും ഉണ്ടായിരുന്ന ധാരണയായിരുന്നു, വസ്തുനിഷ്ഠമായ പാഷണ്ഡത ആയിരുന്നില്ല അത്. അക്കാലത്ത് കോൺസ്റ്റാന്റിനോപ്പിളിൽ നടന്ന സഭാരാഷ്ട്രീയത്തിൽ തലയിട്ട് മുതലെടുക്കാൻ അലക്സാണ്ഡ്രിയൻ മെത്രാന്മാർ പരിശ്രമിച്ചിരുന്നു. ഉദാ. ഗ്രിഗറി നസ്യാൻസനെ കോൺസ്റ്റാന്റിനോപ്പിളിൽ നിന്ന് നീക്കുന്നതിനും ജോൺ ക്രിസൊസ്തോമിനെ നാടു കടത്തുന്നതിനും നെസ്തോറിയസിനെ നീക്കുന്നതിനും അലക്സാണ്ഡ്രിയൻ മെത്രാന്മാർക്ക് പങ്കുണ്ടെന്നു കരുതുന്നവരുണ്ട്. പ്രശ്നങ്ങൾ സങ്കീർണമാക്കിയതിൽ പാശ്ചാത്യ സഭാനേതൃത്വത്തിനും അവരുടേതായ പങ്കുണ്ടായിരുന്നു. അതുപോലെ ജോൺ ക്രിസൊസ്തോം താർക്കിക കാര്യങ്ങളിൽ കാണിച്ച വിവേകം നെസ്തോറിയസ് കാണിച്ചില്ല എന്നും പറയപ്പെടുന്നു. എഫേസോസ് സൂനഹദോസിനുശേഷം ക്രിസ്ത്യാനികളിൽ വലിയൊരു ഭാഗം നെസ്തോറിയസിനെ പാഷണ്ഡിയായിട്ടാണ് കരുതുന്നത്. അതിലേക്കു നയിച്ച ചരിത്രസംഭവങ്ങൾ മറ്റൊരു ഗ്രന്ഥത്തിൽ അപഗ്രഥിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല (ജി.ചേടിയത്ത്, *സൂനഹദോസുകൾ,* കോട്ടയം, 1996, പേജ്, 73-130).

നെസ്തോറിയസിനെ സംബന്ധിച്ച് ആധുനിക കാലത്തുള്ള പണ്ഡിതന്മാരും ഏകാഭിപ്രായക്കാരല്ല. ചിലർ അദ്ദേഹത്തെ പാഷണ്ഡിയായി കരുതുമ്പോൾ മറ്റു ചിലർ അതംഗീകരിക്കുന്നില്ല. ബത്തൂൻ ബേക്കർ 1908-ൽ നെസ്തോറിയസിന്റെ സത്യവിശ്വാസം തെളിയിക്കാൻ ഒരു ശ്രമം നടത്തി. നെസ്തോറിയനിസം എന്ന പാഷണ്ഡത നെസ്തോറിയസ് പഠിപ്പിക്കുന്നില്ല എന്നാണ് അദ്ദേഹത്തിന്റെ നിഗമനം (J.F.Bethune Baker, *Nestorius and his Teaching*, p.82). 1908-നുശേഷം നെസ്തോറിയസിനെ ശക്തിയായി അനുകൂലിച്ച ആളാണ് ഡൊമിനിക്കൻ സഭാംഗമായ ലുയിജി ഷിപ്പിയോണി. രണ്ടു ഗ്രന്ഥങ്ങളിലായി നെസ്തോറിയസിന്റെ സത്യവിശ്വാസവും നിരപരാധിത്വവും വെളിച്ചത്തു കൊണ്ടുവരാൻ അദ്ദേഹം ഒരു ശ്രമം നടത്തി (L.I.Scipioni, *Ricerche sulla Cristologia del Libro di Eraclide di Nestorio*, Friburg,1956; *Nestorio e il Concilio di Efeso,* Milano, 1974). നെസ്തോറിയസ് തന്റെ ഗ്രന്ഥത്തിൽ മിലാനിലെ അംബ്രോസിനെ വിളിച്ചു പ്രാർഥിക്കുന്ന ഒരു ഭാഗമുണ്ട്: "അംബ്രോസേ, സംസാരിക്കണമേ. പീഡിതനെ അവഗണിക്കരുതേ. പരദൂഷകരെ ശ്രദ്ധിക്കരുതേ. ശ്രദ്ധിക്കപ്പെടാതെ നിർദോഷരക്തം ചിന്തപ്പെടാൻ ഇടയാകരുതേ"(G.R.Driver, *Liber Heracleides=LH*, p.199). - ഈ പ്രാർഥനയുടെ ഫലമെന്നോണം കത്തോലിക്കനും മിലാനിൽ താമസിച്ചിരുന്നവനുമായ ഷിപ്പിയോണി നെസ്തോറിയസിനെ ന്യായീകരിച്ചുകൊണ്ട് മിലാനിൽ നിന്നു തന്നെ തന്റെ കൃതി പ്രസിദ്ധീകരിച്ചു. ഇന്നു ലഭ്യമായ നെസ്തോറിയൻ കൃതികളും രേഖകളും ഷിപ്പിയോണി അപഗ്രഥിച്ച്, നെസ്തോറിയസിന്റെ നിരപരാധിത്വം തെളിയിച്ചു.



ഷിപ്പിയോണിയുടെ ചുവടുപിടിച്ച് പ്രശസ്ത പട്രിസ്റ്റിക് പണ്ഡിതനായ കർദിനാൾ ഗ്രിൽമയർ നെസ്തോറിയസിനെ ന്യായീകരിക്കാൻ ശ്രമിച്ചു: "ക്രിസ്തുവിൽ സത്താപരമായ ഐക്യമാണ് നെസ്തോറിയസ് ഗൗരവപൂർവം അന്വേഷിച്ചത് എന്ന സംഗതി നിഷേധിക്കാൻ സാധ്യമല്ല. സ്വഭാവത്തിലാണ് അദ്ദേഹം എപ്പോഴും ദ്വിത്വം കണ്ടെത്തിയത്. നെസ്തോറിയസ് ഒരു തീവ്രവാദി ആയിരുന്നില്ല. അന്ത്യോക്യൻ ചിന്താഗതിയുള്ള ഒരു മിതവാദി ആയിരുന്നു അദ്ദേഹം" എന്നത്രേ ഗ്രിൽമയറിന്റെ ചിന്ത(A.Grillmeier, *Christ in Christian Tradition,I*, p.517). വത്തിക്കാൻ കൗൺസിലിനു ശേഷമുള്ള സഭൈക്യ ചർച്ചകളിലും നെസ്തോറിയസിന്റെ ചിന്താരീതിയെ ന്യായീകരിക്കാൻ പല പണ്ഡിതന്മാരും പരിശ്രമിച്ചു. "നെസ്തോറിയസിനെ ശരിയായി വ്യാഖ്യാനിക്കാൻ സാധിക്കുമായിരുന്നു. അദ്ദേഹത്തിന്റെ കൃതികൾ തെറ്റിദ്ധരിക്കപ്പെട്ടു. പരസ്പര വിരുദ്ധമായ വിധികളുണ്ടായി " എന്ന് വാൻ ദെർ ആൽസ്റ്റ് ഒരു മീറ്റിംഗിൽ പറയുകയുണ്ടായി (*WWS*.1.p.16). നെസ്തോറിയസിനെതിരെയുള്ള ശാപങ്ങൾ നീക്കണമെന്നു വരെ വാദിക്കുന്നവർ ആധുനിക കാലത്തുണ്ട്.

## കൃതികൾ

നിരവധി വിഷയങ്ങളെ സംബന്ധിച്ച് നെസ്തോറിയസ് അനേകം കൃതികളെഴുതി (ജന്നാഡിയസ്, മഹദ്.53). അബ്ദീശോയുടെ കാറ്റലോഗ് അത് സ്ഥിരീകരിക്കുന്നു (*BO*.3.1.35 ). എന്നാൽ അവയിൽ വളരെ കുറച്ചു മാത്രമേ ലഭിച്ചിട്ടുള്ളു. തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തിയുടെ കൽപ്പനയാൽ (435) നെസ്തോറിയസിന്റെ കൃതികൾ നശിപ്പിക്കപ്പെട്ടു. പേർഷ്യൻസഭ ചില കൃതികൾ സൂക്ഷിച്ചു. അവ തന്നെയും തിരുത്തലുകൾക്ക് വിധേയമാണെന്ന് പറയപ്പെടുന്നു.

1. ഡമാസ്കസിലെ ഹെരാക്ലിദെസിന്റെ ബസാർ (*Liber Heracleides/ ലീബർ ഹെരാക്ലിദെസ്-LH*). നെസ്തോറിയസിൽ നിന്ന് ഈ കൃതി മാത്രമേ പൂർണമായി നമുക്കു കിട്ടിയിട്ടുള്ളു. നെസ്തോറിയസ് തന്റെ ജീവിതാവസാനം ആയിരിക്കാം ഇതു രചിച്ചത്. ഒരു സുറിയാനി വിവർത്തനത്തിൽ 1895-ൽ ഇത് കണ്ടുപിടിക്കപ്പെട്ടു. 1910-ൽ പ്രസിദ്ധീകൃതമായി. സൊഫ്രോണിയസ് എന്നയാളുമായി നടത്തുന്ന സംഭാഷണത്തിന്റെ രീതിയിലാണ് കൃതി. തന്റെ നിലപാട് ന്യായീകരിക്കാൻ കൃതിയിലുടനീളം അദ്ദേഹം ശ്രമി

ക്കുന്നു. ഈ കൃതി പ്രസിദ്ധീകൃതമായശേഷം, നെസ്തോറിയസിനെപ്പറ്റിയുള്ള പരമ്പരാഗതമായ അഭിപ്രായങ്ങൾ മാറ്റിക്കുറിക്കാൻ പലരും സന്നദ്ധത പ്രക ടിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. നഷ്ടപ്പെടാതിരിക്കാൻ ഒരു കപടനാമമാണ് ഗ്രന്ഥ ത്തിനു നൽകിയിരിക്കുന്നത്.

2. പന്ത്രണ്ട് എതിർ ശാപങ്ങൾ

സിറിലിന്റെ പന്ത്രണ്ട് ശാപങ്ങൾക്കെതിരെ നെസ്തോറിയസ് എഴുതി യതാണിതെന്ന് കരുതപ്പെട്ടിരുന്നു. ഒരു ലത്തീൻ വിവർത്തനത്തിലൂടെ ഇത് നമുക്കു കൈവന്നിട്ടുണ്ട്. എന്നാൽ ഇത് ഒരു പിൽക്കാല കൃതിയാണെന്നും നെസ്തോറിയസിന്റേതല്ലെന്നും പലരും ഇന്ന് കരുതുന്നു.

3. ട്രാജഡി

ഇതിന്റെ ചില ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. അന്ത്യോക്യയിലെ ആശ്ര മത്തിൽ വച്ച് 431-നു ശേഷമാണ് ഇത് എഴുതപ്പെട്ടത്.

4. ദൈവഘാതകർക്കെതിരെ

സിറിലിനെ ഖണ്ഡിച്ചു കൊണ്ട് സംഭാഷണ ശൈലിയിൽ എഴുതിയ ഇതിന്റെയും ചില ഭാഗങ്ങൾ മാത്രമേ കൈവന്നിട്ടുള്ളു.

5. പ്രസംഗങ്ങൾ

ഏതാണ്ട് ഇരുപത് വർഷത്തോളം നെസ്തോറിയസ് അന്ത്യോക്യയിലും കോൺസ്റ്റാന്റിനോപ്പിളിലും വളരെ പ്രശസ്തമായി പ്രസംഗിച്ചു. അദ്ദേഹം തന്നെ തന്റെ ചില പ്രസംഗങ്ങൾ സെലസ്റ്റിൻ പാപ്പായ്ക്ക് അയച്ചുകൊടു ത്തു. ചില പ്രസംഗങ്ങൾ ക്രിസൊസ്തോമിന്റെ പേരിലും പ്രചരിച്ചിരുന്നു.

6. കത്തുകൾ

ഫ്രെഡറിക് ലൂഫ്സ് എന്ന പണ്ഡിതൻ പതിനഞ്ചു കത്തുകളുടെ പട്ടിക പ്രസിദ്ധീകരിച്ചു. അവയിൽ പത്തെണ്ണം പൂർണമായും മറ്റുള്ളവ ഭാഗി കമായും ലഭിച്ചിട്ടുണ്ട്. മൂന്നെണ്ണം ഗ്രീക്കിലും മറ്റുള്ളവ സുറിയാനിയിലും ലത്തീനിലുമാണ്.

## നെസ്തോറിയസിന്റെ പ്രശ്നങ്ങൾ

അലക്സാണ്ഡ്രിയയിലെ സിറിലിന്റെ ക്രിസ്തുശാസ്ത്രത്തിൽ നെസ്തോറിയസ് ചില പ്രശ്നങ്ങൾ കണ്ടു. സിറിലിന് ശരിയായ വ്യാഖ്യാനം നൽകി സഭ മനസിലാക്കുന്നു. അത്തരത്തിലുള്ള വ്യാഖ്യാനം നൽകി സിറി ലിനെ മനസിലാക്കാൻ നെസ്തോറിയസ് കൂട്ടാക്കിയില്ല. സിറിലും നെസ്തോ റിയസിനെ ശരിയായി മനസിലാക്കാൻ ഒരുമ്പെട്ടില്ല. പരസ്പരം മനസിലാ ക്കാതിരിക്കാൻ ശ്രമിച്ചു എന്നു തോന്നും അവരുടെ പ്രവർത്തനങ്ങൾ അപ



ഗ്രഥിച്ചാൽ എന്നു കരുതുന്നവരുണ്ട്. സിറിൽ അലക്സാണ്ഡ്രിയൻ പശ്ചാ ത്തലത്തിൽ നടത്തിയ പ്രയോഗങ്ങൾ അന്ത്യോക്യൻ പശ്ചാത്തലത്തിൽ നെസ്തോറിയസ് നിരാകരിച്ചു. എന്നാൽ പൊതുവേ അലക്സാണ്ഡ്രിയൻ ചിന്താരീതി സഭകൾ വ്യാപകമായി സ്വീകരിക്കുകയും അന്ത്യോക്യൻ ചിന്താ രീതികളും പദപ്രയോഗങ്ങളും തള്ളിക്കളയുകയും ചെയ്തു.

### 1. ഹ്യുപ്പോസ്റ്റാറ്റികവും സ്വാഭാവികവുമായ ഐക്യം

ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമെന്ന രണ്ടു സ്വഭാവങ്ങൾ ഏക യാളിൽ ഐക്യപ്പെട്ടിരിക്കുന്നതിനെ കുറിക്കുന്ന പദമാണ് സ്വാഭാവികൈ ക്യം (*ഹെനോസിസ് കത്ത ഫ്യൂസിൻ കായ് കത്ത് ഹ്യുപോസ്റ്റസിൻ*). ആത്മാ വും ശരീരവും തമ്മിലുള്ള ഐക്യമാണ് ഇതിന്റെ ദൃഷ്ടാന്തം. ഈ ദൃഷ്ടാ ന്തമനുസരിച്ചുള്ള വിശദീകരിക്കൽ നെസ്തോറിയസിന് സ്വീകാര്യമായില്ല. ആത്മാവ്, ശരീരം എന്നീ രണ്ട് ഘടകങ്ങൾ കൂടിച്ചേർന്ന് മനുഷ്യൻ എന്ന് മൂന്നാമതൊന്ന് ഉണ്ടാകുന്നു. ഇത് ശാശ്വതമായ ഐക്യമല്ല. മനുഷ്യൻ മരി ക്കുമ്പോൾ ആത്മാവും ശരീരവും വേർപെടുന്നു. ക്രിസ്തുവിലെ സ്വഭാവ ങ്ങൾ അതുപോലെ വേർപെടുന്നതല്ല. ഒരിക്കൽ ഐക്യപ്പെട്ടാൽ പിന്നൊരി ക്കലും വേർപിരിയുന്നില്ല. ശരീരത്തിന്റെ വേദനകളിൽ ആത്മാവും വേദനി ക്കുന്നു. എന്നാൽ മനുഷ്യത്വത്തിന്റെ വേദന ദൈവത്വം സഹിക്കുന്നില്ല. ആത്മാവും ശരീരവും അപൂർണ സ്വഭാവങ്ങളാണ്. എന്നാൽ ക്രിസ്തുവാ കട്ടെ പൂർണമനുഷ്യനും പൂർണദൈവവുമാണ്. അതുകൊണ്ട് അവിടുത്തെ സ്വഭാവങ്ങൾ രണ്ടും പൂർണമാണ്. ഈ കാരണങ്ങളാൽ, നെസ്തോറിയസ് ആത്മാവിന്റെയും ശരീരത്തിന്റെയും യോജിപ്പിന്റെ ദൃഷ്ടാന്തം തിരസ്കരി ക്കുന്നു.

ദൈവത്വവും മനുഷ്യത്വവും എന്ന ഇരുയാഥാർഥ്യങ്ങളും അവയുടെ സത്താപരമായ യോജിപ്പും പ്രസ്പഷ്ടമാക്കാൻ സ്വാഭാവികൈക്യം(*ഹെനോ സിസ് കത്ത ഫ്യൂസിൻ*) അപര്യാപ്തമാണെന്ന് ഉദാഹരണത്തിന്റെ വിശക ലനത്തിൽ നിന്ന് നെസ്തോറിയസ് എത്തിച്ചേർന്നു (*LH*. p.8-9;33-39;49-50;154-155;161-162;179;313-314). അതിനുപകരം വ്യക്തിപരമായ ഐക്യം (*പർസോ പിക് ഐക്യം*) എന്ന ആശയം അന്ത്യോക്യൻ പാരമ്പര്യത്തിന്റെ വെളിച്ച ത്തിൽ അദ്ദേഹം പ്രയോഗിക്കുന്നു. അതിന്റെ അർഥം ഇപ്രകാരമാണ്: ദൈവ സ്വഭാവമുള്ള ദൈവപുത്രന്റെ ആളത്വം (*പർസോപാ)* മനുഷ്യാവതാരത്തിൽ മനുഷ്യസ്വഭാവത്തിന്റെ കൂടെ ആളത്വമായി. യേശുവിനെ താനാക്കിത്തീർക്കു കയും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുകയും ചെയ്യുന്ന ഗുണഗണ ങ്ങൾ, മാനുഷികതലത്തിൽ നിന്നുകൊണ്ട് ചിന്തിക്കുമ്പോൾ, യേശുവിന്റെ *പർസോപാ* എന്നു പറയാം. എന്നാൽ ദൈവപുത്രന്റെ ആളത്വം ഒന്നു മാത്ര മേയുള്ളു. അത് പുത്രൻ തമ്പുരാന്റെ ആളത്വം തന്നെയാണ്. – സാരസത്ത

യിൽ സിറിൽ പറഞ്ഞതും നെസ്തോറിയസ് പറഞ്ഞതും ഒന്നു തന്നെയാണ്. പദപ്രയോഗത്തിലുള്ള അന്തരം മാത്രമേയുള്ളു. പക്ഷേ ഇത് അഭിപ്രായ വ്യത്യാസത്തിന് ഒരു കാരണമായി.

**2.ദൈവഘാതകത്വം (*Theopaschism*)**

അലക്സാണ്ഡ്രിയാക്കാർക്ക് അവരുടെ മിസ്റ്റിക്കൽ ദൈവശാസ്ത്ര പശ്ചാത്തലത്തിൽ "ദൈവം മരിച്ചു, വചനം മരിച്ചു" എന്നൊക്കെ പറയാൻ യാതൊരു വിഷമവുമില്ല. അത് ശരിയായ രീതിയിൽ അവർ മനസിലാക്കുകയും ചെയ്യുന്നു. എന്നാൽ "ദൈവം മരിച്ചു" എന്ന് പച്ചഭാഷയിൽ പറയാൻ നെസ്തോറിയസ് അറച്ചുനിന്നു. "ദൈവത്വം മരിച്ചു" എന്ന അർഥത്തിൽ മനസിലാക്കിയതാണ് അതിനു കാരണമെന്നു പറയപ്പെടുന്നു. "ക്രിസ്തു മരിച്ചു, പുത്രൻ മരിച്ചു, നമ്മുടെ കർത്താവു മരിച്ചു" എന്നൊക്കെ പറയാൻ നെസ്തോറിയസിന് ഒരു വിഷമവുമില്ല. "വിശുദ്ധ ഗ്രന്ഥത്തിൽ ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളത്. ക്രിസ്തു ദൈവവും മനുഷ്യനുമാകയാൽ മേൽപ്പറഞ്ഞ പ്രയോഗമാണ് കുറേക്കൂടി ശരി, മറ്റത് തെറ്റിദ്ധാരണയ്ക്ക് ഇട നൽകും" എന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്ത (Loofs, *Nestoriana*, p.169. 14-20).

**3. ദൈവമാതാവ്**

നെസ്തോറിയസ് അന്ത്യോക്യയിൽ ആയിരുന്ന കാലത്തുതന്നെ ഈ പദത്തെ ചൊല്ലി ചർച്ചകൾ നടക്കുന്നുണ്ടായിരുന്നു. രണ്ടു വിഭാഗമായി തിരിഞ്ഞ് ജനങ്ങൾ തർക്കിച്ചുകൊണ്ടിരുന്നു. "ദൈവത്വം നിഷേധിക്കാതെ മനുഷ്യന്റെ മാതാവ് എന്നു പറഞ്ഞാലും, മനുഷ്യത്വം നിഷേധിക്കാതെ ദൈവമാതാവ് എന്നു പറഞ്ഞാലും തെറ്റില്ല. ജനങ്ങൾ പരസ്പരം ദുരാരോപണം നടത്തരുതെന്നു മാത്രം. എന്നാൽ ക്രിസ്തു ദൈവവും മനുഷ്യനുമാകയാൽ, ക്രിസ്തുവിന്റെ അമ്മ എന്നു പറയുന്നതാകും കുറേക്കൂടി ശരി. വി. ഗ്രന്ഥത്തിലും ഈ ഭാഷയാണ് കാണുക" എന്നായിരുന്നു നെസ്തോറിയസിന്റെ വാദം. "മറിയം ദൈവമാതാവും മനുഷ്യമാതാവുമാണ്. സ്വഭാവത്താലേ മറിയം യേശു എന്ന മനുഷ്യന്റെ അമ്മയാണ്. ദൈവത്വവുമായുള്ള ഐക്യംവഴി ദൈവപുത്രന്റെ അമ്മയാണ്. കാരണം അവളിൽ നിന്നു ജനിച്ചത് ദൈവപുത്രനാണ്. ഫൊതീനുസ്, മാനി, ആരിയസ്, അപ്പൊള്ളിനാരിസ്, സാമോസാട്ടക്കാരൻ പൗലോസ് എന്നിവരുടെ അബദ്ധോപദേശങ്ങളെ ഖണ്ഡിക്കാനും ക്രിസ്തുവിന്റെ അമ്മ എന്ന പ്രയോഗം സഹായിക്കും. നിഖ്യായിലെ പിതാക്കന്മാരും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ജനനത്തെപ്പറ്റിയാണ് പറഞ്ഞത്. സ്ത്രീകൾ ശരീരത്തിന്റെയോ ആത്മാവിന്റെയോ മാത്രം അമ്മമാരല്ലല്ലോ. സ്ത്രീ മനുഷ്യന്റെ അമ്മയാണ്. അതുപോലെ ക്രിസ്തുവിന്റെ അമ്മയാണ് മറിയം. ക്രിസ്തു എന്ന പദം വ്യക്തിത്വത്തെ കുറിക്കുന്നു, അതുപോലെ ദൈവത്വത്തെയും മനുഷ്യത്വത്തെയും സൂചിപ്പിക്കുന്നു" (*LH*.98-100).



**നെസ്തോറിയസിന്റെ ന്യായവാദം**

യേശുക്രിസ്തുവിൽ ദൈവിക ആളെന്നും മാനുഷിക ആളെന്നും രണ്ടാളുകൾ ഉണ്ടെന്ന് നെസ്തോറിയസ് പഠിപ്പിച്ചു എന്നാണല്ലോ നെസ്തോറിയസിന്റെ പേരിലുള്ള ആരോപണം. നെസ്തോറിയസ് അത് വളരെ ശക്തിയായി നിരാകരിക്കുകയും വ്യക്തിത്വത്തിലുള്ള ഐക്യവും സ്വഭാവങ്ങളുടെ ദ്വിത്വവും പ്രസ്പഷ്ടമാക്കുകയും ചെയ്യുന്ന നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനാവും: "പുത്രൻ ഒരാളാണെന്നും വചനമായ ദൈവം മറ്റൊരാളാണെന്നും ഞാൻ പറഞ്ഞിട്ടില്ല. വചനമായ ദൈവം സ്വഭാവത്താലേ ഒന്ന്, ആലയം സ്വഭാവത്താലേ മറ്റൊന്ന്. ഐക്യംവഴി ഏകപുത്രൻ എന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്" (Loofs, *Nestoriana*, p.308[8-11]). "ദൈവത്വവും ശിശുവിൽ ദൃശ്യമായ കർത്താവിന്റെ ജഡവും തമ്മിൽ എത്ര ദൃഢമായ ഐക്യമുണ്ടായിരുന്നു എന്ന് താങ്കൾ മനസിലാക്കാനാണ് ഞാനിതു പറയുന്നത്. ശിശുവും ശിശുവിന്റെ കർത്താവും ഒരേ ഒരാൾ തന്നെയായിരുന്നു" (Loofs, *Nestoriana*, p.292[1-4]).

"ക്രിസ്തു എന്ന നിലയിൽ ക്രിസ്തു അവിഭാജ്യനാണ്. ദൈവവും മനുഷ്യനും എന്ന നിലയിൽ അവിടുന്ന് ദ്വിത്വനാണ്. പുത്രത്വത്തിൽ അവിടുന്ന് ഏകനാണ്. എടുക്കുന്നവനും എടുത്തതും എന്ന നിലയിൽ അവിടുന്ന് ദ്വിത്വമാണ്. പുത്രന്റെ ആളത്വത്തിൽ അവിടുന്ന ഒരു വ്യക്തിയാണ്. എന്നാൽ ഇരുനയനങ്ങൾ കണക്കെ, ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും സ്വഭാവങ്ങളിൽ അവിടുന്ന് വ്യതിരിക്തനാണ്. നാം രണ്ട് ക്രിസ്തുക്കളെന്നോ, രണ്ട് പുത്രന്മാരെന്നോ, ഏകജാതന്മാരെന്നോ, കർത്താക്കളെന്നോ പഠിപ്പിക്കുന്നില്ല. ഒരു പുത്രനും മറ്റൊരു പുത്രനുമല്ല. ആദ്യം ഒരേകജാതനും പിന്നീട് ഒരേകജാതനുമല്ല. ആദ്യം ഒരു ക്രിസ്തുവും പിന്നൊരു ക്രിസ്തുവുമല്ല. പിന്നെയോ, സൃഷ്ടവും അസൃഷ്ടവുമായ സ്വഭാവങ്ങളിൽ കാണപ്പെട്ട ഒരേ ഒരാൾ" (Loofs, *Nestoriana*, p. 280[5-10]).

ക്രിസ്തുവിലെ ഇരുസ്വഭാവങ്ങൾ തമ്മിലുള്ള ഐക്യം ഏറ്റവും ദൃഢമാണ്. ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിലുള്ള ബന്ധം കുറിക്കാൻ ഉപയോഗിച്ച പദം തന്നെ ക്രിസ്തുവിലെ രണ്ടു സ്വഭാവങ്ങളെ കുറിക്കാൻ ഗ്രിഗറി നസ്യാൻസൻ ഉപയോഗിക്കുന്നു. അതുപോലെ ത്രിത്വത്തിൽ മൂന്നാളുകൾ തമ്മിലാണ് ഐക്യം. എന്നാൽ ക്രിസ്തുവിൽ രണ്ടാളുകളല്ല. ഈ വ്യത്യാസം ഗ്രിഗറിയിൽ തന്നെ സ്പഷ്ടമായിരുന്നു (*Epistle 101 to Cledonius: PG*.37.180). ത്രിത്വത്തിലെ മൂന്നാളുകളും തമ്മിൽ അഭേദ്യമായ ഐക്യമാണ്. എന്നാൽ മൂന്നാളുകളും കൂടിച്ചേർന്ന് ഒരാളാകുന്നില്ല. അതുപോലെ ക്രിസ്തുവിലെ രണ്ട് സ്വഭാവങ്ങൾ ഏകവ്യക്തിയിൽ അഭേദ്യമായി ഐക്യപ്പെട്ടിരിക്കുന്നു. എന്നാൽ സ്വഭാവങ്ങൾ തമ്മിൽ കൂടിക്കുഴച്ചിലില്ല. ഇതിന് പറ്റിയ

പദമാണ് *സ്യുനഫെയ്യാ*. നെസ്തോറിയസ് ഒന്നിലേറെ പ്രാവശ്യം ഗ്രിഗറിയുടെ ഈ ലേഖനം ഉദ്ധരിച്ച് ക്രിസ്തുവിലെ ഏകവ്യക്തിത്വവും രണ്ട് സത്തകൾ തമ്മിലുള്ള ഐക്യവും സ്പഷ്ടമാക്കാൻ ശ്രമിക്കുന്നു:

"എടുത്തതിനാൽ എടുത്തവനെയും എടുക്കപ്പെട്ടതിനാൽ എടുക്കപ്പെട്ടതിനെയും ഏറ്റുപറയേണ്ടതായിട്ടുണ്ട്. ത്രിത്വത്തിലെപ്പോലെ അവ ഒന്നും മറ്റൊന്നുമാണ്. എന്നാൽ ഒന്നും മറ്റൊന്നുമല്ല" (*LH*.207). മറ്റൊരിടത്ത്: "ത്രിത്വത്തിൽ ഏകസത്തയുള്ള മൂന്നാളുകളും മൂന്നാളുകളുള്ള ഏകസത്തയും ഉള്ളതുപോലെ ഇവിടെ ഏക വ്യക്തിത്വമുള്ള രണ്ടു സത്തകളും രണ്ടു സത്തകളുള്ള ഏക വ്യക്തിത്വവുമുണ്ട്" (*LH*.247).

"ദൃശ്യവും അദൃശ്യവും ഒന്നല്ലെങ്കിൽ നമ്മുടെ രക്ഷകൻ ഒന്നും മറ്റൊന്നുമാണ്. മനുഷ്യനായിത്തീർന്ന ദൈവം,ദൈവമായിത്തീർന്ന മനുഷ്യൻ" (*LH*.200). "ദൈവവും മനുഷ്യനുമെന്ന് രണ്ട് സ്വഭാവങ്ങളുണ്ട്. എന്നാൽ രണ്ട് പുത്രന്മാരില്ല. നമ്മുടെ രക്ഷകൻ ഒന്നും മറ്റൊന്നും കൊണ്ടാണ്. എന്നാൽ ഒന്നും മറ്റൊന്നുമല്ല. ഒരിക്കലുമല്ല." (*LH*.215). – "ഒന്നും മറ്റൊന്നുമാണ് "എന്നു പറഞ്ഞാൽ ഒരു സ്വഭാവവും മറ്റൊരു സ്വഭാവവും എന്നാണർഥം. "ഒന്നും മറ്റൊന്നുമല്ല" എന്നു പറഞ്ഞാൽ ഒരാളും മറ്റൊരാളുമല്ല എന്നാണർഥം. "അവ (സ്വഭാവങ്ങൾ) ഒന്നും മറ്റൊന്നുമാണ്. എന്നാൽ അവിടുന്ന് ആളത്വത്തിൽ ഒന്നും മറ്റൊന്നുമല്ല" (*LH*.220). "അവിടുന്ന് സ്വഭാവങ്ങളിൽ ഒന്നും മറ്റൊന്നുമായി കരുതപ്പെടുന്നു. എന്നാൽ ഐക്യത്തിൽ അവിടുന്ന് ഭേദം കൂടാതെയാണ്. വ്യതിരിക്തമായ സ്വഭാവങ്ങൾ പരിഗണിക്കുമ്പോൾ അവിടുന്ന് ഒന്നും മറ്റൊന്നുമായി ഗണിക്കപ്പെടുന്നു" (*LH*.221). "അവിടുന്ന് വ്യക്തിത്വത്തിൽ ഏകൻ. സത്തകളിൽ ഒന്നും മറ്റൊന്നും" (*LH*.233).

യേശുക്രിസ്തു ഏക വ്യക്തിയാണ്, അവിടുത്തേക്ക് രണ്ട് സ്വഭാവങ്ങളുണ്ട്, അവ രണ്ടും ഒന്നല്ല എന്ന സംഗതി നെസ്തോറിയസ് വളരെ വ്യക്തമായി പഠിപ്പിച്ചിരുന്നു. അതുപോലെ ഏകവ്യക്തിയിലുള്ള ഇരുസ്വഭാവങ്ങളുടെയും സുദൃഢമായ ഐക്യം അദ്ദേഹം പഠിപ്പിച്ചിരുന്നു എന്നതിന് യാതൊരു സംശയവും വേണ്ട.

ക്രിസ്തുവിലെ ഐക്യം സൂചിപ്പിക്കാൻ നെസ്തോറിയസ് പല പദങ്ങൾ ഉപയോഗിക്കുന്നു: *സ്യുനഫെയ്യാ,* ഏറ്റവും അടുത്ത ഐക്യം (union), വാസം (*indwelling*), എടുക്കൽ (*assumption*), വസ്ത്രധാരണം (*putting on*). കൽക്കദോനിയാ സൂനഹദോസിനെപ്പറ്റി നെസ്തോറിയസിന് സന്തോഷമായിരുന്നു. താനൊരിക്കലും ഇരുപുത്രന്മാരെപ്പറ്റി പറഞ്ഞിട്ടില്ലെന്നും താൻ പഠിപ്പിച്ചതു തന്നെയാണ് കൽക്കദോനിയായും ശ്രേഷ്ഠനായ ലെയോയും പഠിപ്പിക്കുന്നതെന്നും ഇനിയും സമാധാനത്തിൽ മരിക്കാമെന്നും അദ്ദേഹം മരുഭൂമിയിലെ വിപ്രവാസത്തിൽ വച്ച് എഴുതുന്നു (*LH*.374.379-380).

അധ്യായം 22

# സൈറസിലെ തിയഡൊറെറ്റ്

അന്ത്യോക്യയിലെ അവസാനത്തെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനാണ് തിയഡൊറെറ്റ്. അദ്ദേഹം 399-നോടടുത്ത് അന്ത്യോക്യയിൽ ജനിച്ചു. അവിടെയുള്ള സന്യാസാശ്രമങ്ങളിൽ പഠിച്ചു. സൈറസിന്റെ മെത്രാനായി 423-ൽ തെരഞ്ഞെടുക്കപ്പെട്ടു. വളരെ കാര്യക്ഷമമായി 35 വർഷം രൂപതാഭരണം നിർവഹിച്ചു. ജനങ്ങളുടെ ആത്മികവും ലൗകികവുമായ കാര്യങ്ങളിൽ താൽപര്യപൂർവം ശ്രദ്ധിച്ചു. വിജാതിയർ, യൂദർ, പാഷണ്ഡികൾ എന്നിവർക്കെതിരെ പടപൊരുതി. സൈറസ് നഗരം മോടിപിടിപ്പിക്കുന്നതിലും നഗരത്തിൽ പലവിധ സൗകര്യങ്ങൾ നടപ്പാക്കുന്നതിലും ശ്രദ്ധിച്ചു.

അന്ത്യോക്യൻ കലാലയത്തിലെ ഭാഷ്യരീതികളും ചിന്താധാരകളും സ്വന്തമാക്കിയ ആളായിരുന്നു അദ്ദേഹം. സിറിലും നെസ്തോറിയസും തമ്മിലുള്ള തർക്കങ്ങളിൽ തിയഡൊറെറ്റ് അന്ത്യോക്യൻ പക്ഷത്തായിരുന്നു. മറ്റ് അന്ത്യോക്യൻ ചിന്തകരെപ്പോലെ തിയഡൊറെറ്റും സിറിലിൽ അപ്പൊള്ളിനാരിസം ദർശിച്ചു. എഫേസോസ് സൂനഹദോസിൽ വച്ച് അദ്ദേഹം അന്ത്യോക്യയിലെ ജോണിന്റെ പക്ഷം ചേർന്നു. സിനഡ് നെസ്തോറിയസിനെ മുടക്കിയതിനു ശേഷവും അദ്ദേഹം തന്റെ അഭിപ്രായങ്ങളിൽ ഉറച്ചുനിന്നു. സിറിലിനെയും എഫേസോസ് സിനഡിനെയും വിമർശിച്ചുകൊണ്ട് അഞ്ചു പുസ്തകങ്ങളിലായി ഒരു കൃതിയെഴുതി. 433-ലെ ഐക്യഫോർമുല അംഗീകരിച്ചു. സിറിൽ അംഗീകരിച്ച ഐക്യഫോർമുല തയാറാക്കിയത് തിയഡൊറെറ്റാണെന്നു വരെ ചിലർ കരുതുന്നു. എവുതീക്കസിന്റെ പാഷണ്ഡത ഉടലെടുത്തപ്പോൾ അതിനെതിരെയും അദ്ദേഹം ശക്തമായി പ്രതികരിച്ചു. എവുതീക്കസിനെതിരായി 447-ൽ എരാനിസ്തെസ്(യാചകൻ) എന്ന തന്റെ കൃതി പ്രസിദ്ധീകരിച്ചു. രണ്ടാം എഫേസോസ് സിനഡ് എന്ന് ചിലർ വിളിക്കുന്ന തസ്കരസിനഡിൽ വച്ച് (449) അക്കാരണത്താൽ സിറിലിന്റെ പിൻഗാമിയായ ദിയസ്കോറോസ് തിയഡൊറെറ്റിനെ സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തി.

അദ്ദേഹം ഉടനെ ലെയോ മാർപാപ്പായെ വിവരം അറിയിച്ചു. ലെയോ സിനഡ് അംഗീകരിച്ചില്ല. മാർസ്യൻ ചക്രവർത്തിയുടെ ഇടപെടൽ വഴി 450-ൽ തിയഡൊറെറ്റ് തിരികെവന്നു. കൽക്കദോനിയാ സിനഡിൽ തിയഡൊറെറ്റിന്റെ ഭാഗഭാഗിത്വം അൽപം എതിർപ്പുണ്ടാക്കി. സിനഡിന്റെ ഒരു പ്രത്യേകസമ്മേളനം അദ്ദേഹത്തിന്റെ പ്രശ്നം ചർച്ച ചെയ്തു. നെസ്തോറിയസിനെതിരെ ശാപം ഉച്ചരിച്ചെങ്കിലേ സിനഡിൽ പ്രവേശിപ്പിക്കാവൂ എന്ന് ചിലർ ശാഠ്യം പിടിച്ചു. അവസാനം തിയഡൊറെറ്റ് അതിനു വഴങ്ങി: ''നെസ്തോറിയസിനും ഭാഗ്യവതിയായ കന്യകമറിയം ദൈവമാതാവല്ലെന്ന് പറയുന്നവർക്കും ഏകജാതനായ പുത്രനെ രണ്ടായി വിഭജിക്കുന്നവർക്കും ശാപം'' എന്നുച്ചരിച്ചപ്പോൾ അദ്ദേഹത്തെ ഔദ്യോഗികമായി സിനഡിൽ പ്രവേശിപ്പിച്ചു. തുടർന്ന് അദ്ദേഹത്തെ സൈറസ് രൂപതയിൽ പുനഃപ്രതിഷ്ഠിച്ചു. സത്യവിശ്വാസ പ്രബോധകനായി അദ്ദേഹം അംഗീകരിക്കപ്പെട്ടു. സൈറസിലെ സഭയെ ഏതാണ്ട് ഏഴ് വർഷം കൂടി അദ്ദേഹം ഭരിച്ചു. 466-ൽ മരിച്ചു. തുടർന്നുണ്ടായ അന്ത്യോക്യൻ വിരുദ്ധ മുന്നേറ്റത്തിന്റെ ഫലമായി 553-ലെ രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സിനഡ് തിയഡൊറെറ്റിലും കുറ്റമാരോപിച്ചു. സിറിലിന്റെ പന്ത്രണ്ട് ശാപങ്ങൾക്കെതിരെയും എഫേസോസ് സിനഡിനെതിരെയും തിയഡൊറെറ്റ് എഴുതിയ രേഖയാണ് മൂന്നധ്യായങ്ങൾ എന്നറിയപ്പെടുന്നതിൽ ഒന്ന്. ജസ്റ്റീനിയൻ ചക്രവർത്തിയുടെ നിർബന്ധത്താൽ അതിനെയും സിനഡ് ശപിച്ചു.

### കൃതികൾ

അന്ത്യോക്യൻ സഭയിലെ വളരെ പ്രശസ്തനും സമർഥനുമായ ഒരെഴുത്തുകാരനായിരുന്നു തിയഡൊറെറ്റ്. വളരെ വ്യാപകമായ വിഷയങ്ങളിൽ അദ്ദേഹം താൽപര്യം കാണിച്ചിരുന്നു. ദൈവശാസ്ത്രത്തിലെ മിക്കവാറും എല്ലാ ശാഖകളിലും അദ്ദേഹം കൈവച്ചിരുന്നു. 35 പുസ്തകങ്ങൾ എഴുതിയെന്ന് 450-ൽ അദ്ദേഹം തന്നെ പറയുന്നു (ലേഖനം, 145). എന്നാൽ വളരെ കുറച്ചു കൃതികളേ നമുക്കു ലഭിച്ചിട്ടുള്ളു. അവയിൽ നിന്ന് അദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യം നമുക്കു ഗ്രഹിക്കാനാവും. ക്ലാസിക്കൽ സാഹിത്യത്തിൽ അദ്ദേഹം നിപുണനായിരുന്നു. നിരവധി ഗ്രീക്ക് സാഹിത്യകാരന്മാരുടെ കൃതികൾ അദ്ദേഹം വായിച്ചിരുന്നു. മാതൃഭാഷയായ സുറിയാനിക്കു പുറമേ മറ്റു പല ഭാഷകളും അദ്ദേഹത്തിന് വശമായിരുന്നു. അദ്ദേഹം കൃതികൾ എഴുതിയത് ഗ്രീക്കിലാണ്. അദ്ദേഹത്തിന്റെ ഗ്രീക്ക് പൂർണവും ശൈലി വ്യക്തവും ഋജുവുമാണെന്ന് ഫോസിയസ് സാക്ഷിക്കുന്നു.

#### 1. ഭാഷ്യകൃതികൾ

തിയഡൊറെറ്റ് തന്റെ ഭാഷ്യകൃതികളിൽ അന്ത്യോക്യൻ ചിന്തയ്ക്കും അലക്സാണ്ഡ്രിയൻ ചിന്തയ്ക്കും ഇടയ്ക്ക് ഒരു മധ്യമാർഗം സ്വീകരിച്ചു. പല വേദപുസ്തക ഗ്രന്ഥങ്ങൾക്കും അദ്ദേഹം സമ്പൂർണഭാഷ്യം രചിച്ചു. കൂടാതെ പ്രയാസമുള്ള ഭാഗങ്ങളെ ആധാരമാക്കി ചോദ്യോത്തര രീതിയിൽ പ്രതിപാദനങ്ങളും എഴുതി.

(1) അഷ്ടഗ്രന്ഥങ്ങളിലെ പ്രശ്നങ്ങൾ: ബൈബിളിലെ ആദ്യഗ്രന്ഥങ്ങളെ ആധാരമാക്കിയുള്ള ചോദ്യോത്തരങ്ങളാണ് അതിന്റെ ഉള്ളടക്കം. അതിന്റെ അനുബന്ധമായി ജോഷ്വാ, ന്യായാധിപന്മാർ, റൂത്ത് എന്നീ ഗ്രന്ഥങ്ങളെ ആധാരമാക്കിയുള്ള ചോദ്യോത്തരങ്ങളും കൊടുക്കുന്നു. ഹിപ്പാസ്യൂസ് എന്ന ''ഏറ്റവും പ്രിയ മകന്റെ'' അപേക്ഷയനുസരിച്ച് 453-നുശേഷം എഴുതിയതാണിത്. അനസ്താസ്യൂസും ഫോസിയസും ഇത് ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്.

(2) രാജാക്കന്മാർ, ദിനവൃത്താന്തം എന്നിവയിലെ പ്രശ്നങ്ങൾ: മുൻകൃതിയുടെ തുടർച്ചയാണിത്. ചോദ്യോത്തര രീതിയിലാണ് രാജാക്കന്മാരുടെ പുസ്തകത്തിന്റെ പ്രതിപാദനം. എന്നാൽ ദിനവൃത്താന്തം തുടർച്ചയായ വിവരണമാണ്.

(3) സങ്കീർത്തനഭാഷ്യം: സങ്കീർത്തനങ്ങളുടെ തുടർച്ചയായ ഒരു ഭാഷ്യമാണിത്. നിരവധി സങ്കീർത്തനഭാഷ്യങ്ങൾ താൻ വായിച്ചിട്ടുണ്ടെന്ന് ആമുഖത്തിൽ അദ്ദേഹം പറയുന്നു. ചിലത് തികച്ചും രൂപകാർഥ പ്രതിപാദനമാണ്. ചിലത് കഴിഞ്ഞകാല സംഭവങ്ങളായി മെസയാനിക സങ്കീർത്തനങ്ങൾ അവതരിപ്പിക്കുന്നു. യൂദഭാഷ്യങ്ങൾ ഇത്തരത്തിൽ പെട്ടവയാണ്. ഇങ്ങനെയുള്ള അതിരുകടന്ന രീതികൾ മാറ്റി ഒരു മധ്യമാർഗം സ്വീകരിച്ച് ഒരുത്തമ ഭാഷ്യം രചിക്കാനാണ് അദ്ദേഹം ഉദ്യമിച്ചത്. ചരിത്രപരമായവ ചരിത്രപരമായി കാണുക, മെസയാനിക സങ്കീർത്തനങ്ങൾ ആ രീതിയിൽ കാണുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പദ്ധതി. 441-നും 449-നും ഇടയ്ക്കായിരിക്കാം ഈ ഭാഷ്യം രചിച്ചത് .

(4) ഉത്തമഗീതഭാഷ്യം: ഇതൊരാദ്യകാല കൃതിയാണ്. ജർമനീഷ്യ മെത്രാൻ യോഹന്നാന്റെ താൽപര്യപ്രകാരമാണ് ഇതു രചിച്ചത്. സ്ത്രീപുരുഷ സ്നേഹത്തെ പറ്റിയാണ് ഗ്രന്ഥം ചർച്ച ചെയ്യുന്നതെന്ന വീക്ഷണം തള്ളിക്കളഞ്ഞ്, ഗ്രന്ഥത്തിന്റെ ആന്തരികാർഥത്തിലേക്ക് അദ്ദേഹം വിരൽ ചൂണ്ടുന്നു. ഇതിൽ ഒരിജന്റെ ഭാഷ്യരീതി അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്. ക്രിസ്തു വരനും സഭ വധുവും എന്നതാണ് ഉത്തമഗീതത്തിന്റെ സഭാത്മകാർഥം.

(5) ദാനിയേൽ ഭാഷ്യം: യൂദവിരുദ്ധചിന്താരീതി ഈ കൃതിയിൽ ദൃശ്യമാണ്. പ്രവാചകന്മാരുടെ കൂട്ടത്തിൽ നിന്ന് ഇതിനെ മാറ്റി നിർത്തുന്ന രീതി അദ്ദേഹം നിരാകരിക്കുന്നു. ഈ ഭാഷ്യത്തിൽ സൂസന്നായുടെ കഥയും ബാലിന്റെയും സർപ്പത്തിന്റെയും വിവരണവും അദ്ദേഹം ചേർത്തിട്ടില്ല. പ്രവാചക

ഭാഷ്യങ്ങളിൽ ആദ്യത്തേതാണ് ഇതെന്ന് സങ്കീർത്തന ഭാഷ്യത്തിന്റെ ആമുഖത്തിൽ പറയുന്നു.

(6) എസക്കിയേൽ ഭാഷ്യം. (7) പന്ത്രണ്ട് ചെറിയ പ്രവാചകന്മാരുടെ ഭാഷ്യം. (8) ഏശായാഭാഷ്യം. (9) ജറമിയാഭാഷ്യം എന്നിങ്ങനെ പ്രവാചക ഗ്രന്ഥങ്ങൾക്കെല്ലാം അദ്ദേഹം ഭാഷ്യമെഴുതി.

(10) പൗലോസിന്റെ പതിന്നാല് ലേഖനങ്ങളുടെ ഭാഷ്യം: അദ്ദേഹത്തിന്റെ ഒരു പിൽക്കാല കൃതിയാണിത്. പുതിയ നിയമ ഭാഷ്യകൃതികളിൽ ഇതു മാത്രമേ അവശേഷിച്ചിട്ടുള്ളു.

**2. അപ്പോളജെറ്റിക്കൽ കൃതികൾ**

(1) പേഗൻ രോഗങ്ങൾക്കുള്ള പ്രതിവിധി അഥവാ സുവിശേഷസത്യം ഗ്രീക്ക് തത്വശാസ്ത്രത്തിൽ നിന്ന് തെളിയിക്കപ്പെടുന്നു- ഇതാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അപ്പോളജെറ്റിക്കൽ കൃതി. സഭാപിതാക്കന്മാരടെ കാലത്തെ അവസാനത്തെ അപ്പോളജിയായി ഇതിനെ കണക്കാക്കാം. ഇത്തരം കൃതികളിൽ ഏറ്റവും മനോഹരമാണിത് എന്നാണ് പണ്ഡിതാഭിപ്രായം. അടിസ്ഥാനപ്രശ്നങ്ങളെ സംബന്ധിച്ച് ക്രിസ്തുമതവും പേഗനിസവും നൽകുന്ന ഉത്തരം പന്ത്രണ്ട് പ്രബന്ധങ്ങളിലായി നിരത്തിവച്ച്, സുവിശേഷത്തിന്റെ ഔന്നത്യം വരച്ചുകാട്ടാൻ അദ്ദേഹം ശ്രമിക്കുന്നു. അദ്ദേഹത്തിന്റെ ക്ലാസിക്കൽ സാഹിത്യത്തിലുള്ള അറിവ് ഇതിൽ പ്രകടമാണ്. നൂറിലേറെ പേഗൻ താത്വികരെ അദ്ദേഹം ഉദ്ധരിക്കുന്നു. അതുപോലെ സഭാസാഹിത്യകാരിൽ നിന്ന് നിരവധി ഉദ്ധരണികളുമുണ്ട്. ക്ലെമെന്റിന്റെ സ്ട്രോമാറ്റ, എവുസേബിയസിന്റെ സുവിശേഷത്തിനൊരുക്കം എന്നിവയിൽ നിന്ന് 340 ഉദ്ധരണികളുണ്ട്. ഇത് എഴുതിയത് എന്നാണെന്ന് കൃത്യമായി പറയാൻ പ്രയാസമാണ്: 423, 437 എന്നീ വർഷങ്ങൾ ചിലർ നിർദേശിക്കുന്നു. 449-നു മുമ്പ് എഴുതപ്പെട്ടു എന്നു ഖണ്ഡിതമായി പറയാം.

(2) ദൈവപരിപാലന: ദൈവപരിപാലന സംബന്ധിച്ചുള്ള പത്ത് പ്രതിപാദനങ്ങളാണ് ഇതിന്റെ ഉള്ളടക്കം. അന്ത്യോക്യയിൽ വച്ച് ഒരു പണ്ഡിത സദസിൽ ചെയ്ത പ്രസംഗങ്ങളാണവ. അദ്ദേഹത്തിന്റെ വാചാലതയും ശൈലിയും ഇവ പ്രസ്പഷ്ടമാക്കുന്നു. ആദ്യത്തെ അഞ്ചെണ്ണം സ്വാഭാവിക ക്രമീകരണത്തിൽ നിന്നും ബാക്കിയുള്ളവ ധാർമിക ക്രമീകരണത്തിൽ നിന്നും ദൈവപരിപാലന തെളിയിക്കുന്നു. ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹത്തിന്റെ ഏറ്റവും ഉത്തമവും ശ്രേഷ്ഠവുമായ ദൃഷ്ടാന്തമായി രക്ഷകന്റെ തിരുഅവതാരം ചൂണ്ടിക്കാണിക്കുന്നു. 431-നും 435-നും ഇടയ്ക്കായിരിക്കാം ഈ പ്രസംഗങ്ങൾ നടന്നത്.

(3) പേർഷ്യൻ മാന്ത്രികർക്കെതിരെ: തിയഡൊറെറ്റ് ഈ കൃതിയെപ്പറ്റി



മറ്റ് കൃതികളിൽ നൽകുന്ന പരാമർശമൊഴിച്ച് മറ്റൊന്നും നമുക്കറിയില്ല. പേർഷ്യൻ രാജാക്കന്മാർ മാന്ത്രികരുടെ പ്രേരണയാൽ ക്രിസ്ത്യാനികളെ പീഡിപ്പിച്ചതിന് മാന്ത്രികരെ കുറ്റപ്പെടുത്തുന്നു.

(4) യൂദന്മാർക്കെതിരെ: 431-ന് മുമ്പ് എഴുതിയ ഈ കൃതിയും നമുക്കു ലഭിച്ചിട്ടില്ല. പ്രവാചകന്മാർ ക്രിസ്തുവിനെപ്പറ്റി പ്രവചിച്ചു എന്നു കാണിക്കുകയാണ് ഇതിന്റെ ലക്ഷ്യം എന്ന് 145-ാം കത്ത് സൂചിപ്പിക്കുന്നു.

**3. ഡോഗ്മാറ്റിക് - താർക്കിക കൃതികൾ**

(1) സിറിലിന്റെ പന്ത്രണ്ട് ശാപങ്ങളുടെ ഖണ്ഡനം

നെസ്തോറിയസിനെതിരെ സിറിൽ പന്ത്രണ്ട് ശാപങ്ങൾ ഉൾക്കൊള്ളുന്ന ഒരു രേഖ അയച്ചു കൊടുത്തപ്പോൾ അന്ത്യോക്യൻ സഭയിൽ പെട്ട പലരും അതിന് ഖണ്ഡനം എഴുതി. അക്കൂട്ടത്തിൽ തിയഡൊറെറ്റും 431-ൽ ഒരെണ്ണം എഴുതി. അതിൽ അന്ത്യോക്യൻ ചിന്താരീതി വരച്ചുകാട്ടി, നെസ്തോറിയസിന്റെ ശൈലീപ്രയോഗങ്ങളെ ന്യായീകരിക്കുന്നു. ഈ കൃതി സിറിലിൽ പാഷണ്ഡത ആരോപിച്ചതിനാൽ, 553-ലെ സിനഡ് ഇതിനെ ശപിച്ചുതള്ളി. അക്കാരണത്താൽ ഇത് നഷ്ടപ്പെടാൻ ഇടയായി. എന്നാൽ സിറിൽ ഇതിനെഴുതിയ മറുപടിയിൽ നിന്ന് ഇതിന്റെ മിക്ക ഭാഗങ്ങളും ലഭ്യമാണ്.

(2) പെന്റാലോഗിയം: സിറിലിനും എഫേസോസ് സിനഡിനും എതിരായി 431-ൽ തിയഡൊറെറ്റ് അഞ്ചു പുസ്തകങ്ങളിലായി എഴുതിയ കൃതിയും 553-ലെ സിനഡ് നിരാകരിക്കുകയും നശിപ്പിക്കുകയും ചെയ്തു. പേരെടുത്തു പറയാതെ ഫോസിയസ് ഇതിൽ നിന്ന് ഉദ്ധരിക്കുന്നു (ബിബ്ലി.കോ.46). അങ്ങനെ കുറേ ഭാഗങ്ങൾ കൈവന്നിട്ടുണ്ട്.

(3) ത്രിത്വം, തിരുഅവതാരം എന്നിവയെ കുറിച്ച്: സിറിലിന്റെ പേരിലാണ് ഈ രണ്ട് പുസ്തകങ്ങൾ കിട്ടിയിരിക്കുന്നത്. അപ്പൊള്ളിനാരിയർക്കെതിരെ സത്യവിശ്വാസം വരച്ചു കാട്ടുകയാണ് ലക്ഷ്യം. എന്നാൽ അതോടൊപ്പം സിറിലിനെയും സിറിലിന്റെ സിനഡിൽ പങ്കെടുത്തവരെയും കുറ്റപ്പെടുത്തുന്നു. ദൈവമാതാവ് എന്ന പേരിനോടൊപ്പം മനുഷ്യമാതാവ് എന്ന പേരും മറിയത്തിന് ചേരുന്നതാണെന്ന് ഗ്രന്ഥത്തിന്റെ അവസാന ഭാഗത്തു കാണാം.

(4) എരാനിസ്തെസ് (യാചകൻ): അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ഡോഗ്മാറ്റിക് കൃതിയാണിത്. ഏകസ്വഭാവവാദികൾക്കെതിരായി 447-ൽ നാലു ഭാഗങ്ങളായി എഴുതപ്പെട്ട ക്രിസ്തുശാസ്ത്ര കൃതിയാണിത്. ക്ഷുദ്രക്കാരൻ ശീമോൻ, ചെർദോ, മാർസിയൻ, വലന്റീനസ്, ബർദൈസാൻ, അപ്പൊള്ളിനാരിസ്, ആരിയസ്, എവുണോമിയസ് എന്നിവരുടെ അബദ്ധോപദേശങ്ങളിൽ നിന്ന് ഇരന്നെടുത്തിട്ടുള്ളതാണ് ഏകസ്വഭാവവാദം എന്നത്രേ ഗ്രന്ഥകാരന്റെ ചിന്ത. ആമുഖത്തിൽ തന്റെ തലക്കെട്ടിനെ അദ്ദേഹം ന്യായീകരി

ക്കുന്നു. ഒരു സത്യവിശ്വാസിയും യാചകനായ ഏകസ്വഭാവവാദിയും തമ്മിലുള്ള സംഭാഷണ രൂപത്തിലാണ് കൃതി. ക്രിസ്തുവിന്റെ മാറ്റമില്ലാത്ത ദൈവ സ്വഭാവം, ഇരുസ്വഭാവങ്ങളും തമ്മിൽ കൂടിക്കലരാതിരിക്കൽ, സഹനാതീത മായ ദൈവസ്വഭാവം എന്നിവ ചർച്ച ചെയ്യുന്നു. 88 പിതാക്കന്മാരിൽ നിന്നുള്ള 238 ഭാഗങ്ങൾ അദ്ദേഹം ഉദ്ധരിക്കുന്നു.

(5) സത്യവിശ്വാസ പ്രകാശനം: വി. ജസ്റ്റിന്റെ പേരിലാണ് ഈ കൃതി അറിയപ്പെട്ടിരുന്നത്. എന്നാൽ ലെബോൻ എന്ന പണ്ഡിതൻ ഇത് തിയ ഡൊറെറ്റിന്റേതായി തെളിയിച്ചിട്ടുണ്ട്. ആ രീതിയിൽ അന്ത്യോക്യയിലെ സെവേരൂസ് ഇതിൽ നിന്നുദ്ധരിക്കുന്നു.

(6) സത്യവിശ്വാസികൾക്കുള്ള ചോദ്യോത്തരങ്ങൾ: ജസ്റ്റിന്റെ പേരിൽ പ്രചരിച്ച ഈ കൃതി ചരിത്രപരവും താത്വികവും ധാർമികവും വ്യാഖ്യാന പരവുമായ നിരവധി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു.

(7) നമ്മുടെ കർത്താവേശുക്രിസ്തു എന്ന ഏകപുത്രൻ മാത്രം. - ഇ വയ്ക്കുപുറമേ മറ്റു പല കൃതികളും അദ്ദേഹത്തിന്റേതായി അറിയപ്പെടുന്നെ ങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല.

**4. ചരിത്രകൃതികൾ**

(1) സന്യാസചരിത്രം : ഇതാണ് അദ്ദേഹത്തിന്റെ ആദ്യത്തെ ചരിത്ര ഗ്രന്ഥം. 30 അധ്യായങ്ങളിലായി 28 പുരുഷന്മാരുടെയും മൂന്ന് സ്ത്രീകളു ടെയും ജീവിതം വരച്ചുകാട്ടുന്നു. അവരിൽ മിക്കവരും അന്ത്യോക്യയുടെ സമീപപ്രദേശങ്ങളിൽ ജീവിച്ചിരുന്നവരും തിയഡൊറെറ്റിന്റെ പരിചയക്കാ രുമായിരുന്നു. നിത്യസമ്മാനം പ്രാപിക്കാൻ കടന്നുപോയ യോദ്ധാക്കളെപ്പറ്റി ആദ്യത്തെ 20 അധ്യായങ്ങൾ ചർച്ച ചെയ്യുന്നു. ഇപ്പോഴും പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ പറ്റിയാണ് ശേഷിച്ചവ. അവരിൽ ശെമയോൻ ദെസ്തൂനിയും ഉൾപ്പെടുന്നു. 14-25 അധ്യായങ്ങൾ സൈറസ് രൂപതയിലെ സന്യാസികളെ പറ്റിയാണ്. പല്ലാഡിയസിന്റെ സന്യാസചരിത്രവുമായി ഇതിനെ താര തമ്യപ്പെടുത്താം. ഗ്രന്ഥത്തിന്റെ അവസാനം "ദിവ്യവും പരിശുദ്ധവുമായ സ്നേഹത്തെപ്പറ്റിയുള്ള പ്രസംഗം" എന്നൊരു പ്രതിപാദനം അനുബന്ധമായി അദ്ദേഹം ചേർത്തു. ദൈവസ്നേഹം മാത്രമാണ് സന്യാസികളുടെ ആയോ ധനത്തിൽ അവർക്ക് ശക്തി പകർന്നു കൊടുത്തതെന്ന് തെളിയിക്കുകയാണ് ഇതുവഴി. ഇത് വിരചിതമായത് 444-ലായിരിക്കാം.

(2) സഭാചരിത്രം : എവുസേബിയസ് അവസാനിപ്പിച്ചിടത്ത് തിയ ഡൊറെറ്റ് തുടങ്ങുന്നു. അതായത് ആരിയൻ തർക്കം മുതൽ (323) തിയ ഡോറിന്റെ മരണംവരെ (428). നെസ്തോറിയസ് 428-ൽ കോൺസ്റ്റാന്റിനോപ്പിളിൽ പാത്രിയർക്കീസായ കാര്യവും നെസ്തോറിയൻ തർക്കങ്ങളും പരാമർശിച്ചിട്ടില്ല. എന്നാൽ ആരിയൻ, അപ്പൊള്ളിനാരിയൻ പാഷണ്ഡതകൾക്കെ തിരെ സഭയുടെ വിജയം എടുത്തുകാട്ടുന്നു. ഈ സഭാചരിത്രത്തിലൂടെ പല അമൂല്യരേഖകളും നമുക്കു ലഭിച്ചിട്ടുണ്ട്. സൊക്രാട്ടസ്, സൊസോമൻ , റുഫീനസ് എന്നിവരുടെ സഭാചരിത്രങ്ങളെപ്പറ്റി അദ്ദേഹത്തിന് അറിവുണ്ടായിരു ന്നു. അപ്പമേയായിൽ 449/450 കാലയളവിൽ വിപ്രവാസത്തിൽ കഴിഞ്ഞ പ്പോളാണ് അദ്ദേഹം ഇത് പൂർത്തിയാക്കിയത്.



(3) പാഷണ്ഡതാചരിത്രം : അദ്ദേഹത്തിന്റെ അവസാനത്തെ ചരിത്ര ഗ്രന്ഥമാണിത്. അഞ്ചു ഗ്രന്ഥങ്ങളിലായി 453-ൽ അദ്ദേഹം ഇത് രചിച്ചു. ക്ഷുദ്ര ക്കാരൻ ശീമോൻ മുതൽ എവുത്തീക്കസ് വരെയുള്ള പാഷണ്ഡരെപ്പറ്റി ആദ്യത്തെ നാലു പുസ്തകങ്ങൾ ചർച്ചചെയ്യുന്നു. അഞ്ചാം പുസ്തകം സഭ യുടെ സത്യവിശ്വാസം വരച്ചുകാട്ടി, പാഷണ്ഡരുടെ കാപട്യം വെളിപ്പെ ടുത്തുന്നു. ജസ്റ്റിൻ, ഐറേനിയസ്, ക്ലെമെന്റ്, ഒരിജൻ, കേസറിയായിലെ എവുസേബിയസ്, എമേസയിലെ എവുസേബിയസ് തുടങ്ങിയവർ അദ്ദേ ഹത്തിന്റെ സ്രോതസുകളാണ്. ഐറേനിയസിന്റെ "പാഷണ്ഡതകൾക്കെ തിരെ" എന്ന കൃതിയുടെ ഒന്നാം പുസ്തകവും ഹിപ്പോളിറ്റസിന്റെ "ഫിലൊ സൊഫുമെന"എന്ന കൃതിയുടെ പത്താം പുസ്തകവും എവുസേബിയ സിന്റെ "സഭാചരിത്രവും" അദ്ദേഹം മുഖ്യമായി ആശ്രയിച്ചിട്ടുണ്ട്. ഫിലസൊ ഫുമെന ഒരിജന്റേതാണ് എന്നത്രേ അദ്ദേഹം കരുതിയിരുന്നത്. എപ്പിഫാനി യസിന്റെ "പനാരിയോൻ" അദ്ദേഹത്തിന് അജ്ഞാതമായിരുന്നു എന്നു തോന്നുന്നു.

**5. പ്രസംഗങ്ങളും കത്തുകളും**

അദ്ദേഹത്തിന്റെ നിരവധി പ്രസംഗങ്ങളിൽ കുറച്ചു മാത്രമേ ലഭിച്ചിട്ടു ള്ളു. പൊതു സിനഡുകളിൽ അദ്ദേഹം ചെയ്ത പ്രസംഗങ്ങൾ നടപടിക ളിൽ ചേർത്തിട്ടുണ്ട്. ജോൺ ക്രിസൊസ്തോമിനെപ്പറ്റി അഞ്ചു പ്രസംഗങ്ങൾ നടത്തിയെന്ന് ഫോസിയസ് പറയുന്നു. അദ്ദേഹത്തിന്റെ 500-ലേറെ കത്തു കൾ വായിച്ചിട്ടുണ്ടെന്ന് 14-ാം നൂറ്റാണ്ടിൽ നിസെഫോറുസ് രേഖപ്പെടുത്തു ന്നു. അവയിൽ ഏതാണ്ട് പകുതിയോളം കൈവന്നിട്ടുണ്ട്. 5-ാം നൂറ്റാണ്ടിലെ സഭാചരിത്രപഠനത്തിന് അവ സഹായകമാണ്.

അധ്യായം 23

# വി.തെയോഫിലസ് (385–412)

അത്തനാസ്യോസിന്റെ മൂന്നാമത്തെ പിൻഗാമിയും സിറിലിന്റെ മാതൃ സഹോദരനും മുൻഗാമിയുമായിരുന്നു തെയോഫിലസ്. അക്കാലത്തെ പല രാഷ്ട്രീയ-മതാത്മക പ്രശ്നങ്ങളിലും തലയിട്ട് വിജയകരമായി തലയൂരിപ്പോരാൻ അദ്ദേഹത്തിനു സാധിച്ചു. മൂന്നു സംഭവങ്ങൾ അദ്ദേഹത്തിന്റെ കാലത്ത് ഈജിപ്തിൽ നടന്നു. (1) ഈജിപ്തിൽ പേഗനിസത്തിന്റെ മരണമണി: ഈജിപ്തിൽ അവശേഷിച്ചിരുന്ന പേഗനിസത്തെ ചക്രവർത്തിയുടെ അനുവാദത്തോടു കൂടെ തുടച്ചു മാറ്റാൻ 391-ൽ അദ്ദേഹം ശ്രമം നടത്തി. വിജാതിയരുടെ നിരവധി ആരാധനാലയങ്ങൾ തകർക്കപ്പെട്ടു. അവയിൽ സറാപെവും മിത്രെവും ദിയനീസോസും ഉൾപ്പെടുന്നു. അതിനു പകരം അലക്സാണ്ട്രിയായിൽ ഉടനീളം വലിയ ക്രൈസ്തവ ദേവാലയങ്ങൾ ഉയർന്നു. (2) ഒരിജന്റെ പേരിലുള്ള വാഗ്വാദം: തെയോഫിലസ് 399 വരെ ഒരിജന്റെ ആരാധകനായിരുന്നു; ഒരിജന്റെ ആരാധകനായിരുന്ന ജറുസലേമിലെ ജോണിന്റെ സ്നേഹിതനുമായിരുന്നു. കുറേ കഴിഞ്ഞപ്പോൾ ഒരിജനെതിരെ തിരിഞ്ഞു. 401-ലെ അലക്സാണ്ട്രിയൻ സിനഡ് ഒരിജനിസത്തെ ശപിച്ചു എന്ന് സൊക്രാട്ടസും സൊസോമനും സാക്ഷിക്കുന്നു (സഭാ.6,75;സഭാ.8,11). നിത്രിയൻ മരുഭൂമിയിൽ ഒരിജന്റെ നിരവധി ആരാധകരുണ്ടായിരുന്നു. അവരുടെ മേൽ അക്കാലത്ത് ചിലർ ആക്രമണം അഴിച്ചുവിട്ടു. ദിയോസ്കോറസ്, അമ്മോൻ, എവുസേബിയസ്, എവുതീമിയസ് എന്നിങ്ങനെ നാല് സഹോദരന്മാർ ആക്രമണവിധേയരായി. തെയോഫിലസിന് ആക്രമണകാരികളെ തടയാൻ കഴിഞ്ഞില്ലെന്നു പറയപ്പെടുന്നു. (3) വി. ജോൺ ക്രിസൊസ്തോമിന്റെ സ്ഥാനഭ്രംശവും വിപ്രവാസവും: ക്രിസൊസ്തോമിനെ സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തിയ ഓക്ക് സിനഡിൽ (403) തെയോഫിലസും പങ്കെടുത്തു.

പല്ലാഡിയുസ്, അർനോബിയസ്, തിയഡൊറെറ്റ്, ലെയോ മാർപാപ്പാ, വിജിലിയൂസ് തുടങ്ങിയവർ തെയോഫിലസിനെ മഹാനായും സഭാപിതാ



വായും കരുതുന്നു. സന്യാസികളുടെ ഇടയിൽ അദ്ദേഹത്തിന് വലിയ സ്ഥാനമായിരുന്നു. കോപ്റ്റിക് സഭ ഒക്ടോബറിൽ 15-നും സിറിയൻ സഭ ഒക്ടോബർ 17-നും അദ്ദേഹത്തിന്റെ ഓർമ കൊണ്ടാടുന്നു.

തെയോഫിലസ് ഒരു വലിയ എഴുത്തുകാരനായിരുന്നു. തിയഡൊറെറ്റ്, ലെയോ, ജലാസ്യൂസ്, ജന്നാഡിയൂസ് എന്നിവർ ഇതേപ്പറ്റി സംസാരിക്കുന്നു. പക്ഷേ വളരെ കുറച്ച് കൃതികളേ നമുക്ക് കിട്ടിയിട്ടുള്ളു. 380 മുതൽ 479 വരെയുള്ള ഉയർപ്പു തിരുനാൾ കാണിക്കുന്ന ഒരു പഞ്ചാംഗം (*പാസ്കൽ കാനൻ*) അദ്ദേഹം ഉണ്ടാക്കി. 388-ൽ അത് തിയോഡോഷ്യസ് ചക്രവർത്തിക്കു കൊടുത്തു. എന്നാൽ ചക്രവർത്തി ആ കലണ്ടർ സ്വീകരിച്ചില്ല. അതിന്റെ ആമുഖം മാത്രമേ ലഭിച്ചിട്ടുള്ളു. തെയോഫിലസ് നിരവധി കത്തുകൾ എഴുതിയെങ്കിലും വളരെക്കുറച്ച്, അതും ജറോമിന്റെ ലത്തീൻ വിവർത്തനത്തിലൂടെ മാത്രമേ കിട്ടിയിട്ടുള്ളു.

അലക്സാണ്ഡ്രിയൻ പതിവനുസരിച്ച് തെയോഫിലസും പാസ്ക്കൽ കത്തുകൾ അയച്ചിരുന്നു. കുറഞ്ഞത് 26 എണ്ണമുണ്ട്. ജറോമിന്റെ ലത്തീൻ വിവർത്തനത്തിൽ അവയിൽ മൂന്നെണ്ണം മാത്രം ശേഷിക്കുന്നു. ഈ ലേഖനങ്ങൾ 401, 402, 404 എന്നീ വർഷങ്ങളിലേതാണ്. ഒരിജൻ, അപ്പൊള്ളിനാരിസ് എന്നിവർക്കെതിരാണ് ഈ ലേഖനങ്ങൾ. മറ്റു പാസ്ക്കൽ ലേഖനങ്ങളെപ്പറ്റി പലരും പരാമർശിക്കുന്നു. ചിലർ അതിൽ നിന്ന് ഉദ്ധരിക്കുന്നു. എന്നാൽ മിക്കതും നഷ്ടപ്പെട്ടു. നിരവധി പ്രഭാഷണങ്ങളുടെയും കർത്താവാണ് അദ്ദേഹം. എന്നാൽ പലതിന്റെയും പേര് മാത്രമേ നമുക്കറിയൂ.

അധ്യായം 24

# വി.സിറിൽ (378-444)

തെയോഫിലസ് 412 ഒക്ടോബർ 15-ന് മരിച്ചപ്പോൾ തിമോതി എന്ന ആർച്ചുഡീക്കനെ പാത്രിയർക്കീസായി അവരോധിക്കാനായിരുന്നു രാഷ്ട്രീയാധികാരികളുടെ പദ്ധതി. എന്നാൽ രണ്ടു ദിവസത്തിനകം തെയോഫിലസിന്റെ അനന്തിരവനായ സിറിൽ (കൂറില്ലോസ്) തിരഞ്ഞെടുക്കപ്പെടുകയും ആ സ്ഥാനത്ത് അവരോധിക്കപ്പെടുകയും ചെയ്തു.

അലക്സാണ്ട്രിയായിൽ ജനിച്ചു വളർന്ന സിറിൽ ഈജിപ്തിലെ സന്യാസികളുടെ കൂടെ കുറേനാൾ താമസിച്ചു എന്ന ധാരണ വി. ഇസിദോറിന്റെ കത്തുകൾ പരത്തുന്നുണ്ട്. എന്നാൽ അന്ത്യോക്യയിലെ സെവേരൂസ് ഈ കത്തുകളുടെ വാസ്തവികതയെപ്പറ്റി സംശയം പ്രകടിപ്പിക്കുന്നു. സിറിലാകട്ടെ തന്റെ കൃതികളിലൊന്നും സന്യാസികളുമായി തനിക്കുള്ള ബന്ധത്തെപ്പറ്റി പറയുന്നില്ല.

നെസ്തോറിയസിനെതിരെയുള്ള പ്രവർത്തനങ്ങളിലൂടെയാണ് (428) സിറിൽ കൂടുതൽ അറിയപ്പെടാൻ തുടങ്ങിയത്. അന്ത്യോക്യൻ ക്രിസ്തുശാസ്ത്രം നെസ്തോറിയസിന്റെ പ്രസംഗങ്ങളിലൂടെ പുറത്തു വന്നപ്പോൾ പലർക്കും ഗ്രഹിക്കാൻ വിഷമം തോന്നി. സിറിൽ 429-ലെ ഒരു ഇടയ ലേഖനത്തിൽ നെസ്തോറിയസിന്റെ സംസാര രീതിയെ അപലപിക്കുകയും അദ്ദേഹത്തെ കുറ്റപ്പെടുത്തുകയും ചെയ്തു. സിറിൽ അലക്സാണ്ട്രിയായിലെ സന്യാസികൾക്ക് തത്സംബന്ധമായി അതോടൊപ്പം ഒരു നീണ്ടലേഖനം എഴുതി. സിറിലും നെസ്തോറിയസും പരസ്പരം കത്തുകൾ കൈമാറി. രണ്ടു പേരും റോമിലെ സെലസ്റ്റിൻ പാപ്പായ്ക്ക് കത്തുകളെഴുതി. റോമിൽ 430 ആഗസ്റ്റിൽ കൂടിയ സിനഡ് നെസ്തോറിയൻ വീക്ഷണങ്ങളും ചർച്ചാരീതികളും അസ്വീകാര്യങ്ങളെന്നു വിധിച്ചു. സിറിലിന്റെ വീക്ഷണം മാർപാപ്പാ സ്വീകരിച്ചു. ഈ തർക്കത്തിൽ പ്രശ്നം കൈകാര്യം ചെയ്യാൻ ഇരുകക്ഷികളിലൊരാളായ സിറിലിനെ തന്നെ ചുമതലപ്പെടുത്തി. സിറിലാകട്ടെ തന്റെ



കത്തിന്റെ കൂടെ പത്ത് ശാപങ്ങൾ (*anathema*) ചേർത്ത് നെസ്തോറിയസിന് അയച്ചു. പത്തു ദിവസങ്ങൾക്കകം തെറ്റായ പ്രസ്താവനകൾ പിൻവലിക്കാത്തപക്ഷം സ്ഥാനഭ്രഷ്ടനാക്കുകയും മഹറോൻ ചൊല്ലുകയും ചെയ്യുമെന്ന് സിറിൽ നെസ്തോറിയസിനെ അറിയിച്ചു. പ്രശ്നം സങ്കീർണമായതിനാൽ 431-ൽ തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തി പെന്തിക്കോസ്തി ദിവസം എഫേസോസിൽ ഒരു സിനഡ് വിളിച്ചുകൂട്ടി. സമ്മേളനത്തിൽ (ജൂൺ 22, 431) സിറിൽ തന്നെ ആധ്യക്ഷ്യം വഹിച്ചു. നെസ്തോറിയസിനെ സ്ഥാനഭ്രഷ്ടനാക്കി, സഭയിൽ നിന്ന് പുറത്താക്കി. സിറിലിന്റെ പത്തു ശാപങ്ങൾ ഔദ്യോഗിക രേഖയായി അംഗീകരിച്ചു. നെസ്തോറിയസിന്റെ ക്രിസ്തുശാസ്ത്ര തത്വങ്ങൾ തള്ളിക്കളഞ്ഞു. ദൈവമാതാവ് (*തെയൊതോകൊസ്*) എന്ന പദപ്രയോഗം അംഗീകരിച്ചു.

നാലുദിവസം കഴിഞ്ഞ് അന്ത്യോക്യയിലെ ജോൺ പൗരസ്ത്യ പ്രവിശ്യയിലെ (*Oriens*) മെത്രാന്മാരോടൊത്ത് സ്ഥലത്തെത്തി. മറ്റൊരു മീറ്റിംഗ് കൂടി സിറിലിനെ സ്ഥാനഭ്രഷ്ടനാക്കുകയും സഭയ്ക്കു പുറത്താക്കുകയും ചെയ്തു. ചക്രവർത്തി സിറിലിനെയും നെസ്തോറിയസിനെയും ജയിലിലടച്ചു. കുറെ ദിവസങ്ങൾക്കുശേഷം സിറിൽ ജയിൽ വിമുക്തനായി. ഒക്ടോബർ 30-ന് രണ്ടാം അത്തനാസ്യോസായി അലക്സാണ്ട്രിയായിൽ സ്വീകരിക്കപ്പെട്ടു. നെസ്തോറിയസിനെ അന്ത്യോക്യയിലെ ആശ്രമത്തിലേക്ക് അയച്ചു. അന്ത്യോക്യയും അലക്സാണ്ട്രിയയും തമ്മിലുള്ള പിണക്കം 433 വരെ തുടർന്നു. അവസാനം അന്ത്യോക്യയിലെ ജോൺ, നെസ്തോറിയസിന്റെ മുടക്ക് അംഗീകരിച്ചു. സൈറസിലെ തിയഡൊറെറ്റ് ഉണ്ടാക്കിയതും പൗരസ്ത്യർ അംഗീകരിച്ചതുമായ ഫോർമുല സിറിൽ സ്വീകരിച്ചു. അതിൽ മറിയത്തിന്റെ ദൈവമാതൃത്വം സ്പഷ്ടമാക്കിയിരുന്നു. 444 ജൂൺ 27-ന് അദ്ദേഹം മരിച്ചു.

### കൃതികൾ

ആദ്യകാല ക്രിസ്തീയസഭയിലെ ഒരതികായനാണ് സിറിൽ. കൃതികളിൽ ധാരാളം നഷ്ടപ്പെട്ടെങ്കിലും മീഞ്ഞിന്റെ (J.P.Migne) പത്ത് വാല്യങ്ങൾ സിറിലിന്റെ കൃതികളാണ് (*PG*. 68-77). ചില കൃതികളുടെ വിവർത്തനങ്ങൾ അദ്ദേഹത്തിന്റെ ജീവിത കാലത്തുതന്നെ ഉണ്ടായി. മാരിയൂസ് മെർകാതോർ ലത്തീനിലും എഡേസ്സയിലെ റാബുള സുറിയാനിയിലും ചില കൃതികൾ വിവർത്തനം ചെയ്തു. അർമേനിയൻ, എത്യോപ്യൻ, അറബി വിവർത്തനങ്ങളും പിൽക്കാലത്തുണ്ടായി. ഗ്രീക്കിൽ ഇല്ലാത്ത പല കൃതികളും ഈ വിവർത്തനങ്ങളിൽ നിന്നാണ് കിട്ടിയിട്ടുള്ളത്. അഗാധമായ ചിന്താശക്തിയുടെ ഉടമയായിരുന്നു അദ്ദേഹം. ആശയവ്യക്തത സിറിലിന്റെ പ്രത്യേകതയാണ്. ആരിയനിസത്തിനെതിരെയുള്ള അത്തനേഷ്യൻ സമരത്തിന്റെ തുടർച്ചയായിരുന്നു 428 വരെയുള്ള കാലഘട്ടം. ഈ കാലത്ത് അദ്ദേഹം പല ഭാഷ്യകൃ

തികളും എഴുതിയിട്ടുണ്ട്. എന്നാൽ 428-നു ശേഷം നെസ്തോറിയസിനെ തിരെയുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം സർവശ്രദ്ധയും കേന്ദ്രീകരിച്ചു. ഭാഷ്യകൃതികളിൽ അലക്സാണ്ഡ്രിയൻ രീതി തന്നെയാണ് അദ്ദേഹം പിൻതുടരുന്നത്. എന്നാൽ പഴയനിയമത്തിലെ എല്ലാ കാര്യങ്ങൾക്കും ആന്തരികാർഥം കൊടുക്കുന്ന ഒരിജന്റെ വീക്ഷണം അപ്പാടെ സ്വീകരിച്ചില്ല. പുതിയനിയമ ഭാഷ്യങ്ങൾ കൂടുതൽ വാച്യാർഥ പ്രധാനമാണ്.

**1. പഴയനിയമഭാഷ്യങ്ങൾ**

(1) ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നതു സംബന്ധിച്ച് 17 പുസ്തകങ്ങൾ (പഞ്ചഗ്രന്ഥഭാഷ്യം): സിറിലും പല്ലാഡിയുസും തമ്മിലുള്ള സംഭാഷണമായിട്ടാണിത് എഴുതിയിരിക്കുന്നത്. പഴയനിയമത്തിന് രൂപകാർഥം നൽകാൻ അദ്ദേഹം ശ്രദ്ധിക്കുന്നു. പ്രത്യേകം തെരഞ്ഞെടുത്ത പഞ്ചഗ്രന്ഥി ഭാഗങ്ങളുടെ ഭാഷ്യമാണിത്. പഴയനിയമത്തെ അക്ഷരത്തിൽ മാത്രമെ കർത്താവു നീക്കിയുള്ളു. ആന്തരാർഥത്തിൽ നിയമം ഇപ്പോഴും നിലനിൽക്കുന്നെന്ന് ഇതിൽ കാട്ടുന്നു. അരൂപിയിലുള്ള ആരാധനയുടെ മുൻകുറികളും സൂചനകളുമാണ് പഴയനിയമ സ്ഥാപനങ്ങളെന്നാണ് അദ്ദേഹത്തിന്റെ വാദം. മനുഷ്യകുലം എപ്രകാരം പാപദാസ്യത്തിൽ നിന്നും പിശാചിന്റെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കപ്പെട്ടെന്ന് ആദ്യഗ്രന്ഥം വിശദീകരിക്കുന്നു. രണ്ടും മൂന്നും പുസ്തകങ്ങളിൽ ക്രിസ്തുവിലൂടെയുള്ള നീതീകരണം, ദൈവസ്നേഹം, പരസ്നേഹം, പൗരോഹിത്യം, ദൈവാരാധന, യഹൂദരുടെ തിരുനാളുകൾ ആദിയായവ ചർച്ച ചെയ്യുന്നു. 412-നും 420-നും ഇടയ്ക്ക് ഇത് എഴുതപ്പെട്ടു.

(2) ഗ്ലഫീറാ: മേല്പറഞ്ഞ ഗ്രന്ഥത്തോട് അഭേദ്യം ബന്ധപ്പെട്ടതാണ് 13 പുസ്തകങ്ങളിലായി എഴുതപ്പെട്ട ഈ കൃതി. ആത്മാവിലുള്ള ആരാധനയുടെ അർഥം കുറേക്കൂടി വ്യക്തമാക്കുന്നു.

(3) പ്രവാചകഭാഷ്യം: പന്ത്രണ്ട് ചെറിയ പ്രവാചകന്മാർക്ക് സിറിൽ രചിച്ച ഭാഷ്യമാണ് ഉള്ളടക്കം.- മറ്റ് പല പഴയനിയമ ഗ്രന്ഥങ്ങൾക്കും അദ്ദേഹം ഭാഷ്യം ചമച്ചെങ്കിലും കത്തേനകളിലൂടെ ചില ശകലങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളു. രാജാക്കന്മാർ, സങ്കീർത്തനം, ഉത്തമഗീതം, സുഭാഷിതങ്ങൾ, ജറമിയ, എസക്കിയേൽ, ദാനിയേൽ എന്നിവയാണ് അപ്രകാരം കിട്ടിയിട്ടുള്ളവ.

**2. പുതിയ നിയമഭാഷ്യങ്ങൾ**

(1) യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം: താത്വികവും താർക്കികവുമായ ചായ്‌വാണ് ഇതിനുള്ളത്. പുത്രൻ പിതൃസത്തയിൽ നിന്നു തന്നെ ഉള്ളവനാണെന്നും പിതാവിനും പുത്രനും വ്യക്തിത്വമുണ്ടെന്നും സുവിശേഷത്തിൽ നിന്ന് തെളിയിക്കുന്നു. ആരിയസ്, എവുണോമിയസ് എന്നിവർക്കെതിരായും അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിന് എതിരായും 429-നു മുമ്പ് 12 പുസ്തകങ്ങളിലായി എഴുതിയതാണിത്.



(2) ലൂക്കാസുവിശേഷഭാഷ്യം: ലൂക്കായുടെ സുവിശേഷത്തെ ആധാരമാക്കിയുള്ള പ്രഭാഷണങ്ങളാണിതിൽ. പ്രായോഗിക കാര്യങ്ങളിലേക്കാണിത് വെളിച്ചം വീശുന്നത്. അദ്ദേഹം ഇത് രചിച്ചത് 430-നു ശേഷമായിരിക്കാം. ഗ്രീക്കിൽ മൂന്ന് പ്രഭാഷണങ്ങൾ പൂർണമായും മറ്റു ചിലത് ഭാഗികമായും ലഭിച്ചിട്ടുണ്ട്. എന്നാൽ സുറിയാനി വിവർത്തനത്തിൽ 156 പ്രഭാഷണങ്ങളുണ്ട്. നെസ്തോറിയൻ വിരുദ്ധചിന്താധാര ഇതിൽ വ്യക്തമാണ്.

(3) മത്തായിയുടെ സുവിശേഷത്തിന്റെ ഭാഷ്യം: ഇതിന്റെ ചില ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. ബിസാൻസ്യത്തിലെ ലെയോൺസ്യൂസും അന്ത്യോക്യയിലെ എഫ്രേമും ഇതേപ്പറ്റി പറയുന്നു.

(4) മറ്റുള്ളവ: റോമാലേഖനഭാഷ്യം, കൊറിന്തോസുകാർക്കെഴുതിയ ലേഖനങ്ങളുടെ ഭാഷ്യം, എബ്രായലേഖനഭാഷ്യം എന്നിവയുടെ ചില ശകലങ്ങൾ കത്തേനകളിലൂടെ ലഭിച്ചിട്ടുണ്ട്.

**3. ആരിയർക്കെതിരെയുള്ള കൃതികൾ**

(1) നിക്ഷേപം (*Thesaurus*): ഇതിൽ ത്രിത്വം സംബന്ധിച്ചുള്ള ആരിയൻ തടസവാദങ്ങളും അവയുടെ ഖണ്ഡനങ്ങളും കാണാം. തന്റെ ഗുരുവായ അത്തനാസ്യോസിന്റെ കാലടികളെ സിറിൽ ഇതിൽ പിൻതുടരുന്നു. കൃതിയുടെ മൂന്നിലൊരുഭാഗം അത്തനാസ്യോസിന്റെ *ആരിയർക്കെതിരെ (Contra Arianos)*എന്ന കൃതിയുടെ ആവർത്തനമാണ്. അതുപോലെ ദിദീമുസിന്റെ *എവുണോമിയുസിനെതിരെ* എന്ന കൃതിയും അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. സിറിലിന്റെ കൃതികളിലേറ്റവും കൂടുതൽ വ്യക്തത ഇതിനാണെന്ന് ഫോസിയസ് പറയുന്നു. അദ്ദേഹം 423-നും 425-നും ഇടയ്ക്ക് ഇതെഴുതി. അതിനു മുമ്പുതന്നെ (412)എഴുതി എന്നു പറയുന്നവരുമുണ്ട്.

(2) സമസത്തയായ പരിശുദ്ധ ത്രിത്വം *(De Sancta et Consubstantiali Trinitate):* ആദ്യത്തേത് എഴുതിയതിന് തൊട്ടുപിമ്പെയാണ് ഈ രണ്ടാം ആരിയൻ വിരുദ്ധകൃതിയും എഴുതിയത്. അദ്ദേഹം ഇത് തന്റെ സഹോദരൻ നെമേസിയൂസിന് സമർപ്പിച്ചിരിക്കുന്നു. തന്റെ സ്നേഹിതനായ ഹെർമിയാസുമായുള്ള ഏഴ് സംഭാഷണങ്ങളാണ് ഇതിന്റെ ഉള്ളടക്കം. ആദ്യകൃതിയുടെ 35 അധ്യായങ്ങളെക്കാൾ കുറേക്കൂടി വ്യക്തിപരമാണ് ഈ ഏഴ് സംഭാഷണങ്ങൾ.

**4. നെസ്തോറിയർക്കെതിരെയുള്ള കൃതികൾ**

(1) നെസ്തോറിയസിന്റെ ദൈവദൂഷണങ്ങൾക്കെതിരെ: നെസ്തോറിയസിനെതിരെ അഞ്ച് വാല്യങ്ങളിലായി സിറിൽ 430-ൽ ഒരു കൃതിയെഴുതി.

429-ൽ നെസ്തോറിയസ് പ്രസിദ്ധീകരിച്ച പ്രസംഗങ്ങളുടെ വിശകലനമാണിത്. പേരെടുത്ത് പറഞ്ഞിട്ടില്ലെങ്കിലും നെസ്തോറിയസിന്റെ പ്രസംഗസമാഹാരത്തിൽ നിന്ന് നിരവധി ഉദ്ധരണികൾ ഇതിലുണ്ട്.

(2) സത്യവിശ്വാസം: നെസ്തോറിയൻ തർക്കങ്ങൾ തുടങ്ങിയ ഉടനെ രാജസദസിൽ സിറിൽ സമർപ്പിച്ച മൂന്നു മെമ്മോറാണ്ഡങ്ങളാണിവ. നെസ്തോറിയൻ സ്വാധീനം രാജസദസിൽ ഉണ്ടാകാതിരിക്കാനാണ് ഇപ്രകാരം എഴുതിയത്. ഒന്ന് തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തിക്കാണ്. മറ്റുള്ളവയിൽ ഒന്ന് അർകേഡിയ, മരീനാ എന്നീ രണ്ടു രാജസഹോദരികൾക്കും മറ്റൊന്ന് പുൾക്കേറിയ എന്ന മൂത്തസഹോദരിക്കും എവുഡോക്സിയ എന്ന രാജഭാര്യയ്ക്കും ആയിരിക്കാം എന്ന് കേസറിയായിലെ യോഹന്നാൻ (6-ാം നൂറ്റാണ്ട്) പറയുന്നു.

(3) നെസ്തോറിയസിനെതിരെയുള്ള പന്ത്രണ്ട് ശാപങ്ങൾ: സെലെസ്റ്റിൻ പാപ്പായുടെ ലേഖനത്തോടുകൂടെ 430-ൽ ഇത് നെസ്തോറിയസിനയച്ചു. ഉടനെ തന്നെ അവയെ ന്യായീകരിക്കേണ്ട ആവശ്യം നേരിട്ടു. അതിനായി അത്തരം മൂന്നെണ്ണമെഴുതി. 1. പൗരസ്ത്യ മെത്രാന്മാർക്കെതിരെ: സാമോസാട്ടയിലെ അന്ത്രയോസ് സിറിലിൽ അപ്പൊള്ളിനാരിസം ഉന്നയിച്ചു. ഇതിനു മറുപടിയായിട്ടാണിത്. 2. എവുഒാപ്സിയസിനുള്ള കത്ത്: സൈറസിലെ തിയഡൊറെറ്റ് സിറിലിൽ ഏകസ്വഭാവവാദം ആരോപിച്ചു. അതിനെതിരെയാണിത്. 3. താൻ രചിച്ച 12 ശാപങ്ങളെ നീതീകരിച്ചുകൊണ്ട് സിറിൽ മൂന്നാമത് ഒരപ്പോളജി കൂടിയെഴുതി: എഫേസോസിൽ വച്ച് ജയിലിൽ കിടക്കുമ്പോൾ 431 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ എഴുതി. തന്റെ ശാപങ്ങളോരോന്നും വേദപുസ്തകത്തിൽ നിന്ന് തെളിയിക്കാൻ സിറിൽ ബദ്ധപ്പെടുന്നു.

(4) രാജാവിനെഴുതിയ അപ്പോളജി: ജയിൽ വിമുക്തനായി നാട്ടിലെത്തിയശേഷം തിയഡോഷ്യസ് ചക്രവർത്തിക്ക് എഴുതിയതാണിത്. എഫേസോസ് കൗൺസിലിന് മുമ്പും പിമ്പുമുള്ള തന്റെ പ്രവൃത്തികളെ ഇതിൽ അദ്ദേഹം ന്യായീകരിക്കുന്നു.

(5) ഏകജാതന്റെ മനുഷ്യാവതാരം സംബന്ധിച്ച്: ഗ്രീക്കിൽ ചില ശകലങ്ങൾ മാത്രമേ അവശേഷിച്ചിട്ടുള്ളൂ. ലത്തീൻ, അർമേനിയൻ, സിറിയൻ വിവർത്തനങ്ങളിൽ പൂർണമായി ലഭിച്ചിട്ടുണ്ട്. ക്രിസ്തു, അമ്മാനുവേൽ, യേശു എന്നീ നാമങ്ങളുടെ അർത്ഥം വ്യക്തമാക്കുന്നു. അതിനുശേഷം ക്രിസ്തുവിന്റെ വ്യക്തിപരമായ ഐക്യം അപഗ്രഥിക്കുന്നു.

(6) മറിയത്തെ ദൈവമാതാവായി അംഗീകരിക്കാത്തവർക്കെതിരെ: ഇത് സിറിലിന്റെ കൃതിയാണെന്ന് ജസ്റ്റീനിയൻ ചക്രവർത്തി ഏകസ്വഭാവവാദികൾക്കെതിരെയുള്ള തന്റെ കൃതിയിൽ 542-ൽ പറയുന്നു.



(7) തിയഡോറിനും ദിയദോറിനുമെതിരെ: 438-ലാണിതെഴുതിയത്. ഗ്രീക്കിലും സുറിയാനിയിലും നിരവധി ഭാഗങ്ങൾ ലഭിച്ചിട്ടുണ്ട്.

(8) ക്രിസ്തു ഏകനാണ്: ക്രിസ്തുവിന്റെ വ്യക്തിത്വം ഏകമാണെന്ന ആശയം വ്യക്തമാക്കുന്നു.

**5. ജൂലിയനെതിരെയുള്ള വിശ്വാസസമർഥനം**

വിശ്വാസത്യാഗിയായ ജൂലിയൻ ചക്രവർത്തി *ഗ്ലീലായർക്കെതിരെ* എന്നൊരു ഗ്രന്ഥമെഴുതി, ക്രിസ്തുവിനെയും ക്രിസ്തുമതത്തെയും താറടിക്കാൻ മുതിർന്നപ്പോൾ, അതിനെതിരെയാണ് ഈ കൃതി. *മതത്യാഗിയായ ജൂലിയന്റെ ഗ്രന്ഥങ്ങൾക്കെതിരെ ക്രിസ്ത്യാനികളുടെ പരിശുദ്ധ മതത്തിനു വേണ്ടി* എന്നാണ് പൂർണമായ തലക്കെട്ട്. തിയഡോഷ്യസ് ചക്രവർത്തിക്കാണിത് സമർപ്പിച്ചിരിക്കുന്നത്. ആദ്യത്തെ പത്തു കൃതികൾ മാത്രമേ ഗ്രീക്കിൽ അവികലമായി നമുക്ക് കിട്ടിയിട്ടുള്ളൂ. ഒരിജന്റെ *ചെൽസൂസിനെതിരെ* എന്ന കൃതിയുടെ ചുവടുപിടിച്ച്, അതേ രീതിയിലാണ് ഇതെഴുതിയിരിക്കുന്നത്. സിറിൽ ഇത് അന്ത്യോക്യയിലെ യോഹന്നാന് അയച്ചുകൊടുത്തു എന്ന് സൈറസിലെ തിയഡൊറെറ്റ് പറയുന്നു (ലേഖനം,83). മിക്കവാറും 433-നും 441-നും ഇടയ്ക്കാണ് ഇതെഴുതിയത്.

**6. നോമ്പുകാല ലേഖനങ്ങൾ (പാസ്കൽ കത്തുകൾ)**

ഈജിപ്റ്റിലെ പാരമ്പര്യം അനുസരിച്ച് സിറിലും നോമ്പുകാലലേഖനങ്ങൾ അയച്ചിട്ടുണ്ട്. അത്തരം 29 എണ്ണം അച്ചടിച്ചിട്ടുണ്ട്. എന്നാൽ പാസ്കൽ പ്രസംഗങ്ങൾ (*Homiliae Paschales*) എന്ന തലക്കെട്ടിലാണ് അച്ചടിച്ചിരിക്കുന്നത്. നോമ്പ്, ഉപവാസം തുടങ്ങിയ പ്രായോഗിക കാര്യങ്ങളാണ് ചർച്ച ചെയ്യുന്നതെങ്കിലും, അന്നത്തെ സഭാതലത്തിലെ തർക്കങ്ങളൊക്കെ കടന്നുവരുന്നുണ്ട്. -403 മുതൽ 512 വരെയുള്ള വർഷങ്ങളിലേക്ക് സിറിൽ തയാറാക്കിയ പാസ്കൽ ടേബിൾ നഷ്ടപ്പെട്ടുപോയി. സിറിലിന്റെ ആമുഖം മാത്രം അർമേനിയൻ വിവർത്തനത്തിൽ കൈവന്നിട്ടുണ്ട്.

**7. പ്രസംഗങ്ങൾ**

നമുക്ക് 22 പ്രസംഗങ്ങൾ കിട്ടിയിട്ടുണ്ട്. അവയിൽ ചിലത് ഭാഗികമായി മാത്രമേ ലഭിച്ചിട്ടുള്ളൂ. വിവിധ പ്രസംഗങ്ങൾ (*Homiliae Diversae*) എന്നാണ് പ്രസാധകർ അവയ്ക്ക് കൊടുത്തിരിക്കുന്ന പേര്. ആദ്യത്തെ 8 എണ്ണം എഫേസോസ് സൂനഹദോസിൽ (431) സിറിൽ ചെയ്ത പ്രസംഗങ്ങളാണ്. നാലാമത്തേത് മാതാവിനെപ്പറ്റി 431 ജൂൺ 23-27 ന് എഫേസോസിൽ ദൈവമാതാവിന്റെ പള്ളിയിൽ ചെയ്ത പ്രസംഗമാണ്. പതിനൊന്നാമത്തേത് നാലാമത്തേതിന്റെ വേറൊരു പതിപ്പാണ്.

**8. കത്തുകൾ**

ജെ.പി.മീഞ്ഞ് 88 എണ്ണം പ്രസിദ്ധീകരിച്ചു. അവയിൽ പലതും സിറിലിന്റേതല്ല എന്നു കരുതുന്നവരുണ്ട്. 17 എണ്ണം മറ്റുള്ളവർ സിറിലിനയച്ചതാണ്. ഷാർത്സ് പുതുതായി അഞ്ചെണ്ണത്തിന്റെ ഗ്രീക്കുപതിപ്പ് പ്രസിദ്ധീകരിച്ചു. നാലെണ്ണം തികച്ചും പുതിയതാണ്. ഒന്ന് ലത്തീനിൽ മാത്രം അറിയപ്പെട്ടിരുന്നു. സിറിയൻ, കോപ്റ്റിക്, അർമേനിയൻ ഭാഷകളിലും കത്തുകൾ നിലവിലുണ്ട്. അന്നത്തെ സാമൂഹ്യ രാഷ്ട്രീയാന്തരീക്ഷം അറിയാൻ ഇവ സഹായിക്കും.

നാലാം ലേഖനം *(Epistola Dogmatica)* നെസ്തോറിയസിന് സിറിലയച്ച രണ്ടാം കത്താണ്. ഇത് എഫേസുസ് കൗൺസിൽ അംഗീകരിച്ചു. അവിടെ കൂടിയ 123 മെത്രാന്മാർ നിഖ്യാവിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനമായി ഈ കത്ത് സ്വീകരിച്ചു. 451-ൽ ലെയോ പാപ്പായും ഇതിനോടു യോജിപ്പ് പ്രകടിപ്പിച്ചു. 451-ലെ കൽക്കദോനിയാ സിനഡും 553-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡും ഈ കാരണത്താൽ ഇതംഗീകരിച്ചു.

സിറിൽ 430-ൽ നെസ്തോറിയസിനയച്ച മൂന്നാം കത്ത് (ലേഖനം,17) കുറെ പ്രശ്നങ്ങൾ സൃഷ്ടിച്ചു. 12 ശാപങ്ങളും കത്തിന്റെ പ്രത്യേക ശൈലിയും തർക്കങ്ങൾക്കു കാരണമായി. മറ്റേ കത്തിനു കിട്ടിയ സ്വാഗതം എഫേസോസിൽ ഇതിനു ലഭിച്ചില്ല. എങ്കിലും കൗൺസിലിന്റെ നടപടികളിൽ ഇതും ചേർക്കപ്പെട്ടു. പിൽക്കാലത്ത് ഇതിനും അംഗീകാരം ലഭിച്ചു.

ലേഖനം 39 *എക്യുമെനിക്കൽ കത്ത്* എന്ന് അറിയപ്പെടുന്നു. സിറിൽ 433-ൽ അന്ത്യോക്യയിലെ ജോണിനയച്ചതാണിത്. പിൽക്കാലത്ത് *Symbolum Ephesinum* എന്നും *Laetentur Caeli* എന്നും ഇത് അറിയപ്പെടാൻ തുടങ്ങി. അന്ത്യോക്യക്കാരും അലക്സാണ്ഡ്രിയക്കാരും തമ്മിൽ ഐക്യത്തിൽ എത്തിച്ചേർന്നതിൽ സിറിൽ സന്തുഷ്ടി പ്രകടിപ്പിച്ചു കൊണ്ട് എഴുതിയതാണ്. കാൽസിഡൺ സിനഡ് ഈ കത്ത് അംഗീകരിച്ചു.

**ദൈവശാസ്ത്രം**

സിറിലിന്റെ സമകാലികനായ സെലസ്റ്റിൻ പാപ്പാ (422-32) സിറിലിനെ കത്തോലിക്കാ വിശ്വാസത്തിന്റെ ഉത്തമ സംരക്ഷകൻ (*Bonus Fidei Catholicae Defensor*), അപ്പസ്തോലിക മനുഷ്യൻ (*Vir Apostolicus*), സുസമ്മത പുരോഹിതൻ (*Probatissimus Sacerdos*) എന്നിങ്ങനെ വിളിക്കുന്നു. മരണശേഷം അദ്ദേഹത്തിന്റെ ഖ്യാതി വളരെ വർദ്ധിച്ചു. ക്രിസ്തുശാസ്ത്രം സംബന്ധിച്ച് അവസാന വാക്കായി സിറിലിനെ ഗ്രീക്കുസഭ അംഗീകരിച്ചു. അനസ്താസ്യോസ് 7-ാം നൂറ്റാണ്ടിൽ അദ്ദേഹത്തെ പിതാക്കന്മാരുടെ മുദ്ര (*Seal of the Fathers*) എന്നു വിളിച്ചു. റോമൻ തിരുസംഘം 1882-ൽ അദ്ദേഹത്തിന് സഭാമൽപ്പാൻ (*Doctor Ecclesiae*) എന്ന സ്ഥാനനാമം നൽകി.



**1. ദൈവശാസ്ത്രരീതി**

സിറിലിന്റെ ആശയങ്ങൾ മാത്രമല്ല, പ്രതിപാദനരീതിയും സഭാതലത്തിൽ സ്വാധീനം ചെലുത്തി. ഗ്രീക്കു പിതാക്കന്മാരുടെ ഇടയിലെ സ്കൊളാസ്റ്റിക്കായി അദ്ദേഹത്തെ കണക്കാക്കാം. ബൈബിളിൽ നിന്നുള്ള ഉദ്ധരണികളും തെളിവുകളും കൊണ്ട് വാദങ്ങളുറപ്പിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. അതോടൊപ്പം പിതാക്കന്മാരുടെ കൃതികളിൽനിന്ന് ശാസ്ത്രീയമായും കൃത്യമായും തെളിവുകൾ നിരത്താൻ തുടങ്ങി. മുൻഗാമികൾ അങ്ങനെ ചെയ്തെങ്കിലും അത് കൃത്യമായി വരച്ചുകാണിച്ചത് അദ്ദേഹമത്രേ. കൂടാതെ, ബൗദ്ധിക തെളിവുകൾ കൂടി കൂട്ടിച്ചേർക്കുന്ന രീതി തുടങ്ങിയത് അദ്ദേഹമാണ്. സിറിലിനു മുമ്പ് ആരിയരും അപ്പൊള്ളിനാരിയരും ഈ രീതി സ്വീകരിച്ചിരുന്നു.

**2. ക്രിസ്തുശാസ്ത്രം**

സിറിലിന്റെ കൃതികൾ പരിശോധിച്ചാൽ ക്രിസ്തുശാസ്ത്രത്തിൽ പടിപടിയായ വികസനം കാണാൻ സാധിക്കും. ആദ്യകാല കൃതികളൊക്കെ അത്തനാസ്യോസിനെ ആവർത്തിക്കുക മാത്രമായിരുന്നു. അക്കാലത്ത് മനുഷ്യാത്മാവിനു വേണ്ടത്ര പ്രാധാന്യം നൽകാതെ, വചന-മാംസ (*ലോഗോസ് സാർക്സ്*) ക്രിസ്തുശാസ്ത്രത്തിന്റെ വക്താവായിട്ടാണ് അദ്ദേഹം വർത്തിച്ചത്.

നെസ്തോറിയൻ തർക്കത്തോടുകൂടെ അദ്ദേഹത്തിന്റെ ക്രിസ്തുശാസ്ത്രം വികസിക്കാൻ തുടങ്ങി. *ഹ്യുപ്പോസ്റ്റാസ്റ്റിക് യൂണിയൻ* (വ്യക്തിപരമായ ഐക്യം) എന്ന തത്വത്തിന്റെ പ്രചാരകനായി. അതായത്, രണ്ടു സ്വഭാവങ്ങളും കലർപ്പോ, ഭേദമോ കൂടാതെ ഒരു വ്യക്തിയിൽ യോജിച്ചിരിക്കുന്നു. വചനം മനുഷ്യനിൽ വസിക്കയല്ല, രണ്ടു സ്വഭാവങ്ങളും തമ്മിൽ ധാർമികബന്ധം മാത്രമല്ല, പ്രത്യുത, ഏകനായ ദൈവപുത്രനിൽ രണ്ടു സ്വഭാവങ്ങളും കലർപ്പോ, ഭേദമോ കൂടാതെ യോജിച്ചിരിക്കുന്നു. ക്രിസ്തു രണ്ടു സ്വഭാവമുള്ള ഏകവ്യക്തിയാണ്. ആളിൽ നിന്ന് ഏകത്വവും സ്വഭാവത്തിൽ നിന്ന് ദ്വൈതവും ഉത്ഭവിക്കുന്നു.-ഇത് അലക്സാൺഡ്രിയൻ രീതിയാണ്. ഈ തത്വം സിറിൽ അവതരിപ്പിച്ച രീതിയിൽ മിക്ക അപ്പസ്തോലികസഭകളും സ്വീകരിക്കുന്നു. അന്ത്യോക്യൻ പശ്ചാത്തലമുള്ള എഴുത്തുകാർ ഇതേ സംഗതി *പർസോപ്പിക് യൂണിയൻ* (വ്യക്തിപരമായ ഐക്യം) എന്ന പദപ്രയോഗത്തിലൂടെ അവതരിപ്പിക്കുന്നു. രണ്ടും സാരസത്തയിൽ ഒന്നുതന്നെ. അതാണ് ഇന്നത്തെ മനസിലാക്കൽ.

എന്നാൽ സ്വഭാവം (*physis*) ഹ്യുപോസ്തസിസ് (*hypostasis*) എന്നീ പദങ്ങൾ അർത്ഥക്ലിപ്തത കൂടാതെയാണ് സിറിലുപയോഗിച്ചതെന്ന് ചിലർ ആരോപിച്ചിരുന്നു. ഒരിടത്തു സിറിൽ പറയുന്നു: *മിയ ഫ്യൂസിസ് തൂ ലോഗു സെസർക്കോമെനേ/ mia physis tou Logou sesarkomene* (ലേഖനം,46.2).

അതിന്റെ അർത്ഥം അവതരിച്ച വചനത്തിന്റെ ഏകസ്വഭാവം. എന്നാൽ ഫ്യൂസിസ് (സ്വഭാവം) എന്നതുകൊണ്ട് സിറിലുദ്ദേശിച്ചത് ഏകവ്യക്തിത്വം എന്നാണ്.

ഈ പ്രയോഗത്തിന്റെ ആരംഭകൻ ലവദീക്യയിലെ അപ്പൊള്ളിനാരിസാണ്. അദ്ദേഹം സ്വഭാവവും (*physis*) വ്യക്തിത്വവും (*person*) താദാത്മ്യപ്പെടുത്തി കണ്ടയാളാണ്. മേൽപറഞ്ഞ ശൈലി വി.അത്തനാസ്യോസിൽ നിന്നു വന്നെന്നു തെറ്റിദ്ധരിച്ചാണ് സിറിൽ ഉപയോഗിച്ചത്. അതിന്റെ വെളിച്ചത്തിൽ സിറിൽ പറഞ്ഞു: ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളു. യോജിക്കുന്നതിനു മുമ്പു രണ്ടു സ്വഭാവം (*duo physeis*); യോജിച്ചുകഴിഞ്ഞ് ഒന്ന് (*mia physis*). അതായത്, ഈ ഭാഗത്തു സിറിലിന് വ്യക്തതയുണ്ടെങ്കിലും കേൾവിക്കാർക്ക് വ്യക്തത കുറവാണ്. അതുകൊണ്ടാണ് ചിലർ സിറിലിൽ അപ്പൊള്ളിനാരിസവും ഏകസ്വഭാവവാദവും ആരോപിച്ചത്. ഇതിനെതിരെയും സിറിലിന് എഴുതേണ്ടിവന്നു. കൽക്കദോനിയ സിനഡിലാണ് (451) ഈ പ്രബോധനം ഏറെ വ്യക്തമായത്. അതായത് രണ്ടു സ്വഭാവങ്ങളും ഒരു വ്യക്തിയിൽ സമ്മേളിക്കുന്നു (*duo physeis hen prosopon kai mian hypostasin*).

### 3. കന്യകമറിയം

സിറിൽ മറിയത്തെ *തെയൊതോകോസ് (ദൈവമാതാവ്)* എന്നു വിളിക്കുന്നു. വചനമായ ദൈവത്തിന്റെ അമ്മ എന്നുപയോഗിക്കാൻ 433-ലെ ഐക്യഫോർമുലയിൽ സിറിൽ സമ്മതിച്ചു. ദൈവമാതാവ് (*തെയൊതോകോസ്*) എന്നു പറഞ്ഞാൽ അവതരിച്ച യേശുവിന്റെ അമ്മ എന്നാണർത്ഥം.- മറിയത്തിൽ ജന്മപാപത്തിന്റെ ലാഞ്ചന പോലുമില്ല. വിവിധ വിശേഷണങ്ങളാൽ സിറിൽ മറിയത്തെ വിശേഷിപ്പിക്കുന്നു (പ്രസംഗം, 4).

ക്രിസ്തു ഏകവ്യക്തിയാണ് എന്ന ചരിത്രസത്യം ഉയർത്തിക്കാട്ടാൻ സിറിൽ അധ്വാനിച്ചു. സർവശക്തിയും അതിനായി വിനിയോഗിച്ചു. ദൈവശാസ്ത്രത്തിൽ സിറിൽ ചെയ്ത സംഭാവന വലിയ മുതൽക്കൂട്ടാണ്. ആധുനിക കാലത്തെ സഭൈക്യചർച്ചകളിൽ ക്രിസ്തുശാസ്ത്രം സംബന്ധിച്ച് സിറിലിന്റെ വ്യാഖ്യാനമാണ് അടിസ്ഥാനപ്രമാണമായി സഭകൾ സ്വീകരിക്കുന്നത്.

അധ്യായം 25

# ഈജിപ്റ്റിലെ സന്യാസപിതാക്കന്മാർ

ക്രൈസ്തവ സന്യാസപ്രസ്ഥാനം ഈജിപ്തിലാണു തുടങ്ങിയത്. ഹെല്ലനിക ലോകത്തിലെ താത്വികരല്ല; ഗ്രീക്ക് ആശയങ്ങൾ ലവലേശമേശാത്ത നൈൽ തീരവാസികളായിരുന്നു അതിനാരംഭം കുറിച്ചത്. ക്രിസ്തീയ പ്രബോധനങ്ങളിൽ ഉറഞ്ഞുകിടന്ന ആശയങ്ങളിൽ അടിയുറച്ച് അവർ ആശ്രമപ്രസ്ഥാനം തുടങ്ങി. ഈജിപ്തിൽ സന്യാസപ്രസ്ഥാനം തുടങ്ങുന്നതിനു മുമ്പും സന്യാസജീവിതം നയിക്കുന്നവർ സഭയിൽ ഉണ്ടായിരുന്നു. എന്നാലത് വ്യക്തികളായിട്ടും സാമൂഹ്യ ചുറ്റുപാടുകളിൽ ജീവിച്ചുകൊണ്ടും ആയിരുന്നു. പുതിയ പ്രസ്ഥാനത്തിന്റെ വക്താക്കൾ ലോകത്തിൽ നിന്നോടിയകന്ന് ഏകാന്തതയിൽ അഭയം പ്രാപിച്ചു.

അക്കാലത്തെ സാഹചര്യം അതിന് അനുകൂലമായിരുന്നു. ഡേഷ്യസിന്റെ മതമർദന കാലത്ത് (250) അനേകർ മരുഭൂമികളിൽ അഭയം തേടി. ചിലർ അവിടെ കുറേനാൾ തങ്ങി (എവു.സഭാ.6,42). മറ്റു ചിലരാകട്ടെ, ഏകാന്തവും പാവനവുമായ ജീവിതം നയിക്കാൻ അവിടെ സ്ഥിരതാമസക്കാരാക്കി. അവരാണ് ആശ്രമപ്രസ്ഥാനത്തിന്റെ മുന്നോടികൾ.

സഭ രാഷ്ട്രീയമായി സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ ഒരുതരം ലൗകായതികത്വം സഭയിലെങ്ങും കാണപ്പെട്ടു. അതിനോടുള്ള എതിർപ്പായിട്ടാണ് ആശ്രമപ്രസ്ഥാനം വ്യാപകമായത്. സാർവത്രികമായി വളർന്നുവന്ന ലൗകായതികത്വം ലോകത്തിൽ നിന്നുള്ള ഓട്ടംവഴി നിയന്ത്രിതമായി.

ആരംഭദശയിൽ ആശ്രമപ്രസ്ഥാനം പഠനങ്ങളോടെല്ലാം വിപ്രതിപത്തി കാട്ടിയിരുന്നു. വിശ്വാസവും തത്വശാസ്ത്രവും തമ്മിലുള്ള യോജിപ്പിക്കലും ഒത്തുചേർക്കലും അവർ ഇഷ്ടപ്പെട്ടില്ല. ക്രിസ്തുമതവും ഹെല്ലനിസവും തമ്മിൽ ഒരു ബന്ധവും അവർ കണ്ടില്ല. ചില സന്യാസികൾ അലക്സാണ്ഡ്രിയൻ വിദ്യാപാഠശാലയോട്, പ്രത്യേകിച്ച് ഒരിജനോട്, കടുത്ത വിരോധം

പുലർത്തി. എന്നാൽ ഈ എതിർപ്പ് അധികനാൾ നീണ്ടുനിന്നില്ല. വിദ്യാഭ്യാസത്തോടും വിജ്ഞാന സമ്പാദനത്തോടും കൂടുതൽ അനുകമ്പാപൂർണമായ നയം അവർ സ്വീകരിച്ചു തുടങ്ങി. സന്യാസികളുടെ ഇടയിൽ നിരവധി എഴുത്തുകാർ ഉണ്ടായി. അവർ അവരുടേതായ ഒരു സാഹിത്യശാഖ വളർത്തിയെടുത്തു. സന്യാസ നിയമങ്ങളും ആധ്യാത്മിക പ്രതിപാദനങ്ങളും മരുഭൂമിയിലെ പിതാക്കന്മാരുടെ ആധ്യാത്മിക ചൊല്ലുകളുടെ സമാഹാരങ്ങളും ആത്മകഥാകഥനങ്ങളും, ആത്മീയ ജീവിതസഹായികളായ കൃതികളും പ്രസംഗങ്ങളും കത്തുകളും അവരുടെ തൂലികയിൽ നിന്നു പുറത്തുവന്നു.

തുടർന്ന് തികച്ചും ആശ്രമപരമായ ജീവിതസാഹചര്യം വരച്ചുകാട്ടുന്ന കൃതികളുടെ ചട്ടക്കൂട്ടിൽനിന്നു പുറത്തു കടന്ന്, പണ്ഡിതോചിതമായ ലേഖനങ്ങൾ വിരചിതമായി. അവർ ദൈവശാസ്ത്രപരമായും ചരിത്രപരമായും പ്രാധാന്യമുള്ള കൃതികൾ രചിച്ചു. പല ആശ്രമങ്ങളും കീർത്തികേട്ട പഠന കേന്ദ്രങ്ങളായിത്തീർന്നു.

ഈജിപ്റ്റിലെ സന്യാസത്തെപ്പറ്റിയുള്ള വിവരണങ്ങൾ ഏറിയ പങ്കും സന്യാസാംഗങ്ങളിൽ നിന്നാണ്  നാം ഗ്രഹിക്കുന്നത്. എന്നാൽ എടുത്തുപറയേണ്ട രണ്ടു മൂന്നു രേഖകളുണ്ട്. ഒന്ന്, ഹെലേനോപ്പൊളീസിലെ മെത്രാനായ പല്ലാഡിയസിന്റെ *ലൗസിയാക് ചരിത്രമാണ്*. രണ്ടാമത്തേത് *ഈജിപ്ഷ്യൻ സന്യാസികളുടെ ചരിത്രം* എന്ന ഗ്രന്ഥമാണ്. അതിന്റെ കർത്താവ് ആരെന്നറിയില്ല. റൂഫീനസ് അതു ലത്തീനിലേക്ക് വിവർത്തനം ചെയ്തു. സൊക്രാട്ടസും സൊസോമനും സന്യാസികളെപ്പറ്റി വിവരം നൽകുന്നു. അതുപോലെ *പിതൃസൂക്തങ്ങൾ* എന്ന കൃതിയുടെ ചില ഭാഗങ്ങളും അത്തനാസ്യോസ് എഴുതിയ അന്തോണിയോസിന്റെ ജീവചരിത്രവും വളരെ സഹായകമാണ്.

ഈജിപ്റ്റിൽ ആശ്രമപ്രസ്ഥാനം രണ്ടു രീതിയിൽ പ്രചരിച്ചു. ഒന്നാമത്തേത് ഏകാന്തജീവിതം - ആൻക്കൊറിറ്റിസം അഥവാ ഹെർമിറ്റിസം. രണ്ടാമത്തേത് സാമൂഹ്യജീവിതം - സെനോബിറ്റിസം അഥവാ മൊണാസ്റ്റിസിസം. ഹെർമിറ്റിസമാണ് ആദ്യം തുടങ്ങിയത്.

**1. അന്തോണിയോസ് (250–356)**

ഈജിപ്തിൽ ഏകാന്ത സന്യാസപ്രസ്ഥാനം തുടങ്ങിയത് വി.അന്തോണിയോസാണ്. അലക്സാണ്ഡ്രിയായിലെ അത്തനാസ്യോസ് അന്തോണിയോസിന്റെ ജീവചരിത്രം എഴുതി. (അതിന്റെ മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *സന്യാസത്തിന്റെ അന്തർധാര*,കോട്ടയം,1992[2])

മധ്യഈജിപ്റ്റിലെ കോമായിൽ 250-ൽ അദ്ദേഹം ജനിച്ചു. മാതാപിതാക്കൾ മരിച്ചപ്പോൾ ഉള്ളതെല്ലാം പാവങ്ങൾക്ക് നൽകി. ഭവനത്തിൽ നിന്ന്



അകലെയല്ലാത്ത ഒരു സ്ഥലത്ത് എകാന്തജീവിതം നയിക്കാൻ തുടങ്ങി. പതിനഞ്ചു വർഷങ്ങൾക്കുശേഷം 35-ാം വയസിൽ അദ്ദേഹം പിസ്പിർ എന്ന സ്ഥലത്ത്, ഉപേക്ഷിക്കപ്പെട്ടിരുന്ന ഒരു കോട്ടയിൽ താപസജീവിതം ആരംഭിച്ചു. 25 വർഷത്തോളം അവിടെ താമസിച്ചു. അദ്ദേഹത്തിന്റെ മാതൃക അനുകരിച്ചുകൊണ്ട് അനേകർ അദ്ദേഹത്തിനു ചുറ്റുംകൂടി ഏകാന്തജീവിതം തുടങ്ങി. അങ്ങനെ വലിയ സമൂഹങ്ങൾ തന്നെ ഉണ്ടാകാൻ തുടങ്ങി. നിത്രിയ, ഷേത് എന്നിവിടങ്ങളിലെ സമൂഹങ്ങളാണേറ്റവും പ്രസിദ്ധം. അന്തോണിയോസ് അവരുടെ നേതാവായെങ്കിലും ഏകാന്തജീവിതത്തിൽ തന്നെ കഴിഞ്ഞുകൂടി. അന്തോണിയുടെ ശിഷ്യരും ഏകാന്തജീവിതക്കാരായി ജീവിച്ചു. ചെങ്കടലിനടുത്തുള്ള കോൾസിം മലയിൽ വച്ച് 356-ൽ 105-ാം വയസ്സിൽ അദ്ദേഹം മരിച്ചു.

ദിവ്യജ്ഞാനമുള്ള ഒരാളായിരുന്നു അദ്ദേഹം എന്നാണ് അത്തനാസ്യോസ് എഴുതിയിരിക്കുന്നത്. അദ്ദേഹം എഴുത്തും വായനയും പഠിച്ചിട്ടില്ലെങ്കിലും, കൃപയാലും മനഃസംസ്കരണത്താലും നിറഞ്ഞവനായിരുന്നു. ദൈവത്തിനായി നിരന്തരം ജീവിച്ചുകൊണ്ട് ദൈവത്തിൽ നിന്നുള്ള ദിവ്യജ്ഞാനം സമ്പാദിച്ചു. പ്രകൃതി അദ്ദേഹത്തിന്റെ ഉത്തമ ഗുരുവായിരുന്നു. എന്നാൽ മറ്റു സന്യാസികളോടും ചക്രവർത്തിമാരോടും കത്തുകൾവഴി അദ്ദേഹം സമ്പർക്കം പുലർത്തിയിരുന്നു. ചില കത്തുകളുടെ വിവർത്തനങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. സ്വയം അറിയുക എന്നതാണ് സന്യാസിയുടെ ഒന്നാമത്തെ ധർമമെന്ന് അന്തോണി ഉദ്ബോധിപ്പിക്കുന്നു. സ്വയം അറിയുന്നവൻ ദൈവത്തെ അറിയാൻ ശക്തനായിത്തീരുന്നു. നമുക്കു നൽകിയിരിക്കുന്ന ദൈവകൃപയെ അറിയുകയാണ് സ്വയം അറിവ്. തുടർന്ന് ദൈവം വഴിനടത്തുന്ന വിവിധ ഘട്ടങ്ങളെപ്പറ്റിയും പ്രലോഭനങ്ങളെപ്പറ്റിയും ഒക്കെയുള്ള പ്രതിപാദനങ്ങൾ കത്തുകളിൽ കാണാം. അന്തോണിയുടെ നിയമം എന്ന പേരിലറിയപ്പെടുന്ന കൃതി അദ്ദേഹത്തിന്റേതല്ല. വി.അത്തനാസ്യോസ് അതേപ്പറ്റി ഒന്നും പറയുന്നില്ല. ആശ്രമജീവിതം തുടങ്ങിയവരെ അതിൽ ഉറപ്പിക്കുന്നതിനും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുന്നതിനും സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്യുന്നതിൽ അദ്ദേഹം തൽപ്പരനായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന പ്രസംഗ സമാഹാരം അദ്ദേഹത്തിന്റേതല്ല. വി.അത്തനാസ്യോസ് നൽകുന്ന ഒരു ചർച്ചാസംഗ്രഹം മാത്രമേ അദ്ദേഹത്തിന്റേതായിട്ടുള്ളു.

**2. അമ്മോണാസ്**

അന്തോണിയോസിന്റെ മരണശേഷം പിസ്പിറിലെ ഏകാന്തവാസികളുടെ കൂട്ടം അമ്മോണാസ് എന്ന സന്യാസവര്യന്റെ നേതൃത്തിലായി. അന്തോണിയോസിന്റെ ആദ്യശിഷ്യരിൽ ഒരാളാണദ്ദേഹം. അദ്ദേഹത്തിന്റെ ഏഴ് കത്തുകൾ ഗ്രീക്കിലും പതിനഞ്ച് കത്തുകൾ സുറിയാനിയിലും കിട്ടിയിട്ടുണ്ട്. അല

ക്സാണ്ഡ്രിയൻ ചിന്താശൈലി അവയിൽ കാണാനില്ല. അതുപോലെ പിൽക്കാല സന്യാസികളുടെ കൃതികളിൽ നിന്ന് അവ വ്യത്യസ്തവുമായിരുന്നു.

**3. പക്കോമിയസ് (290–346)**

ഈജിപ്റ്റിന്റെ വടക്കൻ പ്രവിശ്യകളിൽ ഏകാന്തജീവിതക്കാരായ സന്യാസികൾ സന്യാസപ്രസ്ഥാനം തുടങ്ങിയപ്പോൾ തെക്കൻ പ്രവിശ്യകളിൽ പക്കോമിയസ് എന്ന സന്യാസിയുടെ നേതൃത്വത്തിൽ സാമൂഹ്യജീവിതക്കാരായ സന്യാസികൾ വർധിച്ചുവരാൻ തുടങ്ങി. അക്രൈസ്തവ മാതാപിതാക്കളിൽനിന്നു ജനിച്ച പക്കോമിയസ് 20–ാം വയസ്സിൽ ക്രിസ്ത്യാനിയായി. പലേമോൻ എന്ന താപസന്റെ കൂടെ കുറേനാൾ ജീവിച്ചു. ഒന്നാമത്തെ സാമൂഹ്യജീവിതകേന്ദ്രം (*സെനോബിയം*) തബെന്നീസിയിൽ 320–ൽ തുടങ്ങി. നൈലിന്റെ വലത്തുഭാഗത്ത് തേബായ്ഡ് തീരത്താണ് തബെന്നീസി. അതിനും പുറമെ പുരുഷന്മാർക്കായി എട്ടും സ്ത്രീകൾക്കായി രണ്ടും ഭവനങ്ങൾ തുടങ്ങി. അവയുടെ പൊതുപിതാവായി ജീവിച്ചു.

പൊതുജീവിതവും സന്യാസികളുടെ ഇടയിലുള്ള സ്നേഹനിർഭരമായ കൂട്ടായ്മയും സൃഷ്ടിക്കാൻ അദ്ദേഹം പരിശ്രമിച്ചു. ആദ്യനിയമങ്ങൾ സാമൂഹ്യാരൂപി, ദാരിദ്ര്യം, ഐകരൂപ്യം, അനുസരണം എന്നിവ സംബന്ധിച്ചാണ്. പക്കോമിയസിന്റെ ആറ് ജീവചരിത്രങ്ങൾ ലഭിച്ചിട്ടുണ്ട്. എഴുതപ്പെടുന്നതിനു മുമ്പ് സന്യാസ സമൂഹങ്ങളിൽ അവ വാചികപാരമ്പര്യത്തിൽ പ്രചരിച്ചിരുന്നു.

അദ്ദേഹത്തിന്റെ പേരിലറിയപ്പെടുന്ന നിയമാവലി പിൽക്കാല സന്യാസ നിയമദാതാക്കൾക്കെല്ലാം മാതൃകയായി തീർന്നു. പല്ലാഡിയസിന്റെ വിവരണമനുസരിച്ച് (ലൗസിയാക് ചരിത്രം,32,1) ഒരു ദൂതൻ പക്കോമിയസിന് ഈ നിയമാവലി പറഞ്ഞു കൊടുത്തു. ജറോം ഇതിന്റെ ലത്തീൻ വിവർത്തനം ഉണ്ടാക്കി. അതോടൊപ്പം, സന്യാസികൾക്ക് പക്കോമിയസ് കൊടുത്ത ഉപദേശങ്ങളും പതിനൊന്ന് കത്തുകളും ജറോം ചേർത്തിട്ടുണ്ട്.

**4.ഹോർസിയെസി (+380)**

പക്കോമിയസ് മരിക്കുന്നതിനുമുമ്പ് പെത്രോണിയുസിനെ പിൻഗാമിയായി നിയമിച്ചു. എന്നാൽ അദ്ദേഹം രണ്ടു മാസമേ ജീവിച്ചുള്ളു. അതിനുശേഷം ഹോർസിയെസി സന്യാസ സമൂഹങ്ങൾക്ക് നേതൃത്വം നൽകി. ആശ്രമവാസികൾ ധാരാളമായി വർദ്ധിച്ചു. 350–ൽ സമൂഹത്തിൽ പ്രയാസങ്ങളുണ്ടായപ്പോൾ അദ്ദേഹം തിയഡോറിനെ സഹായിയായി നിയമിച്ചു. ജറോമിന്റെ ലത്തീൻ വിവർത്തനത്തോടൊപ്പം ഹോർസിയെസിയുടെ ചെറിയൊരു കൃതിയും ചേർത്തിട്ടുണ്ട്. *Doctrina de institutione monachorum* എന്നാണ് അതിന് ജറോം കൊടുത്തിരിക്കുന്ന പേര്. 56 അധ്യായങ്ങളിലായി സന്യാസികളുടെ കർത്തവ്യങ്ങളെപ്പറ്റി വിവരിക്കുന്നു.



**5. തിയഡോർ (+368)**

ഹോർസിയെസിയുടെ സഹപ്രവർത്തകനായ തിയഡോർ വളരെയധികം കഴിവുകളുള്ള വ്യക്തിയായിരുന്നു. തന്റെ സമകാലികരുടെയെല്ലാം അഭിനന്ദനത്തിന് അദ്ദേഹം പാത്രമായി. പക്കോമിയൻ സമൂഹത്തിൽ ഉടലെടുത്ത കലഹം ശമിപ്പിക്കാൻ തിയഡോറിനു കഴിഞ്ഞു. അദ്ദേഹം പല പുതിയ സമൂഹങ്ങളും തുടങ്ങി. 368 ഏപ്രിൽ 27ന് അദ്ദേഹം മരിച്ചു. 18 വർഷത്തോളം അദ്ദേഹം അധ്യക്ഷനായിരുന്നു. തിയഡോറിന്റെ മൂന്നു കത്തുകളെപ്പറ്റി ജന്നാഡിയസ് പറയുന്നു (മഹദ്. 8–9). ജറോമിന്റെ വിവർത്തനത്തിലൂടെ ഒരെണ്ണം നമുക്ക് ലഭിച്ചിട്ടുണ്ട്. *Ad omnia monasteria de pascha* എന്നാണതിന്റെ പേര്.

**6. ഈജിപ്തിലെ മക്കാരിയുസ്**

ഷേത്തിലെ സന്യാസസമൂഹം തുടങ്ങിയത് അന്തോണിയുടെ സമകാലികനായ അമ്മോൻ ആണെങ്കിലും, അതിലെ പ്രശസ്തനായ നേതാവായിരുന്നു ഈജിപ്തിലെ മക്കാരിയുസ്. *മക്കാരിയുസ് ദി എൽഡർ* എന്നും മഹാനായ മക്കാരിയൂസ് എന്നും ഇദ്ദേഹം അറിയപ്പെടുന്നു. ഈജിപ്തിലെ സന്യാസപ്രസ്ഥാനത്തിൽ അദ്ദേഹത്തിന് ഉണ്ടായിരുന്ന സ്ഥാനത്തെപ്പറ്റി പല്ലാഡിയസും (ലൗസിയാക് ചരിത്രം,17) റുഫീനസും (സന്യാസചരിത്രം,28) ''അപ്പൊഫ്തെഗ്മാതാ പാത്രും'' എന്ന കൃതിയും സൂചിപ്പിക്കുന്നു. ഉത്തര ഈജിപ്തിലെ ഒരു ഗ്രാമത്തിൽ 300–ൽ മക്കാരിയുസ് ജനിച്ചു. മുപ്പതാം വയസ്സിൽ ഷെതിലെ മരുഭൂമിയിൽ ഏകാന്തജീവിതം തുടങ്ങി. 60 വർഷം അവിടെ താമസിച്ചു. അദ്ദേഹത്തിന് ചുറ്റും നിരവധി ശിഷ്യന്മാർ കൂടി. അദ്ദേഹം വളരെ വേഗം ശിഷ്യന്മാരുടെ വിശ്വാസം ആർജിക്കുകയും സുകൃതത്തിന്റെ ഉത്തമ മാതൃകയായി തീരുകയും ചെയ്തു. 40 വയസായപ്പോൾ രോഗശാന്തി വരവും ഭാവികാര്യങ്ങൾ അറിയാനുള്ള വരവും അദ്ദേഹത്തിനു ലഭിച്ചു. സന്യാസികളുടെ പിതാവായ അന്തോണിയോസിനെ മക്കാരിയുസ് പല പ്രാവശ്യം സന്ദർശിച്ചിട്ടുണ്ട്. വാർധക്യകാലത്ത് മക്കാരിയൂസിനെ ആരിയൻ ബിഷപ്പായ ലൂചിയസ് നൈൽ നദിയിലെ ഒരു ദ്വീപിലേക്ക് നാടുകടത്തി. എന്നാൽ അധികം താമസിയാതെ അദ്ദേഹം തിരികെ വരികയും 390–നു മുമ്പ് മരിക്കയും ചെയ്തു. പല കൃതികളും മക്കാരിയൂസിന്റേതായി അറിയപ്പെടുന്നു. പല്ലാഡിയുസോ, റുഫീനസോ, മക്കാരിയൂസിന്റെ കൃതികളെപ്പറ്റി ഒന്നും പറയുന്നില്ല. എന്നാൽ പിൽക്കാല കയ്യെഴുത്തു പ്രതികളിൽ പല മൊഴികളും കത്തുകളും പ്രാർഥനകളും പ്രഭാഷണങ്ങളും കൃതികളും അദ്ദേഹത്തിന്റേതായി കാണുന്നു. 50 ആധ്യാത്മിക പ്രഭാഷണങ്ങൾ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു.

**7. അലക്സാണ്ഡ്രിയയിലെ മക്കാരിയുസ്(+394)**

അദ്ദേഹം ഈജിപ്തിലെ മക്കാരിയുസിന്റെ സമകാലികനായിരുന്നു. പ്രവചനവരവും ദുഷ്ടാരൂപികളെ ഒഴിക്കാനുള്ള വരവും അദ്ദേഹത്തിനുമുണ്ടായിരുന്നു. 300-നു മുമ്പേ ജനിച്ചു. 394-ൽ മരിച്ചു. 335-ൽ കെല്ലിയാ മരുഭൂമിയിൽ താമസം തുടങ്ങി. മക്കാരിയുസിനെ ഇവിടെ വച്ചാണ് പല്ലാഡിയസ് കാണുന്നത്. മക്കാരിയുസിന്റെ ആധ്യാത്മിക ജീവിതത്തെപ്പറ്റി പല്ലാഡിയസ് വിവരിക്കുന്നു. മക്കാരിയുസ് വൈദികനായിരുന്നെന്നും പറയപ്പെടുന്നു. അദ്ദേഹത്തിന്റെ കൃതികളെപ്പറ്റി പല്ലാഡിയുസ് പറയുന്നില്ല. മിക്കവാറും അദ്ദേഹം ഒന്നും തന്നെ എഴുതിക്കാണാനിടയില്ല. അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന ചൊല്ലുകളും പ്രസംഗങ്ങളും നിയമങ്ങളും അദ്ദേഹത്തിന്റേതല്ല എന്നുവേണം കരുതുവാൻ.

**8. പോൻതുസിലെ എവാഗ്രിയസ് (+399)**

രണ്ട് മക്കാരിയുസിന്റെയും ശിഷ്യനാണ് എവാഗ്രിയസ്. പോൻതുസിലെ ഇബോറയിൽ ജനിച്ചതുകൊണ്ട് പോൻതുസിലെ എവാഗ്രിയസ് (എവാഗ്രിയസ് പോന്തിക്കുസ്) എന്ന് അദ്ദേഹം അറിയപ്പെടുന്നു (സൊക്രാട്ടസ്, സഭാ.4.23). മഹാനായ ബേസിൽ അദ്ദേഹത്തെ വായനക്കാരനായി നിയമിച്ചു. ഗ്രിഗറി നസ്യാൻസൻ ഡീക്കനാക്കി. 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡിൽ നസ്യാൻസനോടൊപ്പം അദ്ദേഹം പങ്കെടുത്തു. അബദ്ധോപദേശങ്ങൾക്കെതിരായ വാദഗതികളിൽ നിപുണൻ ആയിരുന്നതിനാൽ സ്ഥലത്തെ മെത്രാനായ നെക്താരിയുസ് എവാഗ്രിയസിനെ തന്റെ സഹായിയാക്കി. കോൺസ്റ്റാന്റിനോപ്പിളിലെ വാസം തന്റെ സുകൃതജീവിതത്തിന് തടസ്സമാണെന്നു കണ്ട് ആദ്യം ജറുസലേമിലേക്കും പിന്നെ അവിടെ നിന്ന് ഈജിപ്തിലേക്കും പോയി. നിത്രിയൻ മലകളിൽ രണ്ടു വർഷം അജ്ഞാതവാസം കഴിച്ചു. അതിനുശേഷം കെല്ലിയ മരുഭൂമിയിൽ സന്യാസം ആരംഭിച്ചു. അവിടെ 14 വർഷം ജീവിച്ചു. അവിടെ വച്ചാണ് രണ്ടു മക്കാരിയൂസുമാരുമായി പരിചയപ്പെടാൻ അദ്ദേഹത്തിനു സാധിച്ചത്; ഗ്രന്ഥരചന വഴി ഉപജീവനമാർഗം നേടി എന്ന് ശിഷ്യനായ പല്ലാഡിയസ് പറയുന്നു (ലൗസിയാക് ചരിത്രം, 38,10) അലക്സാണ്ഡ്രിയയിലെ തെയോഫിലസ് എവാഗ്രിയസിനെ മെത്രാനാക്കാൻ ആഗ്രഹിച്ചപ്പോൾ അദ്ദേഹം വഴിപ്പെട്ടില്ല. അദ്ദേഹം 54-ാം വയസ്സിൽ 399-ൽ മരിച്ചു.

**കൃതികൾ**

ക്രിസ്തീയ ഭക്തിസംവർദ്ധകങ്ങളായ നിരവധി കൃതികളെഴുതിയ ആദ്യത്തെ സന്യാസി എവാഗ്രിയസാണ്. മൊണാസ്റ്റിക് മിസ്റ്റിസിസത്തിന്റെ കർത്താവാണ് അദ്ദേഹം. ഈജിപ്ഷ്യൻ മരുഭൂമിയിലെ ഏറ്റവും നല്ല ആധ്യാത്മിക എഴുത്തുകാരനായി അദ്ദേഹത്തെ കണക്കാക്കാം. കിഴക്കും പടിഞ്ഞാറുമുള്ള സന്യാസികൾ അദ്ദേഹത്തിന്റെ കൃതികൾ പാഠപുസ്തകങ്ങളായി വായിച്ച് പഠിച്ചിരുന്നു. പിൽക്കാലത്ത് നിരവധി മഹാന്മാരിൽ അദ്ദേഹത്തിന്റെ സ്വാധീനം ദൃശ്യമാണ്. പല്ലാഡിയസ്, ജോൺ ക്ലിമാക്കുസ്, ഹെസീക്കിയുസ്, വിശ്വാസസാക്ഷിയായ മാക്സിമുസ്, നിസേറ്റാസ് സ്തെത്താത്തോസ്, മാബുഗിലെ ഫീലൊക്സീനോസ്, നിനിവേയിലെ ഇസഹാക്ക്, ജോൺ ബർ കൽദൂൻ, ബർ എബ്രായാ, ജോൺ കാസ്സിയൻ എന്നിവർ അവരിൽ പ്രധാനികളാണ്. എവാഗ്രിയൻ മിസ്റ്റിസിസം നൂറ്റാണ്ടുകളോളം സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. ചില കൃതികളുടെ ശകലങ്ങളൊഴിച്ച് ഗ്രീക്കിലുള്ള മിക്ക കൃതികളും നഷ്ടപ്പെട്ടു. റുഫീനസിന്റെയും ജന്നാഡിയസിന്റെയും ലത്തീൻ വിവർത്തനങ്ങളിലും സിറിയൻ, അർമേനിയൻ, അറബി, എത്യോപ്യൻ വിവർത്തനങ്ങളിലുമായി കൃതികൾ മിക്കതും കിട്ടിയിട്ടുണ്ട്. മറ്റു ചിലതു ബേസിലിന്റെയും അൻസീറായിലെ നീലൂസിന്റെയും കൃതികളുടെ കൂടെയുണ്ട്.

(1) ആന്റിറെട്ടിക്കോസ് : ആന്റിറെട്ടിക്കോസ് എന്നൊരു ഗ്രന്ഥം എവാഗ്രിയസ് എഴുതിയെന്ന് സൊക്രാട്ടസ് (സഭാ.4,23) പറയുന്നു. പരീക്ഷിക്കുന്ന അരൂപികൾക്കെതിരെ വേദപുസ്തക വാക്യങ്ങൾ ശേഖരിച്ച് എട്ടു ഭാഗങ്ങളായി ഇതിൽ തിരിച്ചിരിക്കുന്നു. ജന്നാഡിയസും ഇതേപ്പറ്റി പറയുന്നു (മഹദ്.11). പരീക്ഷണ വിധേയനായപ്പോൾ കർത്താവ് വേദപുസ്ത വാക്യങ്ങൾ ഉദ്ധരിച്ച് പിശാചിനെ പരാജയപ്പെടുത്തിയതിന്റെ മാതൃകയിലാണ് ഇതെഴുതിയിരിക്കുന്നത്. ജന്നാഡിയസ് ഇത് ലത്തീനിലേക്ക് വിവർത്തനം ചെയ്തു. എന്നാൽ ഗ്രീക്കു മൂലകൃതിയും ഈ ലത്തീൻ വിവർത്തനവും നഷ്ടപ്പെട്ടു. സുറിയാനി, അർമേനിയൻ പതിപ്പുകളിൽ ഈ കൃതി പൂർണമായി ലഭിച്ചിട്ടുണ്ട്. സന്യാസിയെ അലട്ടുന്ന എട്ട് അശുദ്ധാരൂപികളെപ്പറ്റിയാണ് എട്ടു പുസ്തകങ്ങളിലായി ചർച്ച. ഭോജനപ്രിയം, വ്യഭിചാരം, ദ്രവ്യാഗ്രഹം, നൈരാശ്യം, ശുണ്ഠി, സന്യാസജീവിതത്തോടുള്ള മടുപ്പ്, നിഷ്ക്രിയത്വം, ഔദ്ധത്യം എന്നിവയാണ് അഷ്ടാരൂപികൾ.

(2) സന്യാസി (*Monachikos*) : സന്യാസി എന്ന പേരിൽ രണ്ടു ഭാഗങ്ങളുള്ള ഒരു കൃതി എവാഗ്രിയസ് എഴുതിയിട്ടുണ്ട്. ഒന്നാം ഭാഗത്തിൽ (*Praktikos*) നൂറ് വാചകങ്ങളുണ്ട്. രണ്ടാം ഭാഗം (*Gnostikos)* അൻപത് വാചകങ്ങളും. രണ്ടാംഭാഗം ഗ്രീക്കിലും ഒന്നാം ഭാഗം സുറിയാനിയിലുമായി കിട്ടിയിട്ടുണ്ട്. റുഫീനസും ജന്നാഡിയസും ഉണ്ടാക്കിയ ലത്തീൻ വിവർത്തനങ്ങൾ നഷ്ടപ്പെട്ടു. അന്തോണിയോസ്, ഈജിപ്തിലെ മക്കാരിയൂസ്, അത്തനാസ്യോസ്, സെറാപിയോൻ, ദിദീമൂസ്, ബേസിൽ എന്നിവരുടെ മൊഴികളാണ് ഇതിലെ ഉള്ളടക്കം. (പ്രാക്തിക്കോസിന്റെ മലയാളവിവർത്തനത്തിന്: ജി.ചേടിയത്ത്, *സഭാപിതാക്കന്മാർ-3,* കോട്ടയം,200,പേജ്,148-179).

(3) സന്യാസികൾക്കും സന്യാസിനികൾക്കുമുള്ള കണ്ണാടി: ഈ തലക്കെട്ടിൽ 50 വാചകങ്ങൾ ഗ്രീക്കു മൂലത്തിൽ കിട്ടിയിട്ടുണ്ട്. റുഫീനസ് അവ ലത്തീനിലേക്ക് തർജമ ചെയ്തു.

(4) ഗ്നോസ്റ്റിക് പ്രശ്നങ്ങൾ (*Problema Gnostica*) 600 വാചകങ്ങളുടെ സമാഹാരമാണിത്. 100 വീതമുള്ള 6 പുസ്തകങ്ങളിലായി അവ തിരിച്ചിരിക്കയാണ്. അവ സെൻച്യുറീസ് (*Centuries*) എന്നറിയപ്പെടുന്നു. ഗ്രീക്കുകൃതി നഷ്ടപ്പെട്ടെങ്കിലും സുറിയാനി, അർമേനിയൻ വിവർത്തനങ്ങളിൽ ലഭിച്ചിട്ടുണ്ട്. താത്വിക-ആധ്യാത്മിക സ്വഭാവമുള്ള പ്രശ്നങ്ങൾ ഇതിൽ ചർച്ചാവിഷയമാണ്.

(5) പ്രാർഥനയെപ്പറ്റി (*Peri Proseuches*): അൻസീറായിലെ നീലൂസിന്റെ കൃതികളുടെ കൂടെ കാണുന്ന *പ്രാർഥനയെപ്പറ്റി* എന്ന കൃതി എവാഗ്രിയസിന്റെതാണ്. (മലയാളവിവർത്തനത്തിന്: ജി.ചേടിയത്ത്, *പ്രാർഥന സഭയിൽ*, കോട്ടയം,1993,പേജ്,202-231).

(6) *De malignis cogitationibus*: നീലൂസിന്റെ കൃതികളുടെ കൂടെയാണിതും കാണുന്നത് .

(7) എവുളോഗിയുസ് സന്യാസിക്ക്.

(8) പ്രാർഥിക്കാനുള്ള ഉപദേശം: സുറിയാനി വിവർത്തനത്തിലൂടെ ഇത് ലഭിച്ചിട്ടുണ്ട്. (മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *പ്രാർഥന സുറിയാനിസഭയിൽ*, കോട്ടയം,1991,പേജ്,62-70).

(9) വേദപുസ്തക ഭാഷ്യങ്ങൾ: ഭാഷ്യങ്ങളിലും ഒരിജനാണ് അദ്ദേഹത്തിന്റെ ഗുരു. മൊഴികളായിട്ടാണ് വാക്യങ്ങളെല്ലാം. സങ്കീർത്തനം, പ്രഭാഷകൻ, ജോബ്, ലൂക്കോസ്, എന്നിവയ്ക്കെല്ലാം അദ്ദേഹം ഭാഷ്യങ്ങളെഴുതിയിട്ടുണ്ട്.

(10) കത്തുകൾ: സുറിയാനി വിവർത്തനത്തിൽ 67 കത്തുകൾ കിട്ടിയിട്ടുണ്ട്. ആരിയനിസത്തിനെതിരെ പഠിപ്പിക്കയും ത്രിത്വസംബന്ധമായ സത്യവിശ്വാസം വരച്ചുകാട്ടുകയും ചെയ്യാൻ ഈ കത്തുകളിൽ അദ്ദേഹം ശ്രമിക്കുന്നു.

### 9. പല്ലാഡിയസ്

എവാഗ്രിയസിന്റെ ശിഷ്യനായ പല്ലാഡിയസാണ് ഈജിപ്ഷ്യൻ സന്യാസപ്രസ്ഥാന ചരിത്രകർത്താക്കളിൽ ഏറ്റവും ഗണനീയൻ. 363/4-ൽ ഗലാത്യയിൽ ജനിച്ചു. ക്ലാസിക്കൽ സാഹിത്യത്തിൽ ഉറച്ച വിദ്യാഭ്യാസം സമ്പാദിച്ചശേഷം 388-ൽ ഈജിപ്തിലെത്തി. ഇസിദോർ എന്ന വൈദികൻ സന്യാസജീവിതത്തിനുള്ള പ്രാരംഭ പാഠങ്ങളൊക്കെ അലക്സാണ്ഡ്രിയയിൽ വച്ച് നൽകി. ഒരു വർഷത്തിനുശേഷം ഡൊറോതെയൂസ് എന്ന സന്യാസിയെ ഏൽപിച്ചു. നൊവീഷ്യേറ്റ് രീതിയിലുള്ള പരിശീലനം അദ്ദേഹത്തിന്റെ കൂടെ നടത്തുന്നതിനായിരുന്നത്. എന്നാൽ ആരോഗ്യപരമായ കാരണങ്ങളാൽ 390-ൽ നിത്രിയായിലേക്കും പിന്നീട് ചെള്ളിയായിലേക്കും പോയി. ചെള്ളിയായിൽ ആദ്യം മക്കാരിയൂസിന്റെ കൂടെയും പിന്നീട് എവാഗ്രിയസിന്റെ കൂടെയും ഒൻപതു വർഷം താമസിച്ചു. വീണ്ടും ആരോഗ്യം തകരാറിലായപ്പോൾ പലസ്തീനായിൽ പോകാൻ സുഹൃത്തുക്കൾ പ്രേരിപ്പിച്ചു. പല്ലാഡിയസ് 400-ാമാണ്ടിൽ ബിഥീനിയായിലെ ഹെലേനോപ്പൊളീസിലെ മെത്രാനായി. ഒരിജനിസ്റ്റ് തർക്കങ്ങളിൽ അതിവേഗം കുടുങ്ങി. 405-ൽ ജോൺ ക്രിസൊസ്തോമിനുവേണ്ടി വാദിക്കാൻ അദ്ദേഹം റോമിലേക്ക് യാത്ര ചെയ്തു. പിറ്റേവർഷം അർക്കേഡിയസ് ചക്രവർത്തി അദ്ദേഹത്തെ ഉത്തര ഈജിപ്തിലേക്ക് നാടുകടത്തി.. 412/13-ൽ തിരികെ വരാൻ അനുവാദം കിട്ടി. അപ്പോൾ ഗലാത്യയിലെ അസ്പൂനാ രൂപതയുടെ മെത്രാനായി. 431-ലെ എഫേസോസ് സൂനഹദോസിനു തൊട്ടുമുമ്പ് മരിച്ചു.



#### കൃതികൾ

(i) ലൗസിയാക് ചരിത്രം : പല്ലാഡിയസിന്റെ ഏറ്റവും വലിയ കൃതിയാണിത്. തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തിയുടെ കൊട്ടാരത്തിലെ ചേംബർലൈനായിരുന്ന ലൗസുസിനാണ് ഇത് സമർപ്പിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ലൗസിയാക് ചരിത്രം എന്നറിയപ്പെടുന്നത്. ഈജിപ്റ്റ്, പലസ്തീനാ, സിറിയാ, ഏഷ്യാമൈനർ എന്നിവിടങ്ങളിൽ നാലാം നൂറ്റാണ്ടിൽ ഉണ്ടായ സന്യാസപ്രസ്ഥാനങ്ങളെപ്പറ്റി ഇത് വിവരിക്കുന്നു. നേരിട്ട് കണ്ടറിഞ്ഞ സംഗതികളും മറ്റുള്ളവരിൽ നിന്നു കേട്ട വിവരണങ്ങളും ഒന്നിച്ചു ചേർത്താണ് അദ്ദേഹം 419/20-ൽ ഇത് എഴുതിയിരിക്കുന്നത്. കഥകളും സംഭവങ്ങളും നിരത്തി വച്ചിരിക്കുന്നു. കഥാരൂപത്തിൽ പലതും കാണപ്പെടുമെങ്കിലും, അദ്ദേഹം നേരിട്ട് കണ്ടവ യാഥാർഥ്യങ്ങളല്ലെന്ന് വരുന്നില്ല. ലത്തീനിലേക്കും പൗരസ്ത്യ ഭാഷകളിലേക്കും ഇത് വളരെ വേഗം വിവർത്തനം ചെയ്യപ്പെട്ടു. റുഫീനസാണ് ലത്തീൻ വിവർത്തനം നടത്തിയത് (മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *പ്രാചീനസന്യാസചരിത്രം*, കോട്ടയം,1992).

(2) വി.ജോൺ ക്രിസൊസ്തോമിന്റെ ജീവചരിത്രം : വിപ്രവാസത്തിൽ ആയിരിക്കുമ്പോൾ (408) ജോൺ ക്രിസൊസ്തോമിന്റെ ജീവിതത്തെ സംബന്ധിച്ച് സംഭാഷണശൈലിയിൽ ഒരു കൃതിയെഴുതി. ക്രിസൊസ്തോമിനെ സംബന്ധിച്ച് വളരെ കൃത്യമായ വിവരണം ഇതു നൽകുന്നു. പ്ലേറ്റോയുടെ ഫേഡോയുടെ മാതൃകയിലാണ് ഇതെഴുതിയിരിക്കുന്നത്.

(3) ഇൻഡ്യയിലെ ആളുകളെക്കുറിച്ചും ബ്രാഹ്മണരെക്കുറിച്ചും : ഇതിന് നാലു ഭാഗങ്ങളുണ്ട്. ഇതിൽ ഒന്നാമത്തേതു മാത്രമേ പല്ലാഡിയസ് എഴുതി

യിട്ടുള്ളു എന്ന് കരുതുന്നവരുണ്ട്. ഒരു ഈജിപ്ഷ്യൻ പണ്ഡിതന്റെ ഭാരത പര്യടനവേളയിലെ അനുഭവങ്ങൾ ഇതിൽ വിവരിക്കുന്നു.

**10. പെലൂസിയത്തിലെ ഇസിദോർ (360–435)**

ഈജിപ്തിൽ പെലൂസിയത്തിലെ ഒരു വൈദികനായിരുന്നു ഇസിദോർ. അന്ത്യോക്യയിലെ സെവേരൂസ് സാക്ഷിക്കുന്നതുപോലെ, ഭക്തിയിലും വേദ പുസ്തക ജ്ഞാനത്തിലും അദ്ദേഹം കീർത്തിമാനായിരുന്നു. ഇസിദോറിന്റേതായി 2000 കത്തുകൾ ലഭിച്ചിട്ടുണ്ട്. അദ്ദേഹം തികഞ്ഞ സന്യാസജീവിതം നയിക്കയും സന്യാസികളുടെ ഇടയിൽ സംപൂജ്യനായി പരിഗണിക്കപ്പെടുകയും ചെയ്തു. അദ്ദേഹം ആശ്രമാധ്യക്ഷനായിരുന്നോ എന്ന് ഖണ്ഡിതമായി പറയാനാവില്ല. ക്ലാസിക്കൽ വിദ്യാഭ്യാസവും കൃത്യമായ ദൈവശാസ്ത്ര പരിശീലനവും അദ്ദേഹത്തിന് ലഭിച്ചിരുന്നു. അദ്ദേഹം വി. ഗ്രന്ഥത്തെയാണ് പ്രധാനമായി ആശ്രയിച്ചിരുന്നത്. എങ്കിലും പ്രാചീന സഭാപിതാക്കന്മാരെയും പരിചയമുണ്ടായിരുന്നു. ചില കത്തുകൾ അലക്സാണ്ഡ്രിയായിലെ ക്ലെമെന്റിൽ നിന്ന് പദാനുപദം പകർത്തിയതാണ്. ദെമോസ്തനസ്, പ്ലേറ്റോ, അരിസ്റ്റോട്ടൽ, ഹോമർ എന്നിവർ ഇസിദോറിന് പ്രിയംകരരായിരുന്നു. ക്രിസ്തുശാസ്ത്രം സംബന്ധിച്ച് സഭാപ്രബോധനം ഉയർത്തിക്കാട്ടാൻ അദ്ദേഹം ശ്രമിച്ചു. ക്രിസ്തുവിന്റെ ദൈവത്വം, മനുഷ്യത്വം എന്നിവ വേദപുസ്തക വാക്യങ്ങളുപയോഗിച്ച് അദ്ദേഹം തെളിയിച്ചു. താൻ രചിച്ച രണ്ട് കൃതികളെപ്പറ്റി അദ്ദേഹം തന്റെ കത്തുകളിൽ സൂചിപ്പിക്കുന്നെങ്കിലും അവ നമുക്ക് കിട്ടിയിട്ടില്ല.

ഇസിദോർ ഒരു ദൈവശാസ്ത്രജ്ഞനായിരുന്നെന്ന് കത്തുകൾ സാക്ഷിക്കുന്നു. അക്കാലത്ത് പ്രചരിച്ചിരുന്ന അബദ്ധ പ്രബോധനങ്ങൾക്കെതിരെ ശരിയായ ക്രിസ്തുശാസ്ത്രം ഉയർത്തിപ്പിടിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. വി.ഗ്രന്ഥത്തിൽ നിന്നുള്ള തെളിവുകൾ ഉദ്ധരിച്ചുകൊണ്ടും അവയെ ശരിയായി വ്യാഖ്യാനിച്ചുകൊണ്ടും ആരിയർക്കെതിരെ ക്രിസ്തുവിന്റെ ദൈവത്വം പഠിപ്പിച്ചു. അന്ത്യോക്യൻ വിദ്യാപാഠശാലയുടെ സ്വാധീനം വ്യാഖ്യാനങ്ങളിലും താത്വികാപഗ്രഥനത്തിലും ദൃശ്യമത്രേ. തുടർച്ചയായി *ഹോമോഉസിയോസ് (സമസത്ത)* എന്ന പദം അദ്ദേഹം ഉപയോഗിക്കുന്നു. നിഖ്യായിലെ പ്രബോധനം പരിശുദ്ധാത്മ പ്രേരിതമാകയാൽ അത് സത്യമാണ്, എല്ലാവരും അത് പിൻചെല്ലണം എന്ന് അദ്ദേഹം ഉപദേശിച്ചു മനിക്കേയർക്കെതിരെ ക്രിസ്തുവിന്റെ മനുഷ്യത്വം പ്രഘോഷിക്കാനും അദ്ദേഹം മടിച്ചില്ല.

അലക്സാണ്ഡ്രിയയിലെ വി.സിറിലുമായി ഇസിദോർ നിരന്തരം സമ്പർക്കം പുലർത്തി എന്ന് കത്തുകൾ വെളിപ്പെടുത്തുന്നു. എഫേസോസിൽ വച്ച് 431-ൽ സിറിൽ ചെയ്ത സംഗതികളോട് പൂർണമായി യോജിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അതിന് സിറിലിനെ അദ്ദേഹം കുറ്റപ്പെടു



ത്തുന്നു: ''അനുകമ്പ സംഗതികൾ വികലമായേ കാണൂ; വെറുപ്പ് ഒട്ടും കാണുകയേ ഇല്ല. കാഴ്ച വികലമാക്കുന്ന ഇവ രണ്ടിൽ നിന്നും അങ്ങ് വിമുക്തനാകണമെങ്കിൽ, തറപ്പിച്ച് നിഷേധിക്കാൻ പോകാതെ താങ്കൾക്കെതിരായി ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾ നീതിമാനായ ന്യായാധിപന്റെ വിധിക്ക് സമർപ്പിക്കുക. സംഭവിക്കുന്നതിനു മുമ്പ് സമസ്തവും അറിയുന്ന ദൈവം താഴേക്കിറങ്ങി വരാനും സോദോമിന്റെ നിലവിളി കേൾക്കാനും തിരുമനസ്സായി; സംഗതികൾ അടുത്തു മനസ്സിലാക്കണമെന്നും കൃത്യമായി തൂക്കി നോക്കണമെന്നും അതിലൂടെ ദൈവം നമ്മെ പഠിപ്പിക്കുന്നു. എഫേസോസിൽ സമ്മേളിച്ച പലരും അവജ്ഞയോടെയാണ് താങ്കളെപ്പറ്റി സംസാരിക്കുന്നത്. ക്രിസ്തുവിനെ സംബന്ധിച്ച സംഗതികളുടെ ശരിയായ വിശ്വാസം തേടുന്ന ആളായിട്ടല്ല, വ്യക്തിവൈരാഗ്യങ്ങൾക്കനുസൃതം പ്രവർത്തിക്കുന്നവനായിട്ടാണ് അവർ താങ്കളെ  കാണുന്നത്. അവർ പറയുന്നു: അയാൾ തെയോഫിലസിന്റെ സഹോദരീപുത്രനാണ്. അയാളുടെ സ്വഭാവരീതിയും അപ്രകാരം തന്നെയാണ്. ദൈവപ്രേരിതനും ദൈവസ്നേഹിതനുമായ ജോണിനെതിരെ തെയോഫിലസ് പരസ്യമായി ക്രുദ്ധനായി. അനന്തിരവനും അതുപോലെ പ്രവർത്തിക്കാൻ തുനിയുന്നു. രണ്ടും തമ്മിൽ വളരെയധികം അന്തരമുണ്ടെന്നുള്ളത് മറ്റൊരു സംഗതി''(ലേഖനം,1:310).

**11. അത്രിപ്പെയിലെ ഷെനൂദ**

ഈജിപ്റ്റിലെ സാമൂഹ്യ സന്യാസജീവിതത്തിൽ പക്കോമിയസ് കഴിഞ്ഞാൽ ഏറ്റവും ഗണനീയനായ വ്യക്തി ഷെനൂദാണ്. അദ്ദേഹം 83 വർഷം (383–466) തേബായിഡ് മരുഭൂമിയിലെ അത്രിപ്പെ സമൂഹത്തിന്റെ അധിപനായിരുന്നു. 2200 സന്യാസികളും 1800 സന്യാസിനികളും അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്നെന്ന് ബേശാ എന്ന ശിഷ്യൻ സാക്ഷിക്കുന്നു. തന്റെ നിയമാവലിയിൽ പക്കോമിയസിൽ നിന്ന് പലതും ഷെനൂദാ മാറ്റിക്കുറിച്ചു. അദ്ദേഹം സമർത്ഥനായ നേതാവായിരുന്നു. സിറിലിനോടൊപ്പം ഷെനൂദ് 431-ൽ എഫേസോസ് സൂനഹദോസിൽ സംബന്ധിച്ചു. 118 വയസുള്ളപ്പോൾ മരിച്ചു. കോപ്റ്റിക്, അറബി, സുറിയാനി ജീവചരിത്രങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെയും നേട്ടങ്ങളെയും പുകഴ്ത്തുന്നു. നിരവധി പ്രസംഗങ്ങളും കത്തുകളും അദ്ദേഹത്തിന്റേതായി ലഭിച്ചിട്ടുണ്ടെന്ന് ബേശാ സാക്ഷിക്കുന്നു.

**12. പിതാക്കന്മാരുടെ മൊഴികൾ**

പിതാക്കന്മാരുടെ മൊഴികൾ (*അപ്പൊഫ്തെഗ്മാതാ പാത്രും)* എന്ന കൃതി ഈജിപ്ഷ്യൻ സന്യാസ പ്രസ്ഥാനത്തെപ്പറ്റി മറ്റേതൊരു സ്രോതസ്സിനെക്കാളും വ്യക്തമായും കൃത്യമായുമുള്ള വിവരണങ്ങൾ നൽകുന്നു. അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിലാകാം ഇതെഴുതപ്പെട്ടത്. പ്രശസ്തരായ സന്യാസ ശ്രേഷ്ഠരുടെയും ഏകാന്തവാസികളുടെയും മൊഴികൾ, അവരുടെ

സുകൃതങ്ങളുടെയും പ്രവൃത്തികളുടെയും ചെറിയ വിവരണങ്ങൾ എന്നിവ ഇതിലടങ്ങിയിരിക്കുന്നു. ഗ്രീക്കിൽ എഴുതുന്നതിന് മുമ്പ് കോപ്റ്റിക്കിൽ വാമൊഴിയായി പ്രചരിച്ചിരുന്നു. ആറാം നൂറ്റാണ്ടിൽ അക്ഷരമാലക്രമത്തിൽ ഇത് ക്രമീകരിക്കപ്പെട്ടു. ആദ്യത്തെ സന്യാസി അന്തോണിയും അവസാനത്തേത് ഓറും ആണ്.

### 13. ക്ലിസ്മായിലെ മാർ ഔഗേൻ

ഈജിപ്തിലെ ക്ലിസ്മായിൽ ജനിച്ച മാർ ഔഗേൻ പാവപ്പെട്ടവരെ സഹായിക്കുന്നതിൽ അതീവതൽപ്പരനായിരുന്നു. ഏതാണ്ട് 25 വർഷത്തോളം കടലിൽ മുങ്ങിത്തപ്പി മുത്തുച്ചിപ്പികൾ ശേഖരിച്ച് ദരിദ്രർക്ക് വിതരണം ചെയ്തു വന്നു. അതിനു ശേഷം സന്യാസശ്രേഷ്ഠനായ പക്കോമിയസിന്റെ പക്കൽ ചെന്നു സന്യാസവസ്ത്രം സ്വീകരിക്കയും സന്യാസജീവിതം ആരംഭിക്കുകയും ചെയ്തു. അദ്ദേഹം പേർഷ്യയിൽ നിസിബിസിനടുത്തുള്ള ഈസ്ലാമലയിൽ പോയി കൂട്ടുകാരുമൊത്ത് സന്യാസജീവിതം ആരംഭിച്ചു. പേർഷ്യയിലെ ക്രിസ്ത്യാനികളുടെ ഇടയിൽ സന്യാസപ്രസ്ഥാനത്തിന് ആരംഭമിട്ടത് മാർ ഔഗേനാണെന്ന് പറയപ്പെടുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കുമായി അദ്ദേഹം സന്യാസഭവനങ്ങൾ സ്ഥാപിച്ചു. ഷപ്പൂർ രണ്ടാമൻ എന്ന പേർഷ്യൻ രാജാവിന്റെ മുൻപാകെ (309–379) നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും സുവിശേഷത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്തു. പ്രഗത്ഭരായ നിരവധി ശിഷ്യന്മാർ അദ്ദേഹത്തിനുണ്ടായി. ഔഗേൻ തുടങ്ങിയ അടിത്തറയിൽ പേർഷ്യൻ സന്യാസപ്രസ്ഥാനം വളർന്നു പുഷ്ടിപ്രാപിച്ചു. ഏകാന്തവാസികളും കൂട്ടജീവിതക്കാരുമായ സന്യാസികൾ പേർഷ്യയിലെങ്ങും ഉണ്ടായി. ഔഗേൻ ഈജിപ്തുകാരനല്ല എന്നു കരുതുന്നവരും ഉണ്ട്.[47]

അധ്യായം 26

# ഏഷ്യാമൈനറിലെ മൂന്ന് സന്യാസപിതാക്കന്മാർ

### 1. അൻസീറായിലെ നീലൂസ്

ഗലാത്യയിൽ അൻസീറായ്ക്കടുത്തുള്ള ഒരാശ്രമത്തിന്റെ അധ്യക്ഷനായിരുന്നു നീലൂസ്. 4/5 നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്നു. ഏതാണ്ട് 430–നോടടുത്ത് മരിച്ചു. അദ്ദേഹം ജോൺ ക്രിസോസ്തോമിന്റെ ശിഷ്യനും പ്രോക്ലൂസ്, പല്ലാഡിയസ്, ആബാ മർക്കോസ്, ഇസിദോർ എന്നിവരുടെ സമകാലികനുമായിരുന്നു. നീലൂസിന്റെ കത്തുകൾ തന്നെയും അദ്ദേഹത്തെ ജോണിന്റെ ശിഷ്യനായി ചിത്രീകരിക്കുന്നു. കോൺസ്റ്റാന്റിനോപ്പിൾ നഗരത്തിൽ 407–ൽ ഭൂകമ്പവും അഗ്നിബാധയും ഉണ്ടായപ്പോൾ, നഗരത്തിനുവേണ്ടി പ്രാർഥിക്കണമെന്ന് അർക്കേഡിയസ് ചക്രവർത്തി നീലൂസിനോട് അപേക്ഷിച്ചു. ജോണിനോട് ചക്രവർത്തി ചെയ്ത അപരാധങ്ങൾ നിമിത്തമാണ് ഈ കെടുതികൾ ഉണ്ടായതെന്നും അതുകൊണ്ട് പ്രാർഥിക്കാൻ സാധിക്കയില്ലെന്നും നീലൂസ് മറുപടി നൽകി.

എന്നാൽ പരമ്പരാഗതമായി അറിയപ്പെടുന്ന ജീവചരിത്രം ഇതിൽ നിന്ന് വ്യത്യസ്തമാണ്. അതനുസരിച്ച് മഹാനായ തിയഡോഷ്യസ് ചക്രവർത്തിയുടെ കാലത്ത് (379–395) അദ്ദേഹം നഗരത്തിലെ ഒരു പ്രീഫെക്ടായിരുന്നു ആ ജോലി രാജിവച്ച് തന്റെ മകനായ തെയൊഡുളുസിനോടു കൂടെ സീനായ് മലയിലേക്ക് സന്യസിക്കാൻ പോയി. വഴിക്കു വച്ച് അപരിഷ്കൃതർ അവരെ ആക്രമിക്കുകയും മകനെ തട്ടിക്കൊണ്ടുപോകുകയും ചെയ്തു. നീലൂസ് രക്ഷപെട്ടു. അവസാനം മകനും രക്ഷപെട്ട് പിതാവിന്റെ പക്കലെത്തി. പലസ്തീനയിലെ ഒരു മെത്രാൻ അവരിരുവർക്കും വൈദികപട്ടം നൽകി. – ഇതാണ് *വിവരണങ്ങൾ (നറാസ്യോണെസ്)* എന്ന കൃതിയിലെ ചരിത്രം. എന്നാൽ ഇതിന്റെ ചരിത്രപരത ഇന്ന് ആരും അംഗീകരിക്കുന്നില്ല. ഒരു പിൽക്കാല ഗ്രീക്കുകാരന്റെ ഭാവനാസൃഷ്ടിയാണിത്.

**കൃതികൾ**

നീലൂസിന്റേതായി അറിയപ്പെടുന്ന കൃതികളിൽ പലതും അദ്ദേഹത്തിന്റേതല്ല എന്നൊരഭിപ്രായമുണ്ട്. അദ്ദേഹത്തിന്റെ കുറേ കത്തുകളും പ്രതിപാദനങ്ങളും കിട്ടിയിട്ടുണ്ട്.

1. കത്തുകൾ: അദ്ദേഹത്തിന്റെ കത്തുകളെപ്പറ്റി 787-ലെ നിഖ്യാ കൗൺസിലും ഫോസിയസും (ബിബ്ലി.കോ. 201) സൂചിപ്പിക്കുന്നു. ലെയോ അല്ലാസ്യൂസ് പ്രസിദ്ധീകരിച്ച സമാഹാരത്തിൽ നാലു ഭാഗങ്ങളിലായി 1061 കത്തുകളുണ്ട്. ഒറ്റ വാചകത്തിലുള്ള ചില കത്തുകളും ഈ സമാഹാരത്തിലുണ്ട്. ചില കത്തുകൾ പൂർണമായോ ഭാഗികമായോ വീണ്ടും വീണ്ടും പ്രത്യക്ഷപ്പെടുന്നു. നീലൂസിന്റെ കൃതികളിൽ നിന്ന് എടുത്ത ചില ഭാഗങ്ങൾക്ക് കത്തിന്റെ രൂപം നൽകിയതാകാം ചിലതെങ്കിലും. ആശ്രമസ്ഥരാകാം ഇവ സമാഹരിച്ചത്. പിൽക്കാലങ്ങളിൽ ഇവ ആവർത്തനങ്ങൾക്കും തിരുത്തലുകൾക്കും വിധേയമായിക്കാണും. കൃത്യമായി അടുക്കും ചിട്ടയുമില്ലാതെയാണ് ഈ സമാഹാരത്തിൽ ക്രമീകരിച്ചിരിക്കുന്നത്. ഉപദേശത്തിനായി തന്നെ സമീപിച്ചവർക്ക് അദ്ദേഹം കത്തുകൾ അയച്ചിരുന്നു. പല കത്തുകളും വേദപുസ്തകഭാഗങ്ങളുടെ അപഗ്രഥനമാണ്. അദ്ദേഹം ബൈബിളിന്റെ ചരിത്രപരമായ അർഥവും അല്ലെഗോറിക്കൽ അർഥവും നൽകുന്നു. കത്തുകളിൽ താത്വിക ചർച്ചകൾ കുറവാണ്. ക്രിസ്തീയ പരിപൂർണതയാണ് ഏറ്റവും പ്രധാന ചർച്ചാവിഷയം. ''ക്രിസ്തുവിനെ അനുകരിക്കുന്നതിലൂടെ ക്രിസ്തീയ പരിപൂർണത പ്രാപിക്കാൻ സാധിക്കും. യഥാർഥ തത്വശാസ്ത്രം പഠിപ്പിക്കുന്ന ഗുരുവാണ് ക്രിസ്തു. നാം അവന്റെ ശിഷ്യരാകുകയും അവിടുത്തെ അനുകരിക്കുകയും വേണം. കറതീർന്ന ജീവിതത്തിലൂടെ, വികാരങ്ങളിൽ നിന്ന് ആത്മാവിനെയും ശരീരത്തെയും വിമുക്തമാക്കുന്നതിലൂടെ, അവനെ അനുകരിക്കാൻ നമുക്കു സാധിക്കും.''

2. പ്രതിപാദനങ്ങൾ

(1) ആശ്രമാഭ്യാസങ്ങൾ *(ലോഗോസ് അസ്കേതിക്കോസ്).* മൂന്നു ഭാഗങ്ങളുള്ള ഈ കൃതി 425 -നു മുമ്പ് വിരചിതമായി. സന്യാസപ്രസ്ഥാനത്തിന്റെ ഉത്ഭവവും സന്യാസമെന്ന ആശയവും ഒന്നാം ഭാഗത്തും (1-20 അധ്യായങ്ങൾ) ആശ്രമാധ്യക്ഷന്റെ കടമകൾ രണ്ടാം ഭാഗത്തും (21-41) സന്യാസികളുടെ കടമകൾ മൂന്നാം ഭാഗത്തും (42-66) ചർച്ചചെയ്യുന്നു. ക്രിസ്തു പഠിപ്പിച്ച യഥാർഥ തത്വശാസ്ത്രമായി സന്യാസജീവിതത്തെ അദ്ദേഹം ചിത്രീകരിക്കുന്നു. ''സന്യാസികളുടേത് ദാരിദ്ര്യത്തിന്റേതും അധ്വാനത്തിന്റേതുമായ ജീവിതമാണ്. പുരാതന സന്യാസികൾക്കുള്ളത്ര തീക്ഷ്ണത തന്റെ കാലത്തുള്ളവർക്കില്ല. ആശ്രമാധ്യക്ഷന്റെ കടമ ഗൗരവമേറിയതാണ്. അയാൾ തന്റെ മാതൃകയാലും വചനത്താലും തിരുത്തലുകളാലും അരൂപിയുടേതും



പൂർണതയുടേതുമായ ജീവിതത്തിലേക്ക് മറ്റുള്ളവരെ നയിക്കുന്നു. എല്ലാകലകളിലും ഒന്നാമത്തേതാണ് ആത്മാക്കളെ നയിക്കുക എന്നത്. അധികാരികൾ വിജ്ഞാനവും പക്വതയും പരിചയവും ഉള്ളവരായിരിക്കണം. സ്വന്തം ഇഷ്ടം പൂർണമായി പരിത്യജിക്കുന്നതിലും അധികാരിയെ ഒട്ടും എതിർക്കാതിരിക്കുന്നതിലും അനുസരണം അടങ്ങിയിരിക്കുന്നു. അനുസരണവ്രതം എടുത്തവർ കുശവന്റെ കൈയിലെ കളിമണ്ണുപോലെ വർത്തിക്കണം. ആജ്ഞകളെ വിമർശിക്കുകയോ, പരിശോധിക്കുകയോ ചെയ്യാൻ പാടില്ല. സ്വയം മറന്ന് അധികാരികളെ അനുസരിക്കണം.'' - നീലൂസിന്റെ കത്തുകളിൽ ഇതിലെ 21 വാചകങ്ങൾ കാണാം.

(2) ദാരിദ്ര്യവ്രതം: അൻസീറായിലെ മാഗ്നാ എന്ന സഭാശുശ്രൂഷകയ്ക്കുവേണ്ടി എഴുതിയതാണിത്. ഉത്തമം, മധ്യമം, അധമം എന്നിങ്ങനെ മൂന്നുതരം ദാരിദ്ര്യവ്രതത്തെപ്പറ്റി അദ്ദേഹം ചർച്ചചെയ്യുന്നു. പരിപൂർണ ദൈവസേവനത്തിനുള്ള സമർപ്പണം ഒന്നാമത്തേത്. അധഃപതനത്തിനു മുമ്പുള്ള ആദത്തിന്റെ അവസ്ഥയാണത്. രണ്ടാമത്തേത് ചുരുങ്ങിയ അളവിൽ ശരീരത്തെപ്പറ്റിയും കരുതുന്നു. യഥാർഥ സന്യാസി ഈ ഗണത്തിൽ പെടുന്നു. പൂർണമായി ലൗകികസമ്പാദ്യത്തിനായി പരക്കം പായുന്നതാണ് മൂന്നാമത്തേത്. നിർഭാഗ്യവശാൽ സന്യാസപ്രസ്ഥാനത്തിൽ മൂന്നാമത്തേതാണ് കൂടുതലായി കണ്ടുവരുന്നത്. അത് മാതൃകയിൽ നിന്നുള്ള മാർഗഭ്രംശം തന്നെയാണ്. സന്യാസികൾ വിശാലമായ തോട്ടങ്ങൾ സമ്പാദിക്കുന്നതും കന്നുകാലികളെ വളർത്തുന്നതും അദ്ദേഹം അംഗീകരിക്കുന്നില്ല. ദാരിദ്ര്യം സംബന്ധിച്ച് മധ്യമാർഗം അവലംബിക്കാൻ അദ്ദേഹം സന്യാസികളെ ആഹ്വാനം ചെയ്യുന്നു. കൈകൾ കൊണ്ട് അധ്വാനിച്ചു ജീവിക്കുന്നതാണ് ദാരിദ്ര്യം. ശേഷിക്കുന്ന സമയം പ്രാർഥനയ്ക്കും ആത്മാക്കളുടെ കാര്യം അന്വേഷിക്കുന്നതിനും വിശുദ്ധ ഗ്രന്ഥം വായിക്കുന്നതിനും സുകൃതങ്ങൾ അഭ്യസിക്കുന്നതിനും ചെലവഴിക്കണം.

(3) ആൽബിയനുള്ള സ്തുതിപ്രഭാഷണം: അൻസീറായിൽ ജനിച്ച ആൽബിയൻ കുറേനാൾ അടുത്തുള്ള സന്യാസാശ്രമത്തിൽ താമസിച്ചു. പലസ്തീനയിലേക്ക് ഒരു തീർഥയാത്ര നടത്തി. ഈജിപ്തിലെ നിത്രിയൻ മരുഭൂമിയിൽ വച്ച് മരിച്ചു.

(4) സന്യാസ ശ്രേഷ്ഠത: സന്യാസികൾ നഗരങ്ങളിൽ നിന്നകന്ന് മരുഭൂമിയിൽ ജീവിക്കുന്നതിന്റെ ഗുണങ്ങൾ വിവരിക്കുന്നു. ലോകത്തിലുള്ള താപസജീവിതത്തേക്കാൾ മരുഭൂമിയിലെ ഏകാന്തജീവിതം അഭികാമ്യമായി അദ്ദേഹം കരുതുന്നു. പരീക്ഷണങ്ങളും പാപപ്രേരണകളും വശീകരണശക്തികളും മരുഭൂമിയിൽ കുറവാണ്. വ്യർഥാഭിമാനത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്യുന്നു. പാപസാഹചര്യങ്ങളിൽ നിന്ന് അകറ്റുന്നു. മനുഷ്യരുടെ

സ്തുതി എല്ലാ നല്ല പ്രവർത്തനങ്ങളെയും തകർക്കുന്നു. മരുഭൂമിയിൽ ദൈവവുമായി അഭേദ്യബന്ധം പുലർത്താൻ സാധിക്കുന്നു.

(5) ഗുരുക്കന്മാരെയും ശിഷ്യരെയും സംബന്ധിച്ച കൃതി സന്യാസ പ്രസ്ഥാനം സംബന്ധിച്ചുള്ളതാണ്.

(6) എട്ടു മൂലപാപങ്ങൾ: അമിതഭോജനം, വ്യഭിചാരം, അത്യാഗ്രഹം, കോപം, അലസത, ദുഃഖഭാവം, വ്യർഥാഭിമാനം, അഹങ്കാരം എന്നിവയാണ് എട്ടു മൂലപാപങ്ങൾ. എട്ടു മൂലപാപങ്ങൾ എന്ന ആശയം നാലാം നൂറ്റാണ്ടിൽ സന്യാസികളുടെ ഇടയിൽ അംഗീകരിക്കപ്പെട്ട ചിന്താരീതിയായിരുന്നു. എവാഗ്രിയസ്, ജോൺ കാസിയൻ എന്നിവർ ഇതു സംബന്ധിച്ച് ചർച്ച ചെയ്തിട്ടുള്ളതാണ്. മറ്റു പാപങ്ങൾക്ക് അവ ഹേതുവാകയാൽ അവയെ മൂലപാപങ്ങളെന്നു വിളിക്കുന്നു.

(7) നഷ്ടപ്പെട്ട കൃതികൾ: ഉത്തമഗീതഭാഷ്യം, പ്രസംഗങ്ങൾ, ജാതികൾക്കെതിരെ, എവുകാർപിയുസ് എന്ന സന്യാസിക്ക് എന്നീ കൃതികൾ നഷ്ടപ്പെട്ടു.

(8) അയഥാർഥ കൃതികൾ: പ്രാർഥനയെപ്പറ്റി എന്ന എവാഗ്രിയൻ കൃതി, എവുളോഗിയസ് എന്ന സന്യാസിക്ക് എന്ന കൃതി, പെരിസ്തേരിയായ്ക്ക്, സൂക്തങ്ങൾ, എട്ടു ദുഷ്ടവിചാരങ്ങളെപ്പറ്റി എന്നീ കൃതികൾ അദ്ദേഹത്തിന്റെ പേരിൽ പ്രചരിച്ചിരുന്നു.

### 2. ആബാ മർക്കോസ്

ജോൺ ക്രിസൊസ്തോമിന്റെ ശിഷ്യനായിരുന്നു ആബാ മർക്കോസ്. നീലൂസിന്റെയും ഇസിദോറിന്റെയും സമകാലീനനായിരുന്നു. ഗലാത്യയിലെ ഒരാശ്രമത്തിൽ അഞ്ചാം നൂറ്റാണ്ടിൽ അധ്യക്ഷനായിരുന്നു. *മാർക്കുസ് എരെമിതാ*, സന്യാസിയായ മർക്കോസ് എന്നൊക്കെ അദ്ദേഹം വിളിക്കപ്പെട്ടിരുന്നു. ജീവിതാവസാനം പലസ്തീനയിലെ മരുഭൂമിയിൽ ഏകാന്തവാസം നയിച്ചു. മിക്കവാറും 430-നു ശേഷമായിരിക്കാം മരിച്ചത്.

#### കൃതികൾ

നാൽപത് കൃതികളോളം ആബാ മർക്കോസ് രചിച്ചെന്നും അവയിൽ എട്ടെണ്ണം തന്റെ പക്കൽ ഉണ്ടെന്നും നിസെഫോറുസ് പറയുന്നു. ഫോസിയസ് ഒൻപതെണ്ണത്തിൽ നിന്ന് ഉദ്ധരിച്ച് വിലയിരുത്തുന്നു (ബിബ്ലി.കോ. 200). ഇവ നമുക്കു ലഭിച്ചിട്ടുണ്ട്.

(1)ആത്മീയനിയമം: ആത്മാവിന്റെ നിയമം (റോമ.7,14) എന്താണെന്ന് വ്യക്തമാക്കുകയാണ് ഇതിൽ. ആത്മാവിന്റെ നിയമം പരിപൂർണതയുടെ ജീവിതമാണ്. 201 സൂക്തങ്ങളിലായി അതിനെ അപഗ്രഥിക്കുന്നു. സന്യാസ കടമകളെല്ലാം അതിൽ ഉൾക്കൊള്ളുന്നു. ദൈവത്തെ മറക്കുന്നത് എല്ലാ പാപങ്ങളുടെയും മൂലകാരണവും ദൈവികചിന്ത എല്ലാ അനുഗ്രഹങ്ങളുടെയും ഉറവയുമാണ്.



(2) പ്രവൃത്തികൾ വഴി നീതീകരിക്കപ്പെടാമെന്ന് ചിന്തിക്കുന്നവരെപ്പറ്റി: ആരംഭത്തിൽ മുൻഗ്രന്ഥത്തിന്റെ ഒരു ഭാഗമായിരുന്നു ഇത്. സുറിയാനി പതിപ്പിൽ രണ്ടും ഒന്നായിട്ടാണ് നൽകിയിരിക്കുന്നത്.

(3) അനുതാപത്തെപ്പറ്റി: പാപവികാരങ്ങൾക്കെതിരെയുള്ള നിരന്തര പോരാട്ടത്തിലും പ്രാർഥനയിലും സഹനത്തിലും അനുതാപം അടങ്ങിയിരിക്കുന്നു എന്ന് 13 അധ്യായങ്ങളിലായി വിവരിക്കുന്നു.

(4) ഉപവാസം: ഉപവാസത്തിന്റെ ആവശ്യകത നാല് അധ്യായങ്ങളിലായി വിശദമാക്കുന്നു.

(5) നിക്കൊളാസിനുള്ള കത്ത്: ഗലാത്യയിലെ നിക്കൊളാസ് എന്ന താപസന്റെ കത്തിനുള്ള മറുപടിയാണിത്. ദൈവം നൽകിയിട്ടുള്ള അനുഗ്രഹങ്ങളെ പറ്റിയുള്ള ചിന്തയും ക്രിസ്തു വഴി ലഭിച്ച രക്ഷയെപ്പറ്റിയുള്ള ചിന്തയും എല്ലാ വികാരങ്ങളെയും നിയന്ത്രിക്കാൻ സഹായിക്കും. മറവി, അജ്ഞത, ഉപേക്ഷ എന്നീ മൂന്ന് തിന്മകളെപ്പറ്റി യുവസന്യാസികൾക്ക് മുന്നറിയിപ്പു നൽകുന്നു.

(6) സ്നാനത്തെപ്പറ്റി: മെസാലിയർ എന്ന അബദ്ധവിഭാഗക്കാർക്കെതിരെ സ്നാനത്തിന്റെ ഫലങ്ങൾ വ്യക്തമാക്കുന്നു. സ്നാനം മനുഷ്യരെ ശുദ്ധീകരിക്കുന്നില്ല, തങ്ങളുടെ ഉള്ളിലുള്ള പിശാചിനെ സ്നാനാന്തരം കഠിനതാപസകർമങ്ങൾ കൊണ്ടും പ്രാർഥനകൊണ്ടും മാത്രമേ ഇറക്കാൻ കഴിയൂ എന്ന് ഇക്കൂട്ടർ പഠിപ്പിച്ചു.

(7) ആത്മഗതം: സ്നാനത്തെപ്പറ്റി എന്ന കൃതിയോട് ആശയപരമായി സാമ്യമുള്ളതാണിത്.

(8) അഭിഭാഷകനുമായുള്ള ചർച്ച: ഒരഭിഭാഷകനും ഒരു വൃദ്ധതാപസനും തമ്മിലുള്ള സംവാദമാണിത്. താപസൻ മിക്കവാറും ആബാ മർക്കോസ് തന്നെയായിരിക്കാം. കേസുകൾക്കും വ്യവഹാരങ്ങൾക്കും എതിരെ സന്യാസികൾ പ്രസംഗിച്ചതിനാൽ അഭിഭാഷകന്റെ വരുമാനം കുറഞ്ഞു. അയാൾ കുപിതനായി. അതിനെ സംബന്ധിച്ചാണ് ചർച്ച. രണ്ടാം ഭാഗത്ത് വൃദ്ധസന്യാസിയും സഹസന്യാസികളും കൂടി മറ്റൊരു പ്രശ്നം ചർച്ച ചെയ്യുന്നു: സന്യാസികൾക്ക് ആരെയെങ്കിലും കോടതി കയറ്റാമോ?ചർച്ചയുടെ ചുരുക്കം ഗ്രന്ഥത്തിൽ കാണുന്നില്ല. ഒരുപക്ഷേ നഷ്ടപ്പെട്ടതായിരിക്കാം.

(9) മൽക്കീസദേക്ക്: മൽക്കീസദേക്ക് വചനത്തിന്റെ അവതാരമായിരുന്നെന്ന് കരുതിയവർക്ക് എതിരെയാണിത്.

(10) നെസ്തോറിയർക്കെതിരെ: നെസ്തോറിയൻ പാഷണ്ഡതയ്ക്കെതിരെ 430/431-ൽ എഴുതിയതാണിത്.

**3. ഫൊതീസിലെ ദിയദോക്കുസ്**

ദിയദോക്കുസ് ഒരു സന്യാസിയും ആശ്രമാധ്യക്ഷനും ആയിരുന്നു. പിന്നീട് എപ്പീരൂസിലെ ഫൊതീസിന്റെ മെത്രാനായി. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. കാൽസിഡൺ കൗൺസിലിൽ ഏകസ്വഭാവവാദികൾക്കെതിരായ നിലപാടെടുത്തു. 468-നോടടുത്ത് മരിച്ചു. അദ്ദേഹത്തിന്റെ ചില ആധ്യാത്മിക കൃതികൾ ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി വളരെയൊന്നും അറിവില്ല.

(1) ആധ്യാത്മിക പരിപൂർണത സംബന്ധിച്ചുള്ള 100 അധ്യായങ്ങൾ: ക്രിസ്തീയ മിസ്റ്റിസിസവും ആധ്യാത്മികതയും സംബന്ധിച്ച ഒരു നല്ല കൃതിയാണിത്. യഥാർഥ പാതയും തെറ്റായ വഴികളും ചൂണ്ടിക്കാണിക്കുന്നു: പുണ്യപൂർണത പ്രാപിക്കാനുള്ള ശരിയായ വഴികളുണ്ട്. ആ വഴികളിലൂടെ നീങ്ങിയെങ്കിലേ പൂർണതയിൽ എത്തുകയുള്ളു.-സന്യാസസമൂഹത്തിലെ ആധ്യാത്മിക പിതാവെന്ന നിലയിലാണ് അദ്ദേഹം ഉപദേശിക്കുന്നത്. ഈ കൃതി പിൽക്കാല ആത്മീയപിതാക്കന്മാരിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മാക്സിമുസ്, സൊഫ്രോണിയസ്, പിതൃസൂക്തങ്ങളുടെ കർത്താവ്, തലാസിയുസ്, ഫോസിയസ് എന്നിവർ ഇതിൽ നിന്ന് ഉദ്ധരിക്കുന്നു. ജോൺ ക്ലിമാക്കുസ്, സൈമൺ ദി ന്യൂ തിയളോജിയൻ എന്നിവർ ഇതിൽ നിന്ന് സ്വാധീനം സ്വീകരിച്ചിട്ടുണ്ട്. ഇത് 18-ാം നൂറ്റാണ്ടിൽ റഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. റഷ്യൻ ഭാഷയിൽ പോലും ഇതിന്റെ സ്വാധീനം ദൃശ്യമാണ്. ലൊയോളയിലെ ഇഗ്നേഷ്യസും ആവിലായിലെ ത്രേസ്യായും ഇതിലെ തത്വങ്ങൾ സ്വാംശീകരിച്ചിട്ടുണ്ട്.

(2)സ്വർഗാരോഹണഹോമിലി: യേശുക്രിസ്തുവിന്റെ രണ്ടുസ്വഭാവങ്ങളെപ്പറ്റി വ്യക്തമായി പഠിപ്പിക്കുന്നു. ദൈവപുത്രൻ മനുഷ്യസ്വഭാവം എടുത്തതുവഴി മനുഷ്യന്റെ ദൈവീകരണ പ്രക്രിയ ആരംഭിച്ചു. ഏകസ്വഭാവപാഷണ്ഡത തള്ളിക്കളഞ്ഞു കൊണ്ടുള്ള ഒരു പ്രഖ്യാപനത്തോടുകൂടെ കൃതി അവസാനിപ്പിക്കുന്നു.

(3) ദർശനം: സ്വപ്നത്തിൽ സ്നാപക യോഹന്നാനുമായി നടത്തിയ സംഭാഷണമാണിത്. ദിവ്യദർശനത്തിന്റെ സ്വഭാവം, ദൈവിക വെളിപാടുകൾ, സ്വർഗീയ ദർശനം എന്നിവ ചർച്ചചെയ്യുന്നു.

(4) മതപഠനം: ദർശനം എന്ന കൃതിയോട് സാമ്യമുള്ള ഇത് ദൈവത്തിന് ലോകത്തോടുള്ള ബന്ധം, ദൈവത്തിന്റെ സർവവ്യാപകത്വം, മാലാഖമാർ, അവരുടെ ജ്ഞാനം, സ്വർഗീയ ദർശനം എന്നിവ ചർച്ച ചെയ്യുന്നു.

അധ്യായം 27

# നാലു ചരിത്രകാരന്മാർ

കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് ചരിത്രമെഴുതിയ നാലുപേരെ പറ്റിയാണ് ഈ അധ്യായം. അവരിൽ മൂന്നുപേർ അൽമായരായിരുന്നു. സഭാചരിത്രകാരനായ എവുസേബിയസ് എഴുതി നിർത്തിയിടത്ത് അവർ തുടങ്ങി. തിയഡൊറെറ്റ് എഴുതിയ സഭാചരിത്രത്തെപ്പറ്റി നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. സീദിലെ ഫിലിപ്പ്, ഫിലൊസ്തോർജിയുസ്, സൊക്രാട്ടസ്, സൊസോമൻ എന്നിവരാണ് ആ ചരിത്രകാരന്മാർ. അവരിൽ ഫിലൊസ്തോർജിയുസ് ആരിയൻ പക്ഷപാതിയായിരുന്നെന്ന് ചിലർ കരുതുന്നു.

**1. സീദിലെ ഫിലിപ്പ്**

പംഫീലിയായിലെ സീദിൽ നിന്നാണ് ഫിലിപ്പ്. ജോൺ ക്രിസൊസ്തോം ഫിലിപ്പിനെ ഡീക്കനാക്കി. ജോണും ഫിലിപ്പും സ്നേഹിതരായിരുന്നു. വൈദികനായിരിക്കുമ്പോൾ മൂന്നു പ്രാവശ്യം ഫിലിപ്പും പാത്രിയർക്കീസ് തെരഞ്ഞെടുപ്പിൽ സ്ഥാനാർഥിയായിരുന്നു. എന്നാൽ മൂന്നു പ്രാവശ്യവും തിരസ്കൃതനായി. പകരം സിസിന്നിയുസും(426) നെസ്തോറിയസും (428) മാക്സിമിയാനുസും (431) തെരഞ്ഞെടുക്കപ്പെട്ടു. ഫിലിപ്പ് 434-നും 439-നും ഇടയ്ക്ക് ലോകസൃഷ്ടി മുതൽ 426 വരെയുള്ള ഒരു ക്രിസ്തീയചരിത്രം (*ക്രിസ്ത്യാനിക്കേ ഹിസ്തോറിയാ*) 36 വാല്യങ്ങളിലും 1000 *തോമോയ്*കളിലുമായി എഴുതി. ഇതിന്റെ ചില ഭാഗങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. എന്നാൽ അതേപ്പറ്റി സൊക്രാട്ടസും ഫോസിയസും പല വിവരണങ്ങളും നൽകുന്നു. സൊക്രാട്ടസ് പറയുന്നു: "സഭാചരിത്രമെന്നല്ല, ക്രിസ്തീയ ചരിത്രമെന്നാണ് അദ്ദേഹം ഇതിന് പേരിട്ടിരിക്കുന്നത്. അനേകം കാര്യങ്ങൾ ഒന്നിച്ച് ഇതിൽ കൂട്ടിച്ചേർത്തിരിക്കുന്നു താത്വികവും ശാസ്ത്രീയവുമായ സംഗതികളിൽ താൻ അജ്ഞനല്ലെന്ന് കാണിക്കാനുള്ള ആഗ്രഹം ഇതിൽ പ്രകടമാണ്. ജ്യോമട്രിക്കൽ തത്വങ്ങൾ, കണക്കുശാസ്ത്ര സംബന്ധമായവ, സംഗീത തത്വങ്ങൾ, ദ്വീപുകൾ, മലകൾ, വനങ്ങൾ എന്നിവയുടെ വിവരണങ്ങൾ, മറ്റ

നേകം നിസാരകാര്യങ്ങൾ എന്നിവയെല്ലാം ഇതിലുണ്ട്. അപ്രസക്തമായ കാര്യങ്ങൾ വിഷയവുമായി കൂട്ടിക്കുഴച്ചതുവഴി അദ്ദേഹം തന്റെ കൃതി കുത്തഴിഞ്ഞ രീതിയിലാണ് ചമച്ചിരിക്കുന്നത്. അതുപോലെ, എന്റെ നോട്ടത്തിൽ പണ്ഡിതർക്കും പാമരർക്കും ഒരുപോലെ ഉപയോഗശൂന്യമാണത്. അതിലെ ഉള്ളടക്കത്തിന്റെ ഗൗരവം പാമരന്മാർക്ക് ഒട്ടും ദഹിക്കുന്നതല്ല. വിലയിരുത്താൻ കഴിവുള്ളവർ അദ്ദേഹത്തിന്റെ ആവർത്തന വിരസതയെ അപലപിക്കുകയും ചെയ്യും. എന്നാൽ ഓരോരുത്തരും താന്താങ്ങളുടെ രുചിക്കനുസൃതമായി ഈ ഗ്രന്ഥത്തെ വിലയിരുത്തട്ടെ. എനിക്കു പറയാനുള്ളത് ഇത് മാത്രമാണ്. താൻ വിവരിക്കുന്ന സംഗതികളുടെ കാലക്രമപ്പട്ടിക അദ്ദേഹം കൂട്ടിക്കുഴയ്ക്കുന്നു. തിയഡോഷ്യസ് ചക്രവർത്തിയുടെ കാലത്തു നടന്ന സംഗതികൾ വിവരിച്ചതിനു ശേഷം ഉടനെ അത്തനാസ്യോസിന്റെ കാലത്തേക്കു പോകുന്നു. അതുപോലുള്ള കാര്യങ്ങൾ കൃതിയിൽ ഉടനീളം കാണാം''(സഭാ.7,27).

ഫോസിയസിന്റെ കാലമായപ്പോഴേക്കും 36 ഗ്രന്ഥങ്ങൾ 24 ആയി ചുരുങ്ങി. ഫോസിയസ് പറയുന്നു: ''ക്രിസ്തീയചരിത്രം എന്ന പേരിൽ സീദിലെ ഫിലിപ്പ് എഴുതിയ കൃതി വായിക്കൂ. *ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു* എന്ന വാചകം കൊണ്ടാണിത് തുടങ്ങുന്നത്. മോശ എഴുതിയ ചരിത്രത്തിന്റെ വിവരണം ചിലയിടത്ത് ചുരുക്കിയും ചിലയിടത്ത് വിസ്തരിച്ചും നൽകുന്നു. ഒന്നാം പുസ്തകത്തിന് 24 വാല്യങ്ങളുണ്ട്. മറ്റ് 23 പുസ്തകങ്ങൾക്കും അതുപോലെ തന്നെ. അവ ഞാൻ കണ്ടിട്ടുണ്ട്. ഭാഷയ്ക്ക് ഓജസ്സോ, ശ്രേഷ്ഠതയോ ഇല്ല. ശൈലിക്ക് കുലീനത്വമില്ല. പരത്തി പറഞ്ഞിരിക്കുന്നു. മനം മടുപ്പിക്കുന്ന ശൈലിയാണ്. വായനക്കാരന് ഗുണം വരണം എന്നതിലുപരി തന്റെ അറിവ് പ്രദർശിപ്പിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. പലതും ചരിത്രവുമായി ബന്ധമില്ലാത്തതാണ്. ചരിത്രം എന്നതിനേക്കാൾ എല്ലാത്തരം വിഷയങ്ങളും കൈകാര്യം ചെയ്യുന്ന ഗ്രന്ഥമെന്ന് വിളിക്കുന്നതാകും ഭേദം...കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസന്മാരായ സിസിന്നിയുസ്, പ്രോക്കുളുസ് എന്നിവരുടെ സമകാലീനനായിരുന്നു ഫിലിപ്പ്. പലപ്പോഴും സിസിന്നിയുസിനെ തന്റെ ചരിത്രത്തിൽ കടന്നാക്രമിക്കുന്നുണ്ട്. ഫിലിപ്പിനെ മെച്ചപ്പെട്ട വാഗ്മിയായി കരുതിയിരുന്നെങ്കിലും സിസിന്നിയുസാണ് പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ടത്'' (ബിബ്ലി. കോ. 35).

വളരെ വലിയ ഗ്രന്ഥമായതിനാലാകാം ഇത് നഷ്ടപ്പെടാൻ ഇടയയായത്. എവുസേബിയസിന്റെ സഭാചരിത്രത്തിൽ ഇല്ലാത്ത പലതും ഇതിൽ ഉണ്ടായിരുന്നിരിക്കാം. – ഇതിനും പുറമേ മറ്റു പലതും ഫിലിപ്പ് എഴുതിയിരുന്നെന്ന് സൊക്രാട്ടസ് പറയുന്നു (സഭാ.7,27). എന്നാൽ അവയൊന്നും കിട്ടിയിട്ടില്ല.



**2. ഫിലൊസ്തോർജിയുസ്**

കപ്പഡോഷ്യാ സെക്കുൻദായിലെ ബോറിസുസിൽ 368-ൽ ഫിലൊസ്തോർജിയുസ് ജനിച്ചു. ഇരുപതാം വയസിൽ കോൺസ്റ്റാന്റിനോപ്പിളിൽ പോയി. ജീവിതത്തിന്റെ മുക്കാൽ പങ്കും അവിടെത്തന്നെ താമസിച്ചു. അൽമായനായിരുന്ന അദ്ദേഹം എവുണോമിയസ് എന്ന ആരിയൻ നേതാവിന്റെ അനുയായി ആയി എന്നു പറയപ്പെടുന്നു. കോൺസ്റ്റാന്റിനോപ്പിളിൽ ആയിരുന്ന കാലത്ത് എവുസേബിയസിന്റെ കൃതിയുടെ തുടർച്ചയായി 425-നും 433-നും ഇടയ്ക്ക് 12 പുസ്തകങ്ങളിലായി, 300-നും 425-നും ഇടയ്ക്കുള്ള സംഭവങ്ങൾ വിവരിച്ചുകൊണ്ട് ഒരു സഭാചരിത്രം എഴുതി. എവുണോമിയസിനു വേണ്ടിയുള്ള അപ്പോളജിയാണിതെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഫോസിയസ് പറയുന്നു: ''ഫിലൊസ്തോർജിയുസ് എന്ന ആരിയന്റെ സഭാചരിത്രം എന്നു പറയപ്പെടുന്ന കൃതി വായിക്കൂ. മറ്റെല്ലാ സഭാചരിത്രകാരന്മാരുടേതിൽ നിന്നും വ്യത്യസ്തമാണ് ഇതിന്റെ പോക്ക്. അയാൾ എല്ലാ ആരിയന്മാരെയും പുകഴ്ത്തുന്നു. സത്യവിശ്വാസികളെ നിന്ദിക്കുന്നു. ഇത് സത്യവിശ്വാസത്തോടുള്ള ആക്രമണമല്ലാതെ മറ്റൊന്നുമല്ല. ചരിത്രം എന്നതിനേക്കാൾ പാഷണ്ഡികളുടെ സ്തുതിപ്പാണിത്. ശൈലി ഉന്നതം തന്നെ. ഭാഷ പലപ്പോഴും കാമ്യവും. ആലങ്കാരിക പ്രയോഗങ്ങൾ വളരെ നന്നായി മനസിലാകുന്നവ തന്നെ. ഈ കൃതി രസകരവും വായിക്കാൻ ഇഷ്ടപ്പെടുന്നതുമാണ്. എന്നാൽ ചിലപ്പോഴൊക്കെ ഉദാഹരണങ്ങൾ അനവസരോചിതവും അരസികവുമായി തോന്നാം. അനാവശ്യമായ പൊടിപ്പും തൊങ്ങലും വച്ചതാണ് ഭാഷ. അതൃപ്തികരമായ ഒരവ്യക്തതയിലേക്ക് വഴുതി വീഴുന്നതായി വായനക്കാരനു തോന്നും. ഗ്രന്ഥകാരൻ പലപ്പോഴും ധാർമിക വിചിന്തനങ്ങൾ നടത്താറുണ്ട്. ആരിയൻ പാഷണ്ഡതയുടെ ഉത്ഭവം കൊണ്ട് ആരംഭിച്ച്, അഭക്തനായ ഏസ്യൂസിൽ അവസാനിപ്പിക്കുന്നു. ഈ ഏസ്യൂസിനെ സഹപാഷണ്ഡികൾ അധികാരത്തിൽ നിന്ന് നീക്കി. മറ്റുള്ളവരേക്കാൾ അവൻ ദുഷ്ടതയിൽ മുന്നിട്ടുനിന്നു എന്നതാണ് കാരണം. മനസില്ലാ മനസോടെയാണെങ്കിലും ഫിലൊസ്തോർജിയുസ് ഇത് അംഗീകരിക്കുന്നു. എന്നാൽ വിശ്വാസത്യാഗിയായ ജൂലിയൻ അയാളെ തിരികെ വിളിക്കുകയും സ്വീകരിക്കുകയും ചെയ്തു. ഈ കാലഘട്ടം വരെയുള്ള ചരിത്രം വിവരിക്കുന്നു. ഗ്രന്ഥകർത്താവ് ഒരു കള്ളനും വിവരണം ഭാവനാസൃഷ്ടിയുമാണ്. ഏസ്യൂസിനെയും എവുണോമിയസിനെയും അവൻ പ്രധാനമായി പുകഴ്ത്തുന്നു. കാലപ്പഴക്കത്തിൽ പെട്ട വിശ്വാസസത്യങ്ങൾ അവർ ശുദ്ധീകരിച്ചത്രേ. ഇതുവഴി അവൻ ഒരു പെരുംകള്ളനായി സ്വയം ചിത്രീകരിക്കുന്നു. അവൻ നിക്കോമേദിയായിലെ എവുസേബിയസിനെയും പുകഴ്ത്തുന്നു. അവൻ അയാളെ മഹാൻ എന്നാണ് വിളിക്കുന്നത്. കൂടാതെ ഇൻഡ്യാക്കാരൻ തെയോ

ഫിലസ് തുടങ്ങി പലരെയും, അവരുടെ ജീവിതവും പ്രവൃത്തികളും നിമിത്തം, അവൻ സ്തുതിക്കുന്നു. ''

''പലസ്തീനയിലെ കേസറിയൻ മെത്രാൻ അകാചിയസിനെ അയാളുടെ കർക്കശ മനഃസ്ഥിതിയും കൊടിയ വഞ്ചനയും നിമിത്തം നിശിതമായി വിമർശിക്കുന്നു. അയാൾ തന്റെ സഹപാഷണ്ഡികളെ ഈ കാര്യത്തിൽ കടത്തിവെട്ടിയെന്ന് അവൻ തന്നെ പറയുന്നു. അവർ പരസ്പരം ദ്വേഷിച്ചിരുന്നു. അതുപോലെ മറ്റഭിപ്രായങ്ങളുള്ളവരെയും. ഇതുവരെ ഞാൻ വായിച്ചു. പിന്നീട് മറ്റൊരു വാല്യത്തിൽ ആറു ഗ്രന്ഥങ്ങൾ കൂടി കാണാനിടയായി. അങ്ങനെ മൊത്തം 12 ഗ്രന്ഥങ്ങൾ ഉണ്ടായിരിക്കാം. ഓരോ ഗ്രന്ഥത്തിന്റെയും ആദ്യക്ഷരം ഒന്നിച്ചുചേർത്താൽ ഫിലൊസ്തോർജിയുസിന്റെ പേരായി'' (ബിബ്ലി.കോ.40). ഈ കുറിപ്പുകൾക്കു പുറമേ 12 പുസ്തകങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ എടുത്ത് ഒരു സംഗ്രഹവും (*എപ്പിറ്റോം*) ഫോസിയസ് തയാറാക്കിയിരുന്നു. ഫിലൊസ്തോർജിയുസിന്റെ കൃതി നഷ്ടപ്പെട്ടെങ്കിലും ഈ എപ്പിറ്റോം ഒരു ചൂണ്ടുപലകയായി വർത്തിക്കുന്നു. നമുക്കു ലഭിക്കാത്ത പല കൃതികളും ഫിലൊസ്തോർജിയുസ് ഉപയോഗിച്ചു എന്ന് ഫോസിയസിന്റെ സംഗ്രഹത്തിൽ നിന്ന് തെളിയുന്നു.

**3. സൊക്രാട്ടസ്**

സൊക്രാട്ടസ് 380-നോടടുത്ത് കോൺസ്റ്റാന്റിനോപ്പിളിൽ ജനിച്ചു. ഹെല്ലാഡിയസ്, അമ്മോണിയസ് എന്നീ വ്യാകരണപണ്ഡിതന്മാരുടെ കീഴിൽ വിദ്യ അഭ്യസിച്ചു. അവസാനം ഒരു അഭിഭാഷകനായിത്തീർന്നു. ഒരു തിയഡോറിന്റെ പ്രേരണയാൽ എവുസേബിയസിന്റെ തുടർച്ചയായി 305 മുതൽ 439 വരെയുള്ള കാലഘട്ടത്തിലെ സഭാചരിത്രം ഏഴു പുസ്തകങ്ങളിലായി എഴുതി. ഓരോ പുസ്തകവും ഓരോ ചക്രവർത്തിയുടെ മരണം കൊണ്ട് അവസാനിപ്പിക്കുന്നു. ഈ ചരിത്രം വസ്തുനിഷ്ഠവും സത്യസന്ധവുമാണെന്നാണ് പൊതുവേയുള്ള അഭിപ്രായം. എവുസേബിയസിന്റെ സഭാചരിത്രത്തിന് പലർ തുടർച്ച എഴുതിയെങ്കിലും ഇതാണ് ഏറ്റവും മെച്ചം എന്ന് ഒരഭിപ്രായവുമുണ്ട്. എന്നാൽ പ്രതിപാദനത്തിന് നിറപ്പകിട്ടോ, ദൈവശാസ്ത്ര താൽപര്യമോ ഇല്ല. സഭയ്ക്കുണ്ടായ കോളിളക്കങ്ങളാണ് അദ്ദേഹത്തിന്റെ താൽപര്യവിഷയം. കോൺസ്റ്റാന്റിനോപ്പിളുമായി ബന്ധപ്പെട്ട കാര്യങ്ങളിലാണ് അദ്ദേഹം കൂടുതൽ ശ്രദ്ധിച്ചിരിക്കുന്നത്. അദ്ദേഹം തന്റെ സ്രോതസുകളെ സൂക്ഷ്മനിരീക്ഷണം ചെയ്യുകയും മിക്കയിടങ്ങളിലും അക്കാര്യം എടുത്തു പറയുകയും ചെയ്യുന്നു. അദ്ദേഹം നിരവധി എഴുത്തുകാരെ ഉപയോഗിച്ചിട്ടുണ്ട്: റുഫീനസ്, എവുസേബിയസ്, അത്തനാസ്യോസ്, ജലാസിയസ്, എവുത്രോപ്പിയസ്, മെത്രാന്മാരുടെ പട്ടികകൾ, ഹെറാക്ലെയായിലെ സബീനുസ് പ്രസിദ്ധീകരിച്ച കൺസീലിയർ സമാഹാരം, ചക്രവർത്തിമാരുടെയും മെത്രാന്മാരുടെയും കത്തുകൾ ആദിയായവയാണ് അദ്ദേഹത്തിന്റെ സ്രോതസുകൾ. നമുക്കു ലഭിച്ചിരിക്കുന്നത് ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പാണ്. ചില സ്രോതസുകൾ വസ്തുനിഷ്ഠമല്ലെന്നു കണ്ട് ആദ്യത്തേത് അദ്ദേഹം പുനരവലോകനം ചെയ്തു. (മലയാളവിവർത്തനത്തിന് ജി.ചേടിയത്ത്, *സൊക്രാട്ടസ്, സഭാചരിത്രം*, കോട്ടയം, 1990. വിവ.പ്രൊഫ.കെ.വി.ജോസഫ്).



**4. സൊസോമൻ**

സൊക്രാട്ടസിന്റെ ഒരു സമകാലികനായിരുന്നു സലമീനിയുസ് ഹെർമിയാസ് സൊസോമൻ. അദ്ദേഹവും കോൺസ്റ്റാന്റിനോപ്പിളിൽ ഒരു അഭിഭാഷകനായിരുന്നു. പലസ്തീനയിൽ ഗാസായ്ക്കടുള്ള ബെഥേലിയായിലാണ് അദ്ദേഹം ജനിച്ചത്. വളരെയധികം യാത്രകൾക്കുശേഷം കോൺസ്റ്റാന്റിനോപ്പിളിൽ സ്ഥിരതാമസമാക്കി. അവിടെ വച്ച് 439-നും 450-നും ഇടയ്ക്ക് എവുസേബിയസിന്റെ സഭാചരിത്രത്തിന് തുടർച്ചയായി 324 മുതൽ 425 വരെയുള്ള ചരിത്രം ഒമ്പതു പുസ്തകങ്ങളിലായി എഴുതി തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തിക്ക് (+450) സമർപ്പിച്ചു. 425-450 കാലഘട്ടചരിത്രം നമുക്കു ലഭിച്ചിട്ടില്ല. സൊസോമൻ സൊക്രാട്ടസിനെ ആശ്രയിച്ചിട്ടുണ്ട്. പല കാര്യങ്ങളിലും സാമ്യം കാണാം. എന്നാൽ സൊസോമന്റെ ശൈലിയാണ് കൂടുതൽ മെച്ചപ്പെട്ടതെന്ന് ഫോസിയസ് അഭിപ്രായപ്പെടുന്നു (ബിബ്ലി.കോ.30). ഈ ചരിത്രഗ്രന്ഥത്തിനു മുമ്പ്, സ്വർഗാരോഹണം മുതൽ 323 വരെയുള്ള കാലഘട്ടത്തിലെ ഒരു സഭാചരിത്രസംഗ്രഹം അദ്ദേഹം എഴുതിയെങ്കിലും അതു ലഭിച്ചിട്ടില്ല.

അധ്യായം 28

# എമേസയിലെ നെമേസിയുസ്

എമേസയിലെ എവുസേബിയസിന്റെ ഒരു പിൻഗാമിയായിരുന്നു നെമേസിയുസ്.അദ്ദേഹത്തെപ്പറ്റി അധികമൊന്നും നമുക്കറിയില്ല. എന്നാൽ *മനുഷ്യസ്വഭാവത്തെപ്പറ്റി* എന്നൊരു ഗ്രന്ഥം അദ്ദേഹം 400–ൽ രചിച്ചു. ആ ഗ്രന്ഥം വളരെ പ്രാധാന്യമുള്ള ഒന്നാണ്. ഗ്രന്ഥകാരനെപ്പറ്റി കുറെയൊക്കെ വെളിച്ചം വീശുന്നതാണ് ആ കൃതി. അദ്ദേഹം കുറെയൊക്കെ ലിബറൽ ഗ്രീക്ക് വിദ്യാഭ്യാസം നേടി. തത്വശാസ്ത്രവും വൈദ്യവും പഠിച്ചു. മനഃശാസ്ത്രത്തിലും ശരീരശാസ്ത്രത്തിലും നൈപുണ്യം നേടി. വെളിപാടുമായി ഒത്തുപോകത്തക്ക ഒരു മനുഷ്യശാസ്ത്രം പ്ലറ്റോണിക് തത്വചിന്തയിൽ പണിതുയർത്തുക എന്നതായിരുന്നു ലക്ഷ്യം. ആത്മാവും ശരീരവുമുള്ള മനുഷ്യന്റെ അപഗ്രഥനം സാമാന്യം ഭംഗിയായി നടത്തി. പ്രാതിഭാസിക ലോകത്തിന്റെയും യാഥാർഥ്യ ലോകത്തിന്റെയും ഇടയ്ക്കുള്ള കണ്ണിയാണ് മനുഷ്യൻ; ഈ ലോകം മനുഷ്യനു വേണ്ടിയാണ്; സമസ്തസൃഷ്ടികളും മനുഷ്യസേവനാർഥമാണ് എന്നു പോകുന്നു അദ്ദേഹത്തിന്റെ ചിന്ത.

മനുഷ്യനെപ്പറ്റി സമഗ്രമായി അപഗ്രഥിക്കാനായിരുന്നു പദ്ധതിയെങ്കിലും, അത് പൂർണമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മൊത്തം 44 അധ്യായങ്ങളുണ്ട്: ഒരാമുഖം(1); ആത്മാവിനെപ്പറ്റി (2); ആത്മാവും ശരീരവും തമ്മിലുള്ള ബന്ധം (3); ശരീരം (4); പദാർഥങ്ങൾ (5); ഭാവന (6); കാഴ്ച (7); സ്പർശനം (8); രുചി (9); കേൾവി (10); മണം (11); ബുദ്ധിശക്തി (12); ഓർമശക്തി (13); ചിന്തയും പ്രകടിപ്പിക്കലും (14); ആത്മാവിന്റെ വിഭജനം (15); വികാരം (16); മോഹം (17); സന്തോഷം (18); ദുഃഖം (19); ഭയം (20); കോപം (21); ബുദ്ധിയുടെ നിയന്ത്രണത്തിന് കീഴ്വഴങ്ങാത്ത മൃഗീയാത്മാവ് (22); വളർച്ച (23); നാഡിയിടിപ്പ് (24); ജനിപ്പിക്കുന്ന ശക്തി (25); ഒരു ജീവിയുടെ ജീവിതത്തെ നിയന്ത്രിക്കുന്ന ശക്തികളെ മറ്റൊരു നോട്ടത്തിൽ (26); ഇച്ഛയെ ആശ്രയിച്ചുള്ള പ്രവർത്തനം (27); ശ്വസനം (28); ഇച്ഛാനുസരണവും അല്ലാതെയുമുള്ള പ്രവർത്തനങ്ങൾ (29–34); ഫേറ്റലിസത്തിനെതിരെ (35–38); സ്വതന്ത്രമനസ്സ്(39–41); ദൈവികപരിപാലന സംബന്ധിച്ചുള്ള ക്രിസ്തീയ പ്രബോധനം(42–44) എന്നിങ്ങനെയാണ് വിഷയവിഭജനം.



പ്ലേറ്റോ, അരിസ്റ്റോട്ടൽ, എപ്പിക്കൂരുസ്, സ്റ്റോയിക് താത്വികർ എന്നിവരെ നെമേസിയുസ് അപഗ്രഥിക്കുന്നു. അതുപോലെ ഗാലൻ എന്ന ഭിഷഗ്വരൻ, പെരിപ്പതെറ്റിക് ഏസ്യൂസ്, അമ്മോണിയുസ്, പ്ലൊതീനുസ്, പൊർഫീരി, യാംബ്ളിക്കുസ് തുടങ്ങിയവരുടെ ഗ്രന്ഥങ്ങളും അദ്ദേഹം പഠിച്ചിരുന്നു. പ്ലേറ്റോയെപ്പോലെ ആത്മാവിന്റെ മുൻ അസ്തിത്വത്തിൽ അദ്ദേഹം വിശ്വസിച്ചിരുന്നു. എന്നാൽ നെയോപ്ലറ്റോണിക് ദ്വൈതം തള്ളിക്കളയുന്നു. മനുഷ്യാത്മാവിനെ അപഗ്രഥിക്കുമ്പോൾ അരിസ്റ്റോട്ടലിന്റെ ചിന്തകൾ സ്വീകരിക്കുന്നു. ദൈവശാസ്ത്രം അന്ത്യോക്യനാണെങ്കിലും ക്രിസ്തുശാസ്ത്രം സംബന്ധിച്ച് തിയഡോറിയൻ ശൈലി സ്വീകരിക്കുന്നില്ല.

മധ്യകാലഘട്ടത്തിലെ ജനങ്ങൾ നെമേസിയുസിന്റെ കൃതി ധാരാളമായി വായിച്ചിരുന്നു. സ്രോതസിനെപ്പറ്റിയൊന്നും പറയാതെ ജോൺ ഡമഷീൻ തന്റെ ''സത്യവിശ്വാസ വിശകലനം'' എന്ന കൃതിയെഴുതാൻ ഇതുപയോഗിച്ചു. ഒരു നൂറ്റാണ്ടുകഴിഞ്ഞ്, ഫ്രീജിയയിലെ ഒരു സന്യാസിയായ മെലേസ്യുസ് പദാനുപദമിത് പകർത്തി ''മനുഷ്യഘടന'' എന്നൊരു കൃതിയെഴുതി. മെലേസ്യൻ പകർപ്പ് മറ്റൊരു കോപ്പിയായി വേണമെങ്കിൽ കരുതാം. എന്നാൽ മെലേസ്യുസ് നെമേസ്യുസിന്റെ പേരൊരിടത്തും ചേർത്തിട്ടില്ല. നീസ്സായിലെ വി.ഗ്രിഗോറിയോസിന്റെ ''മനുഷ്യസൃഷ്ടി'' എന്ന കൃതിയുടെ തലക്കെട്ട് നെമേസ്യുസിന്റേതുമായി സാമ്യമുള്ളതിനാൽ, നെമേസ്യുസിന്റെ കൃതി ഗ്രിഗറിയുടെ കൃതിയായി വളരെ നാളത്തേയ്ക്ക് പലരും കരുതിയിരുന്നു. എട്ടാം നൂറ്റാണ്ടിൽ അർമേനിയനിലേക്കു വിവർത്തനം ചെയ്ത അർമേനിയൻ മെത്രാൻ ഇത് ഗ്രിഗറിയുടെ കൃതിയായിട്ടാണ് കരുതിയത്. രണ്ടു ലത്തീൻ വിവർത്തനങ്ങൾ ഉണ്ടായവയിൽ ഒന്ന് ഗ്രന്ഥകർത്താവിന്റെ പേര് നൽകുന്നില്ല. മറ്റത് ഗ്രിഗറിയുടെ പേരാണ് നൽകുന്നത്. ലെർണോയിലെ ആർച്ചുബിഷപ്പ് നിക്കോളാവുസ് അൽഫാസൂസ് (+1085) ആണ് ഒരു വിവർത്തകൻ. മറ്റത് ഒരു റിച്ചാർഡ് ബുർഗുൻഡിയോ (1194). ആദ്യത്തേത് മഹനായ ആൽബർട്ടും രണ്ടാമത്തേത് പീറ്റർ ലൊംബാർഡും തോമസ് അക്വിനാസും ഉപയോഗിച്ചു. നവോത്ഥാനകാലത്ത് രണ്ടു പുതിയ ലത്തീൻ വിവർത്തനങ്ങൾ കൂടിയുണ്ടായി. ഒന്ന് ജോർജിയോ വല്ല (1499) എന്നയാളും മറ്റത് ജോൺ കൊനോവ് എന്ന ഡൊമിനിക്കൻ സന്യാസിയും. ഗ്രിഗറിയുടെതായിട്ടാണ് പലരുമിത് അച്ചടിച്ചത്. മനുഷ്യനെ സംബന്ധിച്ചുള്ള പഠനങ്ങൾക്ക് വി.തോമസ് അക്വിനാസിനെ ഈ കൃതി സഹായിച്ചിട്ടുണ്ട്.

അധ്യായം 29

# ത്മുയിസിലെ സെറാപിയോൻ

സെറാപിയോൻ ദക്ഷിണ ഈജിപ്തിൽ ത്മുയിസിലെ മെത്രാനായിരുന്നു. മെത്രാനാകുന്നതിനു മുമ്പ് അദ്ദേഹം ഒരു സന്യാസശ്രേഷ്ഠനായി കുറെനാൾ ജീവിച്ചു. ജീവിതവിശുദ്ധി കൊണ്ടും വാചാലത കൊണ്ടും അദ്ദേഹം പ്രത്യേകം പരിഗണനാർഹനായിരുന്നു (സൊസോമൻ, സഭാ. 4.9). അദ്ദേഹത്തിന്റെ പാണ്ഡിത്യം നിമിത്തം *സ്കൊളാസ്റ്റിക്കുസ്* എന്ന് അദ്ദേഹത്തെ വിളിച്ചിരുന്നു (ജറോം, മഹദ്.99). അത്തനാസ്യോസിന്റെ സ്നേഹിതനായിരുന്ന അദ്ദേഹത്തിന് അത്തനാസ്യോസ് പല സുപ്രധാന കത്തുകളും അയച്ചിട്ടുണ്ട്: ഒരു ഫെസ്റ്റൽ കത്തും (339) പരിശുദ്ധാത്മാവിനെ സംബന്ധിച്ച നാലു കത്തുകളും അതിൽ പെടുന്നു. 339-ന് മുമ്പുതന്നെ അദ്ദേഹം മെത്രാനായിരിക്കണം. അത്തനാസ്യോസ് കോൺസ്റ്റാന്റിനോപ്പിളിലേക്ക് 356-ൽ അയച്ച ദൗത്യസംഘത്തിൽ സെറാപിയോനും ഉണ്ടായിരുന്നു. അദ്ദേഹം 362-നു ശേഷമായിരിക്കാം മരിച്ചത്.

മനിക്കേയർക്കെതിരായി സെറാപിയോൻ ഒരു കൃതി എഴുതി (ജറോം, മഹദ് 99). നന്മതിന്മകളെപ്പറ്റിയുള്ള മാനിക്കേയൻ ദ്വൈതവാദത്തെ അതിൽ ഖണ്ഡിക്കുന്നു. അതുപോലെ വി.ഗ്രന്ഥം സംബന്ധിച്ചുള്ള മനിക്കേയൻ തടസവാദങ്ങൾക്കും ഉത്തരം പറയുന്നു. കത്തുകളുടെ ചില ശകലങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളു. അദ്ദേഹം രചിച്ച സങ്കീർത്തനഭാഷ്യവും നഷ്ടപ്പെട്ടു.

### എവുക്കോലോഗിയോൻ

പതിനൊന്നാം നൂറ്റാണ്ടിലെ ഒരു കൈയെഴുത്തുപ്രതി സെറാപിയോന്റെ പേരിലുള്ള എവുക്കോലോഗിയോൻ ഉൾക്കൊള്ളുന്നു. അതിൽ 30 പ്രാർഥനകളുണ്ട്. ഒന്നും അഞ്ചും പ്രാർഥനകൾക്കു മുമ്പിൽ സെറാപിയോന്റെ പേരുണ്ട്. എന്നാൽ മറ്റുള്ളവയും അദ്ദേഹം തന്നെ തയാറാക്കിയതാകാം. കൂർബാനയുമായി ബന്ധപ്പെടുത്തി. 18: സ്നാനം 17: പട്ടം 3; തൈലാശീർവാദവും ശവസംസ്കാരവും 2. ഇതിൽ ഒരു അനാഫറയുമുണ്ട്. അതിന് വി.മർക്കോസിന്റെ അനാഫറയുമായി സാമ്യവും ചില കാര്യങ്ങളിൽ വ്യത്യാസവും ഉണ്ട്. ഞായറാഴ്ചയ്ക്കുള്ള ആദ്യപ്രാർഥന, പ്രസംഗത്തിനു ശേഷമുള്ള പ്രാർഥന, സ്നാനാർത്ഥികൾക്കു വേണ്ടിയുള്ള പ്രാർഥനയും ആശീർവാദവും, രോഗികൾക്കു വേണ്ടിയുള്ള പ്രാർഥനയും ആശീർവാദവും, കൊയ്ത്തു പ്രാർഥന, വൈദികർക്കും ജനങ്ങൾക്കും വേണ്ടിയുള്ള ലുത്തിനിയാ, മുട്ടുകുത്തുമ്പോഴുള്ള പ്രാർഥന എന്നിങ്ങനെ പതിനൊന്നെണ്ണം. അതുകഴിഞ്ഞ് സ്തോത്രാർപ്പണ പ്രാർഥനകളാണ്. അനാഫറ പ്രാർഥനകളിൽ ഒരു വ്യത്യാസം മാത്രം കാണുന്നു. സ്ഥാപനവിവരണം കഴിഞ്ഞ് പരിശുദ്ധാത്മാവിന്റെ ആവാസത്തിനായുള്ള പ്രാർഥനയ്ക്കു പകരം വചനത്തോടുള്ള പ്രാർഥനയാണ് ഇതിൽ. ആ ഭാഗം ഇവിടെ ഉദ്ധരിക്കാം.



**പരിശുദ്ധൻ**

''ആയിരങ്ങളുടെ ആയിരങ്ങളും, പതിനായിരങ്ങളുടെ പതിനായിരങ്ങളുമായ മാലാഖമാർ, പ്രധാന മാലാഖമാർ, സിംഹാസന ദൂതന്മാർ, ശക്തികൾ, അധികാരികൾ, രാജത്വങ്ങൾ എന്നിവർ നിനക്ക് ശുശ്രൂഷ ചെയ്യുന്നു. ആറാറു ചിറകുകളുള്ള ശ്രേഷ്ഠരായ രണ്ട് സ്രോപ്പേന്മാർ നിന്റെ സമീപത്ത് നിൽക്കുന്നു. രണ്ടുകൊണ്ട് അവർ അവരുടെ മുഖം മൂടുന്നു; രണ്ടുകൊണ്ട് അവരുടെ പാദം മൂടുന്നു; രണ്ടു ചിറകുകൾ കൊണ്ട് അവർ പറക്കുന്നു. അവർ നിന്റെ വിശുദ്ധിയെ പാടിപ്പുകഴ്ത്തുന്നു. നിന്റെ വിശുദ്ധി ഞങ്ങൾ പ്രകീർത്തിക്കുന്നതു ഞങ്ങളിൽ നിന്നു സ്വീകരിക്കണമേ. സാബതിന്റെ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ആകാശവും ഭൂമിയും നിന്റെ മഹത്വത്താൽ നിറഞ്ഞിരിക്കുന്നു (ഏശാ. 6:2-3). നിന്റെ അത്ഭുതകരമായ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു.''

**സ്ഥാപനവിവരണം**

''ശക്തികളുടെ കർത്താവേ, നിന്റെ ശക്തികൊണ്ടും നിന്റെ ഭാഗഭാഗിത്വം കൊണ്ടും ഈ ബലി നിറയ്ക്കണമെ. ഈ സജീവ ബലിയെ, ഈ രക്തരഹിതബലിയെ നിനക്കാണല്ലോ ഞങ്ങൾ അണച്ചത്. നിന്റെ ഏകജാതന്റെ ശരീരത്തിന്റെ പ്രതിരൂപമായ ഈ അപ്പത്തെ നിനക്കാണല്ലോ ഞങ്ങൾ അർപ്പിച്ചത്. ശരീരത്തിന്റെ പ്രതിരൂപമാണ് അപ്പം.

എന്തെന്നാൽ, കർത്താവായ ഈശോ, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ അപ്പമെടുത്തു മുറിച്ച് തന്റെ ശിഷ്യന്മാർക്ക് നൽകികൊണ്ട് അരുൾചെയ്തു: എടുത്തു ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാകുന്നു; ഇത് കടങ്ങളുടെ പരിഹാരത്തിനായി നിങ്ങൾക്കുവേണ്ടി മുറിക്കപ്പെടുന്നു.

ഇക്കാരണത്താൽ തന്റെ മരണത്തിന്റെ ഓർമ ആചരിച്ചുകൊണ്ട്

ഞങ്ങളും ഈ അപ്പം അർപ്പിച്ചു പ്രാർഥിക്കുന്നു. സത്യദൈവമേ, ഈ ബലി വഴി ഞങ്ങളെല്ലാവരെയും നിന്നോട് രമ്യപ്പെടുത്തണമെ; ഞങ്ങളോട് ദയാപൂർവം വർത്തിക്കണമേ. കാരണം, മലമുകളിൽ ചിതറപ്പെട്ടു കിടക്കുകയും, കൂട്ടിച്ചേർക്കപ്പെട്ട് ഒന്നായി തീരുകയും ചെയ്ത ഈ അപ്പംപോലെ നിന്റെ പരിശുദ്ധ സഭയെ എല്ലാ ജനപദങ്ങളിൽ നിന്നും എല്ലാ സ്ഥലത്തു നിന്നും എല്ലാ പട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും ഭവനങ്ങളിൽ നിന്നും ഒന്നിച്ചുചേർത്ത് സജീവവും കാതോലികവുമായ നിന്റെ ഏകസഭയാക്കിത്തീർക്കണമേ.

അതുപോലെ രക്തത്തിന്റെ പ്രതിരൂപമായ ഈ കാസായും നിനക്ക് ഞങ്ങൾ അർപ്പിക്കുന്നു. എന്തെന്നാൽ, കർത്താവായ ഈശോ ഭക്ഷണത്തിനുശേഷം കാസായെടുത്ത്, ശിഷ്യന്മാരോട് അരുൾചെയ്തു: എടുത്ത് കുടിക്കുവിൻ; ഇത് എന്റെ രക്തമാകുന്നു. ഇത് പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി ചൊരിയപ്പെടുന്ന പുതിയ നിയമമാകുന്നു. ഇക്കാരണത്താൽ നിന്റെ രക്തത്തിന്റെ പ്രതിരൂപമായ ഈ കാസാ ഞങ്ങൾ നിനക്കർപ്പിക്കുന്നു.''

**വചനത്തോടുള്ള പ്രാർഥന**

''സത്യദൈവമേ, നിന്റെ വിശുദ്ധ വചനം ഈ അപ്പത്തിന്മേലും കാസായിന്മേലും വന്ന് ആവസിക്കട്ടെ. ഇത് വചനത്തിന്റെ ശരീരവും സത്യത്തിന്റെ രക്തവും ആയിത്തീരട്ടെ. ഇതു സ്വീകരിക്കുന്നവർക്കെല്ലാം ഇതു ജീവദായകമായ ശമനം പ്രദാനം ചെയ്യട്ടെ; ഇത് അവരിലുള്ള എല്ലാവിധ ബലഹീനതകളെയും സുഖമാക്കട്ടെ. എല്ലാവിധ പുരോഗതിയിലും സുകൃതത്തിലും അവരെ ശക്തീകരിക്കട്ടെ. സത്യദൈവമേ, ഇത് അവർക്ക് വിധിക്കോ, സംഭ്രമത്തിനോ, ലജ്ജയ്ക്കോ കാരണമാകരുതേ. ''

**ജീവനുള്ളവരുടെയും പരേതരുടെയും അനുസ്മരണ**

''നിത്യദൈവമേ, നിന്റെ ഏകജാതനിലൂടെ പരിശുദ്ധാത്മാവിൽ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു; ഈ ജനത്തിന്റെ മേൽ കരുണ തോന്നണമേ; പുരോഗതിക്കർഹരായി ഇവരെ വിധിക്കണമേ. നിന്റെ മാലാഖമാരെ ഈ ജനത്തിന്റെ പക്കലേക്ക് അയക്കണമേ; അങ്ങനെ ദുഷ്ടന്റെ മേൽ ഇവർ വിജയം വരിക്കാൻ സഹായിക്കണമേ; നിന്റെ സഭയെ ശക്തിപ്പെടുത്തുകയും ചെയ്യണമേ. നിദ്ര പ്രാപിച്ചവരും ഞങ്ങൾ അനുസ്മരിക്കുന്നവരുമായ എല്ലാ പരേതർക്കുവേണ്ടിയും ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. ഈ ആത്മാക്കളെ വിശുദ്ധീകരിക്കണമേ; എന്തെന്നാൽ നീ അവരെയെല്ലാം അറിയുന്നുവല്ലോ. കർത്താവിൽ നിദ്ര പ്രാപിച്ചവരെ വിശുദ്ധീകരിക്കണമേ. നിന്റെ വിശുദ്ധ ശക്തികളോടൊപ്പം അവരെ എണ്ണണമേ. നിന്റെ രാജ്യത്തിൽ അവർക്കു സ്ഥലവും വാസസ്ഥാനവും നൽകണമേ.''



**അവസാനപ്രാർഥനയും സ്തുതിപ്പും**

''നിന്റെ ജനത്തിന്റെ കൃതജ്ഞതാസ്തോത്രം സ്വീകരിച്ചാലും. ഈ കാഴ്ചകളും സ്തോത്രാർപ്പണങ്ങളും അർപ്പിച്ചവരെ അനുഗ്രഹിച്ചാലും. ഇവർക്കെല്ലാവർക്കും ആരോഗ്യവും ഐശ്വര്യവും സന്തോഷവും ആത്മാവിന്റെയും ശരീരത്തിന്റെയും എല്ലാ അനുഗ്രഹങ്ങളും പ്രദാനം ചെയ്യണമെ. നിന്റെ ഏകജാതനായ ഈശോമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ അവൻ ആയിരിക്കുന്നതുപോലെയും ആകുന്നതുപോലെയും വരാനിരിക്കുന്നതുപോലെയും. സ്തുതിയും സ്തോത്രവും തലമുറതലമുറയോളം എന്നുമെന്നേക്കും ആമ്മീൻ. ''

ജനങ്ങളുടെ കുർബാന സ്വീകരണവും തുടർന്നുള്ള പ്രാർഥനയും കഴിഞ്ഞ് മാമോദീസാക്രമം, മൂറോനഭിഷേകം, പട്ടംകൊടുക്കൽ ശുശ്രൂഷ എന്നിവയ്ക്കുള്ള പ്രാർഥനകളാണ്. അവസാനത്തേത് പരേതർക്കുവേണ്ടിയുള്ള പ്രാർഥനയാണ്. മരിച്ചവരെ ഓർത്തു പ്രാർഥിക്കുന്ന ഒരു പുരാതന രേഖയാണിത്. പരേതർക്കുവേണ്ടിയുള്ള പ്രാർഥന താഴെ ചേർക്കുന്നു. ഒരു മെത്രാഭിഷേക പ്രാർഥനയും ഇതിലുണ്ട് അതും ചുവടെ ചേർക്കുന്നു.

**മരിച്ച സ്ത്രീപുരുഷന്മാർക്കുവേണ്ടിയുള്ള പ്രാർഥന**

''ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ള ദൈവമേ, അരൂപികളുടെയും സർവജഡത്തിന്റെയും ദൈവമായ കർത്താവേ, ജീവനും മരണവും നൽകുന്നവനും പാതാള വാതിലിലേക്കു നയിക്കുകയും അവിടെനിന്നു തിരികെ വിളിക്കുകയും ചെയ്യുന്ന ദൈവമേ, നീ മനുഷ്യനിൽ ആത്മാവിനെ സൃഷ്ടിക്കുന്നു; നീ വിശുദ്ധരുടെ ആത്മാക്കളെ കൂട്ടിച്ചേർക്കുകയും വിശ്രമം പ്രദാനം ചെയ്യുകയും ചെയ്യുന്നു. നീതിപൂർവവും പ്രയോജനപ്രദവുമായ രീതിയിൽ നീ നിന്റെ സൃഷ്ടികളെ മാറ്റുകയും രൂപാന്തരപ്പെടുത്തുകയും രൂപഭേദപ്പെടുത്തുകയും ചെയ്യുന്നു. നീ മാത്രം മാറ്റമില്ലാത്തവനും നിത്യനും അഴിഞ്ഞു പോകാത്തവനും ആകുന്നു. ഈ ദാസന്റെ (ദാസിയുടെ) നിദ്രയ്ക്കും വിശ്രമത്തിനും വേണ്ടി ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. അവന്റെ ആത്മാവിനെയും അരൂപിയെയും അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടും എല്ലാ വിശുദ്ധരോടും കൂടെ മേച്ചിൽസ്ഥലത്തും വിശ്രമസ്ഥലത്തും സന്തുഷ്ടിപ്പെടുത്തണമെ. നിന്റെ സത്യവാഗ്ദാനങ്ങളനുസരിച്ച്, നീ നിശ്ചയിച്ചിരിക്കുന്ന ദിവസം, ഇവന്റെ ശരീരത്തെ ഉയർപ്പിക്കണമെ. നിന്റെ വിശുദ്ധ മേച്ചിൽ സ്ഥലങ്ങളിൽ അതിന് അർഹമായ അവകാശഭാഗം നൽകണമെ. ഇവന്റെ പാപങ്ങളും തെറ്റുകളും നീ ഓർക്കരുതേ. ഇവന്റെ മരണം ശാന്തവും അനുഗൃഹീതവുമായിരിക്കട്ടെ. ആശ്വസിപ്പിക്കുന്ന നിന്റെ ആത്മാവിനാൽ അവശേഷിക്കുന്നവരുടെ ദുഃഖം നീക്കണമേ. ഞങ്ങൾക്കെല്ലാവർക്കും ഭാഗ്യകരമായ അന്ത്യം നൽകണമെ.

നിന്റെ ഏകജാതനായ കർത്താവീശോമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നുമെന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.''

**മെത്രാഭിഷേകത്തിനുള്ള കൈവെപ്പുപ്രാർഥന**

''ലോകത്തെ മുഴുവൻ തിരികെ വാങ്ങുവാൻ കർത്താവായ ഈശോ മിശിഹായെ അയക്കുകയും അവൻവഴി ശ്ലീഹന്മാരെ തെരഞ്ഞെടുക്കുകയും തലമുറ തലമുറയായി മെത്രാന്മാരെ വാഴിക്കുകയും ചെയ്ത സത്യദൈവമേ, ഈ നിന്റെ ദാസനെ സജീവമെത്രാനാക്കി ശ്ലീഹന്മാരുടെ പിൻതുടർച്ചയിൽ ഒരു വിശുദ്ധ മെത്രാനാക്കിത്തീർക്കണമെ. പാത്രിയർക്കീസന്മാർക്കും പ്രവാചകന്മാർക്കും എല്ലാ യഥാർഥ ദാസന്മാർക്കും നീ കല്പിച്ചു കൊടുത്ത ദിവ്യാരൂപിയാകുന്ന കൃപ ഇവനു നൽകണമേ. നിന്റെ അജഗണത്തെ മേയിക്കുന്നതിന് ഇവനെ യോഗ്യനാക്കണമെ. കുറ്റമോ നിന്ദയോ കൂടാതെ ഇവൻ മെത്രാൻ സ്ഥാനത്തു നിൽക്കട്ടെ. നിന്റെ ഏകജാതനായ ഈശോമിശിഹായിലൂടെ പരിശുദ്ധാത്മാവിൽ ശക്തിയും മഹത്വവും ഇപ്പോഴും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.'' (ഇതിന്റെ സമ്പൂർണ്ണ മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *സഭാപിതാക്കന്മാർ-3*, കോട്ടയം, 200,പേജ്,193-214).[48]

അധ്യായം 30

# മൂന്ന് സിനഡുകൾ

**1. അൻസീറാ സിനഡ്**

ഏഷ്യാമൈനറിൽ ഗലാത്യയുടെ തലസ്ഥാനമായ അൻസീറായിൽ വച്ച് 314-ൽ സിറിയായിൽ നിന്നും ഏഷ്യാമൈനറിൽ നിന്നുമുള്ള 13 മെത്രാന്മാരുടെ നേതൃത്വത്തിൽ ഒരു സിനഡു കൂടി. മിലാൻ വിളംബരത്തിലൂടെ സഭയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചശേഷം നടന്ന ആദ്യത്തെ സഭായോഗമാണിത്. മതപീഡനത്തിൽ വിശ്വാസം ത്യജിച്ചവരെ പറ്റിയാണ് പ്രധാനമായി ചർച്ച ചെയ്തത്. വിശ്വാസത്യാഗികൾ വിശ്വാസത്തിൽ നിന്ന് വീണുപോയവർ എന്ന അർഥത്തിൽ *വീണവർ (ലാപ്സി )* എന്ന് അറിയപ്പെടുന്നു. ഇക്കൂട്ടർ പല തരം സർട്ടിഫിക്കറ്റുകൾ സമ്പാദിച്ചിരുന്നതിനാൽ സർട്ടിഫിക്കറ്റ് ലഭിച്ചവർ (*ലിബെല്ലാത്തിച്ചി /ചെർതിഫിക്കാതി*) എന്ന് വിളിക്കപ്പെട്ടു. ധൂപം അർപ്പിച്ചവർ *തൂരിഫിക്കാതി* എന്നും ബലി അർപ്പിച്ചവർ *സാക്രിഫിക്കാതി* എന്നും അറിയപ്പെട്ടു. ബലി അർപ്പിക്കുന്നതിനു പകരം കൈക്കൂലി കൊടുത്തോ മറ്റു രീതിയിലോ ഇത്തരം രേഖകൾ സമ്പാദിച്ചവരുമുണ്ടായിരുന്നു. ചിലരെ ബലിയർപ്പിച്ചവരായി മുദ്രയടിച്ച് നിർബന്ധമായി സർട്ടിഫിക്കറ്റുകൾ അടിച്ചേൽപ്പിച്ചിരുന്നു. എന്നാൽ സ്വമനസ്സാ വിശ്വാസം ത്യജിച്ച് സർട്ടിഫിക്കറ്റ് സമ്പാദിച്ചവരും വിരളമല്ലായിരുന്നു. അത്തരം സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷയ്ക്ക് ഒരുദാഹരണം: ദിയോജനസ് ആയ ഞാൻ എപ്പോഴും ബലി അർപ്പിക്കുകയും അർപ്പണം നടത്തുകയും ചെയ്തിരുന്നു. നിങ്ങളുടെ മുമ്പാകെ ബലിമാംസം ഭക്ഷിച്ചു. എനിക്കൊരു സർട്ടിഫിക്കറ്റ് തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.[49]

സിനഡിൽ പങ്കെടുത്ത മെത്രാന്മാർ: അന്ത്യോക്യയിലെ(സിറിയ) വിതാലിസ്, അൻസീറയിലെ മർസെല്ലൂസ്, കേസറിയായിലെ (കപ്പഡോഷ്യ) അഗ്രിക്കൊളോസ്, തർസോസിലെ ലൂപ്പൂസ്, അമാസെയായിലെ ബേസിൽ, യൂലിയോപ്പൊളീസിലെ (ഗലാത്യ) ഫിലാഡെൽഫോസ്, നിക്കൊമേദിയായിലെ

ഔസ്തിയോസ്, സേലായിലെ ഹെറാക്ലെയോസ്, ഇക്കോണിയത്തിലെ പത്രോസ്, ലവദീക്യയിലെ (പിസീദിയ) നുനൂക്കിയോസ്, അന്ത്യോക്യയിലെ(പിസീദിയ) സർഗിയാനോസ്, നെറോണായിലെ നർചീസുസ്.

**കാനോനകൾ**

1. വിഗ്രഹങ്ങൾക്ക് ബലി അർപ്പിച്ചെങ്കിലും പിന്നീട് കാപട്യത്തോടു കൂടെയല്ല, ആത്മാർഥമായി സത്യാരാധനയിലേക്കു തിരികെ വന്ന പ്രെസ്ബിറ്റർമാരെ സംബന്ധിച്ച്: അങ്ങനെയുള്ളവർ തങ്ങളുടെ സ്ഥാനത്തിന്റെ ബഹുമാനത്തിൽ നിലനിൽക്കട്ടെ. ഏതെങ്കിലും തരത്തിലുള്ള ക്രമീകരണം നടത്തിയോ, സ്വാധീനം ഉപയോഗിച്ചോ, പ്രേരിപ്പിച്ചോ പീഡനങ്ങൾക്ക് വിധേയരാക്കപ്പെട്ടു എന്ന തോന്നൽ ഉളവാകത്തക്കവിധം നാട്യഭാവത്തിലോ, കാണിക്കാൻ വേണ്ടിയോ പീഡനമേറ്റവരെ പറ്റിയല്ല ഇവിടെ വിവക്ഷ. എങ്കിലും ഇക്കൂട്ടർ ബലി അർപ്പിക്കാനോ, പ്രസംഗിക്കാനോ, മറ്റെന്തെങ്കിലും വൈദിക കർമം ചെയ്യാനോ പാടില്ല.

2. അതുപോലെ, വിഗ്രഹങ്ങൾക്ക് ബലി അർപ്പിച്ചെങ്കിലും പിന്നീട് അനുതപിച്ച ഡീക്കന്മാരും തങ്ങളുടെ സ്ഥാനത്ത് നിലനിൽക്കട്ടെ. എന്നാൽ കുർബാന കൊടുക്കുക, അറിയിപ്പുകൾ നടത്തുക തുടങ്ങി ഡീക്കൻസ്ഥാനത്തിനടുത്ത ഒരു കർമവും നിർവഹിക്കരുത്. എന്നാൽ അവരിൽ നുറുങ്ങിയ ഹൃദയവും തികഞ്ഞ അനുതാപ ചൈതന്യവും മെത്രാൻ ദർശിച്ചാൽ അവരോട് കൂടുതൽ കാരുണ്യം കാണിക്കാൻ മെത്രാന് അനുവാദമുണ്ട്. അവരുടെ മുടക്കു നീക്കുന്നതിനും മെത്രാനു സാധിക്കും.

3. മതപീഡനാവസരം ഓടിപ്പോയപ്പോൾ പിടിക്കപ്പെട്ടവർ, ദാസന്മാരാൽ ഒറ്റിക്കൊടുക്കപ്പെട്ടവർ, ക്രിസ്ത്യാനി എന്ന കാരണത്താൽ വസ്തുവകകൾ നഷ്ടപ്പെട്ടവർ, പീഡനം സഹിച്ചവർ, ജയിലിൽ അടയ്ക്കപ്പെട്ടവർ, നിന്ദിക്കപ്പെട്ടവർ, വിഗ്രഹങ്ങൾക്ക് അർപ്പിക്കപ്പെട്ട വസ്തുക്കളോ മാംസമോ നിർബന്ധപൂർവം കെട്ടിയേൽപ്പിക്കപ്പെട്ടപ്പോഴും തങ്ങൾ ക്രിസ്ത്യാനികളാണെന്ന് പ്രഖ്യാപിച്ചുകൊണ്ടിരുന്നവർ, വന്നുപോയവയെ കുറിച്ച് ജീവിതത്തിലും പ്രവർത്തനങ്ങളിലും പെരുമാറ്റത്തിലും അനുതാപസൂചനകൾ നൽകിയവർ - മേൽപറഞ്ഞവർ പാപവിമുക്തരാകയാൽ സംസർഗത്തിൽ നിന്ന് അകറ്റപ്പെട്ടവരല്ല. കാർക്കശ്യം മൂലമോ, അജ്ഞത നിമിത്തമോ ഇത്തരക്കാരെ ആരെങ്കിലും അകറ്റി നിർത്തിയിട്ടുണ്ടെങ്കിൽ അവരെ ഉടനെ തിരികെ എടുക്കണം. ഇത് വൈദികർക്കും അൽമായർക്കും ബാധകമാണ്. പ്രേരണയ്ക്കു വശംവദരായി മേൽപ്പറഞ്ഞ വിധം വീണുപോയ അൽമായരെ വൈദികസ്ഥാനത്ത് പ്രവേശിപ്പിക്കാമോ എന്നത് സംബന്ധിച്ച് ചർച്ച നടന്നു. അവർ കുറ്റക്കാരല്ലാത്തതിനാൽ അവർക്ക് പട്ടം കൊടുക്കാം എന്നു ഞങ്ങൾ തീരുമാനിക്കുന്നു. അവരുടെ മുൻകാലജീവിതം കളങ്കരഹിതമായിരിക്കണം എന്നുമാത്രം.



4. വിഗ്രഹങ്ങൾക്ക് ബലി അർപ്പിക്കാൻ നിർബന്ധിക്കപ്പെടുകയും വിഗ്രഹങ്ങളുടെ ബഹുമാനാർഥമുള്ള ഉത്സവങ്ങളിൽ പങ്കെടുക്കുകയും ചെയ്തവരും ആദ്യം ബലമായി വലിച്ചിഴയ്ക്കപ്പെട്ടെങ്കിലും പിന്നീട് മോടിയായി വസ്ത്രധാരണം ചെയ്ത് സന്തോഷപൂർവം കടന്നുചെന്ന് മടികൂടാതെ വിരുന്നിൽ പങ്കെടുത്തവരും ഒരുവർഷം ശ്രോതാക്കളും മൂന്നുവർഷം പ്രണാമകരും ആയിരിക്കട്ടെ. അതിനുശേഷം പരിപൂർണ സംസർഗം അവർക്ക് അനുവദിച്ചു കൊടുക്കാം.

5. ദുഖഃസൂചകമായ വസ്ത്രങ്ങൾ ധരിച്ച് ബലിമാംസം ഭക്ഷിക്കുകയും ആഘോഷാവസരം മുഴുവൻ കരയുകയും ചെയ്തവർ മൂന്നുവർഷം പ്രണാമകരായിരിക്കണം. അതിനുശേഷം സമ്പർക്കം പുലർത്തട്ടെ. എന്നാൽ അവർ ബലിയിൽ പങ്കെടുക്കാൻ പാടില്ല. ഭക്ഷിച്ചില്ലെങ്കിൽ രണ്ടുവർഷം പ്രണാമകരായിരുന്നാൽ മതി. മൂന്നാം വർഷം സമ്പർക്കം പുലർത്തട്ടെ. എന്നാൽ അർപ്പണത്തിൽ വേണ്ട. നാലാം വർഷം പരിപൂർണ സംസർഗത്തിൽ അവരെ ഉൾപ്പെടുത്താം. അവരുടെ മാനസാന്തര സ്വഭാവം നന്നായി പരിശോധിച്ച് അവരുടെ അനുതാപ കാലാവധി നീട്ടാനോ കുറയ്ക്കാനോ മെത്രാന് അനുവാദമുണ്ട്. അവരുടെ മുൻകാലജീവിതവും ഇപ്പോഴത്തെ ജീവിതവും പരിശോധിച്ച്, അതനുസരിച്ചുള്ള നടപടി നടത്തണം.

6. വസ്തുവകകൾ കണ്ടുകെട്ടുമെന്നോ, നാടുകടത്തുമെന്നോ ഉള്ള ഭീഷണികേട്ട് വിഗ്രഹങ്ങൾക്ക് ബലി അർപ്പിക്കുകയും ഇതുവരെ അനുതപിച്ച് മാനസാന്തരപ്പെടാതിരിക്കുകയും ചെയ്തവർ ഈ സിനഡിന്റെ അവസരം അനുതാപചൈതന്യം കാണിച്ചാൽ അവരെ വലിയ ദിവസം വരെ ശ്രോതാക്കളായി സ്വീകരിക്കണം. വലിയ ദിവസത്തിനുശേഷം അവർ മൂന്നുവർഷത്തേക്ക് പ്രണാമകരായി കഴിയണം. വീണ്ടും രണ്ടു വർഷം അർപ്പണത്തിൽ ഭാഗഭാക്കാകാതെ സമ്പർക്കം പുലർത്തുന്നവരായി കഴിയണം. അങ്ങനെ ആകെ ആറ് വർഷം കഴിയുമ്പോൾ അവരെ പരിപൂർണ സംസർഗത്തിൽ കൊണ്ടുവരാവുന്നതാണ്. ഈ സിനഡിനു മുമ്പേതന്നെ ആരെയെങ്കിലും പ്രായശ്ചിത്തത്തിലേക്ക് ആനയിച്ചിട്ടുണ്ടെങ്കിൽ, ആനയിച്ച ദിവസം മുതൽ ആറുവർഷം കണക്കാക്കണം. എങ്കിലും രോഗം മൂലമോ, മറ്റെന്തെങ്കിലും നിമിത്തമോ ഏതെങ്കിലും മരണാസന്ന സാഹചര്യം ഉണ്ടായാൽ ചില വ്യവസ്ഥകളിന്മേൽ അവരെ സ്വീകരിക്കണം.

7. വിജാതിയർക്കായി വേർതിരിക്കപ്പെട്ട സ്ഥലത്തു വച്ച് അവരുടെ ആഘോഷാവസരം സ്വന്തം ഭക്ഷണം കൊണ്ടുവന്ന് ഭക്ഷിച്ചവരെപ്പറ്റി ഇപ്രകാരം തീരുമാനിക്കുന്നു: അവർ രണ്ടു വർഷം പ്രണാമകരായി കഴിയട്ടെ. പിന്നീട് അവരെ സ്വീകരിക്കാം. അവരുടെ പിൽക്കാല ജീവിതം പരിശോധിച്ചശേഷം അവരെ കുർബാനയിൽ ഭാഗഭാക്കുകളാക്കണമോ വേണ്ടയോ എന്ന് ഓരോ മെത്രാനും തീരുമാനിക്കട്ടെ.

8. നിർബന്ധം നിമിത്തം രണ്ടോ മൂന്നോ പ്രാവശ്യം ബലി കഴിച്ചവർ നാലു വർഷം പ്രണാമകരായിരിക്കട്ടെ. രണ്ടുവർഷം അർപ്പണം കൂടാതെ സമ്പർക്കം പുലർത്തട്ടെ. ഏഴാം വർഷം അവരെ പരിപൂർണ സംസർഗത്തിൽ സ്വീകരിക്കാം.

9. വിശ്വാസം ത്യജിക്കുകയും മറ്റുള്ളവരെ അതിനായി പ്രേരിപ്പിക്കുകയും ചെയ്ത് കുറ്റക്കാരായി തീർന്നവർ മൂന്നുവർഷം ശ്രോതാക്കളായും ആറുവർഷം പ്രണാമകരായും ഒരുവർഷം അർപ്പണം കൂടാതെ സമ്പർക്കം പുലർത്തുന്നവരായും കഴിയണം. അങ്ങനെ മൊത്തം പത്തുവർഷം കഴിയുമ്പോൾ അവർക്ക് കുർബാന സ്വീകരിക്കാം. ഇക്കാലയളവിൽ അവരുടെ ജീവിതം പരിശോധനാവിധേയമാക്കണം.

10. അവിവാഹിതജീവിതം നയിക്കാൻ പ്രയാസമുള്ളതിനാൽ വിവാഹിതനാകണമെന്ന് പട്ടത്തിന്റെ അവസരം മെത്രാനെ അറിയിച്ചവർ ഡീക്കന്മാരായ ശേഷം വിവാഹിതരായി സേവനത്തിൽ തുടരട്ടെ. കാരണം, അത് മെത്രാൻ അനുവദിച്ചതാണ്. എന്നാൽ പട്ടത്തിന്റെ അവസരം വിവാഹത്തെപ്പറ്റി ഒന്നും സംസാരിക്കാതിരിക്കുകയും പിന്നീട് വിവാഹം കഴിക്കുകയും ചെയ്തവർ ഡീക്കൻസ്ഥാനത്തു തുടരാൻ പാടില്ല.

11. വിവാഹ വാഗ്ദാനം ചെയ്ത കന്യകകളെ ബലമായി പിടിച്ചുകൊണ്ടുപോയി ദുഷ്ടതയ്ക്കു വിധേയമാക്കിയാലും വാഗ്ദാനം ചെയ്ത പുരുഷന് തിരികെ കൊടുക്കണം.

12. മാമോദീസായ്ക്കു മുമ്പ് വിഗ്രഹങ്ങൾക്ക് ബലിയർപ്പിച്ചെങ്കിലും പിന്നീട് മാമോദീസാവഴി ശുദ്ധീകരണം പ്രാപിച്ചവർക്ക് പട്ടം കൊടുക്കാം.

13. വൈദികരെയോ, ഡീക്കന്മാരെയോ വാഴിക്കാൻ കോറെപ്പിസ്ക്കോപ്പായ്ക്ക് അനുവാദമില്ല. മെത്രാന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ പട്ടണത്തിലെ മറ്റൊരിടവകയിൽ പ്രെസ്ബിറ്ററ്മാരെ വാഴിക്കാൻ നിശ്ചയമായും കോറെപ്പിസ്കോപ്പായ്ക്ക് അനുവാദമില്ല.

14. മാംസം വർജിക്കുന്ന പ്രെസ്ബിറ്റർമാരും ഡീക്കന്മാരും രുചിച്ചു നോക്കിയിട്ട്, വേണ്ടെങ്കിൽ വർജിക്കട്ടെ. എന്നാൽ ഈ കാനന് എതിരെ നിന്ന്, മാംസത്തോടുകൂടെ വേവിച്ച സസ്യങ്ങൾ പോലും ഭക്ഷിക്കാത്ത പട്ടമുള്ളയാളെ പട്ടശുശ്രൂഷയിൽ നിന്ന് മാറ്റിനിർത്തണം.

15. മെത്രാനില്ലാതിരുന്ന അവസരം വൈദികർ വിറ്റുകളഞ്ഞ സഭാവസ്തുക്കളെ സംബന്ധിച്ച്: ഈ സഭാവസ്തുക്കൾ തിരികെ എടുക്കണമെന്ന് കൽപ്പിക്കുന്നു. വിലകൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് മെത്രാനാണ്. കാരണം, അതിന്റെ വരുമാനം വിലയേക്കാൾ വളരെ കൂടുതലായിരിക്കും.



16. ഇരുപത് വയസിനു താഴെയുള്ളയാൾ ഏതെങ്കിലും മൃഗവുമായി ലൈംഗികബന്ധം നടത്തിയാൽ 15 വർഷം പ്രണാമകനായി കഴിയട്ടെ. അതിനുശേഷം പ്രാർഥനകളിൽ സമ്പർക്കം പുലർത്തട്ടെ. അങ്ങനെ അഞ്ചുവർഷം കഴിഞ്ഞിട്ട് അർപ്പണത്തിൽ സഹകരിക്കട്ടെ. പ്രണാമകാലത്തെ അവരുടെ ജീവിതം പരിശോധിച്ച് ഈ കാരുണ്യം അവർക്ക് അനുവദിക്കാം. എന്നാൽ അതിനിടയിൽ വീണ്ടും ഈ പാപം ചെയ്താൽ പ്രണാമകാലാവധി ദീർഘിപ്പിക്കണം. ഇരുപത് വയസിനു മുകളിലുള്ള വിവാഹിതൻ ഈ തെറ്റുചെയ്താൽ 25 വർഷം പ്രണാമകനായി കഴിയട്ടെ. അതിനുശേഷം പ്രാർഥനയിൽ സമ്പർക്കം പുലർത്തട്ടെ. അങ്ങനെ അഞ്ചുവർഷം കഴിഞ്ഞിട്ട് അർപ്പണത്തിൽ സഹകരിക്കട്ടെ. 50 വയസിനുമേൽ പ്രായമുള്ള വിവാഹിതൻ ഇപ്രകാരം ചെയ്താൽ മരണസമയത്തു മാത്രമേ സഭയിൽ ചേർക്കാവൂ.

17. മൃഗങ്ങളുമായി ലൈംഗികബന്ധം പുലർത്തി സ്വയം അശുദ്ധരാകുകയും കുഷ്ഠരോഗികൾ ആയിത്തീർന്ന് മറ്റുള്ളവർക്ക് അത് പർന്നുകൊടുക്കുകയും ചെയ്യുന്നവർ കരയുന്നവരുടെ കൂടെ നിന്ന് പ്രാർഥിക്കട്ടെ.

18. മെത്രാനായി നിയമിക്കപ്പെട്ടയാളെ നിയമിക്കപ്പെട്ട ഇടവകയിലെ ജനം സ്വീകരിക്കാതിരിക്കുന്ന സാഹചര്യത്തിൽ, മറ്റിടവകകളിൽ കടന്നാക്രമണം നടത്തി, നിയമപരമായി അവിടെ നിയമിതരായ മെത്രാന്മാർക്കെതിരെ പ്രവർത്തിക്കുകയും കലഹത്തിന് പ്രേരിപ്പിക്കുകയും ചെയ്താൽ, അയാളെ സ്ഥാനത്തു നിന്നും സംസർഗത്തിൽ നിന്നും നീക്കണം. എന്നാൽ മുമ്പ് പ്രെസ്ബിറ്റർ ആയിരുന്നിടത്ത് പ്രെസ്ബിറ്ററായി തുടരാൻ ആഗ്രഹിച്ചാൽ ആ ബഹുമാനം നൽകണം. അവിടെ നിയമാനുസൃതം നിയമിതരായ മെത്രാന്മാർക്കെതിരെ പ്രവർത്തിക്കാൻ മുതിർന്നാൽ വൈദികസ്ഥാനത്തു നിന്നു കൂടി പുറത്താക്കണം.

19. കന്യാവ്രതം സ്വീകരിച്ചയാൾ വാഗ്ദാനം മറന്ന് പ്രവർത്തിച്ചാൽ, രണ്ടാംവിവാഹം നടത്തിയവരുടെ കാലാവധി പൂർത്തിയാക്കട്ടെ. കന്യകകളായ സ്ത്രീകൾ സഹോദരിമാരെപ്പോലെ പുരുഷന്മാരുടെകൂടെ പാർക്കുന്നത് നാം വിലക്കുന്നു.

20. ഏതെങ്കിലും ഭാര്യയോ, ഭർത്താവോ വ്യഭിചാരം ചെയ്താൽ നിശ്ചയിക്കപ്പെട്ട രീതിയിൽ ഏഴുവർഷം പ്രായശ്ചിത്തം ചെയ്യുമ്പോൾ സംസർഗത്തിൽ എടുക്കാം.

21. വ്യഭിചാരം ചെയ്യുകയോ, ഉദരഫലത്തെ നശിപ്പിക്കുകയോ ഭ്രൂണഹത്യയ്ക്ക് മരുന്നുപയോഗിക്കുകയോ ചെയ്തവരെ ഒരു മുൻകാലഡിക്രി മരണംവരെ അകറ്റി നിർത്തിയിരുന്നു. ചിലർ ഇത് അംഗീകരിക്കുകയും ചെയ്തു. നിശ്ചയിക്കപ്പെട്ട രീതിയിൽ പത്തുവർഷം അവർ പ്രായശ്ചിത്തം നിർവഹിക്കട്ടെ എന്ന് ഞങ്ങൾ കുറേക്കൂടി മയപ്പെടുത്തി കൽപ്പിക്കുന്നു.

22. മനഃപൂർവം കൊല നടത്തുന്നവർ പ്രണാമകരായി കഴിയട്ടെ. എന്നാൽ മരണാവസരം അവരെ പരിപൂർണസംസർഗത്തിൽ പ്രവേശിപ്പിക്കാം.

23. മനഃപൂർവമല്ലാത്ത കൊലപാതകത്തിന്, നിശ്ചയിക്കപ്പെട്ട രീതിയിൽ ഏഴുവർഷം പ്രായശ്ചിത്തം ചെയ്യണമെന്ന് ഒരു മുൻകാലഡിക്രി അനുശാസിക്കുന്നു. അവർ അഞ്ചുവർഷം പൂർത്തിയാക്കിയാൽ മതിയെന്ന് ഈ സിനഡ് കൽപ്പിക്കുന്നു.

24. മന്ത്രവാദം ചെയ്യുകയും വിജാതിയരുടെ ആചാരങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരും ആഭിചാരത്തിനും ക്ഷുദ്രപ്രയോഗത്തിനുമായി ആളുകളെ വീട്ടിൽ വിളിച്ചു വരുത്തുന്നവരും നിശ്ചയിക്കപ്പെട്ട ക്രമത്തിൽ അഞ്ചു വർഷം കാനന് വിധേയരാണ്. അതായത്, മൂന്ന് വർഷം പ്രണാമകരായും രണ്ടു വർഷം അർപ്പണം കൂടാതെ പ്രാർഥനയിൽ സമ്പർക്കം പുലർത്തുന്നവരായും കഴിയണം.

25. ഒരാൾ ഒരു യുവതിയുമായി വിവാഹവാഗ്ദാനം നടത്തിയിട്ട് അവളുടെ സഹോദരിയെ ചീത്തയാക്കി ഗർഭിണിയാക്കുകയും അതിനുശേഷം ഉടമ്പടി ചെയ്തവളെത്തന്നെ വിവാഹം കഴിക്കുകയും ചെയ്തു. അപ്പോൾ മറ്റവൾ കെട്ടിഞാന്നു ചത്തു. ഇതുമായി ബന്ധപ്പെട്ടവരെല്ലാം നിശ്ചിതക്രമത്തിൽ 10 വർഷം പ്രയശ്ചിത്തം ചെയ്തിട്ട് വിശ്വാസികളുടെ കൂടെ സ്വീകരിക്കപ്പെടട്ടെ.

**2.നെയോ ചെസറിയാ സിനഡ്**

പോന്തുസിലെ നെയോ ചെസറിയായിൽ വച്ച് 314-നും 325-നും ഇടയ്ക്ക് ഒരു സിനഡ് കൂടി. ചില ശിക്ഷണ ക്രമങ്ങൾ സംബന്ധിച്ചാണ് കാനോനകൾ.[50]

**കാനോനകൾ**

1. വിവാഹം കഴിക്കുന്ന വൈദികനെ സ്ഥാനഭ്രഷ്ടനാക്കണം. എന്നാൽ അവൻ വ്യഭിചാരം ചെയ്താൽ കൂട്ടായ്മയിൽ നിന്ന് പുറത്താക്കി പ്രായശ്ചിത്തം കൽപ്പിക്കണം.

2. രണ്ട് സഹോദരന്മാരെ വിവാഹം കഴിക്കുന്ന സ്ത്രീ മരണംവരെ സഭാഭ്രഷ്ട ആയിരിക്കട്ടെ. എന്നാൽ മരണസമയത്ത് ഒരു കാരുണ്യപ്രവൃത്തി എന്ന നിലയിൽ അവൾക്ക് മോചനം നൽകാം. സുഖം പ്രാപിച്ചാൽ ഈ വിവാഹബന്ധം ഉപേക്ഷിക്കാമെന്ന് അവൾ പ്രഖ്യാപിക്കണം. എന്നാൽ ഇത്തരം വിവാഹത്തിൽ സ്ത്രീയോ പുരുഷനോ മരിച്ചാൽ അവശേഷിക്കുന്ന വ്യക്തിക്ക് പാപമോചനം വളരെ പ്രയാസമായിരിക്കും.



3. ഒന്നിലേറെ വിവാഹബന്ധത്തിൽ ഏർപ്പെടുന്നവരെ സംബന്ധിച്ച് പ്രായശ്ചിത്ത കാലാവധി വ്യക്തമാണല്ലോ.എന്നാൽ അവരുടെ ജീവിതക്രമം അനുസരിച്ച് സമയം കുറയ്ക്കാം.

4. ഒരാൾ വ്യഭിചാരോദ്ദേശ്യത്തോടെ ഒരു സ്ത്രീയെ മോഹിച്ചെങ്കിലും അത് സംഭവിക്കാതിരുന്നാൽ കൃപയാൽ രക്ഷിക്കപ്പെട്ടു എന്ന് വ്യക്തമാണല്ലോ.

5. സ്നാനാർഥികളുടെ ഇടയിൽ സ്ഥാനം ലഭിച്ചയാൾ സഭയിൽ വരികയും പാപത്തിൽ വീഴുകയും ചെയ്താൽ പ്രണാമകൻ ആണെങ്കിൽ ശ്രോതാവായി തരംതാഴ്ത്തപ്പെടണം. അയാൾ മേലിൽ പാപം ചെയ്കയുമരുത്. ശ്രോതാവായിരിക്കുമ്പോഴും പാപം ചെയ്താൽ അയാളെ പുറത്താക്കണം.

6. ആഗ്രഹിക്കുന്ന സമയത്തു തന്നെ ഗർഭിണികൾക്ക് മാമോദീസാ നൽകണം എന്ന് തീരുമാനിക്കുന്നു. കാരണം, അവൾ അതുവഴി ശിശുവിന് ഒന്നും പകർന്നു കൊടുക്കുന്നില്ല. ക്രിസ്തുവിനെ ഏറ്റുപറയുക എന്നുള്ളത് വ്യക്തമായി ഓരോ ആളിന്റെയും വ്യക്തിപരമായ അവകാശമാണ്.

7. രണ്ടാം വിവാഹക്കാരുടെ വിവാഹവിരുന്നിൽ വൈദികർ പങ്കെടുക്കരുത്. കാരണം, പുനർവിവാഹം നടത്തുന്നയാൾ പ്രായശ്ചിത്തത്തിന് കടപ്പെട്ടവനാകയാൽ, അത്തരം വിവാഹത്തിന്റെ ആഘോഷങ്ങളിൽ പങ്കെടുത്ത് അതംഗീകരിക്കുന്ന വൈദികൻ ഏതു രീതിയിലുള്ള പുരോഹിതനായിരിക്കും?

8. ഒരാളുടെ ഭാര്യ വ്യഭിചാരിണി ആയിത്തീരുകയും അത് വ്യക്തമായി വെളിപ്പെടുകയും ചെയ്താൽ, അയാൾ സഭാശുശ്രൂഷകൻ ആകാൻ പാടില്ല. അയാളുടെ പട്ടത്തിനുശേഷം അവൾ വ്യഭിചാരിണി ആയിത്തീർന്നെങ്കിൽ അവളെ ഉപേക്ഷിക്കണം. അവളെ തുടർന്ന് കൂടെ പാർപ്പിച്ചാൽ അവൻ സഭാശുശ്രൂഷ നടത്തരുത്.

9. ജഡിക പാപത്തിൽ വീണയാൾ പട്ടം സ്വീകരിക്കുകയും പിന്നീട് അത് ഏറ്റുപറയുകയും ചെയ്താൽ തുടർന്ന് ബലി അർപ്പിക്കരുത്. എന്നാൽ മറ്റ് സംഗതികളിലുള്ള തീക്ഷ്ണത പരിഗണിച്ച് അയാൾ മറ്റ് സഭാശുശ്രൂഷകൾ നിർവഹിക്കട്ടെ. പട്ടം മറ്റു പാപങ്ങളെല്ലാം നീക്കിക്കളയുന്നു എന്നാണ് ഭൂരിപക്ഷാഭിപ്രായം. എന്നാൽ അയാൾ ഏറ്റുപറയാതെയും തെറ്റ് തെളിയിക്കപ്പെടാതെയും ഇരുന്നാൽ അത് സംബന്ധിച്ചുള്ള തീരുമാനം അയാളെ ആശ്രയിച്ചിരിക്കുന്നു.

10. അതുപോലെ, ഒരു ഡീക്കൻ ഇത്തരം പാപത്തിൽ വീണാൽ അയാൾ സബ്ഡീക്കന്റെ ശുശ്രൂഷകൾ നിർവഹിക്കട്ടെ.

11. എല്ലാത്തരത്തിലും യോഗ്യനായിരുന്നാലും മുപ്പതു വയസിനു മുമ്പ് ആർക്കും പട്ടം കൊടുക്കരുത്. മറിച്ച്, അയാൾ കാത്തിരിക്കട്ടെ. കാരണം, നമ്മുടെ കർത്താവീശോമിശിഹാ സ്നാനം സ്വീകരിച്ചതും പഠിപ്പിക്കാൻ തുടങ്ങിയതും 30-ാം വയസിലാണ്.

12. രോഗഗ്രസ്തനായിരുന്നപ്പോൾ മാമോദീസാ സ്വീകരിച്ചയാളെ വൈദികസ്ഥാനത്തേക്ക് പ്രവേശിപ്പിച്ചുകൂടാ. കാരണം, അയാളുടെ വിശ്വാസപ്രഖ്യാപനം സ്വമേധയാ അല്ല. സാഹചര്യം കൊണ്ടാണ്. എങ്കിലും അയാളുടെ തുടർന്നുള്ള തീക്ഷ്ണതയും വിശ്വാസവും യോഗ്യരായ ആളുകളുടെ അഭാവവും പരിഗണിച്ച് അയാളെയും സ്വീകരിക്കാവുന്നതാണ്.

13. ഗ്രാമത്തിലെ വൈദികൻ നഗരത്തിലെ പള്ളികളിൽ നഗരത്തിലെ മെത്രാനും വൈദികരും സന്നിഹിതരായിരിക്കുമ്പോൾ അർപ്പണം നടത്തുകയോ അപ്പവും കാസായും പ്രാർഥിച്ചുകൊടുക്കുകയോ ചെയ്യരുത്. അവരാരും അടുത്തില്ലാതിരിക്കുകയും, അയാൾ മാത്രമേ ലഭ്യമായിട്ടുള്ളു എന്ന സാഹചര്യം വരികയും ചെയ്താൽ അയാൾക്കും ആകാം.

14. കോറെപ്പിസ്കോപ്പാമാർ എഴുപതു പേരുടെ സ്ഥാനത്താണ്. ദരിദ്രരോടുള്ള താൽപര്യം നിമിത്തവും സഭാശുശ്രൂഷകരെന്ന നിലയിലും അവർക്ക് അർപ്പണം നടത്താൻ അവകാശമുണ്ട്.

15. പട്ടണം വലുതാണെങ്കിലും കാനൻ അനുസരിച്ച് ഡീക്കന്മാർ ഏഴു പേരേ ആകാവൂ. ഇത് നടപടി പുസ്തകത്തിൽ നിന്ന് വ്യക്തമാണല്ലോ.

**3. ഗാംഗ്രാ സിനഡ്**

പഫ്ലഗോണിയായിലെ ഗാംഗ്രായിൽ വച്ച് 325-നും 331-നും ഇടയ്ക്ക് എവുസേബിയസിന്റെ നേതൃത്വത്തിൽ 13 മെത്രാന്മാരുടെ ഒരു സിനഡ് നടന്നു. ഏലിയൻ, എവുജേനിയസ്, ഒളിംപിയുസ്, ബിതീനിക്കൂസ്, ഗ്രിഗറി, ഫിലേത്തൂസ്, പാപ്പൂസ്, എവുലാലിയോസ്, ഹിപ്പാസ്യൂസ്, പ്രൊയേരിയുസ്, ബേസിൽ, ബാസുസ് എന്നിവരായിരുന്നു മറ്റു മെത്രാന്മാർ. സെബസ്തെയിലെ (അർമേനിയാ) എവുസ്താത്യോസ് അന്നുവരെ നടപ്പിലിരുന്ന രീതികൾക്കെതിരെ ചില നവീകരണങ്ങൾ വരുത്തി. ഇതിനെതിരായിട്ടാണ് സിനഡ് കൂടിയതും കാനോനകൾ എഴുതി ഉണ്ടാക്കിയതും. നവീകരണങ്ങൾ കാനോനകളിൽ നിന്ന് വ്യക്തമാണ്.[51]

**കാനോനകൾ**

1. വിവാഹം വിലക്കുകയോ, വിശ്വാസിനിയും ഭക്തയും സ്വഭർത്താവിന്റെ കൂടെ പാർക്കുന്നവളുമായ ഭാര്യയെ സ്വർഗരാജ്യത്തിന് അർഹയല്ല എന്നു പറഞ്ഞ് നിന്ദിച്ച് ശപിക്കുകയോ ചെയ്യുന്നവർ ശപിക്കപ്പെടട്ടെ.



2. രക്തം കൂടാത്തതും വിഗ്രഹങ്ങൾക്ക് അർപ്പിക്കാത്തതും കഴുത്തുഞെരിച്ച് കൊന്ന മൃഗത്തിൽനിന്ന് അല്ലാത്തതുമായ മാംസം ഭക്ഷിക്കുന്ന ഭക്തനായ വിശ്വാസിയെ, ഭക്ഷണം നിമിത്തം രക്ഷയെക്കുറിച്ച് പ്രതീക്ഷ നശിച്ചവൻ എന്ന നിലയിൽ, വിധിച്ചു തള്ളുന്നവൻ ശപിക്കപ്പെടട്ടെ.

3. സ്വന്തം യജമാനനെ നല്ല മനസോടും എല്ലാവിധ ബഹുമാനത്തോടും കൂടെ സേവിക്കാതെ, അയാളെ നിന്ദിച്ച് ഭക്തിയുടെ പേരിൽ അയാളുടെ സേവനത്തിൽനിന്ന് ഓടിപ്പോകാൻ പ്രേരിപ്പിക്കുന്നവൻ ശപിക്കപ്പെടട്ടെ.

4. വിവാഹിതനായ പട്ടക്കാരൻ അർപ്പിക്കുന്ന കുർബാനയിൽ നിന്ന് സ്വീകരിക്കാൻ പാടില്ലെന്ന് പഠിപ്പിക്കുന്നവൻ ശപിക്കപ്പെടട്ടെ.

5. ദൈവഭവനവും അവിടുത്തെ സഭായോഗവും നിന്ദ്യമാണെന്ന് പഠിപ്പിക്കുന്നവൻ ശപിക്കപ്പെടട്ടെ.

6. സഭയ്ക്ക് പുറത്ത് രഹസ്യ സമ്മേളനങ്ങൾ നടത്തുകയും കാനോനകളെ ധിക്കരിക്കുകയും സഭാകർമങ്ങൾ ചെയ്യുന്നു എന്നു കരുതുകയും മെത്രാന്റെ അനുവാദം കൂടാതെയും വൈദികന്റെ സാന്നിധ്യം കൂടാതെയും പ്രവർത്തിക്കുകയും ചെയ്യുന്നവൻ ശപിക്കപ്പെടട്ടെ.

7. ദേവാലയത്തിൽ അർപ്പിച്ച വസ്തുക്കൾ എടുക്കാൻ മുതിരുകയോ, മെത്രാന്റെയോ ചുമതലയുള്ള വ്യക്തിയുടെയോ അനുവാദം കൂടാതെ അവ പള്ളിക്ക് പുറത്തെടുക്കുകയോ ചുമതലയുള്ള ആളിന്റെ തീരുമാനം അനുസരിച്ച് പ്രവർത്തിക്കാൻ കൂട്ടാക്കാതിരിക്കുകയോ ചെയ്യുന്നവൻ ശപിക്കപ്പെടട്ടെ.

8. മെത്രാനോ സഭാസ്വത്തുക്കളുടെ ചുമതലക്കാരനായി അദ്ദേഹം നിശ്ചയിച്ചിരിക്കുന്ന വ്യക്തിയോ അല്ലാതെ ആരെങ്കിലും സഭാസ്വത്തുക്കൾ വിറ്റാൽ വിൽക്കുന്നവനും വാങ്ങുന്നവനും ശപിക്കപ്പെടട്ടെ.

9. കന്യാത്വത്തിന്റെ ഔന്നത്യവും പരിശുദ്ധിയും പരിഗണിക്കാതെ വിവാഹത്തെ വെറുക്കുന്നതു കൊണ്ടുമാത്രം കന്യകയായിരിക്കുകയും വിരക്തി പാലിക്കുകയും വിവാഹത്തിൽ നിന്ന് ഒഴിഞ്ഞിരിക്കുകയും ചെയ്യുന്നവൾ ശപിക്കപ്പെടട്ടെ.

10. കർത്താവിനെ പ്രതി ബ്രഹ്മചാരിയായി ജീവിക്കുകയും അതേ സമയം വിവാഹിതരെ നിന്ദിക്കുകയും ചെയ്യുന്നയാൾ ശപിക്കപ്പെടട്ടെ.

11. വിശ്വാസത്താൽ പ്രേരിതനായി അഗാപ്പെ നടത്തുകയും കർതൃസ്നേഹത്താൽ സഹോദരങ്ങളെ ക്ഷണിക്കുകയും ചെയ്യുമ്പോൾ അതിനെ നിന്ദിച്ച് ക്ഷണം സ്വീകരിക്കാൻ വിസമ്മതിക്കുന്നവർ ശപിക്കപ്പെടട്ടെ.

12. ആത്മീയതയുടെ പേരിൽ പെരിബോളെയും ധരിക്കുകയും അത് അവരെ നീതീകരിക്കുന്നെന്ന ചിന്തയാൽ, ഭക്തിപൂർവം ബേറൂസും മറ്റ് സാധാരണ പതിവുള്ള വസ്ത്രങ്ങളും ധരിക്കുന്നവരെ നിന്ദിക്കുകയും ചെയ്യുന്നവർ ശപിക്കപ്പെടട്ടെ.

13. ആത്മീയതയുടെ പേരിൽ സ്വന്തവസ്ത്രം മാറ്റി, സ്ത്രീകൾക്ക് സാധാരണമായിട്ടുള്ള വസ്ത്രത്തിനു പകരം പുരുഷന്മാരുടെ വസ്ത്രം ധരിക്കുന്ന സ്ത്രീകൾ ശപിക്കപ്പെടട്ടെ.

14. വിവാഹത്തെ വെറുക്കുന്നതിന്റെ പേരിൽ ഭർത്താക്കന്മാരെ ഉപേക്ഷിച്ച് ഇറങ്ങി പുറപ്പെടാൻ തീരുമാനിക്കുന്ന സ്ത്രീകൾ ശപിക്കപ്പെടട്ടെ.

15. മക്കളെ ഉപേക്ഷിക്കുകയോ, കഴിവനുസരിച്ച് അവരെ വളർത്തുകയോ ഭക്തിയിൽ അഭ്യസിപ്പിക്കാതിരിക്കുകയോ ചെയ്ത് സന്യാസത്തിന്റെ പേരിൽ അവരെ അവഗണിക്കുന്നവർ ശപിക്കപ്പെടട്ടെ.

16. ഭക്തിയുടെ പേരിൽ മാതാപിതാക്കളെ, പ്രത്യേകിച്ച്, വിശ്വാസികളായ മാതാപിതാക്കളെ ഉപേക്ഷിക്കുകയോ,അവർക്ക് അർഹമായ ബഹുമാനം കൊടുക്കാതിരിക്കുകയോ , മാതാപിതാക്കളേക്കാൾ ഭക്തിക്ക് പ്രാധാന്യം നൽകുന്നു എന്ന വ്യാജേന വ്യാപരിക്കുകയോ ചെയ്യുന്ന കുട്ടികൾ ശപിക്കപ്പെടട്ടെ.

17. വിധേയത്വത്തിന്റെ അടയാളമായി ദൈവം സ്ത്രീകൾക്ക് കൊടുത്തിരിക്കുന്ന മുടി ഭക്തിയുടെ നാട്യത്തിൽ മുറിച്ചു കളഞ്ഞ്, ദൈവിക ശാസനയെ ധിക്കരിക്കുന്ന സ്ത്രീകൾ ശപിക്കപ്പെടട്ടെ.

18. സന്യാസത്തിന്റെ പേരിൽ ഞായറാഴ്ച ഉപവസിക്കുന്നവർ ശപിക്കപ്പെടട്ടെ.

19. സഭ നിശ്ചയിച്ച് പൊതുവായി ആചരിക്കുന്ന ഉപവാസങ്ങളെ പ്രത്യേക ശാരീരിക കാരണം കൂടാതെ അവഗണിക്കുകയും ധിക്കാരപൂർവം പെരുമാറുകയും ചെയ്യുന്ന താപസൻ, ഇതു സംബന്ധിച്ച് ശരിയായ അറിവുള്ളവനാകയാൽ, ശപിക്കപ്പെടട്ടെ.

20. രക്തസാക്ഷികളുടെ ഓർമദിവസമുള്ള സമ്മേളനങ്ങളെയും അവിടെ നടക്കുന്ന ശുശ്രൂഷകളെയും അവരുടെ അനുസ്മരണകളെയും ധിക്കാരപൂർവം നിന്ദിച്ച് പുച്ഛിക്കുന്നവൻ ശപിക്കപ്പെടട്ടെ.



# അനുബന്ധങ്ങൾ

### 1. ദെർ-ബലിസെ പപ്പീറസ്

1907-ൽ ഈജിപ്തിൽ അസ്യുതിനടുത്ത് ദെർ-ബലിസെ എന്ന സ്ഥലത്തുള്ള ഒരാശ്രമത്തിൽ നിന്നു ആറാം നൂറ്റാണ്ടിലെ കുറെ ഗ്രീക്ക് പപ്പീറസ് രേഖകൾ കണ്ടുകിട്ടി. അവയിൽ ഒരെണ്ണം ഈജിപ്തിൽ ഉപയോഗിച്ചിരുന്ന ഒരു പ്രാചീന എവുക്കോലോഗിയോന്റെ ഭാഗമായിരുന്നു. കുർബാനയുടെ പ്രാരംഭ ഭാഗത്തെ മൂന്നു പ്രാർഥനകൾ, അനാഫറ, കുർബാന സ്വീകരണ പ്രാർഥന എന്നിവ ഇതിൽ അടങ്ങിയിരിക്കുന്നു. ഇതിലെ പ്രാർഥനകൾ വളരെ പ്രാചീനമാണ്. സാങ്തുസിനും സ്ഥാപനവാക്കുകൾക്കും ഇടയ്ക്കാണ് റൂഹാക്ഷണം. ഈ രേഖയിൽ ഒരു പ്രാചീന വിശ്വാസപ്രമാണവും ഉണ്ട്: ''സർവശക്തനായ പിതാവായ ദൈവത്തിലും തന്റെ ഏകജാതനായ പുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിലും പരിശുദ്ധാത്മാവിലും ശരീരത്തിന്റെ ഉയർപ്പിലും വിശുദ്ധ കത്തോലിക്കാ സഭയിലും ഞാൻ വിശ്വസിക്കുന്നു.''[52]

### 2. മർക്കോസിന്റെ അനാഫറ

സ്ത്രാസ്ബുർഗ് യൂണിവേഴ്സിറ്റി ഗ്രന്ഥശേഖരത്തിൽ മർക്കോസിന്റെ അനാഫറയുടെ ചില ഭാഗങ്ങൾ പപ്പീറസിൽ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. അവിടെനിന്ന് കണ്ടെടുത്തതിനാൽ സ്ത്രാസ്ബുർഗ് പപ്പീറസ് എന്നും ഇത് അറിയപ്പെടുന്നു. ഈ അനാഫറയുടെ ഏറ്റവും പ്രാചീന കയ്യെഴുത്തുപ്രതി ഇതാണ്. (4/5 നൂ.) ഈ കയ്യെഴുത്തുപ്രതി തന്നെയും ഒരു പകർപ്പാണ്. അത്തനാസ്യോസിന്റെ കാലത്ത് ഈ രീതിയിൽ ഇതു പ്രചരിച്ചിരുന്നു എന്നു ചിലർ കരുതുന്നു. ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായി എല്ലാ വിഭാഗത്തിലും പെട്ട കത്തോലിക്കാസഭ മുഴുവനും വേണ്ടിയുള്ള മധ്യസ്ഥപ്രാർഥനയാണ് ഈ രേഖയിലുള്ളത്.[53]

### 3. കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം(381)

"സർവശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും ദൃശ്യാദൃശ്യങ്ങളായ എല്ലാ വസ്തുക്കളുടെയും നിർമാതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകപുത്രനും യുഗങ്ങൾക്കെല്ലാം മുമ്പ് പിതാവിൽ നിന്ന് ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിക്കപ്പെടാത്തവനും പിതാവുമായി സമസത്തയായവനും തന്നാൽ സകലവും നിർമിക്കപ്പെട്ടവനും ആയ ഏക കർത്താവേശുക്രിസ്തുവിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വർഗത്തിൽ നിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകമറിയത്തിൽ നിന്ന് ശരീരമെടുത്ത് മനുഷ്യനായി. അവൻ പൊന്തിയോസ് പീലാത്തോസിന്റെ കാലത്ത് നമുക്കുവേണ്ടി ക്രൂശിക്കപ്പെടുകയും കഷ്ടതകൾ സഹിച്ച് മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്ന പ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. അവൻ സ്വർഗത്തിലേക്ക് കരേറി പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ മഹത്വത്തിൽ വീണ്ടും വരാനിരിക്കുന്നു. അവന്റെ രാജ്യം ഒരിക്കലും അവസാനിക്കുകയില്ല. പിതാവിൽ നിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ ആരാധിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നവനും പ്രവാചകരിലൂടെ സംസാരിച്ചവനും കർത്താവും ജീവദാതാവും ആയ പരിശുദ്ധാത്മാവിലും എകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏകമാമോദീസാ ഞങ്ങൾ ഏറ്റുപറയുന്നു. മരിച്ചവരുടെ ഉയർപ്പും വരാനിരിക്കുന്ന ലോകത്തിലെ ജീവിതവും ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ."

# കുറിപ്പുകൾ

1. ഇന്നു ടർക്കിയിലെ ഇസ്നിക്

2. 318 എന്നത് ആലങ്കാരിക ഭാഷയിൽ മനസ്സിലാക്കണം എന്നു കരുതുന്നവരുണ്ട്. അബ്രഹാമിന്റെ 318 ദാസന്മാരെപ്പറ്റി ഉല്പ..14:14 കാണുക.

3. E.Seeberg, *Die Synode von Antiochien im Jahre 324/325*, Aalen 1973[2], p.67.

4. J.N.D.Kelly, *Early Christian Creeds*, London, 1972 (= Kelly) 209-210; W.A.Jurgens. *The Faith of the Early Fathers I.*, Collegeville 1970, p.281.

5. Kelly, p.211: ഇന്ന് തുർക്കിയിലെ അങ്കാറ

6. സഭാ. 1:13

7. Kelly, p.211 നമ്പർ 3

8. Kelly, p. 229-230; സഭാപിതാക്കന്മാർ, 1. 1987. പേ.50-85: നിഖ്യാവിശ്വാസ പ്രമാണവും കാനോനകളും പങ്കെടുത്തവരും.

9. Kelly, p. 234-239.

10. Kelly, p.239-242; A.Hahn-L.Hahn, *Bibliothek der Symbole und Glaubensregeln der alten Kirche,* Hildesheim,1962, p.160-1.

11. സൊക്രാട്ടസ്, *സഭാ.* 1:28-32

12. *അതേകൃതി,* 1:33

13. M.Simonetti. *La Crisi Ariana nel IV Secolo,* Roma, 1975, p.124ff. സോക്രാട്ടസ്, *സഭാ.* 1:29-32.

14. നിക്കൊമേദിയായിലെ എവുസേബിയസ് (+342) ആരിയസിന്റെ സ്നേഹിതനായിരുന്നു. അയാളുടെ കൂടെ നിന്നവരാണ് ഈ പേരിൽ അറിയപ്പെട്ടത്.

15. *Dedication Council-(ഹേ എൻ തോയിസ് എങ്കൈനിഓഇസ്):* ഈ സിനഡിന്റെ കാനോനകൾക്ക്: ജി.ചേടിയത്ത്, *അന്ത്യോക്യൻ സഭ-ഉത്ഭവവും വളർച്ചയും,* കോട്ടയം, 1986, പേ. 238-251 കാണുക.

16. Kelly, p.265; സൊക്രാട്ടസ്, *സഭാ.* 2:10

17. Kelly, p.268-270; സൊക്രാട്ടസ്, *സഭാ.* 2:10

18. Kelly, p.266-267.

19. Kelly, p.272.

20. Kelly, p.272-273

21. Kelly, p.274

22. Kelly, p.275-275.

23. Kelly, p.276 ff.

24. "Long Lined Creed"സൊക്രാട്ടസ്, *സഭാ.* 2:19; 2:20; അത്തനാസ്യോസ്, *ദെ സിനൊദിസ്,* 26; കെല്ലി,279.

25. അൻസീറയിലെ മർസെല്ലുസിന്റെ ശിഷ്യനായിരുന്നു ഫൊത്തീനുസ്. 344 -ൽ സിർമിയത്തെ മെത്രാനായി. 345-ൽ മർസെല്ലുസിനെ വിധിച്ച അന്ത്യോക്യൻ സിനഡിൽ പങ്കെടുത്തു. 351 - വരെ സിർമിയം മെത്രാനായി തുടർന്നു എന്ന് പറയപ്പെടുന്നു (F.L.Cross, *The Oxford Dictionary of the Christian Church*, London, 1974. p.1087). ഒരുതരം സബെല്ലിയനിസമാണ് ഫൊത്തീനുസ് പഠിപ്പിച്ചത്. 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് ഔദ്യോഗികമായി ഫൊത്തീനുസിനെ ശപിച്ചു.

26. Kelly, p.28; സൊക്രാട്ടസ്, *സഭാ.*2:30.

27. M.Simonetti, *op. cit.*p.214 ff.

28. സൊക്രാട്ടസ്, *സഭാ.*2:36

29. Kelly, p.284 *ff*.

30. Kelly, p.285-288; സൊക്രാട്ടസ്, *സഭാ.* 2:30.

31. Kelly, p.288

32. Kelly, p. 289-290; ഇത് "Dated Creed" എന്നും അറിയപ്പെടുന്നു.

33. Kelly, p. 291: നാനൂറിൽപരം മെത്രാന്മാർ റിമിനിയിൽ സംബന്ധിച്ചു.

34. സൊക്രാട്ടസ്, *സഭാ.* 2:39-40

35. Kelly, p. 293-294 സൊക്രാട്ടസ്, *സഭാ.* 2:41

36. ജി.ചേടിയത്ത്, *സഭാപിതാക്കന്മാർ-2.* കോട്ടയം, 1987, 106-121.

37. പിതാവിനെക്കാൾ താണപടിയിലാണ് പുത്രൻ; പുത്രനെക്കാൾ താണപടിയിലാണ് പരിശുദ്ധാത്മാവ്-ഇതാണ് സബോർഡിനേഷനിസം.

38. മെലീഷ്യൻ ശീശ്മയെപ്പറ്റി: ജി.ചേടിയത്ത്, *ആദിമസഭയുടെ സന്ദേശം,* കോട്ടയം, 1988,പേ.300.

39. J.Stevenson, *A New Eusebios,* London, 1974, p.344-5.

40. *Ibid.* 346-7

41. *Ibid.* 350-1

42. *Ibid* 375-6.

43. R.Lonergan, *The Way to Nicea*, London, 1916; F.Young, *From Nicaea to Chalcedon*, Philadelphia, 1983; Rowan Williams, *Arius Heresy and Tradition,* London, 1987; R.C.Gregg-D.E.Groh, *Early Arianism: A Vew of Salvation*, Philadelphia, 1981.



44. T.A.Kopecek, *A History of Neo-Arianism*, 2 vols, Cambridge (Ma), 1979.

45. J.Stevenson,*op.cit*.340-341

46. സൊക്രാട്ടസ്, സഭാ. 1,5;1,25.26.33.37-38 കൂടി കാണുക.

47. *Encyclopedia of the Early Church, 1*. Cambridge, 1992, p.296.

48. L.Deiss. *Early Soures of the Liturgy*, Collegeville (MN) 1975, p.97-134; J.Wordsworth, *Bishop Serapion's Prayer book,* London, 1923.

49. *NPNF*$^2$.14,62-75; Compare with A.Voobus, *The Synodicon*, I.p.101-107.

50. *NPNF*$^2$.14,79-86; A.Voobus,107-109.

51. *NPNF*$^2$.14,87-101; A.Voobus, 109-110.

52. L.Deiss. *Early Soures of the Liturgy*, p.187-194.

53. L.Deiss. *Early Soures of the Liturgy*, p.145-147.

## ചുരുക്കെഴുത്തുകളുടെ പൂർണരൂപം

*BO* = Bibliotheca Orientalis by J.S.Assemani
*LH* = Liber Heracleides of Nestorius tr.by G.R.Driver
*NPNF*[2] = Nicene and Post Nicene Fathers of the Christian Church, Second Series
*PG* = Patrologia Graeca
*PL* = Patrologia Latina
*PO* = Patrologia Orientalis
*WWS* = Wort und Wahrheit Supplement, Vienna.
എപ്പിഫാനിയസ്, പാഷ. = പാഷണ്ഡതകൾ (പനാരിയോൻ/ഹെരെസെസ്)
എവു. സഭാ = എവുസേബിയസ്,സഭാചരിത്രം
ജന്നാഡിയസ്, മഹദ്. = മഹദ്വ്യക്തികൾ
ജറോം, മഹദ്. = മഹദ്വ്യക്തികൾ
തിയഡൊറെറ്റ്, സഭാ. = സഭാചരിത്രം
പാഷ. = പാഷണ്ഡതകൾ
ഫിലൊസ്തോർജിയുസ്, സഭാ. = സഭാചരിത്രം
ബിബ്ലി.കോ. = ബിബ്ലിയോതേക്കാ കോഡക്സ്
മഹദ്. = മഹദ്വ്യക്തികൾ
സഭാ. = സഭാചരിത്രം
സൊക്രാട്ടസ്, സഭാ. = സഭാചരിത്രം
സൊസോമൻ, സഭാ. = സഭാചരിത്രം

## സഹായകഗ്രന്ഥങ്ങൾ

Cross, F. L., - Livingstone, E. A., *The Oxford Dictionary of the Christian Churches*, London, 1974.

Deiss, L., *Early Sources of the Liturgy*, Collegeville (MN),1975.

Hahn. A.-Hahn L., *Bibliothek der Symbole und Glaubensregeln der alten Kirche*, Hildesheim,1962.

Juergens, W. A. , *The Faith of the Early Fathers*, Collegeville (MN)1970.

Kelly, J.N.D., *The Early Christian Creeds*, London, 1972.

Loofs, F., *Nestoriana*, Halle, 1905.



Payne, R., The Holy Fire, London, 1958.

Quasten, J., *Patrology - III,* Utrecht-Antwerp, 1975.

Seeburg, E. *Die Synode von Antiochien im Jahre 324/325*, Aalen 1973[2].

Simonetti, M., *La Crisis Ariana nel IV secolo*, Roma 1975.

Stevenson, J., *A New Eusebios*, London,1974.

Stevenson, J., *Creeds, Councils and Controversies*, London,1966.

Voobus, A., *The Synodicon in the West Syrian Tradition, I*, (CSCO 368) Louvain,1975.

Williams, R., *Arius, Heresy and Tradition*, London, 1987.

ജി. ചേടിയത്ത്, അന്ത്യോക്യൻസഭ-ഉത്ഭവവും വളർച്ചയും, കോട്ടയം,1986.

ജി. ചേടിയത്ത്, എവുസേബിയസ്, തിരുസഭാചരിത്രം, കോട്ടയം, 1998.

ജി. ചേടിയത്ത്, ജറുസലേമിലെ സിറിൽ, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 2000.

ജി. ചേടിയത്ത്, ജറോം - ജന്നാഡിയുസ്, മഹദ്വ്യക്തികൾ, കോട്ടയം, 1992.

ജി. ചേടിയത്ത്, തിയഡോർ, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 1986.

ജി. ചേടിയത്ത്, പട്രിസ്റ്റിക് ക്വിസ്, കോട്ടയം, 2001.

ജി. ചേടിയത്ത്, പ്രാചീനസന്യാസചരിത്രം, കോട്ടയം, 1992.

ജി. ചേടിയത്ത്, പ്രാർഥനസഭയിൽ, കോട്ടയം, 1988.

ജി. ചേടിയത്ത്, പ്രാർഥന സുറിയാനി സഭയിൽ, കോട്ടയം, 1991.

ജി. ചേടിയത്ത്, വി.ജോൺ ക്രിസോസ്തോം, ക്രിസ്തുശാസ്ത്രം, വി.ബാബിലാസിന്റെ ചരിത്രം, കോട്ടയം, 2006.

ജി. ചേടിയത്ത്, വി.ജോൺ ക്രിസോസ്തോം, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 2004.

ജി. ചേടിയത്ത്, സന്യാസത്തിന്റെ അന്തർധാര, കോട്ടയം, 1992.

ജി. ചേടിയത്ത്, സഭാപിതാക്കന്മാർ III, കോട്ടയം, 2000.

ജി. ചേടിയത്ത്, സിനോഡിക്കോൺ ഓറിയെന്താലെ, കോട്ടയം, 1996.

ജി. ചേടിയത്ത്, സൂനഹദോസുകൾ, കോട്ടയം, 1996.

കല്ലറങ്ങാട്ട് ജോസഫ്, ശ്ലീഹന്മാരുടെ നടപടികൾ: മാർ ക്രിസൊസ്തോമിന്റെ ഭാഷ്യം, കോട്ടയം, 2000.

# Index of Names


Aba Marcos 247.250-252
Abdiso 169.171.173.183.211
Ablabius 140
Acacius of Beroea 64.66
Acacius of Caesarea 78.98 99. 159.256
Achilles 35
Addai Scher 174.175
Adelphius 51
Aetius of Lidda 29.30
Aetius, Arian 61-62
Africanus 89
Albian 249
Alexander of Alexandria 14.27.28. 31.35-39.40.41. 71.
Alexander of Byzantium 37.38
Alexander of Thessalonica 18.38
Alexander, Collucianist 61
Ambrose, St. 47.151.210
Ammon of Scete 239
Ammon, monk 107.224
Ammonas 29
Ammonas of Egypt 237
Amphilochius 83.204
Amun 51
Anastasios of Sinai 204.232
Andragathius 186
Anianus of Celeda 198
Anthonios of Egypt 47.236-241
Anthonios of Tarsus 29.61
Anthusa 186
Antiochus of Ptolemais 65-66
Apollinaris of Laodicaea 63.101-105.175.221.234
Arcadius 157.243.247
Aristotle 59
Arius 13ff.27-36.61.73-77.175.221
Arnobius 224
Arsacius 189
Asclepas 22.46.76
Asterius of Amasea 85
Asterius the Sophist 61.73.76-78
Athanasios of Alexandria 17ff. 40-57.73-80.100-102.105.111.150-153.236.241.260
Athanasios of Anasarba 29.30
Augen 246
Babylas 194.203
Balai 64
Bar Ebraya 241
Bardaisan 221
Barhadbshabba Arbaya 183
Basil of Ancyra 23.24.73.78-80
Basil of Seleucia 82
Basil the Great 60-69.74.82-84. 101-105.111-124.125ff.145. 204.240.241
Basil, deacon 184
Benedict 117
Besa 48
Bethune Baker 210
Caesaria 120
Caesarius 134
Cassian 117
Cecilian 13
Celestine Papa 212.226.232
Celsus 231
Cerdo 221.
Clement 223.244
Constans 21.22.41
Constantia 74
Constantine 13.29.34.41.70.73. 74.77.87.89.90-95
Constantius 23.24.41.42.46.73. 79. 161
Cosmos 85
Cyril of Alexandria 64.81.82.150. 153.168.183.184.212-234.244
Cyril of Jerusalem 99.159-166
Cyril of Scythopolis 67
Damasus Papa 64.115
Devreesse 171.173
Didymus 44.150-155.241
Diocletian 86





Diodochus 252
Diodore 59.67.102.105.109.167-169.170.184.186
Dionysius of Alexandria 49.102
Dioscoros of Alexandria 217
Dioscoros, monk 107.224
Domnus of Strido 13
Dorotheus 61
Dracontius 51
Driver G.R. 210
Eleusios of Cyzicus 24.78-80
Emmelia 112
Ephraim of Antioch 47
Epictetus 50
Epiphanius 27-37.61.64.78.98.99. 106-110.223
Eudoxia 66.188
Eudoxius 134
Eudoxius, Arian 61 .62
Eulogius 250
Eunomius 62-64.73.115.116.139. 155.175.221.255
Eusebius monk 107.224
Eusebius of Alexandria 204
Eusebius of Caesarea 16ff.18.27-30.59-61.77.78.83.86-102.223.256
Eusebius of Cappadocia 113
Eusebius of Cyzicus 102
Eusebius of Emesa 100.167.223
Eusebius of Nicomedia 14.18.29. 38.41.42.61.73-77.
Eusebius of Sebaste 24
Eusebius of Vercelli 23.96
Eusoius Arian 34
Eusoius of Caesarea 99
Eustathios of Antioch 25.44.61.70-72.100
Eustathios of Sebaste 73.78-80
Eutherios of Tyana 80
Euthymius monk 107.224
Euthymius of Palestine 67
Eutropius 199
Eutyches 82.217.223
Evagrius 240-243
Facundus 82
Felix Papa 98
Ficher 84
Flacilla 145
Flacillus 18
Flavian of Antioch 102.170.187. 198.199.204
Gelasius of Caesarea 27.44.97. 99.225
Gelasius of Cyzicus 27
Gennadius 65.66.81. 209.211. 225. 239.241
George of Alexandria Arian 50
George of Cappadocia 41.42
George of Laodicaea 24.79.100
Germinius 23
Gregorios of Antioch 204
Gregorios of Berytus 29.30.
Gregory Naziansen 40.74.83.99. 103.105.111-118.125-137.177. 215.240
Gregory Nyssa 62-64.74.101.105. 111.112.138-149.259
Gregory of Cappadocia 41
Gregory Thaumathurgos 59.102
Gregory, Catholicos 181.182
Grillmeier, A., 211
Hellanicus 30
Heraclides of Ephesus 85
Hesychius of Jerusalem 67.69. 204.241
Hierocles 92.94
Hilary 27.31.60.96
Hippolytus 109.223
Horsiesi 238
Hosius 13.21.22.23
Hypatia 156
Ignatius of Antioch 58
Innocent Papa 189.204
Irenaeus 223
Isaac of Nineveh 241
Isidore 193.242.244.247
Isoiahb 180
Jerome 27.47.60.68.94-101.107. 109.150-152.200.239
John bar Kaldun 241
John Cassian 241

John Chrysostom 59.66.80.82.85. 107.167.170.180.183.186-208. 212.243.247
John Climachus 241
John Damascene 82.204.259
John of Antioch 227
John of Jerusalem 107.109.224
Josephus 88
Jovian 98
Julian St.194
Julian Emperor 42.65.102.103. 159.167.168.231
Julius Papa 19.22.41.45.46.76. 77.102
Justine Emperor 82. 222.223
Justine St. 109
Justinian 60.170.184.185
Juvenal 67
Lausus 247
Leo Allatius 248
Leo Papa 82.216.218.224.225.232
Leontius of Byzantium 60.99.184
Leontius, Collucianist 61
Libanius 83.170.186
Liberius Papa 23.46.98
Licinius 90
Loofs F. 212ff.
Lucian 19.27.28.37.38.59-61.74-76.79.59
Lucius, Arian 239
Macarios Magnes 85
Macarius 30
Macarius of Alexandria 240
Macarius of Egypt 239-241
Macedonius 24.140
Macrina 112.143.144
Malchion of Antioch 60.169
Mar Aprem 180
Marcellus of Ancyra 18-25.44.46. 74-80.97.99.102.169
Marcion 221
Marcos of Arethusa
Marcos of Calabria 13
Maris of Chalcedon 21.29.61
Marius Mercator 178.179.184.227
Maximin Dia 61
Maximus Confessor 241
Maximus, deacon 184
Maximus, Philosopher 51
Meletius monk 259
Meletius of Antioch 64.145.186.187
Meletius of Mopsuestia 183
Melitius 35.37
Melito 38
Menophantes of Ephesus 61
Methodius 82.102
Migne, J.P. 227.232
Modestus, Prefect 114
Montanus 77
Narcissus 18.21.29
Nectarius 187.240
Nemesius 258-259
Nestorius 59.64.80.204.209-217. 226ff.
Nicephoros 171.223
Nicetas of Heraclea 47.66.241
Nicobulus 118.128
Nicosius 13
Nilus 241.247
Nonna 125
Nonnus 158
Numanus 61
Olympias 203
Olympius monk 143
Origen 51.59.67-71.87.95.96.102-107.113.141.151-155.223.224.231
Pachomius 238
Palladius 150.151.186.189.201. 224.236-247
Pamphilus 59.86.87.90
Parthenios 82
Patrophilus 18.29.100
Paul of Constantinople 140
Paul of Samosata 37.38.56.60. 71.77.97
Paulinus of Antioch 115
Paulinus of Tyre 29.30.75.76
Peter of Alexandria 35.44
Peter of Sebaste 112
Peter, deacon 60



Petronius 238
Philip of Side 253
Philogonius 30.61-63
Philosthorgius 27.32.94.98.102. 253.256
Philoxenus 100.241
Photinus 22.25.99.169
Photius 42.64.80.82.83.169. 223. 248. 254-256
Pistus 41
Plato 59.83.104.244.259
Plotinus 47
Polycronius 69
Porphyry 47.88.92.94.102
Proclus 80-81.184.247
Protogenes of Sardica 22
Pulcheria 145
Rabbula 185.227
Romanos 82
Rufinus 27.51.90.117.150.223. 236.239.241.243
Sabariso 181
Sabellius 28.77.169.108.153
Schwartz E. 232
Scipioni. L. 210
Secundus of Ptolemais 13
Senobia 60
Serapion 46.50.57.241.260
Severian of Gabala 66.204
Severus of Antioch 244
Shenuda of Atripe 48. 245
Simeon Stylite 222
Simon Magus 85.221.223
Simonetti, M.45
Sinesius 156
Socrates 16ff.19.34-39.62-65.75. 76.94-100.167.189.200.223. 224. 236.241.256.
Sophronius 211
Sophronius 63
Sozomen 34ff.64.65.75.76.100. 167.188.223.224.
Stephen of Antioch 25
Suidas 169
Sulpicius Severus 27
Sylvanos 167
Tertullian 52
Thecla 83
Theodore Askidas 184
Theodore Martyr 145
Theodore of Heraclea 21
Theodore of Mopsuestia 59.63. 105.167-186.201
Theodore, monk 238.239
Theodoret 29.37.39.44.59.63-71.75.80.97-100.159.167.184. 194.217ff.
Theodosius I 18.62.64.99.110. 115. 145.183.225.247
Theodosius II 211.243. 257
Theodotus of Laodicaea 29.30
Theodulus 247
Theognis 14.18.29.61.75.76.
Theognostos 51
Theonas of Marmarica 13
Theophanes, confessor 67
Theophilos of Alexandria 107.140. 150.156.187.224-226.240.245
Theophronius 19
Theosobea 138
Thespius 99
Timothy Archdeacon 226
Timothy bishop 44
Timothy of Alexandria 82
Titus of Bostra 65
Ursacius 18.23.46
Valens Emperor 42.46.65 99.138. 159.168
Valens of Mursa 18.23
Valentinianus 221.
Van der Aalst 211
Venerius 189
Vigilius of Africa 45
Vigilius Papa 224
Vincent 13
Vitus 13
Wenger 69
Zeno Emperor 82

## OIRSI PUBLICATIONS - RECENT BOOKS

| | | |
|---|---|---|
| 273. | Paul Pallath, | Important Roman Documents, 2003, p. 280, Rs. 100.00 |
| 274. | G. Chediath, | വി.അഗസ്റ്റിൻ, ക്രിസ്മസ്-ദനഹാപ്രസംഗങ്ങൾ 2004, p.160, Rs. 35.00 |
| 275. | G. Chediath, | വി.ജോൺ ഡമഷീൻ, സത്യവിശ്വാസം, 2004, p.200, Rs.50.00 |
| 276. | G. Chediath, | വി.ജോൺ ക്രിസൊസ്തോം, മതാധ്യാപനപ്രസംഗങ്ങൾ, 2004, p. 200, Rs.50.00 |
| 277. | G. Chediath, | ഐറേനിയസ് - അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്, 2004, p. 78, Rs.20.00 |
| 278. | Geo thadikkatt, | Liturgical Identity of the Mar Thoma Nazrani Church , 2004, p.400, Rs. 200.00 |
| 279. | James Puliurumbil, | പണ്ടാരി ശീശ്മ, 2004, p.240, Rs.115.00 |
| 280. | Mar Abraham Mattam, | The Church of St. Thomas Christians' Missionary Enterprises before the $16^{th}$ Century, 2004, p.98, Rs.35.00. |
| 281. | Charles Payngott, | നിധീരിയച്ചൻ ചരിത്രരേഖകളിൽ, 2004, p.160, Rs.80.00 |
| 282. | T. Mannooramparambil, | സീറോ-മലബാർ സഭയുടെ കുർബാന ഒരു പഠനം വാല്യം 1. $2004^{2}$, p.514, Rs. 200.00 |
| 283. | T. Mannooramparambil, | Theological Dimensions of Christian Orient, 2005, p.256, Rs. 175.00 |
| 284. | Scaria Kanniyakonil, | Living Organ Donation and Transplantation: A Medical, Legal, and Moral Theological Appraisal, 2005, p. 408, Rs. 250.00 |
| 285. | Paul Pallath | The Provincial Councils of Goa and the Church of St.Thomas Christians, 2006, p. 206, Rs. 100.00 |
| 286. | Sr. Tez Maria, | The Holy Qurbana; The Divine Human Encounter, 2006, p. 418, Rs. 395.00 |
| 288. | G. Chediath | പട്രോളജി - വാല്യം 1, 2006, p.308, Rs.150.00 |
| 289. | G. Chediath | പട്രോളജി - വാല്യം 2, 2006, p.286, Rs.125.00 |
| 290. | G. Chediath | ജോൺ ക്രിസൊസ്തോം: ക്രിസ്തുശാസ്ത്രം, ബാബിലാസിന്റെ ചരിത്രം, 2006 p.124, Rs. 40.00 |

Manager, OIRSI Publication, P.B. No.10,
Vadavathoor, Kottayam - 686 010